സാഹിതീസൎവ്വസ്വം.



വടക്കുംകൂർ രാജരാജവൎമ്മരാജാ.

സാഹിതീസർവ്വസ്വം.

(സാഹിത്യശാസ്ത്രഗ്രന്ഥം)

ഗ്രന്ഥകർത്താ:

വടക്കുംകൂർ രാജരാജവർമ്മരാജാ.

(വൈക്കം)



1098

(പകർപ്പവകാശം ഗ്രന്ഥകാരന്നു)

PRINTERS:

THE MANGALODAYAM PRESS, TRICHUR.

വില 2 ക. 8 ണ.] [Price Rs. 2 As. 8.

മുഖവുര.

ഭാഷാസാഹിത്യത്തിന്റെ നിരങ്കുശവും അപരിഷ്കൃതവും ആയ ഗതിയെ തടഞ്ഞു, അതിനെ പരിശുദ്ധവും ശ്രേഷ്ഠവും ആയ മാൎഗ്ഗത്തിൽകൂടി നയിക്കുന്നതിനു, അത്യാവശ്യങ്ങളായ ശാസ്ത്രഗ്രന്ഥങ്ങൾ, നമ്മുടെ ഭാഷയെ സംബന്ധിച്ചിടത്തോളവും വളരെ കുറവായിട്ടാണ് കാണുന്നത്. ഈ ന്യൂനതയെ യഥാശക്തി പരിഹരിച്ചാൽകൊള്ളാമെന്നു എനിക്കുണ്ടായിരുന്ന ആഗ്രഹത്തിന്റെ ഫലമാകുന്നു ഈ 'സാഹിതീസൎവ്വസ്വം.' ഇതിൽ സാഹിത്യശാസ്ത്രസംബന്ധങ്ങളായ തത്വങ്ങളെ കഴിയുന്നതും മുഴുവൻ അടക്കുന്നതിനു ഞാൻ ശ്രമിച്ചിട്ടുണ്ട്. എന്റെ ശ്രമം എത്രമാത്രം ഫലിച്ചിട്ടുണ്ടെന്നു നിൎമ്മത്സരന്മാരായ പണ്ഡിതന്മാരാണല്ലൊ തീൎച്ചയാക്കേണ്ടത്. സംസ്കൃതത്തിലും ഭാഷയിലും ഉണ്ടായിട്ടുള്ള സാഹിത്യശാസ്ത്രഗ്രന്ഥങ്ങളിൽ മുഖ്യമായവയും 'സാഹിതീസൎവ്വസ്വ'ത്തെ നിൎമ്മിക്കുന്നതിന് എനിക്കു ആധാരമായി ഭവിച്ചിട്ടുണ്ട്. അവയിൽ (സംസ്കൃതം) സാഹിത്യദൎപ്പണം കാവ്യപ്രകാശം രസഗംഗാധരം രസാൎണ്ണവസുധാകരം ധ്വന്യാലോകം രസരത്നാകരം കുവലയാനന്ദം ചിത്രമീമാംസ ഔചിത്യവിചാരചൎച്ച കവികണ്ഠാഭരണം അലങ്കാരസൂത്രം (ഭാഷാ) കേരളകൌമുദി ലീലാതിലകം ഭാഷാഭൂഷണം എന്നിവയുടെ പേരുകൾ പ്രത്യേകം വക്തവ്യങ്ങളാകുന്നു. ഓരോ വിഷയത്തിൽ ഓരോ ഗ്രന്ഥത്തെയും അനുകരിച്ചിട്ടുണ്ടെന്നല്ലാതെ, ഒന്നിനെയും പൂൎണ്ണമായി അനുകരിച്ചിട്ടുണ്ടെന്നു, പറയാവുന്നതല്ല. പല മാസികകളിലും സാഹിത്യപണ്ഡിതന്മാർ എഴുതി പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ലേഖനങ്ങളിൽനിന്നും യുക്തങ്ങളായ തത്വങ്ങളെ സ്വീകരിച്ചിരിക്കുന്നു. ഈ ഗ്രന്ഥത്തിൽ

ഭാഷയുടെ സ്ഥിതിക്ക് ആവശ്യമെന്നു തോന്നുന്ന പല വിഷയങ്ങളെയും പുതിയതായിത്തന്നെ വിവരിച്ചിട്ടുണ്ട്. സംസ്കൃതഗ്രന്ഥങ്ങളിൽ അധികമായി വിവരിച്ചിരിക്കുന്ന ചില ഭാഗങ്ങളെ യഥാതഥംപോലെ ചുരുക്കുകയും ചെയ്തിരിക്കുന്നു. ഉദാഹരണങ്ങളിൽ അധികം ഭാഗവും പഴയ കൃതികളിൽനിന്നുമാണ് എടുത്തു ചേർത്തിട്ടുള്ളത്. നവീനകൃതികളിൽനിന്ന് എടുത്തിട്ടുള്ളവയുമുണ്ട്. സ്വന്തമായിട്ടുള്ളവ അധികവും, തല്ക്കാലം സംസ്കൃതത്തിൽനിന്നും തർജ്ജമ ചെയ്തു ചേർത്തവയാകുന്നു. ചുരുക്കം ചിലത് അപ്രകാരമല്ലാത്തവയുമുണ്ട്. ധാരാളമായി സംസ്കൃതപദ്യങ്ങളും ഉദാഹരണത്തിന് എടുത്തിരിക്കുന്നു.

ഇപ്രകാരം ഒരു ഗ്രന്ഥം എഴുതുന്നതിനു എന്നെ പ്രോത്സാഹിപ്പിച്ചതു, സാഹിത്യലോകത്തിൽ പ്രതിഷ്ഠിതാഭിധാനായ (സാഹിത്യകുശലൻ) ടി. കെ. കൃഷ്ണമേനോൻ ബി. എ. അവർകളാകുന്നു. ഈ സഹൃത്തമൻ എന്നെ നിരന്തരമായി പ്രേരിപ്പിച്ചുകൊണ്ടിരുന്നില്ലെങ്കിൽ, 'സാഹിതീസർവ്വസ്വം' ഇത്രവേഗം പ്രസിദ്ധപ്പെടുത്തുകയില്ലായിരുന്നു എന്നും, പറയാവുന്നതാണ്. എനിക്കു ശ്രീമാൻ ടി. കെ. കൃഷ്ണമേനവനവർകളോടുള്ള കൃതജ്ഞതയെ വാക്കുകളെക്കൊണ്ടു പ്രകാശിപ്പിക്കാൻ കഴിയാത്തവിധം അത്രമാത്രം അപരിമിതം ആണെന്നേ പറയുവാനുള്ളു. കയ്യെഴുത്തുപ്രതി വായിച്ചു പല ഭേദഗതികളും ചെയ്തുതന്നു എന്നെ സഹായിച്ചതു പണ്ഡിതനും സുഗൃഹീതനാമാവും ആയ ശ്രീമാൻ രാമപ്പിഷാരടി അവർകളാകുന്നു. ഈ പുസ്തകം ഇത്രമാത്രം ഭംഗിയായി അച്ചടിക്കുന്ന വിഷയത്തിൽ, എന്റെ മാന്യസ്നേഹിതനും 'മംഗളോദയ' നേതാവും സാഹിതീപ്രണയിയും ആയ ബ്രഹ്മശ്രീ വേന്ത്രക്കാട്ടു ശങ്കരനാരായണൻ നമ്പൂതിരി അവർകളും, പ്രത്യേകം ശ്രദ്ധ പതിപ്പിച്ചിട്ടുണ്ട്. ഈ സ്നേഹിതന്മാരോടു എനിക്കുള്ള നന്ദിയെ ഞാൻ വ്യക്തമായി പ്രസ്താവിച്ചുകൊള്ളുന്നു. ധാരാള

മായി വന്നുപോയിട്ടുള്ള അച്ചുപിഴകളെ വായനക്കാർ തിരു
ത്തി വായിക്കുമെന്നു വിശ്വസിക്കുന്നു.

"ഗുണൈകതാന മതിമത്സദൃശാൻ പ്രതി മേ പ്രയത്നോ
നാസ്ത്യേവ തജ്ജഗതി സർവ്വമനോഹരം യൽ
കേചിൽ ജ്വലന്തി വികസന്ത്യപരേ നിമീല-
ന്ത്യന്യേ യദഭ്യുദയഭാജി ജഗൽപ്രദീപേ."

എന്നു ഗ്രന്ഥകർത്താ,

व. राजराजवर्म्मराजा ॥

വടക്കുംകൂർ രാജരാജവർമ്മരാജാ.

[illegible] മിഥുനം [illegible].
'മംഗളോദയം'
തൃശ്ശിവപേരൂർ.



വിഷയവിവരം.

—:O:—

സാഹിത്യസൎവ്വസ്വം.

പ്രകരണം ൧.

ഭാഷാസ്വരൂപനിരൂപണം.

ചേതസ്സിൽ സതതം ബുധൎക്കനുപമാ-
ഹ്ലാദം ജനിപ്പിപ്പതാ,-
യാതങ്കാദിവികാരപൂരമചിരം
ദൂരീകരിക്കുന്നതായ്,
സ്വാതന്ത്ര്യം പെരുകിസ്സനാതനമഹ-
സ്സത്താൻ, സാഹിത്യമാം
പൂതഗ്രാമമഖണ്ഡമാനസ്വികരാ-
സാമോദമേകീടണം.

൧. കന്യാകുമാരിമുതല-
ഗ്ഗോകൎണ്ണക്ഷമയാംവരെ
നീണ്ടിടയ്ക്കു കിടക്കുന്ന
ദേശം കേരളാഹ്വയം.

൨. മലയാളം മലനാടു
ഭാൎഗ്ഗവക്ഷേത്രവും തഥാ
കേരളം മുതലായുണ്ടീ
നാട്ടിന്നു പലപേരുകൾ.

കന്യാകുമാരി മുതൽ ഗോകൎണ്ണം വരെ നീണ്ട് (ഇവയുടെ) ഇടയ്ക്കു കിടക്കുന്ന ദേശത്തിനു കേരളം എന്നു പേരാകുന്നു. മലയാളം, മലനാടു, ഭാൎഗ്ഗവക്ഷേത്രം, കേരളം മുതലായി ഈ രാജ്യത്തിനു പല പേരുകളും ഉണ്ട്.

൧. മനോഗതത്തെ മറ്റുള്ളോ-
രറിയുന്നതിനായ് ജനം
ഭാഷണത്തിനു കൈക്കൊള്ളും
വാക്കുതാൻ ഭാഷയായത്

൨. മലയാളികൾതൻ ഭാഷ
മലയാളം പ്രകീർത്തിതം
ഗീർവ്വാണഭാഷയാം ദേവി-
തന്നിൽനിന്നുത്ഭവിച്ചതായ്

൩. ദ്രാവിഡത്തോടുവൻചേർച്ച
പൂണ്ടതത്തിലും കൈരളി.

ലോകത്തിൽ ജനങ്ങൾ, തങ്ങളുടെ അന്തർഗ്ഗതങ്ങളെ മറ്റുള്ളവരെ അറിയിക്കുന്നതിനായി വ്യവഹരിക്കുന്ന വാക്കാകുന്നു ഭാഷ. ഈ പദത്തിനു ഭാഷിക്കുന്നത് (പറയുന്നത്) എന്നർത്ഥം; മലയാളികൾ ഉപയോഗിക്കുന്ന ഭാഷയ്ക്കു മലയാളമെന്നു പേരാകുന്നു. ഈ ഭാഷ സംസ്കൃതത്തിൽനിന്നും ജനിച്ചതും ദ്രാവിഡത്തിന്റെ വലുതായ ചേർച്ചയോടു കൂടിയതുമാണ്. സംസ്കൃതഭാഷയുടെ ദിവ്യതയെ കുറിക്കുന്നതിനാണ് ദേവി എന്ന പദം പ്രയോഗിച്ചത്. സംസ്കൃതത്തെ ദേവഭാഷയെന്നു പറഞ്ഞുവരുന്നതിനാൽ ആ ഭാഷയ്ക്കു ദേവീഭാവം സിദ്ധം ആകുന്നു.

സംസ്കൃതഹിമഗിരിഗളിതാ
ദ്രാവിഡവാണീകളിന്ദജാമിളിതാ
കേരളഭാഷാഗംഗാ
വിഹരതു മേ ഹൃത്സരസപാദസംഗാ.

കേരളകൗമുദി.

എന്നു കോവുണ്ണിനെടുങ്ങാടി പറഞ്ഞിരിക്കുന്നു.

മലയാളഭാഷ സംസ്കൃതത്തിൽനിന്നല്ല തമിഴിൽനിന്നുമാണ് ഉത്ഭവിച്ചിട്ടുള്ളതെന്ന് ഒരു അഭിപ്രായം പ്രബലമായിട്ടുണ്ട്. നവീനന്മാരായ പണ്ഡിതന്മാർ എല്ലാവരും ഈ

മതത്തെ ആശ്രയിക്കുന്നവരാണെന്നു പറയാം. പരേതനായ ഏ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ എം. ഏ. കേരളപാണിനീയത്തിന്റെ പ്രഥമഭാഗത്തിൽ ഭാഷോല്പത്തിയെ കുറിച്ചു സുദീർഘമായി വിചാരം ചെയ്തു്, ഭാഷ തമിഴിൽനിന്നുണ്ടായി എന്നു സ്ഥാപിച്ചിരിക്കുന്നു. ഇപ്രകാരം ഭാഷോല്പത്തിയെക്കുറിച്ചു പ്രബലമായ ഒരു എതിരഭിപ്രായമുള്ള സ്ഥിതിക്കു് ഈ വിഷയത്തെ സംബന്ധിച്ചു വിശാലമായി വിചിന്തിക്കേണ്ടിയിരിക്കുന്നു.

ഹിമവത്സേതുപര്യന്തം ഉള്ള ഭാരതഖണ്ഡത്തിൽ മുഴുവൻ ഒരു കാലത്തു സംസ്കൃതം വ്യവഹാരഭാഷയായിരുന്നു. കൊട്ടാരം തൊട്ടു കുടിലുവരെയുള്ള ഭവനങ്ങളിൽ വസിക്കുന്നവർ എല്ലാം സംസ്കൃതമാണു് അക്കാലത്തു വ്യവഹരിച്ചുവന്നതു്. ഇതു ചരിത്രകാരന്മാരുടെ ദൃഷ്ടി എത്താത്തവിധമുള്ള ഏറ്റവും പുരാതനമായ ഒരു കാലമാകുന്നു. അക്കാലത്തിൽ സംസ്കൃതം അല്ലാതെ ഭാരതഖണ്ഡത്തിൽ വേറെ യാതൊരു ഭാഷയുമുണ്ടായിരുന്നില്ല. വിവിധങ്ങളായ അനവധിരാജ്യങ്ങളും ഉപരാജ്യങ്ങളും ഉള്ളതും, അപ്രകാരം ബഹുവിധങ്ങളായ ജാതിമതധർമ്മാചാരാദികളോടുകൂടിയ ജനസമുദായങ്ങളാൽ നിവസിക്കപ്പെടുന്നതും, അതിവിസ്തൃതവും, മിക്കവാറും ഒരു മഹാഭൂഖണ്ഡംപോലെ സ്ഥിതിചെയ്യുന്നതും, ആയ ഭാരതത്തെപ്പോലെയുള്ള മഹാരാജ്യത്തിൽ, ഒരു ജാതി — ഒരു മതം — ഒരു ഭാഷ — എന്നുള്ള സ്ഥിതി ഉണ്ടാകുവുന്നതാണോ എന്നു് ഒരു ശങ്ക ജനിക്കാനിടയുണ്ടു്. എന്നാൽ ആലോചനയിൽ ഈ ശങ്കയ്ക്കു സ്ഥാനമില്ല. ഏതിനും അവാന്തരവിഭാഗങ്ങൾ എല്ലാം ആദികാലങ്ങളിൽ ഉണ്ടായിരിക്കയില്ല; അവ കാരണവശാൽ ഇടക്കാലത്തുണ്ടാകുന്നവയാണു്. ഇവിടെയുള്ള ജനങ്ങളെല്ലാം ആദിയിൽ ഒരേ ജാതി (വർണ്ണ)ക്കാർ ആയിരുന്നു എന്നു മഹാഭാരതത്തിൽ പറയുന്നു. ഇതിൽനിന്നും പിന്നീടാണു മറ്റു വർണ്ണങ്ങളും അവാന്തരവി

ഭേദങ്ങളും ഉണ്ടായതെന്നു കാണാം. ഈ തത്വത്തെ രാജ്യത്തോടും ഭാഷയോടും സംബന്ധിപ്പിക്കാവുന്നതാണ്. ഭാരതഖണ്ഡത്തിൽ, അംഗം, വംഗം, കലിംഗം, നേപാലം, പാണ്ഡി, ചോളം മുതലായ രാജ്യങ്ങൾ പ്രത്യേകം അതിരുകളോടും പേരുകളോടും കൂടി, നാമിന്നു കാണുന്ന വിധം വിഭജിക്കപ്പെട്ടത് ഇടക്കാലത്താകുന്നു. ഇപ്രകാരം ദേശങ്ങൾ പ്രത്യേകം രാജ്യങ്ങളായി വിഭജിക്കപ്പെടുന്നതിനു മുമ്പു, ഭാരതം മുഴുവൻ ഒരേ ഒരു രാജ്യമായിക്കിടന്നിരുന്നു. അക്കാലത്തിൽ ഇവിടെയുള്ള ജനസമുദായം മുഴുവൻ ഒരു ജാതിയേയും മതത്തെയും ഭാഷയേയും ആണു സ്വീകരിച്ചിരുന്നത്. ഭാഷ ജാതി എന്നിവയ്ക്കുണ്ടാകുന്ന വ്യത്യാസത്തിനു കാരണം ദേശഭിന്നതയാകുന്നു. ദേശം മുഴുവൻ ഒന്നുതന്നെയായിരിക്കുമ്പോൾ ഭാഷയും ജാതിയും പൊതുവേ ഒന്നുതന്നെയാകാതെ തരമില്ല. ഇപ്രകാരം വിചാരിക്കുമ്പോൾ ഭാരതഖണ്ഡത്തിൽ മുഴുവൻ ഒരേ ഭാഷ വ്യവഹാരത്തിന് ഉപയോഗിക്കപ്പെട്ടുവന്നിരുന്നു എന്ന അഭിപ്രായം വാസ്തവമാണെന്നു കാണാൻ കഴിയും.

ഏകവർണ്ണാഃ സമാഭാഷാ ഏകരൂപാശ്ച സർവ്വശഃ
തേഷാം നാസ്തി വിശേഷോ ഹി ദർശനേ ലക്ഷണേഷു ച.

എന്ന് ഉത്തരരാമായണത്തിൽ പറയുന്ന ഭാഗം ഈ അഭിപ്രായത്തിന്റെ സാധുതയെ തെളിയിക്കുന്നു. ഭാരതഖണ്ഡത്തിൽ മാത്രമല്ല, പുരാതനകാലത്തിൽ സംസ്കൃതത്തിനു ദേശാന്തരങ്ങളിൽക്കൂടിയും അതിപ്രചാരം ലഭിച്ചിരുന്നു. അമേരിക്ക, ഇംഗ്ലണ്ട്, ജർമ്മനി, ഗ്രീസ്, ചൈന മുതലായ അന്യരാജ്യങ്ങളിലും സംസ്കൃതഭാഷയ്ക്കു വളരെ പ്രചാരം ഉണ്ടായിരുന്നതായി പല തെളിവുകൾകൊണ്ടും ഗ്രഹിക്കാം. ഭാരതരാജാക്കന്മാർ സമുദ്രങ്ങളേയും കടന്നു വിദേശരാജ്യങ്ങളിൽ ചെന്നു ദിഗ്വിജയം ചെയ്ത് അവിടങ്ങളിൽ സ്വാധിപത്യം നിർബ്ബാധമായി സ്ഥാപിച്ചിരുന്നു എന്നു മഹാഭാരതാദി ഗ്രന്ഥങ്ങൾ തെളിയിക്കുന്നു. കച്ചവടത്തിനായും മറ്റും ഭാ

രതീയർ വിദേശങ്ങളിൽ ചെന്നു താമസിക്കാറുണ്ടായിരുന്നു എന്നതിനു തെളിവുകൾ ഉണ്ടു്. ഒരു ദേശക്കാർക്കു് അന്യരാജ്യക്കാരുമായി സമ്മേളനം ഉണ്ടാകുമ്പോൾ അവരുടെ ഭാഷയിലുള്ള പദങ്ങൾക്കും ആ രാജ്യത്തിൽ പ്രചാരം ലഭിക്കുന്നു. ഇന്നു പല ഭാരതീയഭാഷകളിലും ഇംഗ്ലീഷുഭാഷാപദങ്ങൾക്കു സ്ഥാനം ലഭിച്ചിരിക്കുന്നു എന്ന സംഗതിതന്നെ ഉദാഹരിക്കപ്പെടാം. ഭാരതീയർ സ്വാതന്ത്ര്യത്തോടുകൂടി മററു രാജ്യങ്ങളിൽ നിവസിച്ചിരുന്ന കാലത്തിൽ അവരുടെ മാതൃഭാഷയായ സംസ്കൃതത്തിനും ലോകത്തിൻെറ നാനാഭാഗങ്ങളിലും പ്രചാരം കിട്ടിയിരുന്നു. സംസ്കൃതഭാഷയിലെ അനവധി പദങ്ങൾ ഇംഗ്ലീഷു മുതലായ മററു ഭാഷകളിൽ വികൃതങ്ങളായി കാണുന്നു. സംസ്കൃതത്തിനു മുമ്പു പറഞ്ഞ വിധമുള്ള പ്രചാരമില്ലായിരുന്നു എങ്കിൽ തല്പദങ്ങൾക്കു്, ഇപ്രകാരം മററു ഭാഷകളിൽ സ്ഥാനം കിട്ടുവാനിടയില്ല. രണ്ടു ഭാഷകളിലും ഉള്ള പല പദങ്ങളിലേയും പ്രകൃതൈക്യത്തെ കാണിക്കുവാൻ ചില ഉദാഹരണങ്ങൾ ചേർക്കുന്നു. ഇവയിൽ ചിലതു ഘുണാക്ഷരന്യായസിദ്ധമായിരിക്കാമെങ്കിലും മുഴുവനങ്ങിനെ കാണുന്നതല്ല.

സംസ്കൃതം.	ഇംഗ്ലീഷ്.	സംസ്കൃതം.	ഇംഗ്ലീഷ്.
നാമ	നെയിം	ദ്വാ	ഡോ
ജ്ഞാ	നോ	മാതാ	മദർ
ദമ	ടെയിം	അഷ്ട	എയിററ്
സ്ഥിര	സ്റ്റിൽ	നവ	നയൻ
നാസ	നോസ്	മാനവ	മാൻ
ഹോര	(ഹോർ) അവർ	ഭ്രാതാ	ബ്രദർ
ദ്വി	ടു (ട്വി)	ദന്ത	(ടൂത്ത്) ടീത്ത
ത്രി	ത്രീ	ഹൃത്	(ഹൎട്ട്) ഹാൎട്ട്
യുഷ്മാകം	യുവേഴ്സ്	അസ്മാകം	ഔവേഴ്സ്
		തേഷാം	ദെയേഴ്സ്

ഇവ ഏതാനും ചില പദങ്ങൾ മാത്രമാകുന്നു. മററു ഭാഷകളിൽനിന്നും ഇതുപോലെ പദങ്ങൾ ഉദാഹരിക്കപ്പെടാം.

ഏതുവിധമെങ്കിലും ഭാരതീയന്മാർ അവരുടെ ഭാഷയുമായുള്ള സമ്മേളനം വളരെ പൂർവ്വകാലത്തിൽതന്നെ പാശ്ചാത്യന്മാൎക്കു ലഭിച്ചിട്ടുണ്ടെന്നു നവീനചരിത്രങ്ങൾ പറയുന്നുണ്ടു്. പാശ്ചാത്യരാജ്യങ്ങളിൽ പല ഭാഗങ്ങളിൽനിന്നും പുരാതനങ്ങളായ സംസ്കൃതഗ്രന്ഥങ്ങൾ കിട്ടി വരുന്നു. ഈ അടുത്ത കാലത്തു ടിബെററിൽനിന്നുതന്നെ വളരെ ഗ്രന്ഥങ്ങൾ ലഭിച്ചിട്ടുണ്ടു്. അവ ഇതുവരെ അച്ചടിച്ചു പ്രസിദ്ധപ്പെടുത്താത്തവയാകുന്നു. ഈ സംഗതികളൊക്കെ സംസ്കൃതത്തിനു വിദേശങ്ങളിൽ നിൎബ്ബാധമായി പ്രചാരം ലഭിച്ചിരുന്നു എന്നു തെളിയിക്കുന്നു; ഈ സ്ഥിതിക്കു ഭാരതഖണ്ഡത്തിൽ മുഴുവൻ സംസ്കൃതം ഏകഭാഷയായി പ്രശോഭിച്ചിരുന്നു എന്നു കൈമുതികന്യായേന സിദ്ധമാകുന്നുണ്ടല്ലൊ.

ഒരേരൂപത്തിൽ വ്യവഹരിക്കപ്പെടുന്ന ഏതിലും ജനങ്ങളുടെ ഉച്ചനീചത്വങ്ങൾ അനുസരിച്ചു ഭാഷയ്ക്കു ഭിന്നരൂപങ്ങൾ ഉണ്ടാകുന്നു. ക്രമേണ പ്രദേശങ്ങൾ പ്രത്യേകനാമങ്ങളോടും അതിരുകളോടും കൂടി വിഭജിക്കപ്പെടുകയും, അവയിൽ ഉള്ള നിവാസസ്ഥാനങ്ങളാൽ ജനങ്ങൾ ഭിന്നമായ ജാതി മതം ധൎമ്മം ആചാരം മുതലായവയെ പ്രാപിക്കുകയും ചെയ്യുന്നതോടുകൂടി, ഈ വിധമുണ്ടാകുന്ന വ്യത്യാസം, കാലഗതികൊണ്ടു അധികമധികമായി വളൎന്നു ഭാഷയേയും ബാധിക്കുന്നു. ഇതുതന്നെയാണു സംസ്കൃതത്തിന്റേയും സ്ഥിതി. ആദ്യമുണ്ടായിരുന്ന ഒരേ സംസ്കൃതത്തിനുതന്നെ വ്യവഹരിക്കുന്നവരുടെ ഉച്ചനീചത്വങ്ങൾ അനുസരിച്ചു പല ഭേദങ്ങളുമുണ്ടായി. ഈ വ്യത്യാസം നിമിത്തമാണു് പ്രാകൃതഭാഷയുണ്ടായതു്. ശിശുക്കളും സ്ത്രീകളും മററും പ്രാകൃതം വ്യവഹരിക്കുന്നു. മഹാരാഷ്ട്രി ശൗരസേനി മാഗധി ആന്ധ്രി ആവന്തി പൈശാചി മുതലായ ഭാഷകൾ ദേശഭേദം നിമിത്തം ഉണ്ടായ വ്യത്യാസത്തെ കാണിക്കുന്നു. ഉൽകൃഷ്ടന്മാർ ഉപയോഗിക്കുന്ന ഭാഷയെ അതുപോലെ വ്യവഹരിക്കുന്നതിനു പ്രാകൃതന്മാർ ശ്രമിക്കുന്നു. അശക്തി അജ്ഞത അസൌകൎയ്യം മുത

ലായ്മയാൽ ആ ശബ്ദം ഫലിക്കാതെ വരുന്നു. (ഇവിടെ അശക്തി എന്നു പറഞ്ഞതു് അംഗങ്ങളുടെ അപൂൎണ്ണതയെ ഉദ്ദേശിച്ചാണ്. ശിശുക്കൾക്കും വൃദ്ധന്മാൎക്കും ദന്തത്തിന്റെയും മറ്റും അഭാവത്താൽ വൎണ്ണങ്ങളെ ശരിയായി ഉച്ചരിക്കുവാൻ കഴിയുന്നില്ല.) അപ്പോൾ ആ പദങ്ങൾക്കു പൂൎവ്വരൂപത്തിൽനിന്നു വ്യത്യാസം വന്നു വൈകൃത്യം ഭവിക്കുന്നു. ഈ പ്രകാരം വികൃതമായുണ്ടാകുന്ന ഭാഷയാണു പ്രാകൃതം. ഏതുഭാഷയിലും ഉച്ചനീചഭേദങ്ങൾ ഉള്ളതുകൊണ്ടു പ്രാകൃതം ഉണ്ട്. സംസ്കൃതത്തിലും പ്രാകൃതത്തിന്റെ ഉല്പത്തി ഈ വിധം തന്നെ.

സംസ്കൃതം	പ്രാകൃതം	സംസ്കൃതം	പ്രാകൃതം
ധാൎമ്മിക	ധമ്മിഅ	സഖി	സഹി
വിശ്വസ്യ	വീസസിഅ	കഥ	കഹ
ശുനകഃ	സുണഓ	മുഖ	മുഹ
താത	താദ	ഭവിഷ്യം	ഭവിസ്സം

ഇവിടെ കാണിച്ച ഉദാഹരണങ്ങളിൽനിന്നും സംസ്കൃതത്തിന്റെ വികൃതമായ രൂപമാണു പ്രാകൃതം എന്നും പ്രകൃതിയുടെ ബീജം സംസ്കൃതപ്രാകൃതങ്ങളിൽ ഒരുപോലെ സ്ഥിതി ചെയ്യുന്നു എന്നും കാണാം. സംസ്കൃതത്തിൽനിന്നും ഈ പ്രകാരം പ്രാകൃതം ഭവിക്കുന്നതു് ഒരേ വ്യവഹാരദശയിൽത്തന്നെയാണ്. ഈ സ്ഥിതിക്കു കാലത്തിന്റെയും ദേശത്തിന്റെയും ജനസമുദായത്തിന്റെയും ഗുരുതരമായ വ്യത്യാസം നിമിത്തം ഒരു ഭാഷയുടെ രൂപത്തിനു തന്നെ ഉണ്ടാകുന്ന വ്യത്യാസങ്ങൾ എത്രമാത്രം മഹത്തരങ്ങളായിരിക്കുമെന്നു ഊഹിക്കുവാൻകൂടി പ്രയാസമായിരിക്കുന്നു. ഈപ്രകാരം സംസ്കൃതം പല ദേശങ്ങളിൽ പല ജനസമുദായങ്ങളുടെ ഇടയിൽ പലവിധം പ്രാകൃതരൂപങ്ങളെ പ്രാപിച്ചു. കാലത്തിന്റെ അത്യന്തം സുദീൎഘമായ ഗതി നിമിത്തം ഈ പ്രാകൃതരൂപങ്ങൾക്കുതന്നെ പിന്നെയും ദേശഭേദേനയും മറ്റും പല വ്യത്യാസങ്ങളുണ്ടായി. സംസ്കൃതത്തിൽനിന്നും ഭാരതീയരുടെ

എല്ലാ ദേശീയഭാഷകളും ഉണ്ടായതു ഈവിധം ആണ്. ദേശത്തിന്റേയും, വ്യവഹരിക്കുന്ന ജനസമുദായത്തിന്റേയും, വ്യത്യാസത്തെ ആസ്പദമാക്കി കാലഗതിയാൽ ഉണ്ടാകാവുന്ന രൂപവ്യത്യാസത്തെ പ്രാപിച്ചിട്ടുള്ള സംസ്കൃതം തന്നെയാണു ഭാരതീയരുടെ ദേശീയങ്ങളായ, ഹിന്ദി ബങ്കാളി മറാത്തി ഗുജരാത്തി തുളു കൎണ്ണാടകം ദ്രാവിഡം മുതലായ ഭാഷകൾ. ഹിന്ദി ബങ്കാളി മറാത്തി മുതലായ ഭാഷകളിലെ പദങ്ങളുടെ പ്രകൃതിയെ പരിശോധിച്ചാൽ ഈ വാസ്തവം മനസ്സിലാകും. കാലഗതിയാൽ ജനസമുദായത്തിനും തദ്വാരേണ ഭാഷയ്ക്കും സംഭവിച്ചുകൊണ്ടിരിക്കുന്ന വ്യത്യാസം നിമിത്തം ഇതരങ്ങളായ ദേശീയഭാഷകൾക്കും, മൂലമായ സംസ്കൃതത്തിനും, തമ്മിലുള്ള ബന്ധം സ്പഷ്ടമല്ലാതിരിക്കുന്നു; എങ്കിലും സൂക്ഷ്മമായി പൎയ്യാലോചനം ചെയ്താൽ മൂലപ്രകൃതിയുടെ ഐക്യം എല്ലാ ഭാഷകളിലും കാണാൻ കഴിയും. ഒരേ ഹിന്ദുമതത്തിൽനിന്നും കാലാന്തരത്തിൽ അവാന്തരമതശതങ്ങളോടുകൂടിയ പല ശാഖകളും ജനിച്ചു. ഒരേ വൎണ്ണത്തിൽനിന്നു നാലു വൎണ്ണങ്ങൾ ഉണ്ടായി. അവയിൽനിന്നു പിന്നീടു അനുലോമപ്രതിലോമാത്മകമായ സാങ്കൎയ്യം നിമിത്തം പല ജാതികളും ഉപജാതികളും സംഭവിച്ചു. ഇന്നു വൈഷ്ണവം ശൈവം മുതലായ മതങ്ങളുടെ സ്വഭാവം വിചാരിച്ചാൽ അവയുടെ എല്ലാം മൂലം ഒരേ ഹിന്ദുമതമാണെന്നു തോന്നുവാൻ പ്രയാസമുണ്ട്. ഇതുപോലെ പുലയൻ പറയൻ ഉള്ളാടൻ മുതലായ വൎഗ്ഗക്കാരുടെ സ്ഥിതി വിചാരിച്ചാൽ ഇവരുടേയും ബ്രാഹ്മണരുടേയും പൂൎവ്വന്മാർ ഒന്നുതന്നെയായിരുന്നു എന്നു എളുപ്പം മനസ്സിലാകുന്നതല്ല; എങ്കിലും മൂലം ഒന്നുതന്നെയാണെന്നുള്ളതു വാസ്തവമാകുന്നു. ഭാരതീയരുടെ ദേശീയഭാഷകൾക്കെല്ലാം സംസ്കൃതത്തോടുള്ള മൂലബന്ധത്തിന്റെ രൂപം സ്പഷ്ടമാകാതിരിക്കുന്നതു ഇതുപോലെ ആണ്; എങ്കിലും അവ ഭിന്നമൂലങ്ങളെന്നു പറയാവുന്നതല്ല. ഈ നിലയിൽ വിചാരിക്കുമ്പോൾ മറ്റു ഭാഷകൾ

എല്ലാം എന്നപോലെ ദ്രാവിഡവും മലയാളവും സംസ്കൃതത്തിന്റെ പ്രാകൃതരൂപങ്ങൾതന്നെ എന്നു തെളിവും; മദ്ധ്യത്തായ പ്രാകൃതദശയെ പ്രാപിച്ച സംസ്കൃതമാകുന്നു തമിഴ്. മലയാളം അത്രമാത്രം പ്രാകൃതമായിട്ടില്ല. വർണ്ണങ്ങളുടെ കുറവു നിമിത്തമാണു തമിഴ് അധികം പ്രാകൃതമായത്. സംസ്കൃതത്തിലെ വർണ്ണമാലകൊണ്ടാണു മലയാളഭാഷയിലെ വർണ്ണമാലയേയും സൃഷ്ടിച്ചിരിക്കുന്നത്. അതിനാൽ മലയാളത്തിനു തമിഴിനുള്ള പ്രാകൃതസ്ഥിതി ഭവിച്ചിട്ടില്ല. മലയാളഭാഷയിൽ കാണുന്ന പ്രാകൃതാവസ്ഥ അതിനു തമിഴ്നാട്ടുങ്ങളായിട്ടുള്ള സമ്പർക്കത്തിന്റെ ഫലമാകുന്നു.

സംസ്കൃതം	മലയാളം	തമിഴ്
ഗഗനം	ഗഗനം	കകനം
ശോഭാ	ശോഭ	ചോപൈ
സീതാ	സീത	ചീതൈ
ചന്ദ്ര	ചന്ദ്ര	ചന്തിര
വാച	വാച	വാചാ
മനഃ	മനസ്സ്	മനം
ഭൃത്യഃ	ഭൃത്യൻ	[illegible]
ഗണപതി	ഗണപതി	കണപതി

ദ്രാവിഡകേരളഭാഷാപദങ്ങൾക്കു സംസ്കൃതത്തോടുള്ള മൂലബന്ധത്തിന്റെ സ്വഭാവം ഈ ഉദാഹരണങ്ങളിൽനിന്നും വ്യക്തമാകുന്നതാണ്. ഒരു പിതാവു തന്റെ കുഡുംബത്തെ പല പുത്രന്മാർക്കായി ഭാഗം ചെയ്തു കൊടുക്കുന്നു എന്നു വിചാരിക്കുക. കാലക്രമേണ പല കുഡുംബങ്ങളുണ്ടായി ഓരോരുത്തരും ഓരോ കുഡുംബത്തെ ഭരിക്കുവാനിടയാകുന്നു. ഇതുപോലെതന്നെയാണു സംസ്കൃതത്തിൽനിന്നും ജനിച്ചിട്ടുള്ള ബംഗാളി ഹിന്ദി മറാത്തി മുതലായ ഭാഷകൾക്കു ഓരോ ദേശങ്ങളിൽ ആധിപത്യം ലഭിച്ചത്. കാലക്രമേണ പിതാവു സർവ്വഭരണത്തിൽനിന്നും ഒഴിയുന്നു. പുത്രന്മാർ ഇഷ്ടംപോലെ അവരവരുടെ കുഡുംബങ്ങളെ ഭരിക്കുന്നു. സംസ്കൃതഭാഷയുടെ വ്യവഹാരം പ്രശാന്തമായി ഭവിച്ചിട്ടും ഭ

ഴൊ ദേശങ്ങളിലും ഉള്ള ഭാഷകൾക്കു അവിടെയവിടെ പ്രാ
ബല്യം ലഭിച്ചതും ഇതുപോലെയാണ്. ദേശീയഭാഷാസ
ന്താനങ്ങൾക്കു പ്രായപൂർത്തി ഉണ്ടാകുന്നതുവരെ സംസ്കൃതം
സർവ്വത്ര വ്യവഹരിക്കപ്പെട്ടുവന്നിരുന്നു എന്നു പ്രത്യേകം മന
സ്സിലാക്കേണ്ടതാകുന്നു.

ഈ സന്ദർഭത്തിൽ ഒരു വലിയ എതിർവാദമുണ്ടാകുന്ന
താണ്. കുട്ടികൾ ആദ്യമായി പ്രാകൃതം വ്യവഹരിക്കുന്നു.
അവർ വളൎന്നു വരുംതോറും അവരുടെ പ്രാകൃതഭാഷയ്ക്കും
അഭിവൃദ്ധിയുണ്ടാകുന്നു. ഇപ്രകാരം ശിശുക്കൾ വളൎന്ന് ക്ര
മേണ വലിയവരായി ഭവിക്കുന്നതുപോലെ പ്രാകൃതഭാഷ
അഭിവൃദ്ധിയെ പ്രാപിച്ചു പൂൎണ്ണദശയിൽ സംസ്കൃതമായിഭവി
ക്കുന്നു. സംസ്കൃതത്തിൽ നിന്നും പ്രാകൃതം ഉണ്ടായി എന്നു
പറയുന്നതിനു യുക്തിയില്ല. പ്രകൃതിയിൽത്തന്നെ മനു
ഷ്യമൃഗവൃക്ഷപക്ഷ്യാദികൾ ആദ്യം ചെറുതായിരുന്നു പിന്നീട്
ക്രമേണ വളൎച്ചയേയും പരിപൂൎണ്ണതയേയും പ്രാപിക്കുന്നതായി
ട്ടാണ് കാണുന്നത്. അതുകൊണ്ടു ദേശീയഭാഷകൾതന്നെ
യാണ് സംസ്കൃതമായി പരിണമിച്ചതെന്നു വിശ്വസിക്കുന്ന
തിനാണ് യുക്തിയും അനുഭവവും സഹായിക്കുന്നത്. ഈ
എതിർവാദത്തിനു അതിന്റെ ഉള്ളിലേക്കു കടക്കുമ്പോൾ
യാതൊരു ബലവും കാണുന്നില്ല ഈ മതപ്രകാരം, ഒന്നാ
മത്, ശിശുക്കളിൽനിന്നും ഭാഷയുണ്ടായി എന്നു വിചാരി
ക്കണം; ആദികാലത്തു ലോകത്തിൽ ശിശുക്കൾ മാത്രമെ
ഉണ്ടായിരുന്നുള്ളു എന്നും വിശ്വസിക്കേണ്ടതാണ്. ഇപ്ര
കാരം ഭവിക്കാവുന്നതല്ലല്ലൊ. ഉൽകൃഷ്ടന്മാരായ മാതാപി
താക്കന്മാർ മുതലായവരുടെ ഭാഷതന്നെയാണ് ശിശുക്കളു
ടെ പ്രാകൃതഭാഷയായി പരിണമിക്കുന്നത്. വലിയവരുടെ
ഭാഷയെ അതുപോലെ ഉപയോഗിക്കാൻ ശിശുക്കളും ശ്രമി
ക്കുന്നു. അംഗങ്ങളുടെ അപൂൎണ്ണത മുതലായ കാരണങ്ങളാൽ
അതു സാധിക്കുന്നില്ല അപ്പോൾ ശിശുക്കൾ എന്തൊരു

ഭാഷ വ്യവഹരിക്കാൻ ശ്രമിക്കുമ്പോൾ—ആ ഉയൎന്ന സംസ്കൃ
തംതന്നെ—പ്രാകൃതമായി ഭവിക്കുന്നു. “പ്രകൃതേഃ സംസ്കൃ
തായാസ്തുവികൃതിഃ പ്രാകൃതീമതാ” (ശബ്ദാൎണ്ണവസുധാകരം)
എന്ന അഭിപ്രായം സുവ്യക്തമാകുന്നു. സംസ്കൃതം പ്രാ
കൃതമാകുന്നതു പല മാൎഗ്ഗങ്ങളിൽകൂടിയാണു്. വൎണ്ണങ്ങളിൽ
രൂക്ഷങ്ങളായവ മൃദുക്കളാകുന്നു. ദീൎഘങ്ങൾ ഹ്രസ്വങ്ങളാ
കുന്നു; വിസൎഗ്ഗങ്ങൾ ലോപിക്കുന്നു; ഒരു വൎണ്ണം ഉച്ചരിക്ക
വാൻ സൌകൎയ്യമുള്ള അടുത്ത മറെറാരു വൎണ്ണമാകുന്നു; ചി
ല വൎണ്ണങ്ങൾ ലുപ്തങ്ങളാകുന്നു. ഇപ്രകാരമാണു് പ്രായേ
ണ സംസ്കൃതം പ്രാകൃതമാകുന്നതു്. ചില ഉദാഹരണങ്ങൾ
കാണിക്കാം. ‘അംബാ’ എന്നതു സംസ്കൃതമാകുന്നു. ഇതി
നെ താഴ്ന്നതരത്തിലുള്ള ശിശുക്കൾ ഉപയോഗിച്ചുതുടങ്ങി
യപ്പോൾ ‘അ’ കാരം കഴിഞ്ഞതു് പിന്നീടുള്ള അനുസ്വാരം വി
കസിച്ചു ‘മ’ യായി പരിണമിച്ചു. അടുത്ത വൎണ്ണമായ ‘ബ’
കുട്ടികൾക്കു് ഉച്ചരിക്കാൻ പ്രയാസമാകയാൽ അതിനെ ഉ
പേക്ഷിച്ചു; എന്നാൽ അതിനു അടുത്തുള്ള ‘ഭ’യെ ഉപയോ
ഗിക്കുന്നതും പ്രയാസം; അതുകൊണ്ടു ‘ഭ’ കഴിഞ്ഞുള്ള ‘മ’
യെ സ്വീകരിച്ചു. ഇപ്രകാരം അനുസ്വാരത്തിനും ‘ബ’ക്കും
കൂടിയായപ്പോൾ രണ്ടു ‘മ’ ഉണ്ടായി. അപ്പോൾ ‘അംബാ’
‘അമ്മ’യായി ഭവിച്ചു. ‘ജ്യേഷ്ഠൻ’ എന്ന പദത്തിലെ
‘ജ്യേ’യും ‘ഷ്ഠ’യും രൂക്ഷങ്ങളാണു്. ‘ജ’ക്കു മുമ്പും പിമ്പും ഉ
ള്ള വൎണ്ണങ്ങൾ രൂക്ഷങ്ങളായ ‘ഛ’യും ‘ഝ’യും ആകയാൽ
അവയെ ഗ്രഹിക്കാനും നിവൃത്തിയില്ല. അതിനാൽ ‘ഛ’
ക്കു മുമ്പുള്ള ‘ച’ കാരത്തെ ഗ്രഹിച്ചു. ‘യ’യും ‘ഏ’യും അ
തുപോലെ അടുത്ത അക്ഷരത്തിലെ ‘ഷ’യും ലോപിച്ചു. രൂ
ക്ഷാക്ഷരമായ ‘ഠ’ അതിനുമുമ്പുള്ള ‘ട’ യായി ലഘുത്വത്തെ
പ്രാപിച്ചു. ഇപ്രകാരമാണു ‘ജ്യേഷ്ഠ’ൻ ‘ചേട്ട’നായതു്.
ഇതുപോലെ ആണു് ‘അച്ഛൻ’ ‘അച്ച’നാകുന്നതും; സംസ്കൃതം
പ്രാകൃതമാകുന്നതിനു സ്ഥിരമായ നിയമം ഇല്ല. തമി

ഴിൽ അക്ഷരങ്ങൾ കുറച്ചെ ഉള്ളു; എന്നാൽ സംസ്കൃതത്തി
ലെ പദങ്ങൾ എല്ലാം തമിഴിൽ ഉണ്ടാകുകയും വേണം; ഈ
നിലയിൽ ഒരു വൎണ്ണത്തിനു പകരം മറെറാന്നു ഭവിക്കാതെ
തരമില്ല. ഉള്ളതുകൊണ്ടു ഇല്ലാത്തതിന്റെ കാൎയ്യം തീൎക്ക
ണ്ടിയിരിക്കുന്നു. സംസ്കൃതത്തിൽ നിന്നും സംഭവിച്ചിരിക്കുന്ന
ഭ്രംശത്തിന്റെ ഗുരുലഘുത്വം അനുസരിച്ചു മറ്റുള്ള ദേശ്യഭാ
ഷകൾക്കും വ്യത്യാസം ഭവിക്കുന്നു. എതിർവാദമനുസരിച്ച്
വിചാരിക്കുകയാണെങ്കിൽ 'അമ്മ' ചേട്ടൻ' ഇത്യാദിപ്രാകൃ
തപദങ്ങൾ ക്രമേണ പരിഷ്കൃതങ്ങൾ ആയി 'അംബ'യും
'ജ്യേഷ്ഠ'നും ആയതാണെന്നു പറയേണ്ടിയിരിക്കുന്നു. ശിശു
ക്കളുടെ ശരീരവും ആത്മാവും മാതാപിതാക്കന്മാരുടെ ശരീര
വും ആത്മാവും തന്നെയാണല്ലോ. ഇതുപോലെ അവർ
വ്യവഹരിക്കുന്ന ഭാഷയുടെ ജീവനും ശരീരവും മാതാപിതാ
ക്കന്മാരുടെ ഭാഷയുടേവതന്നെയാണ്. ശിശുക്കളുടെ ശരീര
ത്തിന്റെ പ്രാകൃതസ്ഥിതി കാണുമ്പോൾ അവർ സംസ്കൃത
ശരീരന്മാരായ മാതാപിതാക്കന്മാരിൽ നിന്നു ജനിച്ചതാണെ
ന്നു പറവാൻ സാധിക്കാതെ വന്നേക്കാം. അതുകൊണ്ടു ശി
ശുക്കൾ ശിശുക്കളിൽനിന്നുമാണ് — മാതാപിതാക്കന്മാ
രിൽനിന്നല്ല ഉണ്ടായതെന്നു പറയാവുന്നതല്ലല്ലോ. ശി
ശുക്കളുടെ ഭാഷ അവരിൽനിന്നും തനിയെ പൊട്ടിപ്പുറപ്പെ
ട്ടതാണെന്നു പറയുന്നതു അസംബന്ധമാണ്. കുട്ടികളു
ടെ ശരീരം ചെറിയതാണെങ്കിലും അതിനുള്ളിൽ വലിയ
തായ ഒരു സംസ്കൃതശക്തി അന്തൎഗ്ഗതമായി ശോഭിക്കുന്നു
ണ്ട്. ശിശുക്കളുടെ ഉല്പത്തിക്കും, വളൎച്ചക്കും, സ്ഥിതിക്കും
എല്ലാറ്റിനും കാരണം ഈ സംസ്കൃതശക്തിയുടെ സത്തയാകു
ന്നു. ഈ സംസ്കൃതശക്തിയാകട്ടെ മാതാപിതാക്കന്മാരു
ടെ സംസ്കൃതാത്മാവിന്റെ രൂപഭേദമാകുന്നു. ഇതുപോ
ലെയുള്ള ശക്തിയാണ് വൃക്ഷാദികളിലുമുള്ളത്. ഒരു മഹാ
വൃക്ഷത്തിന്റെ തേജസ്സാരം ബീജത്തിന്റെ ഉള്ളിൽ സ്ഥിതി

ചെയ്യുന്നു. ഈ ആത്മസ്വരൂപമായ ചൈതന്യമില്ലെങ്കിൽ ആ ബീജം വെറും ജഡമാകുന്നു. അതിൽനിന്നും ഒന്നും ഉണ്ടാകുന്നില്ല. ഇപ്രകാരം ശിശുക്കളുടെ ഭാഷയിൽ വലിയവരുടെ ഭാഷയുടെ ജീവൻ ആത്മാവായി ശോഭിക്കുന്നു. പ്രാകൃതം നിശ്ചേതനമാകുന്നു. അതു ഒരിക്കലും സംസ്കൃതമാകയില്ല. ജഡത്തിൽനിന്നു ചൈതന്യവും മായയിൽനിന്നു ബ്രഹ്മവും ഉണ്ടായി എന്നു പറയുന്നതുപോലെയാണ് പ്രാകൃതത്തിൽനിന്നു സംസ്കൃതം ഉണ്ടായി എന്നു പറയുന്നത്. പ്രപഞ്ചത്തിൽ കാണുന്ന വസ്തുക്കളെല്ലാം നാനാത്വത്തെ പ്രാപിച്ചിട്ടുള്ള ഏകത്വം (ബ്രഹ്മം) തന്നെയാണ്. ഇതുപോലെ ഭാരതീയരുടെ എല്ലാദേശീയഭാഷകളും നാനാരൂപങ്ങളെ പ്രാപിച്ചിട്ടുള്ള ഏകമായ സംസ്കൃതം തന്നെയാകുന്നു. അതുകൊണ്ടു, മുമ്പു പറഞ്ഞ എതിർവാദം അടിസ്ഥാനത്തോടുകൂടാത്തതാകുന്നു എന്നു കാണാവുന്നതാണ്.

വ്യവഹാരഭാഷകൾക്കു കാലഗതിയാൽ സംഭവിക്കുന്ന വ്യത്യാസങ്ങൾക്കു അവസാനമില്ല. ജനസമുദായത്തിന്റെ ദേശം ജാതി മതം ധർമ്മം പരിഷ്കാരം ഇതരദേശക്കാരുമായുള്ള സംസർഗ്ഗം മുതലായവ മാറി മാറി വരുന്നതനുസരിച്ചു ഭാഷകൾക്കു മാറ്റവും ഉണ്ടാകുന്നു. ഉദാഹരണത്തിനു ചെറിയ രാജ്യമായ കേരളത്തെ തന്നെ എടുക്കാം. ഒരേ മലയാളഭാഷയ്ക്കു തെക്കും വടക്കും ഉള്ളവരുടെ വ്യവഹാരത്താൽ മാറ്റം ഭവിക്കുന്നു. അതുപോലെ പരിഷ്കൃതന്മാരുടേയും അപരിഷ്കൃതന്മാരുടേയും മധ്യമന്മാരുടേയും ഉപയോഗത്താൽ വ്യത്യാസങ്ങൾ ഉണ്ടാകുന്നു. പല ജാതിക്കാരുടെ സ്ഥിതി അനുസരിച്ചും മാറ്റങ്ങൾ കാണുന്നു. ഒരു ചെറിയ രാജ്യമായ കേരളത്തിൽ മലയാള ഭാഷയ്ക്കു ഇത്ര മാത്രം വലിയ വ്യത്യാസങ്ങൾ ഉണ്ടാകുന്ന സ്ഥിതിക്കു അതിവിസ്തൃതമായ ഭാരതഖണ്ഡത്തിലെ, സംസ്കൃതത്തിനു എത്രമാത്രം ഭേദങ്ങൾ

ഉണ്ടാകാമെന്നു ഊഹിക്കാൻ പാടില്ലാതിരിക്കുന്നു; എന്നാൽ ഏതുകാലത്താണു സംസ്കൃതത്തിനു ഇപ്രകാരം ഭിന്നരൂപങ്ങൾ ഉണ്ടായതെന്നുള്ള സംഗതി നിശ്ചയമായി സ്ഥാപിക്കുവാൻ കഴിയുകയില്ല.

ചില പണ്ഡിതന്മാർക്കു സംസ്കൃതം വ്യവഹാരഭാഷയായിരുന്നില്ലെന്നു അഭിപ്രായമുണ്ട്. അതിനാൽ ഈ മതത്തെക്കുറിച്ചും അല്പം വിചിന്തിക്കേണ്ടിയിരിക്കുന്നു. വൈദികം പൌരാണികം ലൌകികം എന്നീ ഭാഷകൾക്കു സംസ്കൃതത്തിൽ വളരെ വ്യത്യാസം കാണുന്നു. ഈ വ്യത്യാസം അനുസരിച്ചു വ്യാകരണശാസ്ത്രത്തിനും ഭേദങ്ങൾ ഉണ്ട്. ഭാരതീയർ എല്ലാവരും അറിയുന്നതിനു എഴുതപ്പെട്ടിട്ടുള്ള ഗ്രന്ഥങ്ങൾ എല്ലാം സംസ്കൃതത്തിലാകുന്നു. വേദങ്ങൾ പുരാണങ്ങൾ സ്മൃതികൾ ഇതിഹാസങ്ങൾ ദർശനങ്ങൾ മുതലായവ എല്ലാം ആദ്യം സംസ്കൃതത്തിലാണുണ്ടായത്. വേദം പഠിക്കുന്നതിനു അധികാരമില്ലാത്ത സ്ത്രീകൾ മുതലായവർക്കു വേദധർമ്മജ്ഞാനമുണ്ടാകുന്നതിനു വേണ്ടിയാണു പുരാണേതിഹാസങ്ങൾ നിർമ്മിക്കപ്പെട്ടിരിക്കുന്നതെന്നു കാണുന്നു. ഇന്നു കേരളീയകുഡുംബങ്ങളിൽ രാമാനുജൻ എഴുത്തച്ഛന്റെ രാമായണം ഭാരതം മുതലായ കിളിപ്പാട്ടുകൾ സ്ത്രീകൾ കൂടി വായിക്കുക പതിവാണ്. ഇതുപോലെ ഭാരതീയസ്ത്രീകൾ എല്ലാം സംസ്കൃതത്തിലെ പുരാണേതിഹാസങ്ങളെ ഒരു കാലത്തു പഠിച്ചുവന്നിരുന്നു. സ്ത്രീകൾ താഴ്ന്നജാതിക്കാർ ബുദ്ധിമാന്മാർ മുതലായി പല തരത്തിലുള്ളവരുടെ ഉപയോഗത്തെ സ്മരിച്ചുകൊണ്ടാണു ഭാരതാദിഗ്രന്ഥങ്ങൾ രചിക്കപ്പെട്ടിരിക്കുന്നത്. ശിലാരേഖകൾ മുതലായവ സംസ്കൃതത്തിൽ കാണുന്നു. ലൌകികന്മാർ വ്യവഹാരത്തിനു ഉപയോഗിക്കുന്ന ഭാഷയെ അധികരിച്ചു 'ഭാഷാ' 'ഭാഷ' എന്നു വ്യാകരണശാസ്ത്രത്തിൽ ഉപയോഗിച്ചിരിക്കുന്നു. ഈ കാരണങ്ങളാൽ സംസ്കൃതം ഗൃഹ (മാതൃ) ഭാഷയായിരുന്നു എ

ന്നു വിചാരിക്കാം. എല്ലാ ദേശീയഭാഷകളിലും സംസ്കൃതഭാഷാപദങ്ങൾ തന്നെ രൂപവൈകല്യത്തോടുകൂടിയോ അല്ലാതെയോ കാണുന്നു. പണ്ഡിതശ്രേഷ്ഠനായ ഭാഷ്യാചാര്യർ 'പതഞ്ജലികാലനിർണ്ണയ'മെന്ന പുസ്തകത്തിൽ ഇപ്രകാരം പറയുന്നു. 'അജേർവ്യഘഞപോഃ' എന്ന സൂത്രത്തിലുള്ള വൈയാകരണസൂതസംഭാഷണത്തിൽനിന്നു പതഞ്ജലിയുടെ കാലത്തിൽ സംസ്കൃതം വ്യവഹാരഭാഷയായിരുന്നു എന്നു കാണുന്നുണ്ട്. എന്നാൽ ബുദ്ധന്റെ കാലത്തിൽ സംസ്കൃതത്തിന്റെ വ്യവഹാരാംശം അവസാനിച്ചിരിക്കുന്നു. ബുദ്ധൻ സ്വോപദേശങ്ങളെ സകല ജനങ്ങൾക്കും മനസ്സിലാകുന്നതിനു പാലിഭാഷയിലാണു ചെയ്തിരിക്കുന്നത്.' ഇതിൽനിന്നും പതഞ്ജലിയുടെ കാലത്തിൽ സംസ്കൃതം വ്യവഹാരഭാഷയായിരുന്നെന്നു ഗ്രഹിക്കാം. ഭാസന്റെ കാലത്തിൽ സംസ്കൃതം വ്യവഹരിച്ചിരുന്നതായി മഹാമഹോപാദ്ധ്യായൻ ഗണപതി ശാസ്ത്രി അവർകൾ സയുക്തികം സമർത്ഥിച്ചിരിക്കുന്നു. [പ്രതിമാനാടകം അവതാരിക] സംസ്കൃതം ഭാരതീയരുടെ ഗൃഹഭാഷയായിരുന്നു എന്നുള്ള സംഗതി നിർവ്വാദമായി തെളിയുന്ന ഒരു വാസ്തവമാണ്.

ഇത്രയും പറഞ്ഞതിൽനിന്നും സംസ്കൃതം ഭാരതീയരുടെ ദേശീയ (വ്യവഹാര) ഭാഷയായിരുന്നെന്നും, ഇതിൽനിന്നും സകല ദേശീയഭാഷകളും ഉണ്ടായി എന്നും വ്യക്തമായല്ലോ. ഈ സ്ഥിതിക്കു തമിഴും മലയാളവും മറ്റു ദേശീയഭാഷകൾ എന്നപോലെ തന്നെ സംസ്കൃതത്തിന്റെ സന്താനങ്ങളാണെന്നു പ്രത്യേകം പറയാതെ കാണാവുന്നതാണ്. തമിഴിനെപ്പോലെയുള്ള ഒരു ഭാഷയിൽനിന്നും മലയാളസദൃശമായ ഒരു ഭാഷ ഉണ്ടാകുക എന്നതു യുക്തിക്കും അനുഭവത്തിനും വിരുദ്ധമാകുന്നു.

ഭാഷോല്പത്തി വലിയ ഒരു വാദവിഷയമാകയാൽ, ഈ സന്ദർഭത്തിൽ അല്പം കൂടി ദീർഘമായി വിചാരിക്കേണ്ടതു

ആവശ്യമാകുന്നു. മലയാളത്തിനു സംസ്കൃതത്തോടും തമിഴിനോടും ഉള്ള സംബന്ധസ്വഭാവത്തെക്കുറിച്ചു പല സംഗതികളും ചിന്തിക്കേണ്ടതായിട്ടുണ്ടു്.

ദ്രാവിഡരാജ്യത്തിന്റെ ഒരു അംശമാകുന്നു കേരളം. പുരാതനമായ ഒരു കാലത്തിൽ കേരളം ദ്രാവിഡരാജ്യവുമായി അവിഭക്തമായി കഴിഞ്ഞു കൂടിയിരുന്നു. അക്കാലത്തിൽ ദ്രാവിഡഭാഷയായ തമിഴിനെ ആണു കേരളത്തിൽ വ്യവഹരിച്ചു വന്നതു്. ചോളം പാണ്ഡി മുതലായ ദേശങ്ങളിൽ ഉപയോഗിച്ചു വരുന്ന തമിഴിനെ ചോളത്തമിഴ് പാണ്ടിത്തമിഴ് എന്നും മററും പറയുന്നതുപോലെ മലയാളത്തിൽ ഉപയോഗിച്ചു വന്ന തമിഴിനെ മലയാംതമിഴ് എന്നു വ്യവഹരിക്കുന്നു. പൂർവ്വകാലത്തെ വ്യവഹാരങ്ങളെല്ലാം മലയാംതമിഴിലായിരുന്നു എന്നു ഗ്രന്ഥങ്ങൾ ഗ്രാമവരികൾ മുതലായവ നിസ്സംശയം തെളിയിക്കുന്നു. ഇപ്രകാരം കുറെ ഏറെക്കാലത്തേക്കു തമിഴിനു ഇവിടെ സാർവ്വാധിപത്യം വഹിക്കുവാൻ ഇടയായി. ക്രമേണ കേരളം ദ്രാവിഡത്തിന്റെ പിടിയിൽനിന്നും വിട്ടു പ്രത്യേകം ഒരു സ്വതന്ത്രരാജ്യമായി ഭവിച്ചു. മലയാളികൾ അതോടുകൂടി പ്രത്യേകം ഒരു വർഗ്ഗക്കാരായി. ധർമ്മം ആചാരം മുതലായവയ്ക്കും ചുരുക്കെ മാററം വന്നു. ക്രമേണ മുമ്പു വ്യവഹരിച്ചു വന്ന തമിഴിനേയും പരിത്യജിച്ചു. സംസ്കൃതത്തിനു ലഭിച്ചുകൊണ്ടിരുന്ന പ്രചാരം കേരളീയരെ അതിൽ അത്യാസക്തന്മാരാക്കി. പ്രാകൃതരൂപമായ തമിഴിൽ അഭിരുചി കുറഞ്ഞു. അതിനാൽ സംസ്കൃതത്തിൽനിന്നും വർണ്ണമാലയെ മുഴുവൻ സ്വീകരിച്ചു. പല പ്രകാരത്തിൽ മാററം ചെയ്തും അല്ലാതെയും സംസ്കൃതത്തെ കൈക്കൊണ്ടു. എന്നാൽ തമിഴിനെ സാർവ്വത്രികമായി പരിത്യജിച്ചില്ല. മുമ്പു ഉപയോഗിച്ചു വന്നിരുന്ന പല തമിഴ്പദങ്ങളെയും സംസ്കൃതത്തിന്റെ സഹായം കൊണ്ടു ഭാഷയാക്കി എടുത്തു. വ്യാകരണനിയമങ്ങളെ പലതിനെയും സ്വീകരി

ല്ല. ഇപ്രകാരം അനേകം പടിയും മാറി ഉണ്ടായതാണു മ-
ലയാളഭാഷ. കേരളപാണിനീയത്തിൽ ഇപ്രകാരം പറയു-
ന്നു. "പല വക കൊടുന്തമിഴുകൾ ഉണ്ടായിരുന്നതിൽ ഒ-
ന്നാണു നമ്മുടെ മലയാളമായിത്തീർന്നത്. ഇപ്പോഴത്തെ
നിലയിൽ സംസ്കൃതത്തിന്റെ മണിയും പവിഴവും മലയാള-
ഭാഷയിൽ കേറി നിറച്ചിട്ടുണ്ടെങ്കിലും അസ്ഥിവാരവും മേല്പു-
രയും ഇന്നും തമിഴ് പ്രതിഷ്ഠിച്ചിട്ടുള്ളതു തന്നെയാണ്. വി-
ശേഷവിധികളൊന്നും ഉള്ളിലേക്കു കടന്നിട്ടില്ല." ഈ അഭിപ്രാ-
യം ബലവത്തായിരിക്കുന്നു.

ഭാഷയ്ക്കു അടിസ്ഥാനം വർണ്ണമാകുന്നു. പദങ്ങളെ-
ക്കൊണ്ടു വാക്യങ്ങൾ എന്ന പോലെ വർണ്ണങ്ങളെക്കൊണ്ടു പദ-
ങ്ങൾ ഉണ്ടാകുന്നു. മലയാളത്തിൽ വർണ്ണമാല സംസ്കൃത-
ത്തിൽ നിന്നാണു എടുത്തിട്ടുള്ളത്. സംസ്കൃതഭാഷയി-
ലെ വർണ്ണങ്ങളെ മുഖ്യങ്ങളായ ശിക്ഷാശാസ്ത്രങ്ങളിൽ
നിന്നും അച്ചുകളും ഹല്ലുകളും ആയ വർണ്ണങ്ങൾ ഒരു പോലെ ത-
ന്നെ ഭാഷയിലും കാണും. സംസ്കൃതത്തിലെ വർണ്ണങ്ങൾ
എല്ലാം ഭാഷയിലുമുണ്ട്. തമിഴിലെ ചുരുക്കം അക്ഷരങ്ങൾ
മാത്രമേ ഭാഷയിലുള്ളൂ. അതിഖരങ്ങളും [ഖ ഛ ഠ ഥ ഫ] ഘോ-
ഷങ്ങളും [ഘ ഝ ഢ ധ ഭ] മൃദുക്കളും [ഗ ജ ഡ ദ ബ] ഊ-
ഷ്മാക്കളും [ശ ഷ സ] ഘോഷിയും [ഹ] ഇല്ല. ഈ വക
വർണ്ണങ്ങളും തമിഴിൽ ഇല്ലാത്തവയാണ്. സംസ്കൃതത്തെ-
ക്കാൾ വിശേഷിച്ചു 'ഴ' 'ള' 'റ' എന്നിവയും അനുനാസിക-
ങ്ങളിൽ 'ന'യും തമിഴിലുണ്ട്. ഭാഷയിൽ ഈ വർണ്ണങ്ങൾ
എല്ലാം ഉള്ളവയാണ്. തമിഴിൽ സംസ്കൃതത്തിലെ വർണ്ണ-
ങ്ങൾ എല്ലാമില്ലാത്ത കുറവുണ്ടല്ലോ. എന്നാൽ സംസ്കൃ-
തത്തിലെ പദങ്ങളെ എല്ലാം തമിഴിൽ സ്വീകരിക്കേണ്ട ആ-
വശ്യവുമാകുന്നു. അപ്പോൾ ഉള്ള വർണ്ണങ്ങളെക്കൊണ്ടു ഇ-
ല്ലാത്തവയുടെ കാര്യം നിർവ്വഹിക്കുന്നു. ഈ രീതി-
യിൽ സംസ്കൃതപദങ്ങളുടെ പ്രകൃതിഭാവം നശിപ്പിച്ചു പ്രയോഗിക്കു-
ന്ന തമിഴരുടെ രീതി കാണാം; വർണ്ണങ്ങളുടെ വൈകൃത്യം

നിമിത്തം സംസ്കൃതപദങ്ങൾക്കു മലയാളത്വത്തെ പ്രാപിക്കുന്നതിനു ഈ പ്രാകൃതനിലയെ സ്വീകരിക്കേണ്ടതില്ല.

സംസ്കൃതം	മലയാളം	തമിഴ്
പുത്രഃ	പുത്രൻ	പുത്തിരൻ
സുഖം	സുഖം	സുഖം
ദുഃഖം	ദുഃഖം	ദുഖം
വിനായകഃ	വിനായകൻ	വിനായകൻ
ദേവഃ	ദേവൻ	തേവർ

ഇതിൽനിന്നും സംസ്കൃതത്തിനു അല്പം ചില വ്യത്യാസം ചെയ്താൽ മലയാളമാകുമെന്നു കാണാവുന്നതാണ്. വർണ്ണഭേദത്താൽ ഉള്ള ആശങ്കയെ കുറിക്കുന്നതല്ല ഈ വ്യത്യാസം. തമിഴിന്റെ പ്രസ്ഥാനം അനുസരിച്ചാണ് മലയാളത്തിൽ അപരിഷ്കൃതമായി ഉപയോഗിക്കുന്ന പ്രാകൃതം ഉണ്ടാകുന്നത്.

സംസ്കൃതം (മലയാളം)	തമിഴ് (മലയാളം)
ബ്രാഹ്മണൻ	പാർപ്പാൻ
ഗ്രന്ഥം	കിരന്തം
ചിത്ര	ചിത്തിര
പക്ഷം	പട്ചം
ഭവനം	പവനം

ഉച്ചാരകന്മാരുടെ വ്യവഹാരം അനുസരിച്ചു ഏതു ഭാഷയ്ക്കും സംസ്കൃതം പ്രാകൃതം എന്നു രണ്ടു രൂപങ്ങൾ ഉണ്ടെന്നു മുമ്പു പറഞ്ഞുവല്ലോ. ഇപ്രകാരം മലയാളത്തിനു ഉള്ള രണ്ടു രൂപങ്ങളിൽ പ്രാകൃതത്തിന്റെ ഉല്പത്തിക്കു തമിഴ് സഹായമായി നില്ക്കുന്നുണ്ട്. അനുനാസികാതിപ്രസരം തവർഗ്ഗോപമർദ്ദം സ്വരസംവരണം പുരുഷഭേദനിരാസം ഖിലോപസംഗ്രഹം അംഗഭംഗം എന്നീ ആറു സംഗതികൾകൊണ്ടു മലയാളം തമിഴിൽനിന്നു വേർപിരിയുന്നതായി കേരളപാണിനീയത്തിൽ പറയുന്നു. ഈ അനുനാസികാതിപ്രസരാദികൾ നിമിത്തം മലയാളത്തിനും തമിഴിനും ഏറ്റവും സാരമായ വ്യത്യാസം പല സംഗതികളിലും ഉണ്ടെന്നും, അ

ത്തുകൊണ്ടുതന്നെ, തമിഴിൽനിന്ന മലയാളം ഉണ്ടായി എന്ന പറയുവാൻ പാടില്ലാത്തവിധം ആ രണ്ട ഭാഷകൾക്കും വലിയ അകലിപ്പ ഉണ്ടെന്നും, നിഷ്പ്രയാസം തെളിയുന്നു; എന്നാൽ കേരളപാണിനി പറയുന്നതുപോലെ ഈ കാരണങ്ങളാൽ (അനുനാസികാതിപ്രസരാദി) മലയാളം തമിഴിൽനിന്നും പിരിഞ്ഞു എന്ന വിചാരിക്കുവാൻ ന്യായമില്ല. മലയാളഭാഷയ്ക്കു ആദിമുതൽതന്നെ മുമ്പു പറഞ്ഞ തമിഴിന്റെ നയങ്ങൾ ഒന്നുമില്ലായിരുന്നു. ഈ നയങ്ങൾ ഇല്ലാത്തതായ കാലത്താണ് മലയാളഭാഷയുണ്ടായത്. എന്തെന്നാൽ ഈ നയങ്ങൾ ഉണ്ടായിരുന്ന കാലത്ത് മലയാളമെന്നൊരു ഭാഷയെ ഉണ്ടായിരുന്നില്ല. തമിഴ്തന്നെ വ്യവഹരിച്ചുവന്നു. സംസ്കൃതവർണ്ണമാലയുടെ ആവിർഭാവത്തിന ശേഷം ആണു മലയാളഭാഷ ജനിച്ചത്. ഈ സ്ഥിതിക്കു കേരളപാണിനി പറയുന്ന അനുനാസികാതിപ്രസരാദിനയങ്ങൾ മലയാളത്തിൽ ഉണ്ടാകേണ്ടതായ ആവശ്യമേ ഇല്ല. എങ്കിലും ആയാലും മലയാളത്തിനും തമിഴിനും ഉള്ള ഈ വ്യത്യാസം കേരളപാണിനിക്കും സമ്മതമാണ്. 'മലയാളം തമിഴിൽനിന്ന വേർപിരിഞ്ഞു' എന്ന പറയുന്നതിലാണ അഭിപ്രായവ്യത്യാസം. കേരളപാണിനിയുടെ അഭിപ്രായപ്രകാരമാണെങ്കിൽ, ലിംഗവചനവിഭക്ത്യാദികളിലുള്ള വ്യത്യാസം നിമിത്തം, തദ്വിധങ്ങളായ നയങ്ങൾകൊണ്ടു മലയാളം സംസ്കൃതത്തിൽനിന്ന വേർപിരിഞ്ഞു, എന്ന എന്തുകൊണ്ടു പറഞ്ഞുകൂടാ? വാസ്തവത്തിൽ രണ്ടും രണ്ടാകകൊണ്ടു ഒന്നിലെ നയം മറ്റൊന്നിലില്ലെന്നേ പറയുവാനുള്ളു. മലയാളത്തിലെ വർണ്ണമാല സംസ്കൃതത്തിലേതുതന്നെയാകുന്നു എന്ന നവീനപണ്ഡിതന്മാർക്കും സമ്മതമാണ്. വർണ്ണമാലയുണ്ടാകുന്നതിന മുമ്പു ഭാഷ ജനിക്കുക എന്നത് തന്തുക്കളുടെ ഉല്പത്തിക്കുമുമ്പു വസ്ത്രം ഉണ്ടായി എന്ന പറയുന്നതുപോലെ അസംബന്ധമാണ്; എന്തെന്നാൽ തന്തുക്കളെക്കൊണ്ടല്ലാതെ പടവും, വ

ന്നതുകൊണ്ടല്ലാതെ ഭാഷയും, ഉണ്ടാകുവാൻ പാടില്ല. കേരളപാണിനീയത്തിൽ ഇപ്രകാരം പറയുന്നു. "സംസ്കൃതപ്രചാരത്തിനു മുമ്പിൽ മലയാളഭാഷ തമിഴിന്റെ ഭിന്നരൂപം വട്ടെഴുത്തും അതിനു തക്ക അക്ഷരമാലകളെയും കൂട്ടം ചാർത്താപ്പെട്ടില്ലായിരുന്നു. കേരളീയവിചാരസമ്പ്രദായത്തിൽ ഒന്നു കൊണ്ടുവരുവാനുള്ള ഒരു പ്രയാസക്രിയ; ഭാഷയ്ക്കു വസ്ത്രസ്ഥാനം വഹിക്കുന്നതു അക്ഷരമാലയാണ്; അതിനാൽ മലയാളത്തിൽ സംസ്കൃതത്തെയായ ലിപി എഴുതാൻ ഇക്കാലത്തു സ്വീകരിച്ചു. ഭാഷ്യഭേദം തുടക്കമായി മുഴുവൻ ഭേദപ്പെടുകയും ചെയ്തു." ഇതിൽനിന്നും തമിഴിലെ വട്ടെഴുത്ത് ലിപിയും ഭാഷയും ഭാഷയ്ക്കു അപര്യാപ്തവും ആകുന്നു എന്നു കേരളപാണിനി സമ്മതിക്കുന്നതായി തെളിയുന്നു. ഭാഷയ്ക്കു വസ്ത്രസ്ഥാനം വഹിക്കുന്നതു അക്ഷരമാലയാണെന്നുള്ള അഭിപ്രായം സ്വീകാര്യമല്ല. വസ്ത്രം അലങ്കാരങ്ങളിൽ ഉൾപ്പെടുന്നു. പ്രകൃതത്തിൽ വസ്ത്രം ശരീരത്തിനു ഉപാധിമാത്രമാകുന്നു. പറയുവാൻ. ... വസ്ത്രധാരണം ചെയ്യാറില്ലല്ലോ. ഭാഷയ്ക്കും അക്ഷരവസ്തുക്കൾ തമ്മിൽ ഉള്ള ബന്ധം ആത്മാവിനും ശരീരത്തിനും ഉള്ളതുപോലെയാകുന്നു. ഉല്പത്തിയുടെ ആരംഭകാലം മുതലേ ശരീരബന്ധം കല്പിക്കുന്നു; അതു ആത്മാവിനെ വിടാറില്ലല്ലോ. ശരീരമില്ലെങ്കിൽ ഒരു ആത്മാവ് ഇല്ലെന്നു പറയാം. അതുപോലെ വട്ടെഴുത്തില്ലെങ്കിൽ ഭാഷയും ഇല്ല. വസ്ത്രം കൂടാതെ കഴിച്ചു ജീവിപ്പിക്കാം. എന്നാൽ ശരീരം കൂടാതെ പാടില്ല. അതുകൊണ്ടു ഭാഷയുടെ ശരീരസ്ഥാനമായ അക്ഷരമാലയെത്തന്നെ ഗ്രഹിക്കേണ്ടതാകുന്നു. മലയാളഭാഷ തന്റെ ഭിന്നവസ്ത്രത്തെ കളഞ്ഞതിന്റെ ശേഷമാണോ സംസ്കൃതലിപിവസ്ത്രത്തെ ധരിച്ചതു? ആ പ്രകാരമാണെങ്കിൽ വിചാരസന്ദർഭത്തിൽ നഗ്നരൂപത്തിലാണ് ഭാഷ സ്ഥിതിചെയ്യുന്നതു കാണുന്നു; സംസ്കൃതവസ്ത്രത്തെ സ്വീകരിച്ചതിന്റെ ശേഷമാണോ പഴയവസ്ത്രത്തെ ക

ളുന്നതു്? ഇപ്രകാരമാണെങ്കിൽ മലിനവസ്ത്രം ധരിച്ചിരുന്നു എന്നു സ്പഷ്ടമാകുന്നു. ഇതു നാട്ടുനടപ്പിനു തീരെ വിരോധവും അവാസ്തവവും ആണു്. എത്രമാത്രം ദാരിദ്ര്യം അനുഭവിക്കുന്നവരാണെങ്കിലും കടം വാങ്ങിച്ചെങ്കിലും വിവാഹസന്ദർഭത്തിൽ വിശേഷപ്പെട്ട വസ്ത്രാദികൾ ധരിക്കുന്നു. ആ അവസരത്തിൽ വസ്ത്രം കൂടാതെ—നഗ്നയായിരിക്ക—എന്നതു യാതൊരു സ്ത്രീയും ചെയ്യുന്നതല്ല; അതുപോലെ മലിനവസ്ത്രം ധരിക്കുകയും ഉണ്ടാകാത്തതാണു്. മലയാളഭാഷ സംസ്കൃതവരവ മുമ്പുള്ള വിവാഹസന്ദർഭത്തിൽ നഗ്നയോ മലിനവസ്ത്രധാരിണിയോ ആയിരുന്നു എന്ന അഭിപ്രായം യുക്തിക്കും നടപ്പിനും അനുഭവത്തിനും വിരുദ്ധമാണു്. സംസ്കൃതത്തിലെ അക്ഷരമാലയെ സ്വീകരിച്ചതോടുകൂടി പഴയ തമിഴ്വർണ്ണമാലയെ പരിത്യജിച്ചു എന്നു കാണുന്ന അഭിപ്രായം വാസ്തവംതന്നെ. ഭാഷയ്ക്കു അക്ഷരമാല ശരീരസ്ഥാനത്തെ വഹിക്കുന്നു എന്നു മുമ്പു പറഞ്ഞ പക്ഷംകൂടി സ്വീകരിക്കുമ്പോൾ മലയാളം സംസ്കൃതത്തിങ്കൽനിന്നുണ്ടായി എന്ന സ്വയമേവ തെളിയുന്നതാണു്.

വർണ്ണമാലയെക്കുറിച്ചു വിചാരിച്ചുവല്ലോ. ഇനി ഉൽകൃഷ്ടജനങ്ങളുടെ വ്യവഹാരഭാഷയെക്കുറിച്ചാണു പര്യാലോചിക്കേണ്ടതു്. ഒരു ഭാഷയ്ക്കുണ്ടാകുന്ന സംസ്കൃതവും പ്രാകൃതവും മിശ്രവും (സംസ്കൃതപ്രാകൃതങ്ങൾ തമ്മിൽ ചേർന്നുണ്ടായതു്) ആയ രൂപങ്ങൾ ഉൽകൃഷ്ടന്മാരുടേയും അപകൃഷ്ടന്മാരുടേയും മദ്ധ്യമന്മാരുടേയും വ്യവഹാരസ്ഥിതിഭേദംകൊണ്ടു സംഭവിക്കുന്നതാണു്. ഉൽകൃഷ്ടന്മാരുടെ ഭാഷയെ ആണു ഭാഷയുടെ ഉല്പത്തിക്കു അടിസ്ഥാനമായി ഗണിക്കേണ്ടതു്. ഉൽകൃഷ്ടന്മാരുടെ ഭാഷയിൽനിന്നു ഭ്രംശം ഭവിച്ചിട്ടുള്ളതാണു അപകൃഷ്ടന്മാരുടെ ഭാഷ. അപകൃഷ്ടന്മാരുടെ ഭാഷയാണു ആദ്യം ഉണ്ടായതെന്നു വിചാരിക്കുവാൻ പാടില്ല. ഉൽകൃഷ്ടന്മാരുടെ ഭാഷയെ അപകൃഷ്ടന്മാർ പലവിധം വൈകല്യ

ത്തോടുകൂടി ഉപയോഗിക്കയും അതുതന്നെ പ്രാകൃതമായി ഭവിക്കുകയും ചെയ്യുന്നു. അപകൃഷ്ടന്മാരുടെ പ്രാകൃതം പരിഷ്കൃതമായി ഭവിച്ച സംസ്കൃതമായിപ്പരിണമിച്ചതല്ലേ എന്ന ചോദ്യത്തിനു ഇവിടെ അവകാശമില്ല. പ്രാകൃതത്തിൽനിന്നും സംസ്കൃതം ഉണ്ടാകുവാൻ പാടില്ലെന്നു മുമ്പു സ്ഥാപിച്ചിട്ടുണ്ടല്ലോ. ഉൽകൃഷ്ടന്മാർ ഉപയോഗിക്കുന്ന ഭാഷയിൽ നൂറിനു തൊണ്ണൂറിലധികവും സംസ്കൃതപദങ്ങൾ ആകുന്നു. തമിഴ്പദങ്ങൾ സംസ്കൃതത്തെ അപേക്ഷിച്ചു കുറവാണ്. സംസ്കൃതപദങ്ങൾ ''ആഡംബരത്തിനുവേണ്ടി സംസ്കൃതത്തിൽനിന്നു സ്വീകരിച്ച തത്സമങ്ങൾ എന്നല്ലാതെ ഭാഷയുടെ സ്വന്തപദങ്ങളല്ല.'' എന്നു കേരളപാണിനി പറയുന്നു. സൂര്യൻ ചന്ദ്രൻ ദിവസം രാത്രി മുതലായ പദങ്ങളെ തത്സമങ്ങളായി കേരളപാണിനി ഗണിക്കുന്നു. ഈ അഭിപ്രായം വാസ്തവമെന്നു പറയാവുന്നതല്ല. ഉൽകൃഷ്ടന്മാരായിരുന്ന ജനങ്ങൾ അവർ യോജിച്ചവിധം സംസ്കൃതപദങ്ങളെ ഭാഷയാക്കി ഉപയോഗിച്ചു. അതു ഭാഷയിലെ സംസ്കൃതപദങ്ങളായി ഭവിച്ചു. അവയും ഭാഷയിലെ സ്വന്തപദങ്ങൾതന്നെ. സംസ്കൃതപദങ്ങളെ ഭാഷയാക്കുന്നതിനു പല മാർഗ്ഗങ്ങൾ ഉണ്ട്.

(൧) സംസ്കൃതത്തിലുള്ള അന്തത്തെ മാറ്റുക.

സംസ്കൃതം	ഭാഷ
കർമ്മ	കർമ്മം
ജന്മ	ജന്മം
ധാമ	ധാമം
മഹിമാ	മഹിമ

ഇവിടെ സംസ്കൃതത്തിലെ നകാരാന്ത പദങ്ങളെ ഭാഷയിൽ അകാരാന്തങ്ങളാക്കിയിരിക്കുന്നു. 'മഹിമാ' 'സീമ' മുതലായ പദങ്ങളെ സ്ത്രീലിംഗമായും വരുത്തിയാണുപയോഗിക്കുന്നത്.

(൨) ലിംഗം മാറുക.

സംസ്കൃതം	ഭാഷ
വൃക്ഷഃ	വൃക്ഷം
സിംഹഃ	സിംഹം
വ്യാഘ്രഃ	വ്യാഘ്രം
മധുരാ	മധുര

(൩) പദങ്ങളുടെ അന്ത്യത്തിൽ പ്രത്യയലോപം വരുത്തുക മുതലായ വ്യത്യാസങ്ങൾ ചെയ്യുക.

സംസ്കൃതം	ഭാഷ
ഛായാ	ഛായ
രാത്രിഃ	രാത്രി
സീതാ	സീത
ശങ്കാ	ശങ്ക

(൪) ഭാഷയിലെ പ്രത്യയങ്ങളെ ചേൎത്ത് ഉപയോഗിക്കുക.

സംസ്കൃതം	ഭാഷ
കൎത്താ	കൎത്താവു
രാജാ	രാജാവു
രാമഃ	രാമൻ
ദാതാ	ദാതാവു
സഖാ	സഖാവു
മനഃ	മനസ്സ
സ്രുവാൿ	സ്രുവാക്ക
ഭിഷൿ	ഭിഷക്ക
യുവാ	യുവാവു്

(൫) സംസ്കൃതപ്രത്യയങ്ങൾ ചേൎത്തു ഒരു രീതിയിൽ ഭാഷയിലും പദങ്ങളെ നിൎമ്മിക്കുക.

സംസ്കൃതം	ഉദാഹരണം
[illegible]	[illegible]
[illegible]	[illegible]
[illegible]	[illegible]
[illegible]	[illegible]

ഇതു പോലെ അനവധി പദങ്ങളും ഉണ്ട്. നന്മ തിന്മകളിൽ 'മേന്മ' 'നന്മ' എളിമ മുതലായ പദങ്ങളും ഈ വർഗ്ഗത്തിലുൾപ്പെട്ടവയാണ്. ഭാഷാപദങ്ങളിൽ സംസ്കൃതപ്രത്യയം ചേരുന്നതു ചിലപ്പോൾ പ്രാകൃതമായിട്ടായിരിക്കും.

പോഴൻ	പോഴത്തം
മുരട്	മുരടത്തം
മടയൻ	മടയത്തം
പൊട്ടു	പൊട്ടത്തം
കള്ള	കള്ളത്തം
വിഡ്ഢി	വിഡ്ഢിത്തം

'ഗുരുത്വം' 'ധീരത്വം' മുതലായ പദങ്ങളിലെ 'ത്വം' തന്നെയാണിവിടെ 'ത്തം' ആയി പരിണമിച്ചിരിക്കുന്നത്.

(ഗ) തമിഴിന്റെ പ്രസ്ഥാനം അനുസരിച്ചു സംസ്കൃതപദങ്ങളെ പ്രാകൃതങ്ങളാക്കുക.

സംസ്കൃതം	ഭാഷ
അരവിന്ദൻ	അരവിന്തൻ
ഹസ്തം	അത്തം
ദേവൻ	തേവർ
മന്ദൻ	മന്തൻ
അബ്ധി	അന്തി
ശ്രീദേവി	ചിരിദേവി
പാർവ്വതി	പാറു

(ഘ) സംസ്കൃതപദങ്ങളെ വ്യവഹാരസൌകര്യത്തിനു വേണ്ടി ശൈഥില്യം വരുത്തുക.

സംസ്കൃതം	ഭാഷ
പദ്മനാഭൻ	പപ്പു പപ്പൻ
നാരായണൻ	നാണു
സുബ്രഹ്മണ്യൻ	ചുപ്പൻ
കൃഷ്ണൻ	കിട്ടൻ

(ങ) സംസ്കൃതപദങ്ങളെ യാതൊരു വ്യത്യാസവും വരുത്താതെ ഭാഷയിൽ സ്വീകരിക്കുക.

[illegible] ([illegible])
[illegible]
[illegible] ([illegible])
[illegible]
[illegible]
[illegible]

(൯) മലയാളപദങ്ങൾക്ക് സംസ്കൃതവിഭക്തിലിംഗാദികൾ ചേർക്കുക. ഇപ്രകാരം ഭാഷാപദങ്ങളെ സംസ്കൃതീകരിക്കുന്നതിനെക്കുറിച്ച് ലീലാതിലകത്തിൽ പറയുന്നുണ്ട്.

"[illegible]"
"[illegible]"

(ഉണ്ണുനീലിസന്ദേശം

"[illegible]
[illegible]"

(ലീലാതിലകം

"[illegible]"

([illegible]

"[illegible]"

(ചന്ദ്രോത്സവം

കീഴിൽ വരയിട്ടിട്ടുള്ളവ സംസ്കൃതീകരിച്ചിട്ടുള്ള ഭാഷാപദങ്ങളാണ്.

"[illegible]"

ഇത്യാദി തോലൻ ധാരാളം പ്രയോഗിച്ചിരിക്കുന്നു. അതു പരിഹാസത്തിനു വേണ്ടിയാണെന്നു വിചാരിക്കാവുന്നതല്ല. ഉണ്ണുനീലിസന്ദേശം മുതലായ പ്രൗഢകൃതികളിൽ ഭാഷാസംസ്കൃതീകരണസ്വഭാവം കാണുന്നതുകൊണ്ട് കാര്യമായിട്ടുതന്നെയാണു പ്രയോഗിച്ചിരിക്കുന്നത് എന്നു വിചാരിക്കാം. എന്നാൽ "[illegible]" ഇത്യാദി (ശീവള്ളി നമ്പൂതിരി) പ്രയോഗങ്ങൾ പരിഹാസമയങ്ങൾ തന്നെയാണ്.

(൧൦) മലയാളപദങ്ങളോടു സംസ്കൃതപദങ്ങളും അതേ അർത്ഥത്തിൽ തന്നെ ചേർന്നു (സമാസ) പദങ്ങൾ ഉണ്ടാകുക.

സംസ്കൃതം	ഭാഷ
കാര്യക്കാരൻ (കാര്യമുണ്ടാക്കുന്നവൻ)	പണിക്കാരൻ
ദാനക്കാരൻ (ദാനം ചെയ്യുന്നവൻ)	കൊടക്കാരൻ
പാപക്കാരൻ (പാപം ചെയ്യുന്നവൻ)	കുറ്റക്കാരൻ
പുണ്യക്കാരൻ (പുണ്യം ചെയ്യുന്നവൻ)	ചിട്ടിക്കാരൻ
സുകൃതക്കാരൻ (സുകൃതം ചെയ്യുന്നവൻ)	കൊട്ടക്കാരൻ

ഇവിടെ ഭാഷാപദങ്ങളിലും 'കാര' പദത്തിന്റെ അർത്ഥം ഒന്നു തന്നെയാണ്. ഇതു പോലെ അനവധി പദങ്ങൾ ഉണ്ടാകുന്നു. സംസ്കൃതരീതി അനുസരിച്ച് നിർമ്മിച്ചിട്ടുള്ള വേറെ ഒരു വക പദങ്ങളുണ്ട്. അവയെയും ഈ ഇനത്തിൽ ഗണിക്കാം.

സംസ്കൃതം	ഭാഷ
ഭാസമാനം	ആടമാനം
ശോഭമാനം	വിളമ്പമാനം
വിരാജമാനം	കത്തമാനം

ഇവിടെ രണ്ടു ഭാഷകളിലും 'മാന'ത്തിന്റെ അർത്ഥം ഒന്നു തന്നെയാണ്.

(൧൧) സംസ്കൃതപദങ്ങളെ സന്ധിഭേദം വരുത്തി ഭാഷയാക്കുക.

തീ + കര; തീക്കര
വട്ട + ചെപ്പു; വട്ടച്ചെപ്പു
കട്ടി + കിണ്ണം; കട്ടിക്കിണ്ണം
തറി + പെട്ടി; തറിപ്പെട്ടി

ഇവിടെ സന്ധിയിൽ ഉത്തരപദത്തിലെ ആദ്യത്തെ അക്ഷരത്തിന് ദ്വിത്വം ഭവിക്കുന്നു. ഇതു ഭാഷാവ്യാകരണനിയമമനുസരിച്ചാണ്. സംസ്കൃതപദങ്ങളെയും ഈ നിയമം ബാധിപ്പിച്ചിരിക്കുന്നു.

സംസ്കൃതം.	ഭാഷ.
മരു + കല; മരുകല	മരു + കല; മരുക്കല
കൃഷി + കാരൻ; കൃഷികാരൻ	കൃഷി + കാരൻ; കൃഷിക്കാരൻ
പശു + മാനം; പശുമാനം	പശു + മാനം; പശുമ്മാനം
ജന + കാരൻ; ജനകാരൻ	ജന + കാരൻ; ജനക്കാരൻ

ഇവിടെ ഭാഷയിലുള്ള പദങ്ങൾ സംസ്കൃതം തന്നെയാണെങ്കിലും സന്ധിയിൽ വ്യത്യാസം ഭവിച്ചിരിക്കുന്നു.

(൫൨) സംസ്കൃതത്തിൽ സങ്കുചിതമായ രൂപത്തെ ഭാഷയിൽ വികസിപ്പിക്കുക.

സംസ്കൃതം.	ഭാഷ.
ഹർഷം	ഹരിഷം
കർഷകൻ	കരിഷകൻ
വർഷം	വരിഷം
ചിത്ര	ചിത്തിര

സംസ്കൃതരൂപം വികസിതമാക്കുന്നതും, വികസിതമായത് സങ്കുചിതമാക്കുന്നതും, 'പ്രാകൃത'നിയമമനുസരിച്ചാണ്.

സംസ്കൃതപദങ്ങളെ ഭാഷയാക്കുന്നതിനു ഇപ്രകാരം പല മാറ്റങ്ങളും ഉണ്ട്. അവയെ സ്വീകരിച്ചാണു ഭാഷാപദങ്ങളെ സംസ്കൃതത്തിൽനിന്നും സ്വീകരിച്ചിട്ടുള്ളത്. ഈ രൂപം ഭാഷയ്ക്കു ഉൽകൃഷ്ടന്മാരുടെ വ്യവഹാരത്തിൽ നിന്നുമാണ് ഉണ്ടായത്. ഇപ്രകാരം ഭാഷയ്ക്കു ഭവിച്ചിരിക്കുന്ന സംസ്കൃതരൂപത്തിനു അപകൃഷ്ടന്മാരുടെ വ്യവഹാരം കൊണ്ടു ഭ്രംശം സംഭവിച്ചു. ഇതാണു ഭാഷയിലെ പ്രാകൃതം. അതുകൊണ്ടു അപകൃഷ്ടന്മാരുടെ വ്യവഹാരം കൊണ്ടല്ല ഉൽകൃഷ്ടന്മാരുടേതു കൊണ്ടാണു ഭാഷയുടെ ഉല്പത്തി നിൎണ്ണയിക്കേണ്ടതെന്നു സിദ്ധമാകുന്നു. എന്തെന്നാൽ അപകൃഷ്ടന്മാരുടെ പ്രാകൃതത്തിനു മൂലം ഉൽകൃഷ്ടന്മാരുടെ സംസ്കൃതം തന്നെയാണ്.

തമിഴിന്റേയും സംസ്കൃതത്തിന്റേയും പ്രാകൃതത്തിന്റെ

യും രൂപവ്യത്യാസം കാണിക്കുവാൻ ഓരോ ഉദാഹരണങ്ങൾ ചേൎക്കുന്നു.

തമിഴ്

[illegible]
[illegible]
[illegible]
[illegible]

(രാമചരിതപ്പാട്ട്)

മിശ്രസംസ്കൃതം.

[illegible]
[illegible]
[illegible]
[illegible]

(ജൻ

([illegible] ചമ്പു)

മിശ്രപ്രാകൃതം.

[illegible]
[illegible]
[illegible]
[illegible]

(ഉണ്ണുനീലിസന്ദേശം)

ഇവയിൽ സാധാരണക്കാർ ഉൽകൃഷ്ടഭാഷയേയും അവകൃഷ്ടന്മാർ ഭ്രഷ്ടഭാഷയേയും വ്യവഹരിക്കുന്നു. മലയാള സാഹിത്യത്തിലെ കിളിപ്പാട്ടുകൾ ചമ്പുക്കൾ കഥകളികൾ മഹാകാവ്യങ്ങൾ മുതലായവയിലെ ഭാഷാരീതി നോക്കിയാൽ അതിനു സംസ്കൃതവുമായിട്ടുള്ള ആത്മീയമായ ബന്ധം അദമനീയമാണെന്നു തെളിയും. ഇവിടെ ഒരു എതിർവാദത്തിനു അവകാശമുണ്ട്. രാമചരിതം കണ്ണശ്ശരാമായണം മുതലായവയും മലയാളത്തിലെ പഴയ പല പാട്ടുകൾക്കും തമിഴുമായിട്ടു ഇപ്രകാരം അഭേദ്യമായ ബന്ധം ഉള്ളതുകൊണ്ടു ഭാഷ തമിഴിൽ നിന്നുമുണ്ടായി എന്നു പറയത്തക്കതാ എന്നാ

ചോദ്യം ഉണ്ടാകാം. രാമചരിതാദികൃതികളും പല പഴയ പാട്ടുകളും തമിഴ് തന്നെയാണു; തമിഴിനോടു ബന്ധമുള്ള മലയാളമല്ല. അവയെ മലയാളമെന്നു വ്യവഹരിക്കുന്നതു അസംബന്ധമാകുന്നു. അവയെ മലയാളകൃതികളായി വിചാരിക്കുന്ന പക്ഷം, മലയാളികൾ എഴുതിയിട്ടുള്ള നാരായണീയം നൈഷധം നളോദയം നാടകം മുതലായ സംസ്കൃതകൃതികളെയും ഭാഷയായി ഗണിക്കേണ്ടതാകുന്നു. അങ്ങിനെ ചെയ്യുവാൻ തരമില്ല. മലയാളികളുടെ ഒഴിച്ചുകൂടാത്ത നിത്യവ്യവഹാരത്തിനു ആവശ്യമുള്ള അനവധിപദങ്ങൾ സംസ്കൃതത്തിൽനിന്നു സ്വീകരിച്ചിട്ടുള്ളവയാണ്; മുമ്പു കാണിച്ച പല നയങ്ങളെ അനുസരിച്ചാണു അപ്രകാരം ചെയ്തിട്ടുള്ളത്. ഈശ്വരൻ സൂൎയ്യൻ ചന്ദ്രൻ ഭൂമി വായു ആകാശം നക്ഷത്രം നദി സമുദ്രം ദിവസം രാത്രി മനസ്സു വികാരം ശരീരം പ്രാണൻ ജീവൻ ആത്മാവു നാഡി നഖം മുഖം സുഖം ദുഃഖം ജന്മം കൎമ്മം മരണം ജനനം കാലം സത്യം ധൎമ്മം ദാനം മുതലായി അനവധിപദങ്ങൾ ഈ സന്ദൎഭത്തിൽ ഉദാഹരിക്കപ്പെടാം. ഇവ എല്ലാം മേലേ നിയമം അനുസരിച്ചു മലയാളം സ്വന്തമാക്കിയിരിക്കുന്ന സംസ്കൃതപദങ്ങളാകുന്നു.

ഒരു ഭാഷയുടെ ഉല്പത്തിയെ കുറിച്ചു നിൎണ്ണയിക്കുന്നതിനു ഗൃഹങ്ങളിൽ നിത്യം ഉപയോഗിക്കുന്ന പദങ്ങളുടെ സ്വഭാവത്തെ ഗണിക്കുന്നതു അത്യാവശ്യമാണെന്നു ഭാഷാചരിത്രത്തിൽ (ഗോവിന്ദപ്പിള്ള) പറയുന്നു. ഗൃഹങ്ങളിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ പേരിനെ കുറിക്കുന്ന പദങ്ങൾ തമിഴിൽനിന്നും ജനിച്ചിട്ടുള്ളവയാകയാൽ ഭാഷയുടെ ഉല്പത്തി തമിഴിൽ നിന്നുമാണെന്നു ഗോവിന്ദപ്പിള്ള സ്ഥാപിക്കുന്നു. ഈ പക്ഷം സാധുവല്ല. ആത്മാവു ശരീരം ഗൃഹം ഗ്രാമം നാടു രാജ്യം സമുദായം മുതലായി പലതിനേയും സംബന്ധിച്ചുള്ള പദങ്ങൾ ഒരു ജനവൎഗ്ഗത്തിനു വ്യവഹരിക്കേണ്ടതായിട്ടുണ്ടു. ഗൃഹവസ്തുക്കളെ കുറിക്കുന്ന പദങ്ങളെക്കൊണ്ടു മാത്രം യാതൊരു

ജനസമുദായത്തിനും വ്യവഹാരം നിർവ്വഹിക്കാവുന്നതല്ല. അതു കൊണ്ടു ഗൃഹവസ്തുക്കളെ കുറിക്കുന്ന പദങ്ങൾക്കു മറ്റുള്ളവയെക്കാൾ പ്രാധാന്യം കൊടുക്കുവാൻ കാരണം കാണുന്നില്ല. ഗൃഹം എല്ലാവൎക്കും അത്യാവശ്യം ഒഴിച്ചു കൂടാൻ പാടില്ലാത്തതാണെങ്കിൽ ഗൃഹത്തെക്കാൾ പ്രാധാന്യം ശരീരത്തിനും അതിലും കൂടുതലായി ആത്മാവിനും കല്പിക്കണം. ഗൃഹം കൂടാതെ പിന്നെയും അല്പം ജീവിക്കാം; എന്നാൽ ശരീരമൊ ആത്മാവൊ കൂടാതെ ജീവിക്കാവുന്നതല്ല. ആത്മാവു ജീവൻ പ്രാണൻ മനസ്സു വിചാരം ശരീരം മാംസം രക്തം രസം അസ്ഥി വാതം പിത്തം നാഡി മുതലായവ എല്ലാം സംസ്കൃതപദങ്ങളാണ്. ഇവയ്ക്കൊക്കെ പ്പകരം തമിഴിലുള്ള പദങ്ങളെ മലയാളപദങ്ങളായി ഗണിക്കുന്നതു യുക്തമല്ല. എന്നാൽ സാധാരണജനങ്ങൾ സൂൎയ്യൻ, നാഴി, ചന്ദ്രൻ, ആത്മാവു, മുതലായപദങ്ങളുടെ സ്ഥാനത്ത് (അവയ്ക്കു പകരം) കതിരവൻ പൊക്കിൾക്കൊടി തിങ്കൾ ഉയിർ ഇത്യാദി പദങ്ങളെ വ്യവഹരിക്കാറില്ല. ഈശ്വരൻ ശരീരം രക്തം പ്രാണൻ നാഡി ഇത്യാദി പദങ്ങൾക്കു പകരം ഉടയതമ്പുരാൻ മെയ്യ് ഉതിരം പൊക്കിൾക്കൊടി മുതലായ പദങ്ങളെ സാഹിത്യത്തിലല്ലാതെ സാധാരണ ഉപയോഗിക്കുക വളരെ ചുരുക്കമാണ്. അത്രമാത്രമല്ല, ഈശ്വരൻ ആത്മാവു മുതലായപദങ്ങളുടെ ശരിയായ അൎത്ഥത്തെ കുറിക്കുന്നതിനു ഉടയതമ്പുരാൻ ഉയിർ മുതലായ പദങ്ങൾക്കു ശക്തിയുമില്ല, ഗൃഹത്തെ സംബന്ധിക്കുന്നവയും അതിലെ നിത്യോപയോഗത്തിനു ആവശ്യമുള്ളവസ്തുക്കളെ കുറിക്കുന്നവയും, ആയ പദങ്ങളിൽ പലതും സംസ്കൃതത്തിൽ നിന്നു ജനിച്ചിട്ടുള്ളവയാണെന്നു വിസ്മരിക്കാവുന്നതല്ല. എന്നാൽ അപ്രകാരമല്ലാത്ത പദങ്ങളുമുണ്ടെന്നു സമ്മതിക്കുന്നു.

സംസ്കൃതം.	ഭാഷ.
ഘടം	കുടം
പാത്രം	പാത്രം

പുരം	പുര
തലം	തളം
പ്രാന്തം	പ്രാന്ത്, ഭ്രാന്ത്, വരാന്ത
സ്തൂണം	തൂണ
ബന്ധം	ബന്ധം
ഭിത്തി	ഭിത്തി
മാടം	മാടം
പത്തനം	പട്ടണം
അഗാരം	അകം
ശാല	ശാല
മണ്ഡപം	മണ്ഡപം
ഭണ്ഡാഗാരം	പണ്ടാരം
സോപാനം	സോപാനം
ഗോപുരം	ഗോപുരം
ഖട്വ	കട്ടില്

ഗൃഹഭാഗങ്ങളേയും ഗൃഹത്തിൽ ആവശ്യമുള്ളവയേയും കുറിന്ന ചില പദങ്ങളാകുന്നു ഇവ. ഒരു ഗൃഹത്തിൽ ഉള്ളവർ ഉപയോഗിക്കുന്നവയും പരസ്പരമുള്ള ബന്ധത്തെ കാണിക്കുന്നവയുമായ പദങ്ങളും ഒട്ടുമിക്കവയും സംസ്കൃതത്തിൽ നിന്നു തന്നെ ജനിച്ചിട്ടുള്ളവയാണെന്നു വ്യക്തമായിക്കാണാം.

സംസ്കൃതം.	ഭാഷ.
അംബ	അമ്മ
ജ്യേഷ്ഠൻ	ചേട്ടൻ
ജ്യേഷ്ഠത്തി	ചേട്ടത്തി ചേച്ചി
അനുജൻ	അനിയൻ
അനുജ	അനിയത്തി
ആര്യ (അജ്ജാ)	അച്ചി

ഗൃഹത്തിലുള്ള സ്ത്രീപുരുഷന്മാരുടെ പേരുകളും സംസ്കൃതത്തിലുള്ള ഉൽകൃഷ്ടന്മാരുടെ നാമങ്ങൾ തന്നെയാണ്.

സംസ്കൃതം.	ഭാഷ.
ശ്രീ	തിരു
പാർവ്വതി	പാറു

നാരായണൻ	നാണു
പത്മനാഭൻ	പപ്പു
അച്യുതൻ	അച്ചുതൻ അച്ചു
പരമേശ്വരൻ	പരമേശ്വരൻ പാച്ചു
ഭാഗ്യ	ഭാഗ്യ
സാവിത്രി	ചാത്രി
രാമൻ	രാമൻ
കൃഷ്ണൻ	കണ്ണൻ

നമ്മുടെ പിതൃവ്യവഹാരത്തിന്നു ഒഴിച്ചുവിടുവാൻ പാടില്ലാത്തവിധം അത്യാവശ്യമുള്ളവയും, ബഹുമുഖേന അരേറിയമായ ബന്ധം ഉള്ളവയും, ആയ പദങ്ങൾ എല്ലാം തമിഴിൽനിന്നല്ല ഉണ്ടായിട്ടുള്ളതെന്നു മുമ്പു കാണിച്ച ഉദാഹരണങ്ങളിൽനിന്നു മനസ്സിലാകും. തമിഴിൽ നിന്നും പല പദങ്ങൾ ഉണ്ടായിട്ടുണ്ട്. തമിഴിലുള്ള തായ, തന്ത, തണ്ണീർ, അണ്ണൻ, മുതലായവ ജനങ്ങളുടെ സാധാരണവ്യവഹാരത്തിൽ ഉൾപ്പെടാത്തവയാണ്. എല്ലാ ഭാഷക്കും സ്വന്തമായി പല പദങ്ങളും ഉണ്ടായിരിക്കും. ഇവിടെ സ്വന്തപദങ്ങൾ എന്നു പറഞ്ഞതു മറ്റു ഭാഷകളുമായി ഒരുവിധവും ബന്ധമില്ലാത്തവയെ ഉദ്ദേശിച്ചാണ്. ഇവ ചിലപ്പോൾ അർത്ഥം അനുസരിച്ചു സൃഷ്ടിക്കപ്പെടുന്നവയായിരിക്കും; ഈ വിധത്തിലും പല പദങ്ങൾ മലയാളത്തിൽ ഉണ്ട്. ശിശുക്കളുടെ വ്യവഹാരത്തെ പ്രാധാന്യേന ഗണിച്ചു ഭാഷയുടെ ഉല്പത്തിയെ നിർണ്ണയിക്കുന്നതു അയുക്തമാണെന്നു മുമ്പു പറഞ്ഞിട്ടുണ്ടല്ലോ. ഈ പ്രകരണത്തിൽ ഈ വിഷയത്തെക്കുറിച്ചു വിചാരിക്കേണ്ടതായിട്ടില്ല. മലയാളത്തിലുള്ള പഴഞ്ചൊല്ലുകൾ ശൈലികൾ മുതലായവയെക്കുറിച്ചു വിചാരിച്ചാൽ ഭാഷ സംസ്കൃതത്തിൽ നിന്നല്ല ഉണ്ടായതെന്നും, അവയ്ക്കു, സംസ്കൃതത്തോടു ബന്ധം ഇല്ലെന്നും തെളിയിപ്പാനും ഉപയോഗിക്കാമെന്നു ചിലർ പറയുന്നു. പഴഞ്ചൊല്ലുകളും ശൈലികളും മറ്റും എല്ലാ വ്യവഹാരഭാഷകൾക്കും ഉണ്ട്. അവ അതാതു ജനസമൂ

ഷയത്തെ പ്രത്യേകം സംബന്ധിക്കുന്നവയാണ്. ഭാഷയ്ക്കു മററു ഭാഷകളോടായി ബന്ധമുണ്ടാകേണ്ടതായ ആവശ്യവുമില്ല. പഴഞ്ചൊല്ലുകളും മററും ഏതുപ്രകാരം സംസ്കൃതത്തോടു ബന്ധമില്ലാത്തവയാകുന്നുവോ അതു പോലെ തമിഴിനോടും ബന്ധമില്ലാത്തവയാണ്. അതുകൊണ്ടു ഈ സംഗതിയെ ആസ്പദമാക്കി തമിഴിൽനിന്നും ഭാഷയുണ്ടായി എന്നു പറയാവുന്നതല്ല. പഴഞ്ചൊല്ലുകളും ശൈലികളും മററും ഭാഷയുടെ ഉല്പത്തിയോടുകൂടി മുളച്ചുണ്ടാകുന്നവയല്ലെന്നും ഓർമ്മിക്കണം. അവ അതാതു ഇടക്കാലങ്ങളിൽ, അതാതു തത്വങ്ങളെ ആസ്പദമാക്കി തനിയെ ഭാഷയിൽ ഉണ്ടാകുന്നു. ഇവ ഉണ്ടാകുന്നതിനു മററു യാതൊരു ഭാഷയുടേയും സഹായം വേണ്ട.

കാകാക്ഷിഗോളകന്യായം	സ്ഥാലീപുലാകന്യായം
ദണ്ഡാപൂപന്യായം	കാകതാലീയന്യായം
ഛത്രിന്യായം	ഘുണാക്ഷരന്യായം
മദ്ധ്യമമണിന്യായം	അശോകവനികാന്യായം

ഇപ്രകാരം പല ന്യായങ്ങളും സംസ്കൃതഭാഷയിലുണ്ട്. ഇവ വേറെ ഒരു ഭാഷയുടേയും സഹായംകൊണ്ടു ഉണ്ടായിട്ടുള്ളവയല്ല. ഭാഷയിലെ പഴഞ്ചൊല്ലുകളേയും മററും ഇതുപോലെ ഗണിക്കേണ്ടതേയുള്ളു.

ഒരു ഭാഷയിൽ ക്രിയാപദങ്ങളാണ് പ്രധാനങ്ങളെന്നും, ഭാഷയിലെ ക്രിയാപദങ്ങൾ എല്ലാം തമിഴിനോടു ബന്ധം വഹിക്കുന്നു എന്നും, അതുകൊണ്ടു ഭാഷ തമിഴിൽനിന്നു തന്നെ ഉണ്ടായതെന്നും, ഉള്ള അഭിപ്രായത്തെക്കുറിച്ചും വിചാരിക്കേണ്ടിയിരിക്കുന്നു. ക്രിയയ്ക്കു നാമത്തേക്കാൾ പ്രാധാന്യം കൂടുതലുണ്ടെന്നുള്ള മതം ശരിയല്ല. നാമമില്ലെങ്കിൽ (കർത്താവു) ക്രിയ (പ്രവൃത്തി) ഉണ്ടാകുന്നില്ല. ഈ സ്ഥിതിക്കു ക്രിയകൾ [പ്രവൃത്തികൾ] ആധാരം, നാമം (കർത്താവു) എന്നു സ്പഷ്ടമാകുന്നു. അതുകൊണ്ടു നാമത്തിനാണ് പ്രാധാന്യം കല്പിക്കേണ്ടത്. ആധാരത്തേക്കാൾ ആധേയത്തിനു പ്രാ

ധാന്യം കല്പിക്കാവുന്നതല്ല. നടക്കുക, എടുക്കുക, നില്ക്കുക, പോകുക, ഉറങ്ങുക, ഉണ്ണുക, കിടക്കുക, മുതലായ ക്രിയാപദങ്ങൾക്കു സംസ്കൃതവുമായി ബന്ധം ഇല്ല. അവയ്ക്കു പലതിനും തമിഴുമായി ബന്ധം കാണുന്നുമുണ്ട്. എന്നാൽ സംസ്കൃതത്തിൽനിന്നും പല ക്രിയാപദങ്ങളുമുണ്ടായിട്ടുണ്ടെന്നു ഓൎമ്മിക്കേണ്ടതാകുന്നു. ജനിക്കുക, മരിക്കുക, സഞ്ചരിക്കുക, കല്പിക്കുക, (ബന്ധിക്കുക) മുതലായവ എല്ലാം ഇപ്രകാരമുള്ള പദങ്ങളാണ്. എങ്കിലും ക്രിയാപദങ്ങളെ സംബന്ധിച്ചിടത്തോളം മലയാളത്തിനു സംസ്കൃതത്തോടുള്ള ബന്ധം ശിഥിലം തന്നെ എന്നു സമ്മതിക്കേണ്ടതാകുന്നു; എന്നാൽ സംസ്കൃതത്തിൽനിന്നും ജനിച്ചിട്ടുള്ള എല്ലാ ഭാഷകളുടേയും ഈ സംഗതിയിലുള്ള നില ഇതുതന്നെയാണ്. സംസ്കൃതത്തിലെ ക്രിയാപദങ്ങളുടെ നാനാരൂപഗൌരവം ആലോചിച്ചാൽ മറ്റൊരു ഭാഷയിലും അതുണ്ടാകാവുന്നതല്ല. മൂന്നു പുരുഷൻ, രണ്ടു പദം, (ആത്മനേപദം പരസ്മൈപദം) മൂന്നു വചനം, ലട്ട ലൃട്ട ലിട്ട ഇത്യാദി ലകാരങ്ങൾ, മുതലായവ എല്ലാം സംസ്കൃതത്തിലെന്നപോലെ മറ്റൊരു ഭാഷയിലും കാണുകയില്ല. മറ്റു ഭാഷകൾക്ക എത്തുവാൻ പാടില്ലാത്തവിധമാണ് ഈ വിഷയത്തിൽ സംസ്കൃതഭാഷയ്ക്കുള്ള വൈശിഷ്ട്യം.

ഇനി ആലോചിക്കുവാനുള്ളത് മലയാളഭാഷയ്ക്കും സംസ്കൃതത്തിനും തമ്മിൽ വ്യാകരണസംബന്ധമായുള്ള സാമീപ്യത്തെക്കുറിച്ചാകുന്നു. ഒരു ഭാഷയിൽ അതിന്റെ മൂലഭാഷയിലെ വ്യാകരണനിയമങ്ങൾ എല്ലാം ഉണ്ടാകുക എന്നുള്ളതു അസാധാരണമാണ്; അപ്രകാരം യാതൊരു ഭാഷയിലും കാണുകയില്ല. എന്നാൽ ലുപ്തങ്ങളായും അലുപ്തങ്ങളായും ഏതാനും ചില നിയമങ്ങൾ രണ്ടിലും ഉണ്ടായിരിക്കും. മൂലഭാഷയിലെ നിയമങ്ങൾ തജ്ജനിതഭാഷയിലും പൂൎണ്ണമായി ഉണ്ടായിരുന്ന്, കാലക്രമേണ ഭേദപ്പെട്ടു തീരെ നശിച്ചു എന്നും വരാം; ചില നിയമങ്ങൾ നിലനിന്നേക്കും. അവ്യ

ക്തമായോ വ്യക്തമായോ നിലനില്ക്കുന്ന നിയമങ്ങൾ ഭാഷകളുടെ പിതൃപുത്രബന്ധത്തിന്റെ സദസൽഭാവങ്ങളെ കാണിക്കുന്നതിനു വളരെ സഹായിക്കും. 'വ്യാകരണം സംബന്ധിച്ചു നോക്കുകയാണെങ്കിൽ മലയാളത്തിനും സംസ്കൃതത്തിനും തമ്മിൽ വളരെ അകലിച്ചയാണുള്ളതെന്നും തമിഴിനോടാണ് അടുപ്പമെന്നും' ചില പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. [സാഹിത്യചരിത്രസംഗ്രഹം പ്രഥമഭാഗം നോക്കുക.] ഈ അഭിപ്രായം ശരിയായിട്ടുള്ളതല്ലെന്നു സൂക്ഷ്മമായി പര്യാലോചിച്ചാൽ അറിയാം. മലയാളത്തിനു വ്യാകരണനിയമം സംബന്ധിച്ചു സംസ്കൃതത്തിനോടും തമിഴിനോടും ഉള്ള അകലിച്ചയേയും അടുപ്പത്തെയും കുറിച്ചു ഈ സന്ദർഭത്തിൽ വിചാരിക്കേണ്ടിയിരിക്കുന്നു.

(൧) ഒന്നാമതായി പദങ്ങളുടെ ലിംഗസ്വഭാവത്തെക്കുറിച്ചാണ് പറയുവാനുള്ളത്. പുല്ലിംഗം സ്ത്രീലിംഗം നപുംസകലിംഗം എന്നു സംസ്കൃതത്തിൽ മൂന്നു ലിംഗങ്ങളും, അവയ്ക്കു പ്രത്യേകം പ്രത്യയങ്ങളും ഉണ്ട്.

സംസ്കൃതം

പുല്ലിംഗം	സ്ത്രീലിംഗം	നപുംസകലിംഗം
ദേവഃ	ദേവീ	ദൈവതം
ഭഗവാൻ	ഭഗവതീ	ഭഗവത്
ഗുണവാൻ	ഗുണവതീ	ഗുണവത്
പ്രിയഃ	പ്രിയാ	പ്രിയം
സർവ്വഃ	സർവ്വാ	സർവ്വം

ഓരോ ലിംഗങ്ങൾക്കും പ്രത്യേകം പ്രത്യയങ്ങൾ ഉണ്ടെന്നു ഇവിടെ ഉദാഹരണങ്ങൾ കൊണ്ടു കാണാം. സംസ്കൃതത്തിൽ ഒരു പദം ഏതു ലിംഗത്തിന്റെ പ്രത്യയം ചേർന്നിരിക്കുന്നുവോ ആ ലിംഗമായിരിക്കും; അർത്ഥം അനുസരിച്ചല്ല ലിംഗഭേദം കല്പിക്കുന്നത്. വൃക്ഷഃ തരുഃ ദ്രുമഃ എന്നിവ പുല്ലിംഗപദങ്ങൾ ആണ്. ജഗത്തു നപുംസകലിംഗവും ജഗതി സ്ത്രീലിംഗവും ആകുന്നു. അർത്ഥം ഒന്നുതന്നെ; ഈ സ്വഭാ

വങ്ങൾ ഒക്കെ ലിംഗത്തെ സംബന്ധിച്ച ഭാഷയിലും കാണാം. രാമൻ, കൃഷ്ണൻ, ഗോവിന്ദൻ, സമർത്ഥൻ, എന്നിവ പുല്ലിംഗപദങ്ങളും സുന്ദരി, രമണി, വൃദ്ധ, യുവതി, മുതലായവ സ്ത്രീലിംഗപദങ്ങളും, ഗജം, സിംഹം, പുരം, നഗരം, രാഷ്ട്രം, മുതലായവ നപുംസകലിംഗപദങ്ങളും ആകുന്നു. പുല്ലിംഗത്തിനു 'അൻ' എന്നും സ്ത്രീലിംഗത്തിനു 'ഇ' എന്നും നപുംസകലിംഗത്തിനു 'അം' എന്നും ആണ് പ്രത്യയങ്ങൾ. 'അ' എന്ന (ഹ്രസ്വരൂപത്തിൽ) ഉം, സ്ത്രീലിംഗപ്രത്യയമാകുന്നു. സംസ്കൃതപദങ്ങളിൽ സ്ത്രീലിംഗത്തിൽ കാണുന്ന ദീർഘമായ 'ഈ'കാരം ലോപിച്ച 'ഇ'കാരമായതാണ് മുൻപറഞ്ഞ 'ഇ' എന്ന സ്ത്രീലിംഗപ്രത്യയം. ഭാഷാപദങ്ങൾക്കുള്ള 'അ' എന്ന സ്ത്രീലിംഗപ്രത്യയവും, സംസ്കൃതത്തിലെ ദീർഘമായ 'ആ'കാരം ലോപിച്ച 'അ'കാരമായതാകുന്നു. നപുംസകലിംഗത്തിലെ 'അം' പ്രത്യയം സംസ്കൃതത്തിലും ഭാഷയിലും ഒന്നു തന്നെ. സംസ്കൃതത്തിലെ പുല്ലിംഗപദത്തിലെ അന്ത്യത്തിലെ 'അ'കാരം തന്നെയാണ് ഭാഷയിൽ 'അൻ' ആയി ഭവിച്ചതെന്നു വിചാരിക്കാൻ ന്യായമുണ്ട്. ഈ സ്ഥിതികൾ ലിംഗങ്ങളിൽ സംസ്കൃതത്തിനോടു ഭാഷയ്ക്കു അത്യന്തം ബന്ധമുണ്ടെന്നു തെളിയുന്നു. സംസ്കൃതത്തിൽ നപുംസകലിംഗങ്ങൾക്കു പുല്ലിംഗപ്രത്യയം ചേർക്കാറുണ്ട്. അപ്പോൾ അവ പുല്ലിംഗങ്ങളായി ഭവിക്കും.

നപുംസകലിംഗം	പുല്ലിംഗം
വൃക്ഷം	വൃക്ഷഃ
ദേശം	ദേശഃ
മനോഹരം	മനോഹരഃ
ഹൃദയംഗമം	ഹൃദയംഗമഃ

ഇവിടെ പുല്ലിംഗപദങ്ങൾ അർത്ഥവശാൽ നപുംസകലിംഗങ്ങളാകുന്നു. എങ്കിലും അവ സംസ്കൃതത്തിൽ പുല്ലിംഗങ്ങൾ തന്നെ. ഭാഷയിലും നപുംസകലിംഗങ്ങൾക്കു പുല്ലിംഗപ്രത്യയങ്ങൾ ചേർന്നു കാണുന്നു. ആളു ഈ നിയമമനുസരിച്ചാ

ണ്. കാളൻ, ഓലൻ, തോരൻ, തടിയൻ, മത്തൻ, പ്രഥമൻ, മുതലായ പദങ്ങൾ എല്ലാം നപുംസകലിംഗങ്ങളെങ്കിലും പുല്ലിംഗരൂപങ്ങളാകുന്നു. മൃഗങ്ങളുടേയും പക്ഷികളുടേയും പേരുകൾ സാധാരണ നപുംസകലിംഗമായിരിക്കും. ഗജം സിംഹം വ്യാഘ്രം കോകിലം, ഇത്യാദി പദങ്ങൾ നോക്കുക. സംസ്കൃതത്തിൽ സിംഹം വ്യാഘ്രം കോകിലം ഇത്യാദി പുല്ലിംഗങ്ങളാകുന്നതാണ്. ഭാഷയിലും കാകൻ, കഴുകൻ, മത്തെളൻ, ഗരുഡൻ, സിംഹത്താൻ, ആനത്തലവൻ, മുതലായ പദങ്ങളെ ഇതുപോലെ പുല്ലിംഗത്തിലുപയോഗിക്കുന്നു. സംസ്കൃതത്തിൽ ദേവഃ എന്നും ദൈവതം എന്നും ഉള്ള പദങ്ങളുടെ അൎത്ഥം ഒന്നാണെങ്കിലും ലിംഗം രണ്ടാകുന്നതുപോലെ കാക്ക, കാകൻ, ഇത്യാദി പദങ്ങളും ഭിന്നലിംഗങ്ങളും ഏകാൎത്ഥങ്ങളും ആണെന്നു വിചാരിക്കാൻ ന്യായമുണ്ടു്. ഇപ്രകാരമാകുമ്പോൾ കാക്ക സ്ത്രീലിംഗമാകുന്നു. ഇതു നമുക്കു അസംബന്ധമായി തോന്നും; എന്നാൽ വാസ്തവം അപ്രകാരമല്ല. മലയാളപദങ്ങൾ സംസ്കൃതരീത്യാ ഏതു ലിംഗത്തിലെ പ്രത്യയത്തോടു കൂടിയിരിക്കുന്നു എന്നു വിചാരിക്കണം; അതായതു സംസ്കൃതത്തിലെ ഏതു ലിംഗമായി ഗണിക്കുന്നതാണു യോജിപ്പു എന്നു നോക്കണം. അപ്പോൾ ഏതിനോടു ചേരുന്നു അതു തന്നെ ഭാഷാപദങ്ങളുടേയും ലിംഗം. അന്തവും അപ്രകാരം തന്നെയാകുന്നു. കാക്ക എന്ന പദം 'അ'കാരത്തിൽ അവസാനിച്ചിരിക്കുന്നു. ഇതിനെ സംസ്കൃതത്തിൽ 'ആകാ'രാന്തം സ്ത്രീലിംഗം ആക്കുവാൻ കഴിയും. അപ്പോൾ 'കാക്കാം' 'കാക്കയാ' 'കാക്കാനാം' 'കാക്കാസ്യ' ഇത്യാദിരൂപങ്ങൾ ഉണ്ടാകുന്നു. 'പൊടി' എന്നതു 'ഇ'കാരാന്തം പുല്ലിംഗം ആക്കാം. 'പൊടിഃ പൊടീ പൊടയഃ' ഇത്യാദി രൂപങ്ങൾ ഈ സന്ദൎഭത്തിൽ ഉണ്ടാകുന്നു. ഈ നിയമം അനുസരിച്ചു വിചാരിക്കുകയാണെങ്കിൽ നെല്ലു, വെള്ളു, ചോല്ലു, താള്ളു, ചേന, ആന, കാള, പുല്ലു, എരുമ, മുതലായ പദങ്ങൾ സ്ത്രീലിംഗമാണെന്നു തെളിയുന്നതാണു.

അപ്പോൾ മാലൻ, കാളൻ, മത്തൻ, തടിയൻ, മുതലായ പദങ്ങൾ പുല്ലിംഗങ്ങളാകുന്നതിന്നു വിരോധമില്ലല്ലൊ.

ഇപ്രകാരം നെഞ്ച് താഴ് മുതലായ പദങ്ങളെ സ്ത്രീലിംഗങ്ങളായും, പ്രഥമൻ മാലൻ മുതലായവയെ, പുല്ലിംഗങ്ങളായും നിൎണ്ണയിക്കുന്നതു കൃത്രിമവും അസംബന്ധവും ആണെന്നു നവീനപണ്ഡിതന്മാൎക്കു ബലമായ അഭിപ്രായമുണ്ട്. ഇങ്ങിനെ ചെയ്യുന്നതു കൃത്രിമമോ അകൃത്രിമമോ എന്നു നമുക്കു ആലോചിക്കേണ്ടതായ ആവശ്യമില്ല. ഒരാൾ കൃത്രിമമെന്നു വിചാരിക്കുന്നതു മറെറാരാൾക്കു അപ്രകാരമല്ലാതെയുംവരാം. ഭാഷയിൽ ഇപ്രകാരം ഒരു നിയമം പുരാതനകാലത്തിൽ നടപ്പുണ്ടായിരുന്നുവോ എന്നും, ഉണ്ടെങ്കിൽ എതെങ്ങിനെ ഉണ്ടായി എന്നും, ആണു വിചാരിക്കേണ്ടത്. ഭാഷയിൽ ഈ നയം നടപ്പുണ്ടായിരുന്നു എന്നതിന്നു സംശയമില്ല. മലയാളത്തെ സംസ്കൃതീകരിച്ചിട്ടുള്ളതിന്നു കൊടുത്തിട്ടുള്ള ഉദാഹരണങ്ങൾ നോക്കിയാൽ ഈ സംഗതി തെളിയും. തോലകവി ധാരാളമായി ഈവിധം പ്രയോഗിച്ചിരിക്കുന്നു. ഉണ്ണുനീലിസന്ദേശത്തിലും ഈ മാതിരി പ്രയോഗങ്ങൾ സുലഭമായി കാണുന്നുണ്ട്. ലീലാതിലകത്തിൽ ഉദാഹരണത്തിന്നു കൊടുത്തിട്ടുള്ള പല പദ്യങ്ങളിലും സംസ്കൃതീകൃതഭാഷാപദങ്ങൾ കാണുന്നു. മുൻകാലത്തിൽ പല ഗ്രന്ഥകൎത്താക്കന്മാരും ഈ നയത്തെ സ്വീകരിച്ചിട്ടുണ്ടെന്നു ഇതിൽനിന്നൊക്കെ നിശ്ശങ്കം തെളിയുന്നു. ഇവരൊക്കെ യാതൊരറിവുമില്ലാത്തവരാണെന്നു വിചാരിക്കുന്നതു സാഹസമാണ്. അവരും പണ്ഡിതന്മാർ തന്നെയായിരുന്നു ഭാഷയിലെയും സംസ്കൃതത്തിലെയും പദങ്ങൾക്കു, 'രൂപ'ത്തിലും 'ലിംഗ'ത്തിലും ഉള്ള ഐക്യത്തെ വേണ്ടുംപോലെ ഗ്രഹിച്ചിട്ടാണവരിപ്രകാരം ചെയ്തത്. അതുകൊണ്ടു 'രൂപം' 'ലിംഗം' എന്നീ വിഷയങ്ങളിൽ മലയാളത്തിന്നു വ്യാകരണനിയമമശ്ശേഷം സംസ്കൃതത്തിനോടു വളരെ യോജിപ്പുണ്ടെന്നു വിചാരിക്കേണ്ടതാ

ണ്. തമിഴിൽ ഈ നയം തീരെ ഇല്ലെന്നുള്ളതും ചിന്തനീയമാകുന്നു.

(൮.) ഇനി സന്ധിവിഷയത്തിലുള്ള യോജിപ്പാണ് നോക്കുന്നതിനുള്ളത്. ഈ സംഗതിയിലും ഭാഷയ്ക്കു സംസ്കൃതത്തിനോടു സമമായ യോജിപ്പു കാണാവുന്നതാണ്. സംസ്കൃതത്തിൽ 'അകഃസവർണ്ണേദീർഘഃ' എന്ന സൂത്രപ്രകാരം, 'അ' 'ഇ' 'ഉ' 'ഋ' എന്നീ വർണ്ണങ്ങൾക്കു, അവയോടുതന്നെ സന്ധിയുണ്ടാകുമ്പോൾ ദീർഘം ഭവിക്കുന്നു.

സംസ്കൃതം	ഭാഷ
കവി + ഇന്ദ്രഃ = കവീന്ദ്രഃ	പാറി + ഇല്ല = പാറീല്ല
ഗുരു + ഉപദേശഃ = ഗുരൂപദേശഃ	തിരു + ഊർ = തിരൂർ
ഇന്ദു + ഉദയം = ഇന്ദൂദയം	ഒരു + ഉവൻ = ഒരൂവൻ

എന്നാൽ, മലയാളത്തിൽ 'ഇ'കാരത്തോടും 'അ'കാരത്തോടും സവർണ്ണങ്ങൾ ചേരുമ്പോൾ 'യ'ഗമവും ഉണ്ടാകുന്നു. അതുകൊണ്ടു പാറീല്ല എന്നതു പാറിയില്ല എന്നും ഉപയോഗിക്കാം. ചുറ്റീല്ല ചുറ്റിയില്ല, മുതലായവയും ഇതുപോലെ തന്നെ; പട + അരം = പടാരം, പടയാരം, എന്നും മറ്റുമുപയോഗിക്കുന്നു. സംസ്കൃതത്തിലെ മുമ്പു പറഞ്ഞ സൂത്രം അനുസരിച്ചല്ലാത്ത പ്രയോഗങ്ങളും ഉണ്ട്.

മതു + ഉരി = മതുരി

ഇത്യാദി ഉദാഹരണങ്ങൾ നോക്കുക. 'തിരു + ഊർ =' തിരൂർ ഇത്യാദി സന്ധിപ്രയോഗങ്ങൾ മുമ്പു പറഞ്ഞ വ്യാകരണനിയമമനുസരിച്ചു ഉണ്ടായതാണെന്നു ഗ്രഹിക്കേണ്ടതാകുന്നു. ഭാഷയിൽ 'ഇ' 'ഉ' എന്നീ സ്വരങ്ങൾക്കു അച്ചുപരമായി വന്നാൽ 'യ'യും 'വ'യും ഭവിക്കുന്നു. ഇതു 'ഇകോയണചി' എന്ന സംസ്കൃതവ്യാകരണസൂത്രമനുസരിച്ചാകുന്നു.

സംസ്കൃതം	ഭാഷ
ഇതി + ആദി = ഇത്യാദി	പേച്ചി + അന്ന = പേച്യന്ന
മനു + അന്തരം = മന്വന്തരം	കാച്ചി + അങ്ങു = കാച്യങ്ങു
ഗുരു + അനുഗ്രഹം = ഗുർവ്വനുഗ്രഹം	വഴുതി + ഉള്ളിൽ = വഴുത്വുള്ളിൽ

ഈവിധം സന്ധി സ്വീകരിക്കുക അപൂർവ്വമാണ്. അപൂർവ്വമായെങ്കിലും കാണുന്നതിനുള്ള പ്രമാണം മുമ്പു പറഞ്ഞ സംസ്കൃതവ്യാകരണനിയമമാകുന്നു. 'കരച്ച്യുരുവരച്ചുനിയനാഴിപൂശം' ഇത്യാദി പ്രയോഗങ്ങളിൽനിന്നും, ഈ മാതിരി പ്രയോഗങ്ങൾ കാവ്യങ്ങളിലും കടന്നുകൂടിയിട്ടുണ്ടെന്നു കാണാം.

ചേച്ചി + അമ്മ = ചേച്ചിയമ്മ
കാച്ചി + അപ്പു = കാച്ചിയപ്പു
വള്ളത്തി + ഉള്ളിൽ = വള്ളത്തിയുള്ളിൽ

എന്നും പ്രയോഗമുണ്ട്. ഇവയിൽ ഒന്നു ശരി മറ്റേതു തെറ്റ് എന്നു പറയുവാൻ പാടില്ല. എന്തെന്നാൽ രണ്ടിന്റെയും മൂലപ്രമാണം ഒന്നുതന്നെയാണ്. മുമ്പു പറഞ്ഞ വ്യാകരണനിയമപ്രകാരം സന്ധിയിൽ ഉണ്ടാകുന്ന 'യ' ഒന്നിൽ വികസിച്ചും മറ്റതിൽ സങ്കോചിച്ചും സ്ഥിതി ചെയ്യുന്നു എന്ന വ്യത്യാസമേ ഉള്ളു. ഭാഷയിൽ ഈപ്രകാരം 'യ'യെ ഉപയോഗിക്കുക സാധാരണമാണ്.

വല്യ   വലിയ
പാക്ക്യ   പാക്കിയ
കല്യ   കല്ലിയ
ചൊല്യ   ചൊല്ലിയ

ഇവയിൽ രണ്ടുവിധമുള്ള പ്രയോഗവും ശരിയാകുന്നു. 'അ'കാരത്തിങ്കൽനിന്നും പരമായി 'ഐ' 'ഇ' ഇവ ചേന്നാൽ, 'ഐ' 'ഏ' ഇവ സംസ്കൃതവ്യാകരണപ്രകാരം ഉണ്ടാകുന്നു. ഭാഷയിലും ഈവിധം സന്ധിയുണ്ട്.

ഇല്ല + ഐക്യം = ഇല്ലൈക്യം
ചില + ഇടം = ചിലേടം
പല + ഇടം + പലേടം
പോയ + ഇടം = പോയേടം
പിന്നെ + ഏവം = പിന്നേവം

'അം', സ്വരം പരമാകുമ്പോൾ 'മ'കാരം ആകുന്നു. ഇതും സംസ്കൃതവ്യാകരണനിയമമനുസരിച്ചു ആകുന്നു.

സംസ്കൃതം	മലയാളം
തം + അഥ = തമഥ	നാം + അപ്പോൾ = നാമപ്പോൾ
ഭയം + അഭവ = ഭയമഭവ	മരം + ഇവിടം = മരമിവിടം
പ്രിയം + അവാപ = പ്രിയമവാപ	ഇവറ്റും + ഉടൻ = ഇവറ്റുമുടൻ

(ങ.) സംസ്കൃതത്തിലുള്ള എട്ടു വിഭക്തികളും ഭാഷയിൽ ഉണ്ട്. അവയ്ക്കു പ്രത്യേകം പ്രത്യയങ്ങളും ഉള്ളതാകുന്നു.

പ്രഥമ	രാമൻ
സം. പ്രഥമ	ഹേ രാമാ
ദ്വിതീയ	രാമനെ
തൃതീയ	രാമനാൽ
ചതുർത്ഥി	രാമനായിക്കൊണ്ടു
പഞ്ചമി	രാമങ്കൽനിന്നു
ഷഷ്ഠി	രാമന്റെ
സപ്തമി	രാമങ്കൽ

ഇവിടെ പ്രഥമയിൽ ഉള്ള 'അൻ' പ്രത്യയം, സംസ്കൃതത്തിലെ അകാരത്തിന്റെ രൂപഭേദമാണെന്നു ശങ്ക്യ പറഞ്ഞുവെക്കല്ലാ. സം. പ്രഥമയ്ക്കു 'ഹേ' എന്നു ഭാഷയിൽ വരുന്നതു സംസ്കൃതം അനുസരിച്ചാണ്. പ്രകൃതിയിലുള്ള 'അ'കാരത്തെ ദീർഘമാക്കി സം. പ്രഥമയിൽ ഉപയോഗിക്കുന്നതും സംസ്കൃതം അനുസരിച്ചുതന്നെ. സംസ്കൃതത്തിൽ ഹ്രസ്വമായും ദീർഘമായും പ്രയോഗിക്കാം.

'പുത്രേതിതന്മയതയാതരവോഽഭിനേദുഃ'

എന്നു, ഭാഗവതപ്രയോഗം നോക്കുക. ഇവിടെ 'പുത്ര' എന്ന പ്രയോഗം സം. പ്രഥമയാകുന്നു. സംസ്കൃതവിഭക്തിപ്രത്യയങ്ങളുടെ ശരിയായ അർത്ഥത്തെ കുറിക്കുന്നവയാണ് മറുവിഭക്തിപ്രത്യയങ്ങളും. അർത്ഥദൃഷ്ട്യാ സംസ്കൃതത്തിലും ഭാഷയിലും ഉള്ള വിഭക്തികൾ ഒരേ ബന്ധത്തെ ദ്യോതിപ്പിക്കുന്നു.

(ച) കർമ്മത്തിൽ പ്രയോഗത്തിനു കർത്താവു തൃതീയയും കർമ്മം പ്രഥമയും ആയിരിക്കേണമെന്നു സംസ്കൃതത്തിൽ നിയമമുണ്ട്. ഇതുതന്നെ ഭാഷയിലും കാണാം.

കൃഷ്ണേന ഭുജഗോ ഹതഃ	കൃഷ്ണനാൽ ഭുജഗം കൊല്ലപ്പെട്ടു
രാമേണ സിംഹോ വിദ്ധഃ	രാമനാൽ സിംഹം മുറിക്കപ്പെട്ടു
യേന സാ ബഹിഷ്കൃതാ	അവനാൽ അവൾ പുറത്താക്കപ്പെട്ടു
തയാ വാക് ഉക്താ	അവളാൽ വാക്ക പറയപ്പെട്ടു

(൫) വിശേഷ്യവിശേഷണങ്ങളിൽ, ലിംഗവചനവിഭക്തികൾക്ക ഐക്യം വേണമെന്നുള്ള സംസ്കൃതഭാഷയിലെ നിയമത്തെ, ഭാഷയിലും സ്വീകരിച്ചിരിക്കുന്നു.

[illegible]
[illegible]
[illegible]
[illegible]

(ഉ. സന്ദേശം)

ഇവിടെ സംസ്കൃതനിയമം അനുസരിച്ച് വിശേഷ്യവിശേഷണങ്ങളായ, (ദ്വിതീയാവിഭക്തിയിലുള്ള) പദങ്ങൾക്ക് എല്ലാം പ്രത്യയം ചേർന്നിരിക്കുന്നു.

[illegible]
[illegible]......

(കംസവധം ചമ്പു)

ഇവിടെ 'ചാരു .. രാജാ' ഇവന്തന്നൊടു് എന്നീപദങ്ങൾക്കും അതുപോലെതന്നെ വിഭക്തിപ്രത്യയം വരുത്തിയിരിക്കുന്നു.

"[illegible]"

(രാമായണം ചമ്പു)

ഈ മാതിരി വിഭക്തിപ്രത്യയം വരുത്തുക മുൻകാലത്തു പതിവായിരുന്നു എന്നു കാണുന്നു.

(൬) സമാസവിഷയത്തിലും ഭാഷയ്ക്കു സംസ്കൃതത്തോടു് അധികം ഗാഢമായ ബന്ധം കാണുന്നു.

"[illegible]
[illegible]

പാലിൽസംസ്കൃതമൊത്താരം
ചേലിൽകൊള്ളുന്നമലയാളപ്പാഴം"
(കേരളകൌമുദി)

എന്നു കോവുണ്ണിനെടുങ്ങാടി പറഞ്ഞിരിക്കുന്നു. ചില ഉദാഹരണങ്ങൾ താഴെ ചേൎക്കുന്നു.

മണ്ണാന; മണ്ണുകൊണ്ടുള്ള ആന
വെള്ളിക്കുടം; വെള്ളികൊണ്ടുള്ള കുടം
കടൽവഴി; കടലിൽകൂടിയുള്ള വഴി

ഇവ, തൃതീയാതൽപുരുഷന്മാരാകുന്നു;

കളിപ്പുര; കളിക്കുവാനുള്ള പുര
കളിത്തട്ടു; കളിക്കുവാനുള്ള തട്ടു

ഇവ, ചതുൎത്ഥീതൽപുരുഷന്മാർ;

തീഭയം; തീയിൽനിന്നുള്ള ഭയം
വെള്ളക്കേടു; വെള്ളത്തിൽനിന്നുള്ള കേടു

ഇവ, പഞ്ചമീതൽപുരുഷന്മാർ;

ആനക്കൊമ്പു; ആനയുടെ കൊമ്പു
മാമ്പഴം; മാവിന്റെ പഴം

ഇവ, ഷഷ്ഠീതൽപുരുഷന്മാർ;

കാട്ടാന; കാട്ടിലുള്ള ആന
നാട്ടുപട്ടി; നാട്ടിലുള്ള പട്ടി

ഇവ, സപ്തമീതൽപുരുഷന്മാർ;

വിശേഷണപൂൎവ്വപദകൎമ്മധാരയൻ; വെൺമണൽ; നറുനെയ്യിൽ
വിശേഷണോത്തരപദകൎമ്മധാരയൻ; പെൺകുട്ടി
വിശേഷണോഭയപദകൎമ്മധാരയൻ; കറുത്തിരുട്ടു;

ബഹുവ്രീഹി;

കാട്ടാനത്തലയൻ
അരക്കുലത്താരൻ
കണ്ണൻമാഴി

ബഹുവ്രീഹി, അന്യപദപ്രധാനമാകയാൽ പലതരത്തിലും ഇവിടെ ചേരുമെന്നു നെടുങ്ങാടി പറയുന്നു.

ദ്വിഗു — മുപ്പാർ: മൂന്നുലോകവും

ദ്വന്ദ്വൻ — കൈകാൽ; രാമകൃഷ്ണന്മാർ

അവ്യയീഭാവൻ — എന്നാളും

അലുക് സമാസം — കളംപോരി; മരംകൊത്തി, (കളത്തെ പോരുന്നവൻ, മരത്തെ കൊത്തുന്നവൻ)

ഇവിടെ ദ്വിതീയാപ്രത്യയത്തിനു ലോപമില്ല. ആട്ടിമ്പാൽ പശുവിമ്പാൽ; ഇവിടെ ഷഷ്ഠീപ്രത്യയം ലോപിക്കാതിരിക്കുന്നു. വാചംയമൻ, വനേചരൻ, കണ്ഠേകാളൻ, മുതലായപദങ്ങൾ നോക്കുക. അതുപോലെ തന്നെയാണ് ഭാഷയിലും അലുക്സമാസം.

സമാസത്തെ സംബന്ധിച്ചിടത്തോളം മലയാളത്തിനു തമിഴുമായി യാതൊരു ബന്ധവുമില്ല. തമിഴിലെ സമാസമുറകൾ ഭാഷാസമാനമെന്നും, സംസ്കൃതപദങ്ങൾ അധികമുള്ളതു കൊണ്ടു സംസ്കൃതനിയമംതന്നെ ഭാഷയിലും സ്വീകരിക്കുന്നതു യുക്തമായിരിക്കുമെന്നും, കോവുണ്ണി നെടുങ്ങാടി പറയുന്നു. പുതിയ വ്യാകരണഗ്രന്ഥങ്ങളും ഈ വിഷയത്തിൽ നെടുങ്ങാടിയുടെ അഭിപ്രായത്തോടു യോജിക്കുന്നതായി വിചാരിക്കാം.

വ്യാകരണത്തെ സംബന്ധിച്ചു മലയാളത്തിനും സംസ്കൃതത്തിനും എത്രയും ഗാഢതരമായ അടുപ്പമുണ്ടെന്നു ഇവിടെ പറഞ്ഞ സംഗതികൾകൊണ്ടു മനസ്സിലാക്കാവുന്നതാണ്. മലയാളഭാഷയിൽ മുമ്പുണ്ടായിട്ടുള്ള വ്യാകരണഗ്രന്ഥങ്ങൾ ഭാഷയ്ക്കും സംസ്കൃതത്തിനും തമ്മിൽ ഉള്ള ബന്ധത്തെ വ്യക്തമായി കാണിക്കുന്നുണ്ട്. വിദ്വാൻ പാച്ചുമൂത്തതു പുതുവനം നമ്പൂതിരി കോവുണ്ണി നെടുങ്ങാടി എന്നിവരുടെ വ്യാകരണശാസ്ത്രങ്ങൾ ഭാഷയുടെ സ്വഭാവത്തെ നല്ലപോലെ അറിഞ്ഞു നിർമ്മിക്കപ്പെട്ടിട്ടുള്ളവയാണ്.

ഒരു ഭാഷയിലെ സാഹിത്യത്തെക്കുറിച്ചു പരിശോധിച്ചാലും മൂലഭാഷ ഏതാണെന്നു എളുപ്പം ഗ്രഹിക്കാം. മലയാളസാഹിത്യത്തിന്റെ ജീവനും ശരീരവും ധർമ്മവും എല്ലാം

സംസ്കൃതപ്രചുരമാണെന്നുള്ള സംഗതിയിൽ വാദമുണ്ടാകുമെ
ന്നു തോന്നുന്നില്ല. കിളിപ്പാട്ടുകൾ, ചമ്പുക്കൾ കഥകളികൾ
മണിപ്രവാളകാവ്യങ്ങൾ തുള്ളൽപ്പാട്ടുകൾ മുതലായവ പ
രിശോധിച്ചാൽ, ആകൃതിയേയും പ്രകൃതിയേയും സംബ
ന്ധിച്ച് അവയ്ക്കു സംസ്കൃതത്തോടു എത്രമാത്രം ഐക്യം ഉണ്ടെ
ന്നു കാണാം. സംസ്കൃതവും ഭാഷയുംകൂടിച്ചേർന്നു ഉത്ഭവിച്ചി
ട്ടുള്ള മണിപ്രവാളം എന്ന പ്രസ്ഥാനം, ഭാഷയിൽ ദൃഢ
മൂലമായി കാണാകുന്നു. സംസ്കൃതത്തിൽനിന്നു ജനിച്ചിട്ടു
ള്ള മറ്റു യാതൊരു ദേശീയഭാഷയിലും ഈ നയം കാ
ണുന്നില്ല. മറുഭാഷകളിൽ മണിപ്രവാളപ്രസ്ഥാനം യോ
ജിക്കാതിരിക്കുവാനും മലയാളത്തിൽ യോജിക്കുന്നതിനും കാ
രണമുണ്ട്. സംസ്കൃതവർണ്ണമാലാസ്വീകരണം മൂലം ഭാ
ഷയുടെ രൂപത്തിനു സംസ്കൃതഭാഷാരൂപത്തിന്റെ തേജസ്സും
സൌന്ദര്യവും അതുപോലെതന്നെ കിട്ടി. അപ്പോൾ രണ്ടും
കൂടി രണ്ടാണെന്നു അറിയാൻ കഴിയാത്തവിധം ചേരുന്നു.
സാരൂപ്യം ഇല്ലാത്ത ഭാഷയ്ക്കു മണിപ്രവാളപ്രസ്ഥാനമുണ്ടാ
കുന്നതല്ല. 'എച്ചുകെട്ടിയാൽ മുഴച്ചിരിക്കും' എന്ന പഴഞ്ചൊ
ല്ലിന്റെ തത്വം, സാരൂപ്യമില്ലാത്ത ഭാഷകളിൽ കാണാം.
ചമ്പുക്കൾ ചന്ദ്രോത്സവം മുതലായ കൃതികൾ നോക്കിയാൽ
മലയാളത്തേയും സംസ്കൃതത്തേയും എത്രമാത്രം ഭംഗിയായും
യോജിപ്പിച്ചുകൂട്ടിയും ഘടിപ്പിക്കാമെന്നു മനസ്സിലാക്കാൻ ക
ഴിയും.

കേരളീയജനസമുദായത്തിന്റെ പുരാതനകാലത്തെ
വിദ്യാഭ്യാസത്തിന്റെ സ്വഭാവത്തെക്കുറിച്ചു ആലോചിക്കേ
ണ്ടതും ഈ സന്ദർഭത്തിൽ ആവശ്യമാകുന്നു. കേരളത്തിലെ
വിദ്യാഭ്യാസം സംസ്കൃതപ്രധാനമായിരുന്നു. എഴുത്തുപള്ളി
കളിൽ പ്രാധാന്യേന സംസ്കൃതം പഠിപ്പിച്ചുവന്നു. തമിഴ
അത്ര പ്രധാനമായി ഗണിച്ചിരുന്നില്ല. എന്നാൽ തമിഴി
നു അപ്രധാനസ്ഥാനമെങ്കിലും കൊടുത്തിരുന്നു. നിലത്തെ
ഴുത്തു കണക്കു കാവ്യം ശാസ്ത്രം മുതലായവയാണ് പഠിപ്പി

ച്ചുവന്നത്. ശാസ്ത്രങ്ങൾ എല്ലാം സംസ്കൃതത്തിൽനിന്നുതന്നെ വശമാക്കിവന്നു. ൯൮൨-ാമാണ്ടു ഇടവമാസം ൧൮-ാംതീ-യിലെ ഒരു നീട്ടിന്റെ പൂർവ്വഭാഗം താഴെ ചേർക്കുന്നു. അന്നു തിരുവിതാംകൂർരാജ്യം ഭരിച്ചിരുന്ന റാണിപാർവ്വതീഭായി എഴുതിയതാണീനീട്ടു.

"കൊച്ചുണ്ണിപ്പണിക്കരായ്യം വായിച്ചുകേട്ടു. അവസ്ഥയും അറിഞ്ഞു. കൊല്ലത്തിനു വടക്കുപ്രദേശങ്ങളിലുള്ള പിള്ളരെ എഴുത്തു പഠിപ്പിക്കുന്നതിനു വാദ്ധ്യാന്മാർക്കു ശമ്പളം കൊടുപ്പാൻ ജനങ്ങൾക്കു വകയില്ലാതെയും ആശാന്മാരില്ലാത്ത ദിക്കിൽ എഴുത്തും കണക്കും ഉത്തരപ്പെട്ട അഭ്യാസം ഏറെയും കുറവായിട്ടുവന്നിരിക്കുന്നു എന്നും പണ്ടാരവകയിൽനിന്നു ശമ്പളവും കൊടുത്തു വാദ്ധ്യാന്മാരെ ആക്കി പിള്ളരെ എഴുത്തും കണക്കും പഠിപ്പിച്ചു പ്രാപ്തിയാക്കിയാൽ രാജ്യം ഉദ്യോഗങ്ങൾക്കും കണക്കെഴുത്തിനും ഉപകാരമായിട്ടും രാജ്യത്തെ ജനസംഖ്യം വിദ്യയും ധർമ്മവും അഭിവൃദ്ധിയായിട്ടും വരുന്നതാകകൊണ്ടു ആലപ്പുഴ മലയാളത്തിൽ അക്ഷരവും വ്യുൽപത്തിയും ജ്യോതിഷവും വശമുള്ളതിൽ കൊച്ചിലേയും തമിഴും കണക്കും വശമുള്ളതിൽ രണ്ടാളിനേയും ഇതിന്മണ്ണം രാരോരോ സ്ഥലത്തേക്ക ഈരണ്ടുവാദ്ധ്യാന്മാരെവീതം ആക്കി അവർക്കു പേരൊന്നിനു പണം വീതം ശമ്പളവും വെച്ചുകൊടുത്താൽ പഠിപ്പിക്കുന്നതാകകൊണ്ടും ഇപ്പോൾ മാവേലിക്കര മണ്ടപത്തുംവാതുക്കൽ രാമനാശാനേയും ശങ്കരലിംഗം വാദ്ധ്യാരേയും കാർത്തികപ്പള്ളി മണ്ടപത്തുംവാതുക്കൽ അറിപ്പാട്ട കൊച്ചുപിള്ളവാദ്ധ്യാരെയും ചീരൻ വള്ളിനായകം വാദ്ധ്യാരേയും തിരുവല്ലമണ്ടപത്തുംവാതുക്കലേക്ക വട്ടപ്പറമ്പിൽ കണക്കാരനെയും ചട്ടനാദ വാദ്ധ്യാരേയും കൊട്ടാരക്കര മണ്ടപത്തുംവാതുക്കലേക്ക ചെങ്ങന്നൂർ കപ്പിലേയും ശിവങ്കരനാപിള്ളയേയും ആക്കി അവർക്ക പേരൊന്നിനു അഞ്ചു പണം ശമ്പളവും വെച്ചുകൊടുപ്പിക്കണം അവസ്ഥ എല്ലാം എഴുതിവന്നതിലാകുന്നു."

നൂറുകൊല്ലത്തിനുമുമ്പ് എഴുതിയതാണീനീട്ടു; ഇതിൽ നിന്നും അക്കാലംവരെ എഴുത്തുപള്ളികളിൽ സംസ്കൃതരീതി അനുസരിച്ചുള്ള വിദ്യാഭ്യാസമാണ് പ്രാധാന്യേന നടന്നു വന്നിരുന്നതെന്നുകാണാം. കേരളത്തിലെ പഴയ നടപ്പു അനുസരിച്ച് വിദ്യാഭ്യാസം ചെയ്യുന്നതിനു വേണ്ട സൗകര്യം ഉണ്ടാക്കിക്കൊടുക്കുകയാണ് റാണിപാർവ്വതീഭായി ചെയ്തതെന്നു വ്യക്തമാകുന്നു. മേലുദ്ധരിച്ച ഭാഗത്തിൽനിന്നും, സാധാരണ എഴുത്തുകുത്തുകൾക്കു ഉപയോഗിച്ചുവന്ന ഭാഷ

(ആറു കൊല്ലത്തിനുമുമ്പ്) തമിഴോ അതിനോടു അല്പമെങ്കിലും സാരമായ ബന്ധമുള്ളതോ അല്ലെന്നും തെളിയുന്നതാണ്. വടക്കൻരാജ്യങ്ങളിൽ കുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കുന്നവരായി 'എഴുത്തച്ഛൻ' എന്നൊരു ജാതിക്കാർ ഉണ്ടു. ഇവർ എഴുത്തുപള്ളികൾ കെട്ടി കുട്ടികളെ നിലത്തെഴുത്തു കാവ്യം മുതലായവ പഠിപ്പിച്ചുവന്നിരുന്നു. ഇതിൽനിന്നും, ജനസമുദായത്തിന്റെ വിദ്യാഭ്യാസം സംബന്ധിച്ചു വിചാരിക്കുക ആണെങ്കിലും തമിഴിനു പ്രധാനസ്ഥാനമില്ലെന്നു തെളിയും. തമിഴിലെ അക്ഷരങ്ങളെയും എഴുത്തുപള്ളികളിൽ എഴുതിച്ചുവന്നിരുന്നു എങ്കിലും, സർവ്വസാധാരണമായിരുന്നു എന്നു പറയാൻ പാടില്ല.

ഭാഷയിലുള്ള പഴയ കൃതികളുടെ സ്വഭാവത്തെക്കുറിച്ചു ആലോചിക്കേണ്ടതു ഈ സന്ദർഭത്തിൽ അത്യാവശ്യമാകുന്നു. ഭാഷയുടെ, ആദികാലം മദ്ധ്യമകാലം അദ്യതനകാലം എന്നിവയെക്കുറിച്ചു വ്യവസ്ഥചെയ്യേണ്ടതായിട്ടുണ്ട്. കരിന്തമിഴ്കാലത്തെ ആദ്യകാലമായും, മണിപ്രവാളകാലത്തെ മദ്ധ്യമകാലമായും, ശേഷമുള്ളതിനെ അധുനാതനകാലമായും, കേരളപാണിനീയത്തിൽ വ്യവസ്ഥചെയ്തിരിക്കുന്നു. തുഞ്ചത്തു എഴുത്തച്ഛന്റെ കാലത്തിനുമുമ്പുള്ള ഭാഗം ആദികാലമായും, എഴുത്തച്ഛന്റെകാലംമുതൽ വലിയ കോയിത്തമ്പുരാന്റെ ഇതുവരെയുള്ളതിനെ മദ്ധ്യമകാലമായും, ശേഷമുള്ളതിനെ അധുനാതനകാലമായും, ഗണിക്കുന്നതു യുക്തമാകുന്നു. കേരളപാണിനിയുടെ കരിന്തമിഴ്കാലമായ ആദികാലത്തിനും നമ്മുടെ ആദികാലത്തിനും വ്യത്യാസമുണ്ട്. സംസ്കൃതാക്ഷരമാലാസ്വീകരണത്തോടുകൂടി മലയാളഭാഷ ഉണ്ടാകുവാൻ തുടങ്ങിയകാലത്തെ ആണ് ഇവിടെ ആദികാലം എന്നു പറയുന്നത്. തമിഴിനു പ്രാബല്യം ഉണ്ടായിരുന്ന കാലത്തിൽ ജനിച്ചിട്ടുള്ള കൃതികളെ മലയാളത്തിലെ ആദി കൃതികളായി ഗണിക്കുന്നതു അയുക്തമാണ്. അന്നു മലയാളഭാഷ ഉണ്ടായിട്ടേ ഇല്ല. ഭാഷ ഉണ്ടാകുവാനാരംഭിച്ച കാലത്തിൽ കൃതി

കടം ജനിക്കാൻ ന്യായമില്ലല്ലോ. തമിഴ് വ്യവഹരിച്ചുവന്നിരുന്ന കാലത്തിന്റെ ഏറെവും അന്ത്യമായ ഭാഗത്തിലും, സംസ്കൃതവുമ്മലയാളസ്വീകരണം ആരംഭിച്ച കാലത്തിലും, ഉള്ള മദ്ധ്യത്തെ, കാലസന്ധിയെന്നു പറയാം. ഈ കാലംമുതലാണ് മലയാളഭാഷ ഉണ്ടാകുവാൻ തുടങ്ങിയത്. ഈ കാലത്തിൽ ഭാഷയിൽ പല കൃതികളുമുണ്ടായിട്ടുണ്ട്. 'ലീലാതിലക'ത്തിൽ ഉദാഹരിക്കപ്പെട്ടിട്ടുള്ള പദ്യങ്ങളിൽ പലതും അതിന്മുമ്പുണ്ടായിട്ടുള്ള കൃതികളിലുള്ളവയാകുന്നു. ഈ ഗ്രന്ഥത്തിൽ ചില പഴയ കൃതികളുടെ പേരുകൾ പറയുന്നുണ്ട്. വ്യവഹാരദശ ലുപ്തപ്രായമാകുന്ന തമിഴിന്റെ അസമഗ്രമായ ഒരു ഛായ ഈ കാലത്തുള്ള കൃതികളിൽ കാണുന്നു. മലയാളത്തിന്റെ ആദികാലത്തിൽതന്നെ മണിപ്രവാളപ്രസ്ഥാനത്തിന്നു വളരെ ഉറപ്പും പരിപുഷ്ടിയും ലഭിച്ചിരുന്നു. തമിഴിന്റെ ഛായ കൃഷ്ണഗാഥയിലും അല്പാല്പം കാണുന്നുണ്ട്; എഴുത്തച്ഛന്റെ കാലത്തോടെ തീരെ ഇല്ലാതെ ആയിത്തീർന്നിരിക്കുന്നു. ചമ്പുക്കൾ പാട്ടുകൾ മുതലായവയിൽ തമിഴിന്റെ ഛായ സ്പർശിച്ചിട്ടു ഇല്ല. എഴുത്തച്ഛന്റെ കാലം മുതൽ വലിയ കോയിത്തമ്പുരാന്റെ കാലംവരെ ഉള്ള ഭാഷാരീതി ഒന്നുതന്നെയാണ്. ഈ ദശയെ ഇവിടെ മദ്ധ്യമലയാളകാലമെന്നു പറയുന്നു. ഭാഷയ്ക്കു പുതിയ പരിഷ്കാരങ്ങൾ പലതും ഉണ്ടാകുവാൻ തുടങ്ങിയതു വലിയ കോയിത്തമ്പുരാന്റെ കാലത്തോടുകൂടിയാണ്. ഈ ദശയെ ആധുനികകാലമായി ഗണിക്കുന്നു. 'മദ്ധ്യമലയാളമാതൃകകൾ' എന്ന പേരിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളവയെല്ലാം തമിഴ്വ്യവഹാരത്തിന്റെ അന്ത്യദശയുടെ ഏതാണ്ടു മുമ്പു ഉണ്ടായിട്ടുള്ളവയാണ്. തമിഴ് വ്യവഹാരത്തിന്റെ അന്ത്യവും സംസ്കൃതപ്രവേശത്തിന്റെ ആദിയും ആയ കാലത്തു, ജനിച്ചിട്ടുള്ള കൃതികളെ ഭാഷയിലെ പുരാതന കൃതികളായി ഗണിക്കണം. "ഉണ്ണുനീലിസന്ദേശവും" മറ്റും ഈ കാലത്താണ് ഉണ്ടായിട്ടുള്ളത്.

ഞാനാതികളെന്നു ചൊല്ലപ്പെട്ട ഞാനന്മതിക്കെട്ടാക്കാനമിതയ
വാനത്തിന്റെ ലുപ്തിയെ ചന്ദ്രനോന്തിയേലും ചിന്തിതിപ്പൂറ്റിരുൾ
കാനനത്തിൽ വസിക്കും ചെമ്പക കാനനങ്ങളുടെ ലവും പോലെയും
ഞാനാവിവാദിവനായവനങ്ങളാൽനാരായണനെ നിതം ചൊല്ലുന്നിതു

* * *

ഉണ്ടായിരുന്നിട്ടുകിൽനിന്നുള്ള പെരിയവനായവൻതാൻ കാശ്യപമുനിയൊരു
ഉണ്ടുവിച്ചായാനാദികളോക്കെന്തായിത്തിരുവിതോവനം (വിളു
കാനനമേ കാണിയവരെയും മതിക്കു മഹേന്ദ്രനായ നല്ലിലിൽ വെണ്ണവനൊ
വിഭാഗിക്കൊഴുന്നാരേഷ്ഠിൻതെളിയവിപ്രനവനാകെ ട്ടില കാശ്യപനാം

(കണ്ണശ്ശരാമായണം) (കാവ്യമഞ്ജരി)

ഉലകെല്ലാം തനിയൊരു താനെ നിറന്താനെയാനെയാം
ഉടലർക്കു കാർകൊണ്ട കമലക്കണ്ണൻ
അല്ലിമാമലർമങ്ങൈ നാഥനാരകൻ മെയ്യിമയാർക്കും.
മെല്ലെയേ പകലിരുളിലിനിലെവർക്കും ഉടന്തന്തനാം
തെള്ളിക്കാവചൻ ഉലന്തയാർ കരുമിക്കാൻ കമലപ്പക്കൻ
അങ്ങെയിരിയ ദക്ഷിണത്തിനിന്നെറാത്ത ചിതെന്നു തൊഴിപ്പൂനം ചെയ്തനായ്
കൊണ്ടർക്കക്കൻ കമലമക്കൻ കൊന്തവില്ലുകൈക്കളർക്കൽ കമലച്ചകരൻ

(തിരുവായ്മൊഴി) (ഭാഷാപോഷിണി)

ഇവയിൽ, 'കണ്ണശ്ശരാമായണം' ഭാഷാകൃതി എന്നു പറയപ്പെടുന്നു. മറ്റേതു തമിഴ്കൃതിയാകുന്നു. ഇവയിലെ ഭാഷയുടെ സ്വഭാവത്തെക്കുറിച്ചു വിചാരിച്ചാൽ 'കണ്ണശ്ശരാമായണ'വും, ഒരു തമിഴ്കൃതി എന്നു പറയുന്നതായിരിക്കും യുക്തം.

പണ്ടാരുവൻ പതിമരയ്പ്പതിമിലെമകളെ-
ല പെട്ടുപകർന്നാലികളിൽനിനു കണ്ടവരോ
എങ്ങനെയും പടത്തെന്തിതെൻവകരാൽ
തുങ്ങികടക്കണമിഹനാണെന്നിതനാം മയം

(ലീലാതിലകം)

അപ്പുഴയ്ക്കിപ്പുറം തന്നിൽ പ്പുരമങ്ങനാണിൽ-
തിപ്പാപ്പുക്കിതെൻതാതിലകമോതിനടപ്പുകതേനം
താനങ്ങിനാൽ അനന്ത പുഴപ്പുമെസവിച്ചുതിന്നെ
പ്പോരെ ചട്ടരവർ കില വിലക്ഷണസികം പുരുഷപാദമാ

(ഉ. സന്ദേശം)

മുമ്പ്, ഉദ്ധരിച്ച 'കണ്ണശ്ശരാമായണത്തിലെയും' 'തിരുവായ്മൊഴി'യിലെയും, ഭാഗങ്ങളിൽ നിന്നും എത്രമാത്രം വ്യ

7 *

ത്യാസപ്പെട്ടിരിക്കുന്നു എന്നു കാണാം. ഈ വ്യത്യാസമാണു് ഒന്നിനെ തമിഴിലേയും, മററതിനെ ഭാഷയിലേയും, കൃതികളാക്കുന്നതു്. 'ഉണ്ണുനീലിസന്ദേശ'ത്തിലും മററും കാണുന്ന തമിഴിന്റെ ഛായ ക്രമേണ തീരെ ക്ഷയിക്കുന്നു. തോലൻ ഏഴുനൂററു മുമ്പു് ജീവിച്ചിരുന്ന കവിയാണു്. തോലന്റെ പദ്യങ്ങളിൽ തമിഴിന്റെ ഛായ ഇല്ലെന്നുതന്നെ പറയാം.

പിതൃപ്പുറികോമനിവൻ കളിയുമ്പോൾ.
ശ്ശത്തീട്ടുമനസ്സെളുമായവാതിരയിപ്പോം
മിത്ര്യാടെ തളിക്കളിയാതെയതെന്നെ
നിത്യം ചെവിച്ചുരുവസിച്ചുകൊഠംവൻ.

മാലത്തേനച്ഛൂഉനാസ്സ്നാളുടെച്ചുടെ പന്ത്രണ്ടവഷംകാലവേ
ഭോഷത്തെനം കൃത്തിരയനമിങ്ങനെ ചിരിമ്മായിട്ടുനകാലപ്പുരാ
കണ്ണംവിരലകകംപെത്തുങ്കയും വൃടിപ്പുറപ്പെട്ടതോ.
തെണ്ടുകൊണ്ടുയതിശപരന്റെനാികടേസേവിച്ചുവരുന്നിതാ!

(തോലൻ) (കാവ്യമഞ്ജരി)

ഈ ഉദാഹരണത്തിൽനിന്നും തോലന്റെ കാലത്തിൽ മണിപ്രവാളത്തിനു നല്ല പരിഷ്കാരവും ശുദ്ധിയും വന്നതായി കാണാവുന്നതാണു്. ഭാഷയ്ക്കുള്ള ഈ ശുദ്ധി പിന്നീടുള്ള പല കൃതികളിലും തെളിഞ്ഞു വിലസിക്കുന്നുണ്ടു്.

കരഞ്ഞുരാമനെ വിളിച്ചുരയവാക്യം
പറവാൻ ഭാവിച്ചു ദശരഥനൃപൻ
കരഞ്ഞുതൊണ്ടയുമടച്ചു കണ്ണുനീർ
ചൊരിഞ്ഞുകൊണ്ടു പതിച്ചിതന്നേരം
പറയാമെന്നതൊന്നുമേ കഴിഞ്ഞീല.
ഭയതാപത്തിനാലുരുകുമാറവൻ
ഉരഗവീരനെ ചവുട്ടിയപോലെ
തളർന്നുപോയ് ചുരുണ്ടു ധരണിയിൽ വീണിതാൻ.

(കേരളവർമ്മരാമായണം)

മലയാളത്തിലെ പഴയപാട്ടുകളിൽ പലതിലും ഉണ്ണുനീലിസന്ദേശാദികൃതികളിൽ കാണുന്ന തമിഴിന്റെ ഛായ

അല്പമായി സ്പർശിച്ചിട്ടുണ്ട്; എന്നാൽ ക്രമേണ ഈ പഴയ പാട്ടുകളും വിശുദ്ധമലയാളമായി പരിണമിക്കുന്നു. ഒരു പഴയ അമ്മാനപ്പാട്ടിൽ നിന്നും അല്പം ഭാഗം താഴെ ചേർക്കുന്നു.

ഗന്ധാരം കവിമാരുമൊരുവരുമുള്ളാരകമേൽ
പുളിയാതെയായ കവിപ്പുകഴ്ത്തുവാൻ
മാത്സ്യകേൾക്കസഞ്ജനാനിശ്രേഷ്ഠപുത്രനാൽ കീർത്തിപ്പുകഴ്
തീർത്ഥതോയമെന്നതുപോലെയൊപ്പിയരിക്ക
ധാത്രീനാഥ ദശരഥനുമശ്രീരാമനും
കീർത്തിപ്പീനങ്ങൾ വന്നതൊന്നുമേ കേൾപ്പിൻ
ഭൂമിദേവിപുത്രിയെ വേട്ടിട്ടു കൗശികൻ ശിഷ്യൻ രാമൻ
ജീകരാജപുത്രിയെ വേട്ടിട്ടു ദശകണ്ഠൻ
രാമലക്ഷ്മണന്മാരമ്മമാരിയെയോട്ടുമൊരി
പോകുന്നതോരംഗം ജ്യേഷ്ഠവരരാമനൊത്തി

(രസികരഞ്ജിനി)

ഇതു ഈഴവന്മാരുടെ സ്ത്രീകൾ, ചില വിശേഷസന്ദർഭങ്ങളിൽ പാടുന്നതിനു ഉപയോഗിക്കുന്നതാണ്. പറയർ പുലയർ മുതലായ ജാതിക്കാർ ഉപയോഗിക്കുന്ന പാട്ടുകൾ പലതുമുണ്ട്. അവ കാര്യാധികം പ്രാകൃതങ്ങളായിരിക്കും. കേരളത്തിൽ പല പ്രസിദ്ധപള്ളികളുടേയും ചരിത്രങ്ങളെ കുറിക്കുന്നവയായി പാട്ടുകൾ കാണുന്നു. ഇവയിൽ പലതും പഴക്കമുള്ളവയാണ്.

അന്ത്യാളസകിയമോനെന്നനാട്ടിൽ
വർദ്ധമതികൾപ്പൂതകാട്ടുയപ്പക്കം

* * * *

പള്ളിപ്പലയുണ്ടു ചിറ്റലനാട്ടത്തിൽ
മംഗിയതിലൊരംപൊരുകനാമതലക്കോട്ടെ.

* * * *

(പള്ളിപ്പാട്ട്) (ഭാഷാപോഷിണി)

ഇപ്രകാരം ഭാഷയിലെ പഴയ കൃതികളെ പരിശോധിക്കുന്നപക്ഷം അവയ്ക്കു സംസ്കൃതവുമായിട്ടാണ് ബന്ധം എ

ന്നും, തമിഴിനോടു വളരെ അകലിച്ചയാണുള്ളതെന്നും, തെളി
യും. അവയിൽ തിളങ്ങിക്കാണുന്ന 'മണിപ്രവാള'ജ്യോതി
സ്സു, സംസ്കൃതാക്ഷരത്തിന്റെ വൈഭവത്തെ പ്രകാശിപ്പിക്കുന്ന
താണു്.

മുൻകാലങ്ങളിൽ ജനങ്ങൾ എഴുത്തുകുത്തുകൾക്കും മ
റ്റും ഉപയോഗിച്ചിരുന്ന ഭാഷയുടെ സ്വഭാവമാണു് ഇനി
അറിയുന്നതിനുള്ളതു്. ഗ്രന്ഥവരികൾ ആധാരങ്ങൾ മുത
ലായ പഴയരേഖകൾ ഇവിടെ പരിശോധിക്കേണ്ടിയിരിക്കു
ന്നു. രേഖകൾ രണ്ടുവിധത്തിലുണ്ടു്. തമിഴ്ഭാഷയിൽ തമി
ഴ് അക്ഷരത്തിൽ എഴുതിയിട്ടുള്ളവ; ഇവ മലയാളഭാഷയുടെ
ഉല്പത്തിക്കു മുമ്പ് ഉണ്ടായിട്ടുള്ളവയാണു്. ഇപ്രകാരമുള്ള ആ
ധാരങ്ങളും ഗ്രന്ഥവരികളും പല സ്ഥലങ്ങളിലുമുണ്ടു്. എ
ന്നാൽ അവയെ ഭാഷയിലെ രേഖകളായി ഗണിക്കേണ്ടതി
ല്ല. ജനങ്ങൾ തമിഴ് വ്യവഹരിച്ചുവന്ന കാലത്തിൽ ആവിധ
മുള്ള രേഖകളുണ്ടായി എന്നേ വിചാരിക്കാനുള്ളു. ഭാഷയു
ടെ ഉല്പത്തിയോടുകൂടി ഈ നില ക്രമേണ ഭേദപ്പെട്ടുതുടങ്ങി.
പഴയ കൃതികളിൽ എന്നപോലെ തമിഴിന്റെ ഛായ അല്പ
മായി ആധാരങ്ങളിലും മറ്റും കാണാം; ക്രമേണ അതും കു
റഞ്ഞു ശുദ്ധമലയാളമായി ഭവിക്കുന്നു. തിരുവല്ലാക്ഷേത്ര
ത്തിലെ ഒരു ചെമ്പുപട്ടയത്തിൽനിന്നു അല്പം ഭാഗം ഇവിടെ
ചേർക്കാം.

"തിരുപ്പുകവാകെ വനനാടു കാമ്പം; മാലെകിഴക്കിൻതിരുവടി
കൊണ്ടു; പടിഞ്ഞായിറു തിരുവടികളെ; ...... തിരുവാമിഴ് ഈ കീ
ഴക്കിൻതിരുവടികൾ ഉതൈനാഴിയുരിയരി".

(സത്ഗുരു)

ഇതിലെ ഭാഷ തമിഴാകുന്നു.

"കൊല്ലം ൭൬൦-മതാണ്ടു മീനഞായറ്റിൽ എഴുതിയ കാരാണ്മയോ
ലക്കരണമാവിതു. വെൺപലനാട്ടുടയ കേരള ആതിച്ചവർമ്മ കോയിലതി
കാരികളും അനന്തിരവനായ ഇരവിമണികണ്ഠക്കോയിലധികാരികളും
അരുളിച്ചെയ്ത കൊടുത്ത കുരു വെൺപാർക്കനാകനപുരത്തിൽ.. ..."

(ഭാഷാപോഷിണി)

ഇത്, കോട്ടയത്ത് ഇടവഴിക്കൽ പി. മാത്യു ബി. എ. അവർകളുടെ കൈവശമിരിക്കുന്ന ഒരു പള്ളിപ്രമാണത്തിന്റെ [ഭാഷാപോഷിണി] അല്പം ഭാഗമാകുന്നു. കൊല്ലം ൯൦൭-ാമാണ്ടു മേടം ഞായർ പത്താംതിയ്യതി തെക്കുംകൂർ തമ്പുരാൻ എഴുതിയ ഒരു റീട്ടിലെ അല്പം ഭാഗം താഴെ ചേർക്കുന്നു.

"ശ്രീകോട്ടിൽ പനിമേച്ചൂര താകൻ തരകു കല്ലൂർ പടവിനും വടക്കു കാരാകറിക്കന്നിനും തെക്കു പുഴക്കടവിനും കിഴക്കു അടുപ്പക്കെട്ടിനും പടിഞ്ഞാറു എന്നീ കന്നിക്കൂടെ കൊട്ടകച്ചാല നാലതിരുക്കകത്തു ഭാഷാമികം നടത്തിക്കൊൾകയിനും"

(ഭാഷാപോഷിണി)

മുമ്പു കാണിച്ച ചെമ്പുപട്ടയത്തിലേയും ആധാരങ്ങളുടേയും ഭാഷാരീതിക്കു എത്രമാത്രം വ്യത്യാസം ഉണ്ടെന്നു പറയാതെ വ്യക്തമാകുന്നുണ്ട്. ആധാരങ്ങളിലെ വാചകങ്ങളിൽ തമിഴ് പ്രത്യയത്തിന്റെ സ്പർശം ഇല്ല. എന്നാൽ ചെമ്പുപട്ടയം തമിഴ്തന്നെ; മറ്റുള്ളവയിലെ ഭാഷാരീതി ശുദ്ധമായിരിക്കുന്നു. കൊച്ചിയിലെ ഒരു ഗ്രന്ഥവരിയിൽ കാണുന്ന ഭാഗം താഴെ ചേർക്കുന്നു.

"കൊല്ലായിരത്തി മുപ്പത്തി ഒമ്പതാമതില് കന്നിമാസം കണ്ടക്കിട്ടു ഇപ്പാപ്പിയിൽ സ്വരൂപത്തിലെ പാളയവും പരിഗ്രഹ രാജ്യത്തു ചിലരിൽ പടങ്ങും പക ഉല്പത്തികൾക്കും പാറുകൾക്കും ഒന്നുപോലും കാരിച്ചുവരാം അത്പ്പുലിശ രക്ഷാഭാഗം കാണൽകണ്ടാതും കടങ്ങുമതിപ്പുക മറ്റും താങ്ങുപാകങ്ങളായിട്ടുള്ള മുതലുകൾ എടുത്തുവരുന്നതല്ലാതെ ൧൦-ാമാണ്ടു മുതൽ രാജ്യത്തു പുത്തനായിട്ടു മുതലെടുക്കുന്നു കവണ്ണം കല്പിച്ചത് എട്ടിലൊന്നു വസ്തു വിലപണം ഇരുവക മുതൽ എട്ടാക്കത്തു കാസ്സുവും കല്പിച്ചു. ഇതിനാൽ പണ്ടാരകാര്യം ക്ലേശിപ്പാൻ കാര്യമാരായാതെ കല്പിച്ചു നടക്കമാറെ ഉള്ളൂ. ൧൦-ാമാണ്ടു മുതൽക്കു കോവിലകങ്ങളും മാതിലും പ്രവൃത്തിയും ചമ്രവും കല്പിക്കയും ചെയ്തു. ഇപ്രകാരം രാജ്യകാര്യം നടന്നുവരുന്നു."

(മംഗളമാല ഒന്നാംഭാഗം)

പുരാതനകാലത്തിൽ എഴുത്തുകുത്തുകൾക്കു ഉപയോഗിക്കുന്ന ഭാഷയുടെ സ്വഭാവം മേൽകാണിച്ച ഉദാഹരണങ്ങളിൽനിന്നു വ്യക്തമായല്ലോ. ഇവയിൽ തമിഴിന്റെ ഭാ

യ ചിലപ്പോൾ ദുഷ്കരമായി കണ്ടു എന്നും വന്നേക്കാം; എ
ന്നാൽ പദങ്ങളും വാചകരീതിയും സംസ്കൃതത്തോടുള്ള ബ
ന്ധം ആണ് ഘോഷിക്കുന്നതു്. കേരളീയരുടെ മുമ്പുള്ള എഴു
ത്തുകുത്തുകൾ എല്ലാം തമിഴാണെന്നു പറയുന്നതു അവാസ്ത
വമാണെന്നും, അവയ്ക്കു തമിഴിനോടുള്ള ബന്ധംതന്നെ പരിമി
തമാണെന്നും, ഇവിടെ കാണിച്ച ഉദാഹരണങ്ങളിൽനിന്നു
മനസ്സിലാക്കാം.

ഭാഷയുടെ ഉല്പത്തി സംസ്കൃതത്തിൽനിന്നല്ല — തമി
ഴിൽനിന്നുമാകുന്നു — എന്നു സ്ഥാപിക്കുന്ന പണ്ഡിതന്മാരുടെ
പല അഭിപ്രായങ്ങളേയും കുറിച്ചു മുമ്പു ഓരോ സന്ദർഭങ്ങളിൽ
വിചാരിച്ചിട്ടുണ്ടല്ലോ. എന്നാൽ നവീനപണ്ഡിതന്മാരുടെ
ഏതാനും ചില അഭിപ്രായങ്ങളെക്കുറിച്ചുകൂടി അല്പം പ
റയേണ്ടതായിട്ടുണ്ട്. സൽഗുരുവിൽ (൯൭ കന്നി ലക്കം) ഒരു
ലേഖകൻ ഇപ്രകാരം എഴുതിയിരിക്കുന്നു. "ഭാഷയുടെ ഉല്പ
ത്തി സംസ്കൃതത്തിൽ നിന്നാണെന്നു പറയുമ്പോൾ മലയാ
ളികൾക്കു മുമ്പു ഭാഷയേ ഇല്ലായിരുന്നുവെന്നോ അല്ലെങ്കിൽ
മറ്റേതോ ഒരു ഭാഷ ഉപയോഗിച്ചിരുന്നെന്നോ വിചാരിക്കേ
ണ്ടിയിരിക്കുന്നു." മുമ്പു മലയാളികൾക്കു ഭാഷയില്ലായിരു
ന്നു എന്നും, വേറെ ഒരു ഭാഷയെ, വ്യവഹരിച്ചിരുന്നു എ
ന്നും, ഉള്ള അഭിപ്രായം തെറ്റെന്നാണു ലേഖകന്റെ ആ
ശയം. "ആയിരത്തിഎണ്ണൂറു വർഷങ്ങൾക്കു മുമ്പു ഇവിടു
ത്തെ ഭാഷ തമിഴായിരുന്നു; മലയാളഭാഷ ഉത്ഭവിച്ചിട്ടി
ല്ല;" എന്നു ഈ ലേഖകൻ അല്പം മുമ്പു പറഞ്ഞിരിക്കുന്നു. ഇ
തിൽനിന്നും ഈ വിഷയത്തിൽ ലേഖകന്റെ അഭിപ്രായം
എന്താണെന്നു വ്യക്തമാകുന്നതാണ്. "ഉല്പത്തി സംസ്കൃത
ത്തിൽനിന്നു മാത്രമാണെങ്കിൽ ഉത്ഭവിച്ച ഭാഷയും സംസ്കൃ
തവുമായി യാതൊരു വ്യത്യാസവും കാണാതിരിക്കേണ്ടതാ
ണ്. എന്നാൽ മലയാളത്തെ നോക്കുകയാണെങ്കിൽ സം
സ്കൃതപദങ്ങളും സംസ്കൃതതൽഭവങ്ങളും ഒട്ടേറെ ഉണ്ടു

താനം." ഇതു ഈ ലേഖകന്റെ മറെറാരു അഭിപ്രായമാണ്. ഭാഷയുടെ ഉല്പത്തി സംസ്കൃതത്തിൽനിന്നുമാണെങ്കിൽ ഭാഷയ്ക്കും സംസ്കൃതത്തിന്നും തമ്മിൽ ഒരു വ്യത്യാസവുമുണ്ടായിരിക്കരുതെന്നുള്ള അഭിപ്രായം സാധുവല്ല. ഈ തത്വം അനുസരിച്ചാണെങ്കിൽ മലയാളം തമിഴിൽനിന്നുണ്ടായി എന്ന അഭിപ്രായം ലേഖകന്നുതന്നെ അസംബന്ധമാകുന്നതാണ്. എന്തെന്നാൽ തമിഴിന്നും ഭാഷയ്ക്കും തമ്മിൽ വളരെ വ്യത്യാസങ്ങളുണ്ട്. സംസ്കൃതത്തിൽനിന്നുണ്ടായിട്ടുള്ള, ഹിന്ദി ബെങ്കാളി മറാത്തി മുതലായ ഭാഷകൾ എല്ലാം, സംസ്കൃതവുമായി ഒരു വ്യത്യാസവുമില്ലാതെയാണോ ഇരിക്കുന്നത്? അവയിൽ കാണുന്നപോലെയുള്ള വ്യത്യാസം ഭാഷയ്ക്കുമുണ്ട്. സംസ്കൃതത്തെപ്പോലെതന്നെ മലയാളവുമിരിക്കണമെങ്കിൽ പിന്നെ എന്തിനെ ആസ്പദമാക്കിയാണ് ഭാഷ എന്നു വ്യവഹരിക്കുന്നത്? സംസ്കൃതത്തിന്നും ഭാഷയ്ക്കും എത്രമാത്രം അടുപ്പം ഉണ്ടെന്നാണു വിചാരിക്കേണ്ടത്. ഈ വിഷയത്തെക്കുറിച്ചു മുമ്പു സവിസ്തരം പറഞ്ഞിട്ടുണ്ടല്ലോ. ഭാഷയിൽ സംസ്കൃതപദങ്ങളെക്കാൾ തദ്ഭവപദങ്ങൾ അധികമുണ്ടെന്നു പറയുന്നതു അവാസ്തവമാണ്. സംസ്കൃതതദ്ഭവപദങ്ങൾതന്നെ അധികവും സംസ്കൃതത്തിൽനിന്നുമുണ്ടായിട്ടുള്ളവയാണ്. സംസ്കൃതപദങ്ങളെ എല്ലാം ഉപേക്ഷിച്ചാൽ ഭാഷയ്ക്കു യാതൊരു ന്യൂനതയും വരുവാനില്ലെന്നു പറയുന്നതു അദ്ഭുതം തന്നെ. സംസ്കൃതവൎണ്ണങ്ങളെയും സംസ്കൃതപദങ്ങളെയും ഉപേക്ഷിച്ചാൽ മലയാളഭാഷ ആകാശകുസുമമായിരിക്കും. തമിഴിലെ വൎണ്ണങ്ങളെയും പദങ്ങളെയും ഉപേക്ഷിക്കുന്നതായാലും ഭാഷയുടെ സത്ഭാവത്തിന്നു കുറവു വരികയില്ല. തമിഴിന്റെ മററു ചില ധൎമ്മങ്ങളുണ്ട് ഭാഷയ്ക്കു ഒഴിച്ചുകൂടാൻ പാടില്ലാതിരിക്കുന്നത്.

ഭാഷയുടെ ഉല്പത്തി തമിഴിൽനിന്നുമാണെന്നു സാധിക്കുന്നതിന്നു, പുതിയ പണ്ഡിതന്മാർ പുറപ്പെടുവിക്കുന്ന യുക്തികളേയും പ്രമാണങ്ങളേയും, എല്ലാം നല്ലപോലെ ശോധി

ഷ്യകാരന്മാരാണു്, ഈ വിഷയത്തെക്കുറിച്ച് ഇവിടെ ഇത്രയും പറഞ്ഞതു്. ഏതത്സംബന്ധമായി പല പത്രങ്ങളിലും മാസികകളിലും പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ലേഖനങ്ങളെ കഴിയുന്നിടത്തോളം സംഗ്രഹിച്ചു വിമശിച്ചിട്ടുണ്ടു്. എല്ലാവിധത്തിലുമുള്ള അഭിപ്രായങ്ങളെ ഒാരിച്ചും കഴിയുന്നപോലെ വിചാരിച്ചു നോക്കിയതിൽ മലയാളഭാഷ സംസ്കൃതത്തിൽനിന്നുമാണുണ്ടായതെന്നുള്ള കോവുണ്ണിനെടുങ്ങാടിയുടെ മതം തന്നെയാണു് സ്വീകാര്യമായിരിക്കുന്നതെന്നു പറഞ്ഞുകൊള്ളുന്നു.

ദേശിയും സംസ്കൃതഭവം,
തഥാ സംസ്കൃതരൂപവും,
ഭാഷയ്ക്കു മൂവിധം, തത്ര
ദേശിയാം ശുദ്ധിനാമകം;
യാതൊന്നവയവാർത്ഥത്തി-
ന്നപേക്ഷ കലരാതെ താൻ
സ്വയമർത്ഥം കുറിക്കുന്നി-
തതിനാം ശുദ്ധിയെന്നു പേർ.

ദേശി സംസ്കൃതഭവം സംസ്കൃതരൂപം എന്നു ഭാഷ മൂന്നു വിധമുണ്ടു്. ലീലാതിലകത്തെ അനുസരിച്ചാണിവിടെയീവിഭാഗം ചെയ്തിരിക്കുന്നതു്. ഇതിൽ ശുദ്ധിയെ ദേശി എന്നും പറയുന്നു. യാതൊരു പദം അവയവാർത്ഥാപേക്ഷ കൂടാതെ സ്വയം തന്നെ അർത്ഥത്തെ ബോധിപ്പിക്കുന്നുവോ അതിനു ശുദ്ധി എന്നു പേർ.

ഭാഷാന്തരഭവം ശുദ്ധം
ഭാഷാന്തരസമാനവും
ദേശിക്കിനി, ത്രിധാദ്യത്ത-
തന്യാപഭ്രംശരൂപമാം.

ഭാഷാന്തരഭവം ശുദ്ധം ഭാഷാന്തരസമാനം എന്നു ദേശി മൂന്നുവിധം ഭവിക്കുന്നു. ഇതിൽ ഭാഷാന്തരഭവം അന്യ

ഭാഷയുടെ അപഭ്രംശരൂപമാകുന്നു. നൂക്കു, വേണ്ട മുതലായ പദങ്ങൾ, 'നൂകു ബേഡാ' മുതലായ കർണ്ണാടകപദങ്ങളുടെ അപഭ്രംശങ്ങളാകയാൽ ഇവയെ ഭാഷാന്തരഭവങ്ങളെന്നു പറയുന്നു.

ശുദ്ധമായ് ഭാഷയിൽ ചേർന്നം
പദം ശുദ്ധഭാഷിതമാം

അന്യഭാഷയുടെ സമ്പർക്കമില്ലാതെ ഭാഷയിൽ തനിയെ ചേർന്നതാകുന്നു ശുദ്ധം. ഉദാഹരണം: തൊട്ടി; മുഴം.

൯ ഭാഷാന്തരസമം മറ്റു-
ള്ളതിനോടൊപ്പമായത്.

ഇതരഭാഷാപദങ്ങളോടു തുല്യമായതു ഭാഷാന്തരസമം. വന്നാൻ, ഇരുന്നാൻ, തെങ്ങ, മാങ്ങ മുതലായവ, വന്താൻ, ഇരുന്താൻ, തേങ്കാ, മാങ്കാ ഇത്യാദി പദങ്ങളോടു സദൃശങ്ങളാകയാൽ ഭാഷാന്തരസമങ്ങളാം.

സംസ്കൃതത്തിൻ പ്രകൃതിയു-
ദ്ഭവമായത് തദ്ഭവം

സംസ്കൃതത്തിന്റെ പ്രകൃതി ഉദ്ഭവിക്കാൻ കഴിയുന്നതു സംസ്കൃതഭവമാകുന്നു. ഉദാഹരണം: ഭിക്ഷ, പിച്ച ഇത്യാദി.

൧൦ അന്ത്യത്തിൽ മാറ്റം വന്നിട്ടു-
ള്ള സംസ്കൃതരൂപമാം.

ഒടുവിൽ മാറ്റം വന്ന ഭാഷ സംസ്കൃതരൂപമാണ്. മാലിക, മല്ലിക ഇത്യാദി.

നീചാനീചജനങ്ങൾക്കു-
ള്ള പ്രയോഗം നിമിത്തമായ്
൧൧ അപകൃഷ്ടമുൽകൃഷ്ട-
മെന്നു രണ്ടുവിധത്തിലാം.

സംസ്കൃതരൂപം, അപകൃഷ്ടം ഉൽകൃഷ്ടം എന്നു രണ്ടുവിധത്തിലുണ്ട്. താഴ്ന്ന നിലയിലുള്ളവരുപയോഗിക്കുന്നത് അപകൃഷ്ടം; ഉയർന്നവർ ഉപയോഗിക്കുന്നത് ഉൽകൃഷ്ടം.

അപകൃഷ്ടം; ജനകൻ മിത ഭാഗ്യം ഇച്ഛിലം;
ഉൽകൃഷ്ടം; ജനകൻ സീത ഭാഗ്യം ദ്ദ്വിലം;

ചിലപ്പോൾ സംസ്കൃതപ്രത്യ-
യമാക്കാം ഭാഷാപദങ്ങളെ
൧൨ അതുപോൽ ഭാഷതൻ രൂപ-
ങ്ങളാക്കാം സംസ്കൃതത്തിനും.

ചിലപ്പോൾ സംസ്കൃതപ്രത്യയങ്ങൾ ചേർത്തു ഭാഷയെ സംസ്കൃതമാക്കാം; അതുപോലെ ഭാഷാപ്രത്യയം ചേർത്തു സംസ്കൃതത്തെ ഭാഷയുമാക്കാം; (ഉദാഹരണം മുമ്പു കൊടുത്തിട്ടുള്ളതു നോക്കുക.)

മാണിക്യവും പവിഴവും
തമ്മിൽ ച്ചേരുന്നമാതിരി
൧൩ ഭാഷാസംസ്കൃതശബ്ദങ്ങ-
ളത്യന്തസുകുമാരമായ്.

ചേർന്നാൽ മണിപ്രവാളാഖ്യ-
ഭാഷാരീതി ഭവിച്ചിടും

മാണിക്യത്തിനും പവിഴത്തിനും ഒരേ നിറമാകയാൽ, അവയെ ഒരു ചരടിൽ ചേർത്തു കെട്ടിയാൽ രണ്ടാണെന്നു് അറിയുകയില്ല. ഇതുപോലെ സംസ്കൃതപദങ്ങളേയും ഭാഷാപദങ്ങളേയും തമ്മിൽ ഭംഗിയായി ചേർക്കുന്നതിനു മണിപ്രവാളമെന്നു പേർ.

൧൪ അതിപ്രൗഢം തഥാപ്രൗഢം
ലളിതം കേവലാത്മകം.

മലയാളത്തിലെ ഭാഷാ
രീതിനാലീവിധത്തിലാം
൧൫ മണിപ്രവാളമാർഗ്ഗത്തെ
ഊനാംസംസ്കൃതയോജിതം.

അതിപ്രൗഢം, പ്രൗഢം, ലളിതം, കേവലം, എന്നു

ഭാഷാരീതി നാലുവിധം. ഇവയിൽ ആദ്യത്തെ മൂന്നും സംസ്കൃതത്തിനോട് ഇണക്കമുള്ളതാണ്. അതിനാൽ അവറ്റു മണിപ്രവാളമെന്നു പേർ പറയും. കേവലം എന്നു പറഞ്ഞതു പച്ചമലയാളമാകുന്നു. (ഇവിടെ രീതി എന്നു പറഞ്ഞിരിക്കുന്നതു വൈദർഭ്യാദിരീതികളെ സംബന്ധിച്ച അല്ല.)

സംസ്കൃതം പ്രത്യയങ്ങളും
ഭാഷയെക്കാളേറെയാകിൽ
എന്ന അതിപ്രൗഢം, സമം നില്ക്കിൽ
പ്രൗഢ, മപ്രത്യയാന്വിതം;
ഭാഷക്കുതകലായ്ച്ചേരു-
ന്നതാൻ ലളിതാഭിധം
എ) സംസ്കൃതം തെല്ലുമില്ലാത്ത
രീതി കേവലഭാഷയാം

സംസ്കൃതപദങ്ങളെ പ്രത്യയങ്ങളോടുകൂടി ഭാഷയെക്കാൾ അധികം ഉപയോഗിക്കുന്നതു അതിപ്രൗഢം.

പ്രത്യക്ഷതാരസ്ഥപാദസേ കൂടതരാത്രല തിലകേ ഹന്ത്യാകമ്പോദ്യതൽ.
കസ്തൂരീരസപൂരിതരണിരേവൻതാരനാരീപാദിതാമ
നിശ്ശാരത വിലസിതനന്ദകിസ്വലതാരപ്രസ്ഥവാസ്യം ചെവികൊ-
ണ്ടതരാനം ചെയ്തിരിക്കും വരിവുതവ മഹാരാജ! ചെല്ലൂർപുരാരേ!

(ചെല്ലൂരീശവിലാസം) (കവിസമയം)

ചമ്പുക്കൾ കഥകളികൾ മുതലായവയിലെ ഭാഷാരീതി അതിപ്രൗഢമാകുന്നു.

സംസ്കൃതപദങ്ങളെ പ്രത്യയങ്ങൾ കൂടാതെ ഭാഷയോടു സമമായി ഉപയോഗിക്കുന്നത് പ്രൗഢമണിപ്രവാളം.

"തരണരാസ്തുതനായണനോടുകൂടെരാമചിച്ചതങ്ങളിഞ്ഞുറിച്ചുള്ളപോലെ
ഫരിദൃശ്യതരിഫലനായനൊവരിണാവാലിലെലിതരപോചരി
ഫരിക്ഷോഭമനൊട്ടുപോതവാനാഴ്വാതനാളി കണ്ടുപാദത്തശല്യവും
പച്ചരാട്ടം കാണാരാണിഫരേ ചാമിർച്ചുാ വലരിപ്പുതനായണൊക്കണാലുന്നീ
മുനികൾമാനസങ്ങളിലിലുംശേപെയനിതമ: തരടമുലതാരമ്മിലും
ഇതന്നതല്ലമൊധവം രോനമായ്പോരന്നാവിലനാട്ടവിലമാക

[illegible]

(രാമായണം ചമ്പു)

സംസ്കൃതപദങ്ങളും ഭാഷാപദങ്ങളും കൂടി നില്ക്കുന്നു ലളിതം.

[illegible]

(സന്താനഗോപാലം പാന)

സംസ്കൃതപദങ്ങളെ മുഴുവൻ ഉപേക്ഷിച്ചിട്ടുള്ളതാണ് പച്ചമലയാളം.

[illegible]

[illegible]
[illegible]

(കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ)

൫൪ വാക്യമാം യോഗ്യതാകാംക്ഷാ-
സത്തിയുക്തം പദോച്ചയം,
പദാർത്ഥാന്യോന്യബന്ധത്തിൽ-
ബ്ബാധയില്ലായ്മ യോഗ്യത.

൫൫ വെള്ളംകൊണ്ടു നനയ്ക്കുന്നു
ദഹിപ്പിക്കുന്നു തീയിനാൽ
പൂർവ്വാപരത്തിൻ ഭാവാദി,
പ്രകൃതിപ്രത്യയങ്ങളിൽ
ഇണങ്ങിടുവതാകാംക്ഷാ-
യാസത്തി, ത്വരഭാഷണം.

യോഗ്യത, ആകാംക്ഷ, ആസത്തി, എന്നിവയോടുകൂടിയ പദസമൂഹമാകുന്നു വാക്യം. പദാർത്ഥങ്ങളുടെ പരസ്പരസംബന്ധത്തിനു ബാധ കൂടാതിരിക്കുന്നതാണു യോഗ്യത. 'തീയുകൊണ്ടു നനയ്ക്കുക', 'വെള്ളംകൊണ്ടു ദഹിപ്പിക്കുക,' എന്നു പറഞ്ഞാൽ പരസ്പരബന്ധത്തിനു ബാധയുണ്ടാകുന്നു. എന്തെന്നാൽ വെള്ളം കൊണ്ടല്ലാതെ നനയ്ക്കുന്നതിനും തീയു കൊണ്ടല്ലാതെ ദഹിപ്പിക്കുന്നതിനും പാടില്ല. പ്രകൃതിപ്രത്യയങ്ങളുടെ പൂർവ്വാപരഭാവം മുതലായതു ആകാംക്ഷയും, താമസിക്കാതെയുള്ള ഉച്ചാരണം ആസത്തിയുമാകുന്നു. 'രാമാ! പശുവിനെക്കൊണ്ടു വരിക' എന്ന വാക്യത്തിലെ രണ്ടുപദവും താമസിച്ചു ഉച്ചരിച്ചാൽ പെട്ടെന്നു അർത്ഥബോധം ഉണ്ടാകുന്നതല്ല.

൫൬ ഭാഷ്യശബ്ദം തന്നവാ-
ണർത്ഥമായുള്ളീവനം;
പദരൂപമതാം ശബ്ദം,
ശബ്ദനിഷ്ഠമർത്ഥവും.

ഭാഷയ്ക്കു ശബ്ദം ശരീരവും അർത്ഥം ജീവനും ആകുന്നു. പദസ്വരൂപമാകുന്നു ശബ്ദം; വക്താവിനാൽ ശബ്ദംകൊണ്ടു നിർദ്ദേശിക്കപ്പെട്ടതാണ് അർത്ഥം.

൧൫. ശബ്ദാർത്ഥാന്യോന്യസംബന്ധ-
മതാം വ്യാപാരനാമകം
ശബ്ദം ത്രിധാ, വാചകാഖ്യം
ലക്ഷകം വ്യഞ്ജകാഹ്വയം

൧൬. അതുപോലർത്ഥവും, വാച്യ-
ലക്ഷ്യവ്യംഗ്യങ്ങളിങ്ങനെ
വാചകാദികളൂന്നിനും
വ്യാപാരമഭിധാഖ്യയം

൧൭. ലക്ഷണാവ്യഞ്ജനാഖ്യങ്ങ-
ളെന്നു മൂന്നുവിധത്തിലാം.

ശബ്ദാർത്ഥങ്ങളുടെ അന്യോന്യസംബന്ധത്തിനു വ്യാപാരമെന്നുപേർ. ശബ്ദം, വാചകം, ലക്ഷകം, വ്യഞ്ജകം എന്നു മൂന്നുവിധമുണ്ട്. അപ്രകാരം, വാച്യം ലക്ഷ്യം വ്യംഗ്യം എന്നു അർത്ഥവും മൂന്നുവിധം; വാചകാദികളുടെ വ്യാപാരത്തിനു യഥാക്രമം അഭിധ, ലക്ഷണ, വ്യഞ്ജന എന്നു പേരുകളാകുന്നു.

സങ്കേതിതമതാമർത്ഥം
വചിക്കുന്നതു വാചകം

ഇന്ന പദത്തിനു ഇന്നതെന്നു നിശ്ചയിക്കപ്പെട്ടിട്ടുള്ളതാണ് സങ്കേതിതാർത്ഥം. ഇപ്രകാരമുള്ള അർത്ഥത്തെ കുറിക്കുന്ന ശബ്ദമാകുന്നു വാചകം.

൧൮. ത്രിധാഭിധാ, രൂഢിയോഗം
യോഗരൂഢിയുമിങ്ങനെ
അംശശക്തിവശാലർത്ഥ-
പ്രത്യായകതയോഗമാം

൫൭ രൂഢിയോഗവും രൂഢിയും ചേൎന്നു
യോഗരൂഢി ഭവിച്ചിടും.

(രൂഢിയുടെ ലക്ഷണം മുമ്പു പറഞ്ഞിട്ടുണ്ട്.) വാചകത്തിന്റെ വ്യാപാരമായ അഭിധയ്ക്കു, രൂഢി യോഗം യോഗരൂഢി എന്നു മൂന്നു ഭേദങ്ങൾ ഉണ്ട്. അംശശക്തികൊണ്ടുള്ള അൎത്ഥബോധകത്വം യോഗമാകുന്നു. ഉദാഹരണം; പാൽക്കാരൻ, തുള്ളൽക്കാരൻ; ഇത്യാദി. യോഗവും രൂഢിയും ചേരുന്നതു യോഗരൂഢി. ഉദാഹരണം; കതിരവൻ, മുതലായവ. രൂഢി മുതലായവയെ, കേവലസമുദായശക്തി, കേവലാവയവശക്തി, സമുദായാവയവശക്തിസങ്കരം, എന്നും ചിലർ പറയുന്നുണ്ട്.

ഭാഷയിങ്കൽപ്പദങ്ങൾക്കു
വരുമൎത്ഥം പലവിധം

ഭാഷയിൽ, പദങ്ങൾക്കു പല അൎത്ഥങ്ങളും ഉണ്ടാകുന്നതാണ്. ഉദാഹരണം; മലർ ഹരി മാനം മുതലായവ.

൫൮ സംയോഗവിപ്രയോഗങ്ങൾ
സാഹചൎയ്യം വിരോധവും
അൎത്ഥം പ്രകരണം ലിംഗ-
മന്യശബ്ദസമീപത
൫൯ സാമൎത്ഥ്യമൌചിതി ദേശം
കാലം സ്വരവുമാംഗ്യവും.
നാനാൎത്ഥമായ ശബ്ദത്തി-
ന്നഭിധാനിയമങ്ങളാം

സംയോഗം മുതലായവ, നാനാൎത്ഥകമായ ശബ്ദത്തിന്റെ അഭിധയെ നിയമനം ചെയ്യുന്നവയാകുന്നു.

൬൦ നാനാൎത്ഥമായ ശബ്ദത്തി-
ന്നൊരൎത്ഥത്തിൽ പ്രസിദ്ധകം
യോഗം സംയോഗനാമം താൻ;
സശംഖാംബുജനാം ഹരി;

നാനാർത്ഥകമായ പദത്തിന്റെ, ഒന്നിൽ മാത്രം പ്രസിദ്ധമായ സംബന്ധം, സംയോഗമാകുന്നു.

ഉദാ: സശംഖചക്രനായ ഹരി

ഇവിടെ വിഷ്ണുവിങ്കൽ മാത്രം പ്രസിദ്ധമായ ശംഖചക്രങ്ങളുടെ സംബന്ധംകൊണ്ടു ഹരിശബ്ദത്തിനു വിഷ്ണു എന്നു അർത്ഥം.

൫൯. ഇരുപേർക്കുള്ള വേർപാടാം
വിപ്രയോഗം പ്രകീർത്തിതം;
അശംഖചക്രനായുള്ള
വിരഹിപ്പവനാം ഹരി.

മുമ്പു പറഞ്ഞ സംബന്ധത്തിന്റെ വേർപാടു വിപ്രയോഗം;

ഉദാഹരണം: അശംഖചക്രനായ ഹരി

ശംഖചക്രങ്ങളുടെ വേർപാടുകൊണ്ടു ഹരിശബ്ദം വിഷ്ണുവിനെ കുറിക്കുന്നു.

൬൦. സഹപ്രയുക്തമായുള്ള
പദത്തിനർത്ഥമൊത്തുള്ള
സംസർഗ്ഗം സാഹചര്യമാം;
രാമലക്ഷ്മണരാണിവർ;

സഹപ്രയുക്തമായുള്ള പദത്തിന്റെ അർത്ഥവുമായുള്ള സംസർഗ്ഗമാകുന്നു സാഹചര്യം.

ഉദാ: രാമലക്ഷ്മണന്മാർ.

ലക്ഷ്മണസാഹചര്യംകൊണ്ടു 'രാമൻ' എന്ന പദത്തിനു ദാശരഥി എന്നർത്ഥം.

൬൧. പ്രസിദ്ധമായ ശത്രുത്വം
വിരോധം; രാമരാവണർ

പ്രസിദ്ധമായ വൈരമാകുന്നു വിരോധം.

ഉദാ: രാമരാവണന്മാർ.

രാമരാവണന്മാരുടെ വിരോധം പ്രസിദ്ധമാകയാൽ രാമൻ എന്ന പദത്തിനു ദാശരഥി എന്നു അർത്ഥം.

അ ർ ത്ഥം പ്ര യോ ജ നം; ദുഃ ഖം
തീ ർ ക്കാ ൻ സേ വി ക്ക ദേ വ നെ

അർത്ഥം പ്രയോജനമാകുന്നു. ദുഃഖം തീർക്ക എന്ന പ്രയോജനംകൊണ്ടു, ദേവൻ എന്ന പദത്തിനു ഈശ്വരൻ എന്നു അർത്ഥം.

൩൨. പ റ യു ന്ന വ ർ കേ ൾ ക്കു ന്നോ-
രെ ന്നി വ ക്കു മ ന സ്സ ത്തി ൽ
പ രം വി ഷ യ മാ യി ട്ടു-
മ താം പ്ര ക ര ണാ ഭി ധം

൩൩. എ ല്ലാ മ റി യു വോ നാ ണു
ദേ വ നെ ന്നു ഇ നി ണ്ണ യം

വക്താവു ശ്രോതാവു എന്നിവരുടെ ബുദ്ധിക്കു വിഷയമാകുന്നതു് പ്രകരണം.

ഉദാ; ദേവനെല്ലാമറിയുന്നവനല്ലോ.

പ്രകരണവശാൽ ദേവൻ എന്നതിനു രാജാവു എന്നർത്ഥം.

അ ർ ത്ഥാ ന്ത ര ത്തി ലു ണ്ടാ കാ-
തൊ ര ർ ത്ഥ ത്തി ലി രി പ്പ താ യ്

൩൪. പ ദാ ർ ത്ഥം ലിം ഗ മാം; ഭൂ ഭൃ-
ത്ത ധി കം സൂ ചി ത നാ യ്

അർത്ഥാന്തരത്തിൽ സംഭവിക്കാത്തതും ഒരർത്ഥത്തിൽ മാത്രം ഇരിക്കുന്നതുമായ പദാർത്ഥം ലിംഗം.

ഉദാ; ഭൂഭൃത് കോപിച്ചു.

കോപിക്കുക എന്ന ലിംഗം കൊണ്ടു ഭൂഭൃൽപദത്തിനു രാജാവു എന്നർത്ഥം.

നി ശ്ചി താ ർ ത്ഥ പ ദ ത്തി ന്റെ-
യ ടു പ്പം താ ൻ സ മീ പ ത

൮. മുക്കണ്ണനായൊരു ദേവൻ
കാക്കട്ടേ! നമ്മെയൊക്കെയും

നിശ്ചിതാർത്ഥകമായ മറെറാരു പദത്തിന്റെ അടുപ്പമാകുന്ന സമീപത.

ഉദാ: മുക്കണ്ണനായ ദേവൻ.

മുക്കണ്ണൻ എന്ന പദത്തിന്റെ സാമീപ്യംകൊണ്ടു ദേവപദത്തിനു ശിവൻ എന്നർത്ഥം.

൯. സാമർത്ഥ്യമാം കാരണതാം
മധുസന്തുഷ്ടമാം പികം

കാരണതയാകുന്ന സാമർത്ഥ്യം.

ഉദാ: മധുസന്തുഷ്ടമാം കോകിലം.

കോകിലത്തിനു സന്തോഷത്തെ ജനിപ്പിക്കുകയാൽ 'മധു' ശബ്ദത്തിനു വസന്തമെന്നർത്ഥം.

൧൦. ഉപായത്തിൻ സുയോഗ്യതയാ-
ലൌചിതീനാമമായത്
ഉൾപ്പൂവില്ലുള്ള കാമാർത്തി
തീർക്കട്ടെ നിൻ പ്രിയാമുഖം

ഉപായയോഗ്യതയാകുന്ന ഔചിതി.

ഉദാ: പ്രിയാമുഖം കാമാർത്തിയെ നശിപ്പിക്കട്ടെ.

കാമാർത്തി തീർക്കാനുള്ള യോഗ്യതകൊണ്ടു മുഖശബ്ദത്തിനു ആഭിമുഖ്യം എന്നർത്ഥം.

൧൧. സ്ഥലത്തിന്റെ വിശേഷം താൻ
ദേശം; പോർക്കളമായതിൽ
പായുന്ന സൈന്ധവത്തിന്റെ
ശബ്ദം കേൾക്കുന്നിതുച്ചമായ്

സ്ഥലവിശേഷമാകുന്ന ദേശം.

ഉദാ: യുദ്ധക്കളത്തിൽ സൈന്ധവം ശബ്ദിക്കുന്നു.

സ്ഥലവിശേഷത്താൽ സൈന്ധവത്തിനു കുതിര എന്നർത്ഥം.

നവ്യ കാലം സമയമാം; ചിത്ര-
ഭാനു ശോഭിപ്പു രാത്രിയിൽ

കാലം സമയമാകുന്നു.

ഉദാ: രാത്രിയിൽ ചിത്രഭാനു ശോഭിക്കുന്നു.

സമയം കൊണ്ടു ചിത്രഭാനുപദത്തിനു അഗ്നി എന്നർത്ഥം.

ശബ്ദത്തെയുച്ചരിക്കുന്ന
ഭേദമാകും സ്വരാഭിധം

ശബ്ദോച്ചാരണഭേദമാകുന്നു സ്വരം.

ഉദാ: അല്ല ഞാൻ നിനക്കു തരാം.

സ്വരവ്യത്യാസത്താൽ തരികയില്ലെന്നു അർത്ഥം വരുന്നതാണ്.

നൽ ആംഗികാഖ്യമതംഗമാം
കൊണ്ടു ചെയ്യുന്ന ചേഷ്ടയാം

അംഗംകൊണ്ടു ചെയ്യുന്ന ചേഷ്ടയാണ് ആംഗികം

ഉദാ: എനിക്കിത്രയും വേണം.

ഇവിടെ ഇത്രയെന്ന പദത്തിന്റെ അർത്ഥം ആംഗികം കൊണ്ടു അറിയേണ്ടതാണ്.

വാച്യത്തിന്നന്വയാഭാവ-
മൂലം പുതിയതാം പൊരുൾ

൪൦. ഖ്യാതികൊണ്ടോ ഫലംകൊണ്ടോ
അറിയുന്നതു ലക്ഷണ.

വാച്യാർത്ഥത്തിനു അന്വയാഭാവംമൂലം പ്രസിദ്ധി കൊണ്ടോ ഫലംകൊണ്ടോ പുതിയ അർത്ഥം ഏതൊരു വ്യാപാരംകൊണ്ടു തോന്നിക്കുന്നുവോ അതു ലക്ഷണ. ഈ വ്യാപാരം വാച്യാർത്ഥത്തിന്റെ സംബന്ധമാണെന്നാണ് താർക്കിക മതം. പ്രസിദ്ധിമൂലം അർത്ഥം തോന്നിക്കുന്നത് പ്രസിദ്ധിമൂലം; ഫലംനിമിത്തമുള്ളതു ഫലമൂലം; എണ്ണ എന്ന പദത്തിനു, എള്ളിലെ നെയ്യ് എന്നുള്ള വാച്യാർത്ഥത്തെ കളഞ്ഞു, എ

ളിൽ എന്നേപോലെയുള്ള സ്വേച്ഛാരൂപമായ സമാരോപം എന്നു, അർത്ഥം കല്പിക്കുന്നതു പ്രസിദ്ധമൂലമായ ലക്ഷണ. കാശിനഗരം ഗംഗയിലാകുന്നു എന്നു പറഞ്ഞാൽ, നഗരം നദിയിൽ സ്ഥിതിചെയ്യാത്തതിനാൽ, വാച്യാർത്ഥത്തിനു ബാധയുണ്ടാകുന്നു. അന്വയസിദ്ധിക്കുവേണ്ടി ഗംഗാശബ്ദത്തിനു ഗംഗാതീരം എന്നർത്ഥം സിദ്ധിക്കുന്നു. ഗംഗയിലെന്നു പറയാതെ ഗംഗാതീരം എന്നു പറഞ്ഞാൽ ശൈത്യാദിഫലം സിദ്ധിക്കയില്ല. അതിനാൽ ഇതു ഫലമൂല.

ജഹല്ലക്ഷണയും പിന്നീ-
ടജഹല്ലക്ഷണാഖ്യവും
൪൯. മിശ്രമിങ്ങനെ മൂന്നാണ്
ലക്ഷണാഭിധമാണുള്ളൂ.

വാച്യലക്ഷ്യാർത്ഥങ്ങളുടെ അന്തരം പ്രമാണിച്ചു ജഹല്ലക്ഷണ, അജഹല്ലക്ഷണ, മിശ്രം (ജഹദജഹല്ലക്ഷണ) എന്നു ലക്ഷണ, മൂന്നുവിധമുണ്ട്.

ജഹല്ലക്ഷണ, വാച്യാർത്ഥം
മുഴുവൻ വെടിയുന്നതാം
൫൦. ഗംഗാനദിയിലായ് കാശീ-
പുരി മിന്നുന്നിതുജ്ജ്വലം.

വാച്യാർത്ഥം മുഴുവൻ ഉപേക്ഷിക്കുന്നതു ജഹല്ലക്ഷണ. ഉദാഹരണം സ്പഷ്ടം.

അർത്ഥാന്തരത്തെ വാച്യാർത്ഥ-
മിതു കൈവെടിയാതെതാൻ
൫൧. തോന്നിപ്പിക്കുന്നതാം ബാക്കി-
ലജഹല്ലക്ഷണാഭിധം.

വാച്യാർത്ഥത്തെ ഉപേക്ഷിക്കാതെ അർത്ഥാന്തരത്തെ തോന്നിപ്പിക്കുന്നത് അജഹല്ലക്ഷണ.

ഉദാ: [illegible]

ഇവിടെ കുന്തം തനിയെ വരാത്തതിനാൽ കുന്തക്കാർ വരുന്നു എന്ന അർത്ഥം സിദ്ധിക്കുന്നു; കുന്തപദത്തിന്റെ അർത്ഥത്തിനു കുറവുവരുന്നില്ല; അതുകൊണ്ടു ഇതു അജഹല്ലക്ഷണയാകുന്നു.

വെടിഞ്ഞും വെടിയാതെയും
വാച്യാർത്ഥമിയലുന്നതാം
൪൪ മിശ്രലക്ഷണ; തൽ ഗ്രാമം
തീപിടിച്ചു നശിച്ചുപോയ്.

വാച്യാർത്ഥം ഉപേക്ഷിക്കപ്പെട്ടതും ഉപേക്ഷിക്കപ്പെടാത്തതും കൂടിയതു് ജഹദജഹല്ലക്ഷണ. ഗ്രാമത്തിൽ ഏതാനും ഭവനങ്ങൾ തീപിടിച്ചുനശിക്കവേ ഗ്രാമം നശിച്ചു എന്നു പറയുന്നതു ഉദാഹരണം.

വാച്യാർത്ഥത്തിന്റെ സംബന്ധ-
സ്വഭാവംതാൻ നിമിത്തമായ്
൪൫ ലക്ഷണയ്ക്കുണ്ടു ഭേദങ്ങൾ
ഗൗണിയും ശുദ്ധയും തഥാ.

വാച്യാർത്ഥത്തിന്റെ സ്വഭാവം നിമിത്തം ലക്ഷണക്കു ഗൗണി എന്നും ശുദ്ധ എന്നും, രണ്ടു ഭേദങ്ങൾ ഉണ്ടു്.

സാദൃശ്യമായ സംബന്ധം
ഗൗണി; സിംഹമാണവൻ

സംബന്ധം സാദൃശ്യമാണെങ്കിൽ ഗൗണി. 'അവൻ സിംഹമാണ്' എന്നു പറയുന്നതിൽ അവൻ സിംഹസമനാണെന്നർത്ഥം.

കാര്യകാരണഭാവം സ്വ-
സ്വാമിഭാവമതാദിയാം
൪൬ സംബന്ധമെങ്കിലോ ശുദ്ധ;
ഘൃതമായുസ്സതെന്നയാം.

സംബന്ധം, കാര്യകാരണഭാവം സ്വസ്വാമിഭാവം മുതലായവയാണെങ്കിൽ ശുദ്ധ. ഘൃതം ആയുസ്സിനുകാരണമാ

ണെന്നല്ലതിനു, ആയുസ്സ് എന്നു പറയുന്നത് ഉദാഹരണം. ഇത് കാര്യകാരണഭാവസംബന്ധമാകുന്നു. രാജസേവകനാ യ ഭടൻ പോകുമ്പോൾ രാജാവു പോകുന്നു എന്നു പറയുന്ന തു സ്വസ്വാമിഭാവസംബന്ധമാകുന്നു.

൪൭ ദ്വിവിധം ഗൌണി; സാരോപ
തഥാ സാദ്ധ്യവസാനയും,
ഉപമേയത്തെ നിർദ്ദേശി-
ച്ചുപമാനത്തിനാരോപം.

൪൮ അഭേദകല്പനം ചെയ്യു-
ന്നതാം സാരോപകാഹ്വയം
മുഖേന്ദു, ചരണാംഭോജം,
ശ്രിതമന്ദാരഭൂരുഹം,

ഗൌണിക്കു സാരോപ സാദ്ധ്യവസാന എന്നു രണ്ടു ഭേദ ങ്ങൾ ഉണ്ട്. ഉപമേയത്തെ നിർദ്ദേശിച്ചു അതിനു ഉപമാന ത്തിന്റെ അഭേദത്തെ കല്പിക്കുന്ന സ്ഥലത്ത് സാരോപ. ഉദാഹരണം സ്പഷ്ടം.

൪൯ ഉപമാനത്തെമാത്രം താൻ
നിർദ്ദേശിക്കുന്നതന്ത്യമാം;
അവർ ഗംഭീരസിംഹങ്ങൾ
വന്നുചേരുന്നിതേവമും

ഉപമേയത്തെ പറയാതെ ഉപമാനത്തെമാത്രം നിർദ്ദേ ശിക്കുന്ന സ്ഥലത്തു സാദ്ധ്യവസാന. ശൂരന്മാരായ ഭടന്മാർ വരുമ്പോൾ സിംഹങ്ങൾ വരുന്നു എന്നു പറയുന്നതു ഉദാഹ രണം.

൫൦ സ്വസ്വാർത്ഥം പ്രതിപാദിച്ചു-
ലക്ഷണാഭിധകൾക്കുമേൽ
നവാർത്ഥം വെളിവാക്കീടും
വ്യാപാരം വ്യഞ്ജനാഭിധം.

ലക്ഷണയും അഭിധയും, അതാതിനുള്ള അൎത്ഥത്തെ പ്രതിപാദിച്ചതിനുശേഷം, അതിൽനിന്നുതന്നെ വേറെ ഒരു പുതിയ അൎത്ഥത്തെ പ്രകാശിപ്പിക്കുന്ന വ്യാപാരം വ്യഞ്ജനയാകുന്നു. ലക്ഷണയുടെമേൽ ഉണ്ടാകുന്നതു ലക്ഷണാമൂലവും അഭിധയുടെമേൽ ഉണ്ടാകുന്നത് അഭിധാമൂലവും ആയ വ്യഞ്ജന.

൫൭ സംയോഗാദിബലാലൎത്ഥം
ചൊന്നതിൻ ശക്തിനില്ക്കവേ
ജനിക്കും വ്യഞ്ജനയതാ-
ഭിധാമൂലനാമകം

മുമ്പു പറഞ്ഞ സംയോഗം വിപ്രയോഗം മുതലായവയുടെ ബലംകൊണ്ടു അൎത്ഥത്തെ പ്രകാശിപ്പിച്ച അഭിധയുടെ ശക്തിനില്ക്കവേ, അതിൽനിന്നുണ്ടാകുന്നത് അഭിധാമൂലവ്യഞ്ജന. ഇതിനെക്കുറിച്ച്, 'ഭാഷാഭൂഷണ'ത്തിൽ ഇപ്രകാരം പറയുന്നു. 'ചിലേടത്തു അഭിധാസിദ്ധമായ പ്രകൃതാൎത്ഥം ശബ്ദിച്ചതിൽപിന്നീടും, ഒരു അപ്രകൃതാൎത്ഥം ശബ്ദമഹിമാവിനാൽ സഹൃദയന്മാരുടെ ഹൃദയത്തിൽ ഉദിക്കുന്നുണ്ട്. ഈ അപ്രകൃതാൎത്ഥത്തെ ദ്യോതിപ്പിക്കുന്നത്, അഭിധ ഒരിക്കൽ പ്രവൎത്തിച്ച വിരമിച്ചുപോയതിനാൽ, വ്യഞ്ജനതന്നെ ആകുന്നു എന്നു സ്പഷ്ടം. ഈ വ്യഞ്ജനയുടെ മൂലം എന്തെന്നുനോക്കുമ്പോൾ അഭിധയെ അല്ലാതെ വേറെ ഒന്നും കാണാത്തതിനാൽ ഇതു അഭിധാമൂലവ്യഞ്ജനയായി. അസ്തമിക്കുന്ന സൂൎയ്യനോടുകൂടി അവസാനിക്കുന്നപകൽ, തന്റെ പ്രകാശശേഷംകൊണ്ടു സന്ധ്യയെന്നൊരു പുതിയ കാലത്തെയുണ്ടാക്കുന്നതുപോലെ, വാച്യാൎത്ഥപ്രതിപാദനത്തോടുകൂടി ശമിച്ച അഭിധ, തന്നിൽനിന്നു ഉദിച്ചിട്ടുള്ള അൎത്ഥംകൊണ്ടു വ്യഞ്ജന എന്നൊരു നൂതനവ്യാപാരത്തെ ജനിപ്പിക്കുന്നു എന്നു താല്പൎയ്യം.”

ശ്രീമത്തപാലതാരകത്തിന്റെ ജലൽപ്രവാഹത്തിനു നന്നായ്
സാമൎത്ഥ്യത്തോടെപഠിച്ച മുരിപ്പിനു ശ്രീപാദങ്ങളെ

ലോകത്തെപ്പൂർണ്ണേന്ദുശ്രീയാൽ കയ്യിലൊതുക്കിക്കൊണ്ടു,
സ്വപ്നത്തെപ്പോലാക്കി അവസന്നതേ! സാമ്രാജ്യം വിലയം,

(മയൂരസന്ദേശം)

ഇവിടെ നിനക്ക സൽപുത്രങ്ങളോടു വിരോധമുണ്ടാകട്ടെ എന്ന പ്രകൃതാർത്ഥത്തിനുശേഷം, വിടവൃത്തികളായ ഏഷണിക്കാരോടും വിരോധം ഭവിക്കട്ടെ എന്നു, അപ്രകൃതമായ അർത്ഥം കൂടി അഭിധയിൽനിന്നുളവാകുന്നു. അതിനാൽ ഇതു അഭിധാമൂലവ്യഞ്ജന.

൩൮. ഏതു സാദൃശ്യത്തെയുദ്ദേശി-
ച്ചാകും ലക്ഷണ ചെയ്യതു
അതിനെ വെളിവാക്കുന്ന
ലക്ഷണാമൂലനാമകം.

ഏതു ഫലത്തെ ഉദ്ദേശിച്ചാണ് ലക്ഷണികശബ്ദം പ്രയോഗിക്കുന്നത് അതിനെ വെളിവാക്കുന്നതു ലക്ഷണാമൂലവ്യഞ്ജന.

“കാശീനഗരം ഗംഗയിലാകുന്നു.”

ഇവിടെ ഗംഗാപദം, പ്രവാഹരൂപിയായ വാച്യാർത്ഥത്തെ മാത്രം അറിയിപ്പിക്കുന്നു. അഭിധയുടെ വ്യാപാരം ഇതുവരെയെ ഉള്ളു. അഭിധാസിദ്ധമായ വാച്യാർത്ഥം ബാധിതമാകയാൽ, അന്വയസിദ്ധിക്കുവേണ്ടി ലക്ഷണ പ്രവർത്തിക്കുകയും ഗംഗാപദത്തിനു ഗംഗാതീരം എന്ന അർത്ഥം തോന്നിപ്പിക്കുകയും ചെയ്യുന്നു. തീരം എന്ന അർത്ഥത്തെക്കുറിച്ചിട്ടു, ലക്ഷണ അവസാനിച്ചതിന്റെ ശേഷം, ശൈത്യപാവനത്വാദികളെ തോന്നിക്കുന്നത് വ്യഞ്ജനയാകുന്നു. ഇപ്രകാരം ഫലലക്ഷണകളിൽ ഫലത്തെ ബോധിപ്പിക്കുന്നത് വ്യഞ്ജനയാകയാൽ അതിനു ലക്ഷണാമൂലയെന്നു പേർ.

൩൯. വക്താവും കേൾക്കുന്നവൻ വാച്യ-
വസ്തുവും വാക്യവും തഥാ

കാലംദേശംപ്രകരണം
ചേഷ്ടയിത്യാദിതന്നുടെ
൫൪. വിശേഷത്താൽ സഹൃദയ-
ർക്കുളിലന്യാർത്ഥബോധവും
ഉദിക്കുന്നതു, അർത്ഥശക്തി-
മൂലവ്യഞ്ജനയാണതു്.

പറയുന്നവൻ കേൾക്കുന്നവൻ മുതലായവരുടെ വിശേഷത്തെ അറിയുന്ന സഹൃദയന്മാർക്കു, ചിലേടത്തു വാച്യാദികളായ എല്ലാ അർത്ഥങ്ങളും, വേറെ ഒരു അർത്ഥവും തോന്നിക്കും. ആയതു അർത്ഥശക്തിമൂലമായ വ്യഞ്ജനാവ്യാപാരത്താലാകുന്നു.

സ്തനം നിശ്ശേഷമായ് ചോർന്നു ചന്ദനം, ചുണ്ടിലെച്ചോപ്പുപോയഹോ
മിഴിക്കു, മൈപ്പുരണ്ടില്ല, ഉടലിൽ പുളകമുണ്ടല്ലോ,
ചൊല്ലും! പൊയ്ചൊല്ലും ദൂതീ! ബന്ധുക്കളറിയാതെ നീ കുളിപ്പാൻ-
നിന്നുംപോയ്ക്കുളിച്ചെന്നല്ലാതവിടെ അധമന്റെയന്തികത്തിൽ.
(അമരുകശതകം)

നായകനെക്കൂട്ടിക്കൊണ്ടുവരാനായി പറഞ്ഞയക്കപ്പെട്ട ദൂതി തനിയെ തിരിച്ചുവന്നതു കണ്ടു, നായിക അവളോടു പറയുന്നതാണിതു്. എന്റെ സങ്കടം അറിയാതെ നീ കുളിക്കുവാനാണല്ലോ പോയതു്; കാമുകന്റെ അടുക്കൽ പോയില്ലല്ലോ; എന്നാണിവിടെ വാച്യാർത്ഥം. ഇവിടെ നായികയുടേയും തൽപ്രകൃതയായ ദൂതിയുടേയും മറ്റും വിശേഷത്താൽ, നീ അദ്ദേഹത്തോടുകൂടി രമിക്കുകയാണല്ലോ ചെയ്തതെന്നർത്ഥം വ്യഞ്ജിക്കുന്നു.

ക്ഷണമിമകളിൽനിന്നു തല്ലിച്ചുണ്ടിൽ-
ക്കുളിർമുലമേലുടഞ്ഞിറങ്ങി വന്നു
വലികളിലിടറിച്ചിരേണ നാഭി-
ച്ചുഴിയിലിറങ്ങി നവീനവർഷബിന്ദു.

(ഭാഷാകുമാരസംഭവം)

ഇതു, വർഷകാലത്തിൽ പാർവ്വതി തപസ്സുചെയ്യുന്നതിനെ വർണ്ണിക്കുന്ന പദ്യമാകുന്നു. ഇവിടെ വർഷബിന്ദുവിന്റെ [illegible]

സ്ഥിതിഭേദമാണ് വാച്യാർത്ഥം. ഇതിൽനിന്നും പാർവ്വതി നാസാഗ്രത്തിൽ ദൃഷ്ടി ഉറപ്പിച്ചുകൂടി ഭേദം ഇളകാതെ നിന്നു എന്നും, പ്രകരണാദിവിശേഷത്താൽ സിദ്ധിക്കുന്നു; അത്രയുമല്ല തത്തദംഗങ്ങളുടെ സൌന്ദര്യവും, കാമവികാരോദ്ദീപകമായ വർണ്ണനത്തിൽക്കൂടി പ്രചലിക്കാനുള്ള മനഃസ്ഥിതിയും, വ്യഞ്ജിക്കുന്നു. ഇവിടെ വ്യംഗ്യാർത്ഥം തോന്നുന്നതു പദങ്ങളുടെ ശക്തികൊണ്ടല്ല; അർത്ഥശക്തികൊണ്ടാണ്.

൧൯. രസത്തിന്നുൾക്കർഷം
വരുംപടി പദങ്ങളെ
അന്യോന്യം ഘടിപ്പിക്കും
സമ്പ്രദായമതു രീതിയാം.

൨൦. ത്രിവിധം രീതി, വൈദർഭി
ഗൌഡി പാഞ്ചാലിയിങ്ങനെ

രസത്തിന്റെ ഉൾക്കർഷം ഉണ്ടാകത്തക്കവിധം പദങ്ങളെ ഘടിപ്പിക്കുന്നതാണ് രീതി. വൈദർഭി, ഗൌഡി, പാഞ്ചാലി, എന്നു രീതി മൂന്നുവിധം.

പരുഷം വർണ്ണമില്ലാതെ
മാധുര്യമിയലുന്നതാം

൨൧. സമാസാല്പകമാം രീതി
വൈദർഭി മൃദുകോമളം

പരുഷവർണ്ണങ്ങൾ (ഖ ഛ ഠ ഥ ട മുതലായവ) ഇല്ലാതേയും മാധുര്യസഹിതമായും സമാസങ്ങൾ കുറഞ്ഞും മൃദുവായും കോമളമായും ഉള്ള രീതിയാണ് വൈദർഭി.

പരമശിവപൂജാ [illegible] നിശീഥം
മിഴികളിലണഞ്ഞും [illegible]
[illegible]
[illegible]

(ചന്ദ്രോത്സവം)

ഓജഃപ്രധാനമായേററം
ഗാഢബന്ധമിയന്നതായ്
൧൭. സമാസാധിക്യമുള്ള
രീതി ഗൌഡീസമുജ്ജ്വലം

ഓജസ്സു അധികമുള്ളതും സമാസത്തോടുകൂടിയതും ഗാഢബന്ധം ഔജ്ജ്വല്യമുള്ള പദങ്ങളുള്ളതായ രീതി ഗൌഡിയാകുന്നു.

ശങ്കാഹീനം ശശാങ്കാമലതരയശസാ ചേരുമൊപ്പന്നമാനാ
വങ്കാട്ടിൽ സഞ്ചരിക്കും ഹരിതമണിമയശ്രീകരാഘ്രികൾക്കുമുൻ
ഉങ്കാരത്തോടുടുക്കുംപടി കരിനികരം ചൂഴ്ന്നുമേൽ ചാടിയാടാ.
ലങ്കാരത്തോടവിടത്തെ കരുമരികളിലും പൂകും കുന്നിൻപോലും.
(ഹരിപ്രസാദം) (വെണ്മണി മഹൻനമ്പൂരിപ്പാട്)

ഇതു രണ്ടും കലർന്നുള്ള
രീതി പാഞ്ചാലികാഹ്വയം

വൈദർഭിയും ഗൌഡിയുംകൂടി കലർന്നതാകുന്നു പാഞ്ചാലിരീതി.

ഏറെത്തങ്ങളിലും വലിയതായ്ത്തീർന്നോരു ചേർന്നു.
ചെന്നീടുമന്നുടമടക്കാതെ കല്പവാക്കം
മന്നിന്റെ സുകൃതികളാണിങ്ങനെയും
മന്നത്തങ്ങൾക്കുള്ള വിലയുന്നതും കാണവയില്ലെ.
(കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ)

൧൮. വൈദർഭി, ശാന്തശൃംഗാര-
കരുണങ്ങൾക്കു യുക്തമാം

ശാന്തം ശൃംഗാരം കരുണം, ഇവമൂന്നു രസങ്ങൾക്കു വൈദർഭിരീതി യുക്തമാകുന്നു.

അവനതാമനായ് മുഖം താഴ്ത്തി നവമൊഴിച്ചിരിയ്ക്കുമാ പാദപ്പുരാണിയോ!
അവനിയിലുള്ളവരുടെ കാഴ്ചയിൽനിന്നും മറിയുന്നതാമേ!
പലവഴിയതിലൊരുവഴി പീഡയാൽ വലഞ്ഞുകൾതൻ കാലിനാൽ
അലർശരനുടെ പുഷ്പബാണമേറ്റലയുന്ന കന്നിമാരെ.
(ശകുന്തള സന്ദേശം ഭാഷാ വിവർത്തനം)

ഇവിടെ വൈദൎഭീരീതി, രസത്തിനു ഉൽകൎഷം വരുത്തിയിരിക്കുന്നു. ശൃംഗാരാദിരസങ്ങൾക്കു ഗൌഡി, രീതി യോജിക്കയില്ല; അപകൎഷത്തെ ജനിപ്പിക്കും.

> [illegible]
> [illegible]
> [illegible]
> [illegible]
>
> (ശൈലപോഷിണി)

ഇവിടെ ശൃംഗാരൈകരസമായ ഗൌഡീരീതി കാവ്യത്തിനു അപകൎഷത്തെ ജനിപ്പിച്ചിരിക്കുന്നു.

രൌദ്രവീരരസങ്ങൾക്കു
യോജിക്കുന്നതു ഗൌഡിയും

രൌദ്രം വീരം എന്നീ രസങ്ങൾക്കു ഗൌഡി യോജിക്കുന്നു; ഭയാനകത്തിനും യുക്തംതന്നെ.

> [illegible]
> [illegible]
> [illegible]
> [illegible]
> [illegible]
> [illegible]
> [illegible] നിന്നെ [illegible]
> [illegible]
>
> ([illegible] കഥകളി)

ഇവിടെ ഗൌഡി രൌദ്രത്തിനു പോഷണത്തെ ചെയ്യുന്നു.

൩൦. പാഞ്ചാലിയെ രസങ്ങൾക്കു
സൎവ്വൎക്കുമുചിതം

എല്ലാ രസങ്ങളിലും പാഞ്ചാലിയെ ഔചിത്യംപോലെ പ്രയോഗിക്കാവുന്നതാകുന്നു.

അൎത്ഥത്തിനുള്ള ഗാംഭീൎയ്യം
പാകം; രണ്ടു വിധത്തിലാം

൬൭. നാളികേരം തഥാ ദ്രാക്ഷാ-
പാകമെന്നിപ്രകാരമായ്

അർത്ഥത്തിനുള്ള ഗംഭീരതയാകുന്നു പാകം; ഇതു നാളികേരപാകം ദ്രാക്ഷാപാകം എന്നു രണ്ടുവിധം ഉണ്ട്.

കാഠിന്യം പുറമേ ചേർന്നി-
ട്ടകത്തു രസമുള്ളതു

൬൮. നാളികേരാഖ്യമാം പാക-
മുള്ളിലും പുറമേയുമായ്
രസം വ്യക്തം പ്രകാശിക്കി-
ലതു ദ്രാക്ഷാഖ്യപാകമാം

൬൯. ദ്രാക്ഷാപാകത്തിനന്യത്ര-
കാളും മാധുര്യമേറിടും
വിശേഷം പോരമെണ്ണാക്ഷ-
മിതാല്പാലിംകാട്ടുപ്പതാം.

പുറമേ കാഠിന്യവും അകത്തു രസവും ഉള്ളതു നാളികേരപാകം. ഒരു നാളികേരം കിട്ടിയാൽ അതു പൊതിച്ചു പൊട്ടിച്ചു ചിരട്ടയും മാറ്റി കളഞ്ഞ് അകത്തെ സാരാംശം ആസ്വദിക്കുന്നതിനു പ്രയാസമുണ്ട്. അർത്ഥം അറിഞ്ഞു രസം അനുഭവിക്കുന്നതിനു ഇതുപോലെ ക്ലേശമുള്ളതാണ് നാളികേരപാകം;

വാനോർനാട്ടിൽ [illegible] പ്രീതിയോ-
സ്ഥാനം [illegible]
[illegible], [illegible]
[illegible] പാർവതതാനോ.
(പാരിജാതഹരണം. ചമ്പു)

അകത്തും പുറത്തും രസം ഒരുപോലെ, വ്യക്തമായി പ്രകാശിക്കുന്നത് ദ്രാക്ഷാപാകം. മുന്തിരിങ്ങാപ്പഴം ആസ്വദിക്കുന്നതിനു നാളികേരത്തിനുള്ളതായി പറഞ്ഞതുപോലെ, ബുദ്ധിമുട്ടുകൾ ഒന്നുമില്ല. അകത്തും പുറത്തും മാധുര്യവും ഉണ്ടായിരിക്കും. ഇതുപോലെയുള്ളതാണ് ദ്രാക്ഷാപാകം.

കണ്ണനെക്കാണ്മതിനായിട്ടെല്ലാരും പോകുന്ന പുണ്യപ്രവാഹങ്ങൾ [illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]

(കൃഷ്ണഗാഥ)

നാളികേരപാകം സാധാരണമായി പണ്ഡിതന്മാർക്കു മാത്രമേ രുചികരമായിരിക്കയുള്ളു. ദ്രാക്ഷാപാകം വിദ്വാന്മാർക്കും പാമരന്മാർക്കും ഒരുപോലെ രുചികരമാകുന്നു. അതിനാൽ ദ്രാക്ഷാപാകത്തിനു വൈശിഷ്ട്യം അധികമുണ്ട്.

ഭാഷാസ്വരൂപനിരൂപണം എന്ന
ഒന്നാംപ്രകരണം സമാപ്തം.



പ്രകരണം ൨.

കാവ്യസ്വരൂപനിരൂപണം.

൧. രമണീയാർത്ഥസംയുക്തം
ശബ്ദം കാവ്യം പ്രകീർത്തിതം

രമണീയമായ അർത്ഥത്തോടു യോജിച്ചിരിക്കുന്ന ശബ്ദമാകുന്നു കാവ്യം. ജഗന്നാഥപണ്ഡിതന്റെ മതം അനുസരിച്ചാണ്, ഇവിടെ കാവ്യത്തിനു ലക്ഷണം ചെയ്തിരിക്കുന്നത്.

കാവ്യം എന്ന പദത്തിനു കവിയുടെ കർമ്മം എന്നാണർത്ഥം; കവിയോ? കാവ്യത്തെ ചെയ്യുന്നവനാകുന്നു. ഈ സന്ദർഭത്തിൽ കവിയെയും കാവ്യത്തെയും കുറിച്ചു അല്പം വിചാരിക്കേണ്ടതായിട്ടുണ്ട്. മേഘങ്ങൾ വർഷിക്കുന്ന ജലം എല്ലാദിക്കിലും ഒരുപോലെ നിപതിക്കുന്നു; എങ്കിലും സമുദ്രത്തിൽ

ശുക്തിയുടെ ഉള്ളിൽ വീഴുമ്പോൾ അതു മനോഹരമായ മുത്തായി ഭവിക്കുന്നു. ആദിത്യന്റെ പ്രകാശം സൎവ്വത്ര പ്രസരിക്കുന്നു എങ്കിലും സൂൎയ്യകാന്തകല്ലിന്മേൽ തട്ടുമ്പോൾ അതിൽനിന്നും സവിശേഷമായ ഒരു തേജസ്സ് ഉൽഗമിക്കുന്നു. ഇതു മുമ്പു പറഞ്ഞ ശുക്തിക്കും സൂൎയ്യകാന്തകല്ലിനും ഉള്ള അസാധാരണമായ എന്തോ ഒരു ആഭ്യന്തരശക്തികൊണ്ടാണ്. ഈവിധമുള്ള എന്തോ ഒരു ശക്തി മനുഷ്യരിലും ചിലൎക്കു പ്രത്യേകമായിട്ടുണ്ട്. ലോകത്തിലെ തത്വങ്ങളെ അല്പമായോ അധികമായോ, വാസ്തവമായോ അവാസ്തവമായോ, യഥാശക്തി എല്ലാ മനുഷ്യരും അറിയാറുണ്ട്. എന്നാൽ ഈ തത്വങ്ങൾ ചിലരുടെ ഹൃദയങ്ങളിൽ പ്രവേശിക്കുമ്പോൾ, അവയിൽ പ്രത്യേകം ചില ഭാവനകളെ ജനിപ്പിക്കുന്നു. വിശേഷങ്ങളായ ഈ ഭാവനകൾ അവരുടെ ഹൃദയത്തിലുള്ള എന്തോ പ്രത്യേകശക്തികൊണ്ടു ഉണ്ടാകുന്നവയാണ്. ഈ ഭാവനകൾ ഒരു അസാധാരണമായ രീതിയിൽ ബഹിൎഗ്ഗമിക്കുന്നു. വസ്തുതത്വങ്ങളുമായി പരിചയപ്പെടുമ്പോൾ ഇപ്രകാരമുള്ള വിശേഷഭാവന ഉണ്ടാകുന്നവരും ലോകോത്തരമായ ഒരു ഹൃദയശക്തിയോടുകൂടിയവരെ കവികൾ എന്നു പറയുന്നു. അവരുടെ ഈ ഭാവനയുടെ സവിശേഷമായ ബഹിസ്ഫുരണമാണ് കാവ്യം. ലോകത്തിലുള്ള വസ്തുക്കളെക്കുറിച്ചെല്ലാം സാധാരണജനങ്ങൾ അറിയുന്നതുപോലെയല്ല കവികൾ അറിയുന്നത്; അവർ പറയുന്നതും വേറെ ഒരു രീതിയിലാണ്; അവർ വിചാരിക്കുന്നതിനും പറയുന്നതിനും എല്ലാം ഒരു പ്രത്യേകചമൽക്കാരം ഉണ്ടായിരിക്കും. ഇതു ലോകോത്തരമാകുന്നു. ഈ വിധമുള്ള ചമൽക്കാരമാകുന്നു കവിതയുടെ ജീവൻ. രമണീയത എന്നു പറയുന്നതു ഈ ചമൽക്കാരംതന്നെ. ഇപ്രകാരമുള്ള കാവ്യം വായിക്കുമ്പോൾ സാധാരണക്കാരെ അപേക്ഷിച്ചു ചിലൎക്കുമാത്രം പ്രത്യേകമായ ഒരു പരമാനന്ദമുണ്ടാകുന്നു. ഈ ആഹ്ലാദ

വും ലോകോത്തരം തന്നെ. ഈവിധമുള്ള ലോകോത്തരമായ ആഹ്ലാദം, കവിത വായിക്കുമ്പോൾ ഉണ്ടാകുന്നവരെ, സഹൃദയന്മാരെന്നു പറയുന്നു. കാവ്യം വായിക്കുമ്പോൾ സഹൃദയന്മാൎക്കുണ്ടാകുന്ന ആഹ്ലാദം ലൌകികമായ ബോധമുള്ളതല്ല. 'നിനക്കു പുത്രനുണ്ടായി; അവൻ യുദ്ധത്തിൽ ജയിച്ചു;' എന്നും മറ്റും കേൾക്കുമ്പോൾ മനസ്സിൽ ഒരു മാതിരി സന്തോഷം ഉണ്ടാകുന്നു. ഇതിനെ ലൌകികമായ ആഹ്ലാദം എന്നു പറയാം. ഈപ്രകാരമുള്ള ആഹ്ലാദത്തെ ജനിപ്പിക്കുന്ന അൎത്ഥത്തോടുകൂടിയ ശബ്ദം കാവ്യമാകുകയില്ല. അതിനാൽ കവിക്കും കാവ്യത്തിനും സഹൃദയന്മാൎക്കും കാവ്യം ആസ്വാദിക്കുമ്പോൾ ഉണ്ടാകുന്ന ആഹ്ലാദത്തിനും ഒക്കെ ലോകോത്തരമായ ഒരു രമ്യത ഉണ്ടെന്നു സ്പഷ്ടമാകുന്നു.

കാവ്യത്തിന്റെ ലക്ഷണം കല്പിക്കുന്ന വിഷയത്തിൽ, സംസ്കൃതശാസ്ത്രകാരന്മാരായ ആചാൎയ്യന്മാരിൽ പലരും, പല മതത്തെ സ്വീകരിച്ചിരിക്കുന്നു. ഓരോരുത്തരും അവരവരുടെ മതത്തെ സ്ഥാപിക്കുന്നതിനുവേണ്ടി ഇതരമതങ്ങളെ ഖണ്ഡിക്കയും ചെയ്തിട്ടുണ്ട്. എന്നാൽ കാവ്യത്തിന്റെ സാരം രമണീയമായിരിക്കണമെന്നുള്ള അഭിപ്രായത്തിൽ ആരും ഭിന്നിക്കുന്നില്ല. അതുകൊണ്ടു അവർ എല്ലാം ഒടുവിൽ ജഗന്നാഥപണ്ഡിതരുടെ മതത്തിൽ ചെന്നു ചേരുന്നു. ജഗന്നാഥപണ്ഡിതർ പറയുന്നതും, കാവ്യജീവിതവും ആയ രമണീയത, ഏതു വിധമാണുണ്ടാകുന്നതെന്ന വിഷയത്തിലാണ് ശാസ്ത്രകാരന്മാൎക്കു ഭിന്നത. ഓരോരുത്തരും അവരവൎക്കു തോന്നുന്ന വിധത്തിനെ സ്വീകരിച്ചു കാവ്യലക്ഷണമായി കല്പിച്ചിരിക്കുന്നു. ഭിന്നാഭിപ്രായങ്ങളുടെ സ്വഭാവത്തെ കാണിക്കുന്നതിന്നു ആചാൎയ്യന്മാരുടെ ചില അഭിപ്രായങ്ങളെ താഴെ കാണിക്കാം.

'കാവ്യം സ്ഫുരദലങ്കാരം ഗുണവദ്ദോഷവൎജ്ജിതം'

(അഗ്നിപുരാണം)

അലങ്കാരസ്ഫുരണത്തോടും ദോഷാഭാവത്തോടും ഗുണത്തോടും കൂടിയതാണു കാവ്യം എന്നാണിതിന്റെ സാരം. ഇവിടെ അലങ്കാരത്തെയും ഗുണത്തെയും പ്രധാനമായി ഗണിച്ചിരിക്കുന്നു. 'കാവ്യപ്രകാശ'കാരനും ഈ മതത്തെ തന്നെയാണ് സ്വീകരിക്കുന്നത്.

'തദദോഷൗ ശബ്ദാർത്ഥൗ സഗുണാവനലംകൃതീ പുനഃ ക്വാപി'
(കാവ്യപ്രകാശം)

ഇവിടെ ഗുണത്തെയും അലങ്കാരത്തെയും സ്വീകരിച്ചിരിക്കുന്നു; ജഗന്നാഥപണ്ഡിതരെപ്പോലെ ശബ്ദത്തെയും അർത്ഥത്തെയും പ്രാധാന്യേന ഗണിക്കുന്നുണ്ട്.

നിർദ്ദോഷാ ലക്ഷണവതീ സരീതിർഗുണഭൂഷിതാ
സാലങ്കാരരസാനേകവൃത്തിർവാക്കാവ്യനാമഭാക്
(ചന്ദ്രാലോകം)

ഇവിടെ ഗുണദോഷാലങ്കാരങ്ങൾക്കു പുറമെ ലക്ഷണം രീതി രസം വൃത്തി ഇവയെക്കൂടി വിശേഷാലായി സ്വീകരിച്ചിരിക്കുന്നു

ഗുണാലങ്കാരസഹിതൌ ശബ്ദാർത്ഥൌ ദോഷവർജ്ജിതൌ
ഗദ്യപദ്യോഭയമയം കാവ്യം കാവ്യവിദോ വിദുഃ
(പ്രതാപരുദ്രീയം)

ഇവിടെ ലക്ഷണത്തിനു വിശേഷമൊന്നുമില്ല.

'വാക്യം രസാത്മകം കാവ്യം'
(സാഹിത്യദർപ്പണം)

ഇവിടെ രസത്തെ പ്രധാനമായി ഗണിച്ചിരിക്കുന്നു. 'ഗുണാലങ്കാരരീതിരസോപേത'മായ 'സാധുശബ്ദാർത്ഥസന്ദർഭ'മാണ്, കാവ്യമെന്നു വാഗ്ഭടനും, 'ഇഷ്ടാർത്ഥോപേത'യായ 'പദാവലി'യാണ് കാവ്യമെന്നു ദണ്ഡിയും, പറയുന്നു. 'രമണീയാർത്ഥപ്രതിപാദകഃ ശബ്ദഃ കാവ്യം' എന്നാണ് ജഗന്നാഥപണ്ഡിതന്റെ മതം. വാമനാചാര്യർ, പ്രഭാകരൻ, ഭോജരാജാവു, മഹിമഭട്ടൻ, മുതലായ ആചാര്യന്മാർക്ക് അഭിപ്രാ

യത്തിൽ വ്യത്യാസമുണ്ട്. ചില മഹാകവികളുടെ അഭിപ്രായങ്ങൾകൂടി താഴെ ചേർക്കാം.

സച്ഛബ്ദാലങ്കാരയുക്തം സരളപദയുതം സാധുവൃത്തം സുവർണ്ണം
സച്ചിഹ്നം ചക്ഷുഷ്യകാന്തം സരസഗുണഗണൈർഗ്ഗുംഫിതം ലക്ഷണാഢ്യം
ഉദ്യദ്ഭാവാവിശേഷം കൃപണജനതിരസ്കാരം ദ്യോതമാനാന്തരാർത്ഥം
കല്യാണീം..............

(ശ്രീശങ്കരാചാര്യർ)

മുമ്പു പറഞ്ഞ ലക്ഷണങ്ങളെ ഒട്ടെല്ലാംതന്നെ ഇവിടെ സ്വീകരിച്ചിരിക്കുന്നു.

ധ്വനിരീതി ഭൂഷാവിശ്രുതിഭിഃ പ്രീണയന്തി
സഹൃദയ ഹൃദയാനി രസികതാഭാജനാനി
സരസ ഗുണകലശ്രേ മാധുരീകാ വിരചയാക്കം
സ്വയമയി സുകുമാരാ കാവ്യമഞ്ജൂഷാണി.

(ചമത്ക്കാരസാരം)

ധ്വനി ഭാവം രസം ശയ്യ പാകങ്ങളും എന്നിവയെ ഇവിടെ ഗണിച്ചിരിക്കുന്നു.

ഇവിടെ പറഞ്ഞ ലക്ഷണങ്ങളിൽ ഒന്നു തെറ്റെന്നു പറയാവുന്നതല്ല. എല്ലാ ലക്ഷണങ്ങളും കാവ്യത്തിനു യോജിക്കുന്നവയാണ്. രസം അലങ്കാരം അർത്ഥം ധ്വനി ഭാവം വൃത്തിവൃത്തം ശയ്യ മുതലായവയിൽ ഒന്നിനേയും മാറ്റിവെയ്ക്കാവുന്നതല്ല. ഇവ എല്ലാം ജഗന്നാഥപണ്ഡിതർ പറയുന്ന രമണീയത ഉണ്ടാകുന്നതിനുള്ള മാർഗ്ഗങ്ങളാണ്; മുമ്പു പറഞ്ഞ ലക്ഷണങ്ങളിൽ ഓരോന്നിനേയും അനുസരിച്ചാൽ പണ്ഡിതർ പറയുന്ന രമണീയത ഉണ്ടാകും. ലക്ഷണങ്ങൾ ഒക്കെ ഒത്താലും രമണീയതയില്ലെങ്കിൽ കാവ്യമാകയില്ല. (ലക്ഷണമൊക്കെ ഒത്താൽ രമണീയത ഉണ്ടാകാതെയിരിക്കയില്ലെന്നു സ്പഷ്ടം). രമണീയതയ്ക്കുള്ള ഈ പ്രാധാന്യത്തെ എല്ലാ ആചാര്യന്മാരും ഐകമത്യമായി സമ്മതിക്കുന്നു. അതുണ്ടാകുന്നതിനുള്ള മാർഗ്ഗങ്ങളെ സ്വീകരിക്കുന്നതിലാണ് ഭിന്നാഭിപ്രായം ഭവിച്ചിരിക്കുന്നത്. രസത്തെ പ്രധാനമായി ഗണി

ക്കുന്നവർ രീതി ശയ്യ പാകം വൃത്തം മുതലായവ ഒന്നും ആവശ്യമില്ലെന്നു പറയുന്നില്ല; അപ്രകാരം പറയാവുന്നതുമല്ല. അതുകൊണ്ടു എല്ലാ ആചാര്യന്മാരുടെ മതങ്ങളും, ഒടുവിൽ ജഗന്നാഥപണ്ഡിതരുടെ അഭിപ്രായത്തിൽ ചെന്നുചേർന്നു വിശ്രമിക്കുന്നു.

ശ്രുതിയും സ്മൃതിയും ശാസ്ത്രം
പുരാണനിവഹങ്ങളും
൨. പ്രഭുവും മിത്രവും പോലെ
ശാസിക്കും ധർമ്മകാരകേ.

സരസം പ്രിയയാം കാന്ത-
യെന്നപോലതിഹൃദ്യമായ്
൩. ഹിതം ചേർത്തുപദേശിച്ചു-
തരുന്നു കാവ്യമൊന്നത്രം

ശ്രുതി, പ്രഭുസമ്മിതം സുഹൃത്സമ്മിതം കാന്താസമ്മിതം എന്നു മൂന്നു വിധമുണ്ട്. വേദം, രാജാവിനെപ്പോലെ, ഗൌരവമായി ധർമ്മാധർമ്മങ്ങളെ ഉപദേശിക്കുന്നതിനാൽ, പ്രഭുസമ്മിതമാകുന്നു. ധർമ്മാധർമ്മങ്ങളെ, സുഹൃത്തിനെപ്പോലെ സസ്നേഹം ഉപദേശിക്കുന്നതിനാൽ പുരാണങ്ങൾ സുഹൃത്സമ്മിതങ്ങളും, ഇഷ്ടഭാര്യയെപ്പോലെ രസിപ്പിച്ചുകൊണ്ടും ഹൃദയംഗമമായും ഉപദേശിക്കുന്നതിനാൽ കാവ്യങ്ങൾ, കാന്താസമ്മിതങ്ങളുമാകുന്നു. സാഹിത്യനിപുണനായ ശ്രീമാൻ ടി. കെ. കുഞ്ഞുമേനവൻ (രുക്മാംഗദചരിതം മഹാകാവ്യം അവതാരിക) ഇപ്രകാരം പറഞ്ഞിരിക്കുന്നു. 'കൃത്യാകൃത്യങ്ങളെ മൂന്നുതരത്തിലുപദേശിക്കാം. ഇന്നവ കൃത്യങ്ങൾ, ഇന്നവ അകൃത്യങ്ങൾ, കൃത്യങ്ങളെ ചെയ്തുകൊള്ളണം, അകൃത്യങ്ങളെ ചെയ്യരുത്, എന്നിങ്ങനെ വിധിക്കുകയും അലംഘനീയങ്ങളായ ഈ ശാസനകൾക്കു എതിരായി പ്രവർത്തിച്ചാൽ അതാതിന്റെ ഗുരുലഘുത്വമനുസരിച്ചു ശിക്ഷ കല്പിക്കയും ചെയ്യാമല്ലൊ. ഇതാണു പ്രഭുസമ്മിതമായ കൃത്യാകൃത്യോപദേശം. വേദം ഈ ശ

ന്നത്തിലുറപ്പെടുന്നു. സാധാരണ ജനങ്ങളുടെ ഇടയിൽ അറിവു അധികമായതോടുകൂടി അവർ മുമ്പറഞ്ഞ വിധികളുടെയും ശിക്ഷകളുടെയും കാൎയ്യകാരണങ്ങളെ അന്വേഷിച്ചു തുടങ്ങി, അപ്പോൾ കൃത്യാകൃത്യോപദേശങ്ങളുടെ മട്ടൊന്നു മാറിവന്നു. അപ്പോൾ കൃത്യാകൃത്യങ്ങളുടെ ഗുണദോഷങ്ങളെ യുക്തിയുക്തമായി പ്രതിപാദിച്ചു ഒരു സ്നേഹിതന്റെ നിലയിൽ ഉപദേശിച്ചുതുടങ്ങി. സുഹൃത്സമ്മിതമായ ഈ തരത്തിലുള്ള കൃത്യാകൃത്യോപദേശത്തെയാകുന്നു പുരാണങ്ങൾ കൈക്കൊണ്ടിരിക്കുന്നത്. ജനങ്ങൾ പിന്നത്തെ പരിഷ്കാരഘട്ടത്തിനെ പ്രാപിച്ചകാലത്ത് തക്കവും താളവും നോക്കി രസത്തിൽ മുക്കി ഒരുക്കി 'ഒരു ഇഷ്ടഭാൎയ്യയെപ്പോലെ ജനങ്ങൾക്കു ഇഷ്ടങ്ങളിൽ അഭിരുചിയും അകൃത്യങ്ങളിൽ വിമുഖതയും' ജനിപ്പിച്ചുകൊണ്ടാണ് കാവ്യങ്ങളുടെ പുറപ്പാട്. ഇതിനത്രേ കാന്താസമ്മിതമായ കൃത്യാകൃത്യോപദേശമെന്നു പറയുന്നത്. ഇതിൽനിന്നും മൂന്നുതരത്തിലുള്ള കൃതികളുടെയും വ്യത്യാസം മനസ്സിലാക്കാം.

കീൎത്തിയൎത്ഥം സുഖം മോക്ഷ-
മിഹലോകത്തിലുൽഗതി
ൎ- വ്യവഹാരപരിജ്ഞാന-
മിവ കാവ്യഫലങ്ങളാം.

കീൎത്ത്യാദികൾ കാവ്യഫലങ്ങളാകുന്നു. ഇതുകൊണ്ട് എഴുത്തച്ഛന് കീൎത്തിയും, രാമപുരത്തു വാരിയൎക്കു ധനവും മേല്പത്തൂർ ഭട്ടതിരിക്കു രോഗശമനരൂപമായ സുഖവും, പൂന്താനം നമ്പൂതിരിക്കു മോക്ഷവും, കാവ്യനിഷേവയാൽ ലഭിച്ചു. ഇതുപോലെ കാവ്യസംസേവനത്താൽ സൎവ്വശ്രേയസ്സുകളുമുണ്ടാകുന്നു.

സാഹിത്യകലയ്ക്കു മറ്റുള്ളവയെ എല്ലാത്തിനേയുംകാൾ മാഹാത്മ്യം കൂടുന്നു. വേദങ്ങളും ശാസ്ത്രങ്ങളും പുരാണങ്ങളും ഉപദേശിക്കുന്ന ധൎമ്മങ്ങളെ ഏറ്റവും മാധുൎയ്യത്തോടുകൂടി

യും സരസമായും കാവ്യങ്ങൾ ഉപദേശിക്കുന്നു. ക്ലേശരഹിതത്വംകൊണ്ടും ഉപദേശങ്ങളുടെ തിക്തസ്വഭാവംകൊണ്ടും വേദങ്ങളും ശാസ്ത്രങ്ങളും സാധാരണ ജനങ്ങൾക്കു വൈരസ്യജനകങ്ങളായിരിക്കും. ആ വക തത്വങ്ങളെ കാവ്യങ്ങളിൽ കാണുമ്പോൾ ജനങ്ങൾ സന്തോഷത്തോടുകൂടി സ്വീകരിക്കുന്നു. കയ്പും ചവർപ്പും ഉള്ള മരുന്നുകൾ ശർക്കരയിലും പഞ്ചസാരയിലും മറ്റും ചേർത്തു കുട്ടികൾക്കു കൊടുക്കുമ്പോൾ അവർ അതിനെ സസന്തോഷം ആസ്വദിക്കുന്നു. ഇതുപോലെയാണു് കാവ്യാന്തർഗ്ഗതങ്ങളായ ധർമ്മങ്ങളെ ജനങ്ങൾ സാരസ്യത്തോടുകൂടി ആദരിക്കുന്നതു്. നീലകണ്ഠദീക്ഷിതമഹാകവി സാഹിത്യമാഹാത്മ്യത്തെക്കുറിച്ചു പറഞ്ഞിരിക്കുന്ന ഏതാനും ശ്ലോകങ്ങൾ താഴെ ചേർക്കുന്നു.

ശാസ്ത്രത്തിൽ [illegible] കാവ്യത്തിൽ [illegible]
കണ്ടില്ലെ [illegible] വൻ പണ്ഡിതന്മാരിലൊരുവനി

എല്ലാ ശാസ്ത്രത്തിലും വലിയ ബുദ്ധിയുള്ളവരാകിലും,
[illegible] മാനസം കാവ്യപദ്ധതൗ

സാഹിത്യമെന്ന്യേ മറ്റുള്ള ശാസ്ത്രമെല്ലാം പഠിക്കിലും
അവരെ ബുധന്മാർ [illegible]

കാവ്യം കാണാത്തവർക്കെന്തു ശാസ്ത്രപാണ്ഡിത്യമാം
[illegible]

[illegible]
പണ്ഡിതൻ കവി [illegible]

സാഹിത്യത്തിലുണർച്ചയും ശാസ്ത്രമെന്ന [illegible]
[illegible]

[illegible]
[illegible]

[illegible]
[illegible]

[illegible]
[illegible]

[illegible]

> അറിയാത്തതു തന്നത്താനുള്ളംകവിയറിഞ്ഞിടും
> കവിതൻ സർവ്വവിദ്യക്കും സാഹിത്യം താനിരിപ്പിടം
> സാമ്രാജ്യമേതിലും തന്നെ കവിമാർക്കുള്ളതെപ്പൊഴും.
>
> പന്തിയിൽ രാമൻനമ്പൂതിരി. (സാരജ്ഞാനദായി)

ഈ വർണ്ണനം കാമദേവന്റെ പുരത്തിനു വളരെ യോജിക്കുന്നു. കസ്തൂരം മയിൽപ്പീലി കരിമ്പു മുത്ത് ചെമ്പകം കൈതപ്പൂവു താമരവളയം താമരവല്ലി മുതലായവയെക്കൊണ്ടാണു കുഴിക്കോലു പലക ഭിത്തി മുതലായവയെ ഉണ്ടാക്കിയിരിക്കുന്നത്. വാത്സ്യായനാക്കളുടെ കുയിലിനു പാടുന്നതിനു ഉള്ളശാലകൾ വണ്ടുകൾക്കു മുരളുന്നതിനുള്ള മന്ദിരം നിലാവുമിറ്റം ഇത്യാദികൾ ശൃംഗാരരസചക്രവർത്തിയായ കാമദേവന്റെ പുരത്തിനു എത്രയും യോജിച്ചവതന്നെ.

> ആരാമം തട്ടുപുഴവും പനിനീർക്കുളവും
> മാന്മാർ പാരാ മരതകമണിഭിത്തിയും വന്നു
> കാൺകിളകൊണ്ടാടും ശയ്യാഗൃഹമുമെല്ലാം ചൊല്ലാം-
> പൂമ്പൻ കിനാവിൽക്കണ്ടതിനൊക്കെ സദൃശമായതാം.

എന്നൊക്കെ, ഭാരതസങ്കടക്കാർ വന്നു വഴിപാടു കഴിച്ചു, ഇതു പലതരം പറയുന്നതും മറ്റും കാമദേവന്റെ സ്ഥിതിക്കു വളരെ യുക്തമായിട്ടുണ്ട്. ഇപ്രകാരം വർണ്ണനീയവസ്തുസ്ഥിതി അനുസരിച്ചു വർണ്ണനാസ്വഭാവത്തിനു വ്യത്യാസം വരുത്തണം.

> ആനന്ദംകൊണ്ടുതാൻ സച്ചിദാനന്ദമൂർത്തിയെ
> മാനസശുദ്ധികൊണ്ടു നിത്യവും ഭജിപ്പവർ
> ശുദ്ധർ മഹിഷ്ഠരാമവർ ശുക്രതപോഗ്രഹിക്കാർ
> യതിമാർ യോഗികൾ ധന്യർ പ്രശാന്തർ പുണ്യവാന്മാർ
> ശമദമാദികളോടിന്ദ്രിയനിഗ്രഹം ചെയ്വോർ
> ഹിതത്തിൽ സഹസ്രനാമം മന്ത്രം ജപിച്ചു നിത്യവും
> അനാസക്തരായി വസിപ്പവർ മനനം മൗനവ്രതം
> ശ്രദ്ധാപൂർവ്വം പാലിപ്പോർ മനസ്സിൽ മാധവനെ
> ചിന്തചെയ്ക പുരാതനർ ശ്രീരാമപാദങ്ങൾ
> ഒരുമയോടെ പൂജിച്ചീടുന്ന മഹാത്മാക്കൾ
> യോഗമാർഗ്ഗം പ്രാപിച്ചു ഭാഗവതോത്തമന്മാർ
> ആഗമങ്ങൾ പഠിച്ചു തത്ത്വജ്ഞാനികളായവർ
> മനിസിംഹാസനത്തിൽ മണിദീപങ്ങൾ പോലെ
> പാലിച്ചിട്ടിരിക്കുന്ന മുനിശ്രേഷ്ഠന്മാർ
>
> (രാമായണം)

ജനകമഹാരാജാവിനെ കുറിച്ചുള്ള ഈ വൎണ്ണനം സാധാരണരാജാക്കന്മാരിൽ നിന്നും ആ രാജൎഷിക്കു പ്രത്യേകമായുള്ള ആദ്ധ്യാത്മികവൈഭവത്തെ വെളിവാക്കുന്നു. ഔചിത്യം അനുസരിച്ചു വൎണ്ണനത്തിനു സ്വഭാവവ്യത്യാസം വരുത്തേണ്ടതു ഇപ്രകാരമാകുന്നു.

കവിതയിൽ വൎണ്ണനത്തെപ്പോലെ പ്രാധാന്യത്തെ അൎഹിക്കുന്നതായി വേറെ ഒന്നും തന്നെയില്ല. 'കവനമഖിലവും വൎണ്ണനാപൂൎണ്ണമല്ലൊ' എന്നു ഒരു കവി പറഞ്ഞിരിക്കുന്നതു വാസ്തവമാണു്. കവിയുടെ ഭാവനാരമണീയതയും രചനാസാമൎത്ഥ്യവും വസ്തുസ്വഭാവഗ്രഹണചാതുൎയ്യവും എല്ലാം വൎണ്ണനത്തിൽനിന്നാണു് മനസ്സിലാക്കേണ്ടതു്. കവി വൎണ്ണനത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതായിട്ടുണ്ടു്. വസ്തുക്കളെ പലവിധം വൎണ്ണിക്കാം. ഒന്നാമതു അതിന്റെ പൂൎണ്ണമായ രൂപം വൎണ്ണനത്തിൽ വരുത്തുക; ഇപ്രകാരം ചെയ്യുന്നതു പലപ്പോഴും അനാവശ്യമായിരിക്കും; ഔചിത്യം അനുസരിച്ചു അപ്രകാരം ചെയ്യണമെന്നു വിചാരിക്കുന്നപക്ഷം അതിനു വിരോധമില്ല; എന്നാൽ വൎണ്ണനത്തിലെ ആശയങ്ങൾക്കു് മനോധൎമ്മത്താൽ നൂതനമായ ചൈതന്യം വരുത്തണം. അല്ലെങ്കിൽ ഈ മാതിരി വൎണ്ണനം അത്യധികം ശുഷ്കമായി തോന്നുന്നതാണു്. വസ്തുക്കളുടെ മൎമ്മഭാഗങ്ങളെ മാത്രം ഗ്രഹിച്ചു അവയെ വൎണ്ണിക്കുന്നതു് ഉത്തമമായിരിക്കും. കുമാരസംഭവത്തിലെ ഹിമവാനെക്കുറിച്ചുള്ള വൎണ്ണനം നോക്കുക. വസ്തുക്കളിൽ ഉള്ള വൎണ്ണ്യഭാവങ്ങളിൽ ഏതിനെ വൎണ്ണിച്ചാലാണു് വൎണ്ണിക്കപ്പെടാത്ത സ്വഭാവംകൂടി വായനക്കാരുടെ മനസ്സിൽ പതിയുന്നതു് അതാണു് മൎമ്മം. ഇവിടെ ഭാവഗ്രഹണത്തിനു കവി വസ്തുവിനെ മുഴുവൻ അവലോകനം ചെയ്യണം. കാളിദാസമഹാകവിയുടെ വൎണ്ണനസ്വഭാവമിതാകുന്നു. വസ്തുക്കളുടെ ഭാവങ്ങൾ രമണീയങ്ങളും അരമണീയങ്ങളുമായിരിക്കും. അവയിൽ രമണീയമായവയെക്കുറിച്ചു മാത്രം വൎണ്ണിക്കുക.

കുമാരസംഭവത്തിലെ ഹിമവദ്വർണ്ണനം നോക്കുക. ഹിമവല്പ്ര
ദേശത്തിലെ അരമണികളുടെ പല ഭാഗങ്ങളേയും ആശ്രി
ച്ച മേഘമാല ഗംഗ മയിൽ ദേവസ്ത്രീകൾ മുതലായവയെ
മാത്രം കവി വർണ്ണനത്തിനു സ്വീകരിച്ചിരിക്കുന്നു. വസ്തുക്കളിലെ
അപ്രാണികളേയും കൂടി സചേതനോചിതം കൊ
ള്ള രമണീയത ഉണ്ടാക്കുക. ഇതു മുമ്പത്തേതിൽ നിന്നും
വ്യത്യാസപ്പെട്ട ഒരുവിധം വർണ്ണനമാണ്; ഏറ്റവും ഉൽകൃഷ്ടമാ
യ ഭാഗം ഒരു ചെടിക്കുന്നിന്റെ ഉള്ളിൽക്കൂടി കടന്നു ആവി
ർഭവിക്കുമ്പോൾ ശ്രുതിമധുരമായി ഭവിക്കുന്നു. ഇതുപോലെ
ശബ്ദവിശേഷങ്ങൾക്കൂടി ഈ മാതിരി വർണ്ണനംകൊണ്ടു മാ
ഹാത്മ്യം വരുത്തുവാൻ സാധിക്കുന്നു. ചേന്നൻ മാവേൻ മം
ഗലൻ ത്രിവിക്രമൻ നമ്പ്യാർ കവികുഞ്ജൻ മുതലായ മഹാ
കവികൾ ഈ വിധമുള്ള വർണ്ണനത്തിനു സ്വീകരിച്ചിട്ടുള്ളവരാ
ണ്. മാഘത്തിൽ രൈവതകത്തെ വർണ്ണിച്ചും കാദംബരിയിൽ
ശൂദ്രകനെ വർണ്ണിച്ചും ചെയ്തിരിക്കുന്ന വർണ്ണ
നങ്ങൾ ഉദാഹരണങ്ങളാകുന്നു. ഭാരതചരിത്രത്തിലെ ശ്രേ
ഷ്ഠരായ പാത്രങ്ങളെക്കൂടി അവർ കവിതാരസജ്ഞ
മാരായ ഭാവനയെ സ്പർശിച്ചു കാവ്യശ്രേണി ആവിർഭവി
ച്ചപ്പോൾ മതങ്ങൾകൂടി കവിതയിലേയ്ക്കു കാന്തി
മത്തുകളായി. ഇതുപോലെ ഞങ്ങളുടെ പ്രഭാവത്താൽ ശു
ഷ്കമായ ഒരു ചെടിപോലും കാവ്യലോകത്തിൽ ഒരു കല്പവൃക്ഷ
ത്തോടൊപ്പം രമണീയമായതായി വരുന്നു. വാസ്തവത്തിൽ
രമണീയതയും അരമണീയതയും ഒന്നും വസ്തുക്കളിലല്ല—
കവിയുടെ വാക്കിലത്രേ—ഇരിക്കുന്നത്. കവിവാക്കു ശു
ഷ്കമായാൽ ഒരുതരത്തിലുമുള്ള വർണ്ണനവും വ്യർത്ഥം ത
ന്നെ. ഉണക്കക്കടലാവണക്കിന്റെ തടിക്കുടി ഉത്തമകവിയു
ടെ വാക്കിനു ഗോചരമായാൽ കരിമ്പിന്റെ സാരള്യത്തെ
വഹിക്കുന്നു. വസ്തുക്കളിലെ ഭാവങ്ങൾ വാസ്തവങ്ങളായാലും
കൃത്രിമങ്ങളായാലും സ്വാഭാവികങ്ങളായാലും ദുർഗ്ഗങ്ങളായാലും

ശബ്ദങ്ങളായാലും അർത്ഥങ്ങളായാലും കവി അവയെ ഒന്നും
അല്ല പ്രധാനമായി നോക്കേണ്ടത്; ഇവയൊക്കെ നിസ്സാ
രങ്ങളാണ്. കവി തന്റെ വാക്കിനെ രമണീയമാക്കുവാനാ
ണ് ശ്രമിക്കേണ്ടത്. ദേവിയുടെ കടാക്ഷം (നേത്രാഞ്ചല
ത്തിന്റെ ലാഘവമായ ചലനം) മൂകമഹാകവിയുടെ വാഗ്വൈ
ഭവത്തിനു വിഷയമായപ്പോൾ ഒരു പ്രൗഢസൗന്ദര്യവും മാ
ഹാത്മ്യം ഏറിയതുമായ കാവ്യമായിബ്ഭവിച്ചു. ഒരു കടാക്ഷ
ത്തെക്കുറിച്ചു ഒരു ശതകം നിർമ്മിക്കത്തക്കവണ്ണം എന്താണ
തിലുള്ളത് എന്നു സാധാരണക്കാർക്കു തോന്നും. എന്നാൽ
മൂകമഹാകവിയുടെ വാഗ്വൈഭവത്തിന്റെ സ്ഥിതി ആലോ
ചിച്ചാൽ അനവധി ശതകങ്ങൾ കടാക്ഷത്തെക്കുറിച്ചു ത
ന്നെ നിർമ്മിക്കാം.

> സാഹായ്യം ഗന്തുകാമാ [illegible]
> മന്യേ [illegible]
> കാമാക്ഷി! [illegible]
> [illegible]

ഈ മാതിരി വർണ്ണിച്ചുതുടങ്ങിയാൽ എവിടെ ആണ്
അവസാനിക്കുക! എത്ര ശതകങ്ങൾ നിർമ്മിക്കാം! പൌര
സ്ത്യകവികളിൽ ഈ പ്രസ്ഥാനം സ്വീകരിച്ചിട്ടുള്ളവർ വള
രെ വളരെയാകുന്നു. യാതൊരു കഥാബന്ധവുമില്ലാതെ വ
ർണ്ണനാമയമായി മാത്രം നിർമ്മിക്കപ്പെട്ടിട്ടുള്ള കാവ്യങ്ങൾക്കു
(സംസ്കൃതസാഹിത്യത്തിൽ) അവസാനമില്ല. രാജേന്ദ്രകർണ്ണ
പൂരം പ്രാണാഭരണം മൂകപഞ്ചശതി മുതലായ അനവധി
ഖണ്ഡകൃതികളും, നൈഷധീയചരിതം ഭാരതചമ്പു മാഘം
കിരാതാർജ്ജുനീയം ശ്രീകണ്ഠചരിതം കാദംബരി ഹരവിജയം
മുതലായ മഹാകൃതികളും ഈ പ്രസ്ഥാനത്തിൽ നിർമ്മിക്കപ്പെ
ട്ടിട്ടുള്ളവയാണ്. ഭാഷയിൽ വഞ്ചീശഗീതി മംഗളമഞ്ജരി
മുതലായ ഖണ്ഡകൃതികൾ ഈ വിധം ഉള്ളവതന്നെ. സാ
ഹിത്യത്തിൽ ഈ പ്രസ്ഥാനത്തിനു മാഹാത്മ്യംകൂടുന്നു. അ

തുകൊണ്ടു കവികളും സഹൃദയന്മാരും ഈ പ്രസ്ഥാനത്തെ സവിശേഷം ആദരിക്കുന്നു. കവിത എന്നതു കവിയുടെ ഉള്ളിൽനിന്നുമാണ് — വസ്തുക്കളുടെ ഉള്ളിൽനിന്നും അല്ല — പുറപ്പെടേണ്ടത്. വസ്തുക്കളുടെ ശരിയായ ഭാവങ്ങളെ കുറിക്കുക എന്നതു കവിയുടെ അല്ല — ശാസ്ത്രകാരന്റെ കടമയാകുന്നു. അതുകൊണ്ടു ഈ പ്രസ്ഥാനത്തിലുള്ള വർണ്ണനം കൃത്രിമമെന്നു പറയുന്നതു് അസംബന്ധമാണ്. നവീനന്മാർ, യുവതികളുടെ വേഷം കെട്ടിയിട്ടുള്ള വൃദ്ധകളുടെ വിലാസങ്ങൾപോലെ കൃത്രിമങ്ങളും അനാസ്വാദകങ്ങളും ആണ് ഈ പ്രസ്ഥാനത്തിൽ എഴുതിയിട്ടുള്ള കൃതികൾ എന്നു, പറയുന്നു. യുവതികളിൽനിന്നും വൃദ്ധമാർക്കു കാണുന്നതുപോലെ എത്ര വ്യത്യാസമാണ് കാളിദാസന്റെയും മാഘാദികളുടെയും പ്രസ്ഥാനങ്ങളിലുള്ളതെന്നു അവർ പറയേണ്ടിയിരിക്കുന്നു. കാളിദാസർ എന്നുവേണ്ട വാല്മീകി തന്നെയും ഈ പ്രസ്ഥാനത്തെ സ്വീകരിച്ചിട്ടുണ്ട്.

> നിർവ്വിഷ്ടവിഷയസ്നേഹഃ സ ദശാന്തമുപേയിവാൻ
> ആസീദാസന്നനിർവ്വാണഃ പ്രദീപാർച്ചിരിവോഷസി
> രാമമന്മഥശരേണ താഡിതാ ദുസ്സഹേന ഹൃദയേ നിശാചരീ
> ഗന്ധവദ്രുധിരചന്ദനോക്ഷിതാ ജീവിതേശവസതിം ജഗാമ സാ.
>
> (രഘുവംശം)

ഇവിടെ ഒന്നാമത്തെ പദ്യത്തിൽ പ്രഭാതകാലത്തെ വിളക്കിനും, വൃദ്ധനായ ദശരഥരാജാവിനും തമ്മിൽ ഔപമ്യത്തെ കല്പിച്ചിരിക്കുന്നു. 'വിഷയം' 'സ്നേഹം' 'ദശ' 'നിർവ്വാണം' എന്നീ പദങ്ങളുടെ നാനാർത്ഥതയെ പുരസ്കരിച്ചുകൊണ്ടാണിപ്രകാരം ചെയ്തിരിക്കുന്നത്. രണ്ടാമത്തെ പദ്യത്തിൽ രാക്ഷസിയുടെ മരണത്തെ ഒരു സുന്ദരിയുടെ അഭിസരണം പോലെയാക്കി കല്പിച്ചിരിക്കുന്നു. "കാന്താമുഖം കനകാവചിരാതി വിചിത്രപത്രാവലികാസനാഥം" എന്നു വർണ്ണിക്കുന്ന കവിക്കും, വൃദ്ധനായ ദശരഥരാജാവു ഉഷസ്സിലെ വിളക്കുപോലിരിക്കുന്നു; എന്നു പറയുന്ന കാളിദാസനും, തമ്മിൽ

എന്താണ് വ്യത്യാസം? അഭിസരണം എങ്ങിനെയാണ് മരണംപോലെ ആകുന്നത്? വൃദ്ധനായ ദശരഥരാജാവു പ്രഭാതകാലത്തെ വിളക്കുപോലെയിരിക്കുന്നു എന്നു പറയുന്നതിൽ രസിക്കാമെങ്കിൽ, 'കാന്താമുഖം' 'കമലം' പോലിരിക്കുന്നു എന്നു പറയുന്നതിൽ എന്തുകൊണ്ടു പാടില്ല? രണ്ടും പ്രസ്ഥാനം ഒന്നുതന്നെ. ശ്ലേഷാദ്യലങ്കാരങ്ങൾ (അതിശയോക്തിവക്രോക്തി മുതലായവ) ആണീപ്രസ്ഥാനത്തിന്റെ ജീവൻ. ശ്ലേഷാലങ്കാരത്തെ കൃത്രിമമെന്നു നവീനന്മാർ പറയുന്നുണ്ട്. ഈ അഭിപ്രായം അർത്ഥശൂന്യമാകുന്നു.

ശ്ലിഷ്യന്തി വാചോ [illegible]
കവിവംശ [illegible]

(നൈഷധീയചരിതം)

എന്നുള്ള ശ്രീഹർഷകവിസമ്രാട്ടിന്റെ അഭിപ്രായമനുസരിച്ചു ശ്ലേഷം കവിതാശക്തിവിലാസമാണെന്നു സഹൃദയന്മാർ സമ്മതിക്കുന്നതാണ്. കാളിദാസനും ഈ വിലാസത്തെ സുലഭമായി പ്രകടിപ്പിച്ചിട്ടുണ്ട്. അലങ്കാരപ്രസ്ഥാനം കൃത്രിമമാണെന്നും പൌരസ്ത്യസാഹിത്യം ദുഷ്ടമായിപ്പോയി എന്നും പറയുന്ന അഭിപ്രായം നിശ്ശേഷം ത്യാജ്യമാകുന്നു. ശ്ലേഷം കൃത്രിമമാണെങ്കിൽ ഏതലങ്കാരമാണു കൃത്രിമമല്ലാത്തത്? അലങ്കാരശാസ്ത്രകാരന്മാരുടെ ഹിതത്തിനു യോജിക്കത്തക്കവിധം കല്പിതമാണെങ്കിൽ ഉപമരൂപകം മുതലായവയും കൃത്രിമങ്ങളാകുന്നു. അതുപോലെ രസം കൃത്രിമമല്ലേ? ധ്വനിക്കു എന്താണു അകൃത്രിമത ഉള്ളത്? വാസ്തവത്തിൽ ഇവയൊക്കെ കൃതകങ്ങളാണ്. സാഹിത്യംമുഴുവൻ അങ്ങിനെ തന്നെ. സാഹിത്യത്തിനെ, പ്രത്യേകമൊരു ഭാവനാലോകമാക്കിത്തീർക്കുന്നതിനു ഇവയൊക്കെ ആവശ്യമാണ്. ഇവയിൽ ഒന്നു കൃത്രിമമെന്നോ മറ്റു അകൃത്രിമമെന്നോ പറയാൻ പാടില്ല. 'ഉക്തിവൈചിത്ര്യജീവിതമായ' കാവ്യത്തിൽ ഇവ ഒക്കെ യുക്തമാകുന്നു.

കാളിദാസാദികളുടെ എന്നപോലെ തന്നെ മാഘാദികളുടേയും പ്രസ്ഥാനം സ്വീകരണീയവും ഉത്തമവും ആകുന്നു എന്നു ചുരുക്കിപ്പറഞ്ഞു കൊള്ളുന്നു. 'കാവ്യേഷു മാഘഃ' എന്നും മറ്റും പണ്ഡിതന്മാർ മാഘത്തിനും അതുപോലെയുള്ള കാവ്യങ്ങൾക്കും ഉത്തമസ്ഥാനം കൊടുത്തിട്ടുള്ളതു അവയുടെ യോഗ്യതയറിഞ്ഞു തന്നെയാണ്.

മഹാകാവ്യസ്വഭാവങ്ങൾ
മിക്കതും കുറെയുള്ളതായ്
അല്പസർഗ്ഗങ്ങൾ കൈക്കൊള്ളും
കൃതിയാം ഖണ്ഡകാവ്യകം

മഹാകാവ്യത്തിന്റെ ലക്ഷണങ്ങൾ മിക്കതും കുറെയുള്ളതു ഖണ്ഡകാവ്യമാകുന്നു. ഖണ്ഡകാവ്യത്തിൽ സർഗ്ഗങ്ങൾ കുറച്ചേ ഉണ്ടായിരിക്കാവൂ; മേഘയാത്രി. സത്യവതി.

ഗദ്യവും പദ്യവും കൂടി-
കലർന്ന കൃതി ചമ്പുവാം.

ഗദ്യവും പദ്യവും കൂടിയ കൃതിയാകുന്നു ചമ്പു. നൈഷധചമ്പു. രാമായണചമ്പു.

ചമ്പുക്കളിലെ ഗദ്യങ്ങൾക്കു വൃത്തഗന്ധിയായ ബന്ധമുണ്ട്. അതിനാൽ അവ വ്യവഹാരഗദ്യത്തിൽ നിന്നു ഭിന്നങ്ങളാകുന്നു. ചമ്പുക്കളിൽ ചിലപ്പോൾ ദണ്ഡകങ്ങളുമുപയോഗിക്കാം. 'രാമൻ പശുപതിയെ കൊണ്ടുവന്നു' 'കൃഷ്ണൻ അവിടെയില്ല'; ഈ മാതിരി കേവലം വ്യവഹരിക്കുന്നതിനു ഉപയോഗിക്കുന്ന ഗദ്യം ചമ്പുക്കളിൽ അയുക്തമാകുന്നു. ചമ്പുക്കളിലെ ഗദ്യങ്ങൾക്കു പദ്യച്ഛായ അല്പമെങ്കിലും ഉണ്ടായിരിക്കണം. കിളിപ്പാട്ടു തുള്ളൽ പാന വഞ്ചിപ്പാട്ടു മുതലായവയെ ചമ്പുക്കളിൽ ഗദ്യസ്ഥാനത്തുപയോഗിക്കുന്നതു യുക്തമല്ല. അവ ഗദ്യമാകുന്നതല്ലെന്നുള്ളതാണു കാരണം.

ന്യൂനസംസ്കൃതയുക്തർക്ക്
ജനിക്കുന്നൊരു മാതിരി

സദവസ്ഥാനുകരണ-
മത്രേണാഭിനയാഹ്വയം

൯൯. നന്നായഭിനയിച്ചീടാൻ
യുക്തമായതു ദൃശ്യമാം;
രൂപാരോപത്തിനാൽ കാവ്യ-
മിതുതാൻ രൂപകാഭിധം.

സഹൃദയന്മാൎക്ക രസജനകമായ വിധം നന്നായി അവസ്ഥയെ അനുകരിക്കുന്നതാകുന്നു അഭിനയം. ശ്രീരാമയുധിഷ്ഠിരാദികളുടെ അവസ്ഥയെ അതുപോലെ അനുകരിക്കുന്നതെന്നു സാരം; മുഖാദ്യംഗങ്ങളിൽ ചന്ദ്രാദിഭാവങ്ങളെ കല്പിക്കുന്നതുപോലെ നടന്മാരിൽ രാമയുധിഷ്ഠിരാദികളുടെ, ഭാവങ്ങളെ ആരോപിക്കുന്നതിനാൽ ദൃശ്യകാവ്യത്തിനു രൂപകമെന്നു പേർ പറയുന്നു.

൧൦൦. ആംഗികം വാചികാഭിഖ്യ-
മാഹാൎയ്യം സാത്വികം തഥാ
എന്നു നാലുവിധത്തിങ്ക-
ലുണ്ടാമഭിനയാഭിധം.

൧൦൧. ശിരസ്സുഹസ്തപാദങ്ങ-
ളുരഃകടികൾപാൎശ്വവും
ആറംഗങ്ങളിതിൻ വണ്ണം
ദൃഗ്നാസാഭ്രൂക്കളോഷ്ഠവും.

൧൦൨. കപോലവും ചിബുകവു-
മാറുപാംഗങ്ങളാമിവ;
ഏതൽകൃതാഭിനയന-
മതിനാംഗികമെന്നു പേർ.

൧൦൩. വാചികം മൊഴിയാലുള്ള-
താഹാൎയ്യം ഭൂഷണങ്ങളാൽ

മനോവൃത്തികൾതൻ ഭാവാ-
ഭിനയം സാത്വികാഖ്യമാം.

ആംഗികം വാചികം ആഹാര്യം സാത്വികം എന്നു അഭിനയം നാലുവിധം. ശിരസ്സ്, ഹസ്തം, പാദം, ഉരസ്സ്, കടി, പാർശ്വം എന്ന് ആറ് അംഗങ്ങളെക്കൊണ്ടും, കണ്ണ് മൂക്ക് ഭ്രൂക്കൾ ഓഷ്ഠം കപോലം ചിബുകം എന്നു ആറ് ഉപാംഗങ്ങളെക്കൊണ്ടും ചെയ്യുന്ന അഭിനയം ആംഗികം; വാക്കുകൊണ്ടുള്ളതു വാചികം; ഭൂഷണങ്ങളെക്കൊണ്ടുള്ളത് ആഹാര്യം; മനോവൃത്തികളുടെ അഭിനയം സാത്വികം.

൧൦൭. രൂപകം നാടകാഭിഖ്യം
ഭാണപ്രകരണങ്ങളും
വ്യായോഗവും പ്രഹസനം
ഡിമം സമവകാരവും

൧൦൮. അങ്കമീഹാമൃഗം വീഥീ-
യെന്ന പത്തുവിധത്തിലാം.

നാടകം ഭാണം പ്രകരണം വ്യായോഗം പ്രഹസനം ഡിമം സമവകാരം അങ്കം ഈഹാമൃഗം വീഥി എന്നു രൂപകം പത്തുവിധമാകുന്നു.

ഖ്യാതമാം വൃത്തവും സന്ധി-
യഞ്ചുമൊത്തുള്ളൊന്നാടകം.

൧൦൯. നേതാക്കൾ പലരും ചേർന്നു
സുഖദുഃഖവിമിശ്രമായ്
അഞ്ചിൽ താഴാതെയായ് പത്തു
വരെയങ്കങ്ങളുള്ളതായ്.

൧൧൦. ധർമ്മാദിഗുണമുറ്റെക്കൊണ്ടു
ധീരോദാത്തസ്വഭാവനായ്
പ്രഖ്യാതമായ വംശത്തിൽ
ജാതൻ രാജർഷിതന്നെയോ.

൧൦൮. അല്ലെങ്കിൽ ദ്ദിവ്യനായിട്ടും
മുഖ്യനായകനുള്ളതായ്
ശൃംഗാരമോ വീരമോ താൻ
പ്രധാനരസമുള്ളതായ്.

൧൦൯. നാലഞ്ചു മുഖ്യപാത്രങ്ങ-
ളുൾക്കൊണ്ടംഗങ്ങളായ് രസം
പലതും ചേർന്നിണങ്ങീടും
രൂപകം നാടകാഭിധം.

൧൧൦. അശുദ്ധശബ്ദാത്മകമായ്
പലവൃത്തകമുള്ളതായ്
നാനാവിധാനമുൾക്കൊണ്ടു
നാതിപ്രചുരചിത്രമായ്.

൧൧൧. പാത്രങ്ങൾക്കുന്നതാനാലോച-
ന്തും നായകനുള്ളതായ്
വിവാദം മരണം യുദ്ധം
ഭോജനം ശയനം കുളി.

൧൧൨. ശാപം സന്ദേശമിത്യാദി-
യൊന്നും തന്നെ പെടാത്തതായ്
അധികം ഹ്രസ്വദീർഘങ്ങ-
ളല്ലാതങ്കങ്ങളുള്ളതായ്

൧൧൩. സമംഗളാവസാനങ്ങ-
ളാകണം നാടകം മതം.

ഖ്യാതമായ ഇതിവൃത്തം സന്ധിപഞ്ചകം ഗുണം ന-
ത്വം അഞ്ചിൽക്കുറയാതെയും പത്തിൽ കൂടാതെയും അങ്ക-
ങ്ങൾ ഇവ നാടകത്തിനങ്ങളായിരിക്കണം. കഥാനായകൻ ധ-
ർമ്മാദിഗുണയുക്തനായ രാജർഷിയോ ദിവ്യനോ ആയിരിക്കേ-
ണ്ടതാണ്. ശൃംഗാരവീരങ്ങളിൽ ഒന്നു അംഗിയായ രസമാ

കണം. മററു രസങ്ങൾ അംഗങ്ങളാകേണ്ടതാണ്. മൂന്നോ നാലു പ്രധാനപാത്രങ്ങൾ വേണം. നാടകത്തിലെ ശബ്ദാൎത്ഥങ്ങൾ അസ്പഷ്ടങ്ങളാകരുത്. വൃത്തങ്ങൾ കുറച്ചേ ആകാവൂ. അധികം പദ്യങ്ങൾ പാടില്ല. പലവിധാനങ്ങളും ഉണ്ടായിരിക്കണം. വിവാഹം മരണം യുദ്ധം മുതലായവയൊന്നും പാടില്ല. അവസാനം മംഗലത്തോടുകൂടിയിരിക്കണം. ഇപ്രകാരമുള്ള രൂപകമാകുന്നു നാടകം.

പിതാവിന്മടിയിൽ ബാല-
രെന്നപോലെ രസാളികൾ.

൧൧൭. ഇതിൽ ക്രീഡിക്കയാലങ്ക-
മെന്നു ചൊല്ലുന്നു പണ്ഡിതർ.

പിതാവിന്റെ മടിയിൽ കുട്ടികളെന്നപോലെ ഇതിൽ രസാളികൾ ക്രീഡിക്കുന്നതുനിമിത്തം അങ്കം എന്നു പറയുന്നു.

ഇതിവൃത്തം കഥാവസ്തു-
വിവ പൎയ്യായവാക്കുകൾ

൧൧൮. ഖ്യാതം കല്പിതവും മിശ്ര-
മെന്നു മൂന്നു വിധം കഥ
പുരാണകഥിതം ഖ്യാതം
കവിതീൎത്തതു കല്പിതം.

൧൧൯. രണ്ടും കൂടിയതാം മിശ്ര-
മിതു താൻ കീൎണ്ണമെന്നതും.

ഇതിവൃത്തം കഥാവസ്തു ഇവ പൎയ്യായവാക്കുകളാകുന്നു. ഖ്യാതം കല്പിതം മിശ്രം എന്നു കഥ മൂന്നുവിധം; പുരാണങ്ങളിൽ പറയുന്നതു ഖ്യാതം; കവി നിൎമ്മിച്ചതു് കല്പിതം; രണ്ടുംകൂടിയതു മിശ്രം; ഇതിനു കീൎണ്ണമെന്നും പറയും. ബാലരാമായണാദി ഖ്യാതവും മാലതീമാധവാദി കല്പിതവും ശാകുന്തളാദി കീൎണ്ണവുമാകുന്നു.

ആദിയിൽ തത്ര രംഗത്തിൻ
വിഘ്നപ്രശമനത്തിനായ്

൧൧൭. നടന്മാർ ചെയ്തിടും കൃത്യം
പൂർവ്വരംഗാഭിധാനമാം
ഏതദംഗങ്ങളിൽപ്പാരം
പ്രധാനം നാന്ദിനാമകം

ആരംഭത്തിൽ രംഗത്തിന്റെ വിഘ്നപ്രശമനത്തിനുവേണ്ടി നടന്മാർ ചെയ്യുന്ന കൃത്യം പൂർവ്വരംഗമാകുന്നു. ഇതിന്റെ പ്രധാനാംശമാണ് നാന്ദി.

൧൧൮. ആശീർവ്വാദമതല്ലെങ്കിൽ
നമസ്കാരത്തൊടൊത്തതായ്
ചന്ദ്രാദിമംഗലപദം
കലരും സ്തുതി നാന്ദിയാം.

ആശീർവ്വചനം ദേവാദിനമസ്കാരം ഇവയിൽ ഒന്നിനോടും ചന്ദ്രാദിമംഗലപദത്തോടുംകൂടിയ ഇഷ്ടദേവതാസ്തുതി നാന്ദിയാകുന്നു.

ധൂമത്താൽ കൺകലങ്ങിപ്പനിമതികിരണംകൊണ്ടു പിന്നെത്തെളിഞ്ഞി-
പ്രേമത്താൽ കാന്തനെപ്പാർത്തവനതമുഖിയായ് ബ്രഹ്മനിൽ ശങ്കയോടെ
ഗംഗാഭർത്താവിനെത്തൻ നഖപദമുകരേ കണ്ടസൂയിച്ചു കോപം
മംഗല്യാചാരഗേഹത്തിൽപ്പുളകിതതനുവാം ഗൗരി സൌഖ്യം തരട്ടെ!
(പ്രിയദർശിക.)

ഈ നാന്ദി ആശീർവ്വാദത്തോടുകൂടിയതാകുന്നു. ഇതിൽ പനിമതി എന്ന പദം ചന്ദ്രനെക്കുറിക്കുന്നതിനാൽ മംഗലപദസിദ്ധമായിരിക്കുന്നു.

പരമാത്മാവിൻകലയാം പരമാമൃതമായ ഭാഷ മമ നാവിൽ
അവതാനാദികവിഗുരുഗണസാദരം നമസ്കരിക്കുന്നേൻ
(ഉത്തരരാമചരിതം)

ഇതു നമസ്കാരത്തോടുകൂടിയ നാന്ദിയാകുന്നു.

നാന്ദിയിൽ എട്ടോ പത്തോ പന്ത്രണ്ടോ പദങ്ങളേ ആ

കാവ്യ എന്നു സിദ്ധാന്തമുണ്ട്. എന്നാൽ ഈ സിദ്ധാന്തത്തിനു പ്രാബല്യമില്ല.

൧൪൯. കഥാവസ്തുവിൻ ബീജം
ശ്ലേഷാലങ്കാരമൂലമോ
സമാസോക്തിയിലോ ചൊൽകി-
ലതു പത്രാവലീമതം.

കഥാവസ്തുവിന്റെ ബീജത്തെ ശ്ലേഷംകൊണ്ടോ സമാസോക്തികൊണ്ടോ പറഞ്ഞാൽ പത്രാവലി എന്ന നാന്ദിയാകുന്നു.

ഭൂപശ്രീയെന്ന നാട്ടും നഗരവുമതുപോലെ ഭണ്ഡാരവും ഭാര്യ പുത്രൻ
രാജ്യശ്രീയെന്നിതെല്ലാം [illegible] സത്യമേകം വിശേഷാൽ
പൂജ്യസമാനമുള്ള വസ്തുവെന്നു വിവിധസമ്പത്തുകളൊക്കെയും ക-
ളഞ്ഞൊഴിഞ്ഞും ചെന്നു ദിവ്യപ്രൌഢാദികളിലും [illegible] പ്രകാശിപ്പിച്ചിട്ടു.
(ഹരിശ്ചന്ദ്രചരിതം)

ഹരിശ്ചന്ദ്രമഹാരാജാവു, സത്യസംരക്ഷണത്തിനായി രാജ്യം സമ്പത്തു ഭാര്യ പുത്രൻ മുതലായവരെ എല്ലാം ഉപേക്ഷിച്ചതായ വസ്തുബീജത്തെ ഈ നാന്ദിയിൽ സൂചിപ്പിച്ചിരിക്കുന്നു. അതിനാൽ ഇതു പത്രാവലി എന്ന നാന്ദിയാകുന്നു.

൧൫൦. നാന്ദി രണ്ടുവിധം; നിലി
ശുദ്ധയെന്നിപ്രകാരമായ്
ദിനേശചന്ദ്രന്മാർ വന്ദ-
നോപാദാനങ്ങളുള്ളത്.

൧൫൧. നിലിയാമിത്, [illegible] നാന്ദി
ശുദ്ധയെന്നു [illegible]ത്തിടും

നാന്ദി, നിലി എന്നും ശുദ്ധ എന്നും രണ്ടുവിധം; സൂര്യചന്ദ്രന്മാരുടെ വന്ദനോപാദാനമുള്ളതു നിലിയാകുന്നു.

ധാതാവായുള്ള ചന്ദ്രസൂര്യന്മാരുടെ [illegible] ദിവ്യാനന്ദം വീതിഹോത്രൻ
ഹോതാ [illegible] ദിനേശൻ നിശേശൻ [illegible] പതിയും നാലഞ്ചും നക്ഷത്രം

ഭൂതാനാം സംഘാതത്തിൻപ്രകൃതി [illegible] വിയും പ്രാണൻ മാരുതൻ [illegible]
[illegible] നാൽ യഷ്ടാ [illegible]

(അഭിജ്ഞാനശാകുന്തളം)

ശുദ്ധയിൽ സൂര്യചന്ദ്രോപമാനമുണ്ടായിരിക്കയില്ല.

[illegible]
[illegible]
[illegible]
[illegible]

(പ്രിയദർശിക)

സൂര്യചന്ദ്രോപമാനമിശ്രത്തിനാൽ ഇതു ശുദ്ധയാം നാന്ദിയാകുന്നു.

രസികൻ നീതിമാൻ വാഗ്മി
കുശലൻ ചതുരാശയൻ
൧൨൮. നാട്യത്തിൽ നിപുണൻ നാനാ-
ഭൂഷണാലംകൃതാകൃതി
സർവ്വശാസ്ത്രാർത്ഥവിജ്ഞാനി
സമർത്ഥൻ ഗാനവിദ്യയിൽ.

൧൨൯. നാടകോപകരണത്തിന്റെ
സൂത്രം സർവ്വം വഹിപ്പവൻ
നടോപദേശകൻ സൂത്ര-
ധാരനെന്നു ചിത്രതത്വവിൽ.

സൂത്രധാരൻ രസികനും നീതിജ്ഞനും വാഗ്മിയും കൗശല്യമുള്ളവനും ചതുരാശയനും നാട്യവിദ്യാനിപുണനും വിവിധഭൂഷണാലംകൃതനും സകലശാസ്ത്രവിജ്ഞാനിയും ഗാനത്തിൽ സമർത്ഥനും നാടകോപകരണങ്ങളുടെ സൂത്രം എല്ലാം ധരിക്കുന്നവനും നടന്മാർക്ക് വേണ്ട ഉപദേശങ്ങൾ കൊടുക്കുന്നവനും വൈചിത്ര്യസാരം അറിയുന്നവനും ആയിരിക്കണം.

൧൩൦. പ്രസ്താവനാദിയിൽ സൂത്ര-
ധാരൻ ചൊല്ലുക നാന്ദിയെ

പ്രസ്താവനയുടെ ആദിയിൽ സൂത്രധാരൻ നാന്ദിയെ ചൊല്ലണം. നാന്ദി ചൊല്ലുന്ന സൂത്രധാരനല്ല നാന്ദ്യന്തത്തിൽ പ്രവേശിക്കുന്നത്. അത് ഒരു നടനാകുന്നു. ഈ നടൻ നാന്ദീവക്താവായ സൂത്രധാരന്റെ വേഷഭാഷകളെ വഹിക്കുന്നതിനാൽ സൂത്രധാരൻ എന്നു വിളിക്കപ്പെടുന്നു.

പാട്ടുകാർ വാദകന്മാരും
നടരും നടിയും തഥാ
൧൨൭. സഭാനാഥന്മാരന്യോന്യം
രഞ്ജിക്കുവതു രംഗമാം

പാട്ടുകാർ മുതലായവർ അന്യോന്യം ചേർന്നിരിക്കുന്ന സ്ഥലമാകുന്നു രംഗം.

കാണ്മവാൻ വന്നിരിക്കുന്നോർ
സഭ്യന്മാർ ബുധരാമിവർ
൧൨൮. ദ്വിവിധം, പ്രാർത്ഥനീയന്മാർ
പ്രാർത്ഥകന്മാരുമിങ്ങനെ,
നടന്മാരാലനുജ്ഞക്കു
പ്രാർത്ഥിക്കപ്പെട്ടിടേണ്ടവർ
൧൨൯. പ്രാർത്ഥനീയർ; പ്രയോഗത്തെ
പ്രാർത്ഥിക്കുന്നവരന്യരാം

കാണുന്നതിനു വന്നിരിക്കുന്നവരാണ് സഭ്യന്മാർ. വിദ്വാന്മാരായ ഇവർ പ്രാർത്ഥനീയന്മാരെന്നും പ്രാർത്ഥകന്മാരെന്നും രണ്ടുവിധം ഉണ്ട്. നാടകം അഭിനയിക്കുന്നതിനു അനുജ്ഞ തരുവാൻ നടന്മാരാൽ പ്രാർത്ഥിക്കപ്പെടേണ്ടവർ പ്രാർത്ഥനീയരാകുന്നു.

[illegible] കാവ്യബന്ധം
[illegible]
[illegible]
[illegible]
([illegible])

നാടകം അഭിനയിക്കുന്നതിനു നടന്മാരോടു് അപേക്ഷിക്കുന്നവർ പ്രാർത്ഥകന്മാർ.

"സൂത്രധാരൻ (മുമ്പോട്ടു നോക്കീട്ടു) ഇപ്പോൾ ഈ വസന്തോത്സവത്തിൽ അനേകം ദിക്കുകളിൽനിന്നു വന്നവരും ശ്രീഹർഷദേവപാദത്തിന്റെ ആശ്രിതന്മാരുമായ രാജാക്കന്മാർ എന്നെ ബഹുമാനപൂർവ്വം വിളിപ്പിച്ചിങ്ങിനെ പറഞ്ഞു. ഞങ്ങളുടെ സ്വാമിയായ ശ്രീഹർഷദേവമഹാരാജാവു അപൂർവവിശേഷപ്പെട്ട കഥാബന്ധത്തോടുകൂടി പ്രിയദർശിക എന്നൊരു നാടികയുണ്ടാക്കിയിട്ടുണ്ടെന്നു പരമ്പരയായി കേട്ടു. എന്നാൽ അതു പ്രയോഗിച്ചുകണ്ടിട്ടില്ല. അതുകൊണ്ടു സകലജനാനന്ദകരനായിരിക്കുന്ന ആ രാജാവിനോടുള്ള ബഹുമാനംകൊണ്ടോ ഞങ്ങളുടെ നേരെയുള്ള കൃപ കൊണ്ടോ അതൊന്നു യഥോചിതം അഭിനയിച്ചുകണ്ടാൽ കൊള്ളാം എന്നു."

(പ്രിയദർശിക)

ഇവിടെ സഭ്യന്മാർ പ്രാർത്ഥകന്മാരാകുന്നു.

ത്യാഗശൗര്യാദിതം ചേർന്ന
സന്താപശൂന്യമുള്ളതായ്.
സാത്വ. ഹർഷപ്രധാനമായ് ശോക-
ഹീനമാം വൃത്തി സാത്വതി

നൃത്തം ഗീതം വിലാസം സമേതമാ-
ട്ടുള്ള ശൃംഗാരചേഷ്ടകൾ.
കൈശി. കലന്മൂലനം ശുദ്ധമാം
വധൂക്കം വൃത്തിയെക്കൈശികി

ഇന്ദ്രജാലം തഥാ മായാ
ചിത്രയുദ്ധവുമുള്ളതായ്.
ആര. രൗദ്രാദികലഹം ചേരും
വൃത്തിയാരഭടീമതം.

ഉദാത്തനായകർ ചേരുന്ന
വൃത്തി ഭാരതിയെന്നാർ
ഭാര. പ്രയോഗം പ്രാകൃതം സംസ്കൃത-
പ്രധാനം സംഭാഷണങ്ങളിൽ.

സാത്വതി കൈശികി ആരഭടി ഭാരതി എന്നു വൃത്തി നാലുവിധം. ത്യാഗശൌൎയ്യധൈൎയ്യാദികളും ചേൎന്നു സാത്വികവും സന്തോഷപ്രധാനവും ദുഃഖരഹിതവും ആയ വൃത്തി സാത്വതി. നൃത്തഗീതവിലാസാദിശൃംഗാരചേഷ്ടാസഹിതമായും സ്ത്രീപുരുഷന്മാരോടുകൂടിയതുമാണു് കൈശികി. ആരഭടി, ഇന്ദ്രജാലം മായ ചിത്രയുദ്ധം മുതലായവയോടുകൂടിയിരിക്കും. ഭരതന്മാർ (നടന്മാർ) യോജിക്കുന്ന വൃത്തി ഭാരതി. ഭാരതിവൃത്തിയുടെ അംഗങ്ങളിൽ പ്രരോചനയും ആമുഖവും പ്രധാനങ്ങളാകുന്നു.

പ്രരോചനാഖ്യമാകുന്നതു്
പ്രസ്തുതാൎത്ഥപ്രശംസനം

സദസ്യലോകത്തെ സമ്മുഖമാക്കുവാൻവേണ്ടി പ്രസ്തുതമായ അൎത്ഥത്തെ പ്രശംസിക്കുന്നതു പ്രരോചനം.

൧൩൨. ഉദാത്തനുദ്ധതൻ പ്രൌഢൻ
വിനീതനതിധീരനും.
ചതുർദ്ധാ കാവ്യകാരന്മാ-
രങ്ങവൎക്കഗ്രനായവൻ

൧൩൩. ഗരിമാനവചസ്സുള്ളിൽ
ശുദ്ധമായ്ക്കലൎന്നവൻ.
ഉദാത്തൻ, നിജമുൽക്കൎഷം
ചൊല്ലീടുന്നവനുദ്ധതൻ,

൧൩൪. ഔചിത്യംപോൽ നിജോൽക്കൎഷം
കഥിപ്പാൻ പ്രൌഢനാമകൻ
വിനയത്താൽ സ്വാപകൎഷം
വദിക്കുന്നോൻ വിനീതനാം,

കവി, ഉദാത്തൻ ഉദ്ധതൻ പ്രൌഢൻ വിനീതൻ എന്നു നാലുവിധം. വാക്കിൽ ശുദ്ധമായി ഗരിമാനം കലൎന്നവൻ ഉദാത്തൻ.

പാരം പഴയതാം കൃതി നല്ലതെന്നും നിരക്കെ നിന്ദ്യം പുതുതെന്നുമില്ല
തിരഞ്ഞെടുക്കും ബുധർ നന്മനോക്കി. മൂഢന്റെ വാക്കങ്ങനെ വേദവാക്യം
(മാളവികാഗ്നിമിത്രം - നാരായണമേനോൻ.)

ഇവിടെ സൂത്രധാരൻ പരീക്ഷിച്ചുനോക്കുകയാണെങ്കിൽ തന്റെ കൃതിക്കു ഗുണം കാണുമെന്നുള്ള അഭിമാനം ഗൂഢമായിരിക്കുന്നു. തന്റെ ഗുണത്തെ പ്രശംസിക്കുന്നവൻ ഉദ്ധതൻ.

ഉദാ—വലിയ പ്രൌഢകവിയായ കൊച്ചുണ്ണിത്തമ്പുരാൻ ശൃംഗാരവീരാദി [illegible] ഹാസ്യരസപ്രധാനമായ നാടകത്തെ ഉണ്ടാക്കിയതു [illegible]

(മധുരമംഗലം)

'വലിയ പ്രൌഢകവിയായ' എന്ന ഭാഗംകൊണ്ടു സ്വപ്രശംസ ചെയ്തിരിക്കുന്നതിനാൽ കവി ഉദ്ധതൻ. ഔചിത്യം അനുസരിച്ചു തന്റെ ഉൽക്കർഷം പറയുന്നവൻ പ്രൌഢൻ.

കവിക്കു മതിവിരിച്ചുൾ ഭൂനിവാസപ്രമോദം
[illegible]
[illegible]
[illegible]

(പൂതനാമോക്ഷം. കല്ലൂർ ഗോവിന്ദൻ നമ്പൂതിരി)

വിനയം നിമിത്തം തന്റെ അപകർഷം പറയുന്നവൻ വിനീതൻ.

[illegible]
[illegible]

(ശാകുന്തളം)

൯൩. സംക്ഷേപകഥനാദ്യഥാ
കവിസ്തുത്യൈകതഥാ.
നടദൈര്യം പ്രശംസിക്ക
തൽസംക്ഷിപ്തപ്രരോചനം

കഥാനായകാദികളെക്കുറിച്ചു ചുരുക്കി പ്രശംസിക്കുന്നതു സംക്ഷിപ്തപ്രരോചനം;

> ശ്രീഹർഷൻ കവിയിനിപുണൻ ഗുണഗ്രാഹികളിന്നുള്ളതാം,
> നിഹർഷസ്ഥിരവത്സരാജചരിതം നാട്യജ്ഞരാം ഞങ്ങളും
> ഓരോന്നിവ കാംക്ഷിതഫലമേകുമതിയാം ഭാഗ്യപുണ്യത്തിനാ-
> ലാരാൽ സർവ്വവുമൊത്തുകൂടിയിവിടെച്ചേർന്നിരിക്കുന്നു മേ.
>
> (പ്രിയദർശിക.)

൧൬൩. വിദൂഷകനോടല്ലെങ്കിൽ
മാരിഷനോടു കൂടിയോ.
നടിയോടോ സൂത്രധാരൻ
ഭംഗിയാകുന്നമാതിരി

൧൬൪. പ്രസ്തുതാക്ഷേപിയാംമട്ടു
തൻകാര്യംചൊൽവതാമുഖം.
പ്രസ്താവനാപേരെക്കൊണ്ടു-
മിതിനെത്താൻ കഥിപ്പു ഹ

സൂത്രധാരൻ വിദൂഷകാദികളിൽ ആരോടെങ്കിലും പ്രസ്താക്ഷേപിയായവിധം തന്റെ കാര്യം പറയുന്നതു ആമുഖം. ഇതിനെ പ്രസ്താവന എന്നും പറയുന്നു.

൧൬൫. ഇന്നമട്ടാമുഖാംഗങ്ങൾ
കഥോൽഘാതം പ്രവർത്തകം.
പ്രയോഗാതിശയം തത്ര
ഭാസാതിവൃത്തസമാനമാം

൧൬൬. സൂത്രി തൻ വാക്കിനെക്കൊണ്ടു
പാത്രം രംഗത്തിലെത്തുകിൽ
കഥോൽഘാതമാദ്യേ ചൊന്നിട്ട
മാമുഖാംഗം പ്രകീർത്തിതം,

൧൬൭. ആക്ഷിപ്തം കാലസാമ്യത്താൽ
പാത്രമെത്തിൽ പ്രവർത്തകം,
ഇതുമാതിരിയെന്നുള്ള
സൂത്രധാരന്റെ വാക്കിനാൽ

൧൪൯. പ്രവേശസൂചനം ചെയ്യുന്നതിൽ പ്രയോഗാതിശയാദ്യമാർഗ്ഗം.

ആമുഖത്തിന്നു കഥോൽഘാതം പ്രവർത്തകം പ്രയോഗാതിശയം എന്നു മൂന്നുവിധം അംശങ്ങൾ ഉണ്ട്. തന്റെ കഥയോടു സദൃശമായ സൂത്രധാരന്റെ വാക്കു കേട്ടിട്ടു പാത്രം രംഗത്തിൽ പ്രവേശിക്കുന്നതു കഥോൽഘാതം.

സൂത്രധാരൻ:— വൈരാഗ്നികെട്ടരിപ്രശമത്തെയിയാൽ പ്രമോദം

തേടീടട്ടെ പാണ്ഡുസുതർ മാധവനോടുകൂടി

രക്താഞ്ചിതക്ഷിതികളായ് ക്ഷതവിഗ്രഹന്മാർ

സ്വാസ്ഥ്യം സഭൃത്യരൊടു കൗരവരാർന്നിടട്ടെ!

(അണിയറയിൽ) അധിക്ഷേപത്തോടുകൂടി ഏടോ! വൃഥാ മംഗളപാഠം ചെയ്യുന്ന നടാധമ!

(വേണീസംഹാരം)

ഇവിടെ സൂത്രധാരന്റെ സ്വവൃത്തസദൃശമായ വാക്കു കേട്ടിട്ടു ഭീമസേനൻ പ്രവേശിക്കുന്നതിനാൽ കഥോൽഘാതം. കാലസാമ്യത്താൽ ആക്ഷിപ്തമായി പാത്രം പ്രവേശിക്കുന്നതു പ്രവർത്തകം.

ജനകാംഗിനെ കെട്ടിൽനിന്നു വിട്ടി.

ദ്വിരദാനൻ ഞാന കന്യയോടുകൂടി

ഇവയോടിഷ്ടചരൻ യഥാക്രമം

വിനയിക്കുന്നണിതവത്സരാജനെ ദ്പ്പൻ.

(പ്രിയദർശിക)

സൂത്രധാരന്റെ വാക്കിനാൽ അങ്ങിനെയാകട്ടെ എന്നു പ്രവേശസൂചനം ചെയ്യുന്നതു പ്രയോഗാതിശയം.

സൂത്രധാരൻ:— എന്നാൽ വേഗമാകട്ടെ.

ആദ്യം ശിരസാ സഭയുടെ യാജ്ഞയവഹിച്ചു കൊണ്ടിപ്പോൾ ചെയ്യാൻ ഞാൻ

അന്താരിചാരിയുടെ ബന്ധുവിക്കുന്നിട്ടും പരിജനംപോലെ.

(മാളവികാഗ്നിമിത്രം)

നാന്ദ്യന്തത്തിൽ സൂത്രധാരൻ പ്രവേശിക്കയാവിധി

൧൪൫. മംഗളപ്രസാധനത്തിനായ്
ഭാരതീവൃത്തി ചേർക്കണം.

നാന്ദിയുടെ അവസാനത്തിൽ സൂത്രധാരൻ പ്രവേശിച്ച് മംഗളപ്രസാധനത്തിനായി ഭാരതീവൃത്തിയെ യോജിപ്പിക്കണം.

ആമുഖം നിയമംപോൽ ചെയ്യൂ
സൂത്രധാരൻ സഹാനുഗൻ
൧൪൬. രംഗനിഷ്ക്രാന്തനാകുമ്പോൾ
പിന്നെപ്പാത്രമുഖാന്തരാൽ.

വസ്തുവെ വിവരിക്കണം
വസ്തു രണ്ടുവിധത്തിലാം
൧൪൭. രസഹീനമതാം വസ്തു
സൂച്യമന്യമസൂച്യവും.

മുമ്പു വിവരിച്ചവിധം ആമുഖം നിർവ്വഹിപ്പിച്ചു സൂത്രധാരൻ അനുഗാമിയോടുകൂടി രംഗത്തിൽനിന്നു പോകുമ്പോൾ പിന്നെ പാത്രങ്ങളെക്കൊണ്ടു കഥാവസ്തുവിനെ വിവരിക്കണം. കഥാവസ്തു രസമുള്ളതെന്നും രസമില്ലാത്തതെന്നും രണ്ടു വിധമുണ്ട്. ഇവയിൽ രസമില്ലാത്തതു സൂച്യവും രസം ഉള്ളതു അസൂച്യവും ആകുന്നു. സൂച്യം രംഗപ്രയോഗത്തിനു അനർഹമാകുന്നു.

നീരസം വസ്തുവിനുള്ള
സൂചനം സൂചകാദിയാം

നീരസമായ വസ്തുവിനെ സൂചിപ്പിക്കുന്നതു സൂചകം. ഇതിനെ അർത്ഥോപക്ഷേപകമെന്നും പറയുന്നു.

൧൪൮. വിഷ്കംഭകപ്രവേശങ്ങൾ
ചൂളികാങ്കാവതാരവും
തഥാങ്കമുഖമെന്നവ
അഞ്ചുമർത്ഥോപസൂചകം

വിഷ്കംഭകം പ്രവേശകം ചൂളിക അങ്കാവതാരം അങ്കമുഖം എന്നു സൂചകം അഞ്ചുവിധമാകുന്നു.

൧൪൩. അങ്കത്തിനാദിയിൽ ഭൂത-
ഭാവിവസ്തുപ്രസൂചനം
അമുഖ്യപാത്രംചെയ്തീടു-
ന്നതു വിഷ്കംഭകം മതം;

൧൪൪. ശുദ്ധം, മിശ്രവു, മെന്നവ-
മിതു രണ്ടു വിധത്തിലാം
ശുദ്ധമമുഖ്യമപാത്രങ്ങൾ
മാത്രമുള്ളതു, നീചവും

൧൪൫. മദ്ധ്യമം പാത്രവും ചേർന്ന
മിശ്രമാവതു മിശ്രകം,
നടൻ ചേടിയുമാചാര്യ-
നിവർ തൻഭാഷണങ്ങളാൽ

൧൪൬. കല്പിക്കപ്പെട്ടതാം മിശ്ര-
വിഷ്കംഭമിങ്ങനെ ദ്വിവിധം.

അങ്കത്തിന്റെ ആദിയിൽ അപ്രധാനപാത്രങ്ങൾ ഭൂതവും ഭാവിയുമായ കഥാവസ്തുവിന്റെ അംശത്തെ സൂചിപ്പിക്കുന്നതു വിഷ്കംഭം. ഇതു ശുദ്ധം മിശ്രം എന്നു രണ്ടുവിധം. മധ്യമപാത്രങ്ങളെക്കൊണ്ടുമാത്രം കല്പിക്കുന്നതു ശുദ്ധവും, നീചന്മാരും മദ്ധ്യമന്മാരും ആയ പാത്രങ്ങളെക്കൊണ്ടുള്ളതു മിശ്രവിഷ്കംഭവും ആകുന്നു. മിശ്രവിഷ്കംഭത്തെ നടൻ ചേടി ആചാര്യൻ ഇവരെക്കൊണ്ടു നിർവഹിക്കണം. അനർഘരാഘവം ആറാമങ്കത്തിൽ മാല്യവാൻ ശുകൻ സാരണൻ എന്നീ പാത്രങ്ങളെക്കൊണ്ടു നിർവഹിപ്പിക്കുന്നതു ശുദ്ധവും, മാളവികാഗ്നിമിത്രം ഒന്നാമങ്കത്തിൽ ചേടി ആചാര്യൻ ബകുളാവലിക കൌമുദി എന്നീ പാത്രങ്ങളെക്കൊണ്ടുള്ളതു മിശ്രവും, ആയ വിഷ്കംഭമാകുന്നു.

നീചപാത്രങ്ങൾ തൽഭൂത-
ഭാവ്യർത്ഥത്തിന്റെ സൂചനം
൧൪൦. രണ്ടങ്കങ്ങളതിൻ മദ്ധ്യേ
ചെയ്‌വതാകും പ്രവേശകം.

രണ്ടങ്കങ്ങളുടെ മദ്ധ്യത്തിൽ നീചപാത്രങ്ങളെക്കൊണ്ടു ഭൂതവും ഭാവിയും ആയ അർത്ഥത്തെ സൂചിപ്പിക്കുന്ന പ്രവേശകം. വേണീസംഹാരത്തിൽ രാക്ഷസൻ രാക്ഷസസ്ത്രീ എന്നീ പാത്രങ്ങളെക്കൊണ്ടു പ്രവേശകം നിർവ്വഹിപ്പിച്ചിരിക്കുന്നു.

മദ്ധ്യപാത്രങ്ങൾ നേപത്ഥ്യ-
ത്തിൽ പറഞ്ഞർത്ഥസൂചനം
൧൪൧. രംഗപ്രവിഷ്ടരാകാതെ
ചെയ്തിടുന്നതു ചൂളിക.

മദ്ധ്യമപാത്രങ്ങൾ രംഗത്തിൽ പ്രവേശിക്കാതെ അണിയറയിലിരുന്ന് അർത്ഥസൂചനം ചെയ്യുന്നതു ചൂളിക.

(പിന്നെയും അണിയറയിൽ)

[illegible]
[illegible]

(പിന്നെയും അണിയറയിൽ)

[illegible]
[illegible]

(ഉത്തരരാമചരിതം).

പൂർവ്വാങ്കസ്ഥങ്ങളെല്ലാമേ
പാത്രങ്ങൾ തുടർച്ചയായ്
൧൪൨. ഭാവ്യങ്കത്തിൽ പ്രവേശത്തെ
ചെയ്‌വതങ്കാവതാരമാം.

പൂർവ്വാങ്കത്തിലെ പാത്രങ്ങൾക്കു തുടർച്ചയായി ഭാവിയായ അങ്കത്തിൽ പ്രവേശം കൊടുക്കുന്നതു അങ്കാവതാരം ആകുന്നു. ഉദാഹരണത്തിനു മാളവികാഗ്നിമിത്രം ഒന്നാമങ്കം നോക്കുക.

പൂർവ്വാങ്കത്തിന്റെയന്ത്യത്തി-
ലുള്ള പാത്രങ്ങൾ ഭാവിയാം.

൧൭൩. വസ്തുസംസൂചനം ചെയ്യു-
തങ്കാനനമിതീരിതം

പൂർവ്വാങ്കത്തിന്റെ അവസാനത്തിലുള്ള പാത്രങ്ങൾ ഭാവിയായ വസ്തുവിനെ സൂചിപ്പിക്കുന്നത് അങ്കാനനം. ഉദാഹരണം മഹാവീരചരിതം രണ്ടാമങ്കം.

നേപഥ്യോക്തം ശ്രവിച്ചിട്ടു
നാട്യമാകാശഭാഷണം

നേപഥ്യത്തിൽ ഇരുന്നു പറയുന്നതിനെ കേൾക്കുന്നതായി നടിക്കുന്നത് ആകാശഭാഷണം. ആകാശഭാഷണത്തിൽ അണിയറയിലിരുന്ന് ആരും ഒന്നും പറയുന്നില്ല. എന്നാൽ രംഗസ്ഥിതമായ പാത്രം, അപ്രകാരം പറയുന്നതു കേൾക്കുന്നതായി നടിക്കുകയാണ്.

(മുറി നടന്നുനോക്കീട്ട് ആകാശത്തിൽ ലക്ഷ്യം ബന്ധിച്ചു) പ്രിയംവദേ! ആർക്കാണ് രാമച്ചം കുഴമ്പും കൂടെ ഉൾപ്പെടുത്തിയ താമരയിലകളും കൊണ്ടുപോകുന്നതു (കേട്ടതുപോലെ ഭാവിച്ച്) എന്താണ് പറയുന്നത്? വെയിൽകൊണ്ടു ശകുന്തള വളരെ അസ്വസ്ഥയായിരിക്കുന്നു. അവളുടെ ശരീരതാപം നശിപ്പിക്കാൻ എന്നോ. എന്നാൽ ഒട്ടും ഉദാസീനതകൂടാതെ പ്രതിവിധികൾ ചെയ്യണേ! അവൾ കുലപതിയായ കണ്വന്റെ പ്രാണനാണ്. ഞാനും യാഗസംബന്ധിയായ തീർത്ഥജലത്തെ അവൾക്കായി കൊണ്ടു ഗൗതമിയുടെ കയ്യിൽ കൊടുത്തയക്കാം.

(ശാകുന്തളം).

൧൭൪. അർത്ഥപ്രകൃതിയഞ്ചുണ്ടു
ബീജം ബിന്ദു പതാകയും
പ്രകരീ കാര്യമെന്നേവ-
മിവ ചേർക്ക യഥാവിധി

ബീജം ബിന്ദു പതാക പ്രകരി കാര്യം എന്ന് അർത്ഥപ്രകൃതി അഞ്ചുവിധം ഉണ്ട്. ഇവയെ യഥാവിധി ചേർക്കണം.

൧൭൮. കഥതൻ പരമോദ്ദേശം
ജനിക്കാൻ ഹേതുവായത്
ബീജമല്പമുപക്ഷിപ്ത-
മിതു വിസ്തൃതമായ് വരും.

കഥയുടെ പരമമായ ഉദ്ദേശം ഉണ്ടാകുന്നതിനു ഹേതുവായതാണ് ബീജം. ഇതു് അല്പം വിന്യസിച്ചാൽ വളർന്നു വരുന്നു. വിത്ത് അങ്കുരമായി ഇലകളോടും ശാഖകളോടും ഉപശാഖകളോടുംകൂടി വളർന്ന് ഒടുവിൽ ഫലത്തെ ജനിപ്പിക്കുന്നു. ഇതുപോലെ കഥയിൽ വിന്യസ്തമായ ബീജം ക്രമേണ പുഷ്ടമായി ഒടുവിൽ പരമോദ്ദേശത്തെ ഉണ്ടാക്കുന്നു. മാളവികാഗ്നിമിത്രത്തിൽ രാജാവു മാളവികയെ ചിത്രത്തിൽ കണ്ടതാണ്, രാജാവിന്റെ പിന്നീടുള്ള സകല പ്രവൃത്തികളുടേയും കാരണം. വിക്രമോർവ്വശീയത്തിൽ ഉർവ്വശി രാജാവിനെ നോക്കിയിട്ട 'അസുരൻ എനിക്ക് ഉപകാരംതന്നെയാണ് ചെയ്തത്' എന്നു വിചാരിക്കുന്ന ഘട്ടത്തിൽ രാജാവിന്റെ നേരെ ഉർവ്വശിക്കു തോന്നിയ അനുരാഗത്തിന്റെ ബീജം വിന്യസിച്ചിരിക്കുന്നു.

൧൭൯. അവാന്തരപ്രസംഗത്താൽ
ബ്ബീജത്തിൻ പരമം ഫലം
വിച്ഛിന്നകം യഥായോഗ്യം
ചേർത്തിടുന്നതു ബിന്ദുവാം.

ബീജത്തിന്റെ പരമമായ ഫലം അവാന്തരപ്രസംഗം നിമിത്തം വിച്ഛിന്നമാകുന്നതിനെ കൂട്ടിച്ചേർക്കുന്നതു ബിന്ദുവാകുന്നു. ഒരു തുള്ളി എണ്ണ വെള്ളത്തിലൊഴിച്ചാൽ അതു വ്യാപിക്കുന്നതുപോലെ ആകുന്നു ബിന്ദുവിന്റെ വ്യാപാരം. ശാകുന്തളത്തിൽ നായാട്ടിന്റെ പ്രസംഗംകൊണ്ടു ശകുന്തളയുടെ വൃത്താന്തത്തിനു വിച്ഛേദം ഭവിച്ചപ്പോൾ, 'മാഢവ്യ! കാണേണ്ടതിനെ കാണാഞ്ഞയാൽ തന്റെ കണ്ണു നിഷ്ഫലംതന്നെ' എന്ന് ആരംഭിക്കുന്ന വാക്യത്തിൽ ബിന്ദു ഉപാത്തമായിരിക്കുന്നു.

൧൪൭. പ്രാസംഗികമതാംവൃത്തം
പതാകാവ്യാപിയാമിതു

ഇടയ്ക്കു പ്രാസംഗികമായി വന്നുചേരുന്നതും വ്യാപിക്കുന്നതുമായ വൃത്തമാണ് പതാക. രാമായണത്തിൽ സുഗ്രീവവൃത്താന്തം ഉദാഹരിക്കപ്പെടാം.

പ്രദേശസ്ഥിതമായെന്നാൽ
പ്രകരീനാമമാമിതു.

പ്രാസംഗികവൃത്തംതന്നെ ഒരിടത്തുമാത്രം (എല്ലായിടത്തും വ്യാപിക്കാതെ) ഇരിക്കുന്നു എങ്കിൽ പ്രകരി ആകുന്നു; ഉദാഹരണം രാമായണത്തിൽ ജടായുവൃത്താന്തം. പതാകാപ്രകരികളെ കഥയിൽ യഥാസംഭവം സംഘടിപ്പിച്ചുണ്ടതാണ്. ഇവ വേണമെന്നു നിർബ്ബന്ധമില്ല.

൧൪൮. കാര്യംപ്രധാനമായുള്ള
ഫലത്തെനിർവ്വഹിപ്പതാം

പ്രധാനമായുള്ള ഫലത്തെ നിർവ്വഹിക്കുന്നതു കാര്യം. രാമായണത്തിൽ രാവണവധം ഉദാഹരിക്കപ്പെടാം.

ആരംഭയത്നപ്രാപ്ത്യാശാ-
നിയതാപ്തികളുംതഥാ

൧൪൯. ഫലാഗമവുമെന്നഞ്ചു
കാര്യത്തിന്നവസ്ഥകൾ.

ആരംഭം യത്നം പ്രാപ്ത്യാശ നിയതാപ്തി ഫലാഗമം എന്നു കാര്യത്തിന് അഞ്ച് അവസ്ഥകൾ ഉണ്ട്.

ആരംഭംപരമോദ്ദേശം
കിട്ടുവാനൗൽസുക്യമേല്പതാം.

പ്രധാനമായ ഉദ്ദേശം സാധിക്കുന്നതിനുള്ള ഔൽസുക്യം ആരംഭം; (രത്നാവലിയിൽ) രത്നാവലിയുടെ അന്തഃപുരത്തിൽ പ്രവേശിക്കുന്നതിനുള്ള യൗഗന്ധരായണന്റെ ഔൽസുക്യം നോക്കുക.

൧൬൦. പ്രയത്നം ഫലലാഭാർത്ഥം
ദ്രുതം ചെയ്യുന്ന യത്നമാം.

ഫലലാഭത്തിനുവേണ്ടി വേഗം ചെയ്യുന്ന പ്രയത്നമാകുന്നു യത്നം. രാമചരിതത്തിൽ സമുദ്രബന്ധനാദി ഉദാഹരണം;

ഉപായാപായസന്ദേഹാൽ
പ്രാപ്ത്യാശാ പ്രാപ്തിസംഭവം.

ഉപായംകൊണ്ടും പ്രതിബന്ധത്തിങ്കലുള്ള ശങ്കകൊണ്ടും പ്രാപ്തി സംഭവിക്കുന്നതു പ്രാപ്ത്യാശ. ഉദാഹരണം രത്നാവലിയിൽ മൂന്നാമങ്കം.

൧൬൧. നിയതാപ്തിയപായം വി-
ട്ടുള്ള നിശ്ചിതലാഭമാം.

തടവില്ലാതെ നിശ്ചിതവസ്തു ലഭിക്കുന്നതു നിയതാപ്തി.

ഫലാഗമം ഫലം സർവ്വം
സിദ്ധിച്ചിട്ടമവസ്ഥയാം.

ഉദ്ദേശം സർവ്വം സാധിക്കുന്നതു ഫലാഗമം. (രത്നാവലിയിൽ) രത്നാവലീലാഭം.

൧൬൨. ഏകംപ്രയോജനത്തോടു
കഥാംശാവാന്തരൈകകം
പ്രയോജനത്തിനുള്ള
സംബന്ധം സന്ധിനാമകം.

ഒരു പ്രയോജനത്തിനും കഥാംശത്തിന്റെ അവാന്തരമായ ഒരു പ്രയോജനത്തിനും തമ്മിലുള്ള സംബന്ധമാണ് സന്ധി.

൧൬൩. മുഖം പ്രതിമുഖം ഗർഭം
വിമർശമുപസംഹൃതി
അഞ്ചുമാതിരിയുള്ളതാം
സന്ധികളീവിധത്തിലായ്.

മുഖം പ്രതിമുഖം ഗർഭം വിമർശം ഉപസംഹൃതി എന്നു സന്ധി അഞ്ചുവിധം.

൧൬൪. നാനാർത്ഥരസമുൾക്കൊള്ളും
ബീജത്തിനുള്ളൊരുത്ഭവം.
ആരംഭാവസ്ഥയോടായി
ച്ചേർന്നതു മുഖാഭിധം

നാനാർത്ഥരസങ്ങളോടുകൂടിയ ബീജത്തിന്റെ ഉത്ഭവം ആരംഭാവസ്ഥയോടു ചേർന്നതു മുഖസന്ധിയാകുന്നു. മുഖസന്ധിയിൽ പ്രധാനമായി ബീജോല്പത്തിയെ കാണിക്കണം. ഇതിനായിട്ടാണ് നായികാനായകന്മാരെ രംഗത്തിലവതരിപ്പിക്കുന്നത്. കഥകളുടെ എല്ലാം വശ്യത ഉപക്രമത്തിലാകുന്നു. അതിനാൽ നായികാനായകന്മാർ സന്ദർശിക്കുന്നതിനുചിതങ്ങളായ പല ഉപക്രമോപായങ്ങളേയും കല്പിച്ചിരിക്കുന്നു. പൂരസ്നാനം സ്വപ്നം നായാട്ട് ഉത്സവം ഇവ എല്ലാം ഉപക്രമോപായങ്ങളാണ്. ശാകുന്തളത്തിൽ നായാട്ടും മാളവികാഗ്നിമിത്രത്തിൽ ചിത്രദർശനവും മാലതീമാധവത്തിൽ ഉത്സവവും ഉപക്രമോപായങ്ങളായി സ്വീകരിച്ചിരിക്കുന്നു.

'അദ്ദേഹം ഇഷ്ടപുത്രിയായ ശകുന്തളയെ അതിഥിസൽക്കാരത്തിനായി നിയോഗിച്ചുംവെച്ചു അവളുടെ ദൈവപ്രാതികൂല്യത്തെ ശാന്തിചെയ്യുന്നതിനായി സോമതീർത്ഥത്തിലേക്കു പോയിരിക്കുന്നു.'

(ശാകുന്തളം).

എന്ന ഭാഗംമുതൽ മൃഗയാവൃത്താന്താനന്തരം രണ്ടുപേരും ചുറ്റിനടക്കുന്നു എന്നവരെ മുഖസന്ധിയാകുന്നു.

൧൬൫. ഉപക്ഷേപം പരികരം
പരിന്യാസം വിലോഭനം
യുക്തിപ്രാപ്തി സമാധാനം
വിധാനങ്ങളുമാവിധം.

൧൬൬. പരിഭാവനയുൽഭേദം
കരണം ഭേദമിങ്ങനെ

മുഖസന്ധിക്കു പന്ത്രണ്ടു-
ണ്ടംഗങ്ങൾ പരികല്പിതം.

ഉപക്ഷേപം പരികരം പരിന്യാസം വിലോഭനം യുക്തി പ്രാപ്തി സമാധാനം വിധാനം പരിഭാവന ഉൽഭേദം കരണം ഭേദം എന്നു പന്ത്രണ്ടംഗങ്ങൾ മുഖസന്ധിക്കു കല്പിക്കപ്പെട്ടിരിക്കുന്നു.

൧൬൭. കാര്യാർത്ഥത്തിന്റെ യുല്പത്തി-
യുപക്ഷേപാഭിധാനകം

കാര്യാർത്ഥത്തിന്റെ ഉല്പത്തിയാകുന്നു ഉപക്ഷേപം.

അരക്കില്ലം കത്തിച്ചുടനെ വിഷമേകി കപടമായ്-
[illegible] സഭയിൽ
[illegible]
[illegible]
(വേണീസംഹാരം).

ഇവിടെ വിരോധോല്പത്തിക്കുള്ള കാരണങ്ങളെ പറഞ്ഞിട്ടു തല്പരിഹാരരൂപമായ പ്രതിക്രിയയെ സൂചിപ്പിച്ചിരിക്കുന്നു.

ഉണ്ടായതിനതിശയ-
മാകിൽ പ്പരികരാഹ്വയം.

അർത്ഥത്തിന്റെ ഉല്പത്തി ബാഹുല്യമാകുന്നതു പരികരം.

[illegible]
[illegible]
[illegible]
[illegible]
(വേണീസംഹാരം)

൧൬൮. അതിൻ നിഷ്പത്തിയാകുന്നു
പരിന്യാസാഭിധാനകം

അതിൽനിന്നും നിശ്ചയരൂപമായ ന്യസനം പരിന്യാസം.

തിരിച്ചുപലവട്ടവും ചുഴലിയന്നു ഭീമൻ കനം
പെരുത്ത ഗദയാല്പരം ഇടയടിച്ചു പൊട്ടിച്ചുടൻ
കുരുപ്രവരമെയ്യിൽനിന്നൊഴുകിടും കടുംശോണിതം
പിരണ്ട കരതാരിനാൽ സുതനു! നിൻ കചം കെട്ടിടും.

(വേണീസംഹാരം)

കാവ്യാർത്ഥത്തെ ചുരുക്കി ഉപക്ഷേപിക്കുന്നത് ഉപക്ഷേപവും, അതിനെ വർദ്ധിപ്പിക്കുന്നതു പരികരവും, അതിന്റെ നിശ്ചയാപത്തിരൂപമായ ന്യസനം പരിന്യാസവും, ആകുന്നു. ഇതാണിവറ്റു തമ്മിലുള്ള വ്യത്യാസം.

നായകാദിഗുണത്തിന്റെ
സമാഖ്യാനം വിലോഭനം.

നായകാദികളുടെ ഗുണത്തെ കീർത്തിക്കുന്നതു വിലോഭനം;

പാഞ്ചാലി:— നാഥാ കോപിച്ചിരിക്കുന്ന അങ്ങേക്ക് എന്താണ് ദുഷ്കരമായിട്ടുള്ളത്.

(വേണീസംഹാരം).

൧൬൩. യുക്തിരർത്ഥത്തിനുള്ളോരു
സമ്പ്രധാരണമാകയാം.

അർത്ഥത്തിന്റെ ശരിയായ ധാരണം യുക്തി.

സഹദേവൻ:— ജ്യേഷ്ഠാ! അറിവില്ലാത്തവനെപ്പോലെയാണല്ലോ താവിടുന്ന് മഹാരാജാവിന്റെ സന്ദേശത്തെ മനസ്സിലാക്കിയത്.

(വേണീസംഹാരം)

സുഖത്തിന്റെ സമാവേശ
മതിനാം പ്രാപ്തിയെന്നു പേർ.

സുഖത്തിന്റെ ആഗമമാകുന്നു പ്രാപ്തി.

പോരാടിക്കോപമോടേ ജയദ്രഥവധത്തെത്തു മട്ടിക്കയില്ലേ
ഘോരാരവൽ അരിദ്ദുര്യോധനന്മാരുടെ കടകമൊക്കെ ക്ഷപിക്കയില്ലേ
പോരാ ദുര്യോധനൻ തൻ ഗുരുവിനാഗമപുത്രൻ ശുഷ്കനായ് തീർക്കയില്ലേ
പോരാളും യുഷ്മദീയൻ ചെറിയതുകയുമായ് സന്ധിചെയ്യാതെ നോക്കാം

പാഞ്ചാലി:— നാഥാ! അങ്ങയുടെ ഈ മാതിരി വാക്കു കേട്ടിട്ടില്ലല്ലോ. പിന്നെയും പിന്നെയും പറഞ്ഞാലും.

(വേണീസംഹാരം).

൧൬൦. ബീജത്തിൻ പുനരാധാനം
സമാധാനമിതീരിതം.

ബീജത്തെ പ്രധാനനായകാഭിമതംകൊണ്ടു ആധാനം ചെയ്യുന്നതു സമാധാനം.

സത്യം തൊഴിലിരുകൈനായ് ഭയമൊട്ടു ഖേദമെന്നിച്ചു ശാന്തിപ്പെട്ടുതാൻ
പോലും വംശത്തെ നിർത്താൻ ശമമൊടുമിലവും വിസ്മരിപ്പാനല്ലന്നി
ച്ചാലെ ദുതാട്ടമാരെയാരാണിയിലുളവായ് ഉളപാതിയേന്ത്രമോക്ഷം.
തമ്മിലെ വധിച്ചിട്ടന്നു കതവനമതിലെ ലത്ജജക്രോധവഹ്നി

(വേണീസംഹാരം)

'അരക്കില്ലംകത്തിച്ചവഹം' എന്നതിലുള്ള ബീജം, ഇവിടെ പ്രധാനനായകനായ യുധിഷ്ഠിരന്റെ അഭിമതത്താൽ ഉപഹിതമായിരിക്കുന്നു.

൧൬൧. സുഖവും ദുഃഖവും ചേർക്കു-
മർത്ഥം പേരാൽ വിധാനമാം.

സുഖത്തെയും ദുഃഖത്തെയും ചേർക്കുന്ന അർത്ഥം വിധാനമാകുന്നു.

ഉത്സാഹവും നിനക്കുള്ള
ബാല്യവും കണ്ടുകൊണ്ടുതേ
ഹൃത്തിൽ സന്തോഷഖേദങ്ങൾ
ഒപ്പം ചേരുന്നു ബാലക!

(ബാലചരിതം നാടകം)

൧൬൨. തോഷമേറെപ്പെട്ടുവാക്കു-
ചേർന്നതാം പരിഭാവനം.

അധികം സന്തോഷത്തോടുകൂടിയ വാക്കു പറയുന്നതു പരിഭാവനം.

ഭാനുമതി:— നാഥാ! എന്താണിപ്പോൾ പ്രളയകാലത്തിലെ ഇടിമുഴക്കം
പോലെ ഗംഭീരമായിട്ടുള്ള സമരവാദ്യങ്ങൾ മുഴങ്ങുന്നത്.

(വേണീസംഹാരം)

യുദ്ധം ഉണ്ടാകുമോ ഇല്ലയോ എന്നു സംശയിച്ചുകൊ

ങ്ങിയ പാഞ്ചാലി ഭീമന്റെ വാക്കു കേട്ടിട്ടു സന്തോഷത്തോടുകൂടി പറയുന്ന ഈ വാക്യം പരിഭാവനം.

ബീജാർത്ഥത്തിൻ പ്രരോഹം താ-
നുൽഭേദാഖ്യം പ്രകീർത്തിതം.

ബീജത്തിന്റെ അർത്ഥം മുളയ്ക്കുന്നതു ഉൽഭേദം.

ഗുരുക്കളുടെ പ്രതികൂലവൃത്തത്തിൻ [illegible] ശമിതനായ്
പാണ്ഡവൻ കൗരവർക്കെതിരായി ക്രുദ്ധനായി ഭീമനിവിടെ വരും.

(വേണീസംഹാരം)

൧൨. പ്രകൃതാർത്ഥത്തിനെന്തി-
ന്നാരംഭം കരണാഭിധം.

പ്രകൃതമായ അർത്ഥത്തിനുള്ള ആരംഭം കരണം ആകുന്നു.

ദി:— എന്നാൽ പാഞ്ചാലി! കുരുകുലത്തെ നശിപ്പിക്കാനായി ഞങ്ങൾ ഒരുങ്ങുന്നു.

(വേണീസംഹാരം)

കൂട്ടത്തിൽ നിന്നു മുടക്കുക
ഭേദനം ഭേദനാമകം.

ദി:— ഇത് ഇങ്ങനെയായതൊന്നുംകൊണ്ടു തന്നെ ഭീമൻ ഇപ്പോൾ മുതൽ നിങ്ങളിൽനിന്നു ഭേദിച്ചിരിക്കുന്നു.

(വേണീസംഹാരം)

൧൩. മുഖസന്ധിയിലെ ബീജം
തെളിഞ്ഞും തെളിയാതെയും.
ഫലാർത്ഥമുള്ളുപായത്തിൽ
സ്ഥിതം പ്രതിമുഖാഭിധം

മുഖസന്ധിയിൽ ഉപാത്തമായ ബീജത്തിന്റെ അർത്ഥം സിദ്ധിക്കുന്നതിനുള്ള ഉപായത്തിൽ ബീജം തെളിഞ്ഞും തെളിയാതെയും സ്ഥിതിചെയ്യുന്നതു പ്രതിമുഖസന്ധിയാകുന്നു. ഇതു യത്നത്തിന്റെയും ബീജത്തിന്റെയും സംബന്ധകോ-

ണ്ട് ഉണ്ടാകുന്നു. ശാകുന്തളം ഒന്നാമങ്കത്തിൽ ഉപാന്തമായ സന്ദർഭം മൃഗയാവർണ്ണനംകൊണ്ടു വിരസമാകുമ്പോൾ 'മാഢവ്യാ! കാണേണ്ടതിനെ കാണാഞ്ഞതാൽ തന്റെ കണ്ണു നിഷ്ഫലം തന്നെ' എന്ന വാക്യംകൊണ്ടു ഉജ്ജീവിക്കുന്ന ഭാഗം മുതൽ മൂന്നാമങ്കത്തിന്റെ അവസാനംവരെ പ്രതിമുഖസന്ധിയാകുന്നു.

൧൪൭. വിലാസം പരിസർപ്പം
വിധൂതം താപനം തഥാ
നർമ്മ നർമ്മദ്യുതികളും
പ്രഗമാദ്യം വിരോധവും
൧൪൮. പര്യുപാസനപുഷ്പങ്ങൾ
വജ്രോപന്യാസകങ്ങളും
വർണ്ണസംഹാരമെന്നിവ
പതിമൂന്നംഗമുഖത്തിൽ

വിലാസം പരിസർപ്പം വിധൂതം താപനം നർമ്മം നർമ്മദ്യുതി പ്രഗമം വിരോധം പര്യുപാസനം പുഷ്പം വജ്രം ഉപന്യാസം വർണ്ണസംഹാരം എന്നു പ്രതിമുഖസന്ധിക്കു പതിമൂന്നു് അംഗങ്ങൾ ഉണ്ടു്.

൧൪൯. വിലാസം രതിഭോഗാശ-
മൂലമാകുന്ന സമീഹയാം

രതിഭോഗത്തിനുള്ള ആഗ്രഹം വിലാസം.

[illegible]
[illegible]
[illegible]
[illegible]

([illegible])

നഷ്ടമായിഷ്ടമിഷ്ടത്തിൻ
[illegible] പരിസർപ്പകം

നഷ്ടമായ ഇഷ്ടത്തെ അന്വേഷിക്കുന്നതു പരിസർപ്പം.

രാജാ—അവിടെ [illegible] എന്നാൽ
[illegible]
[illegible]
[illegible]
[illegible]

(ശാകുന്തളം)

൧൭൬. വിധുതം സ്വാസ്ഥ്യനഷ്ടത്താ-
ലരതിസ്ഥിതിയേല്പതാം

ഇഷ്ടനഷ്ടത്താലുണ്ടാകുന്ന അരതിയാകുന്നു വിധുതം.

[illegible]

(മാലതീമാധവം)

ഉപായാദർശനംകൊണ്ടു-
[illegible]

ഉപായം കാണാഞ്ഞിട്ടുള്ള സ്ഥിതി താപനം.

[illegible]
[illegible]
[illegible]
[illegible]

(രത്നാവലി നാടകം)

൧൭൭. ക്രീഡയ്ക്കായ്പ്പരിഹാസമാകിൽ
[illegible]

കളിയായി പരിഹാസം പറയുന്നതു നർമ്മം.

സുസംഗതാ:—സഖി! നീ ആർക്കു വേണ്ടിയാണു വന്നതു്! അവൻ നിന്റെ സമീപത്തിൽ നില്ക്കുന്നു.

സാഗരിക:—(സാസൂയം) ഞാൻ ആർക്കു വേണ്ടിയാണു വന്നതു്!

സുസംഗതാ:—അന്യത്തെന്തിനു ശങ്കിക്കുന്നു. ചിത്രഫലകത്തിനു വേണ്ടിയാണ്.

(രത്നാവലി നാടകം.)

നർമ്മദ്യുതി പരിഹാസ-
ത്തിനുള്ള കാന്തിയാം

പരിഹാസവാക്കിനുള്ള കാന്തി നർമ്മദ്യുതി.

സുസംഗതാ:— സഖി! ഭർത്താവിനാൽ ഹസ്താവലംബിതയായിട്ടും കോപത്തെ പരിത്യജിക്കാത്ത നീ അദക്ഷിണ തന്നെയാണ്.

സാഗരിക:— (ഭ്രൂഭംഗത്തോടെ അല്പം ചിരിച്ചുകൊണ്ടു) സുസംഗതേ! ഇപ്പോഴും നിന്റെ കളി മാറിയില്ലേ?

(രത്നാവലി നാടകം)

൧൬൯. നിജാനുരാഗബീജമു-
ത്തരോത്തരഭാഷണാൽ
പുരസ്സരം തെളിച്ചിടു-
ന്നതാൻ പ്രഗമാഹ്വയം

ഉത്തരോത്തരമുള്ള സംഭാഷണംകൊണ്ടു അനുരാഗബീജം വ്യക്തമാക്കുന്നതു പ്രഗമം.

നായിക:—
വാസംചെയ്യുന്ന കാന്തൻ കരളിൽ മക തനിച്ചിട്ടു താനെപ്പോഴും നിൻ.
ധീസാമർത്ഥ്യം നടിക്കില്ലയവരൊരു മിരത്താദ്യ വിഭോ! ക്ഷമിക്ക.

നായകൻ:—
നീ സഖിമാരിലൊരുത്തിയവളെ ഞാൻ സർവ്വദാ വിസ്മരിക്കും
ആ സംസ്കൃത്യംകള്ളോ മനമിവനുടെ മോഹസ്സുനീ കട്ടവല്ലോ.

(സി. എൻ. രാമൻപിള്ള)

൧൭൦. വ്യസനം വന്നുചേരുന്ന
നിലതന്നെ വിരോധമാം

വ്യസനമുണ്ടാകുന്ന നില വിരോധം.

രാജാവു:— അസമീക്ഷ്യകാരിയായിരിക്കുന്ന ഞാൻ അറിവില്ലാതെ സഖിമാരി ജ്വലിച്ചുകൊണ്ടിരിക്കുന്ന അഗ്നിയെ കാലുകൊണ്ടു ചവുട്ടിയല്ലോ.

(ചണ്ഡകൗശികം)

ക്രുദ്ധാനുനയനത്തിനു
പര്യുപാസനമെന്നു പേർ

കോപിച്ചിരിക്കുന്നവനെ അനുനയിക്കുന്നതു പര്യുപാസനം.

വിദൂഷകൻ:— അയ്യ കോപിക്കരുതേ! ഇവൾ കദളീവനത്തിലേക്കു പോയിരിക്കയാകുന്നു. ഇത്യാദി ഭാഗം.

(രത്നാവലി സ്വന്തം)

൧൪. അനുരാഗം ജനിപ്പിക്കും
വിശേഷമൊഴി പുഷ്പകം.

അനുരാഗത്തെ ഉണ്ടാക്കുന്ന വിശേഷമായ വാക്കു പുഷ്പം.

തളിരൊപ്പമധരം സുമനോഹരം
വള്ളിയ ശാഖികൾ പോലെ ഭുജദ്വയം
കിളിമൊഴിക്കു മനോജ്ഞകുസുമോപമം
മിളിതയൗവനമാം നവയൗവനം.

(ഭാഷാശാകുന്തളം)

രൂക്ഷമാം വചനം വജ്രം

കഠിനമായ വാക്കാകുന്നു വജ്രം.

കാലുഷ്യം സ്വയമേവ ചേർന്നിരിക്കെ നിങ്ങളിന്നുവിടേണ്ടുവോ
കാലേ സ്ഥിരം പൂരിതമെന്നു കുളിരാണി നന്ന തെളിഞ്ഞിരുന്നു
ദൃഢം കുത്തിമറിച്ചിട്ടും കലങ്ങും ഉദകം തെളിയുന്നതാമോ
മാലിന്യം തന്നാ തടസ്ഥതരുവിൻ പാദത്തെ ചെയ്യുന്നപോൽ.

(ഭാഷാശാകുന്തളം)

ഉപന്യാസം പ്രസാദനം

പ്രസാദിപ്പിക്കുന്നതു ഉപന്യാസം.

സുന്ദരാംഗി മോഹവിഹാരമേനാ ഹാ നയനത്തെ
ചിരവാശ് പതിച്ചു മാറ്റുമനുകമ്പിതമെങ്ങനെ
ഇന്നാളുപക്ഷ്മപങ്ക്തിയും തം ഇടയുന്നതാം.
അന്നാനന്ദതാരങ്ങളിൽ നിന്നൊഴിച്ചിടുന്നിതാ.

(ഭാഷാശാകുന്തളം)

[illegible] പലവർണ്ണങ്ങൾ [illegible]
വർണ്ണസങ്കരനാമകം

പലജാതികൾ ഒന്നിച്ചു ചേരുന്നതു വർണ്ണസങ്കരം.

[illegible]
[illegible]
[illegible]
[illegible]

([illegible])

[illegible]
പ്രാപ്തി [illegible]
[illegible]
[illegible]

പ്രതിമുഖസന്ധിയിലുള്ള ബീജത്തിന്റെ ഉത്ഭേദമോ പ്രാപ്തിയോ അപ്രാപ്തിയോ വീണ്ടും വീണ്ടും ഉള്ള അന്വേഷണത്തോടു ചേരുന്നതു ഗർഭസന്ധിയാകുന്നു. പ്രാപ്ത്യാശയുടെയും പതാകയുടെയും സംബന്ധത്താലിതുണ്ടാകുന്നു. ശാകുന്തളം നാലാമങ്കത്തിലും, അഞ്ചാമങ്കത്തിൽ ശകുന്തളയുടെ ചിത്രപടമെടുക്കുന്നതുവരെയും, ഈ സന്ധി വ്യാപിച്ചിരിക്കുന്നു.

[illegible]
[illegible]

[illegible]
[illegible]
[illegible]
[illegible]

[illegible] ഗർഭസന്ധി [illegible]
[illegible]

[illegible]

ഗ്രഹം അനുമാനം അർത്ഥനം ആക്ഷിപ്തി തോടകം അധിബലം ഉദ്വേഗം വിദ്രവം എന്ന ഗർഭസന്ധിക്കു പതിമൂന്നംഗങ്ങളും ഉണ്ട്.

അഭൂതാഹരണം വ്യാജ-
മാർഗ്ഗസ്തത്ത്വാർത്ഥഭാഷണം

വ്യാജോക്തി എന്നതു അഭൂതാഹരണം.

[illegible]
[illegible]
[illegible]
[illegible]
([illegible])

തത്ത്വാർത്ഥകഥനം മാർഗ്ഗനാമകം

വാസ്തവമായ അർത്ഥങ്ങളെ പറയുന്നതു മാർഗ്ഗം.

[illegible]
[illegible]
[illegible]
[illegible]
([illegible]) നാടകം.

വിതർക്കമധികം ചേതം
ഭാഷണം രൂപമുച്യതേ

അധികം തർക്കത്തോടു കൂടിയ വചനം രൂപം.

ഉദാ:— [illegible]
[illegible]
[illegible] (നാടകം).

ഉത്കർഷയുക്തവാക്യം തു
[illegible]

ഉത്കർഷസഹിതമായ വാക്യം ഉദാഹരണം.

[illegible] ശസ്ത്രത്തിന്റെ [illegible] നിസ്സഹ്യത്തിൽനിന്നല്ലോ.
[illegible] തീർത്ഥയാത്ര [illegible]
[illegible] തൽക്കൽ [illegible]
[illegible] ഞാൻ [illegible].

(വേണീസംഹാരം).

ഭാവത്തിനുള്ള യാഥാർത്ഥ്യാ-
നനുഭവം താൻ ക്രമാഭിധം

ഭാവത്തിന്റെ യഥാർത്ഥാനുഭവം ക്രമം.

[illegible]
[illegible].

(ശാകുന്തളം).

൧൯൭ സാമദാനപ്രയോഗത്താ-
ലർത്ഥമേല്പതു സംഗ്രഹം

ഇഷ്ടമായ വാക്കു സാമം. സാമവും ദാനവും പ്രയോഗി-
ച്ചു അർത്ഥത്തെ സമ്പാദിക്കുന്നതു സംഗ്രഹം.

രാജാ:—വയസ്യ! [illegible]
(എന്നു കടകം കൊടുക്കുന്നു.)

രത്നാവലി (സ്വഗതം).

ലിംഗത്താൽ വ്യസ്തതാദ്യൂഹ-
മനുമാനാഖ്യലക്ഷണം

ലിംഗത്താൽ ഊഹിക്കുന്നതു അനുമാനം. ഉദാഹരണ-
ത്തിനു മുമ്പു കാണിച്ച 'മുന്നിടമല്പന്നതമായ്' എന്ന (ശാകു-
ന്തളത്തിലെ) പദ്യം നോക്കുക. ഇവിടെ ചുവടുകൊണ്ടു ശകു-
ന്തള ലതാമണ്ഡപത്തിലുണ്ടായിരിക്കുമെന്നു ഊഹിക്കുന്നു.

൧൯൯ രതിഹർഷോത്സവങ്ങളെ-
പ്രാർത്ഥിച്ചിടുവതർത്ഥനം

രത്യാദികളെ പ്രാർത്ഥിക്കുന്നതു അർത്ഥനം.

[illegible]
[illegible]

[illegible]
[illegible]

(വേണീസംഹാരം.)

രഹസ്യമാകുമർത്ഥത്തി-
ന്നുദ്ഭേദം ക്ഷിപ്തിനാമകം

രഹസ്യാർത്ഥത്തിൻെറ ഉദ്ഭേദനം ആകുന്നു ക്ഷിപ്തി.

[illegible]
[illegible]

(വേണീസംഹാരം.)

൬൦ ഉദ്രോഷകോപംപെട്ടോരെൻെറ
വാക്കുതാനോ തോടകാഖ്യം

അധികം കുപിതനായവൻെറ വാക്ക തോടകം.

[illegible]
[illegible] ഇത്യാദി.

([illegible])

സന്തോഷമേകുമർത്ഥനോരെൻെറ
വാക്കാമധിബലാഹ്വയം

സന്തുഷ്ടനായവൻെറ വാക്ക അധിബലം.

[illegible]
[illegible] ഇത്യാദി.

(പ്രബോധചന്ദ്രോദയം.)

൬൧ നൃപാലിയാൽ ജനിക്കുന്ന
ഭയമുദ്വേഗനാമകം.

രാജാവ്, ചോരൻ, ശത്രു മുതലായവരിൽനിന്നുണ്ടാകുന്ന ഹൃദയത്തിൻെറ ക്ഷോഭം ഉദ്വേഗമാകുന്നു.

ദൂതൻ—(കേട്ടിട്ട ഭയത്തോടുകൂടി) [illegible]
[illegible] ഇവിടെ

അട്ടഹാസമോ പഴിക്കേണ്ടതോ? മഹാരാജാവിന്നിതുവരെ ബോധം വന്നിട്ടില്ല.

(വേണീസംഹാരം.)

ശങ്കാഭയത്രാസകൃതം
സംഭ്രമം വിദ്രവാഖ്യമാം

അനിഷ്ടാശംസ ശങ്കയും, ഭയാനകമായ വ്യാപാരം ത്രാസവും, സംഭ്രമം വേഗവും ആകുന്നു. ഇവയാലുണ്ടാകുന്നതു വിദ്രവം.

അശ്വത്ഥാമാവ്:— (സംഭ്രമത്തോടുകൂടി) മാതുല! കഷ്ടം! കഷ്ടം! ഭീമന്റെ പ്രതിജ്ഞാഭംഗത്തെ ഭയപ്പെട്ട് അർജ്ജുനൻ ശരവർഷങ്ങളെക്കൊണ്ട് ശത്രുസൈന്യങ്ങളെ മറച്ചു പോരാടുമാറാകുന്നു.

(വേണീസംഹാരം.)

൧൯൨. ഉദ്ദേശത്തിന്റെ സിദ്ധിക്ക
വിഘ്നമെങ്ങനെ വന്നിടും
കാര്യങ്ങളെക്കുറിച്ചുള്ള
പര്യാലോചനയന്തഥാ

൧൯൩. അതിന്നിടയ്ക്കു ചേരുന്ന
തടസ്ഥങ്ങളുമാഫലം
നായകൻചെയ്തിടും യത്ന-
മിതും ചേർന്നു വിമർശകം.

ഉദ്ദേശസിദ്ധിക്കു പ്രതിബന്ധത്തെയുണ്ടാക്കുന്ന കാര്യങ്ങളെക്കുറിച്ചുള്ള പര്യാലോചനയും, അതിനിടയ്ക്കു സംഭവിക്കുന്ന തടസ്ഥങ്ങളും, ഫലം വരെയുള്ള നായകന്റെ യത്നങ്ങളും, വിമർശസന്ധിയിൽ ഉൾപ്പെടുന്നു. നിയതാപ്തിയുടേയും പ്രകരിയുടേയും സംബന്ധത്താൽ ഇതു ഉണ്ടാകുന്നു. നായകന്റെ അസ്വാസ്ഥ്യവും മറ്റും ഇതിലുൾപ്പെടുന്നു. ശോകത്തിനും ക്രോധവും വിമർശസന്ധിയാകുന്നു.

൧൬൪ അപവാദോപാലംഭം പിന്നെ-
സ്സംഫേടം വ്യവസായവും
ദ്രവദ്യുതികളും ശക്തി-
പ്രസംഗം ഖേദവും തഥാ

൧൬൫ പ്രതിഷേധവിരോധങ്ങൾ
പ്രരോചനയുമാവിധം
ഇതിന്നംഗങ്ങൾ പതിമൂ-
ന്നാദാനച്ഛാദനങ്ങളും

അപവാദം സംഫേടം വ്യവസായം ദ്രവം ദ്യുതി ശക്തി പ്രസംഗം ഖേദം പ്രതിഷേധം വിരോധം പ്രരോചന ആദാനം ആച്ഛാദനം എന്നു വിമർശസന്ധിക്ക പതിമൂന്നംഗങ്ങളും ഉണ്ട്.

൧൬൬ ദോഷപ്രഖ്യാപനം ചെയ്യു-
ന്നപവാദാഭിധാനകം

ദോഷത്തെ പ്രഖ്യാപനം ചെയ്യുന്നതു അപവാദം.

യുധിഷ്ഠിരൻ:—പാഞ്ചാലക! ദുർബുദ്ധിയായ ആ കൗരവാധമന്റെ സ്ഥാനം ഇന്നതെന്നു മനസ്സിലാക്കിയോ?

പാഞ്ചാലകൻ:—കേവലം സ്ഥാനത്തെന്നല്ല ദേവിയുടെ കേശപാശസ്പർശമാകുന്ന പാതകത്തിന പ്രധാനഹേതുവായ ആ ദുർബുദ്ധിയെത്തന്നെ കണ്ടുകിട്ടി.

(വേണീസംഹാരം.)

രുഷ്ടനായിട്ടുരയ്ക്കുന്ന
വാക്ക സംഫേടകാഹ്വയം

കോപിച്ചു പറയുന്നത് സംഫേടകം.

ലവൻ:—(ക്രോധത്തോടും ഔദ്ധത്യത്തോടുംകൂടി) ആ! ഇതെന്തൊരു ഇവർ വീരസംവാദം ചെയ്യുന്നതിനു വിസ്മൃതരാകുന്നുകൊണ്ട് എന്നെ ചീന്തയാക്കുന്നു.

(ഉത്തരരാമചരിതം.)

൧൮) പ്രതിജ്ഞാരഹേതുവിനാലുള്ള
സംഭവം വ്യവസായമാം

പ്രതിജ്ഞാരഹേതുവിന്റെ സംഭവം വ്യവസായം.

പൊടിച്ചു പെരുവ്യൂഹം യോഗക്കാരനായ്.
അടിച്ചു ദുര്യോധന കന്ദപൂരം
ചൊരിച്ചു ദുശ്ശാസന ദുഃഖശോകം.
പൊരുളിപ്പുവൻ ദീമനിതാ തൊഴുന്നേൻ.

(വേണീസംഹാരം.)

ശോകാവേഗാദിയാലുണ്ടാം
ഗുർവ്വനാദരമാം ദ്രവം

ദുഃഖം മുതലായവ നിമിത്തം ഗുരുജനങ്ങളിൽ ആദരം ഭാവിക്കാതിരിക്കുന്നതു ദ്രവം.

ലവൻ:—(ചിരിച്ചുകൊണ്ടു) രാമരാജ്യമെന്നുകേട്ടിട്ടു ആശ്ചര്യം തോന്നുന്നില്ല എന്നു ചോദിക്കുന്നു?

പൊരുതുകയിൽ വൃദ്ധന്മാരെന്നെണ്ണിക്കൊണ്ടും ശ്രുതം
കണ്ടിനയുള്ളവ വിട്ടുകോ പരമീരാ രാക്ഷസ്രീയരായവൻ
കണ്ടിൽ ശസ്ത്രമൊഴിച്ചൊരു ദ്രൗണായനാരായണനാൽ അന്നാം
ചെയ്തതു രാമിച്ചു മാനമവീണാ ക്ഷത്രിയരെന്നാണല്ലോ.

(ഉത്തരരാമചരിതം.)

൧൯) മരണംശയ്യയുണ്ടാകും
നിലയെന്നിവയാം ധൃതി.

മരണവും മയത്തെ ഉണ്ടാക്കുന്ന അവസ്ഥയും ധൃതി.
നന്നായ്മരണമില്ലെന്നും തിയ്യിനാടകം തന്നിൽനി മായമല്ലേ
പോന്നാലും കണ്ടിട്ടില്ലശത സഹജരോഴും ചോരകൊണ്ടുപോയി ഞാൻ
മുന്നേ തിൻവെയിലല്ലേ മധുമഥനനോട്ടം തീ കയത്തിനായില്ല
ഒന്നേ പകരമായിപ്പോൾ ചുവരൊതലം വിട്ടുപോകിലപ്പുളിപ്പാ.

(വേണീസംഹാരം.)

വിരോധമഖിലം നന്നായ്
ശമിക്കും നിലശക്തിയാം.

വിരോധത്തിന്റെ ശമനം ശക്തി.

പോരിൽ ഭൂഭൃദ്വർഗ്ഗത്തിൻവപുസ്സുകളിൽ ഒഴിപ്പിക്കട്ടെ; ബന്ധുക്കളിൽ ക-
ണ്ണീരൊഴുക്കട്ടെ കിരീടികളും ഭൂതങ്ങൾ തങ്കട്ടെ മിത്രങ്ങളും
നേരേ പാർത്തു കിടക്കട്ടെ കഴുകൻ കൊത്തും സ്വച്ഛത്തിൻകൂടം
ശൂരന്മാരുടെ ശിരസ്സുകളോടുകൂടെ സൈന്യത്തെയും.

(വേണീസംഹാരം.)

൧൯൯ പ്രസംഗം ജനകൻ തൊട്ട ഗുരുക്കളുടെ കീർത്തനം

ജനകാദികളായ ഗുരുക്കന്മാരെ കീർത്തിക്കുന്നത് പ്രസംഗമാകുന്നു.

ഏതൊരുവനോ പുത്രനായിങ്ങിയ മഹാശംഭിന്നാണിപ്പുമാ-
നിങ്ങൾക്കാകുന്നി രാമഭദ്രനേയും ഇസ്സ്ഥാനമാകുന്നമപോൽ
തിയും മംഗലമേകിയൊരു ദ്വിവനങ്ങൾകളും ഒക്കെയും ...
ണെങ്ങും വിങ്ങിയ താതപുണ്യചരിതം കേട്ടിട്ടില്ലിപ്പുമാൻ.

(ഉത്തരരാമചരിതം.)

മനോവ്യാപാരജനിതം ശ്രമമാം ഖേദനാമകം.

മനസ്സിന്റെ വ്യാപാരം നിമിത്തമുണ്ടാകുന്ന ശ്രമം ഖേദം.

മോഹിക്കുന്നു തളർന്നുടലുടനേ വീഴുന്നില്ല ചൈതന്യമെന്നോ.
ദാഹത്താൽ വെന്തിടുന്നു തനു പുനരുരുനീറായിടുന്നില്ലതാനും
ഹാഹാ പൊട്ടുന്നു ചിത്തം വളരെ മഹിതാൽ വേർപെടുന്നില്ല രണ്ടായ്
ഭേദം മർമ്മം പിളർന്നിട്ടു വിധിയിനിയും വേർപെടുന്നില്ല ജീവൻ.

(ഉത്തരരാമചരിതം.)

൨൦൦ ഇഷ്ടാർത്ഥത്തിൻ പ്രതീഘാതം പ്രതിഷേധാഖ്യമാമതു

ഇഷ്ടമായ അർത്ഥത്തിന്റെ പ്രതിഘാതമാകുന്ന പ്രതിഷേധം.

പുരൂരവസ്സ്:— (വിദൂഷകനോട്) സ്നേഹിതാ! എന്താണങ്ങു തനിച്ചിരിക്കുന്നത്. മത്തേഭഗാമിനികളിൽ അലംകൃതയും എന്റെ പ്രിയതമയുമായ ഉർവശി എവിടെ?

വിദൂഷകൻ:— [illegible]

പ്രദ്യുമ്നൻ:— (വീണ്ടും വിചാരത്തോടുകൂടി)

[illegible]
[illegible]
[illegible]
[illegible]

([illegible])

കാൎയ്യാന്വേഷണമായിരി-
പ്പതാകുന്നു വിബോധകം

കാൎയ്യാന്വേഷണത്തെ അറിയിക്കുന്നതു വിബോധം.

[illegible]

([illegible])

൧൦൫ പ്രരോചനസംജ്ഞമാം തൽ-
[illegible] കാണിച്ചിടുന്നതാം.

ഉപസംഹരിക്കുന്ന പ്രയോജനത്തെ കാണിക്കുന്നതു പ്രരോചനം.

[illegible]

([illegible])

കാൎയ്യത്തെ സംഗ്രഹിച്ചിടു-
മതിന്നാഖ്യ ഗ്രഥനമെന്നവർ.

കാൎയ്യത്തെ സംഗ്രഹിക്കുന്നതു ഗ്രഥനം.

[illegible]
[illegible]

കുരുക്ഷേത്രത്തിൽ ആ കൃഷ്ണഹിംസ്രന്മാർ നിങ്ങൾ ചേൎത്തിട്ടുകൊ-
ണ്ടിരിക്കുന്ന മാനമില്ലാത്ത കുരുമാതംഗശരപാതങ്ങളിൽ.
(വേണീസംഹാരം.)

ഇവിടെ ശത്രുക്കളെ എല്ലാം വധിച്ച കാൎയ്യം പറഞ്ഞിരിക്കുന്നു.

൫൦. കാൎയ്യത്തിന്നവമൎശനാദി
സഹിഷ്ണുതിൽ മൎശനാഖ്യമാം

പ്രയോജനത്തിനു വേണ്ടി അവമാനാദികളെ സഹിക്കുന്നതു മൎശനാദിനം.

ദ്രൗപദീകേശാകൎഷണാദികളിൽ ക്രോധിതനായിരിക്കുന്ന ഭീമസേനൻ ഇരിക്കുന്ന
എന്താണു കാൎയ്യത്തിനു ശക്തിയായി ഭവിച്ചതു് ഇനിയെന്താവിധി ചെയ്യേണ്ടതു
(വേണീസംഹാരം.)

ബീജവത്തുക്കളാൎന്നിട്ടും
മുഖാദ്യൎത്ഥങ്ങൾ ചേൎന്നവ.

[൫൧. ഒന്നിച്ചു മുഖ്യകാൎയ്യത്തെ-
പ്പൂതാക്കുമുപസംഹൃതി.

മുഖപ്രതിമുഖാദികളായ സന്ധികളിൽ അവിടെയവിടെയായി ചേൎത്തിട്ടുള്ള ബീജങ്ങളെ പ്രധാനമായ ഉദ്ദേശത്തിൽ ഏകാൎത്ഥതയെ കാണിച്ചു മുഖ്യകാൎയ്യത്തെ നിൎവ്വഹിക്കുന്നതു് ഉപസംഹൃതി. ഇതു നിൎവ്വഹണസന്ധി എന്നു പറയപ്പെടുന്നു. ഫലാഗമത്തിന്റേയും കാൎയ്യത്തിന്റേയും സംബന്ധത്താലിതുണ്ടാകുന്നു. ശകുന്തളയെ ഉപേക്ഷിക്കുന്നതിനു കാരണമായ വിസ്മൃതി ദുൎവ്വാസസ്സിന്റെ ശാപം കൊണ്ടുണ്ടായതാണെന്നു, കഥാനായികാനായകന്മാർ അന്യോന്യം മനസ്സിലാക്കുന്ന ഭാഗം (ശാകുന്തളം ഏഴാമങ്കം) ഉപസംഹൃതി (നിൎവ്വഹണ) സന്ധിയാകുന്നു.

സന്ധിൎവ്വിബോധം ഗ്രഥനം
നിൎണ്ണയം പരിഭാഷണം.

൧൦൪ കൃതിപ്രസാദമാനന്ദം
സമയം ചോപഗൂഹനം
ഭാഷണം പൂർവ്വമാം വാക്യം
കാവ്യസംഹാരവും തഥാ.

൧൦൫ പ്രശസ്തി പതിനാലേവ-
മംഗം നിർവ്വഹണത്തിലാം

സന്ധി വിബോധം ഗ്രഥനം നിർണ്ണയം പരിഭാഷണം കൃതി പ്രസാദം ആനന്ദം സമയം ഉപഗൂഹനം ഭാഷണം പൂർവ്വവാക്യം കാവ്യസംഹാരം പ്രശസ്തി എന്നു പതിനാലു അംഗങ്ങളും നിർവ്വഹണസന്ധിയിൽ ഉണ്ട്.

ബീജത്തിനെല്ലുതാഴുന്നാ-
വസ്ഥ സന്ധിയെന്നു പേർ

ബീജത്തിന്റെ പ്രകൃഷ്ടമായ ഭാവനയാണ് സന്ധി.

ഭീമസേനൻ:—ഞാൻ പറഞ്ഞതു കേട്ടു മനസ്സിലാക്കുന്നുണ്ടോ? (തിരിച്ചു പലവട്ടവും ചോദിക്കുന്ന ഭീമൻ ചോദ്യം) എന്ന ശ്ലോകം ചൊല്ലുന്നു.

(വേണീസംഹാരം)

ഇവിടെ മുഖസന്ധിയിൽ വിന്യസിച്ച ബീജത്തെ വീണ്ടും 'തിരിച്ചു പലവട്ടവും' ഇത്യാദിപദ്യം കൊണ്ടു ഭാവന ചെയ്തിരിക്കുന്നു.

൧൦൬ കാര്യത്തിനിയലുന്നോരു
മാർഗ്ഗണം താൻ വിബോധകം

ഭീമസേനൻ:—ആര്യൻ ഒരു ക്ഷണനേരം എന്നെ വിട്ടയക്കണം.

യുധിഷ്ഠിരൻ:—ഇനിയും വല്ലതും പ്രവർത്തിക്കാനുണ്ടോ?

ഭീമസേനൻ:—വലുതായ കാര്യം ചെയ്യേണ്ടതായിരിക്കുന്നു. ദുശ്ശാസനന്റെ രക്തംകൊണ്ടു നനഞ്ഞിരിക്കുന്ന ഈ കൈകൊണ്ടു പാഞ്ചാലിയുടെ തലമുടി കെട്ടേണ്ടതായിരിക്കുന്നു.

യുധിഷ്ഠിരൻ:—അയ്യോ പോകുക; തപസ്വിനി വേണീസംഹാരത്തെ അനുഭവിക്കട്ടെ.

(വേണീസംഹാരം.)

കാര്യങ്ങൾതന്നുപക്ഷേപ-
മതിനാം ഗ്രഥനാഹ്വയം

കാര്യങ്ങളുടെ ഉപക്ഷേപം ഗ്രഥനം.

ഭീമസേനൻ:— പാഞ്ചാലി! ദുശ്ശാസനൻ അഴിച്ചിട്ടിരിക്കുന്ന ഈ തലമുടി ഞാൻ ജീവിച്ചിരിക്കുമ്പോൾ സ്വയം [illegible] കെട്ടേണ്ട. നില്ക്ക ഞാൻതന്നെ കെട്ടാം.

(വേണീസംഹാരം)

ഉരെക്കനുഭൂതാർത്ഥകഥന-
മതിനാം നിർണ്ണയാഹ്വയം

അനുഭൂതമായ അർത്ഥത്തെ പറയുന്നതു നിർണ്ണയം.

ഭീമ:— ഭദ്രേ! [illegible] ദുര്യോധനൻ എവിടെ ആകുന്നു. ഞാനാണിതു [illegible]

[illegible]
[illegible]
[illegible]
[illegible]

(വേണീസംഹാരം.)

പരിവാദകൃതം വാക്കു
ചൊല്ലുതാം പരിഭാഷണം

പരിവാദകൃതമായ വാക്കു പറയുന്നതു പരിഭാഷണം.

രാജാവ്:— (പ്രകാശം) [illegible]?
താപസി:— [illegible].

(ശാകുന്തളം.)

ഉവ്വേ ലബ്ധമായിട്ടർത്ഥത്തിൻ-
സ്ഥിരീകരണമാം കൃതി

സ്വാധീനമായ അർത്ഥത്തെ സ്ഥിരമാക്കുന്നതു കൃതി.

[illegible]
[illegible]

ഇഷ്ട്വാ മാഗധമാത്സ്യയാദവമുഖരായ് വന്ന തിരുനൽതോഴന്മാരുകളിൽ
പുഷ്ടാംഗൈരഭിഷേചനങ്ങളിതി യിവനിൽ രാജ്യാഭിഷേകത്തിലായ്.

(വേണീസംഹാരം.)

ഇവിടെ രാജ്യാഭിഷേകംകൊണ്ടു ലബ്ധമായ ആനന്ദത്തെ സൂചിപ്പിക്കുന്നു.

ശുശ്രൂഷാദിപ്രസാദാഖ്യം

ശുശ്രൂഷമുതലായതു പ്രസാദം. വേണീസംഹാരത്തിൽ പാഞ്ചാലിയുടെ കേശപാശത്തെ ഭീമസേനൻ കെട്ടുന്നതു ഉദാഹരണം.

ആനന്ദം വാഞ്ഛിതാഗമം

അഭീഷ്ടപ്രാപ്തി ആകുന്നു ആനന്ദം.

ഉദാ:—രാജാ: ഇനി പ്രവൃത്തി ഞാൻ ഭാഗ്യവാനായിരിക്കുന്നു. ഭഗവാന്റെ പ്രസാദത്താലിനിയുമതു ഭവിക്കും.

പരൻ ദുഃഖത്തിൻ ശമനപ്രാപ്തി-
യതിന്നു സമയാഹ്വയം.

ദുഃഖം ശമിക്കുന്നതു സമയം.

വാസവദത്ത (രത്നാവലിയെ ആലിംഗനംചെയ്തിട്ടു) ഭഗിനീ! സമാശ്വസിക്കൂ! സമാശ്വസിക്കൂ!

(രത്നാവലി, ചതുർത്ഥം.)

അത്ഭുതത്തിന്റെ സംപ്രാപ്തി
ഭവിപ്പതുപഗൂഹനം

അത്ഭുതമുണ്ടാകുന്നതു ഉപഗൂഹനം.

ഉദാ:—ആദ്യത്തും അന്ത്യത്തും പരിസമാപിപ്പിക്കുന്ന തേജസ്സു മറു തേജസ്സുകളാൽ പരാഭൂതമായിത്തീരുകയില്ല. എന്തെന്നാൽ:—

തന്മഹത്തിൻ ശുദ്ധി കാണ്മാൻ
ചെന്ന വൻവഹ്നിയെ ജ്വലിപ്പി

നീരിതം ദഹനനം ചെയ്യുന്നതോ-
അയോദ്ധ്യയെ മറിയുന്നതില്ലഹോ.

(രാമായണം, സു.)

ഏവം സ്തുതിച്ചു ബഹുമാനത്തെ-
ച്ചൊരിയുന്നതു ഭാഷണം.

ബഹുമാനത്തെക്കരിച്ചു സ്തുതിച്ചു പറയുന്നതു ഭാഷണം.

രാമൻ രാവണനെക്കൊന്നു സീത സതികൾ ചൂടുന്ന രത്നം പോലെ
സാമർത്ഥ്യം പെട്ട മിത്രാമിത്രാരിയാം ലക്ഷ്മണൻ വിഭീഷണൻ
രാമൻതൻ വിരഹത്തിലേ ശോകം തീർന്ന കല്യാണകാരകന്മാർ
ഭരതസ്ഥൻ മഹിതൻ ഭാഗ്യമാലാകവും ശത്രുഘ്നൻ പ്രമോദിക്കുന്നു.

(രാമായണം, സുന്ദരം.)

പൃച്ഛാവാക്യം യഥോക്താർത്ഥ-
സ്ഥിതിതൻ സമ്പ്രദർശനം

യഥോക്തമായ അർത്ഥത്തിന്റെ സ്ഥിതി കാട്ടുന്നതു പൃ-
ച്ഛാവാക്യം.

ഭീമസേനൻ:— ബുദ്ധിമതികേ! പാണ്ഡവദാരങ്ങളെ പരിഹസിച്ച ആ ഭാ-
നുമതി എവിടെയാണ്?

(വേണീസംഹാരം.)

ഇഷ്ടധർമ്മാർത്ഥാദികതൻ ലാഭാൽ-
ത്തങ്ങൾക്കുള്ള തൃപ്തിയെ
കഥിക്കപ്പെട്ടതാൻ കാവ്യ-
സംഹാരമിതി കീർത്തിതം

ധർമ്മാദിലാഭം നിമിത്തം തങ്ങൾക്കുള്ള തൃപ്തിയെപ്പറയു-
ന്നതു കാവ്യസംഹാരം.

വിഷ്ണുശർമ്മൻ:— എഴുനീൽക്കു വത്സാ! നിനക്കു ഞാനിനി എന്തു പ്രിയം
ചെയ്യേണ്ടതു്?

പുഷ്കരൻ:— ഇതിലധികം പ്രിയമായിട്ടെന്താണ് ചെയ്യേണ്ടത്. എ-
ന്നാൽ:—

ഭാഗ്യമായിട്ടു ശത്രുക്കളറ്റു കൃതകൃത്യൻ വിവേകനായ്
സദാനന്ദമെഴുമീ പദത്തിൽ ചേൎത്തിതെന്നെയും.

(പ്രബോധചന്ദ്രോദയം.)

കാവ്യസംഹാരത്തിൽ കഴിഞ്ഞകാൎയ്യങ്ങളെ ചുരുക്കി പ്പറയേണ്ടതാകുന്നു.

൨൧൨. ചരാചരങ്ങൾക്കെല്ലാം ത-
ദ്ഭരതന്മാർ ശുഭത്തിനായ്
ചെയ്യുന്നതായിട്ടാശിസ്സിൻ-
വചനം താൻ പ്രശസ്തിയാം.

ചരാചരങ്ങളുടെ എല്ലാം മംഗലത്തിനായി ഭരതന്മാർ ചെയ്യുന്ന ആശീൎവ്വചനമാകുന്നു പ്രശസ്തി. ഇതു ഭരതന്മാർ (നടന്മാർ) ചെയ്യുന്നതിനാൽ ഭരതവാക്യം.

[illegible]
[illegible]
[illegible]
[illegible]

(ശാകുന്തളം)

൨൧൩. രസവൈകല്യമില്ലാതെ
സപ്രയോജനമായിവ
അംശങ്ങൾ നാടകത്തിങ്കൽ
സ്സൎവ്വം ചേൎക്കുക യുക്തിപോൽ.

അഞ്ചുസന്ധികൾക്കും കൂടി ഇപ്രകാരമുള്ള അറുപത്തഞ്ചു അംശങ്ങളെ രസത്തിനു വൈകല്യം വരാതെയും സപ്രയോജനമായും യോജിക്കുന്നതുപോലെ നാടകത്തിൽ ചേൎക്കണം. അംശങ്ങളെ രസത്തിനു് യോജിക്കത്തക്കവിധമേ ചേൎക്കാവൂ. ശാസ്ത്രോക്തമാണല്ലോ എന്നു വിചാരിച്ചുമാത്രം സ്വീകരിക്കരുതു്. അംഗങ്ങൾക്കു വൈകല്യമുള്ള ഒരുത്തൻ പ്രവൃത്തികൾക്കു അശക്തനും വിരൂപനും ആകുന്നതുപോലെ

അംഗഭംഗയുക്തമായ നാടകം അരസജനകവും വികൃതവും ആയിട്ട് ഭവിക്കുന്നു.

൫൭ സാമംദാനംതഥാഭേദം
പ്രത്യുൽപന്നമതാംമതി
ഖേദവുംവധവുംഗോത്ര-
സ്ഖലിതംക്രോധധീകളും.

൫൮ ഓജസ്സുംസാഹസംഭീതി-
മായയുംഭ്രാന്തിസംവൃതി
സ്വപ്നലേഖങ്ങളുംദൂത്യം
ഗൂഢവിന്നവധാരണം.

൫൯ മദവുംചിത്രമെന്നവ-
യിരുപത്തൊന്നുമാതിരി
സന്ധ്യന്തരങ്ങൾചേർക്കേണ്ടു-
ന്നവയാണുയഥോചിതം.

മുമ്പു പറഞ്ഞവ കൂടാതെ ഇരുപത്തൊന്നു സന്ധികൾ കൂടെയുണ്ട്. ഇവയെയും യഥോചിതം ചേർക്കണം. സാമം ദാനം ഭേദം പ്രത്യുൽപന്നമതി ഖേദം വധം ഗോത്രസ്ഖലിതം ക്രോധം ധീ ഓജസ്സ് സാഹസം ഭീതി മായ ഭ്രാന്തി സംവൃതി സ്വപ്നം ലേഖം ദൂത്യം ഗൂഢാവധാരണം മദം ചിത്രം എന്നിവ ഇരുപത്തിയൊന്നും ഇതരസന്ധികളാകുന്നു.

൬൦ സ്വകാര്യവൃത്തിയെക്കാട്ടും
പ്രിയവാക്കുസാമമാം
ഭൂഷാദിപ്രാതിനിദ്ധ്യന
സമർപ്പിപ്പുദാനവും.

൬൧ ഭേദംകപടമാംവാക്കാൽ
സഖ്യത്തിൻഭേദകല്പനം

താല്പൂരലികന്തൽപ്രതിഭ
പ്രത്യുല്പന്നമതിസ്തുതം.

൨൧൯ ഭണ്ഡമരമവിനയരലി-
തങ്ങനംനയനരലിയരൽ
അതതായിഒപ്പൂംഭദ്രരഫ-
ക്രിയതാരണവധരലിധം.

൨൨൦ ശോര്യസ്വലിതമരംനരമ-
ധ്യത്യയംഭചന്ദരണം
ക്രോധാഭ്യമവരാധരലി
കരങ്ങചിത്തംജലിപ്തരം.

൨൨൧ ഇഷ്ടാർത്ഥസിദ്ധിവരെയു-
മുള്ളചിന്തതരണധി
മരണ്ണശക്തികരട്ടിന
വരണ്ടതന്നടരണം.

൨൨൨ ജീവനിൽപ്രിയരുന്ത്യംത-
ഭ്യൂരപരമംസരഫസരവായം
ഭയമരകസ്തികംത്രാസം
മായകൈതവകല്പനം.

൨൨൩ വിപരീതതിനരല്യഭള്ളര-
മറിവരംഉരതിനരമകം
താൻപരഞ്ഞതിമനത്തന്ന
മുടിട്ടനുസംവൃതി.

൨൨൪ ഉറക്കത്തിൽക്കഥിക്കുന്ന
വചനംസ്വപ്നനരമകം
വിവക്ഷിതാർത്ഥമറെക്കരള്ളം
പത്രലേഖംപ്രകീർത്തിതം.

൫൯. പ്രയാസമായ കാര്യത്തിൻ
സഹായം ദൂത്യനാമകം
ഹേതുവാലർത്ഥനിർദ്ധാരം കൊണ്ടെ-
വളു ഹേത്വവധാരണം

൬൦. മദ്യജം മദമിത്യാദ്യം
ചിത്രമാകാരലേഖനം

തന്റെ അനുവൃത്തിയെ കാണിക്കുന്ന ഇഷ്ടമായ വാക്കാകുന്നു സാമം. പ്രാതിനിധ്യത്തോടു കൂടി ഭൂഷണം മുതലായവയെ സമർപ്പിക്കുന്നതു ദാനം. കപടവാക്കുകളെക്കൊണ്ടു സുഹൃത്തുക്കളുടെ ഭേദത്തെ ചെയ്യുന്നതു ഭേദം. തല്ക്കാലമായുണ്ടാകുന്ന പ്രതിഭയാണു് പ്രത്യുല്പന്നമതി. കണ്ണുകൊണ്ടോ ചെവികൊണ്ടോ അവിനയത്തെ ശിക്ഷിക്കുന്നതു ദണ്ഡം. ആതതായിയുടെ ഉഗ്രക്രിയ വധം. നാമത്തെ വ്യതിക്രമിച്ചു പറയുന്നതു ഗോത്രസ്ഖലിതം. ഉപവാദം മുതലായവയെക്കൊണ്ടു ഹൃദയം ജ്വലിക്കുന്നതു ക്രോധം. ഇഷ്ടമായ അർത്ഥം കിട്ടുന്നതുവരെയുള്ള വിചാരമാണു് ധീ. ശക്തിയോടുകൂടിയ വാക്കു പറയുന്നതു ഓജസ്സ്. ജീവനിൽ പ്രിയമില്ലാതെ ചെയ്യുന്ന വ്യാപാരം സാഹസം. ഭയഹേതുകമായുണ്ടാകുന്ന ത്രാസം ഭീതിയും കൈതവത്തെ കല്പിക്കുന്നതു മായയും ആകുന്നു. വിപരീതമായ അറിവു ഭ്രാന്തി. താൻ പറഞ്ഞതിനെ തന്നെ മറയ്ക്കുന്നതു സംവൃതി. ഉറക്കത്തിൽ പറയുന്നതു സ്വപ്നം. വിവക്ഷിതമായ അർത്ഥത്തോടു കൂടിയ പത്രം ലേഖം. പ്രയാസമായ കാര്യത്തിന്ന സഹായിക്കുന്നതു ദൂത്യം. കാരണംകൊണ്ടു അർത്ഥത്തെ നിശ്ചയിക്കുന്നതു ഹേത്വവധാരണം. മദ്യം പാനം ചെയ്തിട്ടുണ്ടാകുന്നതു് മദം. ആകാരത്തെ എഴുതുന്നതു ചിത്രം. ഇവയിൽ ദുർഗ്രഹങ്ങളെന്നു തോന്നുന്ന ചില സന്ധികളുടെ ഉദാഹരണം താഴെ കൊടുക്കുന്നു.

ക്രോധത്തിന:—

എടാ പാപശീല!

സാരസ്യന ചിരിച്ചുകൊണ്ടു ഗളിയായ്ത്തന്മടിയിൽ [illegible]-
ത്താരാൽ മെല്ലെയടിച്ചിടുന്നപൊഴുതും [illegible] മടിയിൽ
ക്രൂരൻ നീ കടുവായ ശസ്ത്രമിതിനാലെല്ലുമേ ഹനിച്ചിടുവാം.
[illegible] വിഴുങ്ങും നിശാചരിയിൽ.

(മാലതീമാധവം ഭാഷ)

ഇതു കണ്ണുകൊണ്ടുള്ള തർജ്ജനത്തിനു ഉദാഹരണമാകുന്നു. ഇവിടെ അഘോരഘണ്ടന്റെ അവിനയം കണ്ടിട്ട മാധവൻ തർജ്ജനം ചെയ്യുന്നു.

ഉഴ്ത്തിയെൻ ചരിതമെല്ലാം [illegible]
[illegible]
[illegible]
[illegible]

(ഭാഷാശാകുന്തളം)

ഇതു ഭ്രുതികൊണ്ടുള്ള തർജ്ജനത്തിനു ഉദാഹരണം.

സംഭോഗാവസരങ്ങളിൽ [illegible]
[illegible] പ്രിയതമന്റെ ചുണ്ടിൽ [illegible] ബിംബാധരം
[illegible]
[illegible] അടച്ചു [illegible] പൂട്ടിയിട്ടിടും [illegible]!

(ഭാഷാശാകുന്തളം)

ഇവിടെ രാജാവിന്റെ വാക്ക ശക്തിയോടുകൂടിയിരിക്കുന്നതിനാൽ ഓജസ്സ്;

മായക:—

രാജാവു—(ആസനത്തിങ്കൽനിന്നു ഇറങ്ങീട്ടില്ല) ആശ്ചര്യം!
[illegible]
[illegible]
[illegible]
[illegible]

(രത്നാവലി-ഭാഷ)

ഇവിടെ ഇന്ദ്രജാലപ്രയോഗത്താൽ മായ കല്പിച്ചിരിക്കുന്നു.

സംഭ്രാന്തിക്ക:—

രാജാവു്— (ആത്മഗതം) ഇതും ഒരു വിഘ്നമായെന്നാണു്. ഒരു വേള എന്റെ ഇപ്പോഴത്തെ അഭിനിവേശത്തെക്കുറിച്ചു അന്തഃപുരത്തിൽ ചെന്നു പറഞ്ഞെങ്കിലും (മാധവ്യനെ കയ്യിൽ ഗ്രഹിച്ചു പ്രകാശം) ഇരിക്കട്ടെ! ഞാൻ മഹർഷിമാരെക്കുറിച്ചുള്ള ഗൗരവം വിചാരിച്ചാണു ആശ്രമത്തിലേക്കു പോകുന്നതു്. അല്ലാതെ സത്യമായി ആ മുനികന്യകയായ ശകുന്തളയിൽ എനിക്കൊരു താല്പര്യവുമില്ല. കേട്ടോ.

മാരനാരെന്നുള്ള വാർത്ത മനുഷ്യകഥയാണതും ഗ്രഹിക്കാത്തവൾ
താനോ താപസിമാരാശ്രമവാസികളാം മുനികന്യകയാൾ
ഞാനോ ഒന്നുമേ പറഞ്ഞു പരിഹാസാർത്ഥം പരം ഇരിക്കട്ടെ
താങ്കൾ ഉള്ളതാണെന്നു കരുതി പരമാർത്ഥമെന്നു ധരിക്കൊല്ലാ,

(ശാകുന്തളം)

ഇവിടെ രാജാവു്, തനിക്കു ശകുന്തളയോടു അനുരാഗമുണ്ടെന്നു മുമ്പു പറഞ്ഞതിനെ മൂടിയിരിക്കുന്നു.

ഹേത്വവധാരണത്തിനു:—

സ്ത്രീജാതിക്കശിക്ഷിതപടുത്വമമാനുഷീഷു,
ദൃശ്യമായ്ക്കാണുന്നു പോലുമൊന്നിലിരുന്നാലു
മൂപ്പാരിലെ ഗർഭമതിനു മുമ്പേ പക്ഷം
കാകങ്ങളെക്കൊണ്ടു പക്ഷിവളർത്തിടുന്നു.

(ശാകുന്തളം)

ഇവിടെ കുയിലിനെ ഉദാഹരണമായി ഗ്രഹിച്ചു സ്ത്രീത്വത്തെ ഹേതുവാക്കി വെറുതെ പറഞ്ഞ അർത്ഥത്തിന്റെ നിശ്ചയം ചെയ്തിരിക്കുന്നു.

(മാളവികാഗ്നിമിത്രത്തിൽ) അനന്തരം മദമത്തായ ഇരാവതിയും ചേടിയും പ്രവേശിക്കുന്നു എന്ന ഭാഗത്തിൽ ഇരാവതിയുടെ മദം ഉദാഹരിക്കപ്പെടാം.

ചിത്രത്തിനു:—

രാജാ:— അകാരണമായി പരിത്യജിച്ചതിനാലുള്ള പശ്ചാത്താപത്താൽ ക്ലേശിക്കുന്ന എന്നെക്കുറിച്ചു ദയ ചെയ്തു ഇനിയും ദർശനം തരണേ എന്റെ പ്രാണനാഥേ!

എന്ന ഭാഗം മുതൽ 'ചെങ്കതിർ ചിത്രിതമാം പുഷ്കരമോ' എന്ന ഭാഗം വരെ ചിത്രം സ്പഷ്ടം.

(ശാകുന്തളം)

ഭൂഷണാക്ഷരസംഘാത-
ഹേതുപ്രാപ്തിയുദാഹൃതി

൧൧൭) ശോഭാസംശയദൃഷ്ടാന്താ-
ഭിപ്രായങ്ങൾ നിദർശനം
പ്രസിദ്ധിസിദ്ധിദാക്ഷിണ്യ-
മർത്ഥാപത്തിവിശേഷണം

൧൧൮ പദോച്ചയം തുല്യതർക്കം
വിചാരം തദ്വിപര്യയം
ഗുണാതിപാതാതിശയ-
നിരുക്തങ്ങളുമാവിധം

൧൧൯ ഗുണത്തിൻ കീർത്തനം ഭ്രംശം-
ഗർഹണാനുനയങ്ങളും
ലേശാഭിധാനവും ക്ഷോഭം-
മനോരഥസമാഹാര്യം

൧൨൦. അനുക്തസിദ്ധിസാരൂപ്യം-
മാലയും മാധുരോക്തിയും
പൃച്ഛോപദിഷ്ടദൃഷ്ടങ്ങൾ-
മുപ്പത്താറീവിധത്തിലായ്

൧൨൧. നാട്യാലങ്കാരമിവയാൽ-
ഭൂഷിപ്പിക്കുക വസ്തുവെ

നാട്യാലങ്കാരങ്ങൾ മുപ്പത്താറാകുന്നു. ഇവയെക്കൊണ്ടു കഥാവസ്തുവിനെ അലങ്കരിക്കണം. ഭൂഷണം, അക്ഷരസംഘാതം, ഹേതു, പ്രാപ്തി, ഉദാഹൃതി, ശോഭ, സംശയം, ദൃഷ്ടാന്തം, അഭിപ്രായം, നിദർശനം, പ്രസിദ്ധി സിദ്ധി, ദാക്ഷിണ്യം, അർത്ഥാപത്തി വിശേഷണം, പദോച്ചയം, തുല്യതർക്കം, വിചാരം, തദ്വിപര്യയം, ഗുണാതിപാതം, അതിശയം നിരുക്തം, ഗുണകീർത്തനം, ഭ്രംശം, ഗർഹണം, അനുനയം,

ലേശം, ക്ഷോഭം, മനോരഥം, അനുക്തസിദ്ധി, സാരൂപ്യം, മാല, മധുരോക്തി, പൃച്ഛ ഉപദിഷ്ടം, ദൃഷ്ടം ഇവ നാട്യാലങ്കാരങ്ങളുടെ പേരുകളാകുന്നു.

ഗുണാലങ്കാരബഹുവാം
ഭാഷണം ഭൂഷണാഹ്വയം.

൨൩൨. വാക്യമക്ഷരസംഘാതം
ഭിന്നാർത്ഥം ശ്ലിഷ്ടവർണ്ണകം;
സാദൃശ്യമായിട്ടർത്ഥത്തെ-
സ്സാധിക്കവതു ഹേതുവാം.

൨൩൩. പ്രാപ്തിയല്പമറിഞ്ഞിട്ടു-
മുഴവൻ ചെയ്തിടുന്നതാം
ഗൂഢതുല്യാർത്ഥകം വാക്യ-
മുദാഹരണനാമകം.

൨൩൪. യുവാക്കൾതൻ പ്രഭാവത്തെ-
ത്തമ്മിൽ കാണിക്കശോഭയാം
നിശ്ചയം ചെയ്തിടാതോളം
വാക്കതാൻ സംശയാഭിധം.

൨൩൫. ദൃഷ്ടാന്തം സാദ്ധ്യസിദ്ധിക്ക-
ഹേതുകാട്ടുകപക്ഷകേ
ഹൃദ്യവസ്തുവതിൽ പ്രീതി-
യഭിപ്രായമിതീരിതം.

൨൩൬. പ്രസിദ്ധാർത്ഥങ്ങൾ കീർത്തിക്ക-
തന്നിദർശനനാമകം
പ്രസിദ്ധിപേരുകേട്ടുള്ള
വാക്യാർത്ഥപ്രസാധനം.

൨൩൭. സിദ്ധിയാം തർക്കമില്ലാതെ
കൈവന്നോരിഷ്ടസംഗമം

വിചാരമനുവൎത്തിക്ക
ദാക്ഷിണ്യാഖ്യം പ്രകീൎത്തിതം.

൨൬൭. ഉക്താൎത്ഥാനുപപത്ത്യാന്യം
വാങ്മാധുൎയ്യാദിസംയുതം
അൎത്ഥം കല്പിച്ചിടുവതാ_
മൎത്ഥാപത്തിയിതീരിതം.

൨൬൮. സിദ്ധങ്ങളാം പ്രധാനാൎത്ഥ_
ങ്ങളേയൊപ്പാന്നുമേൽ
വിശേഷയുക്തമായ്ച്ചൊല്ലാൽക
വിശേഷണസമാഹ്വയം.

൨൭൦. ബഹുക്കളായ്പ്രയോഗിച്ച
പദം ബഹുപദങ്ങളായ്
തുല്യാൎത്ഥമായിയോജിച്ചു
പദോച്ചയമിതിസ്മൃതം.

൨൭൧. ഉപകാരികളാലേറ്റം
തുല്യാൎത്ഥത്തിൽ പ്രയോജിതം
അസ്പഷ്ടമാകമൎത്ഥത്തിൻ
സ്പൎശനം തുല്യതൎക്കമാം.

൨൭൨. വിചാരമൊരുസാദൃശ്യത്തി_
ന്നനേകോപായവൎണ്ണനം
വിചാരത്തിന്നന്യഥാത്വം
തദ്വിപൎയ്യയനാമകം.

൨൭൩. ഗുണാതിപാതമന്യത്ര
ഗുണത്തിന്റെകീൎത്തനം
സാമാന്യഗുണമൊട്ടേറെ_
ച്ചാരത്തിട്ടുവിശേഷകം.

൨൪൪. നന്നായിക്കീർത്തനംചെയ്യു-
യതാമതിശയാഭിധം
ഏററംനാമപ്രസിദ്ധിക്ക
ഹേതുശക്തിനിമിത്തിയാം.

൨൪൫. ഗുണാതിരേകമെണ്ണുന്നാ
ബുദ്ധക്കളുടെ പേതകം
പരത്തായെന്നുകല്പിക്കി-
ലതാകുംഗുണകീർത്തനം.

൨൪൬. പ്രകൃതാർത്ഥത്തിൽനിന്നുള്ള
പതനംഭ്രംശനാമകം
ദോഷത്തെക്കീർത്തനംചെയ്യു
ഗുണമർത്ഥനകാട്ടുക.

൨൪൭. ഗുണത്തിൻകീർത്തനംദോഷ-
മതാഗർഹണമാണു
അഭ്യർത്ഥനപെടുംവാക്യ-
മതാണനുനയാഭിധം.

൨൪൮. ലേഖമാമിംഗിതാകാര-
വിശേഷണകമാംമൊഴി
ക്ഷോഭമാമന്യമൂലത്തി-
ന്നന്യമാകൊൎശ്ശകല്പനം.

൨൪൯. വിവക്ഷിതംവ്യാജമായ-
തറിയിക്കമനോരഥം
പ്രസ്താവംകൊണ്ടുതാൻശേഷ-
മർത്ഥമോതാതെതടുപ്പതാം.

൨൫൦. അനുക്തസിദ്ധിയെന്നായി-
ക്കഥിപ്പൂഭരതൻമുനി

ദുഷ്ടശ്രുതാനദൃതാൎത്ഥ-
കിന്താനംകൊണ്ടൊഴിപ്പതായ്.

൨൭൧. ഭേദാഭേദത്താലുള്ളസാദൃശ്യ-
മതുസാരൂപ്യനാമകം
ഈപ്സിതാൎത്ഥപ്രസിദ്ധിക്കായ്
പ്രയോജനമനേകമായ്.

൨൭൨. ഉരസ്സുവരുതാൻമാല-
യെന്നുചൊല്ലുന്നുസൂരികൾ
അന്യോന്യംപൂജനംചെയ്യാൻ
തെളിപ്പുമെഴുമുള്ളോടേ.

൨൭൩. സ്തുതിപ്രകാശനംചെയ്യു-
യതാംമധുരഭാഷണം
പൃച്ഛയാമുത്തരംവാക്യം
പ്രശ്നത്താൽത്തന്നെചൊൽവതാം.

൨൭൪. ശാസ്ത്രാൎത്ഥത്തെഗ്രഹിച്ചിട്ടു
ചൊൽവതാണുപദിഷ്ടകം
കാലദേശാദികൾക്കൊത്ത-
വിധംവൎണ്ണിക്കദൃഷ്ടമാം.

ശ്ലേഷം പ്രസാദം സമത മുതലായ ഗുണങ്ങളും ഉപമ രൂപകം മുതലായ അലങ്കാരങ്ങളും അധികമായുള്ള ഭാഷണമാകുന്നു ഭൂഷണം. അൎത്ഥത്തിനു വ്യത്യാസം ഉണ്ടായും ശ്ലേഷം കലൎന്നും ഉള്ള വാക്യത്തിനു അക്ഷരസംഘാതമെന്നു പേർ. സാധിക്കേണ്ടതായ അൎത്ഥത്തെ സാധിക്കുന്നതു ഹേതു. ഏകദേശം അറിഞ്ഞിട്ടു ശേഷം യോജിപ്പിക്കുന്നതു പ്രാപ്തി. ഗൂഢവും തുല്യവും ആയ അൎത്ഥത്തോടുകൂടിയ വാക്യം ഉദാഹരണം. യുവാക്കന്മാരുടെ അന്യോന്യമുള്ള പ്രഭാവത്തെ കാണിക്കുന്നതു ശോഭ. നിശ്ചയമില്ലാതെ പറയുന്ന വാക്യം

സംശയം. സാദ്ധ്യത്തെ സാധിക്കുന്നതിനായി ഹേതുവിനെ പക്ഷത്തിങ്കൽ കാട്ടുന്നത് ദൃഷ്ടാന്തം. ഹൃദ്യമായ വസ്തുവിലുള്ള ഇഷ്ടമാണ് അഭിപ്രായം. പ്രസിദ്ധാർത്ഥങ്ങളെ കീർത്തിക്കുന്നത് നിദർശനം. ഖ്യാതങ്ങളായ വാക്യങ്ങളെക്കൊണ്ട് അർത്ഥത്തെ സാധിക്കുന്നത് പ്രസിദ്ധി. തർക്കമില്ലാതെ ഇഷ്ടമായ അർത്ഥം ലഭിക്കുന്നതു സിദ്ധി. വിചാരത്തിന്റെ അനുവർത്തനമാകുന്നു ദാക്ഷിണ്യം. ഉക്തമായിരിക്കുന്ന അർത്ഥത്തിന്റെ അനുപപത്തികൊണ്ടു മറ്റൊന്നിനെ കല്പിക്കുന്നതും മാധുര്യാദിസഹിതവും ആയ വാക്യം അർത്ഥാപത്തി. സിദ്ധങ്ങളായി പ്രധാനങ്ങളായിരിക്കുന്ന പല അർത്ഥങ്ങളേയും പറഞ്ഞിട്ടു വിശേഷയുക്തമായ വാക്കു പറയുന്നതു വിശേഷണം. പ്രയോഗിച്ചവയായ പലപദങ്ങളും പല പദങ്ങളായി തുല്യാർത്ഥത്തോടെ കൂടുന്നതു പദോച്ചയം. രൂപകങ്ങളെക്കൊണ്ടോ ഉപമകളെക്കൊണ്ടോ തുല്യമായ അർത്ഥത്തിൽ പ്രവേശിക്കപ്പെട്ടതും അവ്യക്തമായിരിക്കുന്ന അർത്ഥത്തെ സ്പർശിക്കുന്നതുമായ വാക്യം തുല്യതർക്കം. ഒരേ സാദ്ധ്യത്തിനുവേണ്ടി പലവിധമുള്ള ഉപായങ്ങളെ വർണ്ണിക്കുന്നതു വിചാരം. വിചാരത്തിന്റെ അന്യപ്രകാരമുള്ള സ്ഥിതി തദ്വിപര്യയം. വേറെയൊരിടത്തു ഗുണത്തെ കീർത്തിക്കുന്നത് ഗുണാതിപാതം. സാമാന്യങ്ങളായിരിക്കുന്ന പല ഗുണങ്ങളേയും പറഞ്ഞിട്ടു വിശേഷത്തെ കീർത്തിക്കുന്നത് അതിശയം. നാമാർത്ഥപ്രസിദ്ധിക്കായി ഹൃദ്യമായി പറയുന്നതു നിരുക്തി. ഗുണാധിക്യമുള്ള പലതിന്റെയും പേരുകൾ പറഞ്ഞ് ഒന്നായി കല്പിക്കുന്നതു ഗുണകീർത്തനം. പ്രകൃതമായ അർത്ഥത്തിൽനിന്നു വിപതിക്കുന്നതു ഭ്രംശം. ദോഷത്തെ ഗുണമായും ഗുണത്തെ ദോഷമായും അർത്ഥംകൊണ്ടു കാണിച്ചു വർണ്ണിക്കുന്നതു ഗർഹണം. അഭ്യർത്ഥനയോടുകൂടിയ വാക്ക് അനുനയം. ഇഷ്ടത്തോടും ആകാരത്തോടുംകൂടി വിശേഷത്തെ ചെയ്യുന്ന വാക്കു ലേഖം. മറ്റൊന്നിനുള്ള ഹേതുവിനെ മറ്റൊന്നിൽ കാര്യം കല്പിക്കുന്ന

ത്തുക്ഷോഭം വ്യാജത്തോടുകൂടി വിവക്ഷിതത്തെ അറിയിക്കുന്നതു മനോരഥം. പ്രസ്താവംകൊണ്ടുതന്നെ ശേഷമായ അൎത്ഥത്തെ പറയാതെ ഗ്രഹിക്കുന്നതു് അനുക്താസിദ്ധി. കണ്ടിട്ടുള്ളതും കേട്ടിട്ടുള്ളതും അനുഭവിച്ചിട്ടുള്ളതുമായ അൎത്ഥത്തിന്റെ കഥനംകൊണ്ടു് ഉണ്ടായതും, സംക്ഷോഭനിമിത്തമുള്ളതുമായ സാദൃശ്യം, സാരൂപ്യം. ഇഷ്ടമായ അൎത്ഥത്തിന്റെ സിദ്ധിക്കുവേണ്ടി അനേകം പ്രയോജനങ്ങൾ പറയുന്നതു മാല. പരസ്പരം ബഹുമാനിക്കുന്നതിനായി മനസ്സിൽ തെളിച്ചത്തോടുകൂടി സ്തുതിക്കുന്നതു മധുരഭാഷണം. (മധുരോക്തി.) ഉത്തമമായ വാക്യത്തെ പ്രശ്നംകൊണ്ടുതന്നെ കീൎത്തിക്കുന്നതു പൃച്ഛ. ശാസ്ത്രത്തിന്റെ അൎത്ഥം ഗ്രഹിച്ചു പറയുന്നതു് ഉപദിഷ്ടം. ഇതു വിദ്വാന്മാൎക്കു വളരെ മനോഹരമായിട്ടുള്ളതാണു്. സ്പഷ്ടമോ അസ്പഷ്ടമോ ആയുള്ളതിനെ ദേശത്തിനും കാലത്തിനും രൂപത്തിനും അനുകൂലമായി വൎണ്ണിക്കുന്നതു് ദൃഷ്ടം. ഈ പറഞ്ഞ നാട്യാലങ്കാരങ്ങളിൽ ചിലതിനു് ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

അക്ഷരസംഘാതത്തിനു;

രാജാ—ഇതു പറയുന്നതു് എന്നെ ഉദ്ദേശിച്ചു തന്നെയാണല്ലൊ. ഈ ബാലന്റെ അമ്മയുടെ പേരു ചോദിച്ചുകളയാം. അഥവാ പരസ്ത്രീപ്രസംഗം അന്യായമാണല്ലൊ.

താപസി (മൺമയിലിനെയും കൊണ്ടു പ്രവേശിച്ചു) സൎവ്വദമനാ ശകുന്തലാവണ്യത്തെ നോക്കു

ബാലൻ:—(ദൃഷ്ടിക്ഷേപത്തോടെ) എന്റെ അമ്മ എവിടെ.

(ശാകുന്തളം)

ഇവിടെ ശകുന്തലാവണ്യമെന്നതിൽ ശകുന്തളയുടെ പേരിലുള്ള അക്ഷരങ്ങളുടെ രചന ഉണ്ടാകുന്നതുകൊണ്ടു് അക്ഷരസംഘാതം.

ദൃഷ്ടാന്തത്തിനു;

ശമധനനായ മാമുനിയെന്നു നിസ്പൃഹമാമോ
ചിരമപി മമ ശുശ്രൂഷകരായിരുന്ന

ഹിമശിശിരങ്ങളായ ഹരിദശ്വമഹാമണിയിലി-
സ്സമമൃതരശ്മിയിനി പരധാമസമാക്രമണം.

(ഭാഷാശാകുന്തളം)

ഇവിടെ മഹർഷിമാർ അന്യതേജസ്സിന്റെ സമാക്രമണംകൊണ്ടു ക്ഷുബ്ധവും ഉദ്ധതത്വമാകവും ആയ തങ്ങളുടെ തേജസ്സിനെ ഉപേക്ഷിക്കുന്നു എന്നതിനു സൂര്യകാന്തക്കല്ലുകളെ ഉദാഹരണമായി കാണിച്ചുകൊണ്ടു ദൃഷ്ടാന്തം.

അഭിപ്രായത്തിനു;

രാജാവ്:—

[illegible]
[illegible]
[illegible]
[illegible]

([illegible])

ഇവിടെ അതിഹൃദ്യമായ അധരത്തിങ്കൽ രാജാവിനുള്ള മമത്വം അഭിപ്രായം.

നിദർശനത്തിനു;

[illegible]
[illegible]
[illegible]
[illegible]

(ഭാഷാശാകുന്തളം)

പ്രതിവസ്തുന്യായത്തിൽ സദൃശമായ വസ്തുവിനെ കീർത്തിച്ചിരിക്കുന്നതിനാൽ നിദർശനം.

പ്രസിദ്ധിക്കു;

[illegible]
[illegible]
[illegible]
[illegible]

(ഭാഷാശാകുന്തളം)

ഇവിടെ, പായൽ മുതലായവയുടെ അനുരോധം ഉണ്ടായിട്ടും, ഭംഗികൊണ്ടു പ്രസിദ്ധങ്ങളായിരിക്കുന്ന അബ്ജാദികളുടെ കഥനംകൊണ്ടു, ശകുന്തളയുടെ മനോജ്ഞതയെ സാധിച്ചിരിക്കുന്നതിനാൽ, പ്രസിദ്ധി.

ദാക്ഷിണ്യത്തിനു;

ഭാവം:— സേനാപതി മാഢവ്യൻ നായാട്ടിനെ ദുഷിച്ചു പറഞ്ഞതിനെ ഭ ഗവാനുമനുമോദിച്ചതറിഞ്ഞിരിക്കുന്നു.

സേനാപതി:— (ആത്മഗതം) ഭേഷ്! വിദൂഷക! നല്ല പ്രതിബന്ധമായിത്തീരുന്നല്ലോ കൊള്ളാം! ഞാൻ പ്രഭുവിന്റെ ചിത്തവൃത്തിയെ അനുവർത്തിക്കാം. (പ്രകാശം) ഈ വിഡ്ഢി അസംബന്ധം പുലമ്പുകയാണ്. ഇതിനു തിരുമേനി തന്നെ ദൃഷ്ടാന്തമായിരിക്കുന്നല്ലോ. നായാട്ടിന്റെ ഗുണത്തെ കല്പിച്ചു വിചാരിക്കാം.

മേദസ്സറ്റു മെലിഞ്ഞു കുക്ഷി ലഘുവാം മേനി വിഹാരക്ഷമം
ഭേദപ്പെട്ടു മൃഗങ്ങൾതൻ പ്രകൃതിയും കാണാം ഭയക്രോധയോഃ
കോലക്ഷ്യത്തിലുമെയ്തുകൊള്ളുകയതും വില്ലാളികൾക്കുത്കർഷം
വാദം വേട്ടയെ വ്യസനമെന്നതു മനോവിനോദവിരസം.

(ശാകുന്തളം)

ഇവിടെ, സേനാപതി സ്വാമിയുടെ ചിത്തവൃത്തിയെ അനുവർത്തിച്ചു നായാട്ടിന്റെ ഗുണത്തെ കഥിക്കുന്നതുകൊണ്ടു ദാക്ഷിണ്യം.

അർത്ഥാപത്തിക്കു:—

വിദൂഷകൻ:— അപൂർവ്വമായിരിക്കുന്ന ഭരണത്തെ ഒരുവനല്ലേ അങ്ങു പ്രാപിച്ചതു്.

രാജാവു:— സത്യംതന്നെ.

ലക്ഷിതമെന്ന നൂതനം കാമ്പു നല്ലതല്ലിതാ.
അങ്ങിലിവളുടെ ആദ്യമാം ലക്ഷണാഭിമുഖനായ്
കളിയായ്പ്പിടിച്ചതിൽ കൈക്കൊണ്ടു പ്രണയത്തിൻ.
ശങ്കകളുള്ള മേവിയില്ലാതെ മന്ദതയിൽനിന്നു.

(മാലവി.സ്വ.)

ഇവിടെ സൌഭാഗ്യമായ അദ്ഭുതത്തിന്റെ പ്രവാഹത്തി

ന് അന്യഥാ അനുപപത്തി കല്പിച്ചു കൂട്ട് പാരിജാതങ്ങളി ലെന്നു കല്പിച്ചിരിക്കുന്നതിനാൽ അർത്ഥാപത്തി.

പൌരോപ്യത്തിനു;

> ദിനനിശകളൊരേടത്തും ശോഭ സന്ധ്യകളും നിന്നു
> ഒരേ വിഷയമൊടൊന്നിച്ചുള്ളവും വിണ്ണിടനു
> അനങ്ങാതെ വിരഹാൽ ക്ലിഷ്ടയായ് മാറിനിന്നു.
> അനുപമ നിലവിയശാന്തിതം പാർത്ഥ്യമാന്നു.
>
> (കർപ്പൂരമഞ്ജരി. സട്ടകം)

ഇവിടെ, ശരൽസന്ധ്യാദികളെ വൈഗ്യാദിവിക്രിയകളിൽ ദിനാദിപദങ്ങളോടുകൂടി ചേർത്തിരിക്കുന്നതിനാൽ പൌരോപ്യം.

അതിശയത്തിനു;

> തരുവല്ലിക്കതിന്നുന്നതി ചമയൻ സൌന്ദര്യമധിനാം
> മനംനിറ്റുമലയമന്ദിരങ്ങളിൽ നാം നിൽക്കുമ്പോൾ
> വാരനാരീനിരയിൽ പരിചുമുള്ളി, സൌകുമാര്യം
> ഉള്ളതാം ഇവളെൻ വശ്യവിലാസകരനാം വെല്ലും ഭാവമതൽക്കാലം.
>
> (വിക്രമോർവ്വശീയം, നാടകം)

ഇവിടെ, സൗന്ദര്യഗുണങ്ങളെ പലതിനേയും പറഞ്ഞിട്ട് നിനക്കു വിരഹദുഃഖം ചേരുകയില്ലെന്നു വിശേഷപ്പെടുത്തിയിരിക്കുന്നതുകൊണ്ടു അതിശയം.

നിരുക്തത്തിനു;

പ്രിയംവദ:— ശകുന്തളേ! നീ ഇവിടെത്തന്നെ ക്ഷണനേരം നിൽക്കണേ! നിന്നെക്കൊണ്ടു ഇലഞ്ഞി ഒരു നല്ല വള്ളി ചുറ്റിയിരിക്കുംപോലെ ശോഭിക്കുന്നു.

ശകുന്തള:— ഇതുകൊണ്ടുതന്നെയാണ് നിന്നെ പ്രിയംവദ എന്നു വിളിക്കുന്നത്.

(അഭിജ്ഞാനശാകുന്തളം)

പ്രിയത്തെ പറയുന്നതുകൊണ്ടു പ്രിയംവദ എന്ന പേർ പറയുന്നു എന്നതു നിരുക്തം.

ഭ്രംശത്തിനു;

രാവണൻ:—കണ്ഠാഭിചത്തിൽ ഇവളെ നിവേശിപ്പിക്കേണ്ടതായ കന്യാരത്നവും കാർമ്മുകവും എവിടെയാണെന്നു പറയൂ.

മഞ്ജീരകൻ:— ഇതാ കാർമ്മുകം; കന്യയെ മട്ടുവിൽ കാണാവുന്നതാണ്.

രാവണൻ:—(സാവജ്ഞം) ഹേ മൂർഖ! നീ നക്ഷത്രങ്ങളുടെ ഉദ്ഗമത്തെ കണ്ടിട്ടില്ലേ? അവ ആദ്യം കന്യയേയും മട്ടുവിൽ ധനുസ്സിനേയും അല്ലേ പ്രകാശിപ്പിക്കുന്നത്?

മഞ്ജീരകൻ:— (സ്വഗതം) ഇവൻ യഥാർത്ഥത്തെത്തന്നെ പ്രകടിപ്പിക്കുന്നു.

(പ്രസന്നരാഘവം-നാടകം)

ഇവിടെ രാവണൻ ധനുസ്സിനേയും കന്യകയേയുംകുറിച്ചുള്ള പ്രകൃതാർത്ഥത്തെ പരിത്യജിച്ചു രാശിലക്ഷണമാകുന്ന അർത്ഥത്തെ പ്രസംഗിക്കുന്നതുകൊണ്ടു ഭ്രംശം.

ക്ഷോഭത്തിനു;

രാജാവ്:—(കണ്ണുനീർ തുടച്ചിട്ട്) ദേവി! എന്താണിങ്ങനെ ചെയ്യുന്നത്?

കരളിതിലിഹ ഗളത്തിൽ തന്നെ നീ ചേർത്തനേരം
സമയമിവനെഴും കണ്ണുകളൊക്കെയും തൃപ്തമായി
നിയതമധികമോഹം പൊങ്ങി സ്നേഹസമേതം
പ്രിയ, ദേവി, [illegible] അർക്കതാപത്തിൽ.

(രത്നാവലി-നാടകം)

മനോരഥത്തിനു;

ശകുന്തള:—(കരാംഗുലം [illegible] തിരിഞ്ഞുനിന്നു) (പ്രകാശം) എന്റെ താപത്തെ ശമിപ്പിച്ച വള്ളിക്കുടിലേ! മേലിലും ഞാൻ പറയുന്നു. ഇനിയും നിന്റെ തണലിനെ അനുഭവിക്കാൻ വരാം.

(ശാകുന്തളം)

ഇവിടെ വള്ളിക്കുടിലിനോടു പറയുന്ന വ്യാജത്തോടുകൂടി ദുഷ്യന്തനെ ആമന്ത്രണം ചെയ്തിരിക്കുന്നതു മനോരഥം.

അനുക്താസിദ്ധിക്കു;

അനസൂയ:— ആര്യ്യൻ [illegible] [illegible] പറഞ്ഞ [illegible] [illegible] [illegible] [illegible] ശങ്കിച്ചിട്ടുവർ [illegible]

ഹത്തിന്റെ തപോവിഘ്നത്തിനായി മേനക എന്ന അപ്സരസ്ത്രീയെ പറഞ്ഞയച്ചു.

രാജാവു്:— മററുള്ളവരുടെ തപസ്സിനെക്കുറിച്ചു ദേവന്മാർക്കിങ്ങനെ ശങ്ക പതിവുള്ളതാണല്ലോ. പിന്നെയോ?

അനസൂയ:— വസന്താവതാരത്താൽ രമണീയമായ സമയത്തിൽ, ഉന്മാദകരമായ മേനകാരൂപത്തെ കണ്ടിട്ടു— (അർദ്ധോക്തിയിൽ ലജ്ജിതയായി നില്ക്കുന്നു.)

രാജാ:— ശേഷം മനസ്സിലായി. സർവഥാ ഇവൾ അപ്സരസ്സംഭവയാണ്.

(ശാകുന്തളം)

ഇവിടെ അനുക്തമായിട്ടും മേനകാവിശ്വാമിത്രസംഗമത്തിന്റെ പ്രതീതിസിദ്ധിയുള്ളതു അനുക്തസിദ്ധി.

ഓജസ്സു;

സുരക്ഷിതമതായ്‌വരും പശുഗണങ്ങളാ ശത്രുക്കളെ
ഇരത്തിയിഹ മന്നവരെ കീഴ്മടക്കിടും
ശരിക്കു മരിയുന്നതിന്നലിവയിലെന്നമേ പാർത്തുടൻ
നിരപ്പൊടിഹ സവ്യസാചിയിതു കരിശൗര്യത്തിനാൽ.

(ധനഞ്ജയവിജയം. സ്വതന്ത്രം)

മധുരഭാഷണത്തിനു;

അനസൂയ:— (രാജാവിനോടു സ്വകാര്യം) ആര്യന്റെ മധുരമായ വാക്കു കേട്ടിട്ടുള്ള വിശ്വാസത്താൽ ധൈര്യപ്പെട്ടു ഞാൻ ചോദിച്ചുകൊള്ളുന്നു. ഏതൊരു രാജർഷിവംശമാണ് ഭവാനാൽ അലങ്കരിക്കപ്പെടുന്നത്? ഏതു ദേശമാണ് ഭവാന്റെ അസാന്നിധ്യത്താൽ ഉൽക്കണ്ഠിതജനമാക്കി ചെയ്യപ്പെട്ടിരിക്കുന്നത്? എന്തു സംഗതിവശാലാണ് സുകുമാരനായിരിക്കുന്ന ഭവാൻ ആത്മാവിനെ തപോവനസഞ്ചാരപരിശ്രമത്തിനു പാത്രമാക്കിച്ചെയ്യുന്നത്?

(ശാകുന്തളം)

ഉപദിഷ്ടത്തിനു;

ഗാന്ധർവ്വമായ് വേളികഴിഞ്ഞനേക-
രാജർഷികന്യാജനമുമ്പുപണ്ടും
നിന്ദിച്ചതില്ലായതിനെക്കുറിച്ചു
നന്ദിച്ചുവെന്നു ഗുരുക്കളെല്ലാം.

(ശാകുന്തളം)

ഇവിടെ ശാസ്ത്രാനുകൂലമായിട്ടാണു പ്രവൎത്തിക്കുന്നതെന്നു കാണിക്കുന്നതുപദിഷ്ടം

ദൃഷ്ടത്തിനു;

അയിൽത്തെണ്ണുകയലിന്നാഹാംസമിഥുനാ കാഞ്ചം ശലീ മാലിനീ
വഴിയിൽ ശ്യാമകതിന്നു പച്ചമാനുകൾ പാദപാഃ ഭൂതാദ്യുസിതാഃ
പഥിയിൽ കല്പിതവൽക്കലാഗ്യ വ അവരോർത്തുദൈവചിത്രീകൃതം
തപോവനിൽ ... (partly illegible)
(ഭാഷാശാകുന്തളം)

ഇവിടെ വൎണ്ണനം ആശ്രമത്തിന്റെ ദേശത്തിനും രൂപത്തിനും യോജിച്ചവിധമായിരിക്കുന്നതിനാൽ ദൃഷ്ടം.

ഉദാഹരണം കൊടുത്തിട്ടില്ലാത്ത മറ്റുള്ള നാട്യാലങ്കാരങ്ങൾക്കും ഇതുപോലെ സമുചിതമായ ഉദാഹരണങ്ങൾ ഗ്രഹിച്ചുകൊള്ളേണ്ടതാകുന്നു.

൧൬൭ നാടകത്തിന്നാദിയിൽ ചൊല്ലീട-
മങ്കലശ്ലോകമാശംസകം
വസ്തുസൂചന ചെയ്യണം
നാന്ദിയതല്പമാനുഷ്ടും

൧൬൮ വിഷ്കംഭാദ്യൎത്ഥോപക്ഷേപ-
ചൂളികാരഹിതാത്മകം
അല്പപാത്രങ്ങളുൾക്കൊള്ളു-
ന്നതാകുന്നിതരാദ്യം.

൧൬൯ അങ്കാന്തത്തിങ്കലാകണം
ഗൎഭാങ്കത്തിൻ നിവേശനം

ഒരു അങ്കത്തിന്റെ നടുവിൽ ഉള്ള അങ്കത്തിനു ഗൎഭാങ്കമെന്നു പേർ. ഇതിലെ നാന്ദി വസ്തുസൂചനം ചെയ്യുന്നതായിരിക്കണം. ആമുഖം കുറച്ചു ആകാം. അൎത്ഥോപക്ഷേപകങ്ങളും ചൂളികയും പാടില്ല. പാത്രങ്ങൾ വളരെ കുറഞ്ഞിരിക്കണം. അങ്കത്തിന്റെ അവസാനത്തിലായിരിക്കണം ഗ

ർഭാങ്കത്തിന്റെ നിവേശനം. ഉദാഹരണത്തിനു ഉത്തരരാമചരിതം ഏഴാമങ്കം നോക്കുക.

അശ്രാവ്യമായിടും വസ്തു-
വതിനാം സ്വഗതാഹ്വയം

അന്യന്മാർ കേൾക്കുവാൻ അയുക്തമായതു അശ്രാവ്യം. ഇപ്രകാരം നാടകത്തിലുള്ള വസ്തുവിനു സ്വഗതമെന്നു പറയുന്നു. ഉദാഹരണം സ്പഷ്ടം.

൨൫൭ പ്രകാശനാമതെല്ലാർക്കും
കേൾക്കുവാൻ യുക്തമായതാം

എല്ലാവർക്കും കേൾക്കുവാൻ യുക്തമായതു പ്രകാശം.

നാടകത്തിന്റെ പേരർത്ഥം
ഗർഭിതം വ്യക്തമാക്കണം.

ഗർഭിതമായിരിക്കുന്ന അർത്ഥത്തെ വ്യക്തമാക്കുന്നതായിരിക്കണം നാടകത്തിന്റെ പേർ. ഉദാഹരണം ശാകുന്തളം ഉത്തരരാമചരിതം;

൨൫൮ ധൂർത്തന്റെ ചരിതം ഭാണം
നാനാവസ്ഥാന്തരാത്മകം
ഏകാങ്കയുക്തം ശൃംഗാര-
രസമാർന്നിതിൽ മുഖ്യമായ്

൨൫൯ കഥ കല്പിതമാക്കേണം
വൃത്തി ഭാരതിയെന്നതാം
ഉക്തിപ്രത്യുക്തിയാകാശ-
ഭാഷണം കൊണ്ടു ചെയ്യണം.

൨൬൦ മുഖം നിർവ്വഹണം രണ്ടു-
മിതിൽ സന്ധികളായിടാം

ധൂർത്തന്റെ ചരിതമാകുന്ന ഭാണത്തിലെ കഥാവസ്തു. ഇ

ത്തിൽ നാനാവസ്ഥകളും പലരസങ്ങളും ഉണ്ടായിരിക്കണം. പ്രധാനരസം ശൃംഗാരമേ ആകാവൂ. ഒന്നിലധികം അങ്കങ്ങൾ പാടില്ല. ഉക്തിപ്രത്യുക്തികൾ ആകാശഭാഷണം കൊണ്ടു നിൎവ്വഹിക്കണം. മുഖം നിൎവ്വഹണം എന്ന രണ്ടു സന്ധികൾ മാത്രമേ ആകാവൂ. ഉദാഹരണം കാമതിലകം ഭാണം. (ഭാണത്തിൽ ഒരു പാത്രമേ പ്രവേശിക്കാവൂ.)

ഗേയം പദം സ്ഥിതം പാഠ്യ-
മാസീനം പുഷ്പഗണ്ഡികം

൩൩൨. പ്രച്ഛേദകത്രിഗൂഢങ്ങൾ
സൈന്ധവാഖ്യം ദ്വിഗൂഢകം
ഉത്തമോത്തമവും പിന്നി-
ട്ടുക്തപ്രത്യുക്തകാഖ്യവും

൩൩൩. ലാസ്യത്തിന്നീവകാംഗങ്ങൾ
പത്തും ഭാണത്തിലായിടാം

ഗേയപദം സ്ഥിതപാഠ്യം ആസീനം പുഷ്പഗണ്ഡികം പ്രച്ഛേദകം ത്രിഗൂഢം സൈന്ധവം ദ്വിഗൂഢം ഉത്തമോത്തമകം ഉക്തപ്രത്യുക്തം എന്നു ലാസ്യത്തിനു പത്തു അംഗങ്ങൾ ഉണ്ട്. ഇവയെല്ലാം ഭാണത്തിൽ ആകാം.

ആസനസ്ഥിതയായ്ക്കൊണ്ടു
കഥാനായിക പാട്ടുകൾ

൩൩൪. വീണാദിവാദനത്തോടേ
ചെയ്യും ഗേയപദാഖ്യമാം

കഥാനായിക ആസനത്തിങ്കൽ ഇരുന്നുകൊണ്ടു വീണാദിവാദനത്തോടുകൂടി പാടുന്നതിനു ഗേയപദം എന്നു പേർ.

സ്ത്രീ വിരഹം ഗമിച്ചിട്ടു
പാടുകിൽ സ്ഥിതപാഠ്യകം

മന്മഥപീഡിതയായ സ്ത്രീ ഇതിനെക്കൊണ്ടു പാടുന്നതു സ്ഥിതപാഠ്യം.

൨൬൩ ഭ്രൂനേത്രാദ്യംഗവിക്ഷേപ-
വിലാസൈരാകലന്തായ്
ആസീനയായിപ്പാടുന്നതെ-
ന്നുള്ളതാസീനനാമകം.

ഭ്രൂനേത്രാദികളായ അംഗങ്ങളുടെ വിക്ഷേപത്തോടും വിലാസത്തോടും കൂടി പാടുന്നതു ആസീനം.

൨൬൪ വാദ്യം പലവിധം ചേൎന്ന
നാനാതാളസമേതമായ്
ലാസ്യം വിധിക്കതാൻ ചെയ്യു
പുഷ്പഗണ്ഡികയെന്നതാം.

പലവിധം വാദ്യങ്ങളോടും താളങ്ങളോടും ചേൎന്നു വിധിപോലെ ലാസ്യം ചെയ്യുന്നതു പുഷ്പഗണ്ഡിക. സ്ത്രീകൾ പുരുഷന്മാരെപ്പോലെ പ്രവൃത്തിക്കുന്നതു പുഷ്പഗണ്ഡിക എന്നു മതാന്തരം.

൨൬൫ കാന്തനന്യാബലാസംഗം
ചെയ്തതാലതിഖിന്നയായ്
പ്രേമത്തിൻ ഹാനിതാൻ കാട്ടു-
ന്നതാം പ്രച്ഛേദനാമകം.

ഭർത്താവു അന്യാസക്തനാണെന്നു അറിഞ്ഞു പ്രേമഹാനി കാണിക്കുന്നതു പ്രച്ഛേദകം.

൨൬൬ മൃദുശ്ലക്ഷ്ണപദാദ്യുപേതം
സമവൃത്തമനോഹരം
പുരുഷന്മാരെക്കും ഭാവം
ചേഷ്ടം ലാസ്യം ത്രിമൂഢകം

ഉദ്ദേകങ്ങളും ദൃഷ്ടി (മിഴിനോട്ടം കൂടിയ) ങ്ങളും ആയ പദ-ങ്ങളും സമവൃത്തങ്ങളും ചേർന്ന മനോഹരമായും പുരുഷന്മാരുടെ ഭാവം ഉള്ളതും ത്രിമൂഢകം.

൨൩൭ വ്യക്തമാം കരണത്തോടു-
കൂടീട്ടാണു സൈന്ധവം

കരണം (വീണാദികൾകൊണ്ടുള്ള പ്രവൃത്തി) വ്യക്തമായിട്ടുള്ളതു സൈന്ധവം.

വിശേഷാഭിനയം ചേർന്ന-
രസഭാവങ്ങളൊക്കയും

൨൩൮ നന്നായ്ത്തെളിഞ്ഞ വിലസ-
ല്ലാസ്യമാകും ദ്വിമൂഢകം

വിചിത്രമായ അഭിനയത്തോടും എല്ലാ രസഭാവങ്ങളോടും ചേർന്ന വ്യക്തമായി ശോഭിക്കുന്ന ലാസ്യം ദ്വിമൂഢകം.

സോൽകണ്ഠവാക്യമുൾക്കൊണ്ടും-
ഗേയഭാവവിലാസിയും

൨൩൯ പാർശ്വസ്ഥമറിയാതെയു-
മുള്ളതാമുത്തമോത്തമം

ഉൽകണ്ഠയോടുകൂടിയ വാക്യങ്ങളോടുചേർന്നും ഗേയഭാവം പരിശോഭിച്ചും അടുത്തിരിക്കുന്നവനെ അറിയാതെയുമുള്ള ലാസ്യം ഉത്തമോത്തമകം.

യുവാക്കൾ ചൊല്ലുവാക്യോക്ത-
പ്രശ്നാദിയിടചേർന്നതാം

൨൪൦ ഉക്തപ്രത്യുക്തമാക്ഷേപ-
പ്രസാദാദിവിചിത്രിതം.

യുവാക്കന്മാരുടെ വാക്ക് പ്രശ്നം മുതലായവ ഇടചേർന്നും

ആക്ഷേപം പ്രസാദം കോപം ഇവ ഉള്ളതുമായ ലാസ്യം ഉക്തപ്രത്യുക്തം.

കല്പിതം കഥയും ധീര-
ശാന്തനായകനന്തഥാ
൨൬ ശൃംഗാരരസവും ചേൎന്ന-
വണിക്കോ ഭൂമിദേവനോ
കഥാനായകനേറുന്ന-
കാവ്യം പ്രകരണാഭിധം

പ്രകരണത്തിൽ, കഥ കല്പിതവും നായകൻ ധീരശാന്തനും പ്രധാനരസം ശൃംഗാരവും ആകണം. കഥാനായകൻ വണിക്കോ ബ്രാഹ്മണനോ ആയിരിക്കണം. മററു കാൎയ്യങ്ങളിലെല്ലാം പ്രകരണം നാടകംപോലെയാകുന്നു. നായിക കുലസ്ത്രീയും ഗണികയും ആകാം. കുലസ്ത്രീനായികയായിട്ടുള്ള പ്രകരണത്തിന്നു ശുദ്ധം എന്നും, ഗണിക നായികയായിട്ടുള്ളതിന്നു ധൂൎത്തമെന്നും, പേർ പറയുന്നു. മാലതീമാധവം ശുദ്ധവും കാമദത്തം ധൂൎത്തവുമാകുന്നു.

൨൭ ഖ്യാതമാം കഥയും നിസ്സ-
ഹായനായകനന്തഥാ
പ്രതിനായകരായ് പലരാ-
ളുദ്ധതന്മാരത ചേൎന്നതായ്

൨൮ വിമൎശഗൎഭരഹിതം-
ഭാരത്യാരഭടീയുതം
ശൃംഗാരഹാസ്യരഹിതം-
രസം രൌദ്രസമേതമായ്

൨൯ ഏകവാസരവൃത്തം ചേ-
ൎന്നങ്കമൊന്നു കലൎന്നതായ്
സ്ത്രീനിമിത്തം രണം ചേരാ-
ത്തതാം വ്യായോഗനാമകം

പ്രസിദ്ധമായ ഇതിവൃത്തവും സാധാരണമനുഷ്യനായ നായകനും ഉദ്ധതന്മാരായ പത്തു പ്രതിനായകന്മാരും ഉള്ളതും, വിമൎശഗൎഭസന്ധികൾ ഇല്ലാത്തതും, ഭാരതി ആരഭടി എന്ന വൃത്തികൾ ചേൎന്നതും, ശൃംഗാരഹാസ്യരഹിതവും, രൌദ്രസംയുക്തവും, ഒരു ദിവസത്തെ കഥ അടങ്ങിയിരിക്കുന്നതും, സ്ത്രീ നിമിത്തം യുദ്ധം ഇല്ലാത്തതും, ആയ രൂപകമാകുന്നു വ്യായോഗം. ഉദാഹരണം ധനഞ്ജയവിജയം.

൨൭ ഭാണം പോലെ കഥാവസ്തു-
ലാസ്യസന്ധ്യങ്കവൃത്തികൾ
രസം ഹാസ്യം കലൎന്നിട്ട-
മതാം പ്രഹസനാഹ്വയം

പ്രഹസനത്തിൽ ഇതിവൃത്താദികൾ ഭാണത്തിൽ എന്നപോലെ ആകുന്നു. പ്രധാനരസം ഹാസ്യമായിരിക്കും.

൨൮ ഖ്യാതമാം കഥയും രൌദ്രം-
രസവും മുഖ്യമാൎന്നതായ്
മായേന്ദ്രജാലയുദ്ധാദി-
യധികം കലരുന്നതായ്

൨൯ നാലങ്കമാൎന്നു വിഷ്കംഭ-
പ്രവേശകസമന്വിതം
യക്ഷഭൂതങ്ങളും രാക്ഷ-
സ്സുരദേവകളുദ്ധതാ

൩൦ പതിനാറുദ്ധതന്മാരാം
നായകന്മാർ പെടുന്നതായ്
വിമൎശസന്ധിയില്ലാതെ
കൈശികീവൃത്തിയെന്നിയേ

൩൧ ശാന്തഹാസ്യശൃംഗാര-
ശൂന്യമായതു താൻ ഡിമം

ഡിമത്തിലെ കഥ ഖ്യാതവും, പ്രധാനരസം രൌദ്രവും, ആയിരിക്കണം. മായ ഇന്ദ്രജാലം യുദ്ധം മുതലായവ അധികമായി ഉണ്ടാകണം. അങ്കങ്ങൾ നാലേ ആകാവൂ. വിഷ്കംഭകവും പ്രവേശകവുംവേണം. യക്ഷന്മാരോ ഭൂതങ്ങളോ രക്ഷസ്സുകളോ ദേവന്മാരോ ഉദ്ധതന്മാരായ പതിനാറു നായകന്മാർവേണം. വിമർശം ഒഴിച്ചുള്ള സന്ധികളും, കൈശികി ഒഴിച്ചുള്ള വൃത്തികളും, ആകാം. ശാന്തവും ഹാസ്യവും ശൃംഗാരവും പാടില്ല. ഉദാഹരണം വീരഭദ്രവിജൃംഭണം.

പ്രസിദ്ധിയേന്തുന്നതദ്ദേവാ-
സുരസംശ്രിതമാം കഥ
൨൪൨. അങ്കത്രയത്തോടും മുഖ്യ-
രസം വീരമിയന്നതായ്
ദേവദാനവരാൽ പന്ത്ര-
ണ്ടുദാത്തഗുണമുള്ളവർ
൨൪൩. നായകന്മാരൊരേടത്തിട്ടം-
കാവ്യം സമവകാരമാം

സമവകാരത്തിലെ വൃത്തം പ്രസിദ്ധവും ദേവാസുരന്മാരെ ആശ്രയിച്ചുള്ളതും ആയിരിക്കണം. അങ്കം മൂന്നേ ആകാവൂ. പ്രധാനരസം വീരം; ദേവന്മാരോ മനുഷ്യരോ ഉദാത്തന്മാരായ പന്ത്രണ്ടു നായകന്മാർ വേണം. ഇതിൽ വിമർശസന്ധി പാടില്ല.

കല്പിതം ഖ്യാതമോ വൃത്ത-
മേകാങ്കം സന്ധിവൃത്തികൾ
൨൪൪. ഭാണത്തിലേപ്പോലുൾക്കൊണ്ടു
രസം കരുണമാർന്നതായ്
നാരീവിലാപമരണ-
മെണ്ണാമുത്സൃഷ്ടമങ്കമാം

ഒരങ്കം മാത്രമുള്ളതായ കൃതിയാണ്. ഇതിൽ കഥ പ്രഖ്യാതമോ കല്പിതമോ ആകാം. സന്ധികളും വൃത്തികളും ഭാണത്തിലെപ്പോലെതന്നെ. പ്രധാന രസം കരുണം. സ്ത്രീകളുടെ വിലാപം, [illegible] യുദ്ധം മുതലായവ ഉണ്ടായിരിക്കണം.

൨൪൯ ഈഹാമൃഗത്തിനുള്ള
വസ്തു മിശ്രിതമാകണം,
വിഷ്കംഭകപ്രവേശാഖ്യ-
മുഖപ്രതിമുഖങ്ങളും.

൨൫൦ യുക്തം; നിർവ്വഹണം ചേരും;
ദിവ്യനോ നരനോ തഥാ
ആകണം നായകൻ, യുക്ത-
മങ്കം നാലു, വിനാ കൈശികം.

൨൫൧ ബീഭത്സമധികം നാരീ-
മൂലം യുദ്ധം ഭവിക്കണം
പ്രതിനായകരഞ്ചാറു-
പേരുണ്ടായിരിക്കണം.

ഈഹാമൃഗത്തിലെ കഥാവസ്തു മിശ്രമായിരിക്കണം. വിഷ്കംഭവും പ്രവേശകവും മുഖപ്രതിമുഖസന്ധികളും ആകാം; അതുപോലെ നിർവ്വഹണസന്ധിയും യുക്തംതന്നെ. നായകൻ ദിവ്യനോ അദിവ്യനോ ആകണം. നാലങ്കമേ പാടുള്ളൂ. കൈശികിവൃത്തി പാടില്ല. പ്രധാനരസം ബീഭത്സം; സ്ത്രീമൂലം യുദ്ധമുണ്ടാകണം. പ്രതിനായകന്മാരായി അഞ്ചാറു പേർ വേണം.

൨൫൨ ഒറ്റക്കൊരങ്കമതായേക-
നായകൻ ചൊന്നിടുന്നതായ്
മുഖ്യമായ് കൈശികീവൃത്തി
ചേർന്നു ശൃംഗാരമേറിയും

൨൭൯ മുഖനിർവ്വഹണോപേതം
രൂപകം വീഥിനാമകം
പാത്രലാസ്യാംഗവും ചേർക്കാം
യുക്തംപോലഥവാ വിടാം.

വീഥിയിൽ ഒരു അങ്കമെ ആകാവൂ. ഒരു നായകൻ ഉണ്ടായിരിക്കണം. കൈശികിവൃത്തി അധികം ആകാം. ലാസ്യാംഗങ്ങളും പാത്രം യുക്തംപോലെ ചേർക്കുകയൊ വിടുകയൊ ചെയ്യാം.

൨൮൦ ഉപരൂപകമാം ചേരാ-
ല്പരൂപകലക്ഷണം

രൂപകങ്ങളുടെ ലക്ഷണങ്ങളും കുറെയൊക്കെയുള്ളതു ഉപരൂപകമാകുന്നു.

നാടികാത്രോടകം ഗോഷ്ഠീ
സട്ടകം നാട്യരാസകം

൨൮൧ പ്രസ്ഥാനോല്ലാപ്യകാവ്യങ്ങളും
പ്രേംഖണം രാസകാഹ്വയം
സല്ലാപകശ്രീഗദിത-
ശില്പകങ്ങളും വിലാസിക

൨൮൨ ദുർമ്മല്ലികാ പ്രകരണീ
ഹല്ലീശം ഭാണികാഖ്യവും
ഉപരൂപകമീവണ്ണം
പതിനെട്ടുമുദീരിതം

നാടിക ത്രോടകം ഗോഷ്ഠീ സട്ടകം നാട്യരാസകം പ്രസ്ഥാനം ഉല്ലാപ്യം കാവ്യം പ്രേംഖണം രാസകം സല്ലാപകം ശ്രീഗദിതം ശില്പകം വിലാസിക ദുർമ്മല്ലിക പ്രകരണി ഹല്ലീശം ഭാണിക എന്ന ഉപരൂപകവും പതിനെട്ടുവിധമുണ്ട്.

൨൯൩ നടിമാരേറെയുണ്ടായി
നാലങ്കം ചേൎന്നു, നായകൻ
രാജാവു ധീരലളിതൻ
പ്രസിദ്ധൻ കലരുന്നതായ്,

൨൯൪ അനുരാഗം നവം പൂണ്ടു
രാജ്ഞികൾ രാജകന്യക
മുഗ്ദ്ധനായികയുംകൊണ്ടു
കൈശികീവൃത്തി ചേൎന്നതായ്

൨൯൫ നടന്മാർ കുറവായുള്ള
കൃതിയാം നാടികാഖ്യയം

നാടികയിൽ നടിമാർ അധികം ഉണ്ടായിരിക്കണം. അങ്കം നാലെ ആകാവൂ. ധീരലളിതനും പ്രസിദ്ധനും ആയിരിക്കുന്ന രാജാവാകണം നായകൻ. നവാനുരാഗശാലിനിയും മുഗ്ദ്ധയും ആയ രാജകന്യക നായികയായിരിക്കണം. കൈശികീവൃത്തി ചേരണം; നടന്മാർ കുറച്ചേ ആകാവൂ.

അഞ്ചേഴെട്ടൊമ്പതിലൊന്നു-
മതിനൊത്തങ്കമുള്ളതായ്

൨൯൬ അങ്കത്തിലഖിലം ചേൎന്നു
വിദൂഷകനിയന്നതായ്
ദിവ്യനോ നരനോ നേതാ-
വുള്ളതാം ത്രോടകാഭിധം

അഞ്ചോ ഏഴോ എട്ടോ ഒമ്പതോ അങ്കങ്ങൾ ഉള്ളതും, എല്ലാ അങ്കത്തിലും വിദൂഷകൻ ഉണ്ടായിരിക്കുന്നതും, ആണു് ത്രോടകം. ഇതിൽ നായകൻ ദിവ്യനോ നരനോ ആകാം. ഉദാഹരണം വിക്രമോൎവ്വശീയം.

൨൯൭ ഗോഷ്ഠിയേകാങ്കമാകേണ-
മിതിലെട്ടൊമ്പതാളുകൾ

പ്രാകൃതന്മാർ ഭവിക്കണ-
മപഗർഭവിമർശകം

൨൯൮ അഞ്ചാറു നാരിമാർ വേണം
ബഹുശൃംഗാരകൈശികം

ഗോഷ്ഠിയിൽ ഒരു അങ്കമേ ആകാവൂ. പ്രാകൃതന്മാരായ എട്ടൊമ്പതു പുരുഷന്മാർ ഉണ്ടായിരിക്കണം. ഗർഭവിമർശസന്ധികൾ പാടില്ല. അഞ്ചാറു സ്ത്രീകൾ വേണം. ശൃംഗാരരസവും കൈശികിവൃത്തിയും അധികമായിരിക്കണം.

സട്ടകത്തിൻ രസം മുഖ്യ-
മത്ഭുതാഖ്യം പ്രവേശവും

൨൯൯ വിഷ്കംഭവുമരുതാ-
നങ്കം നാടികപോലെയാം

സട്ടകത്തിലെ പ്രധാനരസം അത്ഭുതമാണ്. പ്രവേശകവും വിഷ്കംഭവും അരുത്. അങ്കം നാടികയിലെപ്പോലെയാണ്.

നാട്യരാസകമേകാങ്ക-
മുദാത്തനിതിൽ നായകൻ

൩൦൦ ഉപനായകനായ് പീഠ-
മർദ്ദനനായിരിക്കണം
ഹാസ്യം മുഖ്യരസം താള-
ലയസ്ഥിതികൾ ചേരണം.

൩൦൧ മുഖനിർവ്വഹണോപേതം
വേണമീരാസകസന്ധിക
ലാസ്യാംഗങ്ങളിതിൽപ്പത്തും
ഭേദാളികളെപ്പോലെ ചേർത്തിടാം.

നാട്യരാസകത്തിൽ ഒരു അങ്കമേ ആകാവൂ. നായകൻ ഉദാത്തഗുണയുക്തനാകണം. പീഠമർദ്ദൻ ഉപനായക

നായിട്ടുമായിരിക്കണം. പ്രധാനരസം ഹാസ്യം; താളലയാദികൾ വേണം. മുഖനിർവ്വഹണങ്ങൾ ആകാം. നായിക വാസകസജ്ജികയായിരിക്കണം. ലാസ്യാംഗങ്ങൾ പത്തുമാകാം.

൧൦൫. ദാസൻ നായകനാം നീച-
നുപനായകനാം തഥാ
ദാസി നായികയും ചേർന്ന
രണ്ടങ്കമിയലുന്നതായ്

൧൦൬. ഭാരതീകൈശികീവൃത്തി-
യുക്തം പ്രസ്ഥാനകാഭിധം

പ്രസ്ഥാനകത്തിൽ ദാസൻ നായകനും നീചൻ ഉപനായകനും ദാസി നായികയും ആയിരിക്കണം. രണ്ടു അങ്കമെ ആകാവൂ. ഭാരതീകൈശികീവൃത്തികൾ വേണം.

ഉദാത്തൻ നായകൻ ചേർന്ന
ദിവ്യമാം വസ്തുവൊത്തതായ്.

൧൦൭. ഹാസ്യശൃംഗാരകരുണ-
പ്രധാനരസമുള്ളതായ്
നാലു നായികമാരൊത്തു
ശില്പകാംഗസമേതമായ്.

൧൦൮. അധികം പേരിണങ്ങീട്ടു-
മതാമുല്ലാപ്യനാമകം

ഉല്ലാപ്യത്തിൽ നായകൻ ഉദാത്തനും വസ്തു ദിവ്യവും ആയിരിക്കണം. ഹാസ്യവും ശൃംഗാരവും കരുണവും പ്രധാനരസങ്ങളാകണം. നാലു നായികമാർ വേണം. ശില്പകാംഗങ്ങളും യുദ്ധവും ഉണ്ടായിരിക്കണം. (ഇതിൽ ഒരു അങ്കമെ ആകാവൂ.)

ഏകാങ്കമാരഭടീ-
ശൂന്യമുൽഹാസ്യമധികം
൩൧൬ ഉദാത്തൻ നായകൻ ചേൎന്നം
മുഖം പ്രതിമുഖാഖ്യവും
രണ്ടുസന്ധികളുൾക്കൊള്ളു-
മതാം കാവ്യം പ്രകീൎത്തിതം.

കാവ്യത്തിൽ ഒരു അങ്കമേ ഉള്ളൂ. ആരഭടീവൃത്തി പാടില്ല. ഹാസ്യരസം അധികമായിരിക്കണം. നായകൻ ഉദാത്തനാകണം. മുഖപ്രതിമുഖസന്ധികൾ ആകാം.

൩൧൭ നീചനായകമായ് ഗൎഭം
വിമൎശമിവയെന്നിയേ
സൂത്രധാരകവിഷ്കംഭ-
പ്രവേശങ്ങൾ പെടാത്തതായ്
൩൧൮ ഏകാങ്കമായ് വൃത്തിയെല്ലാ-
മിയന്നതാം പ്രേംഖണാഹ്വയം

പ്രേംഖണത്തിൽ നായകൻ നീചനായിരിക്കണം. ഗൎഭവിമൎശസന്ധികൾ അരുത്. സൂത്രധാരൻ വിഷ്കംഭം പ്രവേശം ഇവയും പാടില്ല. ഒരങ്കമേ ഉള്ളൂ. എല്ലാവൃത്തികളും ആകാം.

മുഖനിൎവ്വഹണോപേതം
പഞ്ചപാത്രകസംയുതം.
൩൧൯. ഭാരതീകൈശികീയുക്തം
സൂത്രധാരകവൎജ്ജിതം
ഖ്യാതനായികയും മൂൎഖൻ
നായകൻ താനുമൊത്തതായ്.
൩൨൦. ഒരങ്കമാത്രമുൾക്കൊള്ളു-
മതാം രാസകനാമകം

രാസകത്തിൽ മുഖനിൎവ്വഹണസന്ധികൾ ആകാം. അഞ്ചു പാത്രങ്ങൾ ഉണ്ടായിരിക്കണം. ഭാരതീകൈശികീവൃത്തികൾ വേണം. സൂത്രധാരൻ അരുത്. നായിക പ്രഖ്യാതയും നായകൻ മൂഢനും ആയിരിക്കണം. ഒരു അങ്കമേ ആകാവൂ.

അങ്കം മൂന്നോ താൻ നാലോ
സല്ലാപകമതിങ്കലാം

൧൫൫. പാഷണ്ഡകനതാകേണം
നായകൻ കരുണാഖ്യവും
ശൃംഗാരവുമൊഴിച്ചുള്ള-
രസമൊക്കെയുമായിടാം.

൧൫൬. പുരത്തിൻ രോധനം യുദ്ധം
മുതലായവ ചേരണം
ഭാരതീവൃത്തിയും പാടി-
ല്ലിതിൽ കൈശികിയുംതഥാ.

സല്ലാപകത്തിൽ രണ്ടോ മൂന്നോ അങ്കങ്ങൾ ആകാം. നായകൻ പാഷണ്ഡനായിരിക്കണം. കരുണശൃംഗാരങ്ങൾ ഒഴിച്ചുള്ള രസങ്ങൾ ചേരും. പുരരോധനം യുദ്ധം മുതലായവ വേണം. ഭാരതീവൃത്തിയും കൈശികിയും പാടില്ല.

൧൫൭. ഏകാങ്കം ശ്രീഗദിത-
മുദാത്തനിതിൽ നായകൻ
വൃത്തം പ്രഖ്യാതമാകേണം
ഖ്യാതനായികയുംതഥാ.

൧൫൮. ഗർഭം വിമർശം പാടി-
ല്ലിതിൽ ഭാരതിയുക്തമാം.

ശ്രീഗദിതത്തിൽ ഒരു അങ്കമേ ആകാവൂ. നായകൻ ഉദാത്തനായിരിക്കണം. വസ്തു പ്രഖ്യാതമാകണം. നായിക

ഖ്യാതയായിരിക്കണം. ഗർഭവിമർശങ്ങൾ പാടില്ല. ഇതിൽ ഭാരതീവൃത്തി ആകാം.

ശില്പകത്തിൽ ദ്വിജൻ നേതാ-
വുപനേതാവു ഹീനനാം.

൩൫൫. ഹാസ്യശാന്തങ്ങൾ ചേരില്ല
വൃത്തി സർവ്വവുമായിടാം
വർണ്ണനീയം ശ്മശാനാദി-
യിതിലങ്കങ്ങൾ നാലുതാൻ.

൩൫൬. ആശംസ തർക്കം സന്ദേഹം
താപമുദ്വേഗനാമകം
പ്രസക്തിയും പ്രയത്നാഖ്യ-
മുൽകണ്ഠാഗ്രഥനാഹ്വയം.

൩൫൭. അവഹിത്ഥാ പ്രതിപത്തി-
വിലാസം ലാസ്യമശ്രുവും
പ്രഹർഷാശ്വാസമൂഢതാ-
സാധനാനുഗമങ്ങളും

൩൫൮. ഉച്ഛ്വാസം വിസ്മയം പ്രാപ്തി
ലാഭം വിസ്മൃതിനാമകം
വിശാരദത സംഫേടം
ബോധനാഖ്യം ചമൽകൃതി.

൩൫൯. എന്നേവമിത പത്തെട്ടു
ശില്പകാംഗങ്ങൾ കീർത്തിതം

ശില്പകത്തിൽ ദ്വിജൻ നായകനും നീചൻ ഉപനായകനും ആയിരിക്കണം. ഹാസ്യവും ശാന്തവും പാടില്ല. വൃത്തികൾ എല്ലാമാകാം. ശ്മശാനാദികളെ വർണ്ണിക്കണം. അങ്കം നാലുവേണം. ആശംസ തർക്കം സന്ദേഹം താപം ഉദ്വേഗം പ്രസക്തി പ്രയത്നം ഉൽകണ്ഠ ഗ്രഥനം അവഹിത്ഥം പ്ര

തിപത്തി വിലാസം ആലസ്യം അശ്രു (ബാഷ്പം) പ്രഹർഷം ആശ്വാസം മൂഢത സാധനാനുഗമം ഉച്ഛ്വാസം വിസ്മയം പ്രാപ്തി ലാഭം വിസ്മൃതി വിശാരദത (വൈശാരദ്യം) സംഫേടം ബോധനം (പ്രബോധനം) ചമൽകൃതി എന്ന ശില്പകത്തിന് ഇരുപത്തിയേഴ് അംഗങ്ങൾ ഉണ്ട്.

വിലാസികയ്ക്കേകാങ്കം
ശൃംഗാരമിതിലേറിടും.

൩൨. വിദൂഷകൻ വിടൻ പീഠ-
മർദ്ദനെന്നിവർ ചേരണം
ഗർഭം വിമർശവും ചേരാ;
വേണം നായകർ നീചരായ്.

൩൩. ലാസ്യാംഗങ്ങളിതിൽ പത്തു-
മാർക്കും യോജിപ്പിടും വിധം

വിലാസികയിൽ ഒരങ്കമേ ആകാവൂ. പ്രധാനരസം ശൃംഗാരം. വിദൂഷകനും വിടനും പീഠമർദ്ദകനും ഉണ്ടായിരിക്കണം. ഗർഭവിമർശങ്ങൾ പാടില്ല. നായകന്മാർ നീചന്മാരായിരിക്കണം. യുക്തംപോലെ പത്തു ലാസ്യാംഗങ്ങളും ചേർക്കാം.

ദുർമ്മല്ലികയിലങ്കങ്ങൾ
നാലു കൈശികീവൃത്തിയും

൩൪. ഇതു കാരം ലരം തിയ്യും ഗർഭം
ചേരാ; നേതാവു നീചനാം
വിടൻ വിദൂഷകൻ പീഠ-
മർദ്ദനം വൃഷലാശികം.

൩൫. ഇവർക്കു ചേർന്നിടും ചേഷ്ടാ-
വിലാസങ്ങൾ യഥാക്രമം
ഒരോരോന്നിലുംഭവിക്കണ-
മിതിലുള്ളങ്കങ്ങളിൽ.

ദുർമ്മല്ലികയിൽ നാലങ്കങ്ങൾ ഉണ്ടായിരിക്കണം. വൃത്തികളിൽ കൈശികിയും ഭാരതിയും ആകാം. ഗർഭസന്ധി പാടില്ല. നായകൻ നീചനായിരിക്കണം. വിടൻ വിദൂഷകൻ പീഠമർദ്ദൻ പൌരന്മാർ എന്നിവരുടെ ചേഷ്ടകളും വിലാസങ്ങളും യഥാക്രമം ഒന്നു, രണ്ടു, മൂന്നു, നാലു, എന്നീ അങ്കങ്ങളിൽ ഉണ്ടായിരിക്കണം.

൫൭൪. പ്രായേണ നാടികാതുല്യ-
മാകും പ്രകരണീമതം
നായകൻ സാർത്ഥവാഹൻ തൽ-
കുലസംഭവ നായിക;

പ്രകരണി മിക്കവാറും നാടികപോലെയാണ്. ഇതിൽ നായകൻ സാർത്ഥവാഹനും നായിക തജ്ജാതിയിങ്കൽ ജനിച്ചവളും ആയിരിക്കണം.

൫൭൫. ഏകാങ്കമാകും ഹല്ലീശം
മുഖനിർവ്വഹണാന്വിതം
ഏഴല്ലെന്നാലിതിന്നെട്ടോ
പത്തോ സ്ത്രീകൾ ഭവിക്കണം.

ഹല്ലീശത്തിൽ ഒരു അങ്കമേ ആകാവൂ. മുഖനിർവ്വഹണസന്ധികൾ വേണം. ഏഴോ എട്ടോ പത്തോ സ്ത്രീകൾ ഉണ്ടായിരിക്കണം. കൈശികീവൃത്തി പ്രധാനം.

൫൭൬. ഭാണികയ്ക്കേകമങ്കംതാൻ
കൈശികീഭാരതീയുതം
മുഖനിർവ്വഹണോപേത-
മുദാത്തയിതിൽ നായിക.

൫൭൭. ഏഴംഗങ്ങളിതിന്നുണ്ടാ-
മുപന്യാസവിധാനവും
വിന്യാസം വിബോധങ്ങൾ
സാധ്വസാദ്യം സമർപ്പണം.

൩൨൭ നിവൃത്തിനാമ സംഹാര-
മിത്യംഗങ്ങൾ കല്പിതം

ഭാണികയ്ക്കു ഒരു അങ്കമേ ആകാവൂ. കൈശികീഭാരതിവൃത്തികൾ വേണം. മുഖനിർവ്വഹണസന്ധികൾ ഉണ്ടായിരിക്കണം. നായിക ഉദാത്തയാകണം. ഉപന്യാസം വിന്യാസം വിബോധം സാധ്വസം സമർപ്പണം നിവൃത്തി സംഹാരം എന്നു ഭാണികയ്ക്കു് ഏഴു് അംശങ്ങൾ ഉണ്ടു്. പ്രസംഗത്തോടുകൂടി കാര്യത്തെ പുകഴ്ത്തുന്നതു് ഉപന്യാസവും, നിർവ്വേദവാക്യത്തെ വിസ്തരിക്കുന്നതു വിന്യാസവും, ഭ്രാന്തിനാശം വിബോധവും, വ്യാജംപറയുന്നതു സാധ്വസവും, ആകുന്നു.

ജനാമന്ത്രണായുള്ള
ലോകർതൻ പ്രതിസംജ്ഞയെ

൩൨൮ നിർദ്ദേശമെന്നു ചൊല്ലുന്നു
നാട്യശാസ്ത്രവിശാരദർ

പേർവിളിക്കുന്നതിനു പാടില്ലാത്ത ജനങ്ങളെ വിളിക്കുവാൻ ഉപയോഗിക്കുന്ന പ്രതിസംജ്ഞയെ നിർദ്ദേശം എന്നു പറയുന്നു.

പൂജ്യതുല്യകനിഷ്ഠാദ്യ-
സംബന്ധാലിതു മൂവ്വിധം.

നിർദ്ദേശം മൂന്നുവിധം ഉണ്ടു്. പൂജ്യന്മാരേയും തുല്യന്മാരേയും കനിഷ്ഠന്മാരേയും സംബന്ധിച്ചു് ഈ ഭേദങ്ങൾ ഉണ്ടാകുന്നു.

ദേവന്മാർ മുനിമാർ മുതലായവർ പൂജ്യന്മാരാകുന്നു. ഇവരെ ഭഗവൻ എന്നും, വൃദ്ധനെ താത എന്നും, ബ്രാഹ്മണനെ ആര്യ്യ എന്നും, മുനിമാർ രാജാവിനെ മഹാരാജാവേ എന്നും, വിദ്വാനെ ഭാവ എന്നും, വിളിക്കണം. ഭൃത്യന്മാർ രാജാവിനെ ദേവ എന്നും സാർവ്വഭൌമനെ പരിജനങ്ങൾ ഭട്ട എന്നും, വൃ

ഋഷികൾ രാജാവേ എന്നും, വിദൂഷകൻ ഇഷ്ടാ എന്നും, വിളിക്കേണ്ടതാണ്. ബ്രാഹ്മണർ സചിവനെ അമാത്യ എന്നും, മറ്റുള്ളവർ ആര്യ എന്നും രഥിയെ സാരഥി ആയുഷ്മൻ എന്നും, വിളിക്കേണ്ടതാകുന്നു. സ്വാമി എന്നു യുവരാജാവിനേയും, ഭർത്തൃദാരക എന്നു കുമാരനേയും, ആവുത്ത എന്നു സ്വസാവിന്റെ ഭർത്താവിനേയും, വിളിക്കണം. പരിചാരകന്മാർ രാജ്ഞിയെ ഭട്ടിനിയെന്നും, സ്വാമിനി എന്നും ദേവി എന്നും ഭട്ടാരിക എന്നും, രാജാവു മഹിഷിയെ ദേവി എന്നും ഭാര്യയെ പ്രിയേ എന്നും, എല്ലാവരും പത്നിയെ ആര്യേ എന്നും വിളിക്കണം. സകലരും പിതാവിനെ താതപാദനെന്നും, മാതാവിനെ അംബ എന്നും ജ്യേഷ്ഠാദികളെ ആര്യ എന്നും, സമന്മാരെ വയസ്യ എന്നും, തോഴാ എന്നും, സഖി തോഴിയെ സഖി എന്നും, വിളിക്കേണ്ടതാകുന്നു. ഗുരുജനങ്ങൾ പുത്രന്മാരേയും ശിഷ്യന്മാരേയും വത്സ എന്നും പുത്രക എന്നും ജാത എന്നും താത എന്നും വിളിക്കണം.

൩൩. നാമങ്ങൾ രസവസ്തുക്കൾ‌ക്കുപയോഗങ്ങളാകണം.

കഥാപാത്രങ്ങളുടെ പേരുകൾ രസത്തിനും വസ്തുവിനും യോജിക്കുന്നവിധമുള്ളവയായിരിക്കണം. രാജാക്കന്മാരുടെ പേരുകൾ, പ്രതാപം മാനം വിജയം വിക്രമം വീര്യം മുതലായവയെ ദ്യോതിപ്പിക്കുന്നവയാകണം. ഉഗ്രവർമ്മ ചണ്ഡസേനൻ മുതലായ പേരുകൾ ഉദ്ധതന്മാരായ രാജാക്കന്മാർക്കും കാമപാലചന്ദ്രപാലാദിനാമങ്ങൾ ലളിതന്മാർക്കും, യുക്തം. കഞ്ചുകിക്കു വിനയന്ധരൻ ജയൻ ഇത്യാദി പേരുകൾ ചേരുന്നവയാണ്. ചേടികൾക്കു ലതാപുഷ്പാദിനാമങ്ങൾ യോജിക്കുന്നു. നായികമാർക്കു കർപ്പൂരമഞ്ജരി പ്രഭാവതി ചന്ദ്രലേഖ ഇത്യാദി പേരുകൾ കൊള്ളാം. വേശ്യകൾക്ക് അനംഗതരംഗിണി കന്ദർപ്പവിലാസിനി വസന്തസേന മുതലായ പേ

ങ്ങൾ യോജിക്കും. രാക്ഷസന്മാൎക്കു തീക്ഷ്ണദംഷ്ട്രൻ മായാമയൻ ഇത്യാദി നാമങ്ങൾ യുക്തങ്ങളായിരിക്കും.

ശ്ലോകം ഗീതങ്ങളും ചേൎന്നു
വാചികാഭിനയം വിനാ.

൧൧൮. ആടുവാൻ യുക്തമായുള്ള
കൃതിയാട്ടക്കഥാഭിധം
കേരളീയകവിത്വത്തി-
ലിഷ്ടമെന്നൊരു രൂപകം.

൧൧൯. കഥാംശഗതിയെപ്പറ്റി-
ക്കഥിക്കേണ്ടുന്നിടങ്ങളിൽ
ശ്ലോകം ചൂൎണ്ണികയും ചേൎക്കാം
യുക്തംപോൽ ദണ്ഡകങ്ങളും.

൧൨൦. അന്യത്രയുക്തം ഗീതം മേ-
ലിതിൽ നാന്ദ്യാദിയൊന്നുമേ
ശയനാശനയുദ്ധാദി-
വൎജ്ജിപ്പീടേണ്ടതില്ലിതിൽ.

ശ്ലോകങ്ങളും പാട്ടുകളും കലൎന്നും വാചികമായ അഭിനയം കൂടാതെയും ആടുവാൻ യുക്തമായുള്ള രൂപകമാണു് ആട്ടക്കഥ. കേരളീയൎക്കു അത്യന്തം ഇഷ്ടമുള്ള രൂപകമാണിതു്; ആട്ടക്കഥയിൽ കഥാംശത്തിന്റെ ഗതിയെ ശ്ലോകം കൊണ്ടോ ചൂൎണ്ണികകൊണ്ടോ ദണ്ഡകംകൊണ്ടോ കഥിക്കണം. പാത്രങ്ങളുടെ സംഭാഷണത്തിനു ഗീതമുപയോഗിക്കണം. നാടകാദിയിലെന്നപോലെ നാന്ദി പ്രസ്താവന മുതലായവയൊന്നും കഥകളിയിൽ പാടില്ല. കഥകളിയിൽ ശയനം ഭക്ഷണം യുദ്ധം മുതലായവയെ വൎജ്ജിക്കേണ്ടതില്ല.

മലയാളഭാഷയിൽ ആദ്യം സംസ്കൃതരീതിയിൽ രൂപകങ്ങൾ ഉണ്ടായിരുന്നില്ല. കേരളീയൎക്കു മുൻകാലംമുതലേ ഇഷ്ട

പ്പെട്ടുവന്നിരുന്ന രൂപകം, കഥകളിയാകുന്നു. കഥകളി മലയാളസാഹിത്യത്തിൽ ഏററവും ഉന്നതമായ ഒരു സ്ഥാനത്തെ അർഹിക്കുന്നുണ്ട്. കേരളീയക്കു സംഗീതം സാഹിത്യം എന്നീ രണ്ടു കലകളിലുമുള്ള അസാധാരണസാമൎത്ഥ്യത്തെ പ്രകടിപ്പിക്കുന്ന ഏകസാഹിത്യസമ്പത്തു കഥകളിയാകുന്നു. കഥകളിക്കു സംസ്കൃതരൂപകങ്ങളെ അപേക്ഷിച്ചു പല പ്രധാന വ്യത്യാസങ്ങളുമുണ്ട്. ഒന്നാമതായി പാത്രികാഭിനയം പാടില്ലെന്നുള്ളതാണ് വ്യത്യാസം. നാന്ദി പ്രസ്താവന മുതലായ നാടകത്തിലെ ചടങ്ങുകളൊന്നും കഥകളിക്കാവശ്യമില്ല. കഥകളി നാട്യപ്രബന്ധമാണെങ്കിലും അതിനു ഭരതമുനിയുടെ നാട്യശാസ്ത്രവുമായി പറയത്തക്ക ബന്ധമില്ലെന്നു പറയാം. കഥകളിയിൽ പ്രധാനം ആംഗികമായ അഭിനയമാണ്. കഥ മുഴുവൻ ആംഗികമായിത്തന്നെയഭിനയിക്കണം. കേരളീയരുടെ ആംഗികകല എത്രമാത്രം പരിഷ്കൃതവും വിശുദ്ധവും അഭിവൃദ്ധവും ആയിരുന്നു എന്നു കഥകളികൊണ്ടു ഗ്രഹിക്കാം. മററൊരു സമുദായക്കാരുടെയിടയിലും ആംഗികകലക്കിത്രമാത്രം അഭിവൃദ്ധിയുണ്ടായിരിക്കയില്ലെന്നുള്ളതു കേരളീയക്ക് അഭിമാനജനകമാണ്. ശാരീരാഭ്യാസത്തിൽ കേരളീയക്കുള്ള വൈഭവവും കഥകളിയിൽനിന്നു വ്യക്തമാകുന്ന മറെറാരു ഗുണമാണ്. നാടകങ്ങളിൽ വൎജ്ജനീയങ്ങളായിരിക്കുന്ന ഭക്ഷണാദികൾ കഥകളിയിൽ ആകാം. ബകവധത്തിൽ ഭക്ഷണവും കീചകവധത്തിൽ ശയനവും എല്ലാ കഥകളികളിലുംതന്നെ യുദ്ധവും അഭിനയിക്കപ്പെട്ടുവരുന്നു. നായികാനായകന്മാരുടെ സംശ്ലേഷണചുംബനാദിരതക്രിയകൾ നാടകാദിയിൽ വൎജ്ജിക്കേണ്ടവയാണ്. എന്നാൽ എല്ലാ കഥകളികളിലും നിർബ്ബന്ധപൂർവ്വം ഇവ അഭിനയിക്കുന്നു. ശൃംഗാരപദം കഥകളിയിൽ ഒഴിച്ചുവയ്ക്കുവാൻപാടില്ലാത്ത ഒന്നാണ്. രംഗത്തിൽ അഭിനയിക്കാൻ പാടില്ലാത്തവിധം ചുരുക്കം ചിലതിൽ ശൃംഗാരം അധികം നീചമായിക്കാണുന്നുണ്ട്. ക

ഥകളി പണ്ഡിതന്മാരെ മാത്രം രസിപ്പിക്കുന്ന ഒരു പ്രൗഢ കലയാണ്. അടുത്തുകഴിഞ്ഞ കാലത്തു നമ്മുടെയിടയിൽ കവികൾക്കു നാടകഭ്രമം കലശലായി ഉണ്ടായിരുന്നുവെല്ലോ. ഇതുപോലെ മുമ്പ് ഒരു കാലത്തു കഥകളിയിൽ കവികൾക്ക് അത്യാസക്തി ഉണ്ടായിരുന്നു. നമ്മുടെ കഥകളികളിൽ അധികം ഭാഗവും ആ കാലത്തുണ്ടായവയാണ്. കോട്ടയത്തു തമ്പുരാൻ ഉണ്ണായിവാരിയർ രവിവൎമ്മൻതമ്പി കവീന്ദ്രൻ കോയിത്തമ്പുരാൻ മുതലായ മഹാകവികളുടെ ആട്ടക്കഥകൾ ഈ വൎഗ്ഗത്തിലെ ഉൽകൃഷ്ടകൃതികളായി ഗണിക്കപ്പെടാം.

൩൩൧ കഥയാം സരസം വസ്തു-
ഗദ്യത്തിങ്കൽ വിരചിതം

ഗദ്യത്തിൽ നിബന്ധിക്കുന്ന സരസമായവസ്തു കഥയാകുന്നു. ഉദാഹരണം പുരുഷോത്തമൻ (വി. ചിദംബരൻപിള്ള).

ലഘുവെന്നും ബൃഹത്തെന്നും
ദ്വിവിധം കഥയൊക്കയും

ലഘുകഥ ബൃഹൽകഥ എന്നു ഇതു രണ്ടുവിധം ഉണ്ടു.

൩൩൨ അല്പപാത്രങ്ങളെക്കൊണ്ടി-
ട്ടദ്ധ്യായാദികളെന്നിയേ
അധികം വൈശദ്യമില്ലാതെ-
നിൎമ്മിതം ലഘുവാം കഥ

ലഘുകഥയിൽ അധികം പാത്രങ്ങൾ പാടില്ല. അദ്ധ്യായം മുതലായ വിഭാഗങ്ങൾ അരുതു. കഥ അശിഥിലമായിരിക്കണം. ലഘുകഥയെ ചെറുകഥ എന്നും പറയും. ഈ അടുത്തകാലത്ത് ഭാഷയിൽ ചെറുകഥകൾ അധികം ഉണ്ടായിവരുന്നുണ്ടു. അചിരേണ നമ്മുടെ സാഹിത്യത്തിൽ ലഘുകഥകൾക്കു ഒരു നല്ല സ്ഥാനം ലഭിക്കുന്നതാണ്. മാസികകളിൽ എല്ലാം ചെറുകഥകൾ കഴിക്കുവാൻ പാടില്ലാത്ത ഒരു വിഷ

യമായിട്ടുണ്ടു. ഉദാഹരണം കഥാരാമം (ജനാർദ്ദനമേനോൻ) 'ഇനി ഞാനൊന്നിങ്ങിനെ എഴുതും' മുതലായവ;

സമ്പന്നബദ്ധപാത്രങ്ങളുൾക്കൊണ്ടും–
ലോകതത്വമടങ്ങിയും
അദ്ധ്യായം പലതും ചേർന്നാൽ–
ബൃഹത്താം കഥയാമതു

ബൃഹൽകഥയിൽ പലപാത്രങ്ങൾ ഉണ്ടായിരിക്കണം, പലവിധമുള്ള ലോകതത്വങ്ങളുമടക്കേണ്ടതാകുന്നു. അദ്ധ്യായങ്ങൾ അനേകം ആകാം. ഇംഗ്ലീഷുരീതിയിൽ നമ്മുടെയിടയിലുണ്ടായിട്ടുള്ള നോവലുകളെ എല്ലാം ഈ ഇനത്തിലുൾപ്പെടുത്താം. പാശ്ചാത്യഭാഷയിൽനിന്നു തർജ്ജമ ചെയ്തിട്ടുള്ള പലഗദ്യഗ്രന്ഥങ്ങളും ഈ ഇനത്തിലുള്ളവയാണ്. ഉദാഹരണം കുഞ്ഞുകാന്തന്റെ മരണപത്രം (ടി. സി. കല്യാണി അമ്മ) ഇന്ദുലേഖ (ചന്തുമേനോൻ.)

കഥാവസ്തുവിനു സമുദായം സന്മാർഗ്ഗം മതം രാഷ്ട്രം അനുരാഗം മുതലായവയോടുള്ള സവിശേഷമായ ബന്ധം നിമിത്തം ബൃഹൽകഥകൾക്കു പലവിഭാഗങ്ങൾ ഉണ്ടു. സമുദായത്തിലുള്ള നടപടികളെ ആസ്പദമാക്കി ചമക്കുന്നതു സാമുദായികം. ഉദാഹരണം സ്നേഹലത (കുഞ്ഞൻ നായർ). ഇതിവൃത്തത്തിൽ വിവിധങ്ങളായ സന്മാർഗ്ഗങ്ങളെ ഉപദേശിക്കുന്നതു സാന്മാർഗ്ഗികം. ഉദാഹരണം സൌദാമിനി (രാമക്കുറുപ്പ്). മതത്തിലുള്ള തത്വങ്ങളെക്കുറിച്ചു വിചാരിക്കുന്നതു മതസംബന്ധമായ ബൃഹൽകഥ. ഉദാഹരണം അക്ബർ (കേരളവർമ്മ വലിയ കോയിത്തമ്പുരാൻ). രാജ്യഭരണസംബന്ധങ്ങളായ വിഷയങ്ങളെ പ്രതിപാദിക്കുന്നതു രാഷ്ട്രീയം. അനുരാഗത്തെ പ്രധാന്യേന സ്വീകരിച്ചു നിർമ്മിക്കുന്നവ അനുരാഗസംബന്ധങ്ങളാണ്. സംസ്കൃതത്തിൽ പറയുന്ന ആഖ്യായികയെ ഭാഷയിൽ ബൃഹൽകഥയിൽ ഉൾപ്പെടുത്തുന്നതു യു

കതമാണ്. സംസ്കൃതത്തിലും ഭാഷയിലും ആഖ്യായികകൾക്കു വളരെ വ്യത്യാസമുണ്ടു. ആഖ്യാനം കഥയിൽ ഉൾപ്പെടുന്നു. ഇതു സംസ്കൃതത്തിലെ ചെറുകഥാസ്ഥാനത്തുള്ളതാണ്.

൩൩) ഗദ്യപദ്യാത്മകം രാജ-
സ്തുതിയാം ബിരുദാഹ്വയം

ഗദ്യത്തോടും പദ്യത്തോടും കൂടിയ രാജസ്തുതിക്കു ബിരുദമെന്നു പേർ പറയുന്നു. ഉദാഹരണം ബിരുദമണിമാല.

ഗദ്യമുൽക്കലികാപ്രായം
മുക്തകം വൃത്തഗന്ധിയും
൩൪ ചൂർണ്ണകാഖ്യമെന്നേവം
നാലുമാതിരിയീരിതം

ഗദ്യം നാലുവിധമുണ്ടു. ഉൽക്കലികാപ്രായം; മുക്തകം; വൃത്തഗന്ധി; ചൂർണ്ണകം.

ആദ്യം ദീർഘസമാസാഢ്യം
അസമാസമതന്ത്യവും
൩൫ തൃതീയം വൃത്തഭാഗാത്തം
സമാസാല്പം ചതുർത്ഥവും
കവിതൻ നികഷം ഗദ്യ-
മെന്നു ചൊല്ലുന്നു സൂരികൾ

ദീർഘസമാസങ്ങളുള്ളതു ഉൽക്കലികാപ്രായവും സമാസമില്ലാത്തതു മുക്തകവും വൃത്തഭാഗത്തോടുകൂടിയതു വൃത്തഗന്ധിയും സമാസം കുറയുന്നതു ചൂർണ്ണകവും ആകുന്നു. ഗദ്യം കവികളുടെ നികഷമെന്നു പറയപ്പെടുന്നു.

'സമരകണ്ടകനി[illegible] കണ്ഠപീഡിതകോദണ്ഡ[illegible]
[illegible]'

ഇവിടെ കണ്ഠപീഡിതകോദണ്ഡ എന്നതു അനുഷ്ടുപ്പിന്റെ പാദമാകയാൽ ഇതു വൃത്തഗന്ധിക്കു ഉദാഹരണം. മറ്റുള്ളവയ്ക്കു ഉദാഹരണം സ്പഷ്ടം.

കാവ്യസ്വരൂപനിരൂപണം സമാപ്തി.

പ്രകരണം മൂന്ന്.

രസസ്വരൂപനിരൂപണം.

൧ രസം വിഭാവാനുഭാവ-
സാത്വികാഢായകങ്ങളും
വ്യഭിചാരികളും ചേൎന്നാ-
സ്വാദ്യമാം സ്ഥായിയെന്നതാം.

വിഭാവങ്ങളും അനുഭാവങ്ങളും സാത്വികങ്ങളും വ്യഭിചാരികളും ചേൎന്ന ആസ്വാദ്യാവസ്ഥയെ പ്രാപിക്കുന്ന സ്ഥായിയാകുന്നു രസം.

൨ രത്യാദികൾ വിശേഷേണ
ഭവിപ്പതു വിഭാവമാം
വിഭാവമാലംബനവു-
മുദ്ദീപനവുമിങ്ങനെ

൩ രണ്ടുമട്ടുണ്ടു, രത്യാദി-
യാലംബിക്കുവതാദ്യകം
ആലംബനവിഭാവം താൻ
നായകൻ നായികാദ്യരും

൪ തത്സമാലംബനം മൂലം
രത്യാദികളുദിച്ചിടും

രത്യാദികളായ സ്ഥായിഭാവങ്ങൾ വിശേഷേണ ഉണ്ടാകുന്നതാകുന്നു വിഭാവം. ഇതു ആലംബനം ഉദ്ദീപനം എന്നു രണ്ടുവിധമുണ്ടു്. രത്യാദിസ്ഥായിഭാവങ്ങൾക്കു ആശ്രയമായിരിക്കുന്നതു ആലംബനവിഭാവം. നായകനും നായികയും ആലംബനവിഭാവമാകുന്നു.

ധർമ്മശീലം മഹാഭാഗ്യ-
മൌദാര്യം വാക്പടുത്വവും

൫ കൃതജ്ഞത നയജ്ഞത്വം
വിനീതത്വം ശുചിമാനവും
ഉത്സാഹം യൌവനം ത്യാഗം
ദാക്ഷിണ്യം ശ്രീ കുലീനത

൬ ധൈര്യം തേജസ്സിത്യാദി
നായകന്റെ ഗുണങ്ങളാം

ധർമ്മശീലം മുതലായവ നായകന്റെ ഗുണങ്ങളാകുന്നു. നായകനു സാമാന്യേന ഈ ഗുണങ്ങളൊക്കെയുണ്ടായിരിക്കണം.

ഇവയെല്ലാം തികഞ്ഞുള്ളോ-
നുത്തമൻ കുറയുള്ളവൻ

൭ മദ്ധ്യമൻ ഹീനനായുള്ളോ-
നധമൻ നായകൻ മതം.

നായകൻ ഉത്തമൻ മദ്ധ്യമൻ അധമൻ എന്നു മൂന്നു വിധമുണ്ട്. മുമ്പു പറഞ്ഞ ഗുണങ്ങൾ എല്ലാമുള്ളവൻ ഉത്തമൻ; കുറെയുള്ളവൻ മദ്ധ്യമൻ; ഒട്ടുമില്ലാത്തവൻ അധമൻ.

ധീരോദാത്തൻ തഥാ ധീര-
ലളിതൻ ധീരശാന്തനും

൮ ധീരോദ്ധതനുമെന്നേവം
നായകൻ നാലുമാതിരി

മുമ്പു പറഞ്ഞതുകൂടാതെ ധീരോദാത്തൻ ധീരലളിതൻ ധീരശാന്തൻ ധീരോദ്ധതൻ എന്നു നാലുവിധം നായകന്മാർ ഉണ്ട്.

ധീരതൌദാര്യഗാംഭീര്യം
വിനയം സത്യവൃത്തിയും

൯ ദൃഢവ്രതം നിജശ്ലാഘാ-
വിമുഖത്വം നയം ക്ഷമ
ഏവംഗുണങ്ങളോടുചേർന്നോൻ
ധീരോദാത്താഖ്യനായകൻ

ധീരതാദിഗുണങ്ങളോടു ചേർന്നവൻ ധീരോദാത്തനായകൻ. ഉദാഹരണം യുധിഷ്ഠിരൻ ശ്രീരാമൻ.

൧൦ തരുണീവശനായന്യ-
ചിന്തയില്ലാതെ സർവ്വദാ
ഗീതാദിയിൽ പ്രിയൻ ധീര-
ലളിതാഖ്യനായകൻ.

സ്ത്രീവശംവദനായി അന്യചിന്തയൊന്നുമില്ലാതെ എല്ലായ്പ്പോഴും ഗീതാദിലളിതകലകളിൽ ആസക്തനായിരിക്കുന്നവൻ ധീരലളിതനായകൻ. ഉദാഹരണം ഉദയനൻ.

൧൧ സമപ്രകൃതിയായ് ക്ലേശ-
സഹിഷ്ണുതയിയന്നവൻ
ലാളിത്യാദിഗുണംചേർന്നോൻ
വണിക്കോ ഭൂമിദേവനോ

൧൨ മന്ത്രിയോ ധീരശാന്തതാം
പെട്ടനായകനായ്ക്കണം

എല്ലാവരോടും സമപ്രകൃതിയായും ക്ലേശസഹിഷ്ണുവായും ലാളിത്യാദിഗുണസഹിതനായും ഉള്ള വണിക്കോ ബ്രാഹ്മണനോ മന്ത്രിയോ ആകുന്ന ധീരശാന്തനായകൻ. പുഷ്പഭൂഷിതത്തിലെ നായകൻ വണിക്കും മൃച്ഛകടികത്തിൽ ബ്രാഹ്മണനും മാലതീമാധവത്തിൽ അമാത്യനും ധീരശാന്തനായകന്മാരാകുന്നു.

മാത്സര്യമഹങ്കാരം
മായയും ചാപലത്വവും
ഛദ്മമാത്മപ്രശംസയും ചേർന്നോൻ
ക്രൂദ്ധൻ ധീരോദ്ധതാഭിധൻ

മാത്സര്യാദിയുക്തനായ നായകൻ ധീരോദ്ധതൻ. ഈ നാലു നായകന്മാർക്കും ധീരതയോടുകൂടിയ ഉദാത്തതയും (സർവ്വോൽകർഷസ്ഥിതി) ലാളിത്യവും (ലളിതമൃദുലസ്വഭാവം) ശാന്തിയും (ക്ഷമ) ഔദ്ധത്യവും (അഹങ്കാരം) യഥാക്രമം ലക്ഷണങ്ങളാകുന്നു. രാവണൻ ധീരോദ്ധതനായ നായകനാണ്.

ശൃംഗാരാപേക്ഷയാ മൂന്നു-
വിധമാം നായകന്മതം
ഭർത്താവുമുപപത്യാഖ്യൻ
വൈശികാഖ്യനിങ്ങനെ

ശൃംഗാരാപേക്ഷ മൂലമായിട്ടു ഭർത്താവ്, ഉപപതി, വൈശികൻ, എന്നു നായകർ മൂന്നുവിധമാകുന്നു. മുമ്പു പറഞ്ഞ ധീരോദാത്താദിനായകന്മാർ എല്ലാ രസങ്ങൾക്കും യോജിക്കുന്നവരാണ്.

വിധിപോലെ വിവാഹം ചെ-
യ്തവൻ ഭർത്താവു നായകൻ

വിധിപോലെ വിവാഹം ചെയ്തവനാകുന്നു ഭർത്താവ്.

അനുകൂലൻ ശഠൻ ധൃഷ്ടൻ
ദക്ഷിണാഖ്യനിങ്ങനെ
പതി, നാലുവിധം മുമ്പ-
നേകപത്നിവ്രതൻ

അനുകൂലൻ ശഠൻ ധൃഷ്ടൻ ദക്ഷിണൻ എന്നു ഭർത്താവു നാലുവിധം. ഒരു പത്നിയിൽത്തന്നെ ദൃഢവ്രതത്തോടുകൂടി

യിരിക്കുന്നവൻ അനുകൂലൻ. (ശ്രീരാമൻ) അനുകൂലനായകൻ, ധീരോദാത്താനുകൂലൻ ധീരലളിതാനുകൂലൻ ധീരശാന്താനുകൂലൻ ധീരോദ്ധതാനുകൂലൻ എന്നു നാലുഭേദങ്ങളുണ്ട്. ധീരോദാത്താദിനായകന്മാർക്കു പറഞ്ഞിട്ടുള്ള ലക്ഷണങ്ങളും അനുകൂലനായകന്റെ ലക്ഷണങ്ങളോടു ചേരുമ്പോഴും യഥാക്രമം ധീരോദാത്താനുകൂലാദിനായകന്മാർ ഉണ്ടാകുന്നു.

ഗൂഢമായപരാധത്തെ-
ച്ചെയ്തിടുന്നോൻ ശഠാഭിധൻ

നായികക്കു ഗൂഢമായി അപരാധം ചെയ്യുന്നവൻ ശഠൻ.

അന്യാങ്ഗനകടെ സംഭോഗാ-
ലുണ്ടാം ചിഹ്നങ്ങൾ മേനിയിൽ
ഏറെ തെളിവായ്ക്കണ്ടിടുന്നോൻ നി-
ർഭയൻ ധൃഷ്ടാഖ്യനായകൻ

അന്യസ്ത്രീസംഭോഗജനിതങ്ങളായ ചിഹ്നങ്ങളെ വ്യക്തമായി ശരീരത്തിൽ വഹിച്ചിരുന്നിട്ടും ഭയമില്ലാത്തവൻ ധൃഷ്ടൻ.

മാറിൽത്തിങ്ങിയ കുങ്കുമച്ചുതിമറച്ചീടാം പടശ്രേണിയാൽ കൈ-
ത്താരാലധരവ്രണക്ഷതങ്ങളെയടക്കീടാം തോരെന്നാകിലും
ഒരുപാടും മേനിയിൽനിന്നു ചുറ്റുമിതമായ് വ്യാപിക്കുമിച്ചന്ദനൻ-
റെസൗരഭ്യത്തെയകറ്റുവതിനും ചൊല്ലാനുപായങ്ങളില്ലായ്

(സ്വന്തം)

പരസ്ത്രീസംഭോഗജനിതമായ കുങ്കുമപ്പൂതി അധരക്ഷതം മുതലായവയെ വഹിക്കുന്നതിനാൽ ഇവിടെ നായകൻ ധൃഷ്ടൻ.

അനേകം ഭാര്യമാർക്കും ചെന്ത-
മെല്ലാവരിലുമൊന്നുപോൽ

ഏവപ്രിയംപൂണ്ടിരിക്കുന്നോൻ–
ദക്ഷിണാഹ്വയനായകൻ

അനേകം ഭാര്യമാരുള്ളവനും എല്ലാവരിലുമൊരുപോലെ സ്നേഹത്തോടുകൂടിയവനും ആണു ദക്ഷിണൻ.

കണ്ടിട്ടുകാന്തനതിന് പ്രിയകളിതരയാം പ്രീതിചേരില്ലമോദാൽ
കണ്ണിക്കാർക്കുന്നുമൊത്തു കൈതവമൊടുചിരികളെത്തുടിലീലാകലാപം;
കൊണ്ടിയ്ക്കിന്ന് കേട്ടു കേനായമാധവാ കണ്ണു മിഴിക്കുമിത്ഥം.
കൊണ്ടീഷ്ടകാമിനിമാരനുകരിതമനസ്സം പുണ്യവും ചെയ്തിട്ടു.

(അമരുകശതകം)

ലംഘിതാചാരയാംതനി–
യോടൊത്തുവിധിയെന്നിയേ
ഏൻമോദംപൂണ്ടുരമിക്കുന്നോ–
നുപപത്യാഖ്യചൊന്നവൻ

ആചാരലംഘനം ചെയ്ത സ്ത്രീയോടൊത്തു സന്തോഷത്തോടുകൂടി വിധിയില്ലാതെ ക്രീഡാസക്തനായി രമിക്കുന്നവൻ ഉപപതി. രാമായണത്തിൽ ദേവേന്ദ്രൻ ഉപപതിയാകുന്നു.

വൈരാഗ്യമൊട്ടില്ല മൽപ്രിയമതല്ലെന്നല്ല ഹൃത്ഭ്രമവും
സന്നാഹമുണ്ട് പരവശനായി സമക്രീഡയും സാമർത്ഥ്യവും
എന്നാലും പരനാരിയാൽക്കൃതമതാം സങ്കേതസമ്മതവും
അതിനൊട്ടും മതിയിൽ പ്രമോദമുളവാക്കുന്നില്ല തത്സംഗമം.

(സ്വന്തം)

ഇവിടെ നായകൻ പരസ്ത്രീസക്തനായിരിക്കുന്നതിനാൽ ഉപപതി.

രൂപംശീലംഭിയാശൗര്യ–
വിജ്ഞാനം മതിധൈര്യവും
വംപ്രിയവാക്കഭീനതം
മാനവും നല്ലവേഷവും
വേശ്യാപ്രണയിത്യാദി–
പെട്ടോൻ വൈശികാഹ്വയൻ

രൂപാദിഗുണയുക്തൻ വൈശികൻ.

വിദ്വാൻമാരുടെ വിളിക്കുന്നതുവിലപ്പിടിയാതാകിലും ഡീക്കാരിനി-
വള്ളും ശോഭിക്കുമിപ്പോഴതിയായി വൈളിച്ചിപ്പൊൾ തനിപ്രകാരം
എന്നിനാൽ അദ്ദേഹം മഹാരിയതായ് മിന്നിമങ്ങിയാളെ
തെളിഞ്ഞു ശ്രാപിച്ചതാതിന്റെ ലോകസൃഷ്ടവിശേഷോദയം മറ്റും മമ

(ഭാണമോഹം)

വേശ്യാസക്തനാകയാൽ ഇവിടെ നായകൻ വൈശികൻ.

൨൧ ശോഭാ വിലാസം മാധുര്യം
ധൈര്യം ഗാംഭീര്യമേവ ച
ഔദാര്യം ലളിതം തേജ-
സ്സിവ സത്വഗുണങ്ങളാം

ശോഭ, വിലാസം, മാധുര്യം, ധൈര്യം, ഗാംഭീര്യം, ഔദാര്യം, ലളിതം, തേജസ്സ് എന്നിവ എട്ടും സത്വഗുണങ്ങളാകുന്നു.

൨൨ ഉത്സാഹം ദക്ഷതാ ശൌര്യം
നീചനിൽ ദ്ദയയുമേവ ച
ഉയർന്നവനിലാസ്പർദ്ധ-
യതുമെല്ലാം ശോഭയാം.

ഉത്സാഹം, ദക്ഷത, ശൌര്യം തന്നേക്കാൾ താഴ്ന്നവനിൽ ദയ, ഉയർന്നവനിൽ അസൂയ എന്നിവ ഉണ്ടാകുന്നതു ശോഭ.

ബാടിച്ചൂടിത്തിരമിട്ടും പടയുടെ മുന്നിൽ പ്രത്യുഷാഗ്രമൊടേ-
ട്ടാടിയരാതെണ്ണാട്ടകോപിച്ചതനിമയിയങ്ങ വള്ളാക്ഷയോടും
കൊടിപ്പുള്ളിപ്പുവില്ലിൻ തലകളുടനുകാറുകളാൽ കൂട്ടരിങ്ങും
ക്രൂരനും നാലുപാടും മമദ്രോമിട്ടകേറി വീരബാലൻ.

(ഉത്തരരാമചരിതം)

ഇതു ശൌര്യത്തിനു ഉദാഹരണം.

[illegible]
[illegible]
[illegible]

(കല്യാണസൌഗന്ധികം തുള്ളൽ)

ഇതു നീചനിൽ ഉപയുക്തമാകുന്നു.

> ൨൩. ഗാംഭീര്യയുഗമനം —
> ധീരം പ്രേക്ഷണദർശനം
> സ്മിതപൂർവം സവാക്യം
> ചേരുന്നു വിലാസമാം.

ഗാംഭീര്യത്തോടുകൂടിയ പോക്കും ധീരമായ നോട്ടവും സസ്മിതമായ വാക്കും ഉള്ളതു വിലാസം.

[illegible]
[illegible]
[illegible]
[illegible]

(ഉ. രാ. ചരിതം)

> ൨൪. ചേഷ്ടാദ്യംഗങ്ങളിതൻ മസൃ-
> ണഭാവം മാധുര്യമായതാം

ചേഷ്ടാദ്യംഗങ്ങളിലുള്ള മാധുര്യം.

> [illegible]
> [illegible]
> [illegible]
> [illegible]

(രാ. മ. വിലാസം)

> വിഘ്നമേല്ക്കിലും കൃത്യം
> തുടരുന്നതു ധൈര്യമാം.

വിഘ്നം ഉണ്ടായാലും കൃത്യം തുടരുന്നതു ധൈര്യം.

[illegible]
[illegible]

൨൮ ആപത്സുഖൈകവൃത്തിതാ–
മത്ര ഗാംഭീര്യനാമകം

ആപത്തിലും സുഖത്തിലും ഏകരൂപമായിരിക്കുന്ന വൃത്തിയു ണ്ടാകുന്നതു ഗാംഭീര്യം.

രാഘവന്മാര്‍ വനപ്രയാണസന്ദര്‍ഭത്തിലും സന്തുഷ്ടരായിരു ന്നതുകൊണ്ടു ഇവിടെ ഗാംഭീര്യം.

ശത്രുമിത്രങ്ങളില്‍പ്പാരം
സമഭാവനയും തഥാ
വന്നപ്രിയമാം ഭാഷണവും ദാന–
മത്രൌദാര്യമാഹ്വയം

ശത്രുമിത്രങ്ങളില്‍ ഒരുപോലെയുള്ള ഭാവനയും ഇഷ്ടമാ യ വാക്കും, ദാനവും, ഔദാര്യമാകുന്നു.

ശൃംഗാരമയമാം ചേഷ്ട–
യത്രതാന്‍ ലളിതാഹ്വയം.

ശൃംഗാരപ്രചുരമായ ചേഷ്ടയാണ് ലളിതം.

൨൯ അന്യന്‍ ചെയ്തിട്ടുമാക്ഷേപ–
മപമാനവുമേല്ക്കയും

മരിച്ചിലും സഹിച്ചീടാ-
ത്തതാം തേജസ്വിതീരിതം

അന്യന്റെ ആക്ഷേപാപമാനങ്ങളെ മരിച്ചാലും സഹിക്കാതിരിക്കുന്നതു തേജസ്സ്.

ഞങ്ങൾക്കു പിറന്നവരെങ്കിൽ പ്രാണനെക്കാൾ മാനം വലുതു
വ്യാധവാചസ്സുകൾ കേട്ടനേരമ്പോൾ ക്രോധമിയന്നതു ചൊല്ലി കിരീടി
നില്ലെടാ! വാടാ! നിന്നുടെ പല്ലുകൾ തല്ലിയുതിർപ്പാൻ ഞാൻ മതിയാകും
ഇല്ലൊരു സംശയമെന്നു പറഞ്ഞു വില്ലുവലിച്ചു കലച്ചു കിരീടി

(കിരാതം - തുള്ളൽ)

൨൫ പ്രതിനായകനാം ധീരോ-
ദ്ധതൻ വ്യസനി പാപിയും

പ്രതിനായകൻ ധീരോദ്ധതനും വ്യസനമുള്ളവനും പാപത്തോടുകൂടിയവനുമാകുന്നു.

ശൃംഗാരനായകന്മാൎക്ക്
സഹായം ചെയ്തിടുന്നവർ
൨൬ പീഠമർദ്ദൻ വിടൻ ചേടൻ
വിദൂഷകനുമെന്നിവർ

പീഠമർദ്ദൻ, വിടൻ, ചേടൻ, വിദൂഷകൻ എന്നിവർ ശൃംഗാരനായകന്മാർക്കു സഹായം ചെയ്യുന്നവരാകുന്നു.

നായകന്റെ ഗുണൌഘത്തി-
ലല്പം കുറവു ചേർന്നവൻ
൨൭ ഭക്തികലർന്നോൻ ത-
ത്സഹായി പീഠമർദ്ദകൻ

നായകന്റെ ഗുണങ്ങളിലല്പം മാത്രം കുറവുള്ളവനും നായകനിൽ ഭക്തിയുള്ളവനും (നായകനെ) സഹായിക്കുന്നവനുമാകുന്നു പീഠമർദ്ദകൻ. മാലതീമാധവത്തിൽ മകരന്ദനും രാമായണത്തിൽ സുഗ്രീവനും പീഠമർദ്ദനായകന്മാരാണ്.

കലൈകദേശവിജ്ഞാനി
കാമതന്ത്രവിശാരദൻ

൧൬. വാചാലൻ സമ്മതൻ പാരം
ഗോഷ്ഠിയിങ്കൽ വിടാഹ്വയൻ

ഗീതാദികലകളിലെല്ലാം ഏകദേശജ്ഞാനമുള്ളവനും കാമതന്ത്രങ്ങളിൽ നിപുണനും അധികം പറയുന്നവനും ഗോഷ്ഠിയിൽ സമ്മതനും ആകുന്നു വിടൻ. വേശ്യയുടെ ഭവനത്തിലോ സഭയിലോ അന്യഗൃഹത്തിലോ, വിദ്യാവിത്തവയോബുദ്ധിശീലാദികൾകൊണ്ടു സമാനന്മാരായവരോടുകൂടി പരസ്ത്രീകളുടെ സമക്ഷം നർമ്മാലാപം ചെയ്തുകൊണ്ടുള്ള ഇരിപ്പാകുന്നു ഗോഷ്ഠി എന്നു വാത്സ്യായനമതം. ഉദാഹരണം മൃച്ഛകടികത്തിലെ വിടൻ.

സന്ധാനത്തിനു നൈപുണ്യം
കലർന്നോൻ ചേടനാമകൻ.

സ്ത്രീപുരുഷന്മാരെ തമ്മിൽ ചേർക്കുന്നതിനു സാമർത്ഥ്യമുള്ളവൻ ചേടകൻ.

൧൮. വികൃതം വേഷവും വാക്ക-
അംഗവും പൂണ്ടിടുന്നവൻ
ഹാസ്യപ്രധാനിയാഹാര-
പ്രിയമേറ്റം വഹിപ്പവൻ

൧൯. കലഹപ്രിയനത്യന്തം
സ്വാമിഭക്തൻ വിദൂഷകൻ

വേഷത്തിലും വാക്കിലും ശരീരത്തിലും വൈകൃത്യമുള്ളവനും ഹാസ്യപ്രധാനിയും ആഹാരപ്രിയനും കലഹത്തിലാസക്തനും സ്വാമിഭക്തനും ആണ് വിദൂഷകൻ. ഉദാഹരണം മാഢവ്യൻ- ശാകുന്തളം.

ഇവിടെ പറഞ്ഞ പീഠമർദ്ദികളെ കൂടാതെ മന്ത്രി പുരോഹിതൻ മാലാകാരൻ രജകൻ താംബൂലഗാന്ധികൻ മുതലായവരും നായകന്റെ സഹായികളാണ്. മന്ത്രിയും പുരോഹിതനും ശൃംഗാരനായകന്മാർക്ക സഹായികളാകുന്നില്ല. സഹായികളിൽ പീഠമർദ്ദൻ ഉത്തമനും വിടചേടകന്മാർ മദ്ധ്യമന്മാരുമാകുന്നു. വാമനൻ ഷണ്ഡൻ കിരാതൻ മ്ലേച്ഛൻ ആഭീരൻ കുബ്ജൻ മൂകൻ ശകാരൻ എന്നിവർ അന്തഃപുരത്തിലെ സഹായികളാകുന്നു. വാമനാദികൾ അപ്രധാനന്മാരാണ്.

ദേശകാലജ്ഞനാനന്ദ-
വാനായ്‌മൈത്രിപെട്ടവൻ
ചേട്. ജ്ഞാനസന്ധ്യകാര്യവും കൂടി-
ക്ലേശിക്കാതെ നടത്തുവോൻ
ഭാവങ്ങളെയറിഞ്ഞിടുവാനാസ-
ക്തിയുള്ളവൻ ദൂതനാമകൻ

ദേശകാലങ്ങളെ അറിയുന്നവനും ബലവാനും സ്നേഹമുള്ളവനും ഗൂഢവാക്യകാര്യങ്ങളെ കൂടി ക്ലേശമില്ലാതെ നടത്തുന്നവനും ഭാവങ്ങളെ വിശ്വാസമുള്ളവനുമാകുന്നു ദൂതൻ.

ചേദ്. നിസൃഷ്ടാർത്ഥമിതാർത്ഥന്മാർ-
സന്ദേശത്തെ വഹിപ്പവൻ
ത്രിവിധം ദൂതർ, ഇതിൽ പൂ-
കാര്യമെല്ലാം വഹിപ്പവൻ
ചേദു. നിസൃഷ്ടാർത്ഥൻ മിതംകാര്യം-
മാത്രം പറയുന്നോൻ മിതാർത്ഥനാം
സന്ദേശഹാരകൻ ചൊൽവ-
തന്യാന്യമറിയിപ്പവൻ

നിസൃഷ്ടാർത്ഥൻ മിതാർത്ഥൻ സന്ദേശഹാരകൻ എന്ന ദൂ

ത്തന്മാർ മൂന്നുവിധം. നായികാനായകന്മാരുടെ ആശയങ്ങളെ പറയാതെ ഊഹിച്ചു ചെയ്യുന്നവൻ നിസൃഷ്ടാർത്ഥൻ; കാര്യം മാത്രം ചെയ്യുന്നവൻ മിതാർത്ഥൻ; പറഞ്ഞതിനെ അവിടേയും ഇവിടേയും അറിയിക്കുന്നവൻ സന്ദേശഹാരകൻ; ഇതുപോലെ നിസൃഷ്ടാർത്ഥ മിതാർത്ഥ സന്ദേശഹാരിണി എന്നു ദൂതിയും മൂന്നുവിധമുണ്ട്.

൧൭) നായകന്നു പറഞ്ഞ ഗു-
ണങ്ങളെല്ലാം യഥോചിതം
സമ്മേളിക്കുന്ന നാരി-
നാരീരത്നം നായികാഖ്യയാം

നായകനു പറഞ്ഞിട്ടുള്ള ഗുണങ്ങളെല്ലാം യഥോചിതം ചേർന്നിരിക്കുന്ന സ്ത്രീക്കു നായിക എന്നു പറയുന്നു.

൧൮) വൃത്തിയറ്റാതികരാരിപ്പോരും-
സ്വകീയ പരകീയകൾ
സാമാന്യയെന്നുമവരാ-
ണ്ടുതങ്ങളിലൊരോരോവിധം

൧൯) പതിയെപ്പിരിയാതാണ്ടു-
സൽസ്വഭാവവിശിഷ്ടയാം
ഭർത്തൃമാത്രാധീനയാകു-
മവളാണ് സ്വകീയനായിക

സ്വകീയ പരകീയ സാമാന്യ എന്നു നായികമാർ മൂന്നുവിധം. സുഖദുഃഖങ്ങളിൽ ഒരുപോലെ ഭർത്താവിനെ അനുവർത്തിക്കുന്നവളും സൽസ്വഭാവയുക്തയും ഭർത്താവിനു മാത്രം അധീനയുമായവളുമാണ് സ്വകീയ. ഉദാഹരണം ദമയന്തി, സീത, സാവിത്രി

൨൦) സ്വകീയ മൂന്നുവിധമാം മുഗ്ദ്ധ-
മദ്ധ്യാ പ്രഗല്ഭയിങ്ങനെ

മുഗ്ദ്ധ മദ്ധ്യ പ്രൌഢ എന്നു സ്വീയനായിക മൂന്നുവിധം.

൧. യൌവനാരംഭമുണ്ടാകകൊണ്ടു_
വാമയാൾ രതിയിൽ പ്പരം
ലജ്ജാവിവശയാകയാൽ_
മൃദുരതം ചെയ്യയാൾ

൨. കാന്തൻ തെറ്റുകൾ ചെയ്തിടിൽ_
കരയുന്നവൾ മന്ദമായ്
പ്രിയാപ്രിയങ്ങളോരാത്തോരാൾ_
മുഗ്ദ്ധയാം മുഗ്ദ്ധനായിക

മുഗ്ദ്ധ എന്ന പദത്തിന്നു മോഹിപ്പിക്കുന്നവൾ എന്നു അർത്ഥം.

ഗാത്രേ ഗാത്രേ [illegible]
[illegible]
[illegible]
[illegible]
([illegible])

൩. ശ്രീകാമവിവശതാധി_
സമാനമിയലുന്നവൾ
പ്രൌരൂഢയൌവനയായ്കാന്തൻ_
തന്നിൽ പ്രേമം വഹിപ്പവൾ

൪. കാന്തനാഗസ്സു ചെയ്തിടിൽ_
കോപിതയാകിലുമവൾ
രതത്തിലല്പമാം ധൈര്യം_
വഹിക്കുന്നവൾ മദ്ധ്യയാം

മദ്ധ്യനായികക്കു മുഗ്ദ്ധയെപ്പോലെതന്നെ ലജ്ജയും കാമവൈവശ്യവും ഉണ്ടായിരിക്കും; യൌവനം അധികം ഉറച്ചിരിക്കുന്നവളും അപരാധിയായ കാന്തനെ ശകാരിക്കുന്നവളും

ആണ്. മദ്ധ്യത്തിൽ അല്പം ധൈര്യം ഉണ്ടായിരിക്കും. ധീര, അധീര, ധീരാധീര, എന്നു മദ്ധ്യനായിക മൂന്നുവിധമുണ്ട്.

ആനനെ ചെൻതളിരിലെ പരിഭവപ്രയോഗം
ചിത്രാഷ്ഷലന നിജവാസഗൃഹം ഗ്രഹണ്യാഃ
എന്നേച്ചു മണവാളനിലും കളിർത്തൊകൊണ്ടെ
ഗ്രന്ഥമറ്റിതാർ മുഖമെന്ന പറയിതു കടാക്ഷം.

(ശിലാഹരിനാ ൧൦)

൪൫ സമ്പൂർണ്ണയൌവനം ചേർന്നു-
മനംഗതരളിതയായ്
രതത്തിലേറ്റം സമർത്ഥ-
മുള്ളാളാം പ്രൌഢനായിക

സമ്പൂർണ്ണയൌവനത്താൽ ശോഭിക്കുന്നവളും താരുണ്യവിലാസത്താൽ പ്രമത്തയും രതനിപുണയുമാകുന്നു പ്രൌഢ.

പൂങ്കാവിലാൺകയിൽനിന്നമടങ്ങിയെത്തീ.
താരാനാഥ ശശാങ്കവദനാ സരസാപ്രയാതാ
ശ്രമാതുരയൌവനനായി തനുവായ മാത്രേ.
വിശ്രാന്തനാമംഗനമുന്തണ്ടരന്നു

(ചന്ദ്രോത്സവം)

൪൬ അന്യാധീനത്തിൽ വാഴുന്നാൾ
പരകീയാഖ്യനായിക
കന്യാപരോഢയെന്നവ-
ളണ്ടുമാതിരിയുണ്ടിവൾ

അന്യാധീനത്തിൽ സ്ഥിതിചെയ്യുന്നവൾ പരകീയ; കന്യ, പരോഢ എന്നു പരകീയ രണ്ടുവിധം.

൪൭ അനൂഢയായ് പിതാവിന്റെ-
യധീനത്തിലിരിപ്പവൾ
പ്രായേണ മുഗ്ദ്ധയെപ്പോലെ-
യുള്ള നായിക കന്യയാം

കന്യ വിവാഹം ചെയ്യപ്പെടാത്തവളും പിതാവിന്റെ അധീനത്തിൽ സ്ഥിതിചെയ്യുന്നവളുമാകുന്നു. കന്യ മിക്കവാറും മുഗ്ദ്ധതന്നെ.

[illegible]
[illegible]
[illegible]
[illegible]

([illegible])

[illegible]
[illegible]

അന്യനാൽ വിവാഹം ചെയ്യപ്പെട്ടവൾ പരോഢ. ഇവൾ പരപുരുഷാസക്തയായിരിക്കും.

[illegible]
[illegible]

ധനത്തിൽ മാത്രമുള്ള വേശ്യ സാമാന്യനായികയാകുന്നു. [illegible] വേശ്യകളുടെ വിധമുണ്ട്. [illegible] നാടകശാലയിൽ [illegible]

[illegible]
[illegible]
[illegible]
[illegible]

([illegible])

[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]

സാമാന്യനായികാവൃത്തി-
ഭേദമെട്ടുവിധത്തിലാം

സ്വാധീനപതിക, ഖണ്ഡിത, അഭിസാരിക, കലഹാന്തരിത, വിപ്രലബ്ധ, പ്രോഷിതഭർത്തൃക, വാസകസജ്ജിക, വിരഹോൽക്കണ്ഠിത എന്നു സാമാന്യനായിക എട്ടുവിധം.

൧. ഏകാന്തൻ സ്വാധീനതയുള്ളോൾ-
സ്വാധീനപതികാഖ്യയാം
വനകേളി ജലക്രീഡാ-
ദ്യസ്മരാപചയങ്ങളും.

ഉദാ. പ്രദോഷം സ്മരസംഗരാളി-
വിലാസങ്ങളുമിചേഷ്ടിതം.

ഭർത്താവ് തനിക്കു സ്വാധീനനായിട്ടുള്ളവൾ സ്വാധീനപതിക. വനകേളി മുതലായവ ഇവളുടെ ചേഷ്ടിതങ്ങളാകുന്നു.

[illegible]
[illegible]
[illegible]
[illegible]

(സ്വന്തം)

ഇവിടെ നായികയ്ക്കു പലവിധം കുറവുകൾ ഉണ്ടായിരുന്നിട്ടും നായകൻ സ്വാധീനനായിരിക്കുന്നതിനാൽ നായിക സ്വാധീനപതിക.

അന്യതന്വൊടു സംഭോഗ-
ചിഹ്നമോടാലസ്യനാം

൨. കലർന്ന കാന്തനെക്കണ്ടു-
ഈർഷ്യയേറ്റവൾ ഖണ്ഡിത

പരുഷം വചനം മൗനം
ചിന്ത ബാഷ്പവിമോചനം.
൪൯. ഖേദം രോദനവും ഭ്രാന്തി-
യിവ തച്ചേഷ്ടിതങ്ങളാം.

അന്യസ്ത്രീയുടെ സംഭോഗനിമിത്തമുള്ള അടയാളങ്ങളെ ശരീരത്തിൽ വഹിക്കുന്ന ഭർത്താവിനെക്കണ്ടു കോപത്തോടുകൂടിയവൾ ഖണ്ഡിത. കഠിനവാക്കുപറയുക ഉണ്ണി വിചാരം കണ്ണീരൊലിപ്പിക്കുക, ദുഃഖിക്ക, കരയുക, മുതലായവ ഖണ്ഡിതയുടെ ചേഷ്ടകളാകുന്നു.

അത്യന്തത്തിൽ കലശലം മമ പൂണ്ടാരുന്നേ.
അന്യാംഗനാസംഗചിഹ്നങ്ങളാം തങ്ങളുടെ
കരാകുന്നു. സമരത്തിങ്കൽനിന്നു പലായനം ചെയ്യുന്നില്ല.
ധർമ്മവീരന്മാർക്ക് ധൃതി ഹർഷം മതി മുതലായവ വ്യഭിചാരി
കൾ. ധർമ്മം വിഷയമായ സ്ഥിരതയെ ദൃഢീകരിക്കും. യുദ്ധ
വീരന്മാർക്കു ധൃതി മതി മുതലായവ വ്യഭിചാരികൾ;

വിസ്മയം സ്ഥായിയായുള്ള
രസമദ്ഭുതനാമകം

വിസ്മയം സ്ഥായിയായിട്ടുള്ള രസമാകുന്നു അത്ഭുതം. അസാധാരണ വസ്തുക്കൾ ആലംബനമായും, തദ്ഗുണങ്ങൾ ഉദ്ദീപനമായും, സ്തംഭസ്വേദാദികൾ അനുഭാവങ്ങളുമാകുന്നു; വിതർക്കാവേഗസംഭ്രമഹർഷാദികൾ വ്യഭിചാരികൾ. അത്ഭുതത്തിന്റെ ദൈവതം ഗന്ധർവ്വനും, വർണ്ണം പീതവും ആകുന്നു.

[illegible]. സ്ഥായിഭാവമതായ് ക്രോധ-
മിയലുന്നു രൌദ്രമാം.

ക്രോധം സ്ഥായിയായിട്ടുള്ള രസം രൗദ്രം. ശത്രു ആലംബനമായും, തൽപ്രവൃത്തി ഉദ്ദീപനമായും, ഉഗ്രത ആവേഗം രോമാഞ്ചം മുതലായവ അനുഭാവമായും, മോഹാമർഷാദികൾ വ്യഭിചാരികളുമാകുന്നു. രൗദ്രത്തിനു ദൈവതം രുദ്രനും വർണ്ണം രക്തവും ആണ്. ഗ്ലാനി ശങ്ക ആലസ്യം ദൈന്യം മുതലായവ ഉണ്ടാകുന്നതല്ല.

ഇഷ്ടനാശാദിയാലുണ്ടാം
ശോകം കരുണമായിടും

ഇഷ്ടനാശത്താലും അനിഷ്ടപ്രാപ്തിയാലും കരുണമുണ്ടാകുന്നു. ശോച്യൻ ആലംബനമായും, തൽഗുണങ്ങൾ ഉദ്ദീപനമായും,

രോദനാദി അനുഭാവവും, ദൈന്യാദികൾ വ്യഭിചാരിയും, ആകുന്നു. കരുണത്തിന്റെ സ്വരൂപം കപോതവർണ്ണവും ദൈവതം യമനുമാണ്.

൧൭൩. ജുഗുപ്സാസ്ഥായികം പ്രോക്തം
രസം ബീഭത്സനാമകം.

ജുഗുപ്സ സ്ഥായിയായുള്ള രസത്തെ ബീഭത്സമെന്നു പറയുന്നു. പിണ്ഡമൂത്രാദി ആലംബനവും, ദുർഗ്ഗന്ധാദി ഉദ്ദീപനവും, നിഷ്ഠീവനാദി, അനുഭാവവും, ഗ്ലാനി മുതലായവ വ്യഭിചാരികളുമാകുന്നു ദൈവതം മഹാകാലനും നിറം നീലവുമാണ്.

സ്ഥായീ ഭവേദ്ഭയം യത്ര
രസം ഭയാഭിധാനകം

ഭയം സ്ഥായിയായിട്ടുള്ള ഭയാനകരസം. ഘോരസത്വസ്വരൂപം ആലംബനം. ഭൂതപ്രേതാദികളുടെ ചേഷ്ടിതാദി ഉദ്ദീപനം. രോമാഞ്ചാദി അനുഭാവം. ശങ്കാമോഹാദി വ്യഭിചാരി. നിറം ശ്യാമളവും ദൈവതം കാലയമനാൺ.

൧൭൪. [illegible] സ്ഥായി.
ഭവേദത്ഭുതകോ രസം.

വിസ്മയം സ്ഥായിയായിട്ടുള്ള അത്ഭുതരസം. അലൌകികവസ്തു ആലംബനം; ഗുണാദി ഉദ്ദീപനം. രോമാഞ്ചം ഗദ്ഗദസ്വരം മുതലായവ അനുഭാവം. ഹർഷം ആവേഗാദി മുതലായവ വ്യഭിചാരി. ദൈവതം കാലനും നിറം കൃഷ്ണമാണ്.

ഈശ്വരാദികളിൽ ദൃഷ്ട
രതിയും വ്യഭിചാരിയും
൧൭൫. സംഭവിക്കിലതായിതോ
വികാരം ഭാവനാമകം

ഈശ്വരൻ ഗുരു പിതൃക്കൾ പുത്രൻ മുതലായവരിൽ ഉണ്ടാകുന്ന രത്യാദിവികാരങ്ങൾക്കു ഭാവമെന്നു പേർ. സ്ത്രീപുരുഷ

വിഷയമായിട്ടുള്ള രതിക്കുമാത്രമേ സ്ഥായി എന്ന പേർ പറയാവൂ.

ഇന്നത്തൊട്ടുലകിലെനക്കു ഭേദം കൃഷ്ണനിൽക്കമിതെന്നു കഥിക്കാം
സന്തതരങ്ങളായ മാധവമല്ലോ പുണ്യമെന്നു പറയുന്നിതു ലോകർ.

(കു. സംഭവം)

ഉദയം ശാന്തിയും സന്ധി
ശബളത്വവുമിങ്ങനെ
[illegible] നാലുമാതിരി ഭാവത്തി-
നുണ്ടു ഭേദം പ്രകീർത്തിതം.

ഭാവത്തിന് ഉദയം ശാന്തി സന്ധി ശബളത്വം എന്ന നാലു ഭേദങ്ങൾ ഉണ്ട്. ഭാവം ഉദിക്കുന്ന അവസ്ഥയിലും ശമിക്കുമ്പോഴും ഉണ്ടാകുന്നതു ഭാവോദയവും, ഭാവശാന്തിയും, ആകുന്നു. ഒരേസമയത്തിൽ അനേക ഭാവങ്ങൾക്കു പ്രതീതി ഉണ്ടാകുന്നതു ഭാവസന്ധി. ഒന്നിനെ മാറി മറ്റൊന്നിന്റെ പ്രതീതിയുണ്ടാകുന്നതു ഭാവശബളത.

തന്വംഗീമണി! നിന്മുഖമല്ലിയിതാ വിലസുന്നിതു താ-
മരയിൽ ഭ്രമരാവലിയിൻവിധം ഇതൊന്നു നോക്കിട്ടുകാണാനി-
ഷ്ടനായ ശാന്തനായുള്ളൊരു തപനൻ താനും പറവതില്ല തെല്ലും,
ചെല്ലുന്നാൾ ദൃശ്യമലത്തിൽനിന്നു മധുരം ഞാനും പൊഴിച്ചീടിനാലും

(സ്വഗതം)

ഇവിടെ ബാഷ്പമോചനത്താൽ ഈർഷ്യ എന്ന സഞ്ചാരിഭാവത്തിന്റെ ശമനം.

മെയ്യായ് കായിൽപ്പതിക്കും പ്രീതി, ചന്ദ്രനുടൻ മാറിമറ്റും തെളിയും
ഭേദാതെ പൂന്തേ! പോരുംനാരിമാരെങ്ങളിലെപ്പുഷ്പങ്ങളിലോ
പരമപ്പാണിപ്രസവിച്ചങ്ങിനെ മതിയിടവേ, മാറിൽവച്ചാലതും ത-
ന്നിലലസിതമാകും മിഴികൾ സഖിമാരിൽ ചേർത്തു തന്വംഗി മന്ദം.

(സ്വഗതം.)

ഇവിടെ വിഷാദത്തിന്റെ ഉദയം.

എവം ചൊന്നവനന്നു പരിഷദിരുന്നപ്പോൾ ഭൂദേവൻ താനും
ഭൂവിങ്കൽ പൂർവ്വരാമചരിതപാദമിവ വേദവനേ മാനിക്കയില്ല

എന്നായശ്രാതെ രക്ഷിപ്പവരിഹ സകലലോകത്തിന്നാരെയും മേ-
ത്താന്നാക്ഷേപിച്ചവരെന്റുണ്ടകതിൽ വിചാരമതെയ്യുമൊരുവിയല്ലം.

(ഉത്തരരാമചരിതം)

ഇവിടെ ലജ്ജാമർഷങ്ങൾ വ്യഞ്ജിക്കുന്നതിനാൽ ഭാവസന്ധി.

പ്രകരണം ൪.

അലങ്കാരസ്വരൂപനിരൂപണം.

---

൧. ശബ്ദാത്ഥങ്ങൾക്കു സൗന്ദര്യ-
മുണ്ടാക്കുവതലംകൃതി
അത്ഥശബ്ദാശ്രയം മൂല-
മിതു രണ്ടുവിധത്തിലാം.

ശബ്ദത്തിനും അത്ഥത്തിനും സൗന്ദര്യത്തെ ഉണ്ടാക്കുന്നത് അലങ്കാരം. ഇതു രണ്ടുവിധം; അത്ഥത്തെ ആശ്രയിച്ചുള്ളത് അത്ഥാലങ്കാരം; ശബ്ദത്തെ ആശ്രയിച്ചുള്ളതു ശബ്ദാലങ്കാരം.

കാവ്യത്തിന്റെ ജീവിതം രമണീയത്വമാണെന്നു മുമ്പു പറഞ്ഞിട്ടുണ്ടല്ലോ. ശബ്ദത്തിനും അത്ഥത്തിനും ഈ രമണീയത്വം ഉണ്ടാകണമെങ്കിൽ, അവയെ ഘടിപ്പിക്കുന്ന വിഷയത്തിൽ അസാധാരണമായ ഒരു വിശേഷസ്വഭാവത്തെ, ആശ്രയിക്കേണ്ടതായിട്ടുണ്ട്. ശബ്ദാത്ഥകല്പനയിലുള്ള ഈ വിശേഷസ്വഭാവം ആണ് അലങ്കാരം. അലങ്കാരകല്പനയില്ലെങ്കിൽ കാവ്യത്തിനു ജീവിതമായ രമണീയത്വം ലഭിക്കുന്നില്ല. അതുകൊണ്ടു കാവ്യകലയെ സംബന്ധിച്ചിടത്തോളം അലങ്കാരത്തിനുള്ള പ്രാധാന്യം സുവ്യക്തമാകുന്നു. ലൌകികനിലയിൽ പൃഥക്കൃതങ്ങളായി നില്ക്കുന്ന ശബ്ദാത്ഥങ്ങളെ, അലങ്കാരം, സ്വസമ്പക്കംകൊണ്ടു കാവ്യമാക്കുകയും ചെയ്തിട്

അലങ്കാര്യങ്ങളായ ആ ശബ്ദാർത്ഥങ്ങളിൽനിന്നു വേർപെടാതിരിക്കുകയും ചെയ്യുന്നു. ലൗകികന്മാരുടെ 'കടകാംഗദഹാരാദികൾക്കും, കാവ്യത്തിലെ ഉപമാരൂപകോൽപ്രേക്ഷാദികൾക്കും,തമ്മിൽ ഉള്ള ബന്ധത്തിനു വലിയ വ്യത്യാസമുണ്ട്. അലങ്കാര്യങ്ങളായ കരാദ്യവയവങ്ങളിൽനിന്നും കടകാംഗദാദികൾ പൃഥക്കരിക്കാവുന്നവയാണ്. എന്നാൽ കാവ്യത്തിൽ അലങ്കാര്യാലങ്കാരങ്ങൾ അദ്വൈതബന്ധത്തെ വഹിക്കുന്നു. ഒരു കാവ്യത്തിൽനിന്നും അലങ്കാരത്തെ മാററിയാൽ അതിന്റെ കാവ്യത്വം നശിച്ചു, അതിലെ ശബ്ദാർത്ഥങ്ങൾ ലൗകികങ്ങളായിബ്ഭവിക്കുന്നു. ഒരു സ്ത്രീയുടെ ജന്മലബ്ധമായ സൗന്ദര്യത്തിന് ഉൽക്കർഷം ഉണ്ടാക്കുവാൻ കടകാദികൾ സഹായിക്കുന്നു. എന്നാൽ ഈ അലങ്കാരങ്ങൾ ഇല്ലെങ്കിലും അവൾ ഒരു സുന്ദരിയാകാതിരിക്കുന്നില്ല. ശബ്ദാർത്ഥങ്ങൾക്കു കാവ്യത്വം ഉണ്ടാകണമെങ്കിൽ അലങ്കാരസമ്പർക്കം അത്യാവശ്യമാകുന്നു. അതുകൊണ്ടു ലൗകികമായവിധമല്ല അലങ്കാരങ്ങളോടു കാവ്യത്തിനുള്ള ബന്ധം. ചില ആചാര്യന്മാർ ലൗകികന്മാർക്കു ഹാരാദികളോടുള്ള ബന്ധംപോലെയാണ് കാവ്യത്തിലും അലങ്കാരത്തിന്റെ ബന്ധം എന്നു പറയുന്നുണ്ട്. അവരുടെ ഈ അഭിപ്രായം യുക്തമെന്നു തോന്നുന്നില്ല. ചിലർ അലങ്കാരങ്ങളെ നിസ്സാരങ്ങളായി ഗണിക്കുന്നുണ്ട്. അലങ്കാരത്തെ നിസ്സാരമായി തള്ളിയാൽ തജ്ജീവിതമായ ചമൽകൃതി എങ്ങിനെ ഉണ്ടാകുമെന്നു മനസ്സിലാകുന്നില്ല. അഭിപ്രായങ്ങൾക്ക് എത്രമാത്രം വ്യത്യാസമുണ്ടെങ്കിലും,കാവ്യം എന്നതു അസാധാരണമായ എന്തോ ഒരു വിശേഷത്തോടുകൂടിയ ശബ്ദാർത്ഥങ്ങളാണെന്നുള്ളത്,എല്ലാവരും സമ്മതിക്കുകതന്നെ ചെയ്യുന്നു. ഈ വിശേഷം എതു ഗുണത്തെ ആശ്രയിച്ചിരുന്നാലും അതിനെ ഉണ്ടാക്കുന്നതിന് അലങ്കാരകല്പന അത്യാവശ്യമാകുന്നു.

൨. രണ്ടു വസ്തുക്കളിൽ ഭേദം
ചേരുന്നതുപമാദൃശമാം

ഇതരാലങ്കൃതിക്കെല്ലാ-
മിതുതാൻ ബീജഭൂതകം.

ഒരു വസ്തുവിൻെറ ഹൃദ്യമായ ധൎമ്മം മറെറാന്നിൽ ഉണ്ടായിരിക്കുന്നതു് ഉപമയാകുന്നു. ഇതരങ്ങളായ അലങ്കാരങ്ങൾക്കെല്ലാം ഉപമയാണു് ബീജഭൂതമായിരിക്കുന്നതു്. ബ്രഹ്മത്തിൽനിന്നു ജഗത്തുകൾ എന്നപോലെ ഉപമയിൽനിന്നു മറ്റുള്ള അലങ്കാരങ്ങൾ ഉണ്ടാകുന്നു.

൨. ഉപമാനോപമേയങ്ങ-
ളുപമാവാചകാഖ്യവും
ധൎമ്മമിങ്ങനെ നാലംഗ-
മുപമയ്ക്കുണ്ടു കീൎത്തിതം

ഉപമാനം ഉപമേയം ഉപമാവാചകം ധൎമ്മം എന്നു് ഉപമയ്ക്കു നാലു് അംശങ്ങൾ ഉണ്ടു്. ഏതിനോടു് ഉപമിക്കുന്നുവോ അതു് ഉപമാനവും, ഉപമിക്കുവാൻ യോഗ്യമായതു് ഉപമേയവും, രണ്ടിലും തുല്യമായിട്ടുള്ള ഗുണം ധൎമ്മവും, ഉപമയെക്കുറിക്കുന്ന ശബ്ദം ഉപമാവാചകവും, ആകുന്നു. മുഖാദികൾ ഉപമേയങ്ങളും, ചന്ദ്രാദികൾ ഉപമാനങ്ങളും, രണ്ടിലും ഉള്ള ആഹ്ലാദകത്വം ധൎമ്മവും, 'പോലെ' മുതലായ ശബ്ദങ്ങൾ ഉപമാവാചകവും, ആണു്. വൎണ്ണ്യമായ വസ്തു ഉൽകൎഷം കുറഞ്ഞതാകയാൽ പ്രസിദ്ധവസ്തുവിൻെറ സാധൎമ്മ്യം കല്പിച്ചു അതിനു ഉൽകൎഷം വരുത്തുകയാണു് ചെയ്യുന്നതു്.

ഉപമ എല്ലാം അലങ്കാരങ്ങൾക്കും ബീജഭൂതമാണെന്നു മുമ്പു പറഞ്ഞുവല്ലോ. ഒരു നടൻ പല വേഷങ്ങളും കെട്ടി രംഗത്തിൽ പ്രവേശിച്ചു അഭിനയിക്കുന്നു. ഇതുപോലെയാണു് ഉപമ മറ്റുള്ള അലങ്കാരങ്ങളായിബ്ഭവിക്കുന്നതു്. 'മുഖം ചന്ദ്രനെപ്പോലെയാകുന്നു'; ഇവിടെ സാദൃശ്യവൎണ്ണനം കൊണ്ടു് ഉപമ സിദ്ധമായിരിക്കുന്നു. ഇതുപോലെ മറ്റുള്ള അലങ്കാരങ്ങളുടെയും സ്വഭാവത്തെ നോക്കാം.

'ചന്ദ്രനെപ്പോലെ മുഖം, മുഖത്തെപ്പോലെ ചന്ദ്രൻ'

ഇവിടെ ഉപമേയോപമ;

'മുഖം മുഖത്തെപ്പോലെ ശോഭിക്കുന്നു.'

ഒരു വസ്തുവിനെത്തന്നെ ഉപമാനോപമേയങ്ങളായി കല്പിക്കുന്നതിനാൽ ഇതു അനന്വയം.

'മുഖത്തെപ്പോലെ ചന്ദ്രൻ'

ഇവിടെ പ്രതീപം.

'ചന്ദ്രനെക്കണ്ടിട്ടു മുഖത്തെ ഓർമ്മിക്കുന്നു.'

സ്മൃതി.

'മുഖചന്ദ്രനെക്കൊണ്ടു താപം ശമിക്കുന്നു.'

പരിണാമം.

'ഇതു മുഖമോ? ചന്ദ്രനോ?'

സന്ദേഹം.

'ചകോരങ്ങൾ ചന്ദ്രൻ എന്നു വിചാരിച്ചു നിന്റെ മുഖത്തെ അനുധാവനം ചെയ്യുന്നു.'

ഭ്രാന്തിമാൻ.

'ചന്ദ്രനെന്നു ചകോരങ്ങളും കമലമെന്നു വണ്ടുകളും നിന്റെ മുഖത്തിങ്കൽ അണയുന്നു.'

ഉല്ലേഖം.

'ഇതു ചന്ദ്രനാണ്, മുഖമല്ല.'

അപഹ്നവം.

'മുഖത്താൽ ചന്ദ്രകമലങ്ങൾ നിർജ്ജിതങ്ങളായി.'

തുല്യയോഗിത.

'മുഖമാകുന്ന ചന്ദ്രൻ.'

രൂപകം.

'മുഖത്തിന്റെ സമീപത്തിൽ ചന്ദ്രൻ നിഷ്പ്രഭനാകുന്നു.'

അപ്രസ്തുതപ്രശംസ.

'ആകാശത്തിൽ ചന്ദ്രനും ഭൂമിയിൽ നിന്റെ മുഖവും.'

ദൃഷ്ടാന്തം.

'മുഖം ചന്ദ്രശ്രീയെ വഹിക്കുന്നു.'

നിദർശനം.

'നിഷ്കളങ്കമായ മുഖം ചന്ദ്രനെക്കാൾ ശോഭിക്കുന്നു.'

വ്യതിരേകം.

വിവിധങ്ങളായ അലങ്കാരങ്ങൾക്കു ഉപമയുമായുള്ള ബന്ധം ഏതുപ്രകാരമുള്ളതാണെന്നു, ഇവിടെ കൊടുത്ത ഉദാഹരണങ്ങൾകൊണ്ടു മനസ്സിലാകും. എല്ലാ അലങ്കാരങ്ങൾക്കും ഈ വിധമാണ് ഉപമ ബീജമായിബ്ഭവിക്കുന്നത്. ഇപ്രകാരം മറ്റുള്ളവയ്ക്കു എല്ലാം ബീജമായി ഭവിക്കുന്നതിനാൽ അലങ്കാരങ്ങളിൽ ഉപമയ്ക്കുതന്നെ പ്രാധാന്യം എന്നു സിദ്ധമാകുന്നു.

കേവലം രണ്ടു വസ്തുക്കളുടെ സാധർമ്മ്യത്തെ കല്പിക്കുന്നതു ഉപമയാകുകയില്ല. കാവ്യനിശ്ചയങ്ങളെ പ്രത്യേകം ആദരിച്ചു കല്പിതങ്ങളായിരിക്കണം. ആ പ്രകാരമല്ലാത്തതു അലങ്കാരം ആകുന്നില്ല. മുഖം 'കമലത്തെപ്പോലെ ശോഭിക്കുന്നു;' ഈ ഉദാഹരണത്തിൽ ഉപമാലങ്കാരമില്ല. എന്തെന്നാൽ കമലസാദൃശ്യകല്പന, കവിനിശ്ചയപ്രസിദ്ധിക്കു വിരോധമാകുന്നു. കവിസമയപ്രസിദ്ധ്യനുരോധം കൊണ്ടുള്ള ഹൃദ്യതയാൽ മാത്രമേ എല്ലാ അലങ്കാരങ്ങളും കാവ്യശോഭാകരങ്ങളായി അലങ്കാരതയെ പ്രാപിക്കുകയുള്ളൂ എന്നു ആപ്പയ്യദീക്ഷിതർ പറഞ്ഞിരിക്കുന്നു. 'ഗവയമൃഗം ഗോസദൃശമാകുന്നു.' ഇവിടെ ഉപമാലങ്കാരമില്ല. എന്തെന്നാൽ വസ്തുക്കളിൽ ഉള്ള സാധർമ്മ്യം ഹൃദ്യമായിരിക്കുന്നില്ല.

[illegible]

[illegible]

[illegible]

പിതാവു പുത്രനോടുകൂടി വന്നു
അവൻ ദേവദത്തനാണ്

ഇവിടെ സാദൃശ്യാലങ്കാരങ്ങളില്ല

ഇതുപോലെ മറ്റുള്ളവയേയും ഊഹിച്ചു അറിഞ്ഞുകൊള്ളണം. കാവ്യാലങ്കാരങ്ങൾക്കു ലൌകികനിലയിൽനിന്നുമുള്ള വ്യത്യാസം ഇവിടെ കൊടുത്ത ഉദാഹരണങ്ങളിൽനിന്നും ഗ്രഹിക്കാവുന്നതാണ്.

വസ്തുക്കളിലും ധർമ്മത്തിലും ഉള്ള ഹൃദ്യതയെ പ്രധാനമായി ഗണിക്കണം. എന്നാൽ ഹൃദ്യമായാലും പോരാ. കവിസമയപ്രസിദ്ധിക്കു പ്രതികൂലമായിരിക്കയുമരുത്. പ്രസിദ്ധങ്ങളായ ചില ഉപമാനങ്ങളെ താഴെ കാണിക്കുന്നു.

നായികക്ക് — കനകലത, ചന്ദ്രകല, ശിരീഷം, വിദ്യുത്ത്, താര, ദീപം.

ശരീരനിറം — ചെമ്പകം, ഹേമം, കേതകി, വിദ്യുത്ത്, രോചനം.

കേശം — പനങ്കുല, തമസ്സ്, ശൈവാലം, ജീമൂതം, ബർഹം, ഭ്രമരം, യമുനാതരംഗം, ഇന്ദ്രനീലക്കല്ല്.

ലലാടം — അർദ്ധചന്ദ്രൻ.

അളകം — ഭൃംഗം.

പുരികം — വല്ലി, സുരധനുസ്സ്, വീചി.

മുഖം — ചന്ദ്രൻ, താമരപ്പൂവ്, ദർപ്പണം.

നാസിക — എള്ളിൻപൂവ്.

ദന്തം — മുത്ത്, കുന്ദകുഡ്മളം.

അധരം — പ്രവാളം, ബിംബം, ബന്ധൂകം.

നേത്രം — അബ്ജം, അബ്ജദളം, മത്സ്യം, മൃഗലോചനം, ഖഞ്ജനം.

കപോലം — ആദർശം, ചന്ദ്രൻ.

മന്ദസ്മിതം — അമൃതം, തുഹിനം, ക്ഷീരം, സിത, ചന്ദ്രിക.

ശബ്ദം — കിളി, കുയിൽ, വീണ, ഹംസം, കിന്നരി.

ശരീരമാർദ്ദവം — ബിസം.

കരം — പത്മം.

കഴുത്ത് — ശംഖ്.

ബാഹു — ബിസം, മൃണാളം.

സ്തനം — താമരമൊട്ട്, ഗുച്ഛം, ഇഭകുംഭം, അചലം കന്ദുകം മേരു. കലശം, ചക്രം, പമ്പരം.

നാഭി — ആവർത്തം, ഹ്രദം, കൂപം, ഗർത്തം.

മധ്യം — ഡമരുകം, ശൂന്യം, പാഴാണ, സിംഹം.

ജഘനം — പുളിനം.

തുട — തുമ്പിക്കയ്യ്, കദളി, കരഭം.

പദം — പല്ലവം, അംഭോജം, സ്ഥലപത്മം.

നഖം — ചന്ദ്രകല.

ഗതി — ഹംസം, ഗജം.

രോമരാജി — ഭുജംഗം, യമുന.

ഹാസം — ഫേനം, ക്ഷീരം, അമൃതം, ചന്ദ്രിക, ചന്ദ്രൻ, മുക്താഫലം.

കടാക്ഷം — ഭൃംഗാവലി, തിരമാല, യമുനാവീചി, അമൃതം, വിഷം.

നൂപുരധ്വനി — ഹംസസാരസാദിശബ്ദം.

അംഗുഷ്ഠനഖം — പൂർണ്ണേന്ദു.

നായകന്മാർക്ക് — അധികം പീനത്വം, ഉച്ചത, ദീർഘബാഹുത്വം.

കയ്യ് — ഭുജംഗം, ദണ്ഡം, സ്തംഭം, അർഗ്ഗളം.

വക്ഷസ്സ് — കവാടം, ശിലാപട്ടം.

പ്രതാപം — സൂര്യൻ, അഗ്നി, വജ്രം.

കീർത്തി—കാശം, ചന്ദ്രിക, ക്ഷീരം, അമൃതം, ഹംസം, ചന്ദ്രൻ, കുന്ദം, ഗംഗ, കൈലാസം.

ദുഷ്കീർത്തി—കാളിന്ദി.

ഇതുപോലെ കവിമാർഗ്ഗപ്രസിദ്ധങ്ങളായ ഉപമാനങ്ങളെ മാത്രമേ സ്വീകരിക്കാവൂ. പ്രസിദ്ധങ്ങളായ മറ്റു ഉപമാനങ്ങൾ മഹാകവിപ്രയോഗത്തിങ്കൽനിന്നും ഗ്രഹിക്കേണ്ടതാകുന്നു.

കവീനാം ഘടനാദ്യൈവ ചരാചരവിലക്ഷണാ
അകർത്തുമന്യഥാകർത്തും കർത്തും യാ ക്ഷമതേ ജഗൽ.

കവികളുടെ ഘടനാസ്വഭാവം ഒന്നു വേറെതന്നെയാകുന്നു. ഇതു ചരാചരസാധാരണമല്ല. ഒന്നിനെ ചെയ്യാതിരിക്കുന്നതിനും, ചെയ്യുന്നതിനും, മറ്റുപ്രകാരമാക്കുന്നതിനും, കവികൾക്കു ശക്തിയുണ്ട്. മുമ്പു പറഞ്ഞ കവിസങ്കേതങ്ങളും, ഈവിധമുള്ള പ്രസിദ്ധോപമാനങ്ങളും, കവിസൃഷ്ടിയുടെ വിലക്ഷണതയെ കാണിക്കുന്നു.

ഇവിടെപ്പറഞ്ഞ പ്രസിദ്ധങ്ങളായ ഉപമാനങ്ങളെത്തന്നെ പിന്നെയും പിന്നെയും സ്വീകരിക്കുന്നതുകൊണ്ടു രസം ഉണ്ടാകുന്നില്ലെന്നും അവയെ പരിത്യജിച്ചു തൽസ്ഥാനങ്ങളിൽ നവീനങ്ങളായവയെ സ്വീകരിക്കണമെന്നും അഭിപ്രായം കേൾക്കുന്നുണ്ട്.

ത ഏവ പദസംഘാതാസ്ത ഏവാർത്ഥവിഭൂതയഃ
തഥാപി നവ്യം ഭവതി കാവ്യം ഗ്രഥനകൗശലാൽ

എന്നുള്ള അഭിപ്രായം വളരെ സാരയുക്തമാകുന്നു. വൃത്തമെല്ലാം കവിയുടെ ഗ്രഥനകൗശലത്തിങ്കലാണിരിക്കുന്നത്. ഇവിടെപ്പറഞ്ഞ പ്രസിദ്ധങ്ങളായ ഉപമാനങ്ങളെ കളഞ്ഞാൽ ഇതുപോലെ യോഗ്യതയുള്ള മറ്റു ഉപമാനങ്ങളെ കിട്ടുവാൻ പ്രയാസമാണ്. സഹൃദയന്മാർക്ക് സമ്മതം ഉണ്ടാകുന്നതുമല്ല. ഇതുവരെയും ശീലിച്ചുവന്ന ഒരു രീതിയെ മാററി

ഖണ്ഡനം കാണുന്ന മതത്തിനെ സ്വീകരിക്കുന്നതിനു കാവ്യരസികന്മാർ വളരെ വിരോധം പുറപ്പെടുവിക്കുന്നതാണ്. മുമ്പു പറഞ്ഞവയെപ്പോലെ ഹൃദ്യങ്ങളായ ഉപമാനങ്ങളുണ്ടെങ്കിൽ സ്വീകരിക്കാം. പൂർവ്വകവികൾ സ്വീകരണോചിതങ്ങളും രമ്യങ്ങളും ആയവയെ തിരഞ്ഞെടുത്തുമാത്രമാണ് ഉപമാനങ്ങളായി കല്പിച്ചിരിക്കുന്നത്. ചന്ദ്രകോകിലഭൃംഗപങ്കജാദികളെക്കളഞ്ഞാൽ ഏതു സ്ഥാനങ്ങളിൽ അതുപോലെയുള്ള മറ്റു ഹൃദ്യവസ്തുക്കളെ ആണ് അഭിഷേകം ചെയ്യുവാൻ കഴിയുന്നത്? അതുകൊണ്ടു പൂർവ്വന്മാരുടെ ഉപമാനങ്ങളെ സ്വീകരിക്കുന്നതുതന്നെയാണ് യുക്തം.

സദൃശം സമാനം തുല്യം സദൃക്ഷം നിഭം സന്നിഭം സങ്കാശം നീകാശം തരം പോലെ വിധം വണ്ണം ഒപ്പം മാനം പടി കണക്കേ ഇത്യാദികൾ ഉപമാവാചകങ്ങളാകുന്നു. ശത്രു ബന്ധു സുഹൃത്തു്, ഭൃത്യൻ, ശിഷ്യൻ, ദാസൻ, ചോരൻ, അപഹരിക്കുന്നവൻ മുതലായവ ഉപമാത്വത്തെ കുറിക്കുന്നു. ജയിക്കുക, ചോരണം ചെയ്ക, അപഹരിക്കുക, വിരോധമാകുക, എതിർക്കുക, അധഃക്കരിക്കുക, നിന്ദിക്കുക, അനുകരിക്കുക, ദ്രോഹിക്കുക മുതലായവ ഉപമാത്വത്തെക്കുറിക്കുന്ന പ്രയോഗവിശേഷങ്ങളാണ്. ഇതുപോലെ അസൂയപ്പെടുക, ദുഃഖിപ്പിക്കുക, ലജ്ജിപ്പിക്കുക, പഠിപ്പിക്കുക മുതലായവയെയും ഗ്രഹിക്കാം.

“[illegible]

[illegible]

[illegible] കൊണ്ടു നൽക്കുങ്കുമച്ഛായ [illegible] തഴച്ചുന്ന [illegible] പറയാ [illegible] ചുവന്ന [illegible] ചാരുമൊട്ടായി തട്ടിക്കിടക്കുന്നപോലെ [illegible] സമസ്ത [illegible] വിളങ്ങുന്ന [illegible] മാല [illegible] വിസ്മയം; [illegible] പോലെ [illegible] മന്ദമാരുതനാൽ [illegible] നിറംകലർന്ന [illegible] വിചിത്ര [illegible] പോലെ [illegible] ചമ്പകത്തിന്റെ [illegible] പ്രൗഢിയും [illegible] പോലെ [illegible] കാന്തിയും [illegible] പോലെ [illegible] പൊൻതാമരപ്പൂവിന്റെ [illegible] വിസ്തൃതമായ [illegible] പോലെ [illegible] പോലെ [illegible] പ്രൗഢി [illegible] പോലെ [illegible] കാന്തിയും പെയ്തു വാണീടിനാൾ.”

(ഭാഷാനൈഷധം ചമ്പു)

ഈ ഉദാഹരണത്തിൽനിന്നും പ്രസിദ്ധങ്ങളായ പല ഉപമാനങ്ങളെയും, ഉപമാർത്ഥത്തെ കുറിക്കുന്ന പലവിധമുള്ള പ്രയോഗവിശേഷങ്ങളെയും ഗ്രഹിക്കാവുന്നതാണ്.

൪. പൂൎണ്ണാഖ്യയും തഥാ ലുപ്ത-
യെന്നു രണ്ടു വിധത്തിലായ്
ഉണ്ടാമുപമ; അംഗങ്ങ-
ളെല്ലാമുള്ളതു പൂൎണ്ണയാം.

പൂൎണ്ണ എന്നും ലുപ്തയെന്നും ഉപമ രണ്ടുവിധം; അംഗങ്ങൾ എല്ലാം ഉള്ളതു പൂൎണ്ണോപമ.

മിഴിയിലെഴുമൊരുസ്മിതം കളിച്ചു
വദനമതു [illegible]
[illegible] പകൎന്നു ചാരും-
കളഹംസവെളുപ്പുമൈതലെന്നപോലെ.

(ഉത്തരരാമായണം ചമ്പു)

ഇവിടെ സ്മിതം ഉപമേയവും, 'കളഹംസവെളുപ്പുമൈതൽ' ഉപമാനവും, 'പകൎന്നുചാരുക' ധൎമ്മവും, 'പോലെ' ഉപമാവാചകവും ആകുന്നു. അതിനാൽ ഇതു പൂൎണ്ണോപമ.

൫ ഉപമേയാദിയംഗങ്ങൾ
ചിലതില്ലാതെയാകകിൽ
അതു ലുപ്തോപമാനാമ-
മിതുതാനേഴു മാതിരി.

മുമ്പു പറഞ്ഞ ഉപമയുടെ അംഗങ്ങളിൽ ചിലതു കുറഞ്ഞിരിക്കുന്നതു ലുപ്തോപമ. ഉപമാനലുപ്ത, ധൎമ്മലുപ്ത, വാചകലുപ്ത, ധൎമ്മോപമാനലുപ്ത, വാചകധൎമ്മലുപ്ത, വാചകോപമേയലുപ്ത, ധൎമ്മോപമാനവാചകലുപ്ത എന്നു ലുപ്തോപമ ഏഴുവിധം ഉണ്ടു്. ലുപ്തോപമകളെക്കുറിച്ചു 'കേരളകൌമുദി'യിൽ ഇപ്രകാരം പറയുന്നു. "മുമ്പുപറഞ്ഞ പൂൎണ്ണോപമാവയവങ്ങളിൽ ഒന്നു രണ്ടു മൂന്നോളവും ലോപിച്ചുവരുന്ന ലുപ്തോപമകൾ എട്ടുണ്ടു്. അവയിൽ ഉപമാനലോപം വരാത്ത നാലും ഒരുവിധം ദ്രാവിഡവാക്കുകളിലും നടപ്പാകയാൽ അവയെ ഉദാഹരിക്കുന്നു. മറ്റവ ദുർല്ലഭമാകയാൽ ഇതിൽ

പറയുന്നില്ല. 'ഇന്ദുനേർമുഖി' എന്നതിൽ സാധാരണധർമ്മലോപം; 'കണ്ണിനു അമൃതം' എന്നതിൽ ഉപമേയം ധർമ്മം വാചകം ഇവ മൂന്നിനും ലോപം; 'കന്നൽക്കണ്ണി' എന്നതിൽ ധർമ്മം വാചകം ഇവറ്റിനു ലോപം; 'കാറൊളിക്കുന്തലാൾ' എന്നതിൽ വാചകലോപം; പിന്നെ ഉപമാനലോപത്തോടെ വരുന്ന നാലിനും കൂടി കാകതാലീയം എന്ന കൃത്പദത്തിനാൽ സംസ്കൃതത്തിൽ സാധിച്ചതുപോലെ ദ്രാവിഡത്തിൽ വരുവാനിടയില്ലാത്തതാകുന്നു അവയെക്കുറിച്ചിവിടെ പറയാതിരുന്നതെന്നും കണ്ടുകൊൾക." ലുപ്തോപമകൾ ഏഴുവിധം ഉണ്ടെന്നു മുമ്പു പറഞ്ഞതു ജഗന്നാഥപണ്ഡിതരുടെ മതം അനുസരിച്ചാകുന്നു. അവ എല്ലാം ഭാഷയിൽ വരുന്നവയല്ല. 'കേരളകൌമുദി'യിൽ കാണിച്ചിട്ടുള്ള ഉദാഹരണങ്ങൾകൊണ്ടു ഭാഷയിൽ ഏതെല്ലാം വിധം ലുപ്തോപമകൾ വരുമെന്നു ഗ്രഹിക്കാം. ലുപ്തോപമയ്ക്കു ഇനിയും പലവിധം ഭേദങ്ങൾ ഉണ്ട്. അവ എല്ലാം ഭാഷയിൽ വരാത്തവയാകയാൽ ഉപേക്ഷിക്കപ്പെട്ടിരിക്കുന്നു.

മാലോപമ രശനോപമ എന്നു ഉപമയ്ക്കു വേറെ രണ്ടുഭേദങ്ങൾ ഉണ്ട്. ഒരു ഉപമേയത്തെത്തന്നെ പല ഉപമാനത്തോടും ഉപമിക്കുന്നതു മാലോപമ.

> ശിശുക്കളാൽ ഗൃഹതതിപോലെ ചിത്രകാൽ
> സ്വശ്രുക്കളാൽ വിലസിത ഭിത്തിപോലവേ
> വിശുദ്ധമാം സുമനിരകൊണ്ടു വല്ലിപോൽ
> പരിശോഭമാം വധുവിയലുന്നു പുത്രയാൾ.
>
> (രാഘവാഭ്യുദയം)

ഇവിടെ നായികയെ ഗൃഹതതി, ഭിത്തി, വല്ലി, ഇവയോടുപമിച്ചിരിക്കുന്നതിനാൽ (പല ഉപമാനങ്ങളോടും) മാലോപമ.

പൂർവ്വോപമയിലെ ഉപമേയത്തെത്തന്നെ ഉത്തരോപമയിൽ ഉപമാനമാക്കി പല ഉപമകളെയും നിബന്ധിക്കുന്നതു രശനോപമ.

> മൊഴിയധരമൊത്താൽ മധുരം
> മൊഴിപോലത്യുജ്ജ്വലവർണ്ണമാം മേനി
> മിഴി, മേനിപോലതിരതി
> മിഴിപോലത്യന്തസുന്ദരം ചിരം.
>
> (രാമാഭ്യുദയം)

ഇവിടെ 'മൊഴി' ഉപമേയവും ഉപമാനവും ആകുന്നു. ഉത്തരാർദ്ധത്തിലെ 'മിഴിയും' അതുപോലെതന്നെ. അതിനാൽ ഇതു രശനോപമ.

൩ ഉപമാനോപമേയങ്ങ-
ളൊന്നിലാവതനന്വയം
ഭൂമിപാല! ഭവാനെപ്പോൽ
ഭവാൻതന്നെ പരാക്രമി.

ഉപമാനവും ഉപമേയവും ഒന്നിൽത്തന്നെ സ്ഥിതി ചെയ്യുന്നതു അനന്വയം. 'അവനെപ്പോലെ പരാക്രമമുള്ള ആൾ അവൻമാത്രമേയുള്ളൂ' എന്ന ഉദാഹരണത്തിൽ ഉപമേയവും ഉപമാനവും ഒന്നുതന്നെ (ഭവാൻ) ആകുന്നു.

൪ അന്യോന്യമുപമിക്കുന്ന-
തുപമേയോപമാഖ്യമാം
ഇന്ദുതുല്യൻ ഭവാൻ ഭൂപ!
ഭവത്സദൃശനിന്ദുവും.

ഉപമേയത്തെ ഉപമാനത്തോടും ഉപമാനത്തെ ഉപമേയത്തോടും ഉപമിക്കുന്നതു ഉപമേയോപമ. ഇവിടെ ഇന്ദുവും ഭവാനും ഉപമാനവും ഉപമേയവും ആകുന്നു. ഉക്തധർമ്മം, വ്യക്തധർമ്മം, എന്നു ഉപമേയോപമ രണ്ടുവിധം. ഐശ്വര്യാദികളായ ധർമ്മങ്ങളെക്കൊണ്ടു ഉക്തധർമ്മം ബഹുപ്രകാരമുണ്ട്.

> ബോധത്തിലും ഉദാരശക്തിയിലും സമനും
> രാമം വെടിഞ്ഞു പരമാത്മമിതങ്ങൾ സിതം

ദേവൻ ശിവന്നു സമനാം ഗുരുവുന്നതാത്മാ.
വാവർഗ്ഗുരുത്വമതിനോടിശനായിരുന്നാൻ.

(സ്വന്തം)

ഇവിടെ ധർമ്മം അനുഗാമിയാകുന്നു.

സുരഭിലനവപുഷ്പശ്രീ വിലസിച്ചിടുന്നോ.
തനസിജയുഗളത്താ ലോലമുല്ലാസമേല്പാർ
വനതികളെപ്പോൾ സ്ത്രീകളും സ്ത്രീകളെപ്പോൾ
പ്പൂമലതകളും വൽഗാന്തി തെളിഞ്ഞാണിരുന്നു.

(സ്വന്തം)

ഇതിൽ ബിംബപ്രതിബിംബഭാവം; ഇവ ഉക്തധർമ്മത്തിന്റെ ഉദാഹരണങ്ങളാകുന്നു.

കടലാകാശമെന്നോണം ആകാശം കടൽപോലെയും
സേതുവെപ്പോലെ വിൺഗംഗ സേതു വിൺഗംഗപോലെയും.

(സ്വന്തം)

ഇവിടെ അപാരതാദിധർമ്മം സ്പഷ്ടമാകയാൽ ഇതു വ്യക്തധർമ്മം.

൨൭ പ്രതീപമുപമാനത്തി-
നുപമേയത്വകല്പനം
നിൻകീർത്തിക്കൊപ്പമായ് പ്രഭ-
രാജിച്ചീടുന്നു ചന്ദ്രിക

ഉപമാനത്തിന്നു ഉപമേയത്വം കല്പിക്കുന്നതു പ്രതീപം. ഇവിടെ ഉപമാനമായ ചന്ദ്രികയെ, കീർത്തിയാകുന്ന ഉപമാനത്തിന്റെ ഉപമേയമായികല്പിച്ചിരിക്കുന്നു.

൨൮ ഉപമാനഭ്രമം ഭ്രാന്തി-
യുപമേയത്തിലേല്പതാം
നിന്മുഖം പത്മമെന്നോർത്തു
വിഭ്രമിക്കുന്നു വണ്ടുകൾ

ഉപമാനമാണെന്നുള്ള ഭ്രമം ഉപമേയത്തിൽ ഉണ്ടാകുന്നതു ഭ്രാന്തി. ഉദാഹരണത്തിൽ ഉപമേയമായ മുഖം ക

ണിട്ടു ഉപമാനമായ പത്മമാണെന്നു ഭ്രമം ഉണ്ടാകുന്നതിനാൽ ഭ്രാന്തി അലങ്കാരം.

൧൦. സന്ദേഹം വിഷയത്തിങ്ക-
ലുള്ള സന്ദിഗ്ദ്ധമാനത
മുഖം പാഥോജമോ ദിവ്യ-
മാൎഗ്ഗസ്ഥം ചന്ദ്രബിംബമോ

നിശ്ചയം ഇല്ലാതിരിക്കുന്നതു സന്ദേഹം. ഇതു ശുദ്ധം, നിശ്ചയഗൎഭം, നിശ്ചയാന്തം, എന്നു മൂന്നുവിധം. എപ്പോഴും സംശയമായിട്ടുള്ളതു ശുദ്ധസന്ദേഹം. ആദ്യത്തിലും അവസാനത്തിലും സംശയവും മദ്ധ്യത്തിൽ നിശ്ചയവും ഉള്ളതു നിശ്ചയഗൎഭം. സംശയത്തോടുകൂടി ആരംഭിച്ചു നിശ്ചയത്തിൽ പൎയ്യവസാനിക്കുന്നതു നിശ്ചയാന്തം.

മധുകരമിഥുനം ചേൎന്നണിതം പങ്കജമോ ഇതു
ചടുലനയന മേതച്ചന്ദ്രമോ ഇതു താവകീയം
ഇതി വിതതവികല്പം പങ്കിലീഭാവിതേ കാൺ
മമ ഹൃദയമിദാനീം മുഗ്ദ്ധലോകൈകസീമേ.

(ലീലാതിലകം)

ഇവിടെ ശുദ്ധസന്ദേഹം.

ആഴിച്ചാളക്കനാരോ കതിരവനെന്നുറച്ചാൽ ചൊല്ലിടുന്നു;
ശൂരോയൻ വഹ്നിയാവാം ചലിതമൊരുമയിട്ടും ഹരപാദമിന്നില്ല;
ഘോരൻ തൽക്കാലനാകാം മഹിഷമവനെഴും വാഹനം സന്നിധാനം
പോരിന്നുള്ളം പരന്മാർ പുരി വിവിധവികല്പങ്ങൾ കൈക്കൊണ്ടിടുന്നു.

(നൈഷധം)

ഇവിടെ സന്ദേഹം നിശ്ചയഗൎഭം.

൧൧. സൎവ്വജ്ഞശ്ശനാൽ മരണം-
ണേറ്റിരിക്കുന്നു കാമൻ സ്മൃതി
ചന്ദ്രനെക്കണ്ടിട്ടേനം-
മോക്ഷന്നു കാമിനിമുഖം.

സാദൃശ്യദർശനം കൊണ്ടു മറ്റൊന്നിനെ ഓർമ്മിക്കുന്നതു സ്മൃതി.

> ഇരംഗനികടത്തിൽ നിന്നയിച്ചതിലങ്ങും ചലിക്കയാൽ,
> പൂരം സുഷമ ഹാരമാ മയിലിലിയയെച്ചില്ലയൻ
> സ്വതൽപ്രചുരമാല്ലപ്രശാന്തതയിലായിൽ മെല്ലവേ.
> ഒന്നായൊരു പ്രഥായിനിയെല്ലും കലാപത്തെ ഓർമ്മിക്കയാൽ.
>
> (രഘുവംശം _ ഭാഷാന്തരം)

൪൨. പലതാം പലരുല്ലേഖം
ഒരുത്തനുല്ലേഖനാദികം
കാമനായ് സ്ത്രീകൾ കാണുന്നു
ഭവാനെ ശത്രു കാലനായ്

ഒന്നിനെത്തന്നെ പലരും പലവിധം കല്പിക്കുന്നതു ഉല്ലേഖം.

> കാമനിവനെ കരിഞ്ചിതപാദർക്കം—
> മാലികളും കല്ലോലമിവനിത്തമമേ!
> മുമ്പെന്നിവ മൊഴിഞ്ഞെന്നിവ മ.
> ങ്കൊരുപാരപ്പെടുന്ന കൃഷ്ണനിവ,
>
> (ചന്ദ്രോത്സവം)

൪൩. ഉപമാനോപമേയങ്ങളൊ—
ന്നായ് കല്പിക്ക രൂപകം
ഭവൽപ്പാദാംബുജത്തിങ്കൽ
വാഴട്ടെ ഞങ്ങൾ ഷട്പദം.

ഉപമാനോപമേയങ്ങളെ ഒന്നായി കല്പിക്കുന്നതു രൂപകം; ഉപമാനത്തിന്റെ രൂപത്തെ ഉപമേയത്തിൽ കല്പിക്കുന്നു എന്നു സാരം; ഉദാഹരണത്തിൽ ഉപമേയമായ പാദത്തിനും ഉപമാനമായ അംബുജത്തിനും അഭേദകല്പന ചെയ്തിരിക്കുന്നതിനാൽ രൂപകം. ഉപമതന്നെയാണ് രൂപകത്തിൽ അന്തർഗ്ഗതമായിരിക്കുന്നത്. ഉപമേയസ്വരൂപഭിത്തിയിൽ ഉപമാനചിത്രത്തെ പതിപ്പിക്കുന്നതു രൂപകം. സാ

ദൃശ്യരൂപകം, ആഭാസരൂപകം, രൂപിതരൂപകം, എന്നു രൂപകത്തിനു ഭേദങ്ങൾ ഉണ്ട്. പ്രത്യേകം സാദൃശ്യം കല്പിക്കുന്നതു സാദൃശ്യരൂപകം, വിശേഷണമല്ലാതെയൊന്നുമില്ലാതെ ഉൾപ്പൂവു കൽത്താർ ഇത്യാദി രൂപകം നിർമ്മിക്കുന്നതു ആഭാസരൂപകം. ധനുർവ്വല്ലി ഇത്യാദി രൂപിതരൂപകം.

സാംഗം നിരംഗം പരമ്പരിതം എന്നു രൂപകത്തിനു വേറെയും മൂന്നു ഭേദങ്ങൾ ഉണ്ട്. അംഗങ്ങളെ എല്ലാം പ്രത്യേകം കല്പിച്ച രൂപണത്തെ ചെയ്യുന്നതു സാംഗം. മൊത്തമായി പറയുന്നതു നിരംഗം.

ഒരു രൂപകത്തെ സാധിപ്പാൻ വേറെ ഒരു രൂപകം കല്പിക്കുന്നതു പരമ്പരിതം.

> താർമകൾതന്റെ കുചകുങ്കുമപങ്കമോട
> ചേർപ്പാൻ കൊതുന്നൊരു കാമിമാറിടത്തിൽ
> നന്നായ് വിളങ്ങുമൊരു കൌസ്തുഭമാം [illegible]
> [illegible] വിഭാസമരം.
>
> (ദൈവയോഗം)

ഇവിടെ രൂപകം സാംഗം.

> ശൈലപ്പുരം ജഗതി ശില്പവൽ തൽ-
> ശൈലപ്രദേശമതിനെ ഭേദിപ്പൂ ഞാൻ
> ശിവപ്രിയേ! തവ ചരണാരവിന്ദമതാ.
> [illegible] നീ തന്നിടുകഭ്യുദയം ശിവം.
>
> (രാഘവാഭ്യുദയം)

ഉപമാനമാകുന്ന ജഗത്തെ സാംഗമായി കല്പിച്ചിട്ടില്ലാത്തതിനാൽ ഇവിടെ നിരംഗമായ രൂപകം.

> താരിൽത്തന്വീകടാക്ഷാഞ്ചലമധുപകുലാ [illegible] രാമാജനാനാം
> തിരിതിങ്ങിത്തൂർണ്ണമാ [illegible]
> [illegible] തട്ടകത്തിൽ കളിയാടുന്ന ലക്ഷ്മീ കളിക്ക.
> [illegible] അതിനിപ്പുറം വിക്രമന്റെ [illegible] കല്പാന്തരത്തോളമേ.
>
> (പുനം നമ്പൂതിരി)

ഇവിടെ രൂപകം പരമ്പരിതം.

ഒന്നിനെത്തന്നെ പലതായി രൂപം ചെയ്യുന്നതു മാലാരൂപകമാകുന്നു.

“സൌന്ദര്യത്തിന്റെ കേളീഗൃഹമന്ന കൃശോദരത്തിനൊരു ഭൂഷണമായ മനോരമ മരിയിൻനെറിയിന്റെ സൃഷ്ടിവൈഭവം ദീർഘസൃഷ്ടിവിശ്രമതിലകം.”

(ഉത്തരരാമായണം ചമ്പു)

ഉപമാനം രൂപണംകൊണ്ടു ഉപമേയമായി, അതിന്റെ പൂർവ്വാവസ്ഥയിൽ ദുഷ്കരമായ ഒന്നിനെ ചെയ്യുന്നതു പരിണാമം.

‘നിന്മഹാംബുജമിതെന്നെ രക്ഷിക്കട്ടെ മഹീപതേ’

ഇവിടെ ഉപമാനമായ അംബുജം പാദത്തോട് അഭേദത്തെ പ്രാപിച്ച് ഉപമേയമായി, അതിന്റെ പൂർവ്വാവസ്ഥയിൽ ചെയ്യാൻ സാധിക്കാതിരുന്ന പാലനത്തെ ചെയ്യുന്നതിനു, ശക്തി സമ്പാദിക്കുന്നു.

ഉദാ. പ്രകൃതം വിട്ടു മറ്റൊന്നു
കല്പിക്കുവതപഹ്നുതി
സുധാംശുവല്ലിതാരത്തീടിൽ
വ്യോമഗംഗാസരോരുഹം.

പ്രകൃതത്തെ നിഷേധിച്ചു വേറെ ഒന്നിനെ കല്പിക്കുന്നത് അപഹ്നുതി. ഇവിടെ ചന്ദ്രന്റെ ചന്ദ്രത്വത്തെ മറച്ച് അതിന്റെ സരോരുഹത്വം കല്പിച്ചിരിക്കുന്നു. അസത്യത്തെക്കുറിക്കുന്ന വ്യാജം ഛലം മുതലായ പദങ്ങളെ അപഹ്നുതിയ്ക്കു കല്പിക്കാം.

പ്രിയസഖ! ചൊരിയുന്നിവിപ്രയോഗകാലത്തിൽ
കാമിയിലപി തീപ്പൊരി ചന്ദ്രനല്ലീവൻ
മദനനയച്ചൊരു പുഷ്പവില്ലിൻതൊടുത്താർ
പരികരമിതിയോരോ ചൊരിയും.

(വിലാസതിലകം)

ഇവിടെ, ഇതു ചന്ദ്രനല്ല കാമദേവന്റെ അമ്പാണെന്നു കല്പിച്ചിരിക്കുന്നതിനാൽ അപഹ്നുതി

൨൫. പ്രകൃതത്തിങ്കലന്യത്തിൻ-
ധർമ്മത്താലിതതല്ലയോ
എന്നാശങ്കയെ വിട്ടീടു-
മതുൽപ്രേക്ഷയലംകൃതി.

൨൬. ധർമ്മിധർമ്മംഫലംഹേതു-
വിവതന്നാശ്രയത്തിനാൽ
ഉൽപ്രേക്ഷ നാലുവിധമാ-
യുണ്ടതതാൽ സ്വരൂപകം.

൨൭. കോകീവിരഹമാംതീയിൻ-
പുകയല്ലേതമസ്സിതു
പുരണ്ടിതെന്നു തോന്നുന്നു
തമസ്സതനവൈവർണ്യം.

൨൮. പങ്കജശ്രീഹരിപ്പാനാ-
കരംനീട്ടുന്നവെണ്മതി
മണ്ണിൽപ്പതിക്കയാലല്ലീ-
ന്നിന്ദുബിംബം ചുവന്നുപോയ്.

ഉപമേയമായ പ്രകൃതത്തിൽ, ഉപമാനമായ അന്യത്തിന്റെ ധർമ്മം കാണുകയാൽ, ഇതു അതല്ലയോ എന്നു ശങ്കിക്കുന്നതു് ഉൽപ്രേക്ഷ. ധർമ്മി ധർമ്മം ഫലം ഹേതു എന്നിവയെ ആശ്രയിച്ചു, ധർമ്മ്യുൽപ്രേക്ഷ ധർമ്മോൽപ്രേക്ഷ ഫലോൽപ്രേക്ഷ ഹേതൂൽപ്രേക്ഷ എന്നു, ഇതു നാലുവിധമുണ്ടു്. ഉൽപ്രേക്ഷാവിഷയം ധർമ്മിയെത്തൊട്ടുകൂടിയിരിക്കുന്നതു് ധർമ്മ്യുൽപ്രേക്ഷ. ഇതു് കോകികളുടെ വിരഹാഗ്നിയുടെ പുകയല്ലേ എന്നതിൽ, വർണ്ണ്യമായ തമസ്സ് അവർണ്ണ്യമായ ധൂമമല്ലേ എന്നു, കറുപ്പു, എന്ന ധർമ്മം കൊണ്ടു് ശങ്കിക്കുന്നു. തമസ്സു കറുപ്പുള്ള വസ്തുവാകയാൽ ഇവിടെ ഉൽപ്രേക്ഷ ധർമ്മി. ഉൽപ്രേക്ഷയുടെ വിഷയം ധർമ്മമാത്രമാകുന്നതു ധർമ്മോൽപ്രേക്ഷ. വ്യാപിക്കുക എന്ന ക്രിയയെ പുരളുക എന്നു ശങ്കിക്കുന്നതു് ഉദാഹരണം. താമരയുടെ ശോഭയെ ഹരിക്കാനാണോ ചന്ദ്രൻ കരം നീട്ടു

ന്നത് എന്നു ഹേതൂൽപ്രേക്ഷ. താമരകളുടെ ശോഭയെല്ലാം ചന്ദ്രൻ കരം നീട്ടിയ ഉടനെ നശിക്കുന്നതിനാൽ കരപ്രസാദത്തിന്റെ ഫലം പത്മശോഭാഹരണമെന്ന് ഉൽപ്രേക്ഷിക്കുന്നു. മണ്ണിൽ സഞ്ചരിച്ചതുകൊണ്ടാണ് നിന്റെ കാലു ചുവന്നതെന്ന് ഉദാഹരണത്തിൽ, കാലു ചുവക്കുന്നതിനു സഞ്ചാരണത്തെ കാരണമായി കല്പിച്ചിരിക്കുന്നതിനാൽ, ഹേതൂൽപ്രേക്ഷ.

ഉപമയ്ക്കും ഉൽപ്രേക്ഷയ്ക്കും തമ്മിൽ ഉള്ള വ്യത്യാസമിതാകുന്നു. ഉപമയ്ക്ക് ഉപമാനം യഥാർത്ഥമായിരിക്കും. ഉൽപ്രേക്ഷക്കു സദൃശവസ്തു കല്പിതമാകുന്നു. സന്ധ്യയ്ക്കു കാണുന്ന ഇരുട്ട് കോകികളുടെ വിരഹാഗ്നിയുടെ പുകയാണോ എന്നു ശങ്കിക്കുന്നത് തീയുള്ളിടത്തു പുകകാണുമെന്ന യുക്തിയെ ആശ്രയിച്ചാണ്. എന്നാൽ വിരഹാഗ്നിക്കു പുകയില്ലായ്കയാൽ അതു സങ്കല്പമാത്രമാകുന്നു. ശങ്കിക്കുന്നു, വിചാരിക്കുന്നു, ആകാം, ആയിരിക്കാം, ഊഹിക്കുന്നു, പോലെ മുതലായവ ഉൽപ്രേക്ഷാശബ്ദങ്ങളാകുന്നു. വാച്യം എന്നും, പ്രതീയമാനം എന്നും, ഉൽപ്രേക്ഷയ്ക്കു രണ്ടു ഭേദം ഉണ്ട്. ഉൽപ്രേക്ഷാശബ്ദങ്ങൾ കൂടിയത് വാച്യം; ഇല്ലാത്തതു പ്രതീയമാനം.

ഉദ. വർണ്ണ്യാവർണ്ണ്യങ്ങളിൽ ചൊല്ലും
വിശേഷം വ്യതിരേകമാം
ചന്ദ്രനെപ്പോലെ നിൻ വക്ത്രം
കളങ്കാലിപ്തമല്ലതാം

വർണ്ണ്യമായ ഉപമേയത്തിനും, അവർണ്ണ്യമായ ഉപമാനത്തിനും വിശേഷം കല്പിക്കുന്നത് വ്യതിരേകം. ഉപമാനോപമേയങ്ങൾക്കു ചില ധർമ്മങ്ങളിൽ ഐക്യമുണ്ടായിട്ടും വ്യതിരേകം കല്പിക്കാം.

[illegible]
[illegible]
[illegible]
[illegible]

([illegible])

൨൦. ദൃഷ്ടാന്തമാമലങ്കാരം
ധർമ്മത്തിൻ പ്രതിബിംബമാം
കീർത്തിമാനങ്ങു താൻ ഭൂവിൽ—
ച്ചന്ദ്രൻ താൻ കാന്തിശാലിയും.

വർണ്ണ്യാവർണ്ണ്യങ്ങളിൽ ധർമ്മത്തെ പ്രതിബിംബിപ്പിക്കുന്നതു ദൃഷ്ടാന്തം. ഉദാഹരണത്തിൽ കീർത്തിമാൻ ബിംബവും കാന്തിശാലി പ്രതിബിംബവുമാകുന്നു.

തനയേ തവ സമ്പത്തിനൊപ്പമിനിയോരൈശ്വര്യമൊന്നു നീ വരിച്ചുകൊൾക
ധനഹീനനിൽ നിന്നു മേച്ചിലാമോ പനിനീർവീണ്ടു കളം നിറഞ്ഞതില്ല.
(ലീലാതിലകം)

൨൧. ഹൃദയാഹ്ലാദമേകുന്ന
സഹദേവം സഹോദരകതിയാം
ശത്രുക്കളൊത്തു നിൻകീർത്തി—
ദിഗന്തത്തിങ്കലെത്തിനാർ.

ഹൃദയങ്ങൾക്കുമായവിധം രണ്ടു ഭാവങ്ങളെ ഒരുമിച്ചു പറയുന്നതു സഹോക്തി.

സീതാദേവിയുടെ കയ്യിൽ പുളകത്തോടു സമം വില്ലുപൊട്ടി, ധരിത്രി.
നേത്രാംബുജങ്ങൾക്കൊപ്പം കൂടെ സമയ ധരിക്കം പൊട്ടി ഭയമായി, മന്നിൽ
ഭാഗ്യം വാൻപൊഴിയും സുമനികരത്തോടൊരുമിച്ചു വീണു, ചൊല്ലി.
ശ്രീരാമരാവണന്മാരൊപ്പം ജനങ്ങൾടെ ജയഘോഷമെങ്ങും മുഴങ്ങി.
(രാഘവാഭ്യുദയം)

൨൨. അനേകമൊരു ധർമ്മത്തിൽ—
ച്ചേർന്നിടുന്നതു ദീപകം
മദത്താലാനശോഭിക്കു—
മൈശ്വര്യംകൊണ്ടു മന്നവൻ.

അനേകം വസ്തുക്കൾക്ക് ഒരു ധർമ്മത്തിലന്വയം കല്പിക്കുന്നത് ദീപകം.

൨൩. വിശേഷണമഭിപ്രായ—
ഗർഭമാകിൽ പരികരം

സുധാംശുവെ ധരിക്കുന്നോൻ
താപംപോക്കട്ടെ മേ ശിവൻ.

വിശേഷണം സാഭിപ്രായമാകുന്നതു പരികരം. സുധാംശുവേ ധരിക്കുന്നവൻ എന്ന വിശേഷണത്തിൽ ചൂടിനെ നശിപ്പിക്കുവാൻ ശക്തിയുള്ളവൻ എന്ന അഭിപ്രായത്തെ കാണിച്ചിരിക്കുന്നു.

നിരന്തരം നിരുപമലക്ഷണാന്വിതാൽ പൃഥുക്കളാം മണികൾ വഹിച്ചു ജാനകി
സുതാൎത്ഥമപ്പൊഴുതിഹ രത്നഗൎഭയാം ക്ഷമാക്ഷമയെസ്സുപരി ഭരിച്ച ധൈൎയ്യവാൻ
(രാഘവാഭ്യുദയം)

ഇവിടെ 'ക്ഷമ'യുടെ വിശേഷണമായ രത്നഗൎഭ എന്ന പദത്തിൽ, ബഹുവിധങ്ങളായ മണികളെ അകത്തു വഹിക്കുന്നവൾ എന്നുള്ള അഭിപ്രായത്തെ, പ്രകാശിപ്പിച്ചിരിക്കുന്നു.

൨൪. വിശേഷ്യമഭിപ്രായ-
യുക്തമാകിലങ്കുരം.
പുരുഷാൎത്ഥങ്ങൾ നാലേകു-
മവൻ ദേവൻ ചതുൎഭുജൻ.

വിശേഷ്യം സാഭിപ്രായമാകുന്നതു പരികരാങ്കുരം. ഉദാഹരണത്തിൽ വിശേഷ്യമായ ചതുൎഭുജപദത്തിൽ നാലു പുരുഷാൎത്ഥങ്ങളെ കൊടുക്കുവാൻ ശക്തിയുള്ളവൻ എന്ന അഭിപ്രായത്തെ കാണിച്ചിരിക്കുന്നു.

൨൫. വൎണ്ണ്യാവൎണ്ണ്യങ്ങൾതൻ ധൎമ്മ-
സംയോഗം തുല്യയോഗിത
ക്ഷയിട്ടുന്നു സരോജങ്ങൾ
കാമിനീവദനങ്ങളും.

ഉപമേയത്തിന്റെയും ഉപമാനത്തിന്റെയും ധൎമ്മത്തിനുള്ള സംയോഗം തുല്യയോഗിത.

൨൬. വസ്തുവിനുള്ള രൂപത്തെ-
യതുപോൽത്തന്നെ ചിത്രമായ്

വർണ്ണിപ്പിടുവതാകുന്നതൽ
സ്വഭാവോക്തിയലങ്കൃതി.

വസ്തുവിന്റെ ഭാവത്തെ അതുപോലെതന്നെ വർണ്ണിക്കുന്നതു സ്വഭാവോക്തി. കവി ഗ്രഹിക്കുന്ന സ്വഭാവം സാധാരണ ലൌകികന്മാർ അറിയാൻ കഴിയാത്തതായിരിക്കണം.

[illegible]
[illegible]
[illegible]
[illegible]
([illegible])

ഇവിടെ പന്തുകളിച്ചുകൊണ്ടിരിക്കുന്ന ഒരു നായികയുടെ ഭാവത്തെ അതുപോലെ തന്നെ വർണ്ണിച്ചിരിക്കുന്നു.

[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
([illegible])

നന്ദഗോപരുടെ ഭവനത്തെക്കുറിച്ചുള്ള ഈ (സന്ധ്യാകാലത്തെ) വർണ്ണനത്തിൽ ഒരു ഗോപഗൃഹത്തിന്റെ സ്വഭാവത്തെ ഭംഗിയായി കാണിച്ചിരിക്കുന്നു.

[illegible]
[illegible]
[illegible]
[illegible]

[illegible]

> തിങ്കൾ കലസ്സുത്രിലവനഗതിശ്രീതാരകിതേതി പ്രയിക.
> പ്രാകാരം കൊണ്ടതികഴകിനം വാഴിപിപാലമായവച്ചു്
> ശൃംഗാഗ്രംകൊണ്ടണികതിതൊട്ടും ഗോപുരത്തിനപാരമാ
> രുപാചാരാം മഹിതകനകത്താന്റെ തിണ്ടിട്ടമഴം
>
> (മ. സന്ദേശം)

ഇവിടെ 'ശൃംഗാഗ്രംകൊണ്ടണികതിതൊട്ട്' എന്നു അതിശയോക്തിയുടെ കല്പനകൊണ്ടാണ്. ഉള്ളതിനെ അധികമായി വർണ്ണിച്ചിട്ടുള്ള അതിശയോക്തിയാണിതു. വാസ്തവമായുള്ളതിനെ വളരെ കുറച്ചു പറയുന്നതിനു താഴെ ഉദാഹരണം കാണിക്കുന്നു.

> നിതംബവും സ്തനഭാരവും ചമച്ചവാൻ
> പിന്നം കുറച്ചുയരുമാ മദ്ധ്യഭാഗമൻ
> ദൃതം മലിന്നതന്നെ വർണ്ണിക്കുന്നവർ,
> മിതത്തൊടാ വയരതിനെ കുറച്ചാർ.
>
> (ഭാഷാ ശാകുന്തളം)

ഇവിടെ ഉദരത്തിന്റെ സ്വാഭാവികമായിട്ടുള്ള കൃശതയെ വളരെ അധികം കുറച്ചു വർണ്ണിച്ചിരിക്കുന്നു.

രൂപകാതിശയോക്തി, സംബന്ധാതിശയോക്തി, അസംബന്ധാതിശയോക്തി, അക്രമാതിശയോക്തി, ഹേത്വതിശയോക്തി, എന്നു അതിശയോക്തികൾ പല ഭേദങ്ങളും ഉണ്ട്. ഉപമേയോപമാനങ്ങൾക്കു അഭേദത്തെ കല്പിച്ചു ഉപമേയത്തെ കാണിക്കാതെ ഉപമാനത്തെ മാത്രം കല്പിക്കുന്നതു രൂപകാതിശയോക്തി.

> പാരാതെ ഒന്നു പൊയ്കയിൽ നടുവിൽ പൂവൊന്നു പിന്നെ മേല്പിൽ.
> മുപ്പാരാട്ടം തന്നു പൂമൊട്ടിനു പതിലസൽപ്പുള്ളിയാണെന്നുമിന്നും
> താഴ്ന്നു അങ്ങൾ കൈകൾ താണ്ടുവാൻ വയ്യാതസ്വാദിൽ പൂവിനുമേ
> കാണുന്നു പൂല്ലാസമിവ്യാമോഹിതകലക്കെ! ചെമ്മീ മെഹസൗന്ദര്യം
>
> (വെണ്മണി മഹൻ നമ്പൂതിരിപ്പാട്)

ഇവിടെ പൂവു മുതലായ ഉപമാനങ്ങളെ മാത്രം കാണിച്ചിരിക്കുന്നു. അയോഗത്തിൽ യോഗം കല്പിക്കുന്നതു സംബന്ധാതിശയോക്തി.

നീരാടീടേണ്ടോർ ചില ചലദൃശാം പൂർണ്ണചന്ദ്രാഭിരാമം
വക്ത്രം കണ്ടെൻപൊഴുതു കുഴയൻ ഭ്രൂവു മാബൽപ്രസൂനം
കൂടിപ്പിന്നെ തെളിവിനൊടെ ലാക്കുവിണ്ണിച്ചിരിച്ചി
ട്ടംഭോജാനാം പകലപി നിരക്കുകിണങ്ങീടവേറെന്ന.

(ഉ. സന്ദേശം)

യോഗത്തിൽ അയോഗം കല്പിക്കുന്നതു അസംബന്ധാതിശയോക്തി.

കൽക്കാളമ്പോരതിൽ കല്പിച്ചധികമൊരുവരി യെഴുകതൊക്കയും
കൃഷ്ണ മിട്ടടക്കൽ വന്നു നിരക്കിലാക്കിക്കിലക്കാം
ഉൽക്കടൻ മദനനാക്കിശാപിശുശിശക്ഷ്ണനെന്നി യതൊക്കയും
അന്നതോരവേറെ വെണ്മതോടിമല പൃക്കിടാതെ തല പൊക്കിടാ.

(വെണ്മണി മഹൻ നമ്പൂതിരിപ്പാട്)

കാര്യകാരണങ്ങളുടെ യോഗം അക്രമാതിശയോക്തി.

വർഷം തുടങ്ങി പാന്ഥസ്ത്രീ-
മിഴിയും മുകിലും സമം.

(ഭാഷാഭൂഷണം)

ഇവിടെ മേഘം വർഷിക്കുന്നതു പാന്ഥസ്ത്രീകൾക്കു കരയാൻ കാരണമായിരിക്കുന്നു. കാര്യകാരണങ്ങൾക്കു അഭേദം കല്പിക്കുന്നതു ഹേത്വതിശയോക്തി.

പുരികുഴൽക്കിടാത്തിൽ പൂനിലാവിന്റെ സത്തും
പുരികലതയിലോമൽ കാമസാമ്രാജ്യസത്തും
പരിചിനൊടു ധരിക്കും പാർവ്വതീശന്റെ ...
പ്രാഗ്രസുകൃതവല്ലിയുള്ളപ്പോഴും കൈതൊഴുന്നേൻ.

(ചെ അനന്തച്ചൂരി കവിവർമ്മ ... തമ്പുരാൻ)

ഇവിടെ പാർവ്വതീശന്റെ സുകൃതം നിമിത്തമുണ്ടായതാണെന്നുള്ള കാരണത്തിനു അഭേദം കല്പിച്ചിരിക്കുന്നു. ഉപമേയത്തിനും ഉപമാനത്തിനും അഭേദം കല്പിക്കുന്നതു രൂപകം; ഉപമേയത്തിനു പകരം ഉപമാനത്തെ ആരോപിക്കുന്നതു് രൂപകാതിശയോക്തി; കാര്യകാരണങ്ങൾക്കു അഭേദം കല്പിക്കുന്നതു ഹേത്വതിശയോക്തി; എന്നു ഇവയ്ക്കുള്ള വ്യത്യാസം. ലോകപ്രസിദ്ധമായ ഒന്നിനെ അതിൽനിന്നു അന്യമായി കല്പിക്കുന്നതു ഭേദകാതിശയോക്തി.

അന്ന്യം താനിവൾതൻ രൂപ മന്ന്യം കാന്തിവിലാസവും
തന്നിയാളിവൾ ധാതാവിന്നന്ന്യാദൃശസൃഷ്ടിയാം.

(സ്വന്തം)

രൂപാദികൾ ലോകപ്രസിദ്ധങ്ങളാണെങ്കിലും അനന്യങ്ങളായി കല്പിച്ചിരിക്കുന്നു.

വപ്രസ്തുതത്തിലവർണ്ണ്യന്താൻ
സമാസോക്തിയലങ്കൃതി
ഐന്ദ്രിതന്റെ മുഖം രക്തൻ
ചുംബിക്കുന്നു നിശാകരൻ

പ്രകൃതമായ വസ്തുവിനെ വർണ്ണിക്കുമ്പോൾ, അതിന്റെ വിശേഷണസാമ്യത്താൽ അപ്രകൃതവസ്തുധർമ്മംകൂടി കാണിക്കുന്നതു, സമാസോക്തി. കിഴക്കു ചന്ദ്രൻ ഉദിക്കുന്നു എന്ന ഉദാഹരണത്തിൽ, ഒരു കാമുകന്റെ കാമിനീവദനചുംബനരൂപമായ പ്രവൃത്തിയേയും കാണിച്ചിരിക്കുന്നു. അർത്ഥദ്വയത്തെ സംക്ഷേപമായി കഥിക്കുന്നതു സമാസോക്തി എന്ന അർത്ഥം.

താരാനാഥം പാരിലേയ്ക്കൊത്തനിശമമരതാ താപിയായ് ചേർന്നു ഭംഗം.
സ്ഥാനഭ്രംശം ഭവിച്ചൂ വസുഗണമഖിലം നഷ്ടമായ് തീർന്നു വേഗം
ദീനതാപം പൂണ്ടു കഷ്ടം പതിതനിലൊരു കാരുണ്യം കൂടിയില്ലാ.
ഇന്നീക്കൈക്കൊണ്ടു ചണ്ഡദ്യുതി ചരമഗിരാധീനനായ് ദീനവൃത്തൻ.

(രാഘവാഭ്യുദയം)

പ്രകൃതമായ സന്ധ്യയെ വർണ്ണിച്ചിരിക്കുന്ന ഈ പദ്യത്തിൽ ഒരു ധൂർത്തന്റെ അധഃപതനത്തെക്കൂടെ കാണിച്ചിരിക്കുന്നു.

വൻതെസംഗതിയതാംഭേദു-
കാര്യങ്ങൾക്കുള്ളൂരത
വിശേഷംകൂടിയുള്ളതു
ശ്ലിഷ്ടിക്കുന്നിതുപരമ്പരം.

കാൎയ്യകാരണങ്ങൾക്കു അടുപ്പമില്ലാതിരിക്കുന്നതു അസംഗതി. ഒരു ദിക്കിൽ വിഷപാനം ചെയ്താൽ വേറെ ഒരു ദിക്കിൽ മോഹം ഉണ്ടാകുന്നതല്ല. ഉദാഹരണത്തിൽ മേഘം വിഷപാനം ചെയ്യുന്നു; [ജലത്തെ ഉള്ളിലാക്കുന്നു] എന്നാൽ മോഹത്തെ പ്രാപിക്കുന്നതു പാന്ഥസ്ത്രീകളാണു്; [വഴിപോക്കന്മാരുടെ ഭാൎയ്യമാർ മഴക്കാറുകണ്ടു വിരഹദുഃഖം വൎദ്ധിച്ചു മോഹാധിക്യത്തെ പ്രാപിക്കുന്നു] ഇവിടെ അസംഗതി.

> [illegible]
> [illegible]
> [illegible]
> [illegible]
>
> ([illegible])

ഇവിടെ അലങ്കരിച്ചതു ഒരിടം; അലങ്കരിക്കേണ്ടതു വേറെ ഒരിടം;

> സംവിശേഷോക്തിയതാം കാൎയ്യം-
> ഉളയാതേ ഹേതുവുള്ളിലും
> സ്മരദീപമെരിഞ്ഞിട്ടും
> ഏൽ സ്നേഹക്ഷയമില്ലതേ.

കാരണം ഉണ്ടായിട്ടും കാൎയ്യം സംഭവിക്കാതിരിക്കുന്നതു വിശേഷോക്തി. ഉദാഹരണത്തിൽ സ്മരനാകുന്ന വിളക്കു കത്തിക്കൊണ്ടിരുന്നിട്ടും സ്നേഹക്ഷയം (തൈലനാശം — പ്രണയക്ഷയം എന്നും) ഉണ്ടാകുന്നില്ലെന്നുള്ളതിനാൽ വിശേഷോക്തി.

> അസംഭവ്യതമാമത്ര-
> മുണ്ടാകാൻ കഴിയാത്തതു
> ഒരേരത്തിലിടയ്ക്കൊപ്പൻ
> കുന്നെപ്പൊക്കിട്ടെന്നതായ്

ഉണ്ടാകാൻ പാടില്ലാത്ത അൎത്ഥത്തെ വൎണ്ണിക്കുന്നതു

അസംഭവം. ഒരിടയക്കുട്ടി പർവ്വതത്തെ ചുമക്കുക എന്നതു ഉണ്ടാകാൻ പാടില്ലാത്തതാണ്. [ഉദാഹരണം ഭഗവാന്റെ ഗോവർദ്ധനോദ്ധാരണത്തെ സൂചിപ്പിക്കുന്നു.]

> നാനാർത്ഥാത്മകമാം ശ്ലേഷം
> വർണ്ണ്യാവർണ്ണ്യോഭയാശ്രിതം
> സർവ്വജ്ഞൈകമൗലിമാമവു
> കാമം ചേർക്കട്ടെ നമ്മളിൽ.

ഒരു വാക്യത്തിൽ പല അർത്ഥങ്ങളും അടങ്ങിയിരിക്കുന്നതു ശ്ലേഷം. വർണ്ണ്യത്തെയും അവർണ്ണ്യത്തെയും വർണ്ണ്യാവർണ്ണ്യങ്ങളെയും ആശ്രയിച്ച് ഇതു മൂന്നുവിധം; രണ്ടു അർത്ഥവും വർണ്ണ്യത്തിനു യോജിക്കുന്നതു വർണ്ണ്യശ്ലേഷം, യോജിക്കാത്തതു അവർണ്ണ്യം.

> പുഷ്ട്യാഢ്യം ബുധജനമനോഹരം ചമ്പകിലിട്ടുള്ള ബന്ധാഢ്യം
> ഭോഗാൻ വരുന്നതും ഒരു മദ തഥാ കൊടുത്തുവരുമെല്ലാം
> ഒട്ടും തനിക്കില്ലയെന്ന മതം ഹൃഷ്ടിയ കൂപ്പാതിലും
> സേവിച്ചിട്ടറിയൻ ചിരമൊരു ഉപദേശ ചാതുര്യനായിതീരുന്നേൻ
>
> (കുഞ്ചൻനമ്പ്യാർ)

രണ്ടു അർത്ഥവും വർണ്ണ്യത്തിനു യോജിക്കുന്നതിനാൽ ഇവിടെ വർണ്ണ്യശ്ലേഷം.

> പുഷ്പവാനത്തിലാസം
> കാട്ടുമലങ്ങളിലായു വിലസീടും
> ഭൃംഗാളിപുഞ്ജത്താൽ
> വിശ്വം കമലത്തിനൊത്തതിളങ്ങിയാടും.
>
> (ഭാഷാഭൂഷണം)

രണ്ടു അർത്ഥവും അപ്രകൃതമാകയാൽ ഇതു അവർണ്ണ്യശ്ലേഷം.

> ഭൃംഗങ്ങളാൽ സപദി നന്ദിയെഴിലിഷ്ടമാനൻ
> പ്രതിപക്ഷമതിനാലതിശോഭിതാംഗൻ

ശ്രീവഞ്ചിഭൂപൻ ശ്രീതുലാപുരുഷദാനം
സർവ്വജ്ഞനായി വിശ്വസ്തനിഹ രാജശേഖരി.

ഒരർത്ഥം വർണ്ണ്യത്തിനു യോജിക്കുന്നതും മററതു അപ്രകൃതവുമാകയാൽ ഇവിടെ വർണ്ണ്യാവർണ്ണ്യശ്ലേഷം.

ശ്ലേഷം, സഭംഗം, അഭംഗം എന്നു വേറെയും രണ്ടു വിധം ഉണ്ട്. രണ്ടു വിധം പദം മുറിച്ചു അർത്ഥം കല്പിക്കുന്നതു സഭംഗശ്ലേഷം.

തീരാവിലങ്ങു പണി തോൽക്കിളമിജ്ഞനാമി-
നീരവ്യ വിട്ടൊഴിയുവാൻ വിധിയേകിടേണം
പ്രാർത്ഥിച്ചിതം ഭൂമണിയെന്നൊടു കാമുകൻ വന്നു.
നക്ഷത്രമാലയിലെ വിണ്ണുപമേ നമിച്ചാൻ.

(ദൂ. ച. വിലാസം)

ഇവിടെ തീരാ, വിലങ്ങുപണി, തീ, രാവിൽ, അങ്ങു, പണി എന്നു രണ്ടുവിധം പദം മുറിക്കേണ്ടിയിരിക്കുന്നതിനാൽ സഭംഗശ്ലേഷം. മുമ്പു കൊടുത്ത 'ഉത്തുംഗമായ്'ഇത്യാദിപദ്യം അഭംഗശ്ലേഷത്തിനു ഉദാഹരണം.

ശബ്ദശ്ലേഷം അർത്ഥശ്ലേഷം എന്നു ശ്ലേഷം വേറെയും രണ്ടു വിധമുണ്ട്. ശബ്ദത്തിൻെറ നാനാർത്ഥത്തെ ആശ്രയിക്കുന്നതു ശബ്ദശ്ലേഷം.

അന്നാക്രാന്ത കളമോ കമലസ്ഥ-
ലന്നന്തകലിതപദ്മസാരസമോ
എന്നല്ല പലമാരെരുന്ത നൽ-
സ്സന്താനാംശിയുമെ ചാരകന്ദമോ.

(ഉമാകേരളം)

അർത്ഥത്തെ ആശ്രയിച്ചുള്ളതു അർത്ഥശ്ലേഷം.

ശരദുദയമതിൽ ഹാ! ചന്ദ്രികാസുന്ദരാംഗൻ
സ്വരൂപസതി നാഥാ! തമ്പി നീയെന്നപോലെ
നയനസുഖമിയന്നീ നീ ഇന്നിതു ചൊൽക ചെറ്റും-
മന്നവർ [illegible] തെളിഞ്ഞിലാരോ!

(ചന്ദ്രോത്സവം)

സഭംഗശ്ലേഷം ശബ്ദാലങ്കാരമാണെന്നും, അഭംഗശ്ലേഷം അൎത്ഥാലങ്കാരമാണെന്നും, രണ്ടും ശബ്ദാലങ്കാരമാണെന്നും, രണ്ടും അൎത്ഥാലങ്കാരമാണെന്നും, ശ്ലേഷം ഒരു സ്വതന്ത്രമായ അലങ്കാരമേ അല്ലെന്നും, ആലങ്കാരികന്മാൎക്കു പല വാദങ്ങളുമുണ്ട്. രണ്ടും അൎത്ഥാലങ്കാരമാണെന്നുള്ള അപ്പയ്യദീക്ഷിതരുടെ അഭിപ്രായം സ്വീകരണീയമാകുന്നു. സമാസോക്തി വിരോധാഭാസം വക്രോക്തി മുതലായ പല അലങ്കാരങ്ങൾക്കും ശ്ലേഷം മൂലമാകും. രൂപകം ഉപമ ഉൽപ്രേക്ഷ മുതലായ പല അലങ്കാരങ്ങൾക്കും ശ്ലേഷം യോജിക്കുന്നു.

സുദിനമ്പോൾ വിരജോദ്യോതിതമായ്
ഗുരുവരമ്പോൾ പ്രസാദാദ്യവിശാലമായ്
തരുണീപാദമ്പോൽ ബഹുലാക്ഷാലങ്കൃതമായ്
ശശധരബിംബമ്പോൽ സകളങ്കമായ്
പാൎവ്വതീരമണമ്പോൽ രുദ്രാക്ഷലോകനീയമായ്
സൽകവിവാക്യമ്പോൽ പ്രകടിതനാനാൎത്ഥകമായ്.

(അംബരീഷപ്രബന്ധം)

ഇവിടെ ഉപമ ശ്ലേഷം കൊണ്ടു സിദ്ധമായിരിക്കുന്നു.

൩൩. വക്രോക്തി വക്രമാം മട്ടിൽ
ശ്ലേഷം തന്നെ കഥിപ്പതാം

ഭാസിക്കുന്ന രവിരശ്മികളോടും, ഭാസിക്കുന്ന ഗുണങ്ങളോടും ശോഭിക്കുന്നതു്.

തളിർ വ്യാപിച്ചു കൊണ്ടു പവിഴം കലൎന്ന ശിഖരം.

വളരെ ലാക്ഷാരസത്താലും അക്ഷരങ്ങളാലും അലങ്കൃതം.

കാമശാസ്ത്രസിദ്ധമായ പുരുഷസ്ത്രീരതിവിശേഷം.

ഇച്ഛാരതി. മദനസഹിതം.

ശിവന്റെ നേത്രങ്ങൾക്കു ആഹ്ലാദമുണ്ടാക്കുന്നതു്. രുദ്രാക്ഷം കൊണ്ടു ദൎശനീയം.

പലവിധമായ അൎത്ഥം, പദാൎത്ഥം.

പയോധരത്തെ വീക്ഷിക്ക
മാററുരഃകഞ്ചുകത്തെ നീ

ശ്ലേഷത്തെ തന്നെ വക്രമായി പറയുന്നതു വക്രോക്തി. പയോധരത്തെ കാണുവാൻ പറയുന്ന നായികയോടു, പയോധരശബ്ദത്തിനു 'വക്രമായി (നേരെയല്ലാതെ) സ്തനം എന്ന അർത്ഥത്തെ ഗ്രഹിച്ചു, ഉരഃകഞ്ചുകത്തെ മാററുവാൻ നായകൻ പറയുന്നു.

നിത്യമേകൾ പരതന്ത്രയാണു ഞാൻ സത്യമെന്നാലിഹ കാട്ടു കാട്ടുകിൽ
സ്വാതന്ത്ര്യമായിട്ടകയില്ല ഭോ! മേ- ശുശ്രൂഷയാമുള്ളവാകയില്ലയോ
തന്ത്രമെന്നതു പരം നികാമമെങ്ങനിട്ടന്ന പരതന്ത്രയെന്ന നീ
ചൊന്നമോരു വനദർശനോത്സുക- സ്വാതന്ത്ര്യയായ തവ കാട്ടു കാട്ടിടാം.

(രാഘവാഭ്യുദയം.

ഇവിടെ 'പരതന്ത്ര' 'കാട്ടുകാട്ടുക' എന്നീ പദങ്ങൾക്കു, ഏററവും തന്ത്രം സ്വതന്ത്രമുള്ളവൾ എന്നും, വനത്തെ കാണിക്കുക എന്നും, അർത്ഥം ഗ്രഹിച്ചിരിക്കുന്നതിനാൽ വക്രോക്തി.

൩൪. ആഭാസത്വം വിരോധത്തിൽ
വിരോധാഭാസനാമകം
ഹാരംകൂടാതെയും തന്വി-
ഹാരിതാൻ നിൻസ്തനദ്വയം.

വിരോധമില്ലാത്തിടത്ത് അതിൻെറ ഛായ തോന്നിക്കുന്നതു വിരോധാഭാസം; ആദ്യം തോന്നുന്ന വിരോധം പിന്നീട് ആഭാസമായിബ്ഭവിക്കുന്നു. ഹാരംകൂടാതെതന്നെ നിൻെറ സ്തനദ്വയം ഹാരിയാണെന്നുള്ളതിൽ ആദ്യം വിരോധം തോന്നുന്നു. ഹാരിശബ്ദത്തിനു ഹാരത്തോടുകൂടിയതു് എന്ന അർത്ഥമല്ലാതെ, മനോഹരമായതെന്ന് അർത്ഥംകല്പിച്ചു്, ആദ്യം തോന്നുന്ന വിരോധത്തെ ആഭാസമാക്കുന്നു.

൩൫. ഹേതുകൂടാതെതാൻ കാര്യ-
മുണ്ടാവതു വിഭാവന

ചെമ്പരത്തിപ്പൂ തേയ്ക്കാതെ
തന്നെ ശോണം ഭവൽപ്പദം.

കാരണംകൊണ്ടു കാര്യമുണ്ടാകുക എന്ന ന്യായത്തെ വിട്ടു, കാരണംകൂടാതെ കാര്യം ഉണ്ടാകുന്നതു വിഭാവന. ചെമ്പരത്തിപ്പൂവ് തേയ്ക്കുന്നതുകൊണ്ടാണ് കാലിനു ചുവപ്പുണ്ടാകുന്നത്. ഇതുകൂടാതെതന്നെ (കാരണവിരഹത്തിങ്കലും) കാൽ ചുവക്കുക, എന്ന കാര്യം സംഭവിച്ചതിനാൽ ഇവിടെ വിഭാവന. വിഭാവന പലവിധത്തിൽ ഉണ്ട്.

(൧) കാരണം പൂർത്തിയായിട്ടില്ലാതിരിക്കുന്ന അവസ്ഥയിലും കാര്യമുണ്ടാകുന്നത്.

(൨) പ്രതിബന്ധമുണ്ടായിട്ടും കാര്യം ഭവിക്കുന്നത്.

(൩) അകാരണമായി കാര്യമുണ്ടാകുക.

(൪) കാര്യസമ്പത്തി വിപരീതമായിരിക്ക. കാരണാനുകൂലമല്ലാതെ കാര്യം ഭവിക്കുക എന്ന് അർത്ഥം.

(൫) കാര്യത്തിൽനിന്നു കാരണമുണ്ടാകുക.

ക്രമേണ ഉദാഹരണം താഴെ ചേർക്കുന്നു.

ദുർബലം ശരംകൊണ്ടു ജഗ ജയിക്കുന്നു മദനൻ

ശരം ദുർബലമാകയാൽ ജയത്തെ ഉണ്ടാക്കുന്നതിനുള്ള ശക്തി അപൂർണ്ണമാകുന്നു

ഭൂപ! നിൻ ഖഡ്ഗമാം സർപ്പം ദംശിക്കുന്നു നരേന്ദ്രരെ

ഇവിടെ നരേന്ദ്രത്വം (വിഷവൈദ്യത്വം, രാജശ്രേഷ്ഠത്വം) പ്രതിബന്ധമായിരുന്നിട്ടും ഖഡ്ഗമാകുന്ന സർപ്പം നരേന്ദ്രന്മാരെ ദംശിക്കുന്നു. വിഷവൈദ്യന്മാർ സർപ്പങ്ങളുടെ ശക്തിയെ കെടുത്തുന്നവരാണല്ലോ; അതിനാൽ ഇവിടെ പ്രതിബന്ധമുണ്ടായിരുന്നിട്ടും കാര്യത്തിന്റെ ഉല്പത്തി സിദ്ധമാകുന്നു.

വീണാനാദം ശംഖിൽനിന്നു പുറപ്പെടുന്നിതത്ഭുതം

ശംഖിൽനിന്നു വീണാനാദമുണ്ടാകുവാൻ കാരണമില്ല.

(കൂത്തിൽനിന്നു മനോഹരമായ ശബ്ദം പുറപ്പെടുന്നു എന്നു സാരം.) ഇവിടെ അകാരണമായി കാര്യത്തിന്റെ ഉല്പത്തി.

ശീതാംശുകിരണം മെയ്യിൽ ചൂടേല്പിക്കുന്നിതൊരാവും

ചന്ദ്രകിരണങ്ങൾക്കു ചൂടുണ്ടാകുക, സ്വഭാവവിരുദ്ധമാകയാൽ, ഇവിടെ കാരണാനുകൂലമല്ലാത്ത കാര്യത്തിന്റെ ഉല്പത്തി.

കരകല്പദ്രുമോത്ഭൂതം പുകഴ്പ്പാൽക്കടൽ കാണുക

സമുദ്രത്തിൽനിന്നു കല്പവൃക്ഷമുണ്ടാകുക എന്ന കാരണകാര്യങ്ങളെ മറിച്ചു, വിരുദ്ധമായി കാരണമാകുന്ന കല്പകവൃക്ഷത്തിൽനിന്നു യശസ്സായ പാൽക്കടൽ ഉണ്ടായി എന്നതു്, കാര്യത്തിൽനിന്നു കാരണത്തിന്റെ ഉല്പത്തി.

൫൬. ആനുരൂപ്യമെഴുംമട്ടു
വർണ്ണിപ്പൂ ഇസ്സമാഹ്വയം
ഹാരിയാം നിൻകുചം തന്നി
ഹാരിയാവതു യുക്തമാം.

ആനുരൂപ്യമുള്ളവിധം വർണ്ണിക്കുന്നതു സമാലങ്കാരം. നിന്റെ സ്തനം ഹാരി ആകയാൽ (ഹാരത്തോടുകൂടിയിരിക്കുന്നതു്) അതിനു ഹാരിത്വം (മനോഹരത്വം) യുക്തമാണു്.

൫൭. വിഷമം ചേർച്ചയില്ലാത്ത-
മട്ടുകല്പിക്കുമത്ഥമാം
ശിരീഷമൃദുവാം നിൻമെ-
യ്യെങ്ങാണീ മദനജ്വരം.

ചേർച്ചയില്ലാത്തവിധം അർത്ഥം കല്പിക്കുന്നതു വിഷമം; കാരണത്തിനു ചേരാത്തവിധം കാര്യമുണ്ടാകുന്നതു; നിന്റെ ശരീരം എത്ര മൃദുവാണു്? കഠിനമായ ഈ മദനജ്വരം എവിടെ? ഇവിടെ മദനജ്വരം ശരീരത്തിനു സമമല്ലാത്തതിനാൽ വിഷമം.

൩൮. ഫലത്തിന്നെതിരാമേറ്റു
സംഭവിക്കിൽ വിചിത്രമാം
സത്തുക്കളുന്നതിക്കായി-
ത്താഴുന്നു പരവൃത്തിയിൽ.

ഇഷ്ടമായ ഫലത്തിനു വിപരീതമായി പ്രവർത്തിക്കുന്നതു വിചിത്രം. സജ്ജനങ്ങൾ ഫലമായ ഉന്നതിക്കുവേണ്ടി തദ്വിപരീതമായ താഴ്ചയെ പ്രാപിക്കുന്നു. (സത്തുക്കൾ ഉൽഗ്ഗതിക്കുവേണ്ടി വിനീതന്മാരാകുന്നു.)

൩൯. ആധാരമറ്റുമാധേയം
വർണ്ണിപ്പതു വിശേഷമാം
ദീപത്തിൽ വാണിടുന്നർക്ക-
കരം മാറ്റുന്നരാവിലും.

ആധാരമില്ലാതെയും ആധേയം സ്ഥിതിചെയ്യുന്നതു വിശേഷം. രാത്രിയിലും (സൂര്യരശ്മികൾക്കു് ആധാരമായ സൂര്യന്റെ അഭാവത്തിലും) അർക്കകരങ്ങളാകുന്ന ആധേയം സ്ഥിതിചെയ്യുന്നതു വിശേഷാലങ്കാരത്തിനു് ഉദാഹരണം.

൪൦. ഉപകാരമതന്യോന്യ-
മെല്ലതന്യോന്യനാമകം.
രാത്രിയാൽ ശശിശോഭിപ്പൂ
ശശിയാൽ രാത്രിയും തഥാ.

അന്യോന്യം ഉപകരിക്കുന്നതു് അന്യോന്യാലങ്കാരം.

൪൧. ഹേതുകാര്യങ്ങളെ മാറി-
ച്ചൊൽക കാരണമാലയാം
നയാൽ ഭവിക്കും ശ്രീ, ശ്രീയാൽ
ത്യാഗം ദാനേന കീർത്തിയും.

ഒരു കാരണത്തിന്റെ കാര്യം മറ്റൊന്നിനു കാരണമായും, അതു് അടുത്തതിനു കാര്യമായും, അതു അതിനടുത്തതിന്റെ കാരണമായും, ഈ ക്രമത്തിൽ ഹേതുകാര്യങ്ങളെ

ചേൎന്നുള്ള കാരണമാല. ഉദാഹരണത്തിൽ നയത്തിന്റെ കാൎയ്യം ആയ ശ്രീ ത്യാഗത്തിനും, ശ്രീയ്ക്കു കാൎയ്യമായ ത്യാഗം കീൎത്തിക്കും, കാരണമാകുന്നു.

൪൮. ഉക്തിയൎത്ഥാന്തരന്യാസം
പ്രകൃതാൎത്ഥസമൎത്ഥനം
രാവണൻ പൊക്കി കൈലാസം
ബലിഷ്ഠൎക്കെന്തുദുഷ്കരം.

പ്രകൃതത്തെ അന്യമായ അൎത്ഥംകൊണ്ടു സമൎത്ഥിക്കുന്നതു് അൎത്ഥാന്തരന്യാസം. രാവണൻ കൈലാസത്തെ പൊക്കി എന്ന പ്രകൃതത്തെ ബലമുള്ളവൎക്കു് എന്തും ചെയ്യാം എന്നു സമൎത്ഥിക്കുന്നു.

൪൯. കാവ്യലിംഗമലങ്കാരം
സാധ്യാൎത്ഥത്തിൻ സമൎത്ഥനം
ഗൎവ്വിപ്പിക്കേണ്ട നീ മാര!
ഞാൻ ത്രിലോചനഭക്തനാം.

സാധിക്കേണ്ട അൎത്ഥത്തെ സമൎത്ഥിക്കുന്നതു കാവ്യലിംഗം. ഉദാഹരണത്തിൽ, ഞാൻ നിന്നെ ചുട്ട മൂന്നു 'കണ്ണുകളോടുകൂടിയ ശിവന്റെ ഭക്തനാകയാൽ എന്നോടു നിന്റെ ഗൎവ്വു് ഫലിക്കയില്ലെന്നു സമൎത്ഥിച്ചിരിക്കുന്നു.

൫൦. അന്യഹേതുവശാൽ കാൎയ്യ-
സൌകൎയ്യം താൻ സമാധിയാം
സോൽക്കണ്ഠയായിതിത്തന്വി-
യസ്തമിച്ചു ദിനേശനും.

പ്രകൃതമായ കാൎയ്യത്തിനു അന്യഹേതുവിന്റെ ലാഭം നിമിത്തം സൌകൎയ്യമുണ്ടാകുന്നതു സമാധി.

൫൧. ക്രമമായ് പ്രകൃതാൎത്ഥത്തെ-
ച്ചേൎക്കരണാവലീമതം

ശ്രീപ്രിയൻ ചതുരാസ്യൻ നീ
സർവ്വജ്ഞതാവുമേല്ലവൻ.

ക്രമമായി പ്രകൃതമായ അർത്ഥത്തെ കുറിക്കുന്നതു രത്നാവലി. ത്രിമൂർത്തികളുടെയും ഭാവം കുറിച്ചിരിക്കുന്നു. (ഉദാഹരണം.)

൪൬. ഗുണസാമ്യത്തിനാൽ ഭേദം
തോന്നാതാക്കുക മീലിതം
ഭവാന്റെ കീർത്തിയാൽ വെള്ളി-
ക്കുന്നതെന്നറിയാതെയായ്.

ഗുണത്തിന്റെ സാമ്യനിമിത്തം വ്യത്യാസം തോന്നാതിരിക്കുന്നതു മീലിതം.

൪൭. അന്യത്തിന്റെ ഗുണം യോഗാ-
ലേൽക്കാതാവതതൽഗുണം
രാഗിയാമെന്റെ ഹൃത്തട്ടിൽ
വാണിട്ടും രാഗമില്ലതേ.

ചേർച്ചകൊണ്ടു മറ്റൊന്നിന്റെ ഗുണം സ്വീകരിക്കാതിരിക്കുന്നത് അതൽഗുണം.

൪൮. പ്രൗഢോക്തിഉജ്ജ്വലത്തിങ്കൽ
ജ്ജ്വലമേറ്റമണപ്പതാം
കാളിന്ദീതീരജം നീല-
വർണ്ണമായ് സരളദ്രുമം.

അശക്തമായതിന്നു ബലമുണ്ടാക്കുന്നതു പ്രൗഢോക്തി.

൪൯. അത്യുക്തിയത്ഭുതാതഥ്യ-
ശൗര്യൗദാര്യാദിവർണ്ണനം.
ഭവദ്ദാനത്തിനാൽ ഭൂപ!
യാചകന്മാർ കുബേരരായ്.

അത്ഭുതവും അസംഭാവ്യവും ആയവിധം ഔദാര്യാദിയെ വർണ്ണിക്കുന്നത് അത്യുക്തി.

൪൦. നിജകൃതി പേരിനന്വർത്ഥം
കല്പിച്ചിട്ടകചേഷ്ടയാൽ
ഈവിധം ചെയ്കയാൽ ദോഷാ-
കരൻ തന്നെ ഭവാൻ ധ്രുവം.

പേരിനു യോഗത്താൽ മറ്റൊരു അർത്ഥം കല്പിക്കുന്നതു നിരുക്തി. ഉദാഹരണത്തിൽ ദോഷാകരശബ്ദത്തിനു 'ദോഷങ്ങൾക്കു ഇരിപ്പിടമായവൻ' എന്നു അർത്ഥം കല്പിച്ചിരിക്കുന്നു.

൪൧. പ്രസിദ്ധകാരണത്തിങ്കൽ-
പ്രതിഷേധമനാദരം
ഭ്രൂവിക്ഷേപണം കൂടാ-
തവൻ പാതിച്ചു മന്നരെ.

പ്രസിദ്ധമായ കാരണത്തിൽ അനാദരം ഉണ്ടാകുന്നതു പ്രതിഷേധം. യുദ്ധംചെയ്ക എന്ന പ്രസിദ്ധകാരണം കൂടാതെ ഭ്രൂവിനെ ചലിപ്പിച്ചു ശത്രുക്കളെ ഓടിച്ചു എന്നതിൽ അനാദരം സിദ്ധം.

൪൨. വ്യാജോക്തിയന്യഹേതൂക്തി-
യാലെ വസ്തുമറപ്പതാം
ആരാമപ്പൂമ്പൊടിച്ചാർത്താൽ
സഖി! ഞാൻ ധൂസരാംഗിയായ്.

വേറെ കാരണം പറഞ്ഞ് പ്രകൃതമായ വസ്തുവിനെ മറയ്ക്കുന്നതു വ്യാജോക്തി. ഉദാഹരണത്തിൽ ചൌര്യരതിയാൽ സങ്കേതത്തിൽനിന്നു പാറിയ പൊടിയെ, ഉദ്യാനത്തിൽനിന്നു പാറിയതായി മറച്ചു പറഞ്ഞിരിക്കുന്നു.

൪൩. ചിത്രം തൻ ഗ്ലാനസമ്പ്രാപ്തി
സ്വച്ഛോപമലക്ഷ്യതി
ഫലകണ്ണാം ശ്രുവേറൊല്പം
ഗുണനിന്ദകനാസിതൻ

മററു കാരണത്താൽ ത്യക്തമായ തന്റെ ഗുണത്തെ വീണ്ടും പ്രാപിക്കുന്നതു പൂർവ്വരൂപം.

൫൪. അർത്ഥാപത്തിയനായാസം
കൈമുത്യത്താൽ ഭവിപ്പതാം
നിന്മുഖാൽ ജിതനായ്ച്ചന്ദ്രൻ
പത്മത്തിൻ കഥയെന്തഹോ.

കൈമുത്യം (എന്തിനിനി പറയുന്നു എന്ന ഭാവം)കൊണ്ടു പറയാത്തതിന്റെ അർത്ഥംകൂടി ഉണ്ടാകുന്നതു് അർത്ഥാപത്തി.

൫൫. പര്യായമൊന്നു പര്യായാ-
ലനേകം സംശ്രയിപ്പതാം
പത്മം വിട്ടിന്ദുവിൽ ചെന്നൂ
ചെന്നാരീമുഖദ്യുതി.

ഒന്നുതന്നെ പര്യായംമൂലം അനേകം വസ്തുക്കളെ ആശ്രയിക്കുന്നതു പര്യായം.

൫൬. ഉത്തരോത്തരമുൽക്കർഷം
സിദ്ധിക്കുവതു സാരമാം.
മധുരം മധു പീയൂഷ-
മതിലും മധുരം പരം.

ഉത്തരോത്തരം ഉൽക്കർഷം ഉണ്ടാകുന്നതു സാരം.

൫൭. പുരാതനചരിത്രത്താൽ
വസ്തുശ്ലാഘയുദാത്തമാം
രാമനും സീതയും പണ്ടു
വസിച്ചവനമാണിതു.

പുരാതനചരിതത്തെ കഥിച്ചു വസ്തുവിനു ശ്ലാഘയുണ്ടാക്കുന്നതു് ഉദാത്തം. ശ്രീരാമനും സീതയും പണ്ടു വസിച്ചതിനാൽ വനത്തിനു് ഉൽക്കർഷം സിദ്ധമാകുന്നു.

൯൭ ബലിഷ്ഠശത്രുവിൽ തെല്ലു-
മേററിടാത്ത പരാക്രമം
തൽബന്ധുക്കളോടായ്ച്ചെയ്‌വു
കാണിക്കിൽ പ്രത്യനീകമാം.

൯൮. ത്രിലോകത്തെജ്ജയിച്ചുള്ള
നേത്രത്തോടേററുതോൽകയാൽ
തന്മിത്രമായ കർണ്ണത്തെ-
ത്താഴെയാക്കുന്നിതുല്പലം.

ബലശാലിയായ ശത്രുവിനെ തോല്പിക്കുവാൻ കഴിയായ്ക
യാൽ, തൽബന്ധുക്കളോടു പരാക്രമം കാണിക്കുന്നതു പ്രത്യ
നീകം. (ഉദാഹരണത്തിൽ) ഉല്പലം, ലോകം മുഴുവൻ ജയി
ച്ച നേത്രത്തെ കീഴടക്കാൻ സാധിക്കായ്കയാൽ, തൽബന്ധുവാ
യ കർണ്ണത്തെ ആക്രമിക്കുന്നു, എന്നതിൽ പ്രത്യനീകം. (നേ
ത്രം ചെവിവരെ നീണ്ടതാണെന്നും, ചെവിയുടെ മീതെ ഉല്പ
ലംകൊണ്ടുള്ള അവതംസം വഹിച്ചിരിക്കുന്നു എന്നും, സാരം.)

൱. മർമ്മം മറയ്ക്കുവരന്യ-
സന്ധാനംചെയ്യുക്തിയാം
ചിത്രത്തിങ്കൽ ഭവദ്രൂപം
വരച്ചു സഖിജനം

൱൧. കണ്ടപ്പോൾ പുഷ്പശരം കയ്യിൽ-
ച്ചേർത്തില്ലെന്നവളോതിനാൾ

മർമ്മം മറയ്ക്കുന്നതിനു മറെറാന്നു ചേർക്കുന്നതു യുക്തി. നാ
യിക തന്റെ കാമുകന്റെ രൂപം എഴുതിയതു സഖികൾ ക
ണ്ടപ്പോൾ, ഇതിൽ പുഷ്പശരം ചേർക്കാഞ്ഞതെന്തെന്നു മറച്ചു പറ
ഞ്ഞതിനാൽ, താൻ കാമുകന്റെ അല്ല കാമദേവന്റെ ആ
ണ് രൂപം എഴുതുന്നതെന്നു യുക്തി സിദ്ധമാകുന്നു.

ആക്ഷേപം സ്വയമുക്തത്തിൻ-
പ്രതിഷേധം വിചിന്തനാൽ

൫൨. ചന്ദ്രൻ കാന്തേ നിൻ മുഖം
ഛേ! ചൊന്നതെൻ പ്രിയമുഖം

സ്വയം പറഞ്ഞതിനെ, അല്പം വിചാരിച്ചതിന്റെ ശേഷം പ്രതിഷേധിക്കുന്നതു്, ആക്ഷേപം.

സഹസ്രവദനത്വമുണ്ടായാ-
ലിതുണ്ടാമെന്നാലോർക്കയാം
൫൩. ശേഷനാഗൻ തുനിഞ്ഞെന്നാൽ
വർണ്ണിക്കാം നിൻ ഗുണങ്ങളെ

അതുണ്ടായാൽ ഇതു ഉണ്ടാകുമെന്നു പറയുന്നതു സംഭാവന.

ആധേയമാധാരത്തെക്കാ-
ളേറുന്നതധികം വ്യക്തം
൫൪. ഉള്ളകത്തിൽ ഒതുങ്ങാതാ-
ക്കൊള്ളുന്നേൻ ഭയമാധിയും

ആധേയം, ആധാരത്തെക്കാൾ വലുതാകുന്നതു്, അധികം.

[illegible]
[illegible]
[illegible]
[illegible]

([illegible])

ചെറുകളും കുപ്പലമാം-
മൊഴിയിൽ ചേർന്ന സൂക്ഷ്മം
൫൫. കണ്ടിട്ടനാശ്വികനു
മുഴിട്ടനതവാരികൾ

അന്യോന്യം സംബന്ധം കൊണ്ടു് ഉണ്ടാകുന്നതു സൂ-
ക്ഷ്മം.

സമങ്ങളിൽ വിരോധത്തെ
വഹിപ്പതു വികല്പമാം.
൩൩. ശിരസ്സോ ചാപമോ വേഗം
നമിപ്പിക്കട്ടെ വൈരികൾ.

തുല്യപ്രശക്തികളായവയിൽ വിരോധം ഉണ്ടാകുന്നതു വികല്പം.

ഒന്നിന്റെ ഗുണദോഷങ്ങ-
ളുല്ലാസം മറ്റേതിന്നുദയാം.

ഒന്നിന്റെ ഗുണദോഷങ്ങൾ മറ്റൊന്നിനു ഉണ്ടാകുന്നതു ഉല്ലാസം.

ലോകാനന്ദ! ചന്ദ്ര! പ്രിയ! ഭവാനിന്നിസ്ഥലം വിട്ടുപോയ്
ലോപാമുദ്രാ[illegible] കല്പ[illegible]മാണിവനം
[illegible] ചില്ല[illegible] തീരുമെന്നോ!
[illegible] വിപിനം സർവ്വം [illegible]ച്ചിട്ടുമേ.

(സ്വന്തം)

൩൪. ഒന്നിൻ സ്വഭാവമന്യത്തി-
ന്നേൽക്കാതാകയവജ്ഞയാം.
പക്ഷം വിരോധമായിടിൽ
ച്ചൂരെന്നതിൽ ഹാനിയാം;

ഒന്നിന്റെ സ്വഭാവംകൊണ്ടുള്ള ഗുണദോഷങ്ങൾ മറ്റൊന്നിനു പകരാതിരിക്കുന്നതു അവജ്ഞ.

അർത്ഥത്തെ ഏതെല്ലാം വിധം രസകരമായി കല്പിച്ചു പ്രയോഗിക്കാമെന്നു കാണിക്കുന്നതാണ് അലങ്കാരം. കാവ്യത്തിൽ അലങ്കാരം നിസ്സാരമാണെന്നു പറയുന്നതു യുക്തമല്ല. 'അർത്ഥാലങ്കാരരഹിതാ വിധവേവ സരസ്വതീ' എന്നുള്ള മതം കാവ്യത്തിൽ അലങ്കാരത്തിനുള്ള ഗൗരവത്തെ കാണിക്കുന്നു. അലങ്കാരശൂന്യമായ കവിത വിധവയായ സ്ത്രീയെപ്പോലെയാണെന്നുള്ളത് അനുഭവസിദ്ധമാണ്.

൩൮. അക്ഷരാവൎത്തനം പ്രാസ-
മിതുണ്ടാം പലമാതിരി.

അക്ഷരങ്ങളെ ആവൎത്തിക്കുന്നതു പ്രാസമാകുന്നു. ഇതു പലവിധം ഉണ്ടാകും. പ്രാസം എന്ന പദത്തിന്നു പ്രകൎഷേണ (അതിശയേന) ഉള്ള ആസം (ന്യാസം) എന്ന് അൎത്ഥം.

ദ്വിതൃതീയകവൎണ്ണങ്ങ-
ളഥ കേരളവൎഗ്ഗ്യവും
൩൯ അന്ത്യപ്രാസാഭിധം തദ്വ-
ദ്വൃത്ത്യനുപ്രാസനാമവും.

മധ്യവ്യഞ്ജനാഭിഖ്യം
ലാടഛേകാനുകങ്ങളും
൪൦ ശബ്ദശോഭാകരം പ്രാസം
പദാദ്യന്തങ്ങളേവമാം.

ദ്വിതീയാക്ഷരപ്രാസം, തൃതീയാക്ഷരപ്രാസം, കേരളവൎഗ്ഗപ്രാസം, അന്ത്യപ്രാസം, വൃത്ത്യനുപ്രാസം, മധ്യവ്യഞ്ജനപ്രാസം, ലാടാനുപ്രാസം, ഛേകാനുപ്രാസം, പദാദിപ്രാസം, പദാന്തപ്രാസം, എന്നു പ്രാസം പത്തുവിധം.

എല്ലാപ്പാദത്തിലും രണ്ടാം-
വൎണ്ണമൊന്നായിരിപ്പതാം
൪൧ ദ്വിതീയവൎണ്ണകപ്രാസം
കൈരളീകണ്ഠഭൂഷണം.

എല്ലാ പാദങ്ങളിലും രണ്ടാമത്തെ വൎണ്ണം ഒന്നായിരിക്കുന്നതു ദ്വിതീയാക്ഷരപ്രാസം. ഇതു കേരളഭാഷയുടെ തിരുമംഗല്യമാകുന്നു.

പിന്നെ മുഹൂൎത്തമാത്രം നിരൂപിച്ചു
ചൊന്നാനനിലതനൂജനോടു രാഘവൻ
ചെന്നയോദ്ധ്യാപുരം പ്രാപിച്ചു സോദരൻ
തന്നെയും കണ്ടു വിശേഷമറിയിച്ചു നീ

> വന്നിട്ടുചെന്നതെ വൃത്താന്തവും പുന-
> രൊന്നൊഴിയാതെ തന്നോടു ചൊല്ലിനാൻ.
>
> (അദ്ധ്യാത്മരാമായണം)

ദ്വിതീയാക്ഷരപ്രാസം ഭാഷയുടെ പരിഷ്കാരസ്ഥിതിക്ക് അനാവശ്യമാണെന്നും, അതിനെ ഉപേക്ഷിക്കണമെന്നും, ഭാഷാഭൂഷണത്തിൽ പറഞ്ഞിരിക്കുന്നു. ഈ അഭിപ്രായത്തിനു് എതിരായി സുദീർഘങ്ങളായ വാദപ്രതിവാദങ്ങൾ ഉണ്ടാകുകയും, ഒടുവിൽ ദ്വിതീയാക്ഷരപ്രാസം വേണ്ടതാണെന്നു തീർച്ചയാക്കുകയും ചെയ്തിട്ടുണ്ട്.

> “ഭാഷയിൽ മധുരാക്ഷരങ്ങൾ ചേർത്തീടുമീ ദ്വിതീയാക്ഷര-
> പ്രാസത്തിനുള്ള മെച്ചം കവികൾക്കെല്ലാം അറിയാം.”

എന്നാണ് ഒടുവിൽ ഉണ്ടായ തീരുമാനം. ഈ തീർപ്പുശേഷം രചിച്ചിട്ടുള്ള കവികളിൽ അധികംപേരും ദ്വിതീയാക്ഷരപ്രാസത്തെ നിഷ്കർഷയോടുകൂടി ആദരിച്ചുവരുന്നു. കേരളഭാഷയ്ക്കു ആദികാലംമുതൽ ലഭിച്ചിട്ടുള്ള ശബ്ദാലങ്കാരം ദ്വിതീയാക്ഷരപ്രാസമാണു്. മറ്റു സകലശബ്ദാലങ്കാരങ്ങളെക്കാളും ഇതിനു പ്രാധാന്യം കൂടുന്നു. താലി ധരിക്കാത്ത ഭാര്യയ്ക്കു മറ്റു എന്തെല്ലാം അലങ്കാരങ്ങൾ അണിഞ്ഞാലും ശോഭിക്കുന്നില്ല. ഇതുപോലെ ദ്വിതീയാക്ഷരപ്രാസശൂന്യമായ കവിതയിൽ മറ്റലങ്കാരങ്ങൾ നിഷ്പ്രയോജനങ്ങളാകുന്നു.

ദ്വിതീയാക്ഷരപ്രാസത്തെ ഉപേക്ഷിക്കുന്നതിനു പറയുന്ന കാരണങ്ങളിൽ പ്രധാനമായതു നിരർത്ഥപദങ്ങൾ കവിതയിൽ കടന്നുകൂടുന്നു എന്നതാണ്. ഈ കാരണം സൽകവികളെ സംബന്ധിക്കുന്നതല്ല. മലയാളഭാഷയിൽ ഏതൽപ്പര്യന്തം ഉണ്ടായിട്ടുള്ള കൃതികൾ എല്ലാംതന്നെ ദ്വിതീയാക്ഷരപ്രാസയുക്തങ്ങളാണെന്നു നിസ്സംശയമായി പറയാം. എന്നാൽ നിരർത്ഥപദങ്ങൾ അവയിൽ കാണുന്നില്ല. മഹാകവികളുടെ ഗ്രന്ഥങ്ങളിൽ ദ്വിതീയാക്ഷരപ്രാസം ഉപേക്ഷിക്കപ്പെട്ടതായിട്ടില്ല; അപ്രകാരമാണെങ്കിൽ വൃത്താദിനിബന്ധനകൾ

കൂടി വേണ്ടെന്നു വെക്കേണ്ടിവരും. ഇത്ര ദുഷ്കരമായാലും
അവരിൽനിന്നും സൽക്കവിതയുണ്ടാകാൻ പ്രയാസമാണ്.
ദ്വിതീയാക്ഷരപ്രാസസ്വീകരണംകൊണ്ടു ഭാഷയിലെ കവി
താരീതി ആധുനികമലയാളിതമായ ഗൗഡിയാകുന്നു എ
ന്നാണ് മറ്റൊരു പ്രധാനാക്ഷേപം; ഇതും വിലയുള്ളതല്ല.
ദ്വിതീയാക്ഷരപ്രാസമുണ്ടെങ്കിൽ അവിടെ കവിതയ്ക്കു ഗൗ
ഡിരീതി ഭവിക്കുന്നു എന്നു പറയുന്നതു അസംബന്ധമാണ്.
ശബ്ദാലങ്കാരത്തെ അടിസ്ഥാനപ്പെടുത്തിയല്ല വൈദർഭ്യാദി
രീതികളെ നിബന്ധിച്ചിരിക്കുന്നത്. ദ്വിതീയാക്ഷരപ്രാസമില്ലാ
ത്തവ എല്ലാം വൈദർഭീരീതി ആണെന്നും, ഉള്ളതെല്ലാം
ഗൗഡീരീതിയാണെന്നും, പറയുന്നതു അത്ഭുതമായിരിക്കു
ന്നു. കൃഷ്ണഗാഥ ആപാദചൂഡം വൈദർഭീരീതി പ്രസരിക്കുന്ന
ഒരു കൃതിയാണ്. അതിൽ ദ്വിതീയാക്ഷരപ്രാസം സ്വീകരി
ക്കപ്പെട്ടിരിക്കുന്നു. സംസ്കൃതഭാഷയിൽ ദ്വിതീയാക്ഷരപ്രാ
സം സ്വീകരിക്കപ്പെട്ടിട്ടില്ലല്ലോ; എന്നാൽ അതിലുള്ള കൃതി
കളെല്ലാം വൈദർഭീരീതിയിലുള്ളവയാണെന്നു പറയുവാൻ
കഴിയുമോ?

ശാഖികളെപ്പൂത്തല ഒക്കവിട്ടു പോകല്ലേ ചാരത്തു പോരികെന്നു
അന്നന്നിരാവിനു പാർക്കുന്നൊരുമ്പെട്ടു പരിതോഷമോടെന്നോ ചിത്രഭാവം
കോകിലകാകളം കേൾക്കുന്നില്ലേതും കോഴമയ്ക്കു നിന്നു പറയിച്ചില്ലല്ലീ
ഏണാങ്കനിൽതന്നെ പാരിന്നു ചന്ദ്രികയല്ലയോ വാണിതാലെല്ലാം കൊടു.

(അത്യാതല്ലി)

കേകികളാടിനാർ പൂമേനികൊണ്ടെല്ലാം തുകിലിൽപിന്നാലെവന്നുതാൻ കാൺ
തങ്ങളിലിണയെന്നു നിനച്ചാരാ മേഘകുലത്തെ ആഗമനാകം

(കൃഷ്ണഗാഥ)

ഈ ഭാഗം ദ്വിതീയാക്ഷരപ്രാസയുക്തമെങ്കിലും, ഓജഃപ്രചു
രമായ ഗൗഡിയല്ലെന്നു വ്യക്തമാണ്. ചന്ദ്രോത്സവവും ആ
പാദശീർഷം വൈദർഭീരീതി വിലസിക്കുന്ന ഒരു കാവ്യമാണ്.
ഇതിൽനിന്നു ദ്വിതീയാക്ഷരപ്രാസത്തിന്റെ ത്യാഗവും സ്വീ
കരണവുമല്ല വൈദർഭീരീതിയെ ഉണ്ടാക്കുന്നതും ഇല്ലാതാക്കു

ന്നതും എന്നു പ്രത്യേകം മനസ്സിലാക്കണം. ശബ്ദാലങ്കാരം നിസ്സാരമാകയാൽ ദ്വിതീയാക്ഷരപ്രാസത്തെ ഉപേക്ഷിക്കേണ്ടതാണെന്നുള്ള അഭിപ്രായം സ്വീകാര്യമല്ല. ശബ്ദാലങ്കാരത്തിന്റെ പ്രാധാന്യത്തെപ്പറ്റി വേറെ ഒരു സന്ദർഭത്തിൽ വിചാരിക്കേണ്ടതുള്ളതുകൊണ്ട് ഇവിടെ ഒന്നും പറയുന്നില്ല. ശബ്ദാലങ്കാരം നിസ്സാരമാണെങ്കിൽ ദ്വിതീയാക്ഷരപ്രാസത്തെ മാത്രം ഉപേക്ഷിച്ചാൽ മതിയാകുമോ? എല്ലാവിധം ശബ്ദാലങ്കാരത്തെയും ഉപേക്ഷിക്കേണ്ടതല്ലേ? വശ്യവചസ്സുകളായ മഹാകവികളുടെ കൃതികൾ നോക്കിയാൽ ദ്വിതീയാക്ഷരപ്രാസം ഭാഷയ്ക്കു അപരിത്യാജ്യമായ ഒരു വിശേഷാലങ്കാരമാണെന്നു തെളിയും. അതുകൊണ്ടും, മലയാളഭാഷയ്ക്കു ദ്വിതീയാക്ഷരപ്രാസവുമായി ആദിമുതലേ തന്നെ സവിശേഷവും അഭേദ്യവും ആയ ബന്ധമുള്ളതുകൊണ്ടും, അതിനെ നിർബ്ബന്ധപൂർവ്വം അംഗീകരിക്കേണ്ടതാകുന്നു.

മൂന്നാംവർണ്ണമതാപ്പാദേ
എല്ലാമൊന്നായിരിക്കുക

൨൭. തൃതീയവർണ്ണപ്രാസാഖ്യ-
മലങ്കാരം ഭവേദിദം.

പാദങ്ങളിൽ മൂന്നാമത്തെ വർണ്ണത്തെ ആവർത്തിക്കുന്നതു തൃതീയാക്ഷരപ്രാസം. ഇതും വളരെ ഭംഗിയുള്ള ഒന്നാണ്. ദ്വിതീയാക്ഷരപ്രാസത്തെ സ്വീകരിച്ചിട്ടുണ്ടെങ്കിൽ അവിടെ തൃതീയാക്ഷരപ്രാസം വളരെ ഭംഗിയുണ്ടാക്കും.

മഞ്ജുസ്മിതാഞ്ചിതമാം ഗോപിയും മഞ്ജുസ്മിതാവിലോകിതം ഒന്നായി
മഞ്ജുസ്വരങ്ങളെപ്പോലി മഞ്ജുസ്മിതമായുള്ളമേ.

(ഭാഗ. ചരിതം)

ആനുപ്രാസം സാരത്തിനാം
വ്യത്യാസത്തിനുമൽക്കുകിൽ

൨൮. ദ്വിതീയവർണ്ണപ്രാസം താൻ-
നിഷ്കളങ്കവർജ്യയാം.

സ്വരത്തിനും വ്യഞ്ജനത്തിനും ആനുരൂപ്യം വേണമെന്നുള്ള നിർബ്ബന്ധത്തോടുകൂടിയ ദ്വിതീയാക്ഷരപ്രാസം തന്നെ കേരളവർമ്മപ്രാസം.

> മംഗല്യപ്രാംഗണികമകുടമേ മൽപ്രിയേ! സാമ്പ്രതം നി-
> ന്നംഗസ്പർശം മമ സുലഭമല്ലെങ്കിലും നിശ്ചയം
> സംഗത്തോടേന്തനമതിൽ ചായിക്കുന്നു ഹാർദ്ദത്തിനെന്നും
> ഭംഗത്തിന്നല്പമപി വിരഹം ഇംഗിതജ്ഞേ നിമിത്തം.
>
> (മയൂരസന്ദേശം)

ഈ പ്രാസത്തിന്റെ സ്ഥാപകൻ കേരളവർമ്മവലിയകോയിത്തമ്പുരാനാകുന്നു; അതുകൊണ്ട് ഇതിനെ കേരളവർമ്മപ്രാസം എന്നു പറയുന്നു. ദ്വിതീയാക്ഷരപ്രാസവാദത്തിനു ശേഷമാണ് ഈ പ്രാസത്തിന് അധികം പ്രചാരവും പ്രതിഷ്ഠയും സിദ്ധിച്ചത്.

വ്യഞ്ജനാവർത്തനം ചെയ്യു-
മനുപ്രാസമിടയ്ക്കിടെ
൬൪ രാമൻ കാമനുമൊക്കകം
കാമനീയകമുള്ളവൻ.

വ്യഞ്ജനങ്ങളെ ഇടയ്ക്കിടെ ആവർത്തിക്കുന്നത് അനുപ്രാസം. ഉദാഹരണത്തിൽ 'മ' കാരത്തെയും 'ക' കാരത്തെയും ആവർത്തിപ്പിച്ചിരിക്കുന്നു.

വൃത്ത്യനുപ്രാസമാം വ്യഞ്ജ-
നാവൃത്തിയിടയെന്നിയേ
൬൫ ഇക്ഷണം നിന്റെ വക്ഷസ്സ്
രൂക്ഷ! വിക്ഷതമാക്കുവൻ.

ഇടവിടാതെ വർണ്ണത്തെ ആവർത്തിക്കുന്നതു വൃത്ത്യനുപ്രാസം. ഉദാഹരണത്തിൽ 'ക്ഷ' ആവർത്തിപ്പിച്ചിരിക്കുന്നു. വൃത്ത്യനുപ്രാസത്തിൽ പദത്തെയും ചിലപ്പോൾ പല വർണ്ണങ്ങളേയും ക്രമമായും അല്ലാതെയും ആവർത്തിക്കാം.

[illegible]
[illegible]
[illegible]
[illegible]

([illegible])

ഇവിടെ 'ഷ' യെ ക്രമം അനുസരിച്ചു ആവൎത്തിച്ചിരിക്കുന്നു.

മധുരവ്യഞ്ജനപ്രാസം
മൃദുവൎണ്ണസമാശ്രിതം.
൧൯ മാരനെ വധിച്ചവൻ ദേവൻ
കുശലം ഭൃശമേകണം.

മൃദുവൎണ്ണങ്ങളെ (ഗ ജ ഡ ദ ബ മുതലായവയെ) കൊണ്ടുണ്ടാകുന്നതു മധുരവ്യഞ്ജനപ്രാസം.

സ്വരത്തിൽ മാത്രമായ്ഭേദം
വന്നമട്ടാം പദങ്ങളെ
൨൦ ആവൎത്തിപ്പതു ലാടാനു-
പ്രാസം ലാടൎക്കിതിഷ്ടമാം.

സ്വരത്തിൽ മാത്രം വ്യത്യാസം വരത്തക്കവിധം പദങ്ങളെ ആവൎത്തിക്കുന്നതു ലാടാനുപ്രാസം. ഇതു് ലാടന്മാൎക്കു് വളരെ ഇഷ്ടമാകുന്നു.

വിദ്യ കൈവശത്തിലുണ്ടെങ്കിൽ ദ്രവിണം പിന്നെയെന്തിനാം
വിദ്യ കൈവശത്തിലില്ലെങ്കിൽ ദ്രവിണം പിന്നെയെന്തിനാം.

(സ്വന്തം)

കൂട്ടക്ഷരമിരട്ടിക്കിൽ
ഛേകാനുപ്രാസനാമകം
൨൧ ശിഷ്ടന്മാൎക്കിഷ്ടമാം കുട്ടി-
ലാഷ്ഠീകാഷ്ഠലതാ പെണ്ണീ.

കൂട്ടക്ഷരം ഇരട്ടിക്കുന്നതു ഛേകാനുപ്രാസം.

പദാദിയിങ്കലെവൎണ്ണം
പദങ്ങളുടെയാദിയിൽ
ആവൎത്തിപ്പു [illegible]
പദാദിപ്രാസനാമകം.

ഒരു പദത്തിന്റെ ആദിയിലുള്ള വൎണ്ണം [illegible]പദങ്ങളുടെയും ആദിയിൽ ആവൎത്തിക്കുന്നതു പദാദിപ്രാസം.

[illegible]

(ശ്രീവല്ലി കൃതി)

ഇവിടെ 'സ' പദങ്ങളുടെ ആദിയിൽ ആവൎത്തിച്ചിരിക്കുന്നു.

പദാന്തത്തിങ്കലെവൎണ്ണ-
മാവൎത്തിക്കിലിതുവിധം
പദാന്തനാമകം പ്രാസം
ഗാനങ്ങളിലിതുത്തമം.

ആദിയിൽ എന്നപോലെ, പദങ്ങളുടെ അന്ത്യത്തിൽ വൎണ്ണങ്ങൾ ആവൎത്തിക്കുന്നതു പദാന്തപ്രാസം.

"[illegible]

നിലനിന്ന ഭാവാന്തരത്തിനകത്തുള്ള വ്യഞ്ജനങ്ങളി വിഷ്ണുഭക്തി കളഞ്ഞോരു ഭക്തി ഭൂഷണി കൃത്യസങ്കീർത്തനം ഇതു".

(നളചരിതം കഥകളി)

ഇവിടെ 'നേ' 'തേ' 'ണി' മുതലായ വർണ്ണങ്ങളെ പദങ്ങളുടെ അന്ത്യത്തിലാവർത്തിപ്പിച്ചിരിക്കുന്നു. ഈ മാതിരി പ്രാസം ഗാനങ്ങളിൽ അധികമായ ശോഭയെ ഉണ്ടാക്കുന്നു. കഥകളിപ്പാട്ടുകളിൽ സാമാന്യേന ഈ പ്രാസത്തെ സാർവ്വത്രികമായി സ്വീകരിക്കപ്പെട്ടിരിക്കുന്നു.

താല്പര്യം ഗ്രഹിക്കുന്നതിനു മുമ്പു ശബ്ദത്തിന്റെ പൌനരുക്ത്യം പ്രകാശിക്കുന്നതു പുനരുക്തവദാഭാസം ആകുന്നു. ഉദാഹരണം. 'ശൌരിശുഭ്രാംശു' ഇവിടെ ശൌരി എന്നതിനു കർപ്പൂരം എന്നു അർത്ഥം.

അർത്ഥഭേദത്തോടൊത്തിട്ടിൽ
സ്വരവ്യഞ്ജനസംഹതി
വൃ. ആവർത്തിച്ചുവരുന്നാകിൽ
യമകാഖ്യമലംകൃതി

അർത്ഥത്തിനു വ്യത്യാസം വരത്തക്കവിധം സ്വരവ്യഞ്ജനസമുദായത്തെ ആവർത്തിക്കുന്നതു യമകം.

പാദാവൃത്ത്യാഖ്യവും പാദ-
ഭാഗാവൃത്തിയുമിങ്ങനെ
വൃ. സാമാന്യം വിഭജിക്കുമ്പോൾ
യമകം രണ്ടുമാതിരി

സാമാന്യേന വിഭജിക്കുമ്പോൾ പാദാവൃത്തി, പാദഭാഗാവൃത്തി എന്നു യമകം രണ്ടുവിധം.

പാദാവൃത്ത്യാദ്യയം പാദ-
മൊന്നതാൻ വീണ്ടുമുള്ളതാം
വൃ. മുഖം സന്ദംശമാവൃത്തി
ഗർഭം സന്ദഷ്ടകാഖ്യവും

പുച്ഛം പംക്തി പരിവൃത്തി
യുഗ്മകാഖ്യം സമുൽഗകം
പൂർ മഹായമകമെന്നിവ-
മിങ്ങനെ പലമാതിരി

ഒരേ പാദത്തെത്തന്നെ വീണ്ടുമാവർത്തിക്കുന്നതു പാദാവൃത്തിയമകം. മുഖം, സന്ദംശം, ആവൃത്തി, ഗർഭം, സന്ദഷ്ടകം, പുച്ഛം, പംക്തി, പരിവൃത്തി, യുഗ്മകം, സമുൽഗകം, മഹായമകം, എന്നു പാദാവൃത്തിയമകം പതിനൊന്നുവിധമുണ്ടു്.

ഒന്നാം പാദത്തെ രണ്ടിങ്ക-
ലാവർത്തിക്കുവതാം മുഖം.

ഒന്നാമത്തെ പാദം രണ്ടാമത്തെ പാദമായി ആവർത്തിക്കുന്നതു മുഖം.

[illegible]
[illegible]
[illegible]
[illegible]

ഇവിടെ ഒന്നാമത്തെ പാദം രണ്ടാമത്തേതായി ആവർത്തിച്ചിരിക്കുന്നു.

വൃദി സന്ദംശമാദ്യം പാദത്തെ-
യാവർത്തിപ്പതു മൂന്നതിൽ

ആദ്യപാദത്തെ മൂന്നാമത്തേതായി ആവർത്തിക്കുന്നതു സന്ദംശം.

[illegible]
[illegible]

(രുഗ്മാംഗദചരിതം)

ആവൃത്തിയാദ്യം പാദത്തെ-
യാവർത്തിക്കുക നാലതിൽ

ആദ്യപാദത്തെ നാലാമത്തേതായി ആവർത്തിക്കുന്നതു ആവൃത്തി.

> കുമാരനാഡീസകരാജിരാജിതഃ
> [illegible]
> [illegible]
> കുമാരനാഡീസകരാജിരാജിതഃ.

ഇവിടെ ഒന്നും, നാലാം പാദമായി ആവൎത്തിച്ചിരിക്കുന്നു.

൨൫ ഗൎഭം ദ്വിതീയമാം പാദ-
മാവൎത്തിക്കുക മൂന്നതിൽ

രണ്ടാം പാദത്തെ മൂന്നാമത്തേതായി ആവൎത്തിക്കുന്നതു ഗൎഭം.

> [illegible]
> [illegible]
> [illegible]
> [illegible]

സന്ദഷ്ടകം ദ്വിതീയത്തെ-
യാവൎത്തിക്കുക നാലതിൽ

ദ്വിതീയപാദത്തെ നാലാമത്തേതായി ആവൎത്തിക്കുന്നതു സന്ദഷ്ടകം.

> വിലസും പല ദിവ്യസ്ത്രീനിലയം മലഹാരിയാം
> ഇളകില്ലാത്ത സത്സംഗനിലയം മലഹാരിയാം.
>
> (രുക്മാംഗദചരിതം)

൨൬ മൂന്നാംപാദത്തെ നാലിലു-
ലാവൎത്തിക്കുക പുച്ഛമാം

മൂന്നാംപാദം നാലാംപാദത്തിങ്കൽ ആവൎത്തിക്കുന്നതു പുച്ഛം.

> [illegible]
> [illegible]
> സംസാരമാനീയമഹാരിപുച്ഛം
> സംസാരമാനീയമഹാരിപുച്ഛം

[illegible]-
താവൎത്തിക്കുക പംക്തിയാം.

ആദ്യത്തെ പാദത്തെ മറ്റുള്ള മൂന്നിലും ആവൎത്തിക്കുന്നതു പങ്‌ക്തി.

വികാസമീയുൎജ്ജഗതീശമാൎഗ്ഗണാ വികാസമീയുൎജ്ജഗതീശമാൎഗ്ഗണാഃ
വികാസമീയുൎജ്ജഗതീശമാൎഗ്ഗണാ വികാസമീയുൎജ്ജഗതീശമാൎഗ്ഗണാഃ.

൨൨ ആദ്യത്തെ നാലിലും രണ്ടു-
മൂന്നിലും പരിവൃത്തിയാം

ആദ്യത്തെ നാലാംപാദമായും, രണ്ടാമത്തതു മൂന്നാംപാദമായും, ആവൎത്തിക്കുന്നതു പരിവൃത്തി.

ഭൂദരദാദസൌരഭമഞ്ജീരയതാംതാം
സ്മരസ്മേരദാലകുലമേഖലോദ്ധാ
സ്മരസ്മേരദാലകുലമേഖലോദ്ധാ
ഭൂദരദാദസൌരഭമഞ്ജീരയതാംതാം.

യുഗ്മകമാദ്യമാമൊന്നു
രണ്ടിലും മൂന്നു നാലിലും

ഒന്നാമത്തതു രണ്ടാമത്തതിലും, മൂന്നാമത്തതു നാലാമത്തതിലും, ആവൎത്തിക്കുന്നതു യുഗ്മകം.

ശമിതസംശമസജ്ജനതാപദം ശമിതസംശമസജ്ജനതാപദം
നമതകാമമഹീനവിലാസിതം നമതകാമമഹീനവിലാസിതം.

൨൩ പൂൎവ്വാൎദ്ധമുത്തരാൎദ്ധത്തി-
ലാവൎത്തിക്ക സമുൽഗ്ഗകം

പൂൎവ്വാൎദ്ധമായ ഒന്നാമത്തേയും രണ്ടാമത്തേയും പാദങ്ങളെ, ഉത്തരാൎദ്ധമായ മൂന്നാമത്തേയും നാലാമത്തേയും പാദങ്ങളായി ആവൎത്തിക്കുന്നതു, (പൂൎവ്വാൎദ്ധവും ഉത്തരാൎദ്ധവും ഒന്നായിരിക്കുന്നതു) സമുൽഗ്ഗകം.

കാണിക്കപ്പൂതചലിതമാനിശ്ശലഹാരിയും
കാണിക്കപ്പൂതചലിതമാനിശ്ശലഹാരിയും

(രുഗ്മാംഗദചരിതം)

മഹായമകമാദ്യേക-
പദ്യാവൎത്തനമന്യമാം

ഒരു പാദ്യത്തെ മുഴുവൻ തന്നെ മറ്റൊന്നായി ആവർത്തിക്കുന്നതു മഹായമകം.

[illegible]
[illegible]
[illegible]
[illegible]

ൻ൦ പാദാദ്യാവൃത്താം പാദ-
ഭാഗാവൃത്തിരിതീരിതം

പാദത്തിന്റെ അല്പം ഭാഗത്തെ ആവർത്തിക്കുന്നതു പാദഭാഗാവൃത്തി യമകം. ഇതും പലവിധമുണ്ട്.

[illegible]
[illegible]

([illegible])

ഇവിടെ പാദങ്ങളിലെല്ലാം ആദ്യത്തെ അല്പഭാഗം ആവർത്തിപ്പിരിക്കുന്നു.

[illegible]
[illegible]
[illegible]
[illegible]

([illegible])

ഇതിൽ നാലാംപാദത്തിന്റെ അല്പഭാഗം ആ പാദത്തിൽതന്നെ ആവർത്തിപ്പിരിക്കുന്നു. ഈ വൃത്തത്തിൽ ഈ മാതിരി യമകം മഹാകാവ്യങ്ങളിൽ സാമാന്യേന സ്വീകരിക്കപ്പെട്ടുവരുന്നു.

[illegible]
[illegible]
[illegible]
[illegible]

(രാഘവാഭ്യുദയം)

ഇവിടെ എല്ലാ പാദങ്ങളിലും അതാതു പാദങ്ങളുടെ അല്പം ഭാഗം ആവർത്തിച്ചിരിക്കുന്നു.

[illegible]
[illegible]
([illegible])

ആദ്യപാദത്തിന്റെ അന്ത്യഭാഗം എല്ലാ പാദങ്ങളുടെയും അവസാനഭാഗമായി ആവർത്തിച്ചിരിക്കുന്നു.

[illegible]
[illegible]
([illegible])

പാദഭാഗം ഇവിടെ രണ്ടുമൂന്നും തവണ ആവർത്തിച്ചിരിക്കുന്നു.

[illegible]
[illegible]
([illegible])

ഇവിടെ പാദങ്ങളുടെ ആദിഭാഗത്തെ അതാതു പാദങ്ങളിൽ ആവർത്തിച്ചിരിക്കുന്നു.

[illegible]
[illegible]
[illegible]
[illegible]
([illegible])

ഇവിടെ ഓരോ പാദത്തിന്റെയും അന്ത്യഭാഗം അതാതു പാദത്തിൽ തന്നെ ആവർത്തിച്ചിരിക്കുന്നു.

[illegible]
[illegible]
([illegible])

ഒരു പാദത്തിന്റെ അന്ത്യഭാഗം അടുത്തതിന്റെ ആദ്യഭാഗമായി ആവർത്തനം ചെയ്തിരിക്കുന്നു.

> മലമേൽ സരസം ചരതി സരസാക്ഷ മിളി കാണുകിൽ
> മലയാചലസന്നിഭംഗളുള്ളം ശർമ്മകരമിദം
>
> (ശാകുന്തളചരിതം)

ഇവിടെ ഒരു പാദത്തിന്റെ അന്ത്യഭാഗം അടുത്തതിന്റെ ആദിഭാഗമായി ആവർത്തിച്ചിരിക്കുന്നു.

ഇപ്രകാരം യമകങ്ങൾ പലവിധം ഉണ്ട്. പാദഭാഗാവൃത്തിയമകങ്ങൾ ഓരോ വൃത്തത്തിലും പലവിധത്തിൽ കല്പിക്കപ്പെടാം. അവയ്ക്കു എല്ലാറ്റിനും പേർ കല്പിച്ചു ലക്ഷണം ചെയ്യുന്നതു സുകരമല്ല. ശബ്ദാലങ്കാരങ്ങളിൽ യമകത്തിനു പ്രാധാന്യമേറും. യമകം കവിയുടെ ശബ്ദശക്തിയെ കാണിക്കുന്നതാണ്.

യമകത്തിൽ 'ര ല' 'ര ഡ' 'ഡ ള ല' 'ദ ന' 'ഷ സ' 'വ ബ' എന്നീവർണ്ണങ്ങളെ ഒന്നായി ഗ്രഹിക്കാവുന്നതാണ്. മുട്ടിയ പക്ഷത്തിൽ 'ശ' യേയും കൂടെ 'ഷ സ'കളുടെ കൂട്ടത്തിൽ ഗണിക്കാം. എന്നാൽ ഇപ്രകാരം ഭിന്നവർണ്ണങ്ങളെ ഒന്നായി ഗ്രഹിക്കാതിരിക്കയാണ് യുക്തം. ഈ വിധം ചെയ്യുന്നതു കവിയുടെ അശക്തിയെ കാണിക്കുന്നതായി വന്നേക്കാവുന്നതാണ്; അത്രയുമല്ല, ക്രമേണ ഈ ന്യായം വികസിച്ചു വികസിച്ചു,ഒടുവിൽ ഒരു വർഗ്ഗത്തിൽ ഉള്ള എല്ലാവർണ്ണത്തിനും ഇതുപോലെ ഐക്യം കല്പിക്കേണ്ടതാണെന്നു, വാദം പുറപ്പെടുവാനിടയുണ്ട്. അങ്ങിനെ ചെയ്യുന്നതു കഷ്ടവുമാണ്. അതുകൊണ്ടു അതാതു വർണ്ണത്തെത്തന്നെ ആവർത്തിക്കുകയാണ് യുക്തം. മഹായമകം, സമുദ്ഗകം, പരിവൃത്തി മുതലായവയിൽ കവികൾക്കുള്ള അതിപ്രയത്നത്തെ ഓർത്തു സദയം മുമ്പു പറഞ്ഞ ഐക്യം ഗ്രഹിക്കേണ്ടത് ആവശ്യമാകുന്നു. സംസ്കൃതശാസ്ത്രകാരന്മാർ ഈ മാതിരി സന്ദർഭങ്ങളിൽ കവികൾക്കു അല്പം ദയ കാണിച്ചിട്ടുണ്ട്. 'കരബാകാര വേകാരണതാം യയുഃ'(രഘുവംശം) ഇത്യാദി പ്രയോഗങ്ങൾ നോക്കുക. ഇവിടെ 'വബ'കൾക്കു അഭിന്നത കല്പിച്ചിരിക്കുന്നു എങ്കിലും യമകത്വത്തിനു ഹാനിയില്ല.

ചക്രാദ്യാകൃതിയുണ്ടാകം-
മട്ടുവേണ്ടും ക്രമത്തോടെ
വർണ്ണങ്ങളെ നിബന്ധിക്ക-
ലതു ചിത്രമലങ്കൃതി

ചക്രാദികളുടെ ആകൃതി ഉണ്ടാകത്തക്കവിധം വേണ്ടുന്ന ക്രമത്തിൽ അക്ഷരങ്ങളെ നിബന്ധിക്കുന്നതു ചിത്രം. ഇതു പലവിധം ഉണ്ട്. അനേകം വിധം ചിത്രങ്ങൾ ഉണ്ടാക്കാൻകഴിയും. ചക്രം, പത്മം, രഥം, ഖഡ്ഗം, ശൂലം, ശരം, മുസലം, മുരജം, നാഗം മുതലായവയുടെ ആകൃതി വരത്തക്കവണ്ണം അക്ഷരങ്ങളെ നിബന്ധിക്കാവുന്നതാണ്. അവയ്ക്കു ചക്രബന്ധം, പത്മബന്ധം, ഇത്യാദി പേർ പറയുന്നു. ചില ബന്ധങ്ങൾക്കു ഉദാഹരണം താഴെ കൊടുക്കുന്നു.

[illegible]
[illegible]

(രാ. ച. വിലാസം.)

ഇതു ശരബന്ധമാകുന്നു.

[illegible]
[illegible]

(രാ. ച. വിലാസം.)

ഇതു പത്മബന്ധത്തിനു ഉദാഹരണം. ഇതുപോലെ മറ്റു ബന്ധങ്ങളേയും ഗ്രഹിച്ചുകൊള്ളണം.

ഏകാക്ഷരപദ്യങ്ങ-
ളകണ്ഠ്യാദികളും തഥാ
സർവ്വതോഭദ്രമിത്യാദി-
യുൾപ്പെടും ചിത്രനാമക.

ഒരു ശ്ലോകം മുഴുവൻ ഒരേ അക്ഷരംകൊണ്ടു ചമയ്ക്കുന്നതു ഏകാക്ഷരപദ്യം; അതുപോലെ രണ്ടു അക്ഷരങ്ങൾകൊണ്ടുള്ളതു ദ്വ്യക്ഷരം; ഇവയും അകണ്ഠ്യാദിയും സർവ്വതോഭദ്രം

മുതലായവയും ചിത്രത്തിലുൾപ്പെടുന്നു. ഒരു പദ്യത്തിൽ കണ്ഠ്യങ്ങളായ അക്ഷരങ്ങൾ ഇല്ലാതിരുന്നാൽ ആ പദ്യം അകണ്ഠ്യം ആകുന്നു. ഇതുപോലെ അദന്ത്യം അതാലവ്യം നിരൌഷ്ഠ്യം നിരനുനാസികം അമൂർദ്ധന്യം മുതലായവയേയും ഗ്രഹിക്കണം.

[illegible]

(രാമചന്ദ്രവിലാസം)

ഇതു ഏകാക്ഷരപദ്യത്തിന് ഉദാഹരണം. ഇതിൽ 'ന' മാത്രമേ അടങ്ങിയിട്ടുള്ളൂ.

[illegible]

([illegible])

ഈ പദ്യത്തിൽ 'വ' 'ര' ഇവ മാത്രമേ ഉള്ളൂ.

ഗിരിസുതമിതിൽ ഗതിപ്രാപ്തി പൂണ്ടിട്ടു മുറ്റീടും
ഈശനിപ്പുത്രിപിടിച്ചിട്ടും തിങ്കിതിയിലില്ലിതിൽ.

([illegible])

ഇതു അദന്ത്യമാകുന്നു.

ഒരേ പാദങ്ങളിലെയും അക്ഷരങ്ങളെ അനുലോമമായും പ്രതിലോമമായും എങ്ങിനെ വായിച്ചാലും ഒരുപോലെ ഇരിക്കുന്നതു സർവ്വതോഭദ്രം.

[illegible]

([illegible])

ഒരു പദ്യത്തിലെ നാലാം പാദം മറ്റു മൂന്നു പാദങ്ങളിലും ഗൂഢമായിരിക്കുന്നതു ഗൂഢചതുർത്ഥം.

ചന്ദ്രമൗലിയെയർച്ചിച്ചു പടകണ്ടിട്ടു പിന്നെയും
വാരരാശിയിലുമെങ്ങും വാഴിച്ചു കപിവാഹിനി.

(രാമചന്ദ്രവിലാസം)

നേരെ അങ്ങോട്ടു വായിച്ചാലും മറിച്ചു ഇങ്ങോട്ടു വായിച്ചാലും ഒരുപോലെ ഇരിക്കുന്നത് അനുലോമപ്രതിലോമം.

ഭവി മന്ദയശാതസ്പാസ്പതയാ വനമാ വിള
ളരികാമദ്ദ്വിള്ളിരണ. രണ്ണിവിദ്ദമകാരില.

(രാമാംശചരിതം)

ഈ പദ്യത്തിലെ പൂർവ്വാർദ്ധവും ഉത്തരാർദ്ധവും നേരെയും മറിച്ചും വായിച്ചാൽ ഒരുപോലെ ഇരിക്കുന്നതാണ്.

[illegible] കർത്തൃ കർമ്മ ക്രിയാ ഗൂഢ-
പ്രഹേളികകളും തഥാ
സമസ്യാ ഹൈതയുംകൂട-
മിവ ചിത്രത്തിലുൾപ്പെടും.

മുമ്പു പറഞ്ഞവ കൂടാതെ കർത്തൃഗൂഢം കർമ്മഗൂഢം ക്രിയാഗൂഢം പ്രഹേളിക സമസ്യ കൂടം ഇവയും ചിത്രത്തിൽ ഉൾപ്പെടുന്നു.

ഒരു വാക്യത്തിൽ കർത്താവിനെ മറച്ചു വയ്ക്കുന്നതു കർത്തൃഗൂഢം.

ശേഷഹീനമസാളത്വ്യ ഉദ്ധാരാ പൂണ്ട ചന്ദ്രനെ
ഇതൈവ കർത്താവുമൊത്താൽ ഗ്രസ്തമാണല്ലോ നിർമ്മലം.

ഈ വാക്യത്തിൽ കർത്താവ് ഉണ്ട്. എന്നാൽ അറിയുവാൻ പ്രയാസമായിരിക്കും. 'ഇഹ' എന്ന പദമാണിവിടെ കർത്താവ്. 'ഇഹ' എന്ന പദത്തിനു കാമദേവനെ ഹനിച്ചവൻ ശിവൻ എന്ന അർത്ഥം. 'ഇഹ' അവ്യയമാണെന്നേ സാധാരണ തോന്നുകയുള്ളു. ഇപ്രകാരമുള്ളത് കർത്തൃഗൂഢം.

ഇതുപോലെ കർമ്മത്തെ മറച്ചു വയ്ക്കുന്നതു കർമ്മഗൂഢം.

ശ്രീമല്ലാസാരസരോഹിസരാജവനമാരതൻ
ഇട്ടിരിക്കുന്ന പാദമസ്ത്രീമിത്രസഹോദരാവും.

ഇവിടെ കർത്താവു 'മാരൻ'നും 'ഇട്ടിരിക്കുന്നു' ക്രിയയും ആണ്. കർമ്മം ഗൂഢമാകുന്നു. 'സരഃ' എന്ന പദമാണ് ക

ത്ഥം. 'സരോജവനമാരുതൻ' എന്ന പ്രയോഗവിശേഷം നിമിത്തം ഇവിടെ സഃ എന്നു പ്രത്യേകമായ പദമുള്ളതായി തോന്നുകയില്ല.

ക്രിയയെ മറയ്ക്കുന്നത് ക്രിയാഗുപ്തം.

ആശയഃ പാണ്ഡവാഃ സര്വ്വേ. ദുര്യ്യോധനസമീപതഃ
അവനു പറ്റവും … വേ…ധിതനിലയിൽ.

ഇവിടെ 'സര്വ്വേ അദ്ദഃ തഃ ധനസമീപതഃ' എന്നു പദച്ഛേദം ചെയ്യുമ്പോൾ അദ്ദഃ (കൊടുത്തു) എന്ന ക്രിയ കിട്ടുന്നു.

ഓരോന്നിനേയും എന്നപോലെ കർത്താവിനേയും കർമ്മത്തിനേയും ക്രിയയേയും ഒരു വാക്യത്തിൽ ഗുപ്തമാക്കാം. ഇതിനു കർത്തൃകർമ്മക്രിയാഗുപ്തമെന്നു പേർ പറയുന്നു.

ഭവാനിശം … പ്രതിപൂജാപരായണഃ

കഃ! കഷ്ടം! അനിശം എല്ലാ സമയത്തിങ്കലും ഉമേശം പ്രതി ശിവനെക്കുറിച്ചു പൂജാപരായണൻ പൂജിക്കുന്നതിൽ തല്പരനായിട്ട് ഭവിച്ചാലും എന്നു അർത്ഥം. നീ (കഃ) കർത്താവും ഉമേശൻ കർമ്മവും 'ഭവ' ക്രിയയും ആകുന്നു.

അല്പമർത്ഥം വ്യക്തമാക്കി
സ്വരൂപാർത്ഥം മറച്ചഥ
ബാഹ്യാർത്ഥബന്ധം തോന്നിച്ചാൽ ക-
പ്രഹേളികയിതി സ്മൃതം.

അല്പം അർത്ഥത്തെ വ്യക്തമാക്കി സ്വരൂപാർത്ഥത്തെ മറച്ചു ബാഹ്യാർത്ഥസംബന്ധത്തെ കാണിക്കുന്നതിനു പ്രഹേളിക എന്നു പേർ. ഇതു വിനോദത്തിനുവേണ്ടിയുണ്ടാക്കുന്ന കവിതയാണ്. പല ആളുകൾ ഉള്ള സ്ഥലങ്ങളിൽവച്ചു, മറ്റുള്ളവർ അറിയാത്തവിധം സംഭാഷണം ചെയ്യുന്നതിനും, അറിവില്ലാത്തവർക്ക് വ്യാമോഹം ഉണ്ടാക്കുവാനും, പ്രഹേളിക ഉപയോഗപ്പെടുന്നു. സമാഗത, സംഖ്യാത നാമാന്തരിത പരി

ഹാരിക സമാനരൂപ സമാനശബ്ദ മുതലായി പ്രഹേളികകൾ പലവിധം ഉണ്ട്.

സന്ധികൊണ്ടു അൎത്ഥത്തെ ഗൂഢമാക്കുന്നത് സമാഗത.

നമയാഗോരസാഭിജ്ഞം ചേതഃ കസ്മാൽ പ്രകുപ്യസി
അസ്ഥാനരുദിതൈരേഭിരലമാലോഹിതേക്ഷണേ.

ഇവിടെ മയാ അഗോരസാഭിജ്ഞം, എന്നും ആഗോരസാഭിജ്ഞം എന്നും രണ്ടു വിധം പദം മുറിക്കാം. അപ്പോൾ 'ഞാൻ ഗോരസം ഭക്ഷിച്ചിട്ടില്ല' എന്നും 'പരസ്ത്രീസംസൎഗ്ഗരൂപമായ അപരാധം ചെയ്തിട്ടില്ലെന്നും' അൎത്ഥം സിദ്ധമാകുന്നു.

അക്ഷരസംഖ്യകൊണ്ടു വ്യാമോഹിപ്പിക്കുന്നത് സംഖ്യാത.

നാസിക്യമധ്യാ പരിതശ്ചതുൎവ്വൎണ്ണവിഭൂഷിതാ
അസ്തി കാചിൽ പുരീ യസ്യാമഷ്ടവൎണ്ണാഹ്വയാ നൃപാഃ

നടുവിൽ അനുനാസികാക്ഷരം; ചുറ്റും വേറെ നാലക്ഷരങ്ങൾ; ഇപ്രകാരം പേരായിട്ടു ഒരു പുരി; ഇവിടെ പേരിൽ എട്ടക്ഷരങ്ങൾ ഉള്ള രാജാക്കന്മാർ ഉണ്ട്. എന്നാണിതിന്റെ സാരം. ആദിയിൽ രണ്ടക്ഷരം പിന്നെ അനുനാസികം പിന്നെ രണ്ടക്ഷരം എന്നീ ക്രമത്തിലുള്ള പുരി 'കാഞ്ചീ'യാകുന്നു. 'ക് ആ ഞ് ച് ഈ' എന്നിങ്ങനെ അഞ്ച് അക്ഷരമാണിതിലുള്ളത്. ഇവിടെ 'ഞ്' അനുനാസികമാകുന്നു. എട്ടു അക്ഷരംകൊണ്ടു പേരുള്ളവർ പുണ്ഡ്രകരാജാക്കന്മാരാണ്. 'പ് ഉ ണ് ഡ് ര് അ ക് അ' എന്നിങ്ങനെ എട്ടക്ഷരങ്ങളാണ് പുണ്ഡ്രകപദത്തിലുള്ളത്. ഇവ ചോളന്മാരും പൌണ്ഡ്രക എന്നാകുന്നു.

ഒരു നാമം പറയേണ്ടിടത്തു പല അൎത്ഥമുള്ള നാമത്തെ കല്പിക്കുന്നതു നാമാന്തരിത.

ആരഭേ രാജസൂയാദീൻ പാൎത്ഥിവഃ കോപി ഗീയതേ
സനാതനശ്ച നൈവാസൌ രാജാ നാപി സനാതനഃ.

ഒരു പാൎത്ഥിവൻ ആദിയിൽ രാജാവെന്നും, പിന്നെ സ

നാതനൻ എന്നും, പറയപ്പെടുന്നു. എന്നാൽ ഇവൻ രജോവും സനാതനനും അല്ല. ഇതാണു് സ്ഥൂലാർത്ഥം. രജാതനവൃക്ഷം എന്നാണിവിടെ ഗൂഢമായ അർത്ഥം. ഇതു പാർത്ഥിവം. പൃഥിവിയുടെ വികാരമാകുന്നു; സ നാ അതന എന്നു പദം മുറിച്ചാൽ അനാരതത്തോടു കൂടിയതെന്നു അർത്ഥം കിട്ടുന്നു. അപ്പുറം ആദിയിൽ 'രജം' എന്നും പിന്നെ 'തന' എന്നും കിട്ടുകയാൽ രജാതനം എന്നാകുന്നു. യൌഗികശബ്ദങ്ങളെക്കൊണ്ടു പ്രസ്തുതമായ അർത്ഥത്തെ പരിഹരിക്കുന്നതു പരിഹാരിക.

> വലിഭിദാത്മജാരാതിപിതൃപാദാർദിതാ ജനാഃ
> ഹിമാപഹാമിത്രധരൈർവ്യാപ്തം വ്യോമാഭിനന്ദതി.

സൂര്യരശ്മികളാൽ പീഡിപ്പിക്കപ്പെട്ട ജനം മേഘങ്ങളാൽ വ്യാപ്തമായ ആകാശത്തെ അഭിനന്ദിക്കുന്നു എന്നു സാരം. ഇവിടെ പദാർത്ഥം ഇപ്രകാരമാണ്. വലനാൽ ഭേദിക്കപ്പെട്ടവൻ ഇന്ദ്രൻ; അവന്റെ ആത്മജൻ=പുത്രൻ അർജ്ജുനൻ; അവന്റെ അരാതി=ശത്രു കർണ്ണൻ; അവന്റെ ജനകൻ=പിതാവു സൂര്യൻ. സൂര്യന്റെ പാദം=സൂര്യരശ്മി; ഹിമാപഹൻ=മഞ്ഞിനെ നശിപ്പിക്കുന്നവൻ അഗ്നി; അതിന്റെ അമിത്രം=ശത്രു ജലം, അതിനെ ധരിക്കുന്നതു മേഘം.

സാദൃശ്യംകൊണ്ടു ഒന്നിനെ മറ്റൊന്നായി രൂപപ്പെടുത്തുന്നതു സമാനരൂപ.

> അത്രോദ്യാനേ മദ്ധ്യേസ്ഥാ വല്ലരീ പഞ്ചപല്ലവാ
> പല്ലവൈഃ പല്ലവൈ താഡ്യ ന്യസ്യം കുസുമമഞ്ജരീ.

ഇതിന്റെ സ്ഥൂലമായ അർത്ഥം ഉദ്യാനത്തിലെ വല്ലിയെക്കുറിക്കുന്നതാണ്. എന്നാൽ ഈ പദ്യത്തിന്റെ സൂക്ഷ്മമായ അർത്ഥം ഒരു സുന്ദരിയെ സംബോധിക്കുന്നതാകുന്നു. പഞ്ചപല്ലവാ വല്ലരീ എന്നതിനു അഞ്ചു വിരലുകളോടുകൂടിയ കന്യ എന്നും, കുസുമമഞ്ജരി എന്നതിനു നാമം എന്നും, അർത്ഥം.

സമാനങ്ങളായ ഇതരശബ്ദങ്ങളെക്കൊണ്ടു പ്രകൃതാർത്ഥത്തിന്റെ ഉപസ്ഥിതി ഉണ്ടാക്കുന്നതു സമാനശബ്ദ.

> ജിതപ്രകൃഷ്ടകേശാഖ്യോ യസ്യാഭൂമിസാഹ്വയഃ
> സമാമദ്യപ്രശ്രമതാൽകം കരോതി കളഭാഷിണി.

ഇവിടെ 'ഹേ സുന്ദരി നിന്റെ അധരം പവിഴത്തെ ജയിക്കുന്നതാ'ണെന്നു സാരം. പ്രകൃഷ്ടകേശാഖ്യം എന്നതിനു, പ്രകൃഷ്ടത്തിന്റെയും കേശത്തിന്റെയും ആഖ്യയുള്ളത് എന്ന്, അർത്ഥം. പ്രകൃഷ്ടത്തിന്റെ ആഖ്യ പ്ര; കേശത്തിന്റെതു ബാലം വാലം വാളം; പ്രകൃഷ്ടകേശം=പ്രവാളം. ജിതപ്രകൃഷ്ടകേശം=പ്രവാളത്തെ ജയിക്കുന്നത്. അഭൂമിസാഹ്വയം=അഭൂമി എന്നതിന്റെ സാഹ്വയം. സാഹ്വയം=ഒരേ പേർ; ഭൂമിക്കു ധര എന്നതു സമാനശബ്ദം. അപ്പോൾ അഭൂമി പദത്തിനു അധരം എന്നു അർത്ഥം. ഈ മാതിരി പ്രഹേളികകൾ സമാനശബ്ദ എന്നു പേർ.

ഇവിടെ പറഞ്ഞവ കൂടാതെ, വഞ്ചിത വ്യുൽക്രാന്ത പ്രമുഷിത പരുഷ പ്രകല്പിത നിഭൃത സമ്മൂഢ ഏകച്ഛന്ന ഉഭയച്ഛന്ന സങ്കീർണ്ണ എന്ന പത്തുവിധം പ്രഹേളികകളും ഉണ്ട്. സരസ്വതീകണ്ഠാഭരണത്തിൽ പ്രഹേളികകളെ ച്യുതാക്ഷര, ദത്താക്ഷര, ച്യുതദത്താക്ഷര, അക്ഷരമുഷ്ടി, ബിന്ദുമതി, അർത്ഥവതി, എന്നു ആറുവിധം വിഭജിച്ചിരിക്കുന്നു. ഒരു പദത്തിൽ വേണ്ട അക്ഷരത്തെ വിട്ടുകളഞ്ഞിട്ടുള്ളതു ച്യുതാക്ഷരയും, വേണ്ടാത്ത അക്ഷരത്തെ ചേർത്തിട്ടുള്ളതു ദത്താക്ഷരയും, വേണ്ടതിനെ വിട്ടു വേണ്ടാത്തതിനെ ചേർത്തിട്ടുള്ളതു ച്യുതദത്താക്ഷരയുമാണ്. ശ്ലോകത്തിലുള്ള അക്ഷരങ്ങളെ എല്ലാം വെവ്വേറെ എടുത്തു തിരിച്ചും മറിച്ചും ക്രമം തെറ്റി ചേർക്കുന്നത് അക്ഷരമുഷ്ടി. ശ്ലോകത്തിലെ വ്യഞ്ജനങ്ങളെ എല്ലാം എടുത്തു കളഞ്ഞ് അവയ്ക്കു പകരം ബിന്ദുക്കളെ വയ്ക്കുന്നതു ബിന്ദുമതി; ശ്ലോകംകൊണ്ടു സൂചിപ്പിക്കാൻ വിചാരിച്ച അർത്ഥത്തെ ഒരു അർത്ഥമുള്ള പദംകൊണ്ടു മറയ്ക്കുന്നത് അർത്ഥവതി.

കൂജന്തി കോകിലാഃ സാലേ യൌവനേ ഫുല്ലമംബുജം
കിം കരോതു കുരംഗാക്ഷീ വദനേന നിപീഡിതാ.

കോകിലങ്ങൾ സാലത്തികൽ കൂജനം ചെയ്യുന്നു; അംബുജം യൌവനത്തിൽ വിടരുന്നു; വദനത്താൽ പീഡിതയായ സുന്ദരി എന്തു ചെയ്യുന്നു; എന്നാണ് കേൾക്കുമ്പോൾ തോന്നുന്ന അർത്ഥം. ഇവിടെ വാക്യങ്ങൾക്ക് അർത്ഥം യോജിക്കുന്നില്ല. ഒന്നാം വാക്യത്തിൽ 'സാലേ' എന്ന പദത്തിന്റെ ആദിയിൽ 'ര' എന്നു ചേർക്കുകയും, രണ്ടാം വാക്യത്തിൽ 'യൌവനേ' എന്ന പദത്തിലെ 'യൌ' എടുക്കുകയും, മൂന്നാം വാക്യത്തിലെ 'വദനേന' എന്നതിൽ 'വ' എടുത്തു പകരം 'മ' വയ്ക്കുകയും ചെയ്യണം. അപ്പോൾ രസാലേ, വനേ, മദനേന എന്നു മൂന്നു പദങ്ങൾ ഉണ്ടാകുന്നു. കുയിലുകൾ രസാലത്തിൽ (തേന്മാവിൽ) ഇരുന്നു കൂജനം ചെയ്യുന്നു; താമരപ്പൂവു വനത്തിൽ (ജലത്തിൽ) വികസിക്കുന്നു; മദനപീഡിതയായ സ്ത്രീ എന്തു ചെയ്യുന്നു; എന്നു അർത്ഥം സിദ്ധമാകുന്നു. ഒന്നാമത്തെ വാക്യത്തിൽ 'രസാലേ' എന്നു പറയേണ്ടതിനു 'സാലേ' എന്നു മാത്രം പറഞ്ഞതിനാൽ 'ര' ച്യുതമായിരിക്കുന്നു. രണ്ടാമത്തേതിൽ വനേ എന്നു മാത്രം പറയേണ്ടതിനു യൌവനേ, എന്നു പറഞ്ഞിരിക്കുകയാൽ, 'യൌ' ദത്തമാകുന്നു. മൂന്നാമത്തേതിൽ 'മദനേന' എന്നു വേണ്ടതിനു പകരം 'വദനേന' എന്നു പറഞ്ഞിരിക്കുന്നു. അതിനാൽ ഈ പദ്യത്തിലെ മൂന്നു വാക്യങ്ങളും, യഥാക്രമം ച്യുതാക്ഷര, ദത്താക്ഷര, ച്യുതദത്താക്ഷര എന്നിവയ്ക്കു ഉദാഹരണങ്ങളാകുന്നു. മുമ്പു പറഞ്ഞ കർത്തൃകർമ്മക്രിയാഗുപ്തങ്ങളും പ്രഹേളികയിലുൾപ്പെടുന്നു.

പൂരണീയാർത്ഥമാം വാക്യം
സമസ്യാഖ്യം പ്രകീർത്തിതം

പൂരിപ്പിക്കാൻ യോഗ്യമായ അർത്ഥമുള്ള വാക്യത്തെ

സമസ്യ എന്നു പറയുന്നു. സമസ്യകൾ വിഷമങ്ങളായിരിക്കും. അവയെപ്പൂരിപ്പിക്കുന്നതിനു പല മാർഗ്ഗങ്ങൾ ഉണ്ട്.

൯൭ പ്രശ്നോത്തരം പാദഭംഗം
പൂർവ്വത്തിന്നാദ്യയോജനം.
വ്യാജോക്തിയാണിവൻ നൂനം
കഥിച്ചീടുകയെന്നതും

൯൮ സമസ്യാപൂരണത്തിനു
കൈക്കൊണ്ടീടേണ്ടുന്ന മാർഗ്ഗമാം.

പ്രശ്നോത്തരം പാദഭംഗം പൂർവ്വത്തിന്റെയും അന്ത്യത്തിന്റെയും യോജനം ഇവകൊണ്ടും, ഇവൻ വെറും വ്യാജോക്തിയാണ് എന്നു പറയുന്നതുകൊണ്ടും, വിഷമസമസ്യകളെ പൂരിപ്പിക്കാം. ഇവ സമസ്യാപൂരണത്തിനുള്ള മാർഗ്ഗങ്ങളാകുന്നു. പ്രശ്നോത്തരമെന്നതു ചോദ്യോത്തരമാണ്. ഈ ഉപായം കൊണ്ടു എത്ര വിഷമസമസ്യയേയും പൂരിപ്പിക്കാം. 'രാമൻ ചുംബതി രാവണന്റെ വദനം സീതാവിയോഗാതുരൻ' എന്ന സമസ്യ തന്നെ ഉദാഹരണമായെടുക്കാം. ഇതു കേൾക്കുമ്പോൾ വളരെ അസംബന്ധമായി തോന്നും. എന്നാൽ പ്രശ്നോത്തരം എന്ന മാർഗ്ഗംകൊണ്ടു ഇതു സംബദ്ധമാക്കാം.

കൊച്ചുണ്ണിക്കു വയസ്സിതാകെ തിതിയിൽ പ്പോരുന്ന പ്രിയാരത്നമിതെ
ന്തോ ചെയ്യുന്നതെന്തു കാമിയെ വനാന്തത്തിൽ സൃതൻ വാകിനാൾ
ആരാണിക്കാര്യമിതു ചെയ്‌വതു രാവണവിരോധിയാം
രാമൻ ചുംബതി രാവണന്റെ വദനം സീതാവിയോഗാതുരൻ.

(സ്വന്തം)

ഇവിടെ ആദ്യത്തെ മൂന്നു പാദങ്ങളിലെയും ചോദ്യങ്ങൾക്ക് നാലാം പാദത്തിലെ ഓരോ പദവും യഥാക്രമം ഉത്തരമായി വരുന്നു.

ആദ്യന്റെ പത്നിയോടൊപ്പം കാട്ടിൽപ്പോയതാര്? രാമൻ
കാമി പ്രിയയുടെ മുഖത്തെ എന്തു ചെയ്യുന്നു? ചുംബതി
ഭിക്ഷുവേഷം ആരുടെ ചിത്രമാണ്? രാവണന്റെ

വരാകിനാൽ ശോഭിക്കുന്നതെന്ത്? — വദനം
ഭൂമിയുടെ പുത്രി ആരാണ്? — സീതാ
ചന്ദ്രനെ ദ്വേഷിക്കുന്നതു ആർ? — വിയോഗാതുരൻ

എല്ലാം പ്രശ്നങ്ങൾക്കും ഉത്തരമായി, 'രാമൻ ചുംബതി രാവണാരെ വദനം സീതാ വിയോഗാതുരൻ', എന്നു കിട്ടുന്നു. വേറെ ഒരു ഉദാഹരണംകൂടി കാണിക്കാം. 'തക്രം ശക്രസ്യ ദുർല്ലഭം' ഇതു് അബദ്ധമാണെന്നു തോന്നും. എന്നാൽ പ്രശ്നോത്തരംകൊണ്ടു നേരെയാക്കാം.

ഭോജനാനന്തരപാനത്തിൽ ജയന്തനാരുടെ സുതൻ
കഥം വിഷ്ണുപദം ചൊൽക തക്രം ശക്രസ്യ ദുർല്ലഭം.

(സ്വന്തം)

ഭക്ഷണാവസാനത്തിൽ എന്തിനെ പാനം ചെയ്യണം? ജയന്തൻ ആരുടെ പുത്രനാണ്? വിഷ്ണുപദം എപ്രകാരമുള്ളതാണ്? എന്നീ പ്രശ്നങ്ങൾക്കു യഥാക്രമം 'തക്രം ശക്രസ്യ ദുർല്ലഭം' എന്നു കിട്ടുന്നു. 'പ്രസവിപ്പിടുന്നു മശകം ഗജങ്ങളെ' എന്നതും ഇതുപോലെയുള്ള ഒരു സമസ്യയാണ്.

പരിപുഷ്ടഗർഭിണികൾ ചെയ്യുന്നതെന്തുവാൻ
തരുണൻ അടിച്ചു ബധിരം കടിപ്പതാര്
വനസിംഹമേതവയെ ഹനിച്ചിടുന്നു
പ്രസവിപ്പിടുന്നു മശകം ഗജങ്ങളെ.

(ഭാഷാപോഷിണി)

ആദ്യത്തെ മൂന്നു പാദങ്ങളിലെയും പ്രശ്നങ്ങൾക്കു നാലാം പാദത്തിലെ ഓരോ പദവും യഥാക്രമം ഉത്തരമായി ഭവിക്കുന്നു.

പദഭംഗം എന്നതിനു പദം മുറിക്കുക എന്നു അർത്ഥം. ഇതും വിഷമസമസ്യകളെ പൂരിപ്പിക്കുന്നതിനുള്ള ഒരു മാർഗ്ഗമാണ്. 'പരമസുഖം ഗുരുനിന്ദകൊണ്ടുമുണ്ടാം' എന്ന സമസ്യ ഉദാഹരിക്കപ്പെടാം.

ഗുരുചരണസരോജഭക്തിമൂലം
[illegible]

ഉത്തരസ്ഥലത്തും ചലിക്കുമെന്നാൽ.
പ്പര,മസുഖം ഉത്തനിന്നുകൊണ്ടുമൂടാം.

(ഭാഷാപോഷിണി)

'പരമസുഖം' എന്നതു 'പരം അസുഖം' എന്നു പദം മുറിക്കുമ്പോൾ അർത്ഥം സുബോധമാകുന്നു.

സമസ്യയിലെ പൂർവ്വപദത്തോടു മറ്റൊരു പദം ചേർക്കുന്നതു പൂർവ്വാർത്ഥയോജനം. പൂർവ്വത്തോടു അതിന്റെ മുമ്പിലുള്ള പദത്തിന്റെ അന്ത്യം ചേർന്നിരിക്കും. 'പതത്രിപോൽശോണതരം തവാധരം' എന്ന സമസ്യ കേട്ടാൽ അർത്ഥം അസംഗതമായി തോന്നും.

ഹൃതന്തമുള്ളാനന്ദമയിപത്ന്യമാലിഖിച്ചതാം നിന്നുടെ ചെന്താമരയും
ഘനി പനി ഭാഗ്യശാലി നിന്നുടെ പതത്രിപോൽ ശോണതരം തവാധരം

ഇവിടെ പതത്രി എന്ന പദത്തിന്റെ മുമ്പിൽ 'ചെം' എന്ന പദംകൂടി ചേർക്കുമ്പോൾ 'ചെമ്പതത്രി' എന്നു കിട്ടുകയും അർത്ഥം സുബോധമാകുകയും ചെയ്യുന്നു.

ഏതുവിധം ദുർഘടമായ സമസ്യയും 'മൊഴി അങ്ങിനെ വെറുതെ പറയുകയാണെ' എന്നാക്കിയാൽ എളുപ്പം പൂരിപ്പിക്കാൻ കഴിയും.

ദേവർഷിവരശാപങ്ങൾ
മണിയും മന്ത്രമൗഷധം
ന്റെ ശംബരാരികൾതന്നായ
പരം പുണ്ണ്യം മനോഹരം.
തപസ്സ്ശാന്തിസന്തോഷം
ദുസ്സഹം ശോകം മൊട്ടുംഭ്രമം
ന്വ രാഗരോഷം ഗദൃശ്യാന്ത-
യമിശല്യനിബന്ധനം.
സമസ്യാപൂരണത്തിനു-
ള്ളുപായങ്ങളിതൊക്കയും

മുമ്പു പറഞ്ഞവ കൂടാതെ, ദേവന്മാരുടെയും ഋഷികളുടെയും വരം, ശാപം മണി മുതലായവകൊണ്ടും ദുർഘടസമസ്യകളെ പൂരിപ്പിക്കാം. ദേവന്മാരുടെയും ഋഷികളുടെയും അനുഗ്രഹംകൊണ്ടു സാധിക്കാത്തതായി ഒന്നുമില്ല. 'മൂകന്മാർ പാടിടുന്നു ബധിരരതു കേൾക്കുന്നു നോക്കുന്നിതന്ധർ' എന്ന സമസ്യ കേൾക്കുമ്പോൾ അസംബന്ധമായി തോന്നും. എന്നാൽ ദേവന്മാരുടെയും ഋഷികളുടെയും പ്രസാദംകൊണ്ടു ഇവയൊക്കെ സംഭവിക്കാവുന്നവയാണ്.

ശ്രീകൃഷ്ണൻ [illegible]
ശ്രീകണ്ഠം മൂർത്തി [illegible]
എങ്കൽ ശ്രീവിലാസം [illegible] തൽപ്രസാദപ്രഭാവാൽ
മൂകന്മാർ പാടിടുന്നു ബധിരരതു കേൾക്കുന്നു നോക്കുന്നിതന്ധർ.
([illegible])

മണി മന്ത്രം ഔഷധം എന്നിവകൊണ്ടും പലതും സാധിക്കാവുന്നതാണ്. [illegible] പ്രഭാവമുണ്ട്. ശംബരനെ ജാലവിദ്യാകാരൻ. ആകാശത്തിൽ ഉദ്യാനം കാണിക്കുക നഗരം സൃഷ്ടിക്കുക മുതലായവയും ഇതുകൊണ്ടു സാധിക്കാം. പാപം പുണ്യം എന്നിവകൊണ്ടും മനോരഥംകൊണ്ടും എന്തും കഴിയും. മനോരഥത്തിന് ഒന്നും അഗോചരമായിട്ടില്ല. തപസ്സിന്റെ പ്രഭാവം പ്രസിദ്ധമാണ്. ഇതു നിമിത്തം പല മഹർഷിമാർക്കും പല അത്ഭുതകർമ്മങ്ങളും ചെയ്യുവാൻ കഴിഞ്ഞിട്ടുണ്ട്. വിശ്വാമിത്രൻ സ്വർഗ്ഗത്തെ സൃഷ്ടിച്ചു; അഗസ്ത്യൻ സമുദ്രത്തെ കുടിച്ചു; ഇതൊക്കെ തപഃപ്രഭാവംകൊണ്ടു സാധിച്ചതാണ്. ശാന്തി സന്തോഷം മുതലായ ഭാവങ്ങളെക്കൊണ്ടും എന്തും കഴിയും. അധികമായ സന്തോഷം ഉണ്ടാകുമ്പോൾ ദുഃഖവും സുഖമായി തോന്നുന്നു. 'പാവകന്റെ നടുവിൽക്കിടക്കകിലും മല്ലികപ്പൂമെത്തയാണത്രേ' എന്ന സമസ്യയെ സന്തോഷാധിക്യം കാരണമാക്കി പൂരിപ്പിക്കാം.

[illegible]
[illegible]

> കേവലം ദുസ്സഹമെന്നതോ നഹി സുഖപ്രദം വിഷമമൊക്കെയും
> പാവകന്റെ നടുവിൽ [illegible]
> (ഭാഷാപോഷിണി)

ഭ്രാന്തനായവൻ എന്തും പറയും. അവന് എല്ലാം വിപരീതമായി തോന്നും. 'പത്തുഭാമിനിയെന്നു കൂട്ടുകടം തിന്നു തീർത്തൊരു രാത്രിയിൽ' എന്ന സമസ്യ കേൾക്കുമ്പോൾ അത്യന്തമെന്നു തോന്നും. എന്നാൽ ഇതൊരു ഭ്രാന്തന്റെയോ വാക്കാകുന്നതായാൽ അബദ്ധമാകുന്നതല്ല.

> ഭ്രാന്തനായവർ ചൊല്ലിടുന്ന വചസ്സുകൾ
> [illegible]
> [illegible]
> പത്തുഭാമിനിയെന്നു കൂട്ടുകടം തിന്നു തീർത്തൊരു രാത്രിയിൽ.
> (ഭാഷാപോഷിണി)

ഒരു സാധനത്തിന്റെ നിറംകൊണ്ടു മറ്റൊന്നിന്റെ നിറം മാറുന്നതു തദ്ഗുണാലങ്കാരം. കീർത്തിക്കു വെളുപ്പുനിറമാണ്. ഇതിന്റെ വ്യാപ്തികൊണ്ടു കറുത്ത പദാർത്ഥങ്ങളെല്ലാം വെളുപ്പിക്കാം. ദുഷ്കീർത്തി കറുത്തതാണ്; ഇതു നിർമ്മലമായ ഒരു നിറമുള്ളവയെ കറുപ്പിക്കുകയും ചെയ്യും. ലൌഹിത്യം സന്ധ്യ അധരം രത്നം മുതലായവയാൽ ചുവപ്പിനെ പ്രതിപാദിക്കണം. 'മലയജതിലകനാൽ കുങ്കുമപ്പൊട്ടുപോലെ' എന്ന സമസ്യയിൽ മലയജത്തിനെ ചുവപ്പിക്കുവാൻ മറ്റൊന്നിന്റെ ചുവപ്പിനെ അതിനോടു യോജിപ്പിച്ചാൽ മതിയാകും.

> കലിതരുചിയിലൊക്കെ നിന്നധരത്തിലെല്ലാം,
> [illegible]
> [illegible]
> മലയജതിലകം തൽക്കുങ്കുമപ്പൊട്ടുപോലെ.
> (ഭാഷാപോഷിണി)

ഇവിടെ അധരത്തിന്റെ നിറത്തെ യോജിപ്പിച്ചു മലയജത്തെ ചെന്തൊട്ടുകപോലാക്കിയിരിക്കുന്നു. 'കുങ്കുമം വെളുവെളുത്തു

പോയതോ?' എന്ന സമസ്യയെ കീർത്തി കാരണമാക്കി പൂരിപ്പിച്ചാൽ സുബോധമാകുന്നതാണ്.

കണ്ണുകാവതിയലുന്ന നിൻയശഃപൂരമിക്ഷിതി നിറഞ്ഞിരിക്കവേ
കണ്ടുവോ ചന്ദ്രനായിനായ ശേഷം പങ്കജം വെള്ളവെള്ളമിതുപോയതോ

(ഭാഷാപോഷിണി)

എങ്കിൽ എന്നാൽ അപ്രകാരമാകുന്നപക്ഷം എന്നും മറ്റും ഉപയോഗിക്കുന്നതാണ് ദുശ്ശബ്ദം. ഇതു ചേർത്താൽ എത്ര ദുർഘടമായ സമസ്യയേയും പൂരിപ്പിക്കാം. 'വണ്ടിക്കുതന്നെ വലുതായ തണ്ണപ്പുതോന്നും'; ഇതു കഠിനമായ ഒരു സമസ്യയാണ്.

ഇന്ദ്രന്റെ ചിന്തിതമൊട്ടിലെഴുത്തു പാന്തിമാരെ.
തന്നിൽ ഉദിക്കുമെങ്കിൽ അറിവുള്ളവരെന്നപക്ഷം
അന്നുള്ള വണ്ടു പൃഥുവൻ വിപരീതമായാൽ
വണ്ടിക്കുതന്നെ വലുതായ തണ്ണപ്പുതോന്നും.

(ഭാഷാപോഷിണി)

ഇവിടെ അങ്ങിനെയാണെങ്കിൽ ഇങ്ങിനെ ആകും എന്ന എങ്കിൽ (ഗതി, ശ്ലോകം ചേർത്തിരിക്കുന്നു.

പുരാണം ചിത്രം സ്വപ്നം മുതലായവയേയും ദുർഘടസമസ്യകളെ പൂരിപ്പിക്കുന്നതിനു മാർഗ്ഗങ്ങളായി സ്വീകരിക്കാം. പുരാണത്തിൽ അത്ഭുതകഥ പലതുമുണ്ട്. അതിനെ കാരണമാക്കുന്നതു പുരാണം. 'സമുദ്രത്തിൽനിന്നൊരാവും ധൂളിപൊങ്ങി' എന്ന സമസ്യയെ അഗസ്ത്യന്റെ സമുദ്രപാനത്തെ കാരണമാക്കി പൂരിപ്പിക്കണം.

അഗസ്ത്യൻ മഹാതാപസൻ വെള്ളമെല്ലാം
കുടിച്ചാട്ടമില്ലാതെ വറ്റിച്ചശേഷം.
വിവസ്വാൻ കരത്താലുണങ്ങിക്കിടക്കും
സമുദ്രത്തിൽ നിന്നൊരാവും ധൂളി പൊങ്ങി.

(ഭാഷാപോഷിണി)

ഇന്ന വിധമേ സ്വപ്നം കാണാവൂ എന്നില്ല. അതുകൊണ്ടു അസംഭവങ്ങളായവയേയും സ്വപ്നം കാരണമാക്കി പൂരി

പ്പിക്കാം. ചിത്രത്തിൽ നിവേശിപ്പിച്ചതാണെന്നു വരുത്തിയാൽ വിഷമസമസ്യകളെ പൂരിപ്പിക്കാം. 'സൂച്യഗ്രേ നാലുകൂപം ഗജമുപരി നഗം മീതെ നാലാഴിമേലേൽ' എന്ന സമസ്യ കേട്ടാൽ അസംബന്ധമായി തോന്നും. എന്നാൽ ഇതെല്ലാം ചിത്രത്തിൽ നിവേശിപ്പിച്ചതാണെന്നു വരുത്തിയാൽ മതി.

സൃഷ്ടിച്ചിട്ടീപ്രപഞ്ചസ്ഥിതികളെയഖിലം തെറ്റിമാറ്റിത്തിരിച്ചീ-
സ്സാക്ഷാൽത്താതം വരുത്താൻ പടുതയധികമാലേഖ്യകാരൻ കണ്ടോ
വീക്ഷിക്കാം തോയമദ്ധ്യത്തിലധികമിളകാൻ ചിത്രമെന്നോർത്തു നോക്കൂ
സൂച്യഗ്രേ നാലുകൂപം ഗജമുപരി നഗം മീതെ നാലാഴിമേലേൽ.

(ഭാഷാപോഷിണി)

ഇവിടെ പറഞ്ഞ മാർഗ്ഗങ്ങളെക്കൊണ്ടു ദുർഘടങ്ങളായ എല്ലാത്തരം സമസ്യകളേയും പൂരിപ്പിക്കാവുന്നതാണ്.

അർത്ഥം വളരെ കൃത്രിമമായി ഘടിപ്പിക്കുന്നതാണ് ക്ലിഷ്ടം.

കരണ കരണത്യക്തവർണ്ണരൂപം ധരിച്ചിടും
അവന്നസ്തു ക്ഷമയുമുപ ധരിച്ചീടട്ടെ ദിവ്യവും.

(സ്വന്തം)

കരണത്യക്തം കരണ എന്നാൽ 'കരണ' എന്നീ വർണ്ണങ്ങളില്ലാത്ത കരണ എന്നർത്ഥം. കരണപദത്തിൽനിന്നും 'ക ര ണ' എന്നിവ കളഞ്ഞാൽ 'ആ യു ഉ' എന്നിവ കിട്ടും. ഇവ സന്ധിചെയ്യുമ്പോൾ ആയുഃ എന്നാകുന്നു. അവന്നു ആയുസ്സുണ്ടാകട്ടെ എന്നു സാരം.

മാതംഗം ഭക്ഷാരതരമായ മനസ്സിലോർത്തു
മാതം വഹിക്കുമഖരാമണിയാകുമായതി
ശ്രീരാമവാനരചമൂപരകീടപാദേ
നാരായണാഖിലേശ വെറുത്തു വസിച്ചിരുന്നു.

(സ്വന്തം)

ഇവിടെ വിരഹിണി ശ്രീരാമദികളെ വെറുക്കുന്നത് അസംഗതമായി തോന്നും. പദച്ഛേദംകൊണ്ടു വിരുദ്ധതകൾ കുറ്റങ്ങളും ഉണ്ടാക്കുന്നവയാണെല്ലാം പികങ്ങൾ. ഇവയെ വള്ള

ത്തുന്നതു് കാകകളാണു്. ശ്രീരാമൻ ഇവരെ മുഴുവൻ കൊന്നിരുന്നു എങ്കിൽ പികങ്ങൾ നശിക്കുകയും വിരഹികൾ സുഖമായിരിക്കുകയും ചെയ്യുമായിരുന്നു. (സീതാസ്തനസ്പർശാപരാധബാധിതനായ ഒരു കാകത്തിൽ ശ്രീരാമൻ അസ്ത്രപ്രയോഗം ചെയ്ത കഥ പുരാണപ്രസിദ്ധം) അങ്ങിനെ ചെയ്യാതിരുന്നതുകൊണ്ടാണു് ശ്രീരാമനോടു് വെറുപ്പു്. മലയപർവ്വതത്തെ നശിപ്പിക്കാത്തതിനാൽ വാനരചമുവിനോടും, കാമദേവനെ നിശ്ശേഷം ദഹിപ്പിക്കാത്തതിനാൽ ശിവനോടും, ചന്ദ്രനെ ജനിപ്പിച്ചതിനാൽ സമുദ്രത്തിനോടും, കാമദേവനെ ജനിപ്പിച്ചതിനാൽ വിഷ്ണുവിനോടും, വിരോധം.

ഭാഷാസമവും ചിത്രമാകുന്നു. ഏകവിധമായ ശബ്ദത്തിൽ പല ഭാഷകൾ കല്പിക്കുന്നതു ഭാഷാസമം.

മഞ്ജുളമണിമഞ്ജീരേ
കളഗംഭീരേ വിഹാരസരസീതീരേ
വിരസാസി കേളികീരേ
കിമാളി ധീരേ ച ഗന്ധസാരസമീരേ.

ഈ ശ്ലോകം സംസ്കൃതം പ്രാകൃതം ശൌരസേനി മുതലായ ഭാഷകളിൽ സമമാകുന്നു.

ശബ്ദാലങ്കാരം ചിത്രം ഇവയും പ്രധാനങ്ങൾതന്നെയാണു്. അർത്ഥം എത്രമാത്രം ഹൃദയംഗമമായിരുന്നാലും, അതു മനോഹരമായ ശബ്ദത്തിൽ ഘടിതമായിരുന്നില്ലെങ്കിൽ, സഹൃദയന്മാർക്കു വൈരസ്യം തോന്നും. നേരെമറിച്ചു് അർത്ഥം കുറച്ചമാണെങ്കിൽതന്നെയും, സുഭഗശബ്ദസംഘടിതമായിരുന്നാൽ, സ്ഥൂലമായ രസം ഉണ്ടാകുന്നതാണു്. ക്ലിഷ്ടപദങ്ങളിൽ ഘടിപ്പിക്കുന്ന അർത്ഥം എത്രമാത്രം സുന്ദരമായാലും, ഭാഗ്യഹീനന്മാർക്കു് ഉണ്ടാകുന്ന സന്താനം പോലെ, അതു് ആഹ്ലാദജനകമല്ലെന്നു, വിലക്ഷണഭാഷിതകാരകവി പറയുന്നു. ഭൂഷോജ്ജ്വലയായ ഒരു യുവതിയെ കാമികൾ എന്നപോലെ, ശബ്ദസുഭഗമായ കാവ്യത്തെ സഹൃദയന്മാർ അധികം ഇഷ്ട

പ്പെടുന്നു. ഇതിൽനിന്നും കാവ്യത്തിൽ ശബ്ദത്തിൻെറ പ്രാധാന്യം ഗ്രഹിക്കാവുന്നതാണ്. ശബ്ദം നിസ്സാരമാണെന്നും, അതുകൊണ്ടു ശബ്ദാലങ്കാരങ്ങളെ ഗണിക്കേണ്ടതില്ലെന്നും, അഭിപ്രായപ്പെടാവുന്നതല്ല. ശബ്ദവിഷയത്തിൽ ശ്രദ്ധിക്കാത്തതായി ഒരു കവിയും ഉണ്ടായിട്ടില്ല. ഓരോരുത്തരും ഓരോവിധം രുചിക്കും ശബ്ദാലങ്കാരത്തിൽ ശ്രദ്ധകാണിച്ചിരിക്കുന്നതെന്നേ വ്യത്യാസമുള്ളു. ശ്രീവാല്മീകി പലവിധമുള്ള ശബ്ദാലങ്കാരങ്ങളേയും സ്വീകരിച്ചിട്ടുണ്ട്. കാളിദാസനും അതുപോലെതന്നെ; ശ്രീഹർഷൻ മാഘൻ ഭാരവി ബാണൻ സുബന്ധു മുതലായ മഹാകവികൾ എല്ലാം ശബ്ദാലങ്കാരത്തിൽ സവിശേഷം ശ്രദ്ധപതിപ്പിച്ചിട്ടുള്ളവരാണ്. ശ്രീശങ്കരാചാര്യർ നീലകണ്ഠദീക്ഷിതർ ജഗന്നാഥപണ്ഡിതർ ക്ഷേമേന്ദ്രൻ ജയദേവർ മുതലായ എല്ലാ കവികളും ശബ്ദത്തിൽ വളരെ നിഷ്കർഷിച്ചിട്ടുണ്ട്. മൂകൻെറ കഥ പ്രത്യേകം പറയേണ്ടതായിട്ടില്ല. ഇതിൽനിന്നൊക്കെയും ശബ്ദം കാവ്യത്തിൽ വളരെ പ്രധാനമാണെന്നുതന്നെ ഗ്രഹിക്കണം. ശബ്ദാലങ്കാരത്തോടുകൂടാതെയിരുന്നാൽ ഒരു കാവ്യം എത്രമാത്രം സഹൃദയന്മാരെ രസിപ്പിക്കുമോ അതിലുമധികം, അതു ശബ്ദാലങ്കാരസഹിതമാണെങ്കിൽ രസിപ്പിക്കുമെന്നതിനു സംശയമില്ല. അർത്ഥം അപ്രധാനമാണെന്നല്ല ഇവിടെ പറയുന്നത്; എന്നാൽ അതുകൊണ്ടുമാത്രം ഒരു കാവ്യം വിശിഷ്ടമായി എന്നു ശഠിക്കുന്നത് അയുക്തമാണെന്നു സാധിക്കുന്നുള്ളു. ശബ്ദത്തിനും അർത്ഥത്തിനും, രണ്ടിനും, സമമായും പ്രാധാന്യം കല്പിച്ചു, കാവ്യം മൂന്നുവിധമുണ്ട്. യുധിഷ്ഠിരവിജയം നളോദയം മുതലായവ ശബ്ദപ്രധാനങ്ങളാണ്. ഇവയിൽ അർത്ഥത്തെ അപ്രധാനമായി ഗണിച്ചിരിക്കുന്നു. ആര്യാസപ്തശതി മുതലായവ അർത്ഥത്തെ പ്രാധാന്യേന ഗണിക്കുന്നവയാണ്. രഘുവംശം മാഘം നൈഷധം മൂകപഞ്ചശതി രാമായണഭാരതചമ്പുക്കൾ മുതലായവ ശബ്ദാർത്ഥങ്ങളെ സമപ്രാധാന്യത്തോടുകൂ

ടി സ്വീകരിച്ചിരിക്കുന്നു. ഈ മൂന്നാമതു പറഞ്ഞ തരത്തിലുള്ള കാവ്യങ്ങളാണ് ഉത്തമങ്ങൾ. മഹാകവികൾ ശബ്ദത്തിനും അൎത്ഥത്തിനും ഒരുപോലെയുള്ള പ്രാധാന്യം കൊടുത്തിരിക്കുന്നു. അൎത്ഥത്തിനുവേണ്ടി ശബ്ദത്തെയും ശബ്ദത്തിനുവേണ്ടി അൎത്ഥത്തെയും വികലമാക്കുന്ന നയം അയുക്തമെന്നു അവരും സമ്മതിക്കും. ഒന്നിനുവേണ്ടി മറ്റൊന്നിനു വൈകല്യം വരുത്താതെ, രണ്ടിനേയും സമമായ പ്രാധാന്യത്തോടുകൂടി സ്വീകരിക്കുകയാണ് ചെയ്യേണ്ടത്. ശ്രവണേന്ദ്രിയത്തെ ആകൎഷിക്കുന്നതിനുള്ള ശക്തി കവിതയ്ക്കു ശബ്ദാലങ്കാരംകൊണ്ടേ ലഭിക്കുകയുള്ളു. പ്രൗഢനായ ഒരു രാജാവിനു കിരീടകടകഹാരകേയൂരാദികൾ എന്നപോലെ, വിശിഷ്ടമായ മഹാകാവ്യത്തിനു ചിത്രങ്ങൾ കാന്ത്യുൽകൎഷകരങ്ങളാകുന്നു. ഒരു രാജാവിനു കിരീടാദികൾ പോലെ മഹാകാവ്യത്തിനു ചിത്രവും അപരിത്യാജ്യമാണ്; മഹാകാവ്യങ്ങളിൽ ചിത്രം സവിശേഷം സ്വീകരിക്കപ്പെടുന്നു. മാഘം കിരാതാൎജ്ജുനീയം മുതലായവയിൽ ശബ്ദചിത്രമാണുള്ളത്. രഘുവംശത്തിലും അങ്ങിനെതന്നെ, (ഒമ്പതാംസൎഗ്ഗം യമകം) നൈഷധീയചരിതത്തിൽ അൎത്ഥചിത്രം സ്വീകരിക്കപ്പെട്ടിരിക്കുന്നു. ശേഷാമഹാകാവ്യങ്ങളും ഇതുപോലെതന്നെ. ഒരു കാവ്യം എത്രമാത്രം ഇവയെ ഗ്രഹിക്കാതിരിക്കുന്നു അത്രയും മറ്റുള്ളവയിൽനിന്നു അതിനു താഴ്മയുണ്ട്; ഇവയെ എത്രമാത്രം സാമഗ്ര്യേണ സ്വീകരിക്കുന്നുവോ അത്രയും ആ കാവ്യത്തിനു ഉൽകൃഷ്ടത ലഭിക്കുന്നു. 'കാവ്യേഷു മാഘഃ' എന്നു പണ്ഡിതന്മാർ സമ്മതിച്ചുകൊടുത്തിരിക്കുന്നവിധം ഉള്ള ഔൽകൃഷ്ട്യം മാഘത്തിനു, സിദ്ധമായതു ശബ്ദാൎത്ഥങ്ങളിൽ മറ്റു കവികളെക്കാൾ അധികം ദൃഷ്ടിചെയ്തിട്ടുള്ളതുകൊണ്ടാണ്. 'യുഗേഷ്വിയേ യമകപ്രപഞ്ചഃ' എന്നു ആക്ഷേപിക്കുന്ന നീലകണ്ഠദീക്ഷിതർ, മറ്റു കവികളെ അതിശയിച്ച സുഭഗശബ്ദഘടനാവിഷയത്തിൽ ദീക്ഷിച്ചിട്ടുണ്ട്. ഇതുവിധം വിചാരിച്ചും

ലും ശബ്ദാലങ്കാരത്തെ നിസ്സാരമായി ഗണിക്കുന്ന കാവ്യത്തിന്നു, അത്രമാത്രം അപകർഷവും ഉണ്ടാകുമെന്നതു്, അനുഭവവേദ്യമാകുന്നു.

പ്രഹേളികാ സമസ്യ മുതലായവയും സാഹിത്യത്തിന്റെ ശ്ലാഘനീയങ്ങളായ ചില അംശങ്ങളാണു്. ഒരു പ്രൗഢമായ സാഹിത്യത്തിനു ഇവയും ആവശ്യംതന്നെ. ഇവ മനസ്സിന്നു ആഹ്ലാദത്തെ ജനിപ്പിക്കുന്നതിനു പ്രയോജനപ്പെടുന്നു; വിനോദകങ്ങളുമാകുന്നു. മായാപ്രദീപങ്ങളിലും മറ്റുംകൂടി വിശേഷരീതിയിലുള്ള ചിത്രങ്ങൾ കാണുമ്പോൾ ഉണ്ടാകുന്ന ആഹ്ലാദം ഈമാതിരി കവിതകൾ വായിക്കുമ്പോൾ ലഭിക്കുന്നു. കല്ലുകളെക്കൊണ്ടും മറ്റും വിശേഷരീതിയിൽ ചെയ്യുന്ന കൊത്തുപണികളും മനോഹരങ്ങളായ ചിത്രങ്ങളും ഒരു പ്രൗഢമായ രാജമന്ദിരത്തിനു യോജിക്കുന്ന അലങ്കാരങ്ങളാണു്. ഇതുപോലെ പ്രഹേളികാസമസ്യാദികൾ ഉൽകൃഷ്ടമായ ഒരു സാഹിത്യത്തിനു ഭൂഷണങ്ങളാകുന്നു. ഇവ ഇല്ലാത്തതായ ഒരു സാഹിത്യത്തിനു മറ്റതിനെ അപേക്ഷിച്ചു അത്രമാത്രം അപകർഷവുമുണ്ടു്.

൯൯. കാവ്യം ധ്വനി ഗുണീഭൂത-
വ്യംഗ്യം ചേതി ദ്വിധാ മതം

കാവ്യം, ധ്വനി ഗുണീഭൂതവ്യംഗ്യം എന്നു രണ്ടുവിധം ആകുന്നു.

വാച്യാർത്ഥാധികമായ് വ്യംഗ്യം
ശോഭിച്ചീടുവതാം ധ്വനി.

വാച്യാർത്ഥത്തെക്കാൾ വ്യംഗ്യാർത്ഥം കൂടുതലായി ശോഭിക്കുന്നതു ധ്വനി.

ധ്വനിയെക്കുറിച്ചു പല പക്ഷാന്തരങ്ങളുമുണ്ടു്. ശബ്ദാർത്ഥശരീരകമായ കാവ്യത്തിൽ, ശബ്ദഗതമായ ചാരുത്വത്തിനു അ

അനുപ്രാസാദിയും, അർത്ഥഗതമായതിന്നു ഉപമാദിയും, ഹേതുവാകുന്നു. വർണ്ണസംഘടനാധർമ്മങ്ങളാണു മാധുര്യാദികൾ. ഇതൊന്നുമല്ലാതെ വേറെ ധ്വനി എന്നൊന്നില്ലെന്നാണു ഒരു പക്ഷം. സഹൃദയഹൃദയാഹ്ലാദിയായ ശബ്ദാർത്ഥസ്വരൂപമാണു കാവ്യം എന്നും, അതിൽ ധ്വനിയെ ഗണിക്കേണ്ടതില്ലെന്നും, മറ്റൊരു മതം. ഗുണാലങ്കാരങ്ങളിൽ അന്തർഭൂതമല്ലേ ധ്വനി എന്നു ഒരു സംശയവും ഉണ്ടാകാം. ഇവയ്ക്കൊക്കെ സമാധാനമുണ്ട്. അർത്ഥം, വാച്യം പ്രതീയമാനം എന്നു രണ്ടു വിധം; ഉപമാദിയെക്കൊണ്ടു പ്രസിദ്ധമായതു വാച്യം. ഒരു യുവതിയുടെ അംഗങ്ങളെല്ലാം നിർദ്ദോഷങ്ങളും ഭൂഷിതങ്ങളും ആകുന്നു എന്നു വരികിലും അവൾ ലാവണ്യയുക്തയായി ഭവിക്കുന്നില്ല. അംഗങ്ങൾക്കു അല്പം വൈകല്യമുള്ളവളും ആഭരണവിരഹിതയും ആയ മറ്റൊരു യുവതി ലാവണ്യവതിയാകുകയും ചെയ്യുന്നു. ഇതിൽനിന്ന് അംഗങ്ങളുടെ നിർദ്ദോഷതയേയും അലങ്കാരത്തെയും ആശ്രയിച്ചല്ല ലാവണ്യം സ്ഥിതിചെയ്യുന്നതെന്നു സിദ്ധമാകുന്നു. ഇതുപോലെ ആണ് മഹാകവികളുടെ വാക്കിൽ പ്രതീയമാനമായ അർത്ഥം ശോഭിക്കുന്നത്. ഇതു ഗുണാലങ്കാരാദിയിൽനിന്നും ഭിന്നം തന്നെ. ഇതിനെ ധ്വനി എന്നു പറയുന്നു. ധ്വനി ആണ് കാവ്യത്തിന്റെ ആത്മാവു എന്നു ചില ആചാര്യന്മാർ ബലമായി സിദ്ധാന്തിക്കുന്നുണ്ട്.

ധ്വനി അവിവക്ഷിതവാച്യം, വിവക്ഷിതാന്യപരവാച്യം എന്നു രണ്ടുവിധം ഉണ്ട്. ലക്ഷണാമൂലമെന്നും അഭിധാമൂലമെന്നും വ്യംഗ്യം രണ്ടുവിധമുള്ളതായി മുമ്പു (ഒന്നാം പ്രകരണം നോക്കുക) പറഞ്ഞുവല്ലോ. ഇവയിൽ ലക്ഷണാമൂലം പ്രധാനമായി വരുന്നത് അവിവക്ഷിതവാച്യം. അഭിധാമൂലം പ്രധാനമായതു വിവക്ഷിതാന്യപരവാച്യം. അർത്ഥാന്തരസംക്രമിതം അത്യന്തതിരസ്കൃതവാച്യം എന്ന് അവിവക്ഷിതവാച്യം രണ്ടു വിധം. വാച്യാർത്ഥത്തെ അർത്ഥാന്തരത്തിൽ പ്രവേശിപ്പിക്കുന്നത് അർത്ഥാന്തരസംക്രമിതം.

കരഭം കരഭം കദളി കദളി കരിരാജകരം കരിരാജകരം
കടിയിലുളകൾക്കിരുകരകം തുടയെ കിമയം കിട തുലനകിതയുളെ.

(ര. ഉൺ്ണനാം.)

കാർശ്യം, ജാഡ്യം, കാഠിന്യം എന്നീ ദോഷങ്ങളുള്ള എന്ന അർത്ഥാന്തരത്തിൽ രണ്ടാമത്തെ കരഭം കദളി കരിരാജകരം എന്നീ പദങ്ങളുടെ വാച്യാർത്ഥത്തിനെ സംക്രമിപ്പിച്ചിരിക്കുന്നു. വാച്യാർത്ഥത്തെ മുഴുവൻ തിരസ്കരിക്കുന്നത് അത്യന്തതിരസ്കൃതവാച്യം.

മുന്നം മുന്നം പുരമഥനപദത്തെ പൂജകം ബുധനന്ദന പാതി.
ലിന്നാകിൽ പ്രൌഢനാമപ്പൃഥ്വിഭരിതൻ തൊഴുന്നേൻ തൊഴിൽജ്ഞിരാനീം
പെണ്ണുങ്ങൾക്കൊപ്പമായ്കിലും പകരം ലിന്നയം വീരപുംസാം
പൊന്നിൻപൂണാരമേ മത്ഭുവനമിലുഷിപ്പതിനാളു തൊഴുന്നു.

(രാജരത്നാവലീയം)

ഇതു ശത്രുവിനോടു പറയുന്നതാകയാൽ ഇവിടെ വാച്യാർത്ഥം മുഴുവൻ തിരസ്കൃതമാകുന്നു. "അങ്ങു വീരന്മാരായിരിക്കുന്നവർക്കു ഒരു ശിരോലങ്കാരമാണു്. ഞാൻ അങ്ങയെ തൊഴുന്നു" എന്നു വാച്യമായ അർത്ഥം. "അങ്ങയുടെ ബലം വീരന്മാരോടു ഫലിക്കയില്ല. മഹാഭീരുവായ അങ്ങയെ ഞാൻ വളരെ വെറുക്കുന്നു" എന്നു ലക്ഷ്യാർത്ഥം. വിവക്ഷിതാന്യപരവാച്യം, സംലക്ഷ്യക്രമവ്യംഗ്യമെന്നും അസംലക്ഷ്യക്രമവ്യംഗ്യമെന്നും, രണ്ടുവിധം. വാച്യാർത്ഥത്തിനു പരിമിതി ഉണ്ടായി അതിനു മേൽ വ്യംഗ്യം എന്ന ക്രമം വ്യക്തമാകുന്നതു സംലക്ഷ്യക്രമം; വേണ്ടപോലെ വ്യക്തമാകുന്നതെന്നു ക്രമപദത്തിനു അർത്ഥം. ഈ ക്രമം അവ്യക്തമായിട്ടുള്ളതു് അസംലക്ഷ്യക്രമം; സംലക്ഷ്യക്രമത്തിനു് അനുസ്വാനധ്വനി എന്നു പേർ ഉണ്ടു്. മണിയടിച്ചു കഴിഞ്ഞാൽ പിന്നാലെ സൂക്ഷ്മമായി ഒരു ശബ്ദം അനുഗമിക്കുന്നതുപോലെ വാച്യാർത്ഥത്തിന്റെ പുറകെ ഗമിക്കുന്നതു് അനുസ്വാനധ്വനി. ഇതു ശബ്ദശക്തികൊണ്ടും അർത്ഥശക്തികൊണ്ടും ഭവിക്കും.

മിന്നുന്ന കാളാഗുരുകാന്തി ചേർന്നു-
മെന്നല്ല സത്താരകമത്യുന്നതമാം
ഇന്നുല്ലസിക്കുന്ന പയോധരാൽ ഭീ-
തിയുണ്ടതെങ്കിൽ ഗതി നാളെയാകാം.

(സ്വ.)

ഇതു ദൃപ്തയായ ഒരു ഗൃഹനായിക അതിഥിയോടു പറയുന്നതാണ്. കാളാഗുരുപോലെ കറുപ്പുനിറത്തോടുകൂടി ശോഭിക്കുന്നതും, നല്ല താരകങ്ങളോടു കൂടിയതും, ആയ മേഘത്തെ കണ്ട് ഇനിയിവിടംവിട്ടു പോകുവാൻ ഭയമാകുന്നു എങ്കിൽ നാളെ പോയാൽ മതി എന്നു വാച്യം. ഇതിൽനിന്നും മറ്റൊരു അർത്ഥം സിദ്ധമാകുന്നു. കാളാഗുരു ധരിച്ചിട്ടുള്ളതും, നല്ല ഹാരങ്ങളോടുകൂടിയതും, ആയ എന്റെ സ്തനം കണ്ടിട്ട് ഇന്നു പോയാൽ മന്മഥൻ കൊല്ലുമോ എന്നു ഭയമുണ്ടെങ്കിൽ, നാളെ പോയാൽ മതി എന്നാണീ അർത്ഥം. ഇതിൽ ഇന്നു രാത്രി എന്നോടുകൂടി രമിക്കാം എന്ന അർത്ഥം നിഗൂഢമാകുന്നു. ഇതു ശബ്ദശക്തി മൂലമാണ്.

കൺപോളകളിൽനിന്നു തുള്ളി ചുണ്ടിൽ,
കൂർത്തുള്ളകുചമേൽ വീണുടഞ്ഞു തകർന്ന്
വലികളിലിടറി ചിരേണ നാഭി-
ച്ചുഴിയിലാദ്യ മഴവെള്ളമെത്തി.

(കു. സംഭവം)

ഇതു അർത്ഥശക്തിമൂലമാകുന്നു [ഒന്നാമത്തെ പ്രകരണം നോക്കുക]

ശബ്ദശക്തിമൂലം, വസ്തുവും അലങ്കാരവും ധ്വനിക്കുന്നതാണ്. ശബ്ദശക്തി മൂലമായി വസ്തു ധ്വനിക്കുന്നതിനു ശബ്ദശക്തിമൂലവസ്തുധ്വനി എന്നു പേർ. 'മിന്നുന്ന കാളാഗുരു' എന്നു മുമ്പു കൊടുത്ത പദ്യം ഉദാഹരണം. ശബ്ദശക്തിമൂലം അലങ്കാരം ധ്വനിക്കുന്നതിനു ശബ്ദശക്തിമൂലാലങ്കാരധ്വനി എന്നു പേർ.

വ്യാളം വിഭൂതിയിവ പുണ്ഡരീകാംഗകങ്ങളും ·
അംബരമായ് ശുഭ്രവസ്ത്രത്തോടുകൂടി
കോലം ശിവാകലിതമായിതു മിസ്റ്റിരികൾ
ശ്രീപൾപ്പിദായിപ്പതു ഭൈവിയിലെത്തിടുന്നു.

(ഉമാകേരളം)

ഇവിടെ പർവ്വതത്തിനുള്ള ശിവസാദൃശ്യം (ഉപമാലങ്കാരം) വ്യംഗ്യം. ശബ്ദശക്തിമൂലധ്വനിക്കു കാണിച്ച ഉദാഹരണം ശ്ലേഷാലങ്കാരമല്ലേ എന്നൊരു സന്ദേഹം ഉണ്ടാകാം. ഇതിനെ സംബന്ധിച്ചു ഭാഷാഭൂഷണത്തിൽ ഇപ്രകാരം പറയുന്നു. "അതിലക്ഷ ശബ്ദമൂലധ്വനി, പ്രകൃതാപ്രകൃതശ്ലേഷം, സമാസോക്തി ഇവ മൂന്നിലും വിശേഷണങ്ങൾക്കു നാനാർത്ഥവിവക്ഷ തുല്യമാകുന്നു. വിശേഷ്യത്തിന്റെ സ്വഭാവംകൊണ്ടാണിവ വേർതിരിക്കുന്നത്. ശബ്ദമൂലധ്വനിയിൽ പ്രകൃതാപ്രകൃതങ്ങളായ രണ്ടു വക വിശേഷ്യങ്ങളും ശ്ലിഷ്ടങ്ങളായിരിക്കും. പ്രകൃതാപ്രകൃതശ്ലേഷത്തിൽ അപ്രകൃതവിശേഷ്യം മാത്രം ശ്ലിഷ്ടം. സമാസോക്തിയിൽ വിശേഷ്യത്തിനു ശ്ലേഷമേ ഇല്ല എന്നു രസഗംഗാധരകാരൻ സമാധാനം പറയുന്നു. പ്രാചീനന്മാർ പ്രകൃതാപ്രകൃതശ്ലേഷത്തെ സ്വീകരിക്കാതെ അതിന്റെ വിഷയത്തെക്കൂടി ശബ്ദമൂലധ്വനിക്കു കൊടുക്കുന്നു. പ്രകൃതാപ്രകൃതശ്ലേഷം അന്യാലങ്കാരസങ്കീർണ്ണമായിട്ടല്ലാതെ സംഭവിക്കാത്തതിനാൽ പ്രാചീനമതം തന്നെ ഇവിടെ ആദരണീയം എന്നു തോന്നുന്നു."

൧൦൦. വാച്യാധികം ഗുണീഭൂത-
വ്യംഗ്യം കാവ്യമിതീരിതം
ധ്വനികാവ്യത്തിനെന്നുൽകൃഷ്ട-
മന്യത്തെക്കാളുമേറിടും.

വാച്യാർത്ഥം അധികമായി നിൽക്കുന്ന കാവ്യത്തിനു ഗുണീഭൂതവ്യംഗ്യം എന്നു പേരാകുന്നു. വ്യംഗ്യാർത്ഥം ഗുണീഭൂതമാകുമ്പോൾ അലങ്കാരമാകുന്നു. അലങ്കാരം മറ്റൊന്നി

ന്ന ശോഭയെച്ചെയ്യുന്നതാണല്ലോ. ഇവിടെ വ്യംഗ്യം അംശിക ചാരുത്വത്തെ ജനിപ്പിക്കുന്നതിനാൽ അലങ്കാരമായി. സ്വയം വ്യംഗ്യം ആയാൽ ഉപമാദി ഇതിന് അലങ്കാരമായി ഭവിക്കും.

ഗുണീഭൂതവ്യംഗ്യത്തെക്കാൾ ധ്വനികാവ്യം ഉൽകൃഷ്ടമാകുന്നു.

അലങ്കാരസ്വരൂപനിരൂപണം സമാപ്തം.

പ്രകരണം അഞ്ച്.

വിമർശനസ്വരൂപനിരൂപണം.

രസത്തിന്നപകർഷത്തെ-
യുണ്ടാക്കുവതു ദോഷമാം

രസത്തിന്ന അപകർഷത്തെ ജനിപ്പിക്കുന്നതിന്ന ദോഷമെന്നു പേർ. കാവ്യത്തിൽ ദോഷം ഏറ്റവും വർജ്ജനീയമാകുന്നു. ദോഷമുണ്ടെങ്കിൽ മറ്റു ഗുണങ്ങൾക്കു ശോഭ കുറയുന്നു. നേരെ മറിച്ചു ദോഷമൊന്നുമില്ലെങ്കിൽ അതുതന്നെ ഒരുവിധം ഗുണമായി എന്നു പറയാം. അത്യുഗ്രങ്ങളായ വലിയ പാപങ്ങൾ ആത്മാവിന്നും, രജസ്തമസ്സുകൾ മനസ്സിന്നും, പാണ്ഡു കുഷ്ഠം മുതലായവ ശരീരത്തിന്നും, എന്നപോലെ അശ്ലീലകഠോരസന്ദിഗ്ദ്ധാർത്ഥാദിസംജ്ഞിതങ്ങളായ ദോഷങ്ങൾ കാവ്യത്തിന്ന പലവിധം മാലിന്യത്തെ ജനിപ്പിക്കുന്നു. ഇപ്രകാരം ഗൗരവമുള്ളതിനാൽ ദോഷത്തെക്കുറിച്ചു ആദ്യമായിപ്പറയുന്നു.

ആദശ്ശംരസവൃംവസ്തു-
പാകം വൃത്തമലങ്കൃതി.

൫. വൎണ്ണനം ശയ്യയും പാക-
മൎത്ഥശബ്ദങ്ങൾ രീതിയും.
ദോഷസ്ഥാനങ്ങളാകാമത്തി-
ലാദർശം മുഖ്യമായിതിൽ.

ആദർശം, രസം, കഥാവസ്തു, പാത്രം, വൃത്തം, അലങ്കാരം, വൎണ്ണനം, ശയ്യാപാകം, അൎത്ഥം, ശബ്ദം, രീതി എന്നിവ കാവ്യത്തിൽ ദോഷത്തിന്റെ സ്ഥാനങ്ങളാണ്. ആദർശത്തെ സംബന്ധിച്ചുള്ള ദോഷത്തിന്നു ഇവയിൽ പ്രാധാന്യം കൂടുന്നു.

൬. ശൂന്യത്വം ഭ്രംശമല്പത്വം
വൈശിഷ്ട്യമഥ ഹീനത
ദോഷങ്ങളിവയഞ്ചും താ-
നാദർശസ്ഥാനഗങ്ങളാം.

ശൂന്യത്വം, ഭ്രംശം, അല്പത്വം, വൈശിഷ്ട്യം, ഹീനത്വം എന്നിവ അഞ്ചും ആദർശത്തെ സംബന്ധിച്ചുള്ള ദോഷങ്ങളാകുന്നു.

൧ ശൂന്യത്വമാകുമാദർ-
ശമൊന്നുമില്ലാതിരിപ്പു
നിജാദർശത്തിൽ നിന്നുള്ള
പതനം ഭ്രംശനാമകം.

൨ അല്പത്വം സാരമില്ലാത്തു-
ള്ളാദർശത്തെ ഗ്രഹിപ്പതാം
ആദർശത്തിന്നെഴും ശക്തി-
ക്ഷയം വൈശിഷ്ട്യമാസ്മൃതം.

൩ നീചമായിട്ടുമാദർ-
ശത്തിനാം ഹീനതാഹ്വയം

കാവ്യം യാതൊരാദർശവുമില്ലാതെ നിർമ്മിക്കുന്നതിൽ ആദർശശൂന്യത്വം എന്ന ദോഷം വ്യക്തമാണ്. ആദ്യമേ തന്നെ സ്വീകരിച്ചിട്ടുള്ള ആദർശത്തിന്നു ഇടയിൽ പതനമുണ്ടാ

കുന്നതാണ് ആദർശഭ്രംശം. നിസ്സാരമായ ആദർശം അല്പത്വവും, ആദർശത്തിന്റെ ഇടയിൽ ബലക്ഷയമുണ്ടാകുന്നതു ശൈഥില്യവും, ആകുന്നു. ദുർമ്മാർഗ്ഗത്തെ ഉപദേശിക്കണമെന്നുള്ള വിചാരത്തോടുകൂടി നിർമ്മിക്കുന്നതോ, വേറെ ഒരാളെയോ സമുദായത്തെയോ, ആക്ഷേപിക്കണമെന്ന ഉദ്ദേശമുള്ളതോ, ആണ് ആദർശഹീനത.

ആദർശത്തെ സംബന്ധിച്ചുള്ള ദോഷങ്ങളെ പ്രായേണ കാവ്യകാരന്മാർ ഗണിക്കാതിരിക്കുന്നതു ശോചനീയമാകുന്നു. കൃത്യാകൃത്യോപദേശമാണ് കാവ്യത്തിന്റെ ആത്മീയമായ ആദർശം. മുമ്പു പറഞ്ഞ അർത്ഥദോഷങ്ങളും ഈ ആദർശത്തിന്റെ ശൈഥില്യത്തെ ജനിപ്പിക്കുന്നു. ഒരു കാവ്യത്തിൽ ശബ്ദാർത്ഥഗതങ്ങളായ ദോഷങ്ങളെക്കാൾ ആദർശസംശ്രിതങ്ങളായവയ്ക്കു ഗൌരവമുണ്ട്. ആദർശദോഷസഹിതങ്ങളായ കാവ്യങ്ങൾ ദുഷ്കൃത്യങ്ങൾ ചെയ്യുന്നതിന്നു ലോകത്തെ പ്രേരിപ്പിക്കുന്നു. യാതൊരു ആദർശവുമില്ലാതെയും നിസ്സാരങ്ങളായ ആദർശങ്ങളെ പുരസ്കരിച്ചും നിർമ്മിക്കപ്പെടുന്ന കാവ്യങ്ങൾ ഭാഷയിൽ അധികമായിരിക്കുന്നു. ഇടയ്ക്കു ആദർശത്തിന്നു ഭ്രംശം സംഭവിച്ചിട്ടുള്ളവയും ദുർല്ലഭങ്ങളല്ല. യാതൊരാദർശവുമില്ലാതെ പല ലഘുകഥകളും ഖണ്ഡകാവ്യങ്ങളും വിരചിക്കപ്പെടുന്നുണ്ട്. ഹീനങ്ങളായ ആദർശത്തോടുകൂടിയവയും അങ്ങിനെ തന്നെ. അസതീധർമ്മത്തെ ഉപദേശിക്കുന്ന 'അംബോപദേശം' തന്നെ ഉദാഹരിക്കപ്പെടാം.

മറിച്ചിടാതെ മകളേ പതിരയാട്ട വിതെ.
മലരൊന്നുകൊണ്ടു കവണസ്ഥിതെന്നതുമെന്നു
നിന്നുള്ളിലോർക്ക നിലാവു വരുംവരെയും
തനിക്കൊരു പണിയതിരിപ്പുളാപ്പുള്ളവരോ
ആവല്ലഭൻ ചെന്നു മകളേ! പിരിയാതെയുമനാ.
ആ വല്ലഭൻ വഴിയേ പാപ്പുത പുള്ളിമായാൽ
ആ വിഡ്ഢിയെക്കളക മാത്രമെയൊട്ടങ്ങിനെയൊന്നാൽ
മാതിന്റെ ചോട്ടിലെയെ പാർത്തു മൊഴിയരാമെന്നു
വിത്തം ഒരുന്നവനെ വീട്ടിൽ വരുത്തി പാതി.

> ഗ്രന്ഥം ഇങ്ങനെ കാലത്തിന്നിതല്ല
> ഭർത്താവിന്നു മുട്ടുകൾക്കേ! പരമാർത്ഥമായ
> ഭർത്തൃനാമ മന്ദിരി പനകയൊന്നിരിപ്പോരം.
>
> (വെങ്കടേശ നീതിശതകം)

ഇവിടെ ഭർതൃഭക്തി പാതിവ്രത്യം മുതലായ ഗുണങ്ങൾ അങ്ങനെതന്നെ ഉപദേശിച്ചിരിക്കുന്നു. ഈ കൃതി ആദർശഹീനതയ്ക്കുദാഹരണമാണ്. എങ്കിലും ബുധരാണിജ്ജഗതി' ഇത്യാദി ഗ്രന്ഥകർത്താവു പറയുന്ന സമാധാനം സ്വീകരണീയമല്ല. ലോകത്തിൽ അധികംപേരും രോഗികളാണെന്നു വിചാരിക്കുക. എന്നാൽ അവരുടെ രോഗത്തിനു ശമനമുണ്ടാക്കുന്ന നല്ല ഔഷധങ്ങളെക്കുറിച്ചോ അതോ രോഗവർദ്ധനകരമായ അപത്ഥ്യവൃത്തിയേക്കുറിച്ചോ ഏതാണ് അവർക്കുപദേശിക്കേണ്ടത്? രോഗിയുടെ സ്ഥൂലമായ ഹിതത്തെ അല്ല വൈദ്യൻ നോക്കേണ്ടത്. കവി ബുധന്മാരുടെ ആത്മീയമായ രുചിയെ ഗണിക്കേണ്ടിയിരിക്കുന്നു. അതുകൊണ്ടു അസംബോധപദേശാദികാവ്യങ്ങൾ സർവ്വഥാ ദുഷ്ടങ്ങൾതന്നെ. ഈ മാതിരി കാവ്യങ്ങളെപ്പോലെ ലോകത്തിനു ദോഷം ചെയ്യുന്നവയായി വേറെ ഒന്നുംതന്നെയില്ല. മറ്റുവിധമുള്ള ഗുണങ്ങൾ എത്രമാത്രം പുഷ്ടങ്ങളായിരുന്നാലും ഈ ഒരു വലിയ ദോഷം നിമിത്തം എതരംവിധകൃതികൾ സൌന്ദര്യശാലിനികളായ അസതികൾ എന്നപോലെ വർജ്ജിക്കപ്പെടേണ്ടവയാണ്. ഇതരങ്ങളായ ആദർശദോഷങ്ങളോടുകൂടിയ കാവ്യങ്ങൾ ഭാഷയിൽ സുലഭങ്ങളാകയാൽ ഉദാഹരണം കൊടുക്കുന്നില്ല.

സ്വശബ്ദംകൊണ്ടു രസവും
സ്ഥായിയും വ്യഭിചാരിയും

൧ ചൊൽക, വൈരിരസാംഗത്തിൻ-
വിഭാവാദികളെടുക്കുക,
അകാണ്ഡപ്രഥനം, ഛേദ-
മേകനിഷ്ഠതാദീപ്തികൾ

൭ അംഗമല്ലാത്തതിൻ വർണ്ണ-
നംഗിചേർക്കാതിരിപ്പതും
അതിവിസ്തൃതിയംഗത്തിൽ
പ്രകൃതിക്കവിപര്യയം.
൮ അനൗചിത്യവുമർത്ഥത്തിൽ
രസദോഷങ്ങളാമിവ

രസം, സ്ഥായി, വ്യഭിചാരി എന്നിവയുടെ പേർ അതാതിന്റെ ശബ്ദംകൊണ്ടുതന്നെ പറയുന്നതു ദോഷമാണ്.

ആ സന്താംഗിയെ കാണ്കെ രസമേതാരിലില്ലാതുള്ളവും
ഒരൊന്നാം ചന്ദ്രനായുള്ളോ സ്വാന്തമേ ശൃംഗാരകാരകൻ.

(സ്വന്തം)

ഇവിടെ രസത്തിന്റെ പേർ ശൃംഗാരം എന്ന സ്വശബ്ദം കൊണ്ടു പറഞ്ഞിരിക്കുന്നതിനാൽ ദോഷം.

മോഹനൻ അരികെക്കൂടെ വന്നപ്പോൾ കാന്തയിൽ രതി
ശമിച്ചൻ മുഖമേന്നാ ലജ്ജാവൈവശ്യം പൂണ്ടു മുഗ്ദ്ധയായ്.

(സ്വന്തം)

ഇവിടെ രതിയെന്ന സ്ഥായിയുടെയും ലജ്ജ എന്ന അനുഭാവത്തിന്റെയും പേർ പറഞ്ഞിരിക്കുന്നു; അതിനാൽ ദുഷ്ടം; 'ലജ്ജാവൈവശ്യം പൂണ്ടു' എന്നതിനു പകരം 'മുഖം കുനിച്ചുതാഴ്ത്തിയായ്' എന്നോ മറ്റോ ചേർക്കുന്നതാണ് യുക്തം.

അസ്ഥിരം യൗവനം നൂനം ചിന്തയാലിതുതോർത്തു നീ
തൃഷ്ണയാകിന മാതംഗം തന്നെ ഭംഗിക്കളഞ്ഞീടേ.

(സ്വന്തം)

ഈ സന്ദർഭത്തിൽ യൗവനത്തിന്റെ അസ്ഥിരതാകല്പനം ശൃംഗാരരസത്തിനു പ്രതിബന്ധിയായ ശാന്തത്തിന്റെ അംഗമാണ്. അതുകൊണ്ടു അതിനെ ശൃംഗാരത്തിൽ ഗ്രഹിച്ചതു അയുക്തം. സ്വപ്രതിബന്ധിയായ രസത്തിന്റെ വിഭാവാദിയെ എടുക്കുക എന്നതു ഇപ്രകാരമുള്ള ദോഷമാണ്. അയുക്തമായ കാലത്തിൽ ഗ്രഹിക്കുന്നതാണ് അകാണ്ഡപ്രഥ

നം. വേണീസംഹാരത്തിൽ (രണ്ടാമങ്കം) ദുര്യോധനനും ഭാനുമതിയുമായുള്ള ശൃംഗാരം അകാണ്ഡപ്രഥനത്തിനു ഉദാഹരണമാണ്. സ്വപുത്രാദികളായ അനവധിവീരന്മാർ മരിച്ചിരിക്കുന്ന ഒരു സന്ദർഭത്തിൽ ഘടിപ്പിച്ചതുകൊണ്ടാണ് ഇവിടെ ശൃംഗാരത്തിനു അകാണ്ഡപ്രഥനദോഷം സംഭവിച്ചത്. ഇതുപോലെ അകാലത്തിൽ ഛേദമാകുന്നതും ദോഷമാകുന്നു. മഹാവീരചരിതത്തിൽ രാഘവഭാർഗ്ഗവന്മാരുടെ സംരംഭത്തിൽ 'കങ്കണമോചനത്തിനായിക്കൊണ്ടു പോകുന്നു' എന്നുള്ള രാഘവന്റെ വാക്യം ഛേദത്തിനു ഉദാഹരണം. സ്ത്രീപുരുഷന്മാരിൽ (രണ്ടുപക്ഷമില്ലാതെ) രതി ഒരാളിൽ മാത്രം സ്ഥിതി ചെയ്യുന്നതു ഏകനിഷ്ഠത്വം. രാവണവിജയം കഥകളിയിൽ രാവണന്റെ രംഭാപ്രവേശം ഉദാഹരിക്കപ്പെടാം.

> 'മാരാസ്ത്രമേറ്റതി മുറിവേറ്റൊരു മാനസമാശു
> നാരീവരമാരെ കരുണയൊടു പുണരുകയേ
> ഹാഹാ ജഗല്പ്രാണനപി കമലബാണസമാന
> ചിത്രം ധനാശി തിമ സമാകുന്നമോഹം.
>
> (കിളിമാനൂർ കോയിത്തമ്പുരാൻ)

ഇവിടെ രംഭയിലുള്ള പ്രവേശം തദ്വിരാഗമായിട്ടുള്ളതാകയാൽ ഏകനിഷ്ഠത്വം. രസത്തിന്റെ വീണ്ടും വീണ്ടും ഉള്ള പ്രകാശമാണ് ദീപ്തി. കുമാരസംഭവം നാലാംസർഗ്ഗം ദീപ്തിക്ക് ഉദാഹരണം. ഇവിടെ രസത്തിനു വീണ്ടും വീണ്ടും ദീപ്തി ഭവിച്ചിരിക്കുന്നു. ഉമാകേരളം എട്ടാമത്തെ സർഗ്ഗത്തിലും ദീപ്തി എന്ന ദോഷം പ്രകടമായിട്ടുണ്ട്. പ്രകൃതരസത്തിന് ഉപയോഗമില്ലാത്തതിനെ വർണ്ണിക്കുന്നത് അംഗമല്ലാത്തതിന്റെ വർണ്ണനം. കർപ്പൂരമഞ്ജരിയിൽ വന്ദികൾ വസന്തത്തെക്കുറിച്ചു വർണ്ണിക്കുന്നതിന്റെ പ്രശംസ ഉദാഹരണം. അംഗി പ്രധാനമാകുന്നു. അതിനെ ചേർക്കാതിരിക്കുന്നതും ദോഷംതന്നെ. രത്നാവലി നാലാമങ്കത്തിൽ ബാഭ്രവ്യാഗമനത്തിൽ വിജയവർമ്മവൃത്താന്തത്തെക്കേൾക്കുവാൻ ശ്രദ്ധി

ച്ച രാജാവിനു സാഗരികയെക്കുറിച്ചു സംഭവിച്ച വിസ്മൃതി ഉദാഹരണം. ഇവിടെ അംഗിയുടെ അനനുസന്ധാനമാണ് ദോഷം. അംഗത്തെ അധികമായി വിസ്തരിക്കുന്നത് അതിവിസ്തൃതി. ചിത്രയോഗത്തിലെ നായാട്ടുവർണ്ണനം ഉദാഹരണം. മഹാകാവ്യങ്ങളിൽ അംഗവർണ്ണനത്തിൽ പ്രായേണ ഈ ദോഷം പ്രകടമായി കാണുന്നുണ്ട്. ധീരോദാത്താദിനായകന്മാരെ അവരവരുടെ പ്രകൃതിക്കു യോജിക്കാത്തവിധം വർണ്ണിക്കുന്നതു പ്രകൃതിവിപര്യയം. വാത്മീകിരാമായണത്തിൽ ശ്രീരാമൻ ബാലിയെ വധിക്കുന്നത് ഉദാഹരണം. രാമൻ ധീരോദാത്തനായകനാണ്. മറഞ്ഞുനിന്നു ചതിച്ചു കൊല്ലുന്നതു ധീരോദ്ധതനായകന്റെ പ്രകൃതിക്കേ യോജിക്കുകയുള്ളു. ബാലിയെ മറഞ്ഞുനിന്നു വധിച്ചതിനാൽ ശ്രീരാമന്റെ ധീരോദാത്തപ്രകൃതിക്കു വിപര്യയം സംഭവിച്ചിരിക്കുന്നു. അർത്ഥത്തിന് ഉചിതമല്ലാത്തത് അനൗചിത്യം. കുമാരസംഭവ(എട്ടാംസർഗ്ഗം)ത്തിൽ ഉത്തമദേവതകളായ ശ്രീപാർവ്വതീപരമേശ്വരന്മാരുടെ സംഭോഗത്തെ വർണ്ണിക്കുന്ന ഭാഗം ഉദാഹരണം.

ഗുരുപത്നിമുനിസ്ത്രീകൾ
ജാരന്മാർ ബഹുനായകം.

൫൦. പ്രതിനായകനും തിര്യ-
ഗാദിയും നീചപാത്രവും
രതിക്കു പാത്രമായെന്നാൽ
ശൃംഗാരം ദുഷ്ടമാസ്ഥിതം.

ഗുരുത്വമുള്ളവർ (മാതാവ് പിതാവ് ഗുരു ഗുരുപത്നി ജ്യേഷ്ഠൻ ജ്യേഷ്ഠപത്നി മുതലായവർ) ജാരന്മാർ (ഒരു സ്ത്രീക്കുള്ള ഉപഭർത്താക്കന്മാർ) ബഹുനായകന്മാർ (ദുർഗ്ഗുണങ്ങളുള്ളവനാകയാൽ) പ്രതിനായകൻ തിര്യക്കുകൾ ഹീനപാത്രങ്ങൾ എന്നിവരുടെ സംഭോഗത്തെ വർണ്ണിക്കുന്നത്. ഇവരെ പാത്രങ്ങളായിക്കല്പിച്ചു ശൃംഗാരം വർണ്ണിക്കുന്നത് അയുക്തമ

മാകുന്നു. 'ജഗതഃ പിതരൌ' എന്നു കാളിദാസൻതന്നെ ജഗല്പിതാക്കന്മാരെന്നു സമ്മതിച്ചിട്ടുള്ള പാർവ്വതീപരമേശ്വരന്മാരുടെ സംഭോഗത്തെ കുമാരസംഭവത്തിൽ വർണ്ണിച്ചതു് അത്യന്തം അയുക്തമായിരിക്കുന്നു. അസതിയും ജാരനുമായുള്ള സംഭോഗത്തെയും വർണ്ണിക്കരുതു്. രാഘവാഭ്യുദയത്തിൽ (പത്താം സർഗ്ഗം) ഇന്ദ്രനും അഹല്യയുമായുള്ള സംഭോഗത്തെ വർണ്ണിക്കുന്നതു് ഉദാഹരണം. ഈ സർഗ്ഗവും ദുഷ്ടമാണ്. ഒരു സ്ത്രീക്കു വളരെ ഭർത്താക്കന്മാരുണ്ടാകുന്നതു് (ദ്രൌപദിയെപ്പോലുള്ള പാത്രങ്ങളെ ആസ്പദമാക്കി സംഭോഗം വർണ്ണിക്കുന്നതു്) ആഭാസമാകുന്നു. പ്രതിനായകഗതമായ ശൃംഗാരവർണ്ണനത്തിനു ഹയഗ്രീവവധത്തിൽ ഹയഗ്രീവന്റെ ജലക്രീഡ ഉദാഹരണം.

> ഒരേമലർപ്പാത്രമതിങ്കലുള്ള
> പൂന്തേൻ നുകർന്നാനളികാന്തയോടേ
> മാറോടണച്ചുന്നു മയങ്ങവേ
> കൊമ്പിന്റെ തുമ്പാൽ കലമാൻ തലോടി.
>
> (കുമാരസംഭവം)

ഇവിടെ രതി തിര്യഗ്ഗതമാകയാൽ ദുഷ്ടം.

൧൧. രൌദ്രമാദാസമാഃകാരവം
ഗുർവ്വാദികളിലേൽക്കുകിൽ
ഗുർവ്വാദ്യാശ്രിതമായിടിൽ
ഹാസ്യപോഷിനനിഷ്ഠയിൽ.

൧൨. ശാന്തത്വം ബ്രഹ്മഹത്യാദി–
ഷ്വുത്സാഹവുമതിൻ വിധം
വീരം നീചരിലും ശിഷ്ട–
ന്മാരിലുള്ള ഭയാനകം.

ജ്യേഷ്ഠൻ പിതാവു മുതലായ ഗുരുജനങ്ങളിൽക്കോപമുണ്ടായാൽ രൌദ്രം ദുഷ്ടമാകുന്നു.

നേത്രം രണ്ടും ചുവപ്പിച്ചു [illegible]
[illegible]

പേർത്തും സോക്കീടവേ താൻ ഹരി കടുതരമായി വർഷിച്ചു ഭർത്സിച്ചിരുന്ന-
കീർത്തിപ്പുംകൊണ്ടു ധർമ്മാത്മജനതു ശ്രവണത്തിന്നു കൈപ്പൊത്തിട്ടുപോയാൻ.

(സ്വന്തം)

ഇവിടെ അർജ്ജുനന്റെ കോപം യുധിഷ്ഠിരനെ ഉദ്ദേശിക്കയാൽ രൌദ്രം ദുഷ്ടം. ഗുരുക്കന്മാർ മുതലായവരെ ആശ്രയിച്ച ഹാസ്യവും, നിഷ്ഠയാനമില്ലാത്തവനിൽ ശാന്തവും, ബ്രഹ്മഹത്യാദികളായ വേദവിരുദ്ധകർമ്മങ്ങൾക്കു ഉത്സാഹവും, നീചപാത്രങ്ങളിൽ വീരവും, ഉത്തമപാത്രങ്ങളിൽ ഭയാനകവും, കല്പിക്കരുത്. അതിനെ ചെയ്യുന്നതു കൊണ്ട് അവ ആഭാസങ്ങളായി ഭവിക്കുന്നു.

൬൨. വിരുദ്ധമാകും ശൃംഗാരം
കരുണാദിരസങ്ങളിൽ
ഹാസ്യം ഭയാനകത്തിങ്ക-
ലതുപോൽ കരുണത്തിലും
൬൩. രൌദ്രവും ഹാസ്യശൃംഗാര-
ഭയാനകരസങ്ങളിൽ
വീരം ഭയാനകത്തിങ്ക-
ലഥ ശാന്തരസത്തിലും
൬൪. ബീഭത്സമതു ശൃംഗാരെ-
വീരാദികൾ ഭയാനകേ

കരുണം ബീഭത്സം രൌദ്രം വീരം ഭയാനകം എന്നീ രസങ്ങളിൽ ശൃംഗാരവും, ഭയാനകത്തിങ്കലും കരുണത്തിലും ഹാസ്യവും, ഹാസ്യശൃംഗാരഭയാനകങ്ങളിൽ രൌദ്രവും, ഭയാനകത്തിലും ശാന്തത്തിലും വീരവും, ശൃംഗാരത്തിൽ ബീഭത്സവും, ഭയാനകത്തിൽ വീരശൃംഗാരരൌദ്രഹാസ്യശാന്തങ്ങളും, വിരുദ്ധങ്ങളാകുന്നു ഇപ്രകാരം വിരോധമായി രസത്തെ കല്പിക്കരുതു.

രസഭംഗമതിൻ ഹേതു-
വനൌചിത്യമതൊന്നുതാൻ.

അനൌചിത്യം ഒന്നുകൊണ്ടു മാത്രമെ രസത്തിന്നു ഭംഗം വരികയുള്ളു. അതുകൊണ്ടു ഔചിത്യത്തെ അധികം ശ്രദ്ധയോടെ ദീക്ഷിക്കേണ്ടതാകുന്നു.

൬൩ അത്യന്തം വക്രമാം ഭാവ-
മസംബന്ധത്വം തഥാ
ദുഃഖപര്യവസായിത്വ-
മസംഭാവ്യചരിത്രവും

൬൪ ബീജാദിന്യാസവൈകല്യ-
മിടയ്ക്കുപകഥാവലി
പ്രധാനകഥയേക്കാളും
വളൎന്നുനില്പതും

൬൫ കാലദേശകലാദിക-
ള്യോജിക്കാതെയിരിപ്പതും
ഇതിവൃത്തത്തിലേലുന്ന
മുഖ്യദോഷങ്ങളാമിവ

അധികം വക്രമായ ഭാവം, സംബന്ധമില്ലാതിരിക്കുക, ദുഃഖത്തിലുള്ള പര്യവസാനം, ഉണ്ടാകാനിടയില്ലാത്ത സംഭവത്തെ പറയുക, ബീജബിന്ദുപതാകാദികളെ അസ്ഥാനത്തിൽ വിന്യസിക്കുക, കാലാദിസ്ഥിതിക്കു യോജിക്കാതെയിരിക്കുക, എന്നിവ ഇതിവൃത്തത്തെ ബാധിക്കുന്ന ദോഷങ്ങളാകുന്നു.

ആവശ്യമില്ലാതെ അധികം വളച്ചു കെട്ടിപ്പറയുന്നതാണു അതിശയവക്രത. കഥാസരിത്സാഗരത്തിലെ പല കഥകൾക്കും ഈ ദോഷം ഉണ്ടു. 'ഈസ്റ്റ്ലിൻ' എന്ന കഥയിലും ഈ ദോഷം കാണുന്നു. കഥയുടെ ഇടയിൽ പറയുന്ന ഉപകഥകളു പ്രധാനകഥയോടു ബന്ധമില്ലാതിരിക്കുന്നതാണു അസംബന്ധത. മാൎത്താണ്ഡവൎമ്മയിൽ പഞ്ചവൻകാട്ടിലെ യക്ഷിയുടെ കഥ ഉദാഹരിക്കപ്പെടാം. കഥ ദുഃഖമായി അവ

സമ്മതിക്കേണ്ടതു ദുഃഖപൎയ്യവസായിത്വം. ഇതു ഒരു വലിയ കഥാദോഷമാണ്. കാവ്യങ്ങൾ സുഖപൎയ്യവസായികളായിരിക്കണമെന്നു നിൎബ്ബന്ധമുണ്ട്. ബകവധം ദുൎയ്യോധനവധം മുതലായ നാട്യപ്രബന്ധങ്ങൾ ദുഃഖപൎയ്യവസായികളല്ലേ എന്നു ശങ്കയുണ്ടാകാം. ദുഷ്ടന്മാരായ പ്രതിനായകന്മാരുടെ മരണത്തിനു ശേഷം ക്ഷേമം ഭവിക്കുന്നതിനാൽ ഈ കൃതികളിൽ ദുഃഖപൎയ്യവസായിത്വം എന്ന ദോഷമില്ല. ലോകത്തിൽ നടക്കുവാൻ പാടില്ലാത്ത സംഭവങ്ങളെ കഥയിൽ പറയുന്നതാണ് അസംഭവ്യചരിത്രം. (ഉദാഹരണത്തിൽ) ശ്രുതിസ്മൃതിവിരോധാൽ പരശുരാമനോടു രാജകുമാരന്മാരെ ഒരുവിധം കലയം' തരാമെന്നു പറഞ്ഞു കൂട്ടിക്കൊണ്ടുപോയി വനാന്തരത്തിൽപ്പിള്ള വധിപ്പുള്ള ഉദാഹരണം. ഒരു വിത്തവാൻ ബാല്യ തണ്ടനായി തമ്പാനെ നാട്ടുകടത്തൽ കല്പിച്ചതിന്റെ ശേഷം കല്യാണിയെ കാണുവാൻ അവസരം കൊടുത്തതും അത്ഭുതം. ബീജാദികളെ നാടകത്തിൽ ചേൎക്കാതെ ഉപേക്ഷിച്ചിരിക്കുന്നതും ദോഷമാണ്. അല്പം മുമ്പു കവികൾ നാടകരൂപേണ ഉണ്ടാക്കീട്ടുള്ള പലരൂപകങ്ങളിലും ഈ ദോഷം വ്യക്തമായിക്കാണാം. പ്രധാനകഥയോടൊപ്പം ഉപകഥകൾ കൂടി നില്ക്കുന്നതു യുക്തമല്ല. 'നാലു ഭാഷാനാടകങ്ങൾ' എന്ന കാവ്യത്തിലെ ചന്ദ്രശേഖരചരിതം ഉദാഹരണം. കാലം ദേശം കുലം മുതലായവയുടെ ധൎമ്മങ്ങൾ കഥയോടിണക്കാതിരിക്കുന്നതും അനുചിതമാണ്. പൂൎവ്വകാലത്തു നടന്ന കഥയെ ആസ്പദമാക്കി രചിക്കുന്ന കാവ്യത്തിൽ കവി ജീവിച്ചിരുന്ന കാലത്തിലേയോ മറ്റോ ധൎമ്മങ്ങൾ ചേൎത്തിരിക്കുന്നതിനാൽ ഈ ദോഷമുണ്ടാകുന്നു. കുഞ്ചൻനമ്പ്യാരുടെ തുള്ളൽക്കഥകളിൽ ഈ ദോഷം ധാരാളമുള്ളതായി കാണാം. നമ്പിയാർ ശ്രീരാമയുധിഷ്ഠിരാദിരാജാക്കന്മാരേയും അവരുടെ രാജ്യഭരണസമ്പ്രദായത്തേയും വൎണ്ണിച്ചിരിക്കുന്നത്, തന്റെ കാലത്തിൽ ജീവിച്ചിരുന്ന രാജാക്കന്മാരുടെ സ്ഥിതിക്കു യോജിക്ക

ത്തം വിധമാണ്. നമ്പിയാർ, സ്വൎഗ്ഗത്തെക്കുറിച്ചു വൎണ്ണിക്ക യാണെങ്കിലും അവിടെയൊക്കെ കേരളത്തിലെ എല്ലാത്തരം ജനങ്ങളും ഉള്ളതായിട്ടല്ലാതെ, കാണാൻ കഴികയില്ല. നമ്പി യാരുടെ കൃതികളിൽ പതിനാലുലോകവും 'കേരളം' തന്നെ. സ്വജീവിതകാലത്തെ സ്ഥിതിക്കു യോജിച്ചവിധംതന്നെ പൌ രാണികകഥകളെയും വൎണ്ണനം; ഇംഗ്ലീഷിൽനിന്നും ഭാഷപ്പെ ടുത്തിയിട്ടുള്ള പല കൃതികളിലും, ദേശത്തിന്റെയും കാലത്തി ന്റെയും അനൌചിത്യം, അധികമായിക്കാണുന്നു. പാ ശ്ചാത്യന്മാരുടെ പല കൃതികൾക്കും വേഷഭാഷാപ്രകൃ തങ്ങളെ മാറ്റി ഭാരതീയരൂപം കല്പിക്കുന്നു. ഇപ്രകാരം ചെയ്യുന്നതുകൊണ്ട് അവ രണ്ടു ഭാഷയിലേയും കൃതികളല്ലാ തെ ഭവിക്കുന്നു. എന്നാൽ 'സൌദാമിനി' മുതലായ കൃതിക ളിൽ ഈ ദോഷം കാണുന്നില്ല. ഒരു കഥ ഏതു ദേശത്തിൽ ഏതു സമുദായത്തിന്റെ ഇടയിൽ ഏതു കാലത്തിൽ നടക്കു ന്നതായി കല്പിക്കുന്നുവോ അവയോടെല്ലാം ആ കഥയ്ക്കു എ ത്രമാത്രം യോജിപ്പു ഉണ്ടായിരിക്കണം. ചില കാവ്യങ്ങളിൽ പുരാതനന്മാൎക്കു നവീനരൂപം കല്പിക്കുന്നു. ഇതു യുക്തമല്ല. ഒരു ദേശക്കാരെ മറെറാരു ദേശക്കാരാക്കുന്നതും ഇങ്ങിനെതന്നെ. പാശ്ചാത്യരാജ്യങ്ങളിൽ വിവാഹത്തിന്നുമുമ്പു പുരുഷന്മാർ സൈ്വരസല്ലാപം ചെയ്യുന്നതിന്നും മറ്റും സ്വാതന്ത്ര്യം ഉ ണ്ട്. പുരുഷൻ തന്നെ താൻ വിവാഹം ചെയ്വാനാഗ്രഹിക്കു ന്ന സ്ത്രീയോടു കടന്നു സ്വാഭിലാഷം പറയുകയും സാധാര ണമാണ്. ഈ മാതിരി സ്വഭാവങ്ങൾ കേരളീയരെ സംബന്ധി ച്ചിടത്തോളവും (വിശേഷിച്ചും വലിയ തറവാടുകളിൽ) ഉ ണ്ടാകാത്തവയാകുന്നു. ഇന്ദുലേഖയിൽ മാധവന്റെയും ഇന്ദു ലേഖയുടെയും സ്വഭാവങ്ങളെ കേരളീയസ്ഥിതിക്കു യോജിച്ച വിധം അല്ല ഘടിപ്പിച്ചിരിക്കുന്നത്. ഇന്ദുലേഖാമാധവന്മാരു ടെ, വിവാഹത്തിന്നു മുമ്പുള്ള സൈ്വരസല്ലാപവും മറ്റും, അയു ക്തമാകുന്നു. ഇവിടെ ഗ്രന്ഥകൎത്താവ് പാശ്ചാത്യസ്വഭാവ

ത്തെ കേരളീയരിൽ പകർത്തിയിരിക്കുന്നു. ദേശം സമുദായം എന്നിവയെ സംബന്ധിച്ചിടത്തോളം ഈ ഭാഗം ദുഷ്ടം. ബാലികാസദനത്തിൽ രണ്ടു അന്തർജ്ജനങ്ങളുടെ സ്വഭാവത്തെ വിവരിച്ചിരിക്കുന്നതിൽ കുലസംബന്ധമായ അനൗചിത്യം ഉണ്ട്. ഇതിൽ കാണിക്കുന്ന, അന്തർജ്ജനങ്ങളുടെ വാക്കും ചേഷ്ടയും എല്ലാം, കേരളീയബ്രാഹ്മണരുടെ സ്ത്രീജനങ്ങളെ സംബന്ധിച്ചിടത്തോളവും യോജിക്കാതിരിക്കുന്നു. 'ദുരവസ്ഥ' എന്ന കാവ്യത്തിൽ അന്തർജ്ജനത്തിന്റെ സ്വഭാവം വർണ്ണിച്ചിരിക്കുന്നതിലും ഈ ദോഷമുണ്ട്.

൫൯ സ്വഭാവങ്ങൾക്കയോജിക്കാ-
യുള്ള ഭാവങ്ങൾ ചേർപ്പതും
കർമ്മാനുരൂപമല്ലാത്ത
ഫലം പാത്രം ലഭിപ്പതും
൬൦ വളരെപ്പാത്രമുൾക്കൊള്ളു-
വതുമത്യല്പമാവതും
പാത്രമാവശ്യമില്ലാതെ
കല്പനം ചെയ്തിടുന്നതും
൬൧ പാത്രങ്ങളെക്കുറിക്കുന്ന
ദോഷങ്ങളിവയോർക്കണം

പാത്രങ്ങൾക്കു സ്വഭാവത്തിനു യോജിക്കാത്ത വിധമുള്ള ഭാവം ചേർക്കുക, സ്വകർമ്മത്തിനു പ്രതികൂലമായ ഫലം പാത്രം അനുഭവിക്കുക, പാത്രങ്ങളധികമുണ്ടായിരിക്കുക, വേണ്ടിടത്തോളമുണ്ടാകാതിരിക്കുക, അനാവശ്യപാത്രങ്ങളെ സൃഷ്ടിക്കുക, എന്നിവ പാത്രസംബന്ധങ്ങളായ ദോഷങ്ങളാകുന്നു. കഥയുടെ ആരംഭം മുതൽ തന്നെ നിശ്ചയിച്ചു കല്പിച്ചിട്ടുള്ളതിനു വിപരീതമായി പാത്രത്തിന്റെ സ്വഭാവം മാറുന്നതു യുക്തമല്ല. (അമ്പുനായരിൽ) തോട്ടത്തിൽവെച്ചുതന്നെ ചിലർ ആക്ഷേപിക്കുന്നതു കേട്ടുവന്നു അത്യന്തം ക്രുദ്ധനായ അമ്പുനായർ പെട്ടെന്നു ചില സ്നേഹിതന്മാരുടെ അല്പ വാക്കുക

ളാൽ ശാന്തനാകുന്നത് അനുചിതം. എന്നാൽ ഉത്തരരാമ
ചരിതം നാടകത്തിൽ ജനകരാജാവിനു ശ്രീരാമനോടുണ്ടായ
കോപം അരുന്ധതിയുടെ സാമവാക്കുകളാൽ ശമിച്ചതായി
പ്പറയുന്നതിൽ ഈ ദോഷമില്ല. എന്തെന്നാൽ ജനകൻ ജ
ന്മനാതന്നെ സംയമി; അമ്പുനായരോ? മിക്കവാറും ജളനാ
യ ഒരു പ്രാപഞ്ചികൻ. ഷഷ്ടിപൂൎത്തി അടുത്ത അമ്പുനായൎക്ക്
പതിനേഴു വയസ്സുപ്രായമായ ഒരു യുവതി കാമലേഖം എഴു
തിയതായി (അമ്പുനായരിൽ) പറഞ്ഞിരിക്കുന്നതും സ്വഭാവ
വിരുദ്ധമാണ്. കന്യ ദ്രുപതത്തയാണിച്ചിരിക്കുന്നത് എന്നുള്ള
തത്വം അനുഭവസിദ്ധമാണെല്ലോ. ഒരു പാത്രത്തിന്റെ സ്വ
ഭാവത്തിനു പൂൎവ്വസ്ഥിതിയിൽ നിന്നു മാററം വരുവാൻ പാ
ടില്ലെന്നല്ല പറയുന്നത്. അതിനു യുക്തമായ കാരണം ഉ
ണ്ടായിരിക്കണം എന്നേ സിദ്ധാന്തിക്കുന്നുള്ളു. (അക്ബറിൽ)
റസിയയുടെ വശീകരണതന്ത്രത്താൽ നിബദ്ധനായ സിദ്ധൻ
പല ചപലപ്രവൃത്തികൾക്കും ഉദ്യമിച്ചതും, ഫൈസിയുടെ ശാ
പത്തിനുശേഷം പശ്ചാത്താപയുക്തനായി ഇരാവതിയെ ഉ
പേക്ഷിക്കാൻ നിശ്ചയിച്ചതും, വിവരിച്ചിട്ടുണ്ടല്ലോ. എന്നാൽ
നന്ദിക്കുറുപ്പിന്റെ ഉപദേശത്തിനുശേഷം സിദ്ധന്റെ ഈ സ്വ
ഭാവത്തിനു മാററം വന്നതായി കല്പിച്ചിരിക്കുന്നതു ദോഷമ
ല്ല. മദ്യപാനത്തിൽ അത്യാസക്തനും ഇരാവതിയിൽ അനുരക്ത
നും, ആയ സലിം പിതാവായ അക്ബറിന്റെ ഉപദേശത്തി
നു ശേഷം സാത്വികനായിബ്ഭവിച്ചതും യുക്തംതന്നെ. ഇ
താണ് യുക്തമായ കാരണത്താൽ സംഭവിക്കുന്ന സ്വഭാവ
മാററം. ഇതു ദോഷമല്ല. ഒരു സല്പാത്രം ദുഷ്ടവും, ദുഷ്പാത്രം
സത്തമവും ആയ ഫലത്തെ അനുഭവിക്കുന്നതു, കൎമ്മവിരുദ്ധ
ഫലാനുഭവമാണ്. ഇപ്രകാരം വരുവാൻ പാടില്ല. ദുഷ്പാ
ത്രം ദുഷ്ഫലം തന്നെ അനുഭവിക്കണം; സല്പാത്രം അസത്ത
മഫലം അനുഭവിക്കാൻ പാടില്ല. എന്നാൽ ലോകത്തിൽ
സ്വകൎമ്മത്തിനു വിരുദ്ധമായ ഫലത്തെ അനുഭവിക്കുന്നവരു

ണ്ടല്ലോ എന്നു ചോദിക്കാനിടയുണ്ട്. ഇതു ശരിയല്ല. 'സ്വ
കർമ്മ ഭുക്തസകലോപി ലോകഃ' എന്നുള്ളത് ഒരിക്കലും അന്യ
ഥാഭവിക്കാത്ത തത്വമാണ്. ദുഷ്ടന്മാർ സൽഫലങ്ങളേയും
സജ്ജനങ്ങൾ ദുഷ്ഫലങ്ങളേയും അനുഭവിക്കുന്നു എന്നു നമുക്കു
തോന്നുന്നതു നാം തൽകർമ്മങ്ങളെക്കുറിച്ചു സൂക്ഷ്മമായി അറി
യാത്ത നിമിത്തമാണ്. കർമ്മവിരുദ്ധമായ ഫലം ഒന്നിലും ഉ
ണ്ടാകുവാൻ പാടില്ല. അക്ബറിൽ അബൂൽഫാസലിന്റെയും
മാർത്താണ്ഡവർമ്മയിൽ സുഭദ്രയുടേയും, മരണം ഈ ദോഷത്തി
ന് ഉദാഹരിക്കപ്പെടാം. സുഭദ്രയും അബൂൽഫാസലും ഉൽ
കൃഷ്ടപാത്രങ്ങളാണ്. എന്നാൽ ഒടുവിലത്തെ അനുഭവമോ?
ദുർമ്മരണം. ഇത് അയുക്തമായിരിക്കുന്നു. ഈ ദോഷം നിമി
ത്തം വായനക്കാർക്കു സൽകർമ്മങ്ങളിൽ വിശ്വാസം ഇ
ല്ലാതാകുന്നു. അപ്പോൾ കാവ്യം കൃത്യാകൃത്യോപദേശം എ
ന്ന ധർമ്മത്തിൽനിന്നും വ്യതിചലിക്കുന്നു. അല്പം പാത്രങ്ങളെ
ക്കൊണ്ടു നിർവ്വഹിക്കാവുന്ന കഥയിൽ അധികം പാത്രങ്ങളെ
സൃഷ്ടിക്കുന്നത് ദോഷമാണ്. ജാനകീപരിണയം നാടകം ഉ
ദാഹരണം. പാത്രങ്ങൾ വേണ്ടിടത്തോളമില്ലാതിരിക്കുന്നതും
വലിയ ദോഷമാണ്. രവീന്ദ്രനാഥടാഗൂറിന്റെ ചെറിയ ക
ഥകളിൽ പലതിലും ഈ ദോഷം കാണുന്നു. ആവശ്യമില്ലാ
ത്ത പാത്രത്തെ സൃഷ്ടിക്കുന്നതും ദോഷം. ശാകുന്തളം കഥക
ളിയിലെ രാക്ഷസന്മാരുടെ സൃഷ്ടി ഉദാഹരണം. കഥകളി
യിൽ പലതിലും ഈ ദോഷം കാണുന്നുണ്ട്. 'ഇരുട്ടിലിൻ'
എന്ന കൃതിയിലും ഈ ദോഷം പ്രകടമായിക്കാണുന്നു. പാ
ത്രങ്ങൾ എത്രയായാലും മതിയാകാതിരിക്കുക എന്ന ദോഷ
ത്തിനു ദുര്യോധനവധം കഥകളി ഉദാഹരിക്കപ്പെടാം. കൃതി
കളിൽ പാത്രസൃഷ്ടി ഗൌരവമേറിയ ഒരു സംഗതിയാണ്.
കവിയുടെ ശ്രദ്ധ വളരെ സൂക്ഷ്മമായി പതിഞ്ഞില്ലെങ്കിൽ പ
ല ന്യൂനതകളും വരുവാനിടയുണ്ട്. പാത്രങ്ങൾക്കു മുമ്പു പറ
ഞ്ഞ ന്യൂനതകൾ ഉണ്ടാകുമ്പോൾ, തന്മൂലം വിവരിക്കുന്ന

കഥാവസ്തുവിനും തദ്വാരാ ശൈഥില്യം വരുന്നു. അതോടുകൂടി രസവൈകല്യം ഉണ്ടാകുന്നു. ഒരു കൃതിയിൽ പാത്രങ്ങളെ അധികം സൃഷ്ടിക്കാൻ ശ്രമിക്കരുത്.

രസാനുചിതമാം വൃത്തം
ഒകരാവത്രം വൃത്തഭംഗവും
൨൨. യതിഭംഗവുമിങ്ങനെ
പ്രധാനം വൃത്തദോഷമാം.

രസത്തിനു ഉചിതമല്ലാത്ത വൃത്തത്തെ സ്വീകരിക്കുക, വൃത്തത്തിനു ഭംഗമുണ്ടാകുക, യതിക്കു ഭംഗമുണ്ടാകുക, ഇവ വൃത്തസംബന്ധങ്ങളായ ദോഷങ്ങളാണ്.

ഇന്ന ഇന്ന രസങ്ങൾക്കു ഇന്ന ഇന്ന വൃത്തങ്ങളാണ് യോജിക്കുന്നതെന്നു മഹാകവിപ്രയോഗപ്രാചുര്യനിമിത്തം നിയമം ഉണ്ടായിട്ടുണ്ട്. അതിനു വിപരീതമായ വൃത്തത്തെ സ്വീകരിക്കുന്നതു വൃത്തദോഷമാണ്. മഹാകവി ക്ഷേമേന്ദ്രൻ വൃത്തങ്ങളുടെ ഔചിത്യത്തെക്കുറിച്ചു പറയുന്നുണ്ട്. ക്ഷേമേന്ദ്രന്റെ മതം ഭിന്നരുചികളായ കവികൾ എല്ലാം ആദരിച്ചിട്ടില്ല. മഹാകവിജനസ്വീകരണത്താൽ ലബ്ധപ്രതിഷ്ഠങ്ങളായവയെക്കുറിച്ചു പറയാം. ഗൗരവമായ നീതിധർമ്മം മുതലായവയെക്കുറിക്കുന്നതിനു അനുഷ്ടുപ്പു യോജിക്കുന്നു. രഘു. രണ്ടാംസർഗ്ഗത്തിൽ നീതിയെക്കുറിച്ചു വിചാരിക്കുന്ന ഭാഗം അനുഷ്ടുപ്പാണ്. രാഘവാഭ്യുദയം പതിമൂന്നാംസർഗ്ഗം ജനകവിശ്വാമിത്രന്മാരുടെ ധർമ്മവിചാരവും ഉദാഹരിക്കപ്പെടാം. വലിയ തത്വങ്ങളെക്കുറിച്ചു ആലോചിക്കുമ്പോഴും അനുഷ്ടുപ്പു സ്വീകരിക്കാറുള്ളതു ഇതുപോലെ രസോൽകർഷകരമാകുന്നു. വിലാപത്തിനു വിയോഗിനിയാണ് വേണ്ടത്. കുമാരസംഭവത്തിൽ രതിയുടേയും, രഘുവംശത്തിൽ അജന്റേയും, ഉമാകേരളത്തിൽ ഉമയമ്മറാണിയുടേയും, വിലാപം ഉദാഹരിക്കപ്പെടാം. ഇവിടെ വിയോഗിനീവൃത്തം രസത്തിനു

ഘോഷണത്തെ ചെയ്യുന്നു. സന്ദേശത്തിനു മന്ദാക്രാന്ത ചേരുന്നു. മേഘസന്ദേശം ശുകസന്ദേശം മയൂരസന്ദേശം മുതലായ കൃതികൾ നോക്കുക. എന്നാൽ ശൃംഗാരരസബന്ധമില്ലാത്ത സന്ദേശങ്ങൾക്കു മന്ദാക്രാന്ത വേണമെന്നു നിർബ്ബന്ധം സാധുവല്ല. ഉമാകേരളം പത്താം സർഗ്ഗം ഉദാഹരിക്കപ്പെടാം. ഇങ്ങിനെ ചെയ്യുന്നതുകൊണ്ടു പ്രത്യേകം ദോഷമൊന്നും പറയാനില്ല. സർഗ്ഗാന്തത്തിൽ മാലിനീവൃത്തം യോജിക്കുന്നു. മഹാകവികൾക്കു ഏതു വൃത്തവും ഏതു രസത്തിനും യോജിപ്പിക്കാൻ കഴിയുമെന്നതിനു സംശയമില്ല. എന്നാൽ അവർ കൂടി നിഷ്കർഷയായി അനുഷ്ഠിച്ചിട്ടുള്ളതാണു വൃത്തത്തെക്കുറിച്ചുള്ള ഈ നിയമങ്ങൾ.

വൃത്തം വിക്ഷതമായിടി-
ലതാകം വൃത്തഭംഗകം

വൃത്തത്തിനു കേടുവരുന്നതു വൃത്തഭംഗം. ഇതു പല വിധം വരാം; അക്ഷരം മാത്ര എന്നിവ കൂടുകയും കുറയുകയും ചെയ്യുന്നതിൽ നിന്നു വൃത്തഭംഗം വരാവുന്നതാണ്.

വേദം ശാസ്ത്രം നിരവധി കലയും കണ്ടു ചേർന്നൊരു മഹാ
[illegible]
[illegible] കൊടുത്തിങ്ങനെ ഞാൻ വളർത്തി.
[illegible]

([illegible])

ഇവിടെ നാലാമത്തെ പാദത്തിൽ അക്ഷരമധികമായിരിക്കുന്നതിനാൽ വൃത്തഭംഗം.

സ്ഥാനങ്ങളിൽ യതിയില്ലാതെവരുന്നത് യതിഭംഗം.

[illegible]
[illegible]
[illegible]
[illegible]

([illegible])

ഇവിടെ 'വി — ദ്രുതരേ' 'വി — ലോചന' എന്നിഭാഗങ്ങളിൽ യതി ഇല്ലായ്കയാൽ യതിഭംഗം. ഒരു പദത്തിന്റെ ഏതാനും ഭാഗം ഒരു പാദത്തിലും, ഏതാനും അംശം മറ്റൊന്നിലും, ഇരിക്കുന്നതും യതിഭംഗമാണ്. എന്നാൽ സമാസം കൊണ്ടു ചേർച്ച വരുന്ന സന്ദർഭത്തിൽ യതിഭംഗം എന്ന ദോഷമുണ്ടാകുന്നതല്ല.

> ആ പാലനതത്ക്ഷമയവാരിധിപ്രിയനാമ-
> പരിചാൎയ്യവൎയ്യരുടെ ശിഷ്യരതായ്‌വരുവോരവർ
> ലോചാരസോദരനിലേറ്റുപോടിയാടാ-
> യാമോദവാൎദ്ധിയിലമൎന്ന സദാവരനാർ.
>
> (കേരളവൎമ്മ വലിയ കോയിത്തമ്പുരാൻ)

ഇവിടെ 'നാമ — ക' എന്നിടത്തു യതിഭംഗമില്ല. എന്തെന്നാൽ നാമ — കം എന്നിവ രണ്ടു പദങ്ങളാകുന്നു.

യതിഭംഗം കർണ്ണശല്യകരമായ ഏറ്റവും വലിയ ഒരു ദോഷം തന്നെയാണ്. ചമ്പുപ്രബന്ധകർത്താക്കന്മാർ യതിഭംഗത്തെ തീരെ ഗണിക്കാത്തവരാണ്. അവർ യതിഭംഗം ഒരു ദോഷമല്ലെന്നു വിചാരിച്ചിരുന്നുവോ എന്നു കൂടി ശങ്കിക്കാം. അത്ര അധികം അവരുടെ ചമ്പുക്കളിൽ യതിഭംഗം കാണുന്നു. ചന്ദ്രോത്സവത്തിലും അപൂർവ്വമായി യതിഭംഗമുണ്ട്. ഇപ്പോഴും ഉള്ള കവികളിൽ പലരും യതിഭംഗദോഷത്തെ അറിയുന്നതായിക്കാണുന്നതു കഷ്ടം തന്നെ. പുരാതനപ്രയോഗത്തെ ആധാരമാക്കി യതിഭംഗം ഗുണമെന്നു കല്പിക്കാവുന്നതല്ല. കർണ്ണശല്യം ഉണ്ടാകാത്ത സന്ദർഭത്തിൽ യതിഭംഗം ദോഷമല്ലാതെ ഗണിക്കാതെ എന്നൊരു ശങ്കയുണ്ടാകാം.

> ദ്രോണാചാര്യസ്സുതനൊരുത്തൻ വികലമതിയായ് കൃപാചാര്യൻ മരിച്ചാൽ
> പ്രാണായാമിക്രമിയനന്തരവർക്കൊരുത്തരും ബന്ധിച്ചു യുദ്ധാങ്കണേ
> ചേരാത്തതും ദുഷ്ടശ്ശിനാമവിഹിതവനതം മാർക്കണ്ഡേയസ്പൃക്കൻ
> വാരാശീം തരം വ്യതിരേകം പുനരേവം ജയതാം നിരന്തരാകാരം.
>
> (ഭാരതചമ്പു)

ഇവിടെ 'വിഹിതവ — നതം മാർക്കണ്ഡേ' എന്ന ഭാഗ

ത്തിൽ യതിഭംഗമുണ്ടെങ്കിലും കണ്ണുകല്ലു പോലെ തോന്നിക്കുന്നില്ല. എന്നാലും വേണ്ടില്ല; ഈ മാതിരി യതിഭംഗത്തെയും ഉപേക്ഷിക്ക തന്നെ വേണം. ചോറ്റിൽ കല്ലു കടിച്ചാൽ ഉണ്ടാകുന്ന അസുഖം യതിഭംഗം കേൾക്കുമ്പോൾ തോന്നുന്നു.

ഹ്രസ്വദീർഘസ്വരങ്ങൾക്കു വൈപരീത്യം വരുത്തുക, [ഹ്രസ്വസ്വരത്തെ ദീർഘമായും ദീർഘത്തെ ഹ്രസ്വമായും ഉപയോഗിക്കുക.] ചില്ലിനെ അർദ്ധമാത്രമാക്കുക എന്നിവയും വൃത്തത്തെ സംബന്ധിക്കുന്ന ദോഷങ്ങളാണ്.

“പാരിന്നധിശ! ഞാ നാരദനല്ലെ! ഭവാൻ”

(രുഗ്മാംഗദചരിതം)

‘നാരദനല്ലേ’ എന്നു വേണ്ടതിനു ‘നാരദനല്ലെ’ എന്നു ദീർഘത്തിനു ലോപം വരുത്തിയിരിക്കുന്നു.

“ഉത്തമദേവതമാരുടെ നാമം കേൾക്കെ”

(പ്രിയദർശിക)

‘ദേവതുടെ’ എന്നു പരിഷ്കരിച്ചാൽ ശരി. എന്നാൽ ‘ദേ’ എന്നു ദീർഘമാക്കിയിരിക്കുന്നു.

“മാനിനി ചേരുകാർക്കറ്റത്തൊരു ലാവണ്യം മെയിക്കം”

ഇവിടെ ‘മെയ്ക്കും’ എന്നതിനു ‘മെയിക്കും’ എന്നു പ്രയോഗിച്ചിരിക്കുന്നു.

‘മാനമെന്നുള്ള വസ്തു മനസ്സിലുദിക്കുന്ന നയം ഗ്രഹിക്കാത്തവർ
നരന്മാർ നാശമിതു ദോഷമാക്കുന്ന മെന്നു ഉരിപ്പിക്കയാണ്’

(ഭാഷാശാകുന്തളം)

ഇവിടെ ‘ഗ്രഹിക്കാത്തവർ’ എന്ന പദത്തിലെ ‘ർ’ അർദ്ധമാത്രമാക്കിയിരിക്കുന്നു.

എല്ലാറ്റിനുമിങ്ങനെ മത്സ്യങ്ങൾക്കാരോ പായൽ പതിയാണെല്ലും

(ഭാഷാശാകുന്തളം)

‘പായൽ’ എന്ന പദത്തിലെ ‘ൽ’ അർദ്ധമാത്രം

പദ്യങ്ങളിൽ പൂർവ്വാർദ്ധത്തെയും ഉത്തരാർദ്ധത്തെയും യോജിപ്പിക്കുന്നതും ദോഷമാണ്.

കരതാമരതിമെണ്ണുകപാടിതമൊരാമൊരിതാ മന്ദഗമ്യം വെടിഞ്ഞം
ദാവ്യൂരതിലുകത്തിൽ നിരന്തരയിയിൽക്കൂടവേ കണ്ടിടുന്ന
ഉദയൻ മനസ്സുരക്കളുമേ നയനങ്ങളിനക്ക താമരപ്പൂമലരത്താൽ
ഉത്തിനം ബാലിക്കട്ടിട്ടുകിന്നെ ചെറു പാരാവാരമെ സൌഭാഗ്യം തകയിതം

(പ്രിയദൎശിക)

ഇവിടെ 'കണ്ടിടുന്ന — ഉദയനൻ' എന്ന പ്രയോഗം നോക്കുക. ഈവിധം യോജിപ്പിക്കുവാൻ പാടില്ല. ദ്രാവിഡവൃത്തങ്ങളിൽ ഈ മാതിരി ദോഷങ്ങൾ അധികം പ്രകാശിക്കയില്ല. സംസ്കൃതവൃത്തങ്ങളിൽ ഇവയെ വൎജ്ജിക്കണം.

൨൩. അസ്ഥാനത്തിൽ പ്രയോഗിക്കിൽ
ദുഷ്ടമാകുമലങ്കൃതി

കാലിൽ വളയും കയ്യിൽ നൂപുരവും ധരിച്ചാൽ എന്നപോലെ, അസ്ഥാനത്തിൽ പ്രയോഗിക്കുന്നതുകൊണ്ടു അലങ്കാരം ദുഷ്ടമാകുന്നു. അലങ്കാരവിവേചനത്തെക്കുറിച്ചു സൎവ്വസാധാരണമായ നിയമം പറയാവുന്നതല്ല. അലങ്കാരങ്ങൾ രസജന്യങ്ങളായിരിക്കണമെന്നേ പറയാനുള്ളു. എന്നാലും ചില സംഗതികൾ പ്രത്യേകം സൂചിപ്പിക്കേണ്ടതുണ്ടു്. ശൃംഗാരം, കരുണം എന്നീ രസങ്ങളിൽ ഓജഃപ്രചുരങ്ങളായ ശബ്ദാലങ്കാരങ്ങളും യമകം, ശ്ലേഷം, ചിത്രം മുതലായവയും ഉപയോഗിക്കരുതു്. ശാന്തരസത്തിനും ശബ്ദാലങ്കാരങ്ങൾ പാടില്ല. വീരരൌദ്രങ്ങൾക്കു ഏതു ശബ്ദാലങ്കാരവും യോജിക്കും. നഗരവൎണ്ണനശൈലാദിവൎണ്ണനങ്ങളിൽ ഏതു ശബ്ദാലങ്കാരവും അൎത്ഥാലങ്കാരവും സ്വീകരിക്കാം. അതിശയോക്തി, അത്യുക്തി, ശ്ലേഷം, വക്രോക്തി മുതലായവ വിശേഷിച്ചും ശോഭാകരങ്ങളാണു്. ജലവൎണ്ണനത്തിനും അതിനെ തന്നെ. കരുണത്തിൽ 'ശ്ലേഷത്തെ' സ്പൎശിപ്പിക്കയേ അരുതു്. നായാട്ടു, വനം, യുദ്ധം മുതലായവയെ വൎണ്ണിക്കുമ്പോൾ ചിത്രം യോജിക്കുന്നു. [illegible]ചരിതത്തിലെ വനവൎണ്ണനവും, രാമചന്ദ്രവിലാസത്തിലെ യുദ്ധവൎണ്ണനവും, നോക്കുക.

ഉദ്ഘട്ടനത്തിനു ഘടകം ചേരുന്നു. ഗ്രാമ്യവംശം ഗമ്യതാം സജ്ജ്യവും മാരണം ത്യാഗം സജ്ജ്യവും ഉദാഹരിക്കപ്പെടാം. കാമിനീകാമുകന്മാരുടെ സല്ലാപങ്ങളിൽ വക്രോക്തി, ശ്ലേഷം എന്നിവ സവിശേഷം ശോഭിക്കുന്നു. സാധാരണമായി അലങ്കാരനിബന്ധനവിഷയത്തിൽ ഈ സംഗതികൾ ഓർമ്മിക്കേണ്ടവയാകുന്നു.

അസംഭവമസാദൃശ്യം
ന്യൂനത്വമധികത്വവും
൫൪ ഭിന്നമാം വചനം ഭിന്ന-
ലിംഗവും ദോഷമിങ്ങനെ
ഉപമയ്ക്കാറു; ലോകത്തി-
ലുണ്ടാകാത്തതസംഭവം.

അസംഭവം, അസാദൃശ്യം, ന്യൂനത്വം, അധികത്വം, ഭിന്നവചനം, ഭിന്നലിംഗം, എന്ന ഉപമയ്ക്കു ആറു ദോഷങ്ങളാണുള്ളതു്. ലോകത്തിൽ നടക്കുവാനിടയില്ലാത്തതു അസംഭവം.

സൂര്യബിംബത്തിൽനിന്നു ജ്വലിച്ച.
ധാരമാം ജലധരങ്ങളുന്നപോൽ
ഘോരമിടിപ്പിക്കും ശരങ്ങൾ നൽ
സ്ഥിരമേഘവൃന്ദത്തിൽ നിന്നു വീണവ.

(സ്വന്തം)

സൂര്യബിംബത്തിൽ നിന്നും ജ്വലിക്കുന്ന ധാരകളോടു കൂടിയ മേഘങ്ങൾ പതിക്കുക എന്നതു അസംഭവം.

൫൫ സാദൃശ്യം കലരാത്തുള്ള-
തസാദൃശ്യാഖ്യദോഷമാം

സാദൃശ്യം ഇല്ലാതെ കല്പിക്കുന്നതു അസാദൃശ്യം.

കണ്ണിൽ തിങ്ങിയതിൽ [illegible]
[illegible] ഉണ്ണുകാരസ്പദമാം ശിരി
കാലവർത്തുകലിതാനലപുഷ്ടം.
ഭാഷകന്റെ ശിവനോടു തുല്യനാം.

(സ്വന്തം)

ഇവിടെ 'നിർധനൌഘ'ത്തിനും 'അനലപ്രഭാജാല'ത്തിനും സാദൃശ്യമില്ല.

ഉപമേയത്തിനേക്കാളു-
മുപമാനത്തിനേററവും
വന്ന ന്യൂനത്വം താഴ്ച്ചയുണ്ടാകു-
യാധിക്യമുയർച്ചയും

ഉപമേയത്തിനെക്കാൾ ഉപമാനം അപകൃഷ്ടമാകുന്നതു ന്യൂനത്വം. ഉൽകൃഷ്ടമാകുന്നതു ആധിക്യം. പ്രമാണധർമ്മാദികളെ ആശ്രയിച്ചു ഈ ദോഷങ്ങൾ പലവിധമുണ്ടാകുന്നു.

"മിന്നിൻപൊരിക്കു സമനായ് രവി മിന്നിടുന്നു"

ഇവിടെ ന്യൂനത്വം പ്രമാണഗതം.

യുഗാന്തത്തിങ്കൽ സൃഷ്ടിക്രമം വിധിയെന്നപോൽ
പഠാമാസാമഗാനം വക്രാംഗം മീമാംസിതൊരായും.

(സ്വ.ന.)

ഇവിടെ ന്യൂനത്വം ധർമ്മഗതമാകുന്നു.

പാതാളംപോലെ നിൻനാഭി, സ്തനം പർവ്വതസന്നിഭം
വേണീദണ്ഡം വിളങ്ങുന്നു കാളിന്ദീപാതസന്നിഭം.

(സ്വ.ന.)

നാഭീമുതലായവയെ പാതാളാദികളോടു ഉപമിച്ചതിനാൽ ആധിക്യം. സ്തനത്തിനു പർവ്വതത്തെ ഉപമാനമാക്കിക്കല്പിക്കുന്നതുകൊണ്ടു ആധിക്യം എന്ന ദോഷമുണ്ടാകുന്നു എന്നൊരു അഭിപ്രായം ഉണ്ട്. മഹാകവിപ്രയോഗത്തിന്റെയും സഹൃദയപരിചയത്തിന്റെയും ആധിക്യം കൊണ്ടു ഇതു ദോഷമല്ലാതായിബ്ഭവിച്ചിരിക്കുന്നു എന്നേ പറയാനുള്ളൂ. നാഭിയെപ്പാതാളത്തോടു ഉപമിക്കുന്നതു അങ്ങിനെയല്ല. ഇവിടെ വൈരസ്യം പ്രത്യക്ഷമായി ഭവിക്കുന്നു. ഉപമാനത്തിനു ഹൃദ്യതയുമില്ല.

പ്രൗഢോപന്യാസമെന്നാവിധമിസ്സഭയിൽ പ്രസംഗം
ഭേരിയോടു താലിക്കിളിപൊടിപാറിടുന്നു.

(ക.പോ.)

ഇവിടെ 'യൂറോപ്യൻ' പുല്ലിംഗവും 'നാരി' സ്ത്രീലിംഗവും ആകയാൽ ഭിന്നലിംഗം.

ഭിന്നമാം വചനം ദോഷം
വചനത്തിൽ ഭേദിപ്പതാം

വചനത്തിന്റെ ഭേദമുണ്ടാകുന്നതു ഭിന്നവചനം. ഈ ദോഷത്തിന്റെ മുമ്പു (ഭിന്നലിംഗത്തിന്റെ) കൊടുത്ത ശ്ലോകം തന്നെ ഉദാഹരിക്കപ്പെടാം. യൂറോപ്യൻ ഏകവചനവും നാരികൾ ബഹുവചനവുമാണ്.

സഹൃദയന്മാർക്ക് ഹൃദയോദ്വേഗം ജനിപ്പിക്കാതിരിക്കുന്ന സന്ദർഭങ്ങളിൽ ന്യൂനത്വം, ആധിക്യം, ഭിന്നവചനം, ഭിന്നലിംഗം എന്നിവ ദോഷങ്ങളാകയില്ല.

"നാരിയെപ്പോലെയീ ഭാനുമാൻ ഗമിച്ചീടുന്നു മന്ദമായ്
ഈ സ്ത്രീ പുരുഷനെപ്പോലെ പാരമുന്നിദ്രയായിയിൽ
പ്രാണങ്ങളെപ്പോലെയങ്ങെനിക്കത്യന്തമിഷ്ടനാം
ദേവനെപ്പോലെ ദേവേന്ദ്രൻ വിളങ്ങുന്നു മഹീപതേ"

ഇവിടെ 'നാരി'യും 'ഭാനുമാൻ' 'സ്ത്രീ'യും 'പുരുഷ'നും ഭിന്നലിംഗങ്ങളാണ്. 'പ്രാണങ്ങൾ' ബഹുവചനം; 'അങ്ങ്' ഏകവചനം; 'ദേവേന്ദ്രൻ' 'ദേവനെ' ഉപമാനമാക്കിയതിനാൽ ന്യൂനത്വം. എന്നാൽ സഹൃദയഹൃദയോദ്വേഗജനകങ്ങളല്ലായ്കയാൽ ഇവിടെ ഇവ ദോഷങ്ങളല്ല.

സുധാംശു ഹംസിയെപ്പോലെ വിളങ്ങുന്നു ദളംപോലെ
കുളങ്ങൾപോലെയാകാശം തെളിവുള്ളൊരു വഹിപ്പതാം
പട്ടിയെപ്പോലെ തടാകങ്ങളിയുള്ളവനാം മുദാ
ഭിന്നാഭിന്നം ഭിന്നമിതാരാകാരിതൃതന്നുപോൽ.

സഹൃദയഹൃദയോദ്വേഗകരങ്ങളാകയാൽ ഇവിടെ ഭിന്നലിംഗാദികൾ ദോഷങ്ങൾ തന്നെ.

കവിതതിപോൽ ശുഭ്രലോകം
സൂര്യകീർത്തിയശസ്സും വിശാലപരമംപോൽ.

ഇവിടെയും ഉപമ സഹൃദയോദ്വേഗജനകമാണ്. 'ഒന്നാമുണ്ടു കുളമോ' ഇത്യാദിപദ്യങ്ങളിലീ ദോഷമില്ല. ഉപമ

യെ സംബന്ധിച്ചുള്ള ദോഷങ്ങളും ചില സംഗതികളിൽ ഉൽപ്രേക്ഷാദ്യലങ്കാരങ്ങളേയും സംബന്ധിക്കുന്നവയാണ്.

രൂപകത്തിന സാദൃശ്യ-
രൂപകല്പനദോഷമാം

സാദൃശ്യമില്ലാത്തിടത്തു രൂപണത്തെ ചെയ്യുന്നതു രൂപകത്തിന്റെ ദോഷമാണ്.

ആകാശമാം വലിയ വില്ലു വളച്ചു വിട്ടു-
ള്ളായമ്പുകളതിശയംവ്യുതമാം നിറങ്ങൾ
ആവർഷകാലമെന്നൊരുള്ള ദോഷ-
ന്യൂനം പൊഴിച്ചു ജലമെന്നമിക്കാൽ ധരിത്ര്യാം.

(ന്ദ്രമൂർദ്ധസംഭവം)

ആകാശത്തിനെ വില്ലാക്കിക്കല്പിച്ചതിനാൽ രൂപകം ദുഷ്ടം. വില്ലിനും ആകാശത്തിനും രൂപസാദൃശ്യമില്ല.

അർത്ഥപ്പുളി കലരുന്ന കാവ്യമാം-
ചന്ദ്രനെസ്സ്വാദി തീർത്തിട്ടുന്നോർ.

കാവ്യത്തിനും, ചന്ദ്രനും, അർത്ഥത്തിനും, പുളിക്കും സാദൃശ്യമില്ലാത്തതിനാൽ ഇവിടെയും രൂപകം ദുഷ്ടം.

താരാഗണാദികളെല്ലാം ഫലം വിധു-
മസ്തകമുത്തുകിയ പൂണ രാത്രിയെ
പാരമസ്തമെഴുന്നു കാണാമേ
കൈരവങ്ങൾ മിഴിപ്പെടുത്തി ലജ്ജയാൽ.

([illegible])

ഇവിടെ താരാദികളിൽ മൌക്തികാദികളുടെ രൂപം കല്പിച്ചതു യുക്തം.

പൃ സാമാന്യവിശേഷങ്ങ-
ളിവതന്നു സമർത്ഥനം
ദോഷമർത്ഥാന്തരന്യാസാ-
ലങ്കാരത്തിനുള്ളതാം.

സാമാന്യവിശേഷോക്തികളെ സമർത്ഥിക്കാൻ കഴിയാതിരിക്കുന്നതാണ് അർത്ഥാന്തരന്യാസത്തിന്റെ ദോഷം.

ജനനീമുഖരാം ജനങ്ങളെന്യേ
ജനനായകർ കേവലം ഗൃഹത്തിലിപ്പോൾ
നിരയായി വസിച്ചു കാലമേറെ.
ഒരാൾ പുണ്യയൊരുമയിൽത്തുടിക്കുമായം

(ഉമാകേരളം)

ഇവിടെ ജനങ്ങൾ കുമാരന്മാരെക്കുറിച്ചു വിചാരിക്കാതിരുന്ന വിശേഷത്തെ ആണു് അർത്ഥാന്തരന്യാസംകൊണ്ടു സമർത്ഥിക്കേണ്ടതു്. നാശകാലത്തിൽ ആർക്കും വേണ്ടതു തോന്നുകില്ലെന്നോ മറ്റോ പറഞ്ഞിരുന്നു എങ്കിൽ ശരിയാകുമായിരുന്നു.

ശ്രീതിങ്ങുമാ മകളെയാരൊരു വഞ്ചി-
ഉതിട്ടമന്നാൾ വെടിയാൻ കഴിഞ്ഞും
ചെയ്യില്ലതാനും ക്ഷിതിപാലമന്ത്രി
നീതിജ്ഞർതൻ പാതയിതേവമല്ലോ.

(ഉമാകേരളം)

ഇവിടെ അർത്ഥാന്തരന്യാസം യുക്തമായിട്ടുണ്ടു്. നായകൻ നായികയെ കൂട്ടിക്കൊണ്ടു പോകാതിരുന്നതു നീതിജ്ഞതകൊണ്ടാണെന്നു സമർത്ഥിച്ചതു ഉചിതം.

[illegible] വ്യക്തമപ്രകൃതാർത്ഥം താൻ
സമാസോക്തിക്കു ദോഷമാം

മറഞ്ഞിരിക്കുന്ന അപ്രകൃതത്തെ വ്യക്തമാക്കുന്നതാണു് സമാസോക്തിക്കു ദോഷം.

വ്യാപിച്ചതിൻ്റെ വസുവെന്നു കാണവേ
സ്വാകാരമായ്ത്തന്നെയതൻ ചന്ദ്രനെ
നിശാംഗനാതൻ പുറത്തിറക്കിനാൾ
പ്രതീചിയാം വേശ്യ വിശങ്കയെന്നിയേ.

(രുക്മാംഗദം)

വേശ്യ എന്നു പറയാതെതന്നെ പ്രതീചിക്കു വേശ്യാധർമ്മം സിദ്ധമാകുന്നുണ്ടു്. അതിനെ വേശ്യ എന്ന പദംകൊണ്ടു വ്യക്തമാക്കിയതു ദോഷം.

പ്രകൃതാർത്ഥത്തിനംഗമാ-
മപ്രകൃതം മുമ്പിൽ നില്പതും

൩൦. രണ്ടുമൊപ്പം നില്ക്കുവതും
ശ്ലേഷദോഷങ്ങൾ രണ്ടിവ

പ്രകൃതമായ അർത്ഥത്തിനേക്കാൾ അപ്രകൃതം മുമ്പിട്ടുനില്ക്കുക, (അധികം പ്രകാശിക്കുക) രണ്ടും സമമായി നില്ക്കുക, ഇവ ശ്ലേഷത്തിന്റെ ദോഷങ്ങളാണ്.

അപ്പൂജ്യാദ്ധ്യൻപടി കുവലയാനന്ദമുണ്ടാക്കിടുന്നോ-
രപ്പും പാരില്ലുമന്നമതിയതു കേശം മറപ്പാൻ
കപ്പം തന്നീടും പൂവിലണിയലിനൊരായനത്തെ മന്ത്രു-
സ്വല്പത്തിൽ ശ്രീ തഴുകിയവനിപാലനെയപ്പുൽകിടുന്നോർ.

(ഉമാകേരളം)

ഇവിടെ കുവലയാനന്ദാദിപദങ്ങൾക്കു അപ്രകൃതാർത്ഥം മുമ്പിട്ടു നിൽക്കുന്നു. കുവലയാനന്ദം എന്ന പദം കേൾക്കുമ്പോൾ അലങ്കാരഗ്രന്ഥത്തിന്റെ പേരാണ് ആദ്യം സഹൃദയന്മാർക്കു തോന്നുന്നത്.

അമലമ്മൂർശ്രീപതിയെ സമ്മാനത്തിനാൽ ശോഭിപ്പിക്കും
ക്ഷേമം പൂണ്ടും നിരവധി വിശാലസൌധമാധുര്യവാനാം
ശ്രീമത്താകും പല നല പാലിപ്പോരെന്നുള്ള മഹ്പ്പാ-
ളൂമൽക്കന്യക്കുളം തിർവഴിവിൽ നീ കണ്ടുകൊണ്ടാലുമല്ലോ.

(ഉമാകേരളം)

ഇവിടെ രണ്ടു അർത്ഥവും സമമായി നില്ക്കുന്നു. പ്രകൃതാർത്ഥത്തെ രാജാവിനോടും അപ്രകൃതത്തെ യുവരാജാവിനോടും ഉപമിക്കാം. യുവരാജാവു, രാജാവിനേക്കാൾ മുമ്പിട്ടും തത്സമമായും ശോഭിക്കുന്നതു യുക്തമല്ലല്ലോ. ഇതുപോലെയാണിവിടേയും ദോഷം. അപ്രകൃതാർത്ഥം പ്രകൃതാർത്ഥത്തെക്കാൾ താഴ്ന്നിരിക്കണം.

സാമന്മാരെ ജിവസ്ഥകൃതഞ്ഞോരാ. സാമവസ്തു കുതികി കരിക്കവെ
ഒരു നേരമൊഴിഞ്ഞു മുള്ളു വേണ്ടപ്പോൾ പ്രാമൊഴിയിൽ വിചിത്രമെന്നുവാൻ.

(ഉമാകേരളം)

ഇവിടെ പ്രകൃതമായ അർത്ഥം മുമ്പിട്ടു നില്ക്കുന്നു.

അതിശയോക്തി, സ്വഭാവോക്തി എന്നീ അലങ്കാര

[illegible] ഹൃദയാഹ്ലാദജനകത്വമാണ് ദോഷം. ഇതിനു സഹൃദയമനസ്സു തന്നെയാണ് പ്രമാണം.

> ഗുണാഢ്യ! തവ യശസ്സിൽ [illegible] പരന്നി-
> ട്ടവനിതലമശേഷം [illegible]
> [illegible] എല്ലാം [illegible]
> [illegible] വഹിച്ചു.
>
> (സ്വപ്നം)

ഹൃദ്യതയില്ലായ്കയാൽ ഇവിടെ അതിശയോക്തി ഹൃദയാഹ്ലാദജനകമാകുന്നു.

> [illegible] തവ [illegible]
> [illegible] വഹിച്ചു [illegible]
> [illegible]
> [illegible] വിലസിക്കുന്നു [illegible].
>
> (സ്വപ്നം)

സാധാരണക്കാർക്ക് ഗ്രഹിക്കുവാൻ കഴിയുന്ന ഭാവത്തെ ഗ്രഹിക്കുന്നതു സ്വഭാവോക്തിക്കു ദോഷം.

> അഞ്ചു വിരലുള്ള കയ്യുകൊണ്ടു
> പിഞ്ചു [illegible]

ഇവിടെ 'അഞ്ചു വിരലു'കൊണ്ടു കയ്യു ഒരു വിശേഷവും ഇല്ല.

> [illegible]
> സംഗ്രാമേ കെട്ടഴിഞ്ഞിട്ടിടയിടയിലുലഞ്ഞിട്ടമാലോലകേശം
> [illegible]
> [illegible]! പാർത്ഥസൂതാ!
>
> (ഭാരതം ചമ്പു)

ഇവിടെ 'കെട്ടഴിഞ്ഞിട്ടിടയിടയിലുലഞ്ഞിട്ടമാലോലകേശം' എന്നതിലെ ഭാവം ഹൃദ്യമായിട്ടുണ്ട്. പാർത്ഥസാരഥിയായിരിക്കുന്ന ഭഗവാന്റെ അപ്പോഴത്തെ ഭാവത്തെ ഭംഗിയായി കാണിക്കുകയും ചെയ്യുന്നു.

[illegible] ദോഷം

വർണ്ണനങ്ങളിലെ [illegible]

ശുഷ്ക്കത്വമാണ് വർണ്ണനത്തിന്റെ ദോഷം. ഒരു ഉത്സവത്തിൽ അനവധി ആളുകൾ വന്നിരിക്കും. അവരുടെ എല്ലാം പേരുകൾ പറയുക; അല്ലെങ്കിൽ ഒരു വനത്തെ വർണ്ണിക്കുമ്പോൾ അവിടെയുള്ള വൃക്ഷലതാദികളുടെ ഒക്കെപ്പേരുകൾ വർണ്ണിക്കുക. യാതൊരു വിശേഷവും ഉണ്ടായിരിക്കയും ഇല്ല. ഇതാണ് ശുഷ്ക്കത്വം.

> കദളീലവംഗം മാവാദിവൃക്ഷങ്ങൾ കണ്ടു
> ലളിതതരകുസുമഫലദലകലിതതതി കണ്ടു
> സാലങ്ങൾ കണ്ടു രസാലങ്ങൾ കണ്ടു
> സരസതരമധുപനസജാലങ്ങൾ കണ്ടു
> താലങ്ങൾ കണ്ടു തമാലങ്ങൾ കണ്ടു
> ഘന സുമകലിതകുരവജാലങ്ങൾ കണ്ടു.
>
> (ശ്രീരുക്മാംഗദചരിതം)

ഇപ്രകാരം കണ്ടതെല്ലാം വർണ്ണിക്കുന്നതു അനാവശ്യമാണ്. ഇതുപോലെ പൂരം കാണാൻ വന്നിരിക്കുന്ന ജനങ്ങളുടെ പേരുകൾ പൂരപ്രബന്ധത്തിൽ വർണ്ണിക്കുന്നതും ശുഷ്കം. ഒന്നിനെക്കുറിച്ചു പറയുമ്പോൾ അതിന്റെ അസാധാരണമായ ഒരു വിശേഷം ഉണ്ടായിരിക്കണം. ചന്ദ്രോത്സവത്തിൽ രാജാക്കന്മാരുടെ വരവിനെ വർണ്ണിച്ചിരിക്കുന്ന ഭാഗം നോക്കുക.

ശയ്യയും പാകവും രസത്തിന്റെ വിരുദ്ധമാകരുത്. ശൃംഗാരം കരുണം ശാന്തം എന്നീരസങ്ങൾക്കു ശയ്യ മൃദുലമായിരിക്കയാണ് വേണ്ടതു; രൂക്ഷമാകരുത്; അതുപോലെ ഈ രസങ്ങൾക്കു ദ്രാക്ഷാപാകമേ യോജിപ്പിക്കാവൂ. രൗദ്രാദികൾക്കു നാളികേരപാകവും രൂക്ഷശയ്യയും യോജിക്കും.

൯൧ അപാർത്ഥം വ്യർത്ഥമേകാർത്ഥം
തഥാരസഹചരച്യുതം
പതൽപ്രകർഷവും പിന്നെ
സമാപ്തപുനരാത്തവും.

൩൨. അഭവന്മതയോഗാഖ്യ-
മപ്രസിദ്ധം ച ഗർഭിതം
അവിമൃഷ്ടവിധേയാംശം
സങ്കീർണ്ണവമപുഷ്ടത്വം

൩൩. സാകാംക്ഷം വ്യാഹതം പിന്നെ-
യനവീകൃതനാമകം
അർത്ഥസംബന്ധമാം മുഖ്യ-
ദോഷങ്ങളിവയൊക്കയും.

അപാർത്ഥാദികൾ പ്രധാനങ്ങളായ അർത്ഥദോഷങ്ങളാകുന്നു.

൩൪. അപാർത്ഥം പദമോരോന്നി-
ന്നർത്ഥബന്ധംപെടാത്തതാം
വ്യർത്ഥം പ്രയോജനം തെല്ലു-
മില്ലാതായുള്ള കല്പനം.

൩൫. ഏകാർത്ഥശബ്ദതാൻ വീണ്ടു-
മാവർത്തിച്ചു കഥിപ്പതാം
കൂട്ടത്തിൽ ചേർച്ചയില്ലാത്ത
ദോഷം സഹചരച്യുതം.

൩൬. പതൽപ്രകർഷമോജസ്സിൽ
ക്ഷതിയേല്ക്കുന്നതാം ക്രമാൽ
അവസാനിക്കിലും ചേർക്ക
സമാപ്തപുനരാത്തമാം.

൩൭. അഭവന്മതയോഗം ത-
ന്മതം ചേരാതിരിപ്പതു
പ്രസിദ്ധി കലരാതുള്ള-
തപ്രസിദ്ധാഖ്യദോഷകം.

൩൮. വാക്യത്തിന്നുള്ളിലായ്മറ്റൊ-
ന്നിടിക്കലതു ഗർഭിതം

അവിമൃഷ്ടവിധേയാംശം
വിധേയാംശം ത്യജിപ്പതാം.

൧൫ സങ്കീൎണ്ണമന്യകട്ടൎത്ഥ-
മുണ്ടാകുമാറു യോജനം
അൎത്ഥത്തിൽ തെല്ലുമേ പുഷ്ടി-
യില്ലാത്തുള്ളതപുഷ്ടകം.

൧൬ സാകാംക്ഷം ശേഷമാകാംക്ഷ-
യവസാനിച്ചിടാത്തതാം
വ്യാഹതം പൂൎവ്വമുക്തത്തി-
ന്നെതിരായുള്ള കല്പനം.

൧൭ നൂതനാൎത്ഥത്തെയുണ്ടാക്കി-
ച്ചേൎക്കാത്തതനവീകൃതം

ഓരോ പാദത്തിന്നും തമ്മിൽ അൎത്ഥത്തിന്നു ബന്ധമില്ലാതിരിക്കുന്നതു അപാൎത്ഥം. പ്രയോജനമില്ലാതെ കല്പിക്കുന്നതു വ്യൎത്ഥം. ഒന്നിനെ ആവൎത്തിച്ചുപറയുന്നതു ഏകാൎത്ഥം. കൂട്ടത്തിൽ ചേൎച്ചയില്ലാത്തുള്ളതു സഹചരച്യുതം. ഓജസ്സിന്നു ക്രമേണ ക്ഷയം സംഭവിക്കുന്നതു പതൽപ്രകൎഷം. അവസാനിച്ച അൎത്ഥത്തെ വീണ്ടും കൂട്ടിച്ചേൎക്കുന്നതു സമാപ്തപുനരാത്തം. അഭിപ്രായം പ്രകാശിക്കാതെയിരിക്കുന്നതു അഭവന്മതയോഗം. സാഹിത്യത്തിൽ പ്രസിദ്ധിയില്ലാത്തതിനെ ചേൎക്കുന്നതു അപ്രസിദ്ധം. ഒരു വാക്യത്തിന്റെ ഉള്ളിൽ മറെറാരു വാക്യമടങ്ങുന്നതു ഗൎഭിതം. കല്പിക്കേണ്ട അംശത്തെ ചെയ്യാതിരിക്കുന്നതു അവിമൃഷ്ടവിധേയാംശം. വേറെ ഒരുവിധം അൎത്ഥം ഉണ്ടാകത്തക്കവിധം ചേൎന്നിരിക്കുന്നതു സങ്കീൎണ്ണം. അൎത്ഥം പോഷിക്കാത്തതു അപുഷ്ടം. ആകാംക്ഷയവസാനിക്കാതെ നീണ്ടുനില്ക്കുന്നതു സാകാംക്ഷം. മുമ്പു പറഞ്ഞതിന്നു വിപരീതമായിട്ടുള്ള കല്പനം വ്യാഹതം. പുതിയതായ അൎത്ഥമൊന്നും കല്പിക്കാത്തതു അനവീകൃതം. ഉദാഹരണങ്ങൾ താഴെ ചേൎക്കുന്നു.

അപാർത്ഥത്തിനു;

ശ്രീരാമനെപ്പോലെയൊരു വീരനുണ്ടോ
വാരാണസീയാത്രയതെത്ര രമ്യം
ആരാകിലും നേരു പറഞ്ഞിടേണം
നാരായണൻ നാമസഹസ്രനല്ലോ.

(ഭാഷാപോഷിണി)

ഇവിടെ പാദങ്ങൾ തമ്മിൽ അർത്ഥംകൊണ്ടു ബന്ധിക്കാതിരിക്കുന്നു. ആകപ്പാടെ നോക്കുമ്പോൾ ഒരു അർത്ഥവും കാണുന്നുമില്ല. അതുകൊണ്ടു അപാർത്ഥം.

വ്യർത്ഥത്തിനു;

കടുക്കനില്ലേ തവ കാതിലോരം
മിടുക്കനല്ലേ കവിതക്കുമോ നീ
മുടക്കമെന്യേ മുതിരക്കൃഷിക്കോ.
തുടങ്ങമാരാശ്ശു ഇളക്കിയാലും.

(ഭാഷാപോഷിണി)

കടുക്കനും കവിതാസാമർത്ഥ്യവുമുള്ളതുകൊണ്ടു മുതിരക്കൃഷിക്കു പ്രയോജനമില്ലാത്തതിനാൽ വ്യർത്ഥം.

ഏകാർത്ഥത്തിനു;

സമ്പത്തുപോലെ വേണ്ടുന്നതൊന്നുമില്ലന്യമോർക്കിൽ
ഐശ്വര്യമൊന്നു കൈവന്നാൽ മറ്റെല്ലാം തുച്ഛങ്ങളല്ലോ.

(സ്വന്തം)

ഇവിടെ പൂർവ്വാർദ്ധത്തിലെയും ഉത്തരാർദ്ധത്തിലെയും അർത്ഥം ഒന്നുതന്നെ.

സഹചരച്യുതത്തിനു;

അമർത്ത്യരെല്ലാമമൃതാസ്വദിച്ചുതേ
കുമർത്ത്യരെല്ലാം ബത കള്ളു മോന്തിയും
സമർത്ഥരാമേവരുമോ പാൽ കുടിച്ചിതി.
ക്രമത്തിലെല്ലാം പുലരുന്നു സർവ്വദാ.

(ഭാഷാപോഷിണി)

അമൃതത്തിന്റെയും പാലിന്റെയും കൂട്ടത്തിൽ കള്ളിനെ ചേർത്തതിനാൽ സഹചരച്യുതം.

പതത്പ്രകർഷത്തിനു;

പ്രൗഢിയിലുള്ള കമലസൂനത്തിൻ ഛവിയെത്തോരുപാദങ്ങളെ.
മുത്തിളിന്ത്ികം നീക്കി മൈത്രി കലയം നൽത്താമരത്താരിനെ
ഉണ്ണം വിട്ടു കൂറ്റന്യൻ ന്മുതിയം ദോഷാച്ഛ്രുതാപത്തൊടെ
വന്നിൽമധ്യമണാത്തിട്ടന്നു ഭഗവാനംഭോജിനീവല്ലഭൻ.

(ഭാ. [illegible])

പൂർവ്വാർദ്ധത്തിലെ ഓജസ്സ് ഉത്തരാർദ്ധത്തിൽ ക്രമേണ നശിച്ചു ശൂന്യമായിബ്ഭവിച്ചിരിക്കുന്നു.

സമാപ്തപുനരാത്തത്തിനു;

ഉപവസ്സമേതി സ്വത ഒന്നിൽനിന്നു,
ഭവൻ നൃപാലമലരെ അരുളി
ദൈവസ്സ്വപ്രമോദത്തൊടു വാണു പണ്ടു.
ഭവൻ നൃശംസൻ പരിവർത്തിച്ചിന്നു.

(ഉമാകേരളം)

ഇവിടെ മൂന്നാം പാദത്തിന്റെ അന്ത്യത്തിൽ അവസാനിച്ച അർത്ഥത്തെ 'പ്രേതമവൻ' ഇത്യാദി വീണ്ടും എടുത്തുകെട്ടിയിരിക്കുന്നു.

അഭവന്മതയോഗത്തിനു;

ആരാണവൻ മൽഗൃഹയിൽക്കടപ്പു.
നിരർത്ഥമെങ്ങളിലിരന്നാകം
ശ്രീരാമപാദാംബുജ സേവകൻ ഞാ-
നാരെങ്കിലും സന്തതി സംഹരിപ്പൻ.

(ശ്രീകൃഷ്ണചരിതം)

അപ്രസിദ്ധത്തിനു;

ശൂലം ധരിച്ചോരു വിഷ്ണു ചരിച്ചു സമരാങ്കണേ

വിഷ്ണുവിന്റെ ശൂലധാരണം ലോകത്തിൽ പ്രസിദ്ധമില്ലാത്തതാണു.

ഗർഹിതത്തിനു;

കല്യാണി കലശാന്തകവല്ലഭേ കേൾ
ചൊല്ലാൻ നല്ലവർക്കു പ്രമോദം
ചില്ലില്ലതെല്ലും അവ പാദപത്മം.
മല്ലാക്ഷനിങ്കിലുള്ളവലംബമെന്നും.

ഭാഷാപോഷിണി

‘കില്ലില്ലതെല്ലും’ എന്ന ഭാഗം ശക്തം.

അവിമൃഷ്ടവിധേയാംശത്തിനു;

> സ്ഥൂലനിതംബം ക്ഷീണത
> ചോലും മദ്ധ്യം ഉന്നത കചയുഗളം
> നീളം പെരുകും മിഴികളും.
> നിന്നെയുഴമെൻ ജീവനായിത വരേണ്യ.
>
> (മാളവികാഗ്നിമിത്രം)

സ്ഥൂലം എന്ന പ്രത്യേകിച്ചു പദമാക്കായ്കയാൽ പ്രാധാന്യം കുറഞ്ഞിരിക്കുന്നു.

സങ്കീർണ്ണത്തിനു;

> ചെന്താരിനൊത്ത ഹൃദയാകിയവളെന്റെ കൈകളെ,
> കണ്ടെനായി ചെയ്യുമിന്ന വാണരുടുക്കവോരോ.
>
> (രസികരഞ്ജിനി)

ഇവിടെ കണ്ടുകൊണ്ടാണ് പറഞ്ഞതെന്ന അർത്ഥം (മറവിധം) കിട്ടുന്നു.

അപുഷ്ടത്തിനു;

> ശോകക്ലേശത്തിലേക്കിതു വേഗമെന്നെയുഴറ്റിടുവാൻ
> പ്രാഗത്ഭ്യമില്ലിനിക്കെന്റെ ഭാഗം ഞാൻ പറയുന്നയോ.
>
> (രഘുവംശകം)

സാകാംക്ഷത്തിനു;

> മന്ത്രിമാരാകും മരാളരൊപ്പം കണ്ടുണ്ടാക്ക വീരരെ

അർത്ഥമവസാനിക്കായ്കയാൽ ഇനിയെന്താണ് പറയുന്നതെന്ന ആകാംക്ഷയുണ്ടാകുന്നു.

വ്യാഹതത്തിനു;

> നന്നായ് പ്പാരിൽ ജയിക്കുന്നു ഭാഗ്യശാലികളായവർ.
> നിന്നെയോരോ നടയാ കൃത്യമായ്‌വരുന്നത് ഭോഗസമൃദ്ധ
> എന്നാലിതുമെവന്നിവ് മനമൊഴിയാതെ മഹാവൈരാഗ്യമായ.
> അന്ത്യവേളിൻ കാട്ടുമൊന്നേ പൊരുളിയോരു മഹാകുന്നിലാതെല്ലാം.
>
> (രാമായണം)

പൂർവ്വാർദ്ധത്തിൽ ചില ഭാഗികളെ അനർത്ഥങ്ങളായി

ഗണിച്ചിട്ടുള്ളതു തന്നെ. ഉത്തരാർദ്ധത്തിൽ ലോചനജ്യോത്സ്നയാമകന്യാവു് എന്നു ഉൽകർഷത്തിനായിപ്പറഞ്ഞിരിക്കുന്നു. അനവീകൃതത്തിനു;

ഉദിക്കുന്നു ദിവാധീശൻ തെളിച്ചീടുന്നു താരകം
വഴിക്കന്നങ്ങു കന്യാവാർ ഉദിക്കുന്നു ശശാങ്കനും.

(സ്വന്തം)

അർത്ഥത്തിനു നൂതനകല്പനയൊന്നുമില്ലായ്കയാൽ അനവീകൃതം.

നിരർത്ഥം ദുശ്രവം ഗ്രാമ്യ-
മശ്ലീലം ച്യുതസംസ്കൃതി
൪൨. അപ്രതീതമപ്രയുക്തങ്ങളും
നേയാർത്ഥമവാചകം.
അപശബ്ദമവിമൃഷ്ടാംശം
കഷ്ടം വിച്യുതദീപികം
൪൩. ന്യൂനാസ്ഥാനപദം ക്ലിഷ്ടം
സമാപ്തപുനരാത്തവും
അസംഗതം ക്രമഭംഗം
ശബ്ദദോഷങ്ങളാമിവ

നിരർത്ഥാദിദോഷങ്ങൾ ശബ്ദങ്ങളെ ആശ്രയിച്ചുള്ളവയാണു്.

൪൪. നിരർത്ഥം പാദപൂർത്തിക്കാ-
യർത്ഥമില്ലാതെ ചേർത്തതാം
വന്നതിൻ [illegible]
[illegible]

൪൫. അസഭ്യമാമർത്ഥത്തിൻ-
കല്പനം ഗ്രാമ്യനാമകം
ജുഗുപ്സയെ ജനിപ്പിക്കും
ദോഷമശ്ലീലമീരിതം

൪൬ ച്യുതസംസ്കൃതിയാം ശബ്ദ-
ശാസ്ത്രത്തിനെതിരായതു
ലോകപ്രസിദ്ധിയില്ലാതെ-
യുള്ളതാമപ്രതീതകം

൪൭ അപ്രയുക്താഹ്വയം ധീമതാം
പ്രയോഗിക്കാതെയുള്ളതാം
നേയാർത്ഥം ന്യായമില്ലാതെ-
യിഷ്ടംപോലുള്ള കല്പനം

൪൮ ആശയം കാട്ടുവാൻ ശക്തി-
യില്ലാത്തുള്ളതവാചകം
പദത്തിനുള്ള വൈരൂപ്യ-
മപശബ്ദാഭിധാനകം

൪൯ അമങ്ഗലതയില്ലാത്ത-
തരിഷ്ടം നാമദോഷകം
പ്രകൃതത്തെ സ്മരിപ്പിക്കാൻ
ദൂന്നയം ചൊൽക കഷ്ടമാം

൫൦ ഗതിക്കു ചേർച്ചയില്ലായ്ക
ദോഷം വിച്യുതഗതികം
പദത്തിൽക്കുറവുണ്ടാക
ദോഷം ന്യൂനപദാഭിധം

൫൧ അസ്ഥാനകപദം വേണ്ട-
മിടത്തല്ലാതെ ചേർക്കുക
ക്ലിഷ്ടതയാകുമർത്ഥത്തിൻ-
പ്രതീതിക്കു വിളംബനം.

൫൨ വിശേഷമൊന്നുമില്ലാതെ
ചൊൽക സാമാന്യമീരിതം
പുനരുക്തമതാം മുമ്പു
കഥിതം വീണ്ടുമോതുക

൭൩. അർത്ഥത്തിൽച്ചേർച്ചയില്ലാതെ-
യുള്ളതാകുമസംഗതം
ക്രമഭംഗം സംക്രമം വി-
ട്ടു പദത്തെച്ചേർത്തിടുന്നതാം.

പാദപൂരണത്തിനുവേണ്ടി അർത്ഥമില്ലാതെ ചേർക്കുന്ന പദം നിരർത്ഥം. ഭാഷയിൽ പാദപൂരണത്തിനുവേണ്ടി മാത്രം ഉപയോഗിക്കയാൽ പല പദങ്ങളേയും നിരർത്ഥങ്ങളായി ഗണിച്ചുവരുന്നു. ഇതു വലിയ കഷ്ടമെന്നു പറയാനുള്ളൂ. പാരാതെ, ഹന്ത, തിന്നും, അത്ര, ഇതു, ഇഹ പരിചോടു ചെല്വു ചിക്കന്ന വിരവോടു പാരം ഉറ്റാൽ അങ്ങു ഇങ്ങു ചാലെ, മുതലായി അനവധി പദങ്ങൾ ഈ ഇനത്തിലുൾപ്പെടുന്നു. വർണ്ണങ്ങളുടെ പാരുഷ്യത്താൽ കേൾക്കുന്നതിനു ശല്യമുണ്ടാക്കുന്നതു ദുശ്രവം. സഭ്യമല്ലാത്ത പദം ഗ്രാമ്യം. ജുഗുപ്സയെ ജനിപ്പിക്കുന്നത് അശ്ലീലം. അശ്ലീലം അർത്ഥത്തേയും സംബന്ധിക്കുന്നതാണ്. ശബ്ദശാസ്ത്രവിരുദ്ധം ച്യുതസംസ്കൃതി. ശാസ്ത്രത്തിൽ മാത്രം പ്രസിദ്ധിയുള്ളതു അപ്രതീതം. അധികം പ്രയോഗിക്കാതെയുള്ള പദം അപ്രസിദ്ധം. ന്യായമില്ലാതെ യഥേഷ്ടം കല്പിക്കുന്നതു നേയാർത്ഥം. ആശയത്തെ പ്രകാശിപ്പിക്കാൻ ശക്തിയില്ലാത്തതു അവാചകം. പദവൈരൂപ്യം അപശബ്ദം. ആനുകൂല്യമില്ലാത്തതു അനിഷ്ടം. പ്രകൃതസമർത്ഥനത്തിനു ദുർന്നയം കല്പിക്കുന്നതു കഷ്ടം. രീതിയോജിക്കാത്ത വിച്യുതരീതികം. വേണ്ടപദമെല്ലാമില്ലാതിരിക്ക ന്യൂനപദം. വേണ്ട സ്ഥാനത്തിൽ ചേർക്കാതിരിക്കുന്നത് അസ്ഥാനപദം. അർത്ഥപ്രതീതിക്കു താമസം ഉണ്ടാക്കുന്നതു ക്ലിഷ്ടം. വിശേഷമൊന്നുമില്ലാത്തതു സാമാന്യം. മുമ്പു പറഞ്ഞതിനെ വീണ്ടും പ്രയോഗിക്കുന്നതു പുനരുക്തം. അർത്ഥത്തിനു യോജിപ്പില്ലാത്ത അസംഗതം. പദങ്ങളെ വേണ്ട ക്രമത്തിൽ അല്ലാതെ ചേർക്കുന്നതു ക്രമഭംഗം. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

നിരർത്ഥകത്തിനു;

> പാരിപാത്രവാനി പരിചോടിഹ [illegible]
> കാലമുള്ളൊരു [illegible]
> നീലത്താഴക്കഴലി [illegible]
> [illegible]

(ശൈവനാരി [illegible])

പരിചോടു ഇഹ ഓരോ പാദം എന്നിവ നിരർത്ഥകപദ ങ്ങൾ. പാരിപാത്രവാനി നീലത്താഴക്കഴലി ഇവയും അതി ന്നെതന്നെ.

> ഇതിനാൽ [illegible]
> [illegible]
> [illegible]
> [illegible]

ഇവിടെ ഇഹ അഴകോടു പരം ഇവ നിരർത്ഥകങ്ങൾ. നി ശ്ചയത്തിനു വിപരീതമായ ഗുണം സാദൃശ്യം. ഓരോ പദത്തി ന്റെ അന്തത്തിന്റെ സ്ഥാനത്തിൽ അർത്ഥം വ്യക്തമായിരിക്ക ന്നില്ല സാരസ്യം.

> [illegible]
> [illegible]
> [illegible]
> [illegible]

([illegible])

ഇവിടെ ജീവാനന്ദി കണ്ണിനൃതം മുതലായ പദങ്ങൾ സാരസ്യമില്ലാത്തവ. ഈ വിധം സപ്രയോജനമായിട്ടേ പ ദങ്ങളെ ചേർക്കാവൂ.

ദുശ്രവത്തിനു;

> [illegible]
> [illegible]
> [illegible]
> [illegible]

([illegible])

'കരപിചക്രികയാം' എന്ന പദം ദുശ്രവം. വിര

രൌദ്രരസങ്ങൾക്കു ദുശ്രവം ദോഷമല്ല. ദുശ്രവത്തിന്ന് എതിരായ ഗുണം സുശ്രവം.

ഗ്രാമ്യത്തിന്നു;

> ഇല്ലാതിരുന്നിരവിൽ വല്ലതുമുണ്ടെങ്കിൽ നാഥനു പോരായ്കയും.
> നില്ലാതവരങ്ങളെത്രയല്ല വളരെ പ്രായം കടന്നുള്ളതും
> കല്ല്യാണം കഴിയാതുള്ളൊരു കന്യവനങ്ങളിലിരിക്കവെ.
> തല്ലായില്ലപരസ്സദോ മാതാപിതൃക്കൾ തൊട്ടല്ല പിള്ളതോ.
>
> (രാമരാമി നമ്പ്യാര്)

ഇവിടെ 'തുമ്പില്ലാതാക്കുക' ഗ്രാമ്യപ്രയോഗം. നീചപാത്രങ്ങളുടെ സംഭാഷണത്തിൽ ഗ്രാമ്യം ഗുണമാകുന്നു.

അശ്ലീലത്തിന്നു;

> അപ്പിയപ്പുമലക്കതിർക്കോറിയാലി-
> ലപ്പിയപ്പതിന്ന് ഒരു വിരസഗന്ധം.
>
> (ഭവനെഴുതി)

ഇവിടെ 'അപ്പി'ശബ്ദസംബന്ധമായ അശ്ലീലം. വിദൂഷകാദിനീചപാത്രങ്ങളുടെ സംഭാഷണത്തിൽ ഗ്രാമ്യം ഗുണമാകുന്നു.

ച്യുതസംസ്കൃതിക്കു;

> അമൃതകിരണ ഇപ്പുറം നീ സഖേ! മദ്ഗൃഹാന്തം
>
> (ലീലാതിലകം)

ഇവിടെ സന്ധിയില്ല.

> ഭവതി സകൃദിളകിയെച്ചൂർവ താനാവുൾമേറും
>
> (ലീലാതിലകം)

'സകൃദിളകി' എന്നതു ദുസ്സന്ധി.

> ഖരതരയൊടു ശമിച്ചശോകമേ ചൊൽ

'ശമിച്ച അശോകമേ' ഇവിടെ ഉകാരം ലോപിച്ചിരിക്കുന്നു. ഈ മാതിരി ശബ്ദശാസ്ത്രവിരുദ്ധങ്ങളായ പ്രയോഗങ്ങളും ഇപ്പോൾ അധികമായിക്കാണുന്നു.

അപ്രതീതത്തിന്നു;

> രോഗശതതാൽ മുക്തിതാരതമൻ,

ആശയപദത്തിന്നു വാസന എന്ന അൎത്ഥം ലോകപ്ര

സിദ്ധമല്ല. ഇതു യോഗശാസ്ത്രപ്രസിദ്ധമായ അർത്ഥമാണ്. 'ക്ലേശകർമ്മവിപാകാശയൈരപരാമൃഷ്ടഃ പുരുഷവിശേഷ ഈശ്വരഃ' എന്ന യോഗസൂത്രം നോക്കുക. ഇവിടെ ആശയപദത്തിനു വാസന എന്നു അർത്ഥം. തത്തച്ഛാസ്ത്രാനഭിജ്ഞന്മാർക്കു ശാസ്ത്രത്തിന്റെ അനുപസ്ഥിതി ദൂഷകതാബീജം. ഓരോ ശാസ്ത്രജ്ഞന്മാരുടെ സംഭാഷണത്തിൽ അതാതു ശാസ്ത്രങ്ങളിൽ പ്രസിദ്ധങ്ങളായ പദങ്ങളെ ഉപയോഗിക്കുന്നതു ഗുണം.

> ഉലകവിലക്കേറ്റു, സമക്ഷിനിന്നു —
> [illegible]
> [illegible]
> [illegible]

(ഭാഷാഭൂഷണം)

ഇവിടെ അനശ്വര സത്ത എന്നീ പദങ്ങൾക്കു മായ ബ്രഹ്മം എന്നുള്ള അർത്ഥം വേദാന്തശാസ്ത്രപ്രസിദ്ധമാണ്. വേദാന്തികളുടെ സംഭാഷണത്തിലാകയാൽ ഇവിടെ അപ്രതീതം ഗുണം.

അപ്രയുക്തത്തിനു;

> [illegible] ....

(കിരാതം കഥകളി)

കാട്ടൻ (കാട്ടിൽ താമസിക്കുന്നവൻ കാട്ടാളൻ) അപ്രയുക്തപദം. ഈ ദോഷത്തിന്നു എതിരായ ഗുണം പ്രയുക്തം. പ്രയോഗിക്കാറുള്ള പദങ്ങളെ മാത്രം സ്വീകരിക്കുന്നതു പ്രയുക്തം. യമകം ശ്ലേഷം മുതലായവയിൽ അപ്രയുക്തം ദോഷമല്ല.

നേയാർത്ഥത്തിനു;

> യോഗിമാർ സതതം പൊഴിക്കും [illegible]
> നാഴിയിൽ [illegible]

യോഗിമാർ സതതം പൊഴിക്കും ഭ്രൂ (ഭൂമിയുടെ അറം) ഭൂക്കാരം; നാഴിയിൽ പാറിയാടുക ഉഴിയാടുക (പായുക) പലാകാശം ബോദ്ധമാനം (പല ആകാശം മാനം)

ഇവിടെ അർത്ഥം ഒരു ന്യായമില്ലാതെ കല്പിച്ചിരിക്കുന്നതിനാൽ നേയാർത്ഥം. നേയാർത്ഥം ചിത്രത്തിൽ ഗുണമാണ്.

> നിൻപ്രാപ്തിയാലിതരുള്ള രാത്രിയും ദിനമായിതേ

ദിനപദത്തിനു പ്രകാശാർത്ഥത്തെ കുറിക്കാൻ ശക്തിയില്ലായ്കയാൽ അവാചകം. ശൃംഗാരപ്രതീതി വിളംബനം ദൂഷകതാബീജം.

അനിഷ്ടത്തിന്;

> [illegible]

ശബ്ദത്തിനു ശക്തിയില്ലായ്കയാൽ അനിഷ്ടം.

കഷ്ടത്തിന്;

> [illegible]
> [illegible]
> [illegible]
> [illegible]
>
> (ഭാഷാരാമായണം)

വിവൃതമിതിന്നൊന്നാം പ്രകരണത്തിന്റെ അന്ത്യഭാഗം നോക്കുക.

ന്യൂനപദത്തിന്;

> വിളക്കുമായേറിപ്പോൾ ഭാസ്സത്തിനു പുറവും
> വെള്ളവെള്ള വഴിയെല്ലാം തിങ്കളും ന്യൂനമായിരിൽ,
> [illegible]
> [illegible]
>
> (ലീലാതിലകം)

ഇവിടെ 'വെള്ളം' എന്നതു 'വെള്ളറവും' എന്നു വേണ്ടതാണ്.

അസ്ഥാനപദത്തിന്,

> [illegible]
> [illegible]
> [illegible]
> [illegible]
>
> (ലീലാതിലകം)

ഇതും അസ്ഥാനപദം. 'ഇതും ചൊല്ലീട്ട്' എന്നാണ് വേണ്ടത്.

ക്രമഭംഗത്തിനു,

> കിരണങ്ങളെ ശശിബിംബത്തോടുപമിക്ക.
> ഒന്നല്ലോ പ്രതാപപുഞ്ജത്തിനു ഉദയരവി.
>
> (ഭാഷാഭൂഷണം)

ഇവിടെ കീർത്തി പ്രതാപം എന്ന ക്രമത്തിനാണ് പദങ്ങളെ ചേർക്കേണ്ടത്.

രീതിയുടെ ലക്ഷണം ഒന്നാംപ്രകരണത്തിന്റെ അന്ത്യഭാഗം നോക്കിയാൽ ഗ്രഹിക്കാവുന്നതാണ്.

൭൪. രസത്തിനേറെയുൽകർഷ-
മുളവാക്കുവതാം ഗുണം.
ഗുണമോജഃപ്രസാദങ്ങൾ
മാധുര്യമെന്നിതിൻ വിധം.

രസത്തിന് ഉൽകർഷത്തെ ജനിപ്പിക്കുന്നതു ഗുണം. ഓജസ്സ് പ്രസാദം മാധുര്യം എന്നു ഗുണം മൂന്നുവിധമുണ്ട്.

൭൫. ഓജസ്സു ദീപ്തിയാണുള്ളി-
ലൊന്നുജ്ജ്വലിക്കുന്നതാം.
വീരബീഭത്സരൌദ്രങ്ങൾ-
ക്കിതുതാൻ യുക്തമാം ഗുണം.

ദീപ്തികൊണ്ടു ഹൃദയത്തെ ജ്വലിപ്പിക്കുന്നത് ഓജസ്സ്. വീരാദിരസങ്ങൾക്കു ഇതു യുക്തം.

൭൬. പ്രസാദമർത്ഥഗ്രഹണം
വേഗമേകുവതാം ഗുണം.

യാതൊന്നുകൊണ്ട് അർത്ഥം വേഗം ഗ്രഹിക്കുവാൻ കഴിയുന്നുവോ അതു പ്രസാദം. വളരെ അഗാധമായ ജലാശയത്തിന്റെ അടിയിൽ കിടക്കുന്ന വസ്തുക്കളെ പ്രയാസംകൂടാതെ തെളിച്ചംകൊണ്ടു കാണുവാൻ കഴിയുന്നു. ഇതുപോലെ ഗഹനമായ ഭാവാർത്ഥത്തെയും പ്രസാദഗുണംകൊണ്ടു വേഗത്തിൽ ഗ്രഹിക്കാവുന്നതാണ്.

മാധുര്യം ഹൃദയത്തിങ്ക-
ലാഹ്ലാദമേകും ഗുണം.

ഹൃദയത്തിന് ആഹ്ലാദത്തെ ഉണ്ടാക്കുന്ന ഗുണം മാധുര്യം. ഉദാഹരണം ചന്ദ്രോത്സവം.

ഇവിടെ പറഞ്ഞ മൂന്നു ഗുണങ്ങളെക്കൂടാതെ, ശ്ലേഷം സമത സുകുമാരത അർത്ഥവ്യക്തി ഉദാരത കാന്തി സമാധി എന്നിവയെ കൂടി ഗണിച്ച്, ആകപ്പാടെ ഗുണം പത്തുണ്ടെന്നു ചില ആചാര്യന്മാർ പറയുന്നു. ഈ ഗുണങ്ങളിൽ മിക്കവാറും മുമ്പു പറഞ്ഞവയിൽ ഉൾപ്പെടുന്നവയാണ്. ശബ്ദവൈമല്യം അർത്ഥവൈമല്യം രസവൈമല്യം എന്നു മൂന്നു ഗുണങ്ങളെക്കുറിച്ചു ക്ഷേമേന്ദ്രൻ പറയുന്നുണ്ട്. ശബ്ദാർത്ഥരസങ്ങളെ സംബന്ധിക്കുന്നവയായ ദോഷങ്ങളെക്കുറിച്ചു മുമ്പു പറഞ്ഞിട്ടുണ്ടല്ലോ. ആ വക ദോഷങ്ങളെ വർജ്ജിക്കുന്നതായാൽ ക്ഷേമേന്ദ്രൻ പറയുന്ന വൈമല്യം ലഭിക്കുന്നതാണ്. മുമ്പു ദോഷങ്ങളെക്കുറിച്ചു വിമർശിച്ച സന്ദർഭത്തിൽ യുക്തംപോലെ ഞാനതിന് എതിരായ ഗുണങ്ങളെക്കുറിച്ചു പറഞ്ഞിട്ടുള്ളതു പ്രത്യേകം ഓർമ്മിക്കേണ്ടതാകുന്നു. ഇവകൂടാതെ വേറെയും ചില ഗുണങ്ങൾ വക്തവ്യമായിട്ടുണ്ട്.

൪൭. പഴഞ്ചൊല്ലു കൂടാതെ ശൈലി-
ഫലിതം മൂന്നിതിൻ വിധം
ഗുണം സാധാരണക്കാർതൻ-
ഭാഷണങ്ങളിലൊത്തതാം.

പഴഞ്ചൊല്ല് ശൈലി ഫലിതം എന്നിവ മൂന്നും സാധാരണക്കാരുടെ വ്യവഹാരത്തിൽ ഉപയോഗിക്കുന്ന ഗുണമാണ്; ഇവയുടെ പ്രയോഗംകൊണ്ടു കവിതയ്ക്കു വളരെ ഉത്കർഷമുണ്ടാകുന്നു.

> [illegible]
> [illegible]
> [illegible]
> [illegible] കാണ്മതില്ല.
>
> ([illegible])

അധികം ബുദ്ധിയുള്ള പൊന്മാൻ കിടാവിനകത്തു കുടുങ്ങിയിട്ടും എന്ന പഴഞ്ചൊല്ലാണിവിടെ ഉപയോഗിച്ചിരിക്കുന്നത്. സീതാവിവാഹത്തിനു വന്നിരിക്കുന്ന സാധാരണബ്രാഹ്മണരുടെ വ്യവഹാരത്തിലാകയാൽ ഇതു ഗുണം.

[illegible]
[illegible]
[illegible]
[illegible]

(വെണ്മണി നമ്പൂതിരിപ്പാട്)

പിണ്ണാക്കാക്കിയമുന്നവസ്ഥക് ശൈലിയാണ്. വളരെ നിസ്സാരനാക്കുക എന്ന അർത്ഥം ഇവിടെ ഈ ശൈലി വ്യക്തമായിട്ടുണ്ട്. അസ്ഥാനത്തിലായതിൽ ശൈലി ദോഷകരമാകുന്നു.

[illegible]
[illegible]
[illegible]
[illegible]

(വെണ്മണി നമ്പൂതിരിപ്പാട്)

'[illegible]' എന്ന ശൈലി മംഗളപദ്യത്തിൽ അമംഗലദ്യോതകമാകയാൽ ദോഷം.

[illegible]
[illegible]
[illegible]
[illegible]

(മഠത്തിൽ നീലകണ്ഠൻനമ്പൂതിരിപ്പാട്)

ഇതു ഫലിതത്തിന് ഉദാഹരണം. ഇവിടെ 'കമലയാക്കുക' 'തപ്പൽ' എന്നീ പ്രയോഗങ്ങൾ നല്ല ഫലിതങ്ങളും രസത്തിനു പോഷണത്തെ ചെയ്യുന്നു.

൩൭. വിചാരങ്ങളുടെ വാക്കിൽ രൂപാന്തരം സ്വീകരിപ്പും.

തത്വാൎത്ഥകഥനവും കാവ്യ-
ത്തിനുൽകൎഷകാരിതം

വിദ്വാന്മാരുടെ വ്യവഹാരത്തിൽ ശാസ്ത്രീയതത്വങ്ങളെ ഉദ്ധരിക്കുന്നതും, വിവിധതത്വങ്ങളെ കാണിക്കുന്നതും, കാവ്യത്തിന് ഉൽകൎഷത്തെ വരുത്തുന്ന ഗുണങ്ങളാണ്.

> വരതനയ ചൊല്ലി താതൻ തങ്ങളോടൊല്ലും
> വിരഹമിഹ വിധാതാവിനെയും തപിപ്പൂ
> പരമിഹ കുലത്തിൻ വിശ്രുതമന്ദ്ര ശോകം
> ശരമിയലിന്ന യോഗം വിപ്രയോഗാന്തമല്ലോ.
>
> (ഭാലവാൽമീകം)

വിദുഷിയായ സീതയുടെ ഈ വാക്കിൽ (ഉത്തരാശ്ചം) "സംയോഗാ വിപ്രയോഗാന്താഃ" എന്ന തത്വം അടങ്ങിയിരിക്കുന്നു.

ഈ ജാത്യാദിക്കനുരൂപമായ് ഭാഷാ-
രീതി ചേൎക്കുകയും ഗുണം.

ജാതി ദേശം വയസ്സ് ഇവയുടെ സ്ഥിതി അനുസരിച്ചു ഭാഷക്കു തന്മയത്വം വരുത്തുന്നതു ഗുണമാകുന്നു. ശാരദയിലും മാൎത്താണ്ഡവൎമ്മയിലും ചെറുതിപ്പട്ടരുടേയും സുന്ദരയ്യന്റെയും സംഭാഷണം ഉദാഹരിക്കപ്പെടാം. ശാരദയിൽ നമ്പൂതിരി എമ്പ്രാൻ എന്നിവരുടെ സംഭാഷണം കാണിക്കുന്ന ഭാഗവും ദൃഷ്ടാന്തമാണ്. വയസ്സുകൊണ്ടു വരുന്ന വ്യത്യാസത്തിനു മാൎത്താണ്ഡവൎമ്മയിലെ ശങ്കുആശാന്റെ സംഭാഷണം ഉദാഹരണം. ഭാഷക്കു ഇപ്രകാരം തന്മയത്വം വരുത്തുക എന്നതു വളരെ ദുസ്സാധമായ ഒരു ഗുണമാണ്. ഇതിനെ ചെയ്യുന്നതുകൊണ്ടു ഒരു കൃതിക്കു എത്രമാത്രം സ്വാരസ്യമുണ്ടാകുമെന്നതിനു മാൎത്താണ്ഡവൎമ്മ മുതലായവ ദൃഷ്ടാന്തങ്ങളാകുന്നു.

സ്വാഭാവികമൊരു സംഭവിച്ചെന്നാ-
ത്തമസാരഥ്യമിത്തന്നെ

൩൦ ഗുണദോഷങ്ങളുടെ
മൂന്നുമട്ടുവിമൎശനം.

ഗുണദോഷങ്ങൾ നിമിത്തം സാത്വികം, രാജസം, താമസം എന്നു വിമൎശനം മൂന്നുവിധം.

ഗുണദോഷങ്ങൾ നിഷ്പക്ഷം
കാണിച്ചു പ്രശാന്തമായ്
൩൧ മൃദുവാക്യം സ്വാരസ്യത്തോടെ
നിരൂപിക്കുക സാത്വികം

പക്ഷപാതം കൂടാതെ ഗുണവും ദോഷവും പറയണം. എന്നാൽ വളരെ ശാന്തവും മൃദുവും ആയ സ്വരമേ ഉപയോഗിക്കാവൂ. ദോഷങ്ങളെ കാണിക്കുമ്പോൾ ഗ്രന്ഥകാരന്നു ബഹുമാനക്കുറവു വരുത്തുന്ന ഒരു വാക്കും ഉപയോഗിക്കരുത്. ഇപ്രകാരമുള്ള വിമൎശനമാണു് സാത്വികം. ഇതു ഉൽകൃഷ്ടമായ നിരൂപണസ്വഭാവമാകുന്നു. ഇപ്രകാരമുള്ള നിരൂപണംകൊണ്ടേ കവിക്കും മറ്റുള്ളവൎക്കും ഗുണം ഉണ്ടാകുകയുള്ളൂ. ദോഷങ്ങളെക്കാണിച്ചുകൊടുക്കുമ്പോൾ സ്നേഹബഹുമാനങ്ങൾക്കു ഭംഗം തോന്നിക്കുന്ന വാക്കുകളെ ഉപയോഗിക്കുന്നതു പലവിധം ദോഷകരമാകുന്നു. ഉത്തരരാമചരിതത്തെക്കുറിച്ചു വിദ്യാവിനോദിനിയിൽ എഴുതിയിട്ടുള്ള നിരൂപണം ഉദാഹരണം.

ഗുണത്തെത്താഴ്ത്തിയും ദോഷ-
മധികം ഘോഷമാക്കിയും
൩൨ ആക്ഷേപസ്വരസംയുക്ത-
മുള്ളതാം രാജസാഖ്യം.

ഗുണത്തെ താഴ്ത്തിയും ദോഷത്തെ അധികം ഘോഷിച്ചും ആക്ഷേപസ്വരം ചേൎന്നും ഉള്ളതു രാജസം. ഇതിൽ ഗുണദോഷങ്ങളെക്കാണിക്കുമെങ്കിലും ദോഷത്തെ അധികം ഘോഷണം ചെയ്യുന്നു. ഗുണത്തെക്കുറിച്ചു അത്ര കാൎയ്യമായിട്ടു ഒന്നും പറയുന്നതുമല്ല. കുന്ദലത, പഞ്ചരാത്രം എന്നിവയു

ക്കുറിച്ചു ആത്മപോഷിണിയിലും, സാഹിത്യമഞ്ജരിയെക്കുറിച്ചു ആഴ്ചക്കേസരിയിലും, (പത്രാധിപന്മാർ) എഴുതിയിട്ടുള്ള നിരൂപണങ്ങൾ ദൃഷ്ടാന്തങ്ങളാണ്. ഈ മാതിരി നിരൂപണങ്ങൾ ഇപ്പോൾ വൎദ്ധിച്ചുകാണുന്നു.

ഗുണങ്ങളെ മറച്ചും താൻ-
നല്ലെങ്കിൽ ദോഷമാക്കിയും
൬൨. കവിയിൽ ദ്വേഷനിന്ദാദി-
ഭാവങ്ങൾ വെളിവാക്കിയും
വ്യക്തിദോഷങ്ങൾ വൎണ്ണിച്ചും
കൎത്താശമറിയാതെയും
൬൩. ദുരുദ്ദേശത്താലേ ചെയ്യു-
വതിന്നാം താമസാഹ്വയം

ഗുണങ്ങളെ മറച്ചുവെക്കുക; അല്ലെങ്കിൽ ദോഷമാക്കി ആരോപിക്കുക. കവിയോടു നിരൂപകനുള്ള ദ്വേഷനിന്ദാദിവികാരങ്ങൾ കാണിക്കുക; വ്യക്തിയെ ആക്ഷേപിക്കുക; വെറുതെ ദോഷങ്ങൾ ആരോപിക്കുക; ഗ്രന്ഥകൎത്താവിന്റെ ആശയം അറിയാതിരിക്കുക; ദുരുദ്ദേശമുണ്ടായിരിക്കുക; ഇപ്രകാരമുള്ള ഗ്രന്ഥനിരൂപണത്തിനു താമസമെന്നു പേർ. ഇതു വളരെ നിന്ദ്യമാകുന്നു. ദുരുദ്ദേശത്തോടുകൂടിച്ചെയ്യുന്ന ഈമാതിരി നിരൂപണങ്ങൾ ഭാഷക്കു ദോഷകരങ്ങളുമാണ്. ഗുണം ഒക്കെയും തികഞ്ഞിരിക്കുക (ദോഷമല്പവുമില്ലാതാകുക) എന്നതു ബ്രഹ്മസൃഷ്ടിയിൽകൂടി കാണാത്ത ഒരു സംഗതിയാണ്. 'പ്രായേണ സാമഗ്ര്യവിധൗ ഗുണാനാം പരാങ്മുഖീ വിശ്വസൃജഃ പ്രവൃത്തിഃ' എന്നു കാളിദാസർ പറഞ്ഞിരിക്കുന്നതു പ്രത്യക്ഷസിദ്ധമായ വാസ്തവമാണ്. ആ സ്ഥിതിക്കു മനുഷ്യരായ കവികളുടെ സൃഷ്ടികൾ സൎവ്വപ്രകാരേണയും നിൎദ്ദോഷങ്ങളാകാൻ വിഷമമാണല്ലോ. സാഹിത്യശാസ്ത്രത്തിന്റെ അസാമാന്യമായ ഗൌരവം വിചാരിച്ചാൽ നിൎദ്ദോഷമായി വല്ലതും കാണുവാൻ കഴിയുമോ എന്നു സംശയമാണ്. അധികം ഗംഭീരവും വിപുലവും ആയ സംസ്കൃതഭാഷയിൽതന്നെ, രണ്ടുമൂന്നു കവികളും ശാസ്ത്രവും കാവ്യങ്ങളുമേ ഉണ്ടായിട്ടുള്ളൂ

എന്നു, ഒരു പണ്ഡിതൻ പറഞ്ഞിരിക്കുന്നു. ഈ സ്ഥിതിക്കു മലയാളത്തെപ്പോലെയുള്ള ഭാഷകളുടെ കഥ പറയേണ്ടതായിട്ടില്ലല്ലോ. ചില ദോഷങ്ങൾ ഉള്ളതുകൊണ്ടു ഒരു കൃതി ദുഷ്ടമാകുകയില്ല. കാളിദാസാദികളുടെ കൃതികളിൽ നിന്നുതന്നെ ദുഷ്ടഭാഗങ്ങൾ ആലങ്കാരികന്മാർ എടുത്തു കാണിച്ചിട്ടുണ്ടു്. അതുകൊണ്ടു ആ വക കാവ്യങ്ങൾ ദുഷ്ടങ്ങളെന്നർത്ഥമില്ല. 'ഔചിത്യാന്തരം ഗുണപാടവം വയമപി പ്രൌഢാഃ സ്ഥിതാഗുണാഃ' എന്നു മഹാകവി നീലകണ്ഠദീക്ഷിതർ പറയുന്നതിന്റെ സാരം നിരൂപകന്മാർ നല്ലപോലെ ധരിക്കേണ്ടതാണ്. 'അവിടെ ആ പദമല്ലായിരുന്നു വേണ്ടതു്; ഇവിടെ രസം അധികം ശോഭിക്കുന്നു; ഈ അലങ്കാരം മാറേണ്ടതാണ്' എന്നൊക്കെ സൂക്ഷ്മം പറയുവാൻ കഴിയും. എന്നാൽ കവിയുടെ നിലയിൽനിന്നു വിചാരിക്കുമ്പോൾ മാത്രമേ തൽപ്രയത്നഗൌരവത്തെക്കുറിച്ചു അല്പമെങ്കിലും അറിയുകയുള്ളൂ. 'ഗ്രന്ഥകർത്താവിനു ഈ സംഗതി അറിവില്ലാത്ത പക്ഷത്തിൽ ആശ്ചര്യപ്പെടുന്നു. പഠിക്കുന്നതിനു മുമ്പു ഗ്രന്ഥമെഴുതാൻ പുറപ്പെട്ടതു സാഹസമായിപ്പോയി' ഈ മാതിരി അഭിപ്രായങ്ങളൊക്കെ താമസനിരൂപണങ്ങളിലേ ഉപയോഗിക്കാറുള്ളൂ. ഗ്രന്ഥകർത്താവിനെ വ്യക്തിഗതമായി (ജാതി മുതലായവയെ സംബന്ധിച്ചു) ആക്ഷേപിക്കുന്നതും താമസനിരൂപണത്തിന്റെ ദോഷമാണ്. മംഗളമാലയിൽ ഭൈമീപരിണയത്തെക്കുറിച്ചു (പത്രാധിപർ) എഴുതിയിട്ടുള്ള നിരൂപണം താമസത്തിനു് ഉദാഹരിക്കപ്പെടാം. രാജസങ്ങളും താമസങ്ങളും ആയ നിരൂപണങ്ങളാണ് അധികം വർദ്ധിച്ചു കാണുന്നതു്. ഇങ്ങനെയുള്ള നിരൂപണങ്ങൾ കുറയേണ്ടതു ഭാഷയുടെ ശ്രേയസ്സിനു ആവശ്യമാകുന്നു.

വിമർശനത്തിലാദർശ-
മറ്റതാൻ മുമ്പുനോക്കണം.

ഒരു കാവ്യത്തിന്റെ ഗുണദോഷങ്ങളെക്കുറിച്ചു വിമർശിക്കുമ്പോൾ മുമ്പുതന്നെ കവിയുടെ ആദർശത്തെ ഗ്രഹിക്കണം.

ഒരു കവി ശബ്ദാലങ്കാരപ്രധാനമായി ഒരു കാവ്യമെഴുതുന്നു എന്നു വിചാരിക്കുക. എന്നാൽ അപ്രകാരമുള്ള കാവ്യത്തിൽ അർത്ഥാലങ്കാരം താഴ്ന്നിരുന്നാൽ അതു ദോഷമായി ഗണിക്കാവുന്നതല്ല. എന്തെന്നാൽ ശബ്ദാലങ്കാരത്തെ പ്രധാനമായി ഗണിക്കണമെന്നേ കവിക്കുദ്ദേശമുള്ളൂ. (മഹാകാവ്യങ്ങളിൽ) ചിത്രസർഗ്ഗങ്ങളെക്കുറിച്ചു വിമർശിക്കുമ്പോൾ ആ മാതിരി പദ്യങ്ങളിൽ അർത്ഥത്തിനു വല്ല വൈകല്യവും വന്നാൽ തന്നെ സാരമായി ഗണിക്കേണ്ടതില്ല. എന്തെന്നാൽ കവി ചിത്രത്തിനാണവിടെ പ്രാധാന്യം കൊടുത്തിരിക്കുന്നത്. നിരൂപണത്തിൽ മുഖ്യമായി, കവിയുടെ ഉദ്ദേശത്തിന്റെ ഗുണദോഷങ്ങളെക്കുറിച്ചു, വിവരിക്കണം. അതുപോലെ വിമർശനത്തിന്റെ ഒടുവിൽ, ആ ഉദ്ദേശം എത്രമാത്രം ഫലിച്ചിട്ടുണ്ടെന്നു സ്ഥാപിക്കേണ്ടതും ആവശ്യമാണ്. ശാസ്ത്രതത്വങ്ങൾക്ക എത്രമാത്രം യോജിച്ചിരിക്കുന്നു എന്നതു പ്രധാനമായി നിരൂപിക്കേണ്ട ഒരേയൊരു സംഗതിയാകുന്നു. മുമ്പു പറഞ്ഞ ആദർശഭിന്നസ്ഥാനങ്ങളിലുള്ള ദോഷങ്ങളെയും ഗുണങ്ങളെയും (പ്രത്യേകം എടുത്തു) വിഭജിച്ചു വിമർശിക്കണം. ഒന്നിൽത്തന്നെ ഒരു ഗുണവും വേറെ ഒരു ദോഷവും കണ്ടു എന്നു വരാം. എന്നാൽ [illegible]ത്തിന്റെ ഗൌരവം അനുസരിച്ചു ഗുണമെന്നോ ദോഷമെന്നോ സ്ഥാപിക്കേണ്ടതാകുന്നു. മാഘകാവ്യത്തിലെ പത്താംസർഗ്ഗത്തിൽ രതി ഉപപതിവിഷയമായിട്ടാകയാൽ ശൃംഗാരം ദുഷ്ടമായിരിക്കുന്നതായിക്കാണാം. ഇതു രസസംബന്ധമായി ഒരു വലിയ ദോഷം തന്നെ. എന്നാൽ ആദർശത്തെ സംബന്ധിച്ചു ഈ ഭാഗത്തിൽ വേറെ ഒരു ഗുണവുമുണ്ട്. പ്രാപഞ്ചികങ്ങളും വിവിധങ്ങളും ആയ വിഷയസുഖോപഭോഗങ്ങളെ ആധികമായി ഇവിടെ വർണ്ണിച്ചിട്ടും, അവ പരിണാമദുഃഖങ്ങളും നിസ്സാരങ്ങളും ആണെന്നും, മേലിൽ പതിനൊന്നാംസർഗ്ഗത്തിൽ വർണ്ണിക്കുന്ന ഈശ്വരന്റെ മാഹാത്മ്യം അമേയത്വവും തന്നെ[illegible] പരമപുരുഷാർത്ഥപ്രദവും ആകുന്നതെന്നും, കാണിക്കുന്നതിനാണ്. അതുകൊണ്ട് ഇവിടെ മുമ്പു

പറഞ്ഞ രസത്തെ സംബന്ധിച്ചുള്ള ദോഷം നിസ്സാരമാകു
ന്നു. ഇതുപോലെ മറ്റുള്ളവയേയും ഗണിക്കണം. ഗ്രന്ഥക
ൎത്താവിന്റെ ആശയം ഗ്രന്ഥത്തിൽ മുഴുവൻ മാലയിൽ നൂലു
പോലെ സ്ഥിതിചെയ്യുന്നതാണ്. അതിനെ മനസ്സിലാക്കു
ന്നതിനു നിരൂപകൻ വളരെ ശ്രദ്ധിക്കണം. അല്ലെങ്കിൽ അ
ബദ്ധം പറവാനിടയുണ്ട്. ഒരു ഉദാഹരണം പറയാം. ഒ
രു ഗ്രന്ഥത്തിൽ ഒരു പാത്രത്തിന്റെ വാക്കുകളും, ജനങ്ങൾ
കാൺകെയുള്ള പ്രവൃത്തികളും, വളരെ ഭംഗിയായി കല്പിച്ചി
രിക്കുന്നു എന്നു വിചാരിക്കുക. ഉത്തമപാത്രസ്വഭാവത്തിനു
യോജിക്കുന്നവിധമായിരിക്കും വാക്കും പ്രവൃത്തികളും കല്പിച്ചി
രിക്കുന്നതെന്നു സാരം. എന്നാൽ ആ പാത്രത്തിന്റെ മനോ
വിചാരം വളരെ ദുഷ്ടമായി കാണിച്ചു എന്നും വരാം. ഇപ്ര
കാരമുള്ള ഒരു സന്ദൎഭത്തിൽ പാത്രത്തിന്റെ വാക്കും പ്രവൃ
ത്തിയും വിചാരവും യോജിക്കായ്കയാൽ പാത്രസൃഷ്ടിയിൽ ഗ്ര
ന്ഥകൎത്താവിനു പാരവശ്യം സിദ്ധിച്ചു എന്നു ഒരു നിരൂപകനു
തോന്നാൻ ഇടയുണ്ട്. ലോകത്തിൽ ഒരുവിധം ദുഷ്ടന്മാരു
ണ്ട്. അവരുടെ വാക്കുകൾ വളരെ ഭംഗിയായിരിക്കും. പുറ
മേയുള്ള പ്രവൃത്തികളും അതുപോലെതന്നെ. എന്നാൽ വാസ്ത
വത്തിൽ സമ ദുഷ്ടവിചാരത്തോടുകൂടിയവരും അന്യർ അറി
യാതെ ദുഷ്പ്രവൃത്തി ചെയ്യുന്നവരും ആകുന്നു. ഇപ്രകാരമുള്ളവ
രുടെ സ്വഭാവത്തെ കാണിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂ
ടിയായിരിക്കും മുമ്പു പറഞ്ഞ വിധമുള്ള പാത്രത്തെ സൃഷ്ടി
ച്ചിരിക്കുന്നത്. ഗ്രന്ഥകൎത്താവിന്റെ ഈ ആശയത്തെ മന
സ്സിലാക്കുമ്പോൾ മുമ്പു തോന്നിയ ദോഷം തീരെ ഇല്ലെന്നു
കാണാവുന്നതാണ്. വാല്മീകീയം പത്താംസൎഗ്ഗത്തിൽ
ഗൌതമൻ ഇന്ദ്രനെ ശപിക്കുന്നതായ ഒരു ഭാഗമുണ്ട്. ഈ
ഭാഗത്തെക്കുറിച്ച് ഒരു നിരൂപകന് ഇപ്രകാരമൊരു ആക്ഷേ
പം പുറപ്പെടുവിക്കാം. ഗൌതമൻ മഹൎഷിയായ ഒരു ത
പസ്വിയാണ്. ആ സ്ഥിതിക്കു കേവലം കുപിതനായി ഇ
ന്ദ്രനെ ശപിച്ചതായി വൎണ്ണിച്ചതു അയുക്തമാണ്. [illegible]

ത്തയെ വിടാതെകണ്ടു (അസ്പൃശ്യമാകാതെ) ദൃഢതരമായ ഒരു ശിക്ഷ ഇന്ദ്രനു കൊടുക്കുകയായിരുന്നു വേണ്ടത്. ഗ്രന്ഥകർത്താവിൻെറ ഉദ്ദേശം മറെറാന്നാണ്. 'അപഥേ പദമർപ്പയന്തി ഹി ശ്രുതവന്തോഽപി രജോനിമീലിതാഃ' എന്നത് ഒരു വലിയ തത്വമാണ്. ഇതിനെയുപദേശിക്കണമെന്നാണ് ഗ്രന്ഥകാരൻെറ ഉദ്ദേശം. അതുകൊണ്ട് ഇവിടെ മുമ്പു പറഞ്ഞ ആക്ഷേപം അസ്ഥാനഗതമാകുന്നു. ഇപ്രകാരമാണ് ആദേശവിഷയത്തിൽ ശ്രദ്ധിക്കേണ്ടത്.

൫൭ ഗുണദോഷങ്ങളൗചിത്യ-
സംശ്രിതത്വമശേഷവും

ഗുണദോഷങ്ങൾ എല്ലാം ഔചിത്യത്തെ ആശ്രയിച്ചിരിക്കുന്നു. ഔചിത്യം മൂലം ദോഷം ഗുണമാകും. ഇതില്ലെങ്കിൽ ഗുണം ദോഷവുമാകുന്നതാണ്. ഇതു ലോകസ്വഭാവമാകുന്നു. കാവ്യസ്വഭാവവും ഏതദ്ഭിന്നമല്ല. ഔചിത്യത്തെ അനുസരിച്ചു കല്പിതമായാൽ മാത്രമേ രസം രസവും, അലങ്കാരം അലങ്കാരവും, ഗുണം ഗുണവും, ആകുകയുള്ളു. കാവ്യത്തിൻെറ ജീവിതം ഔചിത്യമാകുന്നു എന്നു ക്ഷേമേന്ദ്രൻ പറയുന്നതു അതിനുള്ള ഏതദ്വിധമായ പ്രാധാന്യം കൊണ്ടാകുന്നു.

ഉചിതത്തിനെഴും ഭാവ-
മത്രൌചിത്യം പ്രകീർത്തിതം

ഉചിതത്തിൻെറ ഭാവമാകുന്നു ഔചിത്യം. ഏതു സന്ദർഭത്തിൽ ഏതാണ് യോജിക്കുന്നതു അതിനു ഉചിതമെന്നു പേർ. പദം വാക്യം പ്രബന്ധാർത്ഥം ഗുണം അലങ്കാരം രസം ക്രിയ കാരകം ലിംഗം വചനം വിശേഷണം ഉപസർഗ്ഗം നിപാതം കാലം ദേശം കുലം വ്രതം തത്വം സത്വം അഭിപ്രായം സ്വഭാവം സാരസംഗ്രഹം പ്രതിഭ അവസ്ഥ വിചാരം പേര ആശിസ്സ് ഇവയിലെല്ലാം, ഔചിത്യത്തെ വീക്ഷിക്കേണ്ടതായിട്ടുണ്ട്. മുമ്പു ഓരോ സന്ദർഭങ്ങളിൽ ഗുണ

ദോഷങ്ങളെക്കുറിച്ചു വിമർശിച്ചിട്ടുള്ളതു ഔചിത്യത്തെ പുരസ്കരിച്ചു ആകുന്നു. അതുകൊണ്ടു ഔചിത്യത്തെക്കുറിച്ചു ഇവിടെ വിശേഷിച്ചു ഒന്നും പറയേണ്ടതായിട്ടില്ല; എങ്കിലും അല്പം ചിലതു പറഞ്ഞുകൊള്ളുന്നു. വർണ്ണം, ആശ്രമം, ദേശം, കാലം, അവസ്ഥ, വിചാരം, മുതലായവയിൽ ലോകശാസ്ത്രസിദ്ധമായിട്ടുള്ളതാണ് ഉചിതം. ഇതിനു വിപരീതം അനുചിതം. ഇതു ജഗന്നാഥപണ്ഡിതരുടെ അഭിപ്രായമാകുന്നു. പശു മുതലായവയ്ക്കു തേജസ്സ്, ബലം, പരാക്രമം, ഇത്യാദി ഗുണങ്ങളേയും, സിംഹാദികൾക്കു സാധുത്വം തുടങ്ങിയവയേയും, സ്വർഗ്ഗത്തിങ്കൽ വ്യാധിപീഡാദികളേയും, ഭൂലോകത്തിങ്കൽ സുധാപാനാദികളേയും, ശിശിരത്തിങ്കൽ ജലക്രീഡയേയും, ഗ്രീഷ്മത്തിങ്കൽ വഹ്നിസേവയേയും, ബ്രഹ്മചാരികൾ യതികൾ താംബൂലചർവ്വണത്തേയും, ബാലവൃദ്ധന്മാർ സ്ത്രീസേവയേയും, യുവാക്കന്മാർ വിരക്തിയേയും, ദരിദ്രന്മാർ ആഢ്യാചാരത്തേയും, വർണ്ണിക്കുന്നത്. ഇവ എല്ലാം ലോകസ്വഭാവവിരുദ്ധങ്ങളാണ്.

൩൩ കാവ്യത്തിൽ ഗുണദോഷങ്ങൾ-
ക്കുള്ള ഹൃത്തം പ്രമാണമായ്
സചേതസ്കർ തന്നിഷ്ടാ-
നിഷ്ടങ്ങളെന്നിനക്കണം

സാഹിത്യത്തിൽ ഗുണദോഷങ്ങളുടെ പ്രമാണം സഹൃദയന്മാരുടെ സൗമനസ്യവൈമനസ്യങ്ങളാകുന്നു. സഹൃദയന്മാർക്ക് ഇഷ്ടമായാൽ ഏതു ദോഷവും ഗുണമാകുന്നു. അല്ലെങ്കിൽ ഗുണവും ഗുണമാകുന്നതല്ല. ഇതിൽ നിന്നും ലോകസ്വഭാവത്തിനാകട്ടെ ശാസ്ത്രത്തിനാകട്ടെ ഘടനാദിവിഷയത്തിലാകട്ടെ, ദോഷമുണ്ടെങ്കിൽ സഹൃദയന്മാർ രസിക്കയില്ലെന്നു, മനസ്സിലാകണം. ലോകപരിചയം, കാവ്യപരിശ്രമം, ശാസ്ത്രജ്ഞാനം, സവിശേഷമായ ആത്മസംസ്കാരം, ഏന്നീ ഗുണങ്ങളാൽ കാവ്യസൌന്ദര്യാനുകൂലമായ മനോവൃത്തിയോടു

കൂടിയവരാണ്, സഹൃദയന്മാർ. ഇവരുടെ സാമാന്യവൈരസ്യങ്ങളെയാണ് ഗുണദോഷങ്ങൾക്കു പ്രമാണമായി കവി ഗണിക്കേണ്ടത്. പുരാതനന്മാരായ കവികളും ശാസ്ത്രകാരന്മാരും ഏതിനെ എല്ലാം ഗുണമായും ദോഷമായും ഗണിച്ചിരുന്നു എന്നു അവരുടെ കൃതികൾ പരിചയിച്ചാൽ അറിയാവുന്നതാണ്. പദപ്രയോഗാദിവിഷയങ്ങളിൽ വൈചിത്ര്യം ഉണ്ടാകുന്നതിനും അവരുടെ കാവ്യങ്ങൾ പരിശീലിച്ചാൽ മതിയാകും. മഹാന്മാരായ പൂൎവ്വഗുരുക്കന്മാരുടെ പാദങ്ങൾ പതിഞ്ഞു പാവനങ്ങളായിബ്ഭവിച്ചിട്ടുള്ള മാൎഗ്ഗങ്ങളിൽകൂടി ഗതി ചെയ്യുന്നതു തന്നെ സൎവ്വപ്രകാരേണയും ഗുണകരമായിപ്പരിണമിക്കുമെന്നു സ്പഷ്ടമാകുന്നു.

സത്സാഹിത്യാംബുരാശിസ്ഥകമടിവരെയും
മുങ്ങിയെത്തിപ്പെറുക്കി-
സ്സ്വന്തസാരം തത്താരതാവലി സദ്ഗുണമൊട്ടു-
ത്തിവിധം മാലയാക്കി
ഭാസ്സാളും കൈരളിക്കുള്ളുടലിലണിയുവാൻ
കാകലായ് കാഴ്ചവെച്ചു;
ഹൃത്സാരസ്യാലിതൻ കൈകൊണ്ടവളമവചാ:
പ്രാഭവം നേടിടട്ടേ.

വിമൎശനസ്വരൂപനിരൂപണം

സമാപ്തം.

സാഹിതീസൎവ്വസ്വം

സമാപ്തം.

ശുഭമസ്തു.



PRINTED AT

THE MANGALODAYAM PRESS, TRICHUR

BELONGING TO

THE YOGAKSHEMAM COMPANY, LIMITED,

TRICHUR.